# സുഗതകുമാരിയുടെ രചനകൾ - ഒരു സ്ത്രീവാദപാരായണം

കാലിക്കറ്റ് സർവ്വകലാശാലയിൽ
മലയാള-കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു
വേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

ബിന്ദു ടി.വി

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2013

# LITERARY WORKS OF SUGATHAKUMARI-A READING IN THE VIEW OF FEMINISM

Thesis submitted to the Department of Malayalam and Kerala Studies University of Calicut for the Degree of Doctor of Philosophy

BINDU T.V

MALAYALAM AND KERALA STUDIES
UNIVERSITY OF CALICUT

2013

# സത്യവാചകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ബിന്ദു**
**ടി.വി**
----03-2013

**ഡോ.കെ.വി.തോമസ്**
റീഡർ
മലയാളവിഭാഗം
മലബാർ ക്രിസ്ത്യൻകോളേജ്
(റിസർച്ച് ഗൈഡ്, മലയാളകേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല)

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി ബിരുദത്തിനു വേണ്ടി **ബിന്ദു ടി.വി** സമർപ്പിക്കുന്ന **സുഗതകുമാരിയുടെ രചനകൾ - ഒരു സ്ത്രീവാദപാരായണം** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ.കെ.വി. തോമസ്**
-----03-2013

# കടപ്പാട്

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി തയ്യാറാക്കിയ ഈ പ്രബന്ധത്തിന്റെ രചനയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ഡോ.കെ.വി.തോമസിനോട് എനിക്ക് നന്ദിയും കടപ്പാടുമുണ്ട്. പ്രബന്ധത്തിന്റെ പൂർത്തീകരണത്തിന് എന്നെ സഹായിച്ച ഡോ.ടി.പവിത്രൻ, ഡോ.അനിൽ വള്ളത്തോൾ, മലയാളവിഭാഗത്തിലെ മറ്റ് അധ്യാപകർ, ഓഫീസ് ജീവനക്കാർ എന്നിവരോട് എനിക്ക് അതിരറ്റ നന്ദിയുണ്ട്. റഫറൻസിനു വേണ്ടി സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, അന്വേഷി വിമൻസ് ലൈബ്രറി (കോഴിക്കോട്), ഗോപാലൻകുട്ടി ഗ്രന്ഥാലയം (എടക്കുളം), അപ്പൻ തമ്പുരാൻ ലൈബ്രറി (തൃശ്ശൂർ) എന്നിവിടങ്ങളിലെ ജീവനക്കാരോടും എനിക്ക് അളവറ്റ നന്ദിയുണ്ട്. എനിക്ക് എന്നും പ്രോത്സാഹനം നൽകിയ കുടുംബാംഗങ്ങളോടും പ്രസീത പി, ഷീജ എസ്, സഞ്ജയ്, ഗഫൂർ, സൗമ്യ തുടങ്ങിയ സുഹൃത്തുക്കളോടും സമയബന്ധിതമായി ഡി.ടി.പി. ജോലി ചെയ്തുതന്ന ബിനാഫോട്ടോസ്റ്റാറ്റിലെ ജീവനക്കാരോടും എന്റെ നന്ദി രേഖപ്പെടുത്തുന്നു.

**ബിന്ദു ടി.വി**

# ഉള്ളടക്കം


]pdw

**ആമുഖം** **i – vii**

**അധ്യായം ഒന്ന്** **സ്ത്രീവിമോചനവാദം - ചരിത്രവും വർത്തമാനവും** **1-54**

1.1 ചരിത്രപശ്ചാത്തലം

1.1.1 അവകാശങ്ങൾക്കായുള്ള പോരാട്ടം

1.1.2 രാഷ്ട്രീയസ്വത്വത്തിനുള്ള ശ്രമം

1.1.3 സ്ത്രീയുടെ സാമൂഹ്യപദവി

1.1.4 സ്വന്തമായ ഒരിടത്തിന്റെ ആവശ്യകത

1.1.5 പെൺബോധത്തിന്റെ കരുത്ത്

1.1.6 സ്വകാര്യവൽക്കരണത്തിന്റെ രാഷ്ട്രീയത
ല
ങ്ങൾ

1.2 സ്ത്രീവാദം-വിശകലനങ്ങളുടെ വൈവിധ്യം

1.2.1. വ്യത്യസ്തവീക്ഷണങ്ങൾ

1.2.2 ഇക്കോഫെമിനിസം

1.2.2.1 സൈദ്ധാന്തിക പശ്ചാത്തലം

1.2.2.2 ഭൂമിയും സ്ത്രീയും

1.2.2.3 പ്രകൃതിയുടെ മറ്റൊരു ഭാവം

1.2.2.4 പെൺമയുടെ പ്രതിരോധം

1.2.2.5 വികസനവും പാരിസ്ഥിതികസ്ത്രീവാ
ദവും

1.2.2.6 മുതലാളിത്തത്തിന്റെ കീഴടക്കൽഭ്രമം

1.2.2.7 സ്ത്രീകളും പരിസ്ഥിതിപ്രവർത്തനവും

1.2.2.8 വിവിധ ചിന്താപദ്ധതികൾ

1.3 സ്ത്രീവിമോചനാശയം ഇന്ത്യയിൽ

1.3.1 ആൺപക്ഷത്തിന്റെ സഹകരണം

1.4 കേരളത്തിലെ സ്ത്രീയവസ്ഥ

1.4.1 അതിജീവനത്തിന്റെ സമരതന്ത്രം

1.4.2 സ്വാതന്ത്ര്യസമരവും സ്ത്രീകളും
1.4.3 കർഷകസമരങ്ങളിലെ സ്ത്രീപങ്കാളിത്തം
1.4.4 പെൺസഞ്ചാരങ്ങളുടെ സമരമുഖം
1.4.5 നമ്പൂതിരിനവോത്ഥാനവും സ്ത്രീകളും
1.5 സ്ത്രീ എഴുതുമ്പോൾ
1.5.1 സ്ത്രീത്വത്തിന്റെ ഉണർവ്
1.5.2 എഴുത്തിനു വേണ്ടിയുള്ള ആത്മാർപ്പണം
1.5.3 സ്ത്രൈണകാമനകളുടെ തുറന്നെഴുത്ത്
1.6 ഇടപെടലുകളുടെ പരിപ്രേക്ഷ്യം
1.6.1 രാഷ്ട്രീയഫെമിനിസം
1.6.2 വികസനവാദഫെമിനിസം
1.6.3 സ്ത്രീകൂട്ടായ്മയുടെ കരുത്ത്
1.6.4 ഏകീകൃതസ്വരത്തിന്റെ ആവശ്യകത

**അധ്യായം രണ്ട്** **സുഗതകുമാരിക്കൃതികളിലെ പാരിസ്ഥിതിക സ്ത്രീവാദസമീപനം** **55-131**

2.1 പ്രകൃതിയുമായുള്ള ലയം
2.1.1 പ്രകൃതിയുടെ മറ്റൊരുമുഖം
2.1.2 പ്രകൃതിയുടെ ഭാഗമായ മനസ്സ്
2.1.3 ഭൂമിയും അമ്മയും
2.1.4 പ്രകൃതിയുടെ രൂപഭാവങ്ങൾ
2.1.4.1 സന്ധ്യയുടെ ഗ്രാമീണത്തനിമ
2.1.4.2 നിലാവിന്റെ മായികത
2.1.4.3 രാത്രിയുടെ ഭാവതലം
2.1.4.4 മഴയുടെ പെൺമുഖം
2.1.4.5 പ്രക്ഷുബ്ധതയുടെ സൗന്ദര്യം
2.1.5 ഗൃഹാതുരത്വം
2.2 ഇടപെടലും ബോധരൂപീകരണവും
2.2.1 സൈലന്റ്വാലി-പാരിസ്ഥിതികാവബോധത്തിന്റെ പ്രതീകം
2.2.1.1 എഴുത്തുകാരുടെ ഇടപെടൽ

2.2.1.2 വനപർവ്വം

2.2.1.3 പ്രതിരോധത്തിന്റെ അനിവാര്യത

2.2.1.4 വീണ്ടെടുത്ത ഉർവ്വരത

2.2.1.5 പരിസ്ഥിതിസമരങ്ങൾക്ക് ഒരു വഴി കാട്ടി

2.2.2 അട്ടപ്പാടി വനവൽക്കരണം

2.2.2.1 മൂച്ചിക്കുണ്ട് വനംകൊള്ള

2.2.2.2 അട്ടപ്പാടി സമരം

2.2.2.3 സ്വപ്നാത്മകതലം

2.2.2.4 അതിജീവനത്തിനുള്ള സമരം

2.2.2.5 കൃഷ്ണവനം

2.2.2.6 വനവൽക്കരണത്തിനൊരു മാതൃക

2.2.3 പൂയംകുട്ടി പദ്ധതി

2.2.4 എൻഡോസൾഫാൻ-പെയ്തിറങ്ങുന്ന വിഷ മഴ

2.3 പീഡിപ്പിക്കപ്പെടുന്ന ജീവന്റെ മുറിവുകൾ

2.3.1 കൂട്ടിലടക്കപ്പെടുന്ന ദൈന്യത

2.3.2 ജീവനെ തകർക്കുന്ന വിനോദം

2.3.3. ഇരകൾക്ക് വേണ്ടിയുള്ള കൊടുംക്രൂരത

2.3.4 ഭൂമിയുടെ പരാതി

2.4 അടിച്ചമർത്തപ്പെടുന്ന ആദിവാസികൾ

2.4.1 അധികാരത്തിന്റെ ബലിയാടുകൾ

2.4.2 വികസനത്തിന്റെ ബലതന്ത്രം

2.4.3 വേരുകൾ നഷ്ടപ്പെട്ട ജനത

2.4.4 ആദിവാസിസ്ത്രീയും പ്രകൃതിയും

2.5 മലിനീകരണത്തിന്റെ വിവിധമുഖങ്ങൾ

2.5.1 അന്തരീക്ഷമലിനീകരണം

2.5.2 ജലപ്രതിസന്ധി

2.5.3 ഊഷരമാകുന്ന മണ്ണ്

2.5.4 കീടനാശിനി ജീവനാശിനിയാവുമ്പോൾ

2.5.5 കാവുകൾ-പ്രകൃതിസന്തുലനത്തിന്റെ മാതൃ
കകൾ
2.6 വികസനത്തിന്റെ നീതിശാസ്ത്രം
2.6.1 ഇല്ലാതാകുന്ന പച്ചപ്പ്
2.6.2 യാന്ത്രികത
2.6.3 വർഗീയതയ്ക്കെതിരെ
2.6.4 നഷ്ടമാകുന്ന ധാർമ്മികത
2.6.5 അതിജീവനത്തിന്റെ വികസനപ്രക്രിയ
2.6.6 ഗാന്ധിയൻചിന്തയുടെ സ്വാധീനശക്തി
2.7 പാരിസ്ഥിതികമായ അവബോധം
2.7.1 ഓണത്തിന്റെ ഭാവപ്പകർച്ച
2.7.2 പ്രകൃതിയോടുള്ള ആരാധന
2.7.3 പ്രകൃതിയുടെ താക്കീത്
2.7.4 തനിമ വീണ്ടെടുക്കുന്ന പ്രകൃതി
2.7.5 ഉൾക്കരുത്തിന്റെ പുതുനാമ്പുകൾ
2.8 പെണ്ണും പ്രകൃതിയും
2.8.1 പ്രകൃതിയുമായുള്ള താദാത്മ്യം
2.8.2 പരിസ്ഥിതി പ്രവർത്തനം-സുഗതകുമാ
രി
യുടെ കാഴ്ചപ്പാടിൽ
2.8.3 പച്ചപ്പിന്റെ പിൻബലം

| | | |
|---|---|---|
| **അധ്യായം മൂന്ന്** | **സ്ത്രീയനുഭവതലം-പ്രതിസന്ധികളും വിമോചനവും** | **132-189** |

3.1 മിത്തും സ്ത്രീചിത്രണവും
3.1.1 അവഗണിക്കപ്പെട്ട സ്ത്രൈണത
3.1.2 സ്ത്രൈണമൂല്യങ്ങളുടെ കർമ്മമാതൃക
3.1.2.1 സീതയും ഭാരതീയസ്ത്രീയും
3.1.2.2 സീതയും പ്രകൃതിയും
3.1.3 സ്ത്രീത്വത്തിന്റെ സാർവകാലികവ്യഥ
3.1.4 സ്നേഹത്തിന്റെ ജീവനധാര
3.1.5 പറുദീസാനഷ്ടവും സ്ത്രീയും
3.2 മാതൃത്വം
3.2.1 മാതൃത്വത്തിന്റെ നോവുകൾ
3.2.2 ത്യാഗമയിയായ അമ്മ

3.2.3 അടിച്ചേൽപ്പിക്കപ്പെട്ട മാതൃത്വം
3.2.4 മക്കളെ കുറിച്ചുള്ള ഉത്കണ്ഠ
3.2.5 സാഹോദര്യത്തിന്റെ പ്രാധാന്യം
3.2.6 മക്കളെ കാത്തിരിക്കുന്ന അമ്മ
3.2.7 പ്രപഞ്ചമാതൃത്വം
3.3 വാണിജ്യവൽക്കരിക്കപ്പെടുന്ന സ്ത്രീത്വം
3.3.1 പെണ്ണിര
3.3.2 പെൺകെണിയിലെ അധികാരതന്ത്രങ്ങൾ
3.3.3 ഉടലളവുകളിൽ ഒതുക്കപ്പെടുന്ന പെണ്ണത്തം
3.3.4 കമ്പോളവത്കരിക്കപ്പെടുന്ന സ്ത്രീ
3.3.5 ലിംഗപരമായ വിവേചനമൂല്യങ്ങൾ
3.4 പ്രതിഷേധത്തിന്റെ പെൺവഴികൾ
3.4.1 സംവേദനത്തിന്റെ പെൺവഴി
3.4.2 നഷ്ടമാകുന്ന ആദർശത്തിലുള്ള വേദന
3.4.3 കരുത്ത് തിരിച്ചറിയുന്ന സ്ത്രീ
3.4.4 സമത്വത്തിന്റെ പാത
3.5 സ്ത്രീവാദപരമായ ഇടപെടലുകൾ
3.5.1 പാരമ്പര്യത്തിന്റെ കരുത്ത്
3.5.2 അഭയയുടെ രൂപീകരണം
3.5.3 തിരസ്കൃതരുടെ ആത്മഗാഥകൾ
3.5.4 ഇടപെടലും സാഹിത്യരചനയും

**അധ്യായം നാല്** **പ്രണയത്തിന്റെ ഭാവതലങ്ങൾ** **190-246**

4.1 പ്രണയത്തിന്റെ ശാശ്വതഭാവം
4.1.1 രാധാചിത്രണം കൃതികളിൽ
4.1.2 അന്വേഷണത്തിന്റെ അനന്തത
4.1.3 പ്രണയത്തിന്റെ മാസ്മരികത
4.1.4 വിയോഗത്തിന്റെ ഉത്കടവേദന
4.1.5 സ്നേഹത്തിന്റെ ചിരന്തനപ്രതീകം
4.1.6 രാധാസ്വത്വത്തിന്റെ രൂപാന്തരങ്ങൾ
4.2 കർമ്മത്തിലുറച്ച് ആരാധിക്കുന്നവൾ
4.2.1 നിസ്വാർത്ഥവും നിഗൂഢവുമായ ആരാധന

4.2.2 പ്രണയത്തിന്റെ നിറവ്
4.2.3 സഫലമാവാത്ത പ്രേമത്തിന്റെ വിഫലത
4.3 പ്രണയസാക്ഷാത്കാരത്തിന്റെ തലങ്ങൾ
4.3.1 പ്രണയം നൽകുന്ന സ്വാതന്ത്ര്യം
4.3.2 കാത്തിരിക്കുന്ന അഭയസ്ഥാനം
4.3.3. ദാമ്പത്യപ്രണയത്തിന്റെ ചിത്രണം
4.4 മാതൃത്വത്തിന്റെ നിർവൃതി
4.4.1 ആലിലക്കണ്ണൻ
4.4.2 കണ്ണനെത്തേടുന്ന അമ്മ
4.4.3 രക്ഷകനാകുന്ന കുഞ്ഞ്
4.5 പ്രകൃതിയും രാധാകൃഷ്ണഭാവവും
4.6 പ്രണയം തിരതല്ലുന്ന ആത്മീയത
4.6.1 പ്രണയവും ഭക്തിയും
4.6.2 ഭക്തിയും രതിയും
4.6.3 ഭക്തരുടെ സ്ത്രൈണീകരണം
4.6.4 കൃഷ്ണൻ-വൈവിധ്യമാർന്ന ഭാവതലങ്ങൾ
4.6.5 ആസ്തിക്യബോധത്തിന്റെ കവിത
4.6.6 തേടലിന്റെ പൊരുൾ
4.6.7 പ്രണയത്തിന്റെ പാഠാന്തരങ്ങൾ

| | | |
|---|---|---|
| **അധ്യായം അഞ്ച്** | | |
| **ഉപസംഹാരം** | | **247-254** |
| **അനുബന്ധം** | സുഗതകുമാരിയുമായുള്ള അഭിമുഖം | **255-262** |
| **ഗ്രന്ഥസൂചി** | | **263-280** |

# ആമുഖം

പുരുഷാധികാരവ്യവസ്ഥ പ്രബലമായ സമൂഹഘടനയെ മാറ്റിയെടുക്കാനും തങ്ങളുടെ സ്വകാര്യതയിലേക്കും സ്വാതന്ത്ര്യത്തിലേക്കും പുരുഷലോകം നടത്തുന്ന കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനുമുള്ള സ്ത്രീയുടെ ശ്രമമാണ് സ്ത്രീവിമോചനവാദത്തെ പ്രസക്തമാക്കുന്നത്. ബൗദ്ധികവും തൊഴിൽപരവുമായ സ്വാതന്ത്ര്യം, ലിംഗമേധാവിത്വം ഒഴിവാക്കിക്കൊണ്ടുള്ള സാമൂഹികരാഷ്ട്രീയപരിവർത്തനം എന്നീ ആശയങ്ങൾക്കായുള്ള സ്ത്രീവാദികളുടെ ശ്രമങ്ങൾ സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളിലെ അവഗണിക്കാനാവാത്ത സാന്നിധ്യമായി സ്ത്രീവാദത്തെ മാറ്റി. പ്രാന്തവൽക്കരിക്കപ്പെടുന്നവരുടെ വ്യവഹാരയിടങ്ങൾ ചർച്ചയാവുന്ന, സ്ത്രീസ്വത്വസവിശേഷതകൾക്ക് പ്രസക്തി ലഭിക്കുന്ന ചൂഷണരഹിതമായ വ്യവസ്ഥയ്ക്കുള്ള ആഗ്രഹമാണ് സത്രീവാദികൾ മുന്നോട്ടുവച്ചത്. അധീശവ്യവസ്ഥയുടെ നിർമ്മാണപാഠങ്ങൾ സ്ത്രീവിരുദ്ധമാണെന്ന ചിന്താഗതി പ്രകൃതിയെയും ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പുനർവിചിന്തനത്തിനും പുതുബോധത്തിനും കാരണമാവുകയും ചെയ്തു. കൂടുതൽ നല്ല ജീവിതവും ആരോഗ്യവും വിദ്യാഭ്യാസവും സ്വാതന്ത്ര്യവും സംസ്കാരവൈവിധ്യവും ഉറപ്പുവരുത്തുന്ന ജനായത്തക്രമത്തിനായുള്ള യത്നം പ്രപഞ്ചദർശനത്തോളം വളരുന്ന സാഹോദര്യത്തിനും മാനുഷികതയ്ക്കുമാണ് പ്രാധാന്യം നൽകുന്നത്.

സത്യസന്ധമായ സ്വത്വപ്രകാശനത്തിനും ലിംഗഭേദാതീത സാംസ്കാരികസമന്വയത്തിനുമായുള്ള സ്ത്രീയുടെ ശ്രമമാണ് സാഹിത്യരംഗത്തും കാണാനാവുക. സ്വന്തം ലോകത്തെയും അനുഭവങ്ങളെയും തിരിച്ചറിഞ്ഞുള്ള ആഖ്യാനം ലിംഗപദവിയുമായി ബന്ധപ്പെട്ട സ്ത്രീയുടെ സവിശേഷസ്വത്വത്തിന്റെയും സാമൂഹിക സന്ദർഭങ്ങളിൽ സ്ത്രീ നേരിടുന്ന വിവേചന

ത്തിന്റെയും അനുഭവക്കുറിപ്പുകൾ കൂടിയായിരുന്നു. സ്ത്രീശരീരങ്ങൾക്കുമേലുള്ള കടന്നുകയറ്റം ലൈംഗികതാൽപ്പര്യത്തിന്നപ്പുറത്ത് അധികാരവുമായി ബന്ധപ്പെട്ട മനോവൃത്തികളുടെ സങ്കീർണ്ണത കൂടി അടയാളപ്പെടുത്തുന്നു എന്ന ചിന്ത സ്ത്രൈണപ്രതിരോധങ്ങൾക്ക് പ്രാമുഖ്യം നൽകി. പ്രതിരോധത്തിന്റെ പെൺവഴികൾ പുരുഷനെയും പുരുഷമേധാവിത്വം പകരുന്നതിന്റെ മാധ്യമമായി വർത്തിച്ച സ്ത്രീകളെയും ഒരുപോലെ പ്രകോപിപ്പിച്ചതോടെ സാഹിത്യരചന ഒരു വെല്ലുവിളിയായി മാറി. സരസ്വതിയമ്മ വിമർശനങ്ങളെ കൂസലില്ലാതെ നേരിട്ടപ്പോൾ രാജലക്ഷ്മി സർഗാത്മകതയുടെ പാരമ്യത്തിൽ എഴുത്തു നിർത്തി ആത്മഹത്യ ചെയ്തു. ലളിതാംബിക അന്തർജനമാവട്ടെ എഴുത്തും കുടുംബവും ഒരുമിച്ചു കൊണ്ടുപോയി തന്റെ സ്ത്രീവാദസങ്കൽപ്പനങ്ങളെ രഞ്ജിപ്പിന്റെ ഭൂമികയിലൊതുക്കി.

സൗന്ദര്യശാസ്ത്രപരമായും പ്രത്യയശാസ്ത്രപരമായും പുതുമ സൃഷ്ടിച്ച ആധുനികതയുടെ കാലത്ത് കാല്പനികഭാവങ്ങൾ കൈമുതലാക്കി രചന നടത്തിയ എഴുത്തുകാരിയാണ് സുഗതകുമാരി. ആധുനികതയുടെ പുരുഷാധിപത്യസൗന്ദര്യശാസ്ത്രത്തെ സ്നേഹവും പ്രണയവും വിഷാദവും നിറഞ്ഞ വ്യക്തികേന്ദ്രിത ആഖ്യാനശൈലിയിൽ പ്രതിരോധിച്ച അവർ കാല്പനികതയുടെ വിഷാദഭാവത്തിൽ നിന്നും ആത്മഭാവത്തിന്റെ സങ്കുചിതത്വത്തിൽനിന്നും പുറത്തുവരാനുള്ള ശ്രമവും അതോടൊപ്പം നടത്തിയിരുന്നു. ഭാരതീയ പാരമ്പര്യത്തിലും ജീവിതമൂല്യങ്ങളിലുമുള്ള വിശ്വാസം, ഗാന്ധിയുഗത്തിന്റെ സവിശേഷമായ ജീവിതസമീപനം എന്നിവ പ്രകടമാക്കിക്കൊണ്ടുതന്നെ ആധുനികതയെ സ്വാംശീകരിച്ച അവർ പ്രകൃതിയുടെയും മാനവികതയുടെയും പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിധത്തിൽ രചനാപരിസരങ്ങളെ വിപുലീകരിക്കുകയും വർത്തമാനകാല യാഥാർത്ഥ്യങ്ങളുടെ തീക്ഷ്ണതയിലേക്ക് ഇറങ്ങിവരുകയും ചെയ്തു. അവഗണിതവിഭാഗ

ങ്ങളുടെ അവസ്ഥകൾക്കൊപ്പം നിരാകൃതമായ സ്ത്രീപക്ഷത്തുനിന്നുള്ള ചിന്തകളും കാവ്യത്തിന്റെ കേന്ദ്രപ്രമേയമായി മാറി.

**പഠനലക്ഷ്യം**

സുഗതകുമാരിയുടെ കൃതികളെ സ്ത്രീവാദപരമായ വിലയിരുത്തലിനു വിധേയമാക്കുകയും അതിലൂടെ അവർ ഉയർത്തിപ്പിടിച്ച ജീവിതവീക്ഷണത്തെ വിശകലനം ചെയ്യുകയുമാണ് പഠനത്തിന്റെ ലക്ഷ്യം.

**പഠനത്തിന്റെ പ്രസക്തി**

സ്ത്രീവാദവും പരിസ്ഥിതിവാദവും കൈകോർക്കുന്ന രാഷ്ട്രീയ സാമൂഹ്യമുന്നേറ്റങ്ങളാണ് പുതിയ കാലത്തിന്റെ ആഗോളസവിശേഷതകളിൽ ഒന്ന്. കാലങ്ങളായി ബഹുവിധകോയ്മകൾക്കടിപ്പെട്ട് സ്വത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട സ്ത്രൈണചേതന ഭൂമിയുടെ ദൈന്യതയുമായി താദാത്മ്യം പ്രാപിക്കുന്ന സവിശേഷചരിത്രസന്ദർഭം കൂടിയാണിത്. സാഹിത്യം, ചിത്രകല, സിനിമ തുടങ്ങിയ സർഗാത്മക മേഖലകളിലെല്ലാം ഈ പുതുപ്രവണതയുടെ മുന്നേറ്റം കാണാം. കവിതയിൽ ഇത് ഏറെ തീക്ഷ്ണതയാർന്ന സൗന്ദര്യാനുഭവമായി മാറുന്നു.

മലയാള കവിതയിൽ വൈലോപ്പിള്ളി, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ എന്നിവരിലൂടെ ശക്തമായ പാരിസ്ഥിതികാവബോധം സുഗതകുമാരിയിൽ എത്തുമ്പോൾ ശാസ്ത്രീയസ്ത്രീവാദത്തിന്റെ സത്ത ഉൾക്കൊള്ളുന്നതായി കാണാം. പരിസ്ഥിതിപ്രവർത്തക എന്ന നിലയ്ക്കും സാമൂഹികപ്രവർത്തക എന്ന നിലയ്ക്കും ജിവിക്കുന്ന ലോകത്തിന്റെയും കാലത്തിന്റെയും വ്യഥകൾ ഏറ്റുവാങ്ങിയ കവയിത്രി കൂടിയാണ് സുഗതകുമാരി. നവമനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലെ താളപ്പിഴകളും ആധുനികതയുടെ ജീവിതപരിസരം ഒരുക്കുന്ന കടുത്ത ലിംഗാസമത്വങ്ങളും ഉൾക്കൊള്ളുന്ന സുഗതകുമാരിയുടെ കൃതികൾ സ്ത്രീവാദപരമായ കാഴ്ചപ്പാടിന്റെ

അടിസ്ഥാനത്തിൽ വിശകലനം ചെയ്യപ്പെട്ടിട്ടില്ല. അതിനാൽതന്നെ ഇങ്ങനെയൊരു പഠനത്തിന് പ്രസക്തി ഏറെയാണ്.

**പൂർവ്വപഠനങ്ങൾ**

മലയാളസാഹിത്യത്തിൽ സ്ത്രീയനുഭവത്തിന്റേതായ കൃതികൾ പ്രചരിച്ചതോടെ സ്ത്രീവാദപരമായ പഠനങ്ങൾക്കും പ്രാധാന്യം ഏറിയിട്ടുണ്ട്. എന്നാൽ എഴുത്തുകാരി എന്ന നിലയ്ക്കോ സാമൂഹികപ്രവർത്തക എന്ന നിലയ്ക്കോ സുഗതകുമാരിയുടെ കൃതികളെ കുറിച്ച് അധികം പഠനങ്ങൾ നടന്നിട്ടില്ല. എം.ലീലാവതി കവിതാരതി (1997), വർണ്ണരാജി (2008), സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാളസാഹിത്യത്തിൽ (2008), കവിതാധ്വനി (2009), മലയാളകവിതാസാഹിത്യചരിത്രം (2011) എന്നീ കൃതികളിൽ സുഗതകുമാരിയുടെ കവിതയെ വിലയിരുത്തുന്നുണ്ട്. എം.എം.ബഷീറിന്റെ ആശാന്റെ പണിപ്പുര (1985), ഡി.ബഞ്ചമിന്റെ സാഹിത്യപഠനങ്ങൾ (1984), കാവ്യനിർധാരണം (2002), പി.പി.കെ.പൊതുവാളിന്റെ പരിസ്ഥിതിക്കവിതയ്ക്ക് ഒരാമുഖം (1995) എന്നിവയിൽ സുഗതകുമാരിയെക്കുറിച്ച് വന്നിട്ടുള്ള പഠനങ്ങളും സുഗതകുമാരിയുടെ കൃഷ്ണസങ്കല്പത്തെപ്പറ്റി വിജ്ഞാനകൈരളിയിൽ വന്ന (1995) ആർ.ബി.രാജലക്ഷ്മിയുടെ ലേഖനവും അക്ബർകക്കട്ടിൽ സുഗതകുമാരിയുമായി നടത്തിയ അഭിമുഖം ഉൾക്കൊള്ളുന്ന സർഗസമീക്ഷ (1993) എന്ന പുസ്തകവും സുഗതകുമാരിക്കവിതയെ കുറിച്ചുള്ള പഠനങ്ങളാണ്. സുഗതകുമാരി എന്ന കവിയുടെയും സാമൂഹിക-പാരിസ്ഥിതിക പ്രവർത്തകയുടെയും വ്യത്യസ്തമാനങ്ങളെ വിശകലനം ചെയ്യാൻ ഉതകുന്ന ലേഖനങ്ങളുടെ സമാഹാരമാണ് ടോണിമാത്യു എഡിറ്റ് ചെയ്ത കാട്ടുകിളിയുടെ പാട്ട് (2011).

സത്യനാരായണന്റെ സുഗതകുമാരിക്കവിതകളിലെ കാവ്യബിംബങ്ങൾ (1993) എന്ന എം.ഫിൽ പ്രബന്ധവും ഗിരിജാകുമാരിയുടെ പ്രതിമാനകല്പന സുഗതകുമാരിയുടെ കവിതകളിൽ (1998) സജിത കിഴിനിപ്പുറത്തിന്റെ പരി

സ്ഥിതി സ്ത്രീരചനകളിൽ (2001) സ്മിതദാസ് ടി.വിയുടെ സുഗതകുമാരി യുടെ കവിതകളിലെ കൃഷ്ണസങ്കല്പം (2008) എന്നീ ഗവേഷണപ്രബന്ധ ങ്ങളും സുഗതകുമാരിയുടെ കവിതകളെക്കുറിച്ച് വന്നിട്ടുള്ള ഭാഗികപഠനങ്ങ ളാണ്. സുഗതകുമാരിയുടെ ലേഖനങ്ങൾ ഇവയിൽ ഉൾപ്പെട്ടിട്ടില്ല. മാത്രവു മല്ല സുഗതകുമാരിയുടെ സർഗപ്രപഞ്ചത്തെ സ്ത്രീവാദത്തിന്റെ സമഗ്രത യിൽ പരിശോധിക്കപ്പെട്ടിട്ടുമില്ല. ഇത്തരമൊരു പഠനത്തിന്റെ അഭാവമാണ് ഈ വിഷയം തെരഞ്ഞെടുക്കാൻ പ്രേരകമായത്.

**പഠനസാമഗ്രികൾ**

പഠനവിധേയമാക്കുന്ന സുഗതകുമാരിയുടെ രചനകളാണ് പ്രാഥമിക ആകരങ്ങൾ. *മുത്തുച്ചിപ്പി (1961), സ്വപ്നഭൂമി (1965), പാവം മാനവഹൃദയം (1967), പാതിരാപ്പൂക്കൾ (1968), ഇരുൾച്ചിറകുകൾ (1969), രാത്രിമഴ (1977), അമ്പലമണി (1981), കുറിഞ്ഞിപ്പൂക്കൾ (1987), തുലാവർഷപ്പച്ച (1990), രാധ യെവിടെ (1995), കൃഷ്ണകവിതകൾ (1996), ദേവദാസി (1998), മണലെഴുത്ത് (2006)* എന്നീ കവിതാ സമാഹാരങ്ങൾ ഉൾക്കൊള്ളുന്ന *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണമാണ്* (2007) പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. പരിസ്ഥിതിപരവും സ്ത്രീവാദപരവുമായ ആശയങ്ങൾ പങ്കുവയ്ക്കുന്ന *കാവുതീണ്ടല്ലേ* (2010), *മേഘം വന്നുതൊട്ടപ്പോൾ* (2010), *വാരിയെല്ല്* (2010), *കാടിനുകാവൽ* (2012) എന്നീ ലേഖനസമാഹാരങ്ങളും ഉപയോഗപ്പെടുത്തി യിട്ടുണ്ട്. അതോടൊപ്പം മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന *ഒരമ്മ* എന്ന കവി തയും (പുസ്തകം 14, ലക്കം 675, 2011 ജനുവരി 24), മാതൃഭൂമി ആഴ്ചപ്പതി പ്പിൽ വന്ന കാസർകോട്ടെ എൻഡോസൾഫാൻ പ്രശ്നത്തെ കുറിച്ചുള്ള *കവി തയും* (പുസ്തകം 89, ലക്കം 12, 2011 മെയ് 29) പഠനത്തിനായി പ്രയോജന പ്പെടുത്തിയിരിക്കുന്നു. സ്ത്രീവാദവായനയ്ക്ക് പ്രസക്തിയില്ലാത്ത കവിതക ളെയും ലേഖനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. സുഗതകുമാരിയെക്കുറിച്ചും

സ്ത്രീവാദത്തെക്കുറിച്ചുമുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രബന്ധ രചനയ്ക്ക് പ്രയോജകീഭവിച്ചിട്ടുണ്ട്.

**പ്രബന്ധ ഘടന**

പ്രബന്ധം അഞ്ച് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. *സ്ത്രീവിമോച നവാദം-ചരിത്രവും വർത്തമാന*വുമെന്ന ഒന്നാം അധ്യായത്തിൽ സ്ത്രീവിമോ ചനവാദത്തിന്റെ ചരിത്രവും സൈദ്ധാന്തിക നിലപാടുകളും സൂചിപ്പിക്കുന്ന തോടൊപ്പം കേരളത്തിലെ സ്ത്രീയവസ്ഥയ്ക്ക് നവോത്ഥാനത്തിന്റെയും സാമൂഹികരാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും സ്വാധീനം മൂലമുണ്ടായ മാറ്റങ്ങ ളെന്തെന്നുമുള്ള വിശകലനവും നടത്തുന്നു.

*സുഗതകുമാരിക്കൃതികളിലെ പാരിസ്ഥിതികസ്ത്രീവാദസമീപന*മെന്ന രണ്ടാം അധ്യായത്തിൽ കാല്പനികതയുടെ പരിസരങ്ങളിൽനിന്ന് സ്ത്രീയു ടെയും പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ഉൾപ്പൊരുളുകൾ തിരിച്ച റിഞ്ഞ എഴുത്തുകാരിയും ആക്ടിവിസ്റ്റുമായുള്ള സുഗതകുമാരിയുടെ വളർച്ച പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പൊരുളാവുന്നതെങ്ങനെ എന്ന താണ് വിശകലനം ചെയ്യുന്നത്.

*സ്ത്രീയനുഭവതലം പ്രതിസന്ധികളും വിമോചനവും* എന്ന മൂന്നാമ ധ്യായം പുരുഷവ്യവഹാരത്തിലും സമൂഹത്തിലും പരിമിതപ്പെടുന്ന സ്ത്രീയ നുഭവങ്ങൾക്ക് സുഗതകുമാരിക്കൃതികളിലുള്ള സ്ഥാനം പരിശോധനാവിധേ യമാക്കുന്നു. സ്ത്രീജീവിതത്തിന്റെ വേദനയും വസ്തുവത്കരണവും ആവി ഷ്ക്കരിക്കുന്നതിലൂടെ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രതിസന്ധികളും അവരുടെ വിമോചനസ്വപ്നവും നിരീക്ഷിക്കപ്പെടുന്നു.

*പ്രണയത്തിന്റെ ഭാവതലങ്ങൾ* എന്ന നാലാം അധ്യായത്തിൽ സുഗത കുമാരിക്കവിതകളിലെ പ്രണയതലത്തെ രാധാകൃഷ്ണസങ്കല്പത്തെ അടി സ്ഥാനമാക്കി വിശകലനം ചെയ്യുന്നു. പ്രണയവും ഭക്തിയും ഇഴചേരുന്ന

ആത്മീയതലം കൃതികളിൽ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നുവെന്ന നിരീക്ഷണവും ഇതോടൊപ്പം നടത്തുന്നു.

മുൻഅധ്യായങ്ങളിലെ നിഗമനങ്ങൾ ക്രോഡീകരിക്കുന്നതാണ് അഞ്ചാം അധ്യായം.

അനുബന്ധത്തിൽ സുഗതകുമാരിയുമായുള്ള അഭിമുഖം ഉൾപ്പെടുത്തിയിരിക്കുന്നു.

ഒരേവർഷംതന്നെ ഇറങ്ങിയ (2010) കാവുതീണ്ടല്ലേ, മേഘം വന്നുതൊട്ടപ്പോൾ, വാരിയെല്ല് എന്നീ ലേഖനസമാഹാരങ്ങൾ പഠനത്തിനായി ഉപയോഗിക്കേണ്ടതായി വന്നതിനാൽ തിരിച്ചറിയാനായി കാവുതീണ്ടല്ലേ (2010:a), മേഘം വന്നുതൊട്ടപ്പോൾ (2010:b), വാരിയെല്ല് (2010:c), എന്നിങ്ങനെ പുസ്തകത്തിന്റെ വർഷം വലയത്തിനുള്ളിൽ കൊടുത്തിട്ടുണ്ട്. കാടിനു കാവൽ എന്ന ലേഖനസമാഹാരത്തിന് വലയത്തിനുള്ളിൽ 2012 എന്നും ഉപയോഗിച്ചിരിക്കുന്നു. സുഗതകുമാരിയുടെ കവിതകളുടെയും ലേഖനങ്ങളുടെയും പേരുകൾ പ്രബന്ധശരീരത്തിൽ തന്നെ കൊടുത്തിട്ടുണ്ട്.

# അധ്യായം ഒന്ന്

# സ്ത്രീവിമോചനവാദം –ചരിത്രവും വർത്തമാനവും

സ്വന്തം ഇടവും സ്ഥാനവും നിർമ്മിച്ചെടുക്കാനുള്ള സ്ത്രീയുടെ പരിശ്രമമെന്ന നിലയിൽ സ്ത്രീവിമോചനവാദത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പുരുഷകേന്ദ്രിതമായ സാമൂഹ്യാധികാരമാണ് സ്ത്രീ നേരിടുന്ന കീഴായ്മയ്ക്ക് കാരണമാവുന്നതെന്ന അറിവ് സ്ത്രീപുരുഷസമത്വത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള വാദത്തിലേക്ക് സ്ത്രീയെ നയിച്ചു. സ്ത്രീയുടെ രാഷ്ട്രീയസാമൂഹികാവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനം എന്ന നിലയിലാണ് ഫെമിനിസം ആരംഭിച്ചതും.

## 1.1 ചരിത്രപശ്ചാത്തലം

അധികാരകേന്ദ്രങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നുമുള്ള ഒഴിവാക്കലിനെതിരെ സ്ത്രീപക്ഷത്തു നിന്നുയരുന്ന പ്രതികരണവും പ്രതിരോധവുമാണ് ഫെമിനിസത്തിന്റെ ചരിത്രപശ്ചാത്തലം.

### 1.1.1 അവകാശങ്ങൾക്കായുള്ള പോരാട്ടം

1789-ൽ നടന്ന ഫ്രഞ്ചു വിപ്ലവവും അതോടൊപ്പം ഉയർന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യവും യൂറോപ്പിലുടനീളം സാമൂഹികവിപ്ലവങ്ങൾക്ക് വഴിവെച്ചു. മനുഷ്യർക്കിടയിൽ നിലനിന്ന ഉച്ചനീചത്വങ്ങളുടെ അയുക്തികതയെ ചോദ്യം ചെയ്ത വിപ്ലവത്തിന്റെ കാഴ്ചപ്പാട് സാമൂഹ്യാവബോധത്തിൽ ആവേശവും ആത്മവിശ്വാസവും സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നു. തൊഴിലാളികൾ, കോളനിരാജ്യങ്ങളിലെ ജനങ്ങൾ, അടിമകൾ എന്നിവരോടൊപ്പം പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ പ്രതികരണമെന്ന നിലയിൽ സ്ത്രീകളും ഇതിൽ പങ്കുചേർന്നു.

ഫ്രഞ്ചുവിപ്ലവം ഉയർത്തിവിട്ട ആവേശത്തിന്റെ പ്രതികരണമാണ് മേരി വുൾസ്റ്റൺക്രാഫ്റ്റിന്റെ (1759-97) *ദി വിൻഡിക്കേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് വുമൺ* (1792). ഇംഗ്ലീഷ് ഫെമിനിസത്തിന്റെ ആധികാരികഗ്രന്ഥമായാണ് ഈ കൃതി കണക്കാക്കപ്പെടുന്നത്. അംഗീകൃതസ്ത്രീസങ്കൽപ്പം സമൂഹം സ്ത്രീയുടെ മേൽ കെട്ടിയേൽപ്പിച്ചതാണെന്നു ചൂണ്ടിക്കാട്ടിയ മേരി സാഹിത്യത്തിലും സംഗീതത്തിലും മറ്റും സ്ത്രീക്ക് കല്പിക്കപ്പെടുന്ന രണ്ടാംകിട പദവിയെയും ചോദ്യംചെയ്തു. സാമൂഹികമായും സാമ്പത്തികമായും സ്ത്രീ സ്വതന്ത്രയാവേണ്ടതിന്റെ ആവശ്യകതയിലൂന്നിയ അവർ സ്ത്രീ വിദ്യാഭ്യാസമാണ് എല്ലാറ്റിനും പരിഹാരമായി നിർദ്ദേശിച്ചത്. ലിംഗവ്യത്യാസമില്ലാതെ കുട്ടികൾക്ക് ഒരേ തരത്തിലുള്ള വിദ്യാഭ്യാസവും കായികപരിശീലനവും നൽകുന്ന സാമൂഹ്യവൽക്കരണപ്രക്രിയയിലൂടെ മാത്രമേ പെൺകുട്ടികളെ കേന്ദ്രസ്ഥാനത്തു കൊണ്ടുവരാനാവൂ.[1] വിദ്യാഭ്യാസത്തിലെ സ്ത്രീപക്ഷഘടകങ്ങൾക്കു വേണ്ടിയുള്ള മേരിയുടെ വാദം സമൂഹഘടനയെ പ്രകോപിപ്പിച്ചെങ്കിലും സ്ത്രീപുരുഷസമത്വത്തെക്കുറിച്ചുള്ള ജോൺസ്റ്റുവർട്ട് മില്ലിന്റെ ചിന്തകൾക്ക് കരുത്തുപകർന്നത് ഈ പുസ്തകമായിരുന്നു.

### 1.1.2. രാഷ്ട്രീയസ്വത്വത്തിനുള്ള ശ്രമം

സ്ത്രീകൾക്ക് രാഷ്ട്രീയസാംസ്കാരിക സ്ഥലികളിലുള്ള പ്രവേശനനിഷേധത്തിനെതിരെയുള്ള ആദ്യപുരുഷശബ്ദമാണ് ജോൺസ്റ്റുവർട്ട് മില്ലിന്റേത് (1806-1873). 1866ൽ ബ്രിട്ടീഷ് പാർലമെന്റിൽ സ്ത്രീവോട്ടകാശബിൽ അവതരിപ്പിച്ച മിൽ വോട്ടവകാശത്തിൽ മാത്രമല്ല വിദ്യാഭ്യാസം, ജോലി, വിവാഹം, സ്വത്ത് എന്നിവയിലെല്ലാം സ്ത്രീക്കും പുരുഷനും അവകാശങ്ങൾ തുല്യമായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. തുല്യരായി ജനിച്ച് അടിമത്തത്തിലേക്ക് നയിക്കപ്പെടുന്ന സ്ത്രീയവസ്ഥകളെക്കുറിച്ച് *The subjection of women* ൽ (1869) നടത്തിയ വിചിന്തനമാണ് മില്ലിനെ ഏറെ ശ്രദ്ധേയനാക്കിയത്. യാഥാസ്ഥിതികരുടെ എതിർപ്പിനെതുടർന്ന് മിൽ പാർലമെന്റിൽ അവ

തരിപ്പിച്ച വനിതാവോട്ടവകാശബിൽ പാസ്സായില്ലെങ്കിലും വോട്ടവകാശത്തിനു വേണ്ടിയുള്ള ശ്രമങ്ങൾക്ക് ഇതോടെ ശക്തിയേറി. ഒന്നാംലോക മഹായുദ്ധ കാലത്ത് സ്ത്രീകൾ ചെയ്ത സേവനങ്ങൾ വോട്ടവകാശം നേടാൻ അവർക്ക നുകൂലമായ സാഹചര്യം ഉണ്ടാക്കി. ശക്തമായ പ്രതിഷേധങ്ങളുടെയും സമ രങ്ങളുടെയും ഫലമായി 1918ൽ ഇംഗ്ലണ്ടിൽ മുപ്പതുവയസ്സു പൂർത്തിയായ സ്ത്രീകൾക്ക് വോട്ടവകാശം നൽകപ്പെട്ടു. പത്തുവർഷത്തിനു ശേഷമാണ് ഇരുപതു വയസ്സു പൂർത്തിയായ എല്ലാവർക്കും വോട്ടവകാശം ലഭിച്ചത്.

1848-ൽ ന്യൂയോർക്കിലെ സെനക്കാഫാൾസിൽ എലിസബത്ത് കാഡി സ്റ്റാൻഡന്റെയും ലുക്രീഷ്യാമോട്ടിന്റെയും നേതൃത്വത്തിൽ നടന്ന സമ്മേളന ത്തിലും വോട്ടവകാശം തന്നെയായിരുന്നു മുഖ്യഅജണ്ട. അമേരിക്കയിൽ 1920-ൽ സ്ത്രീവോട്ടവകാശം അംഗീകരിക്കപ്പെട്ടിട്ടും ഫ്രാൻസിൽ ഇത് 1945-ലേക്ക് നീണ്ടു. ഭൗതികതയിൽ ഊന്നി പുതിയൊരു രാഷ്ട്രീയസ്വത്വം നേടി യെടുക്കാനായെങ്കിലും വോട്ടവകാശത്തോടൊപ്പം ഉയർത്തപ്പെട്ട മറ്റു മുദ്രാവാ ക്യങ്ങളൊക്കെ അവഗണിക്കപ്പെട്ടു. രാഷ്ട്രീയാധികാരവും പുരുഷാധികാ രവും കൈകോർക്കുന്ന സാഹചര്യത്തിൽ സ്ത്രീവോട്ടവകാശം പോലും പുരുഷവ്യവസ്ഥയ്ക്ക് അനുകൂലമായി മാറി. മർദ്ദിതലൈംഗിക വിഭാഗമെന്ന നിലയിൽ സ്ത്രീജീവിതത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാനോ പരിഹരി ക്കാനോ കഴിഞ്ഞതുമില്ല. ഡാർവിന്റെ പരിണാമസിദ്ധാന്തത്തോടെയാണ് (1980) രണ്ടാംകിടസ്ഥാനത്തെ ചോദ്യം ചെയ്യാനുള്ള ശക്തി സ്ത്രീക്ക് ലഭിക്കു ന്നത്. സ്ത്രീയുടെ അടിമത്തത്തെ ഭൗതികപരമായ കാഴ്ചപ്പാടിൽ വിശക ലനം ചെയ്ത ഫ്രെഡറിക് എംഗൽസിന്റെ (1829-1895) *കുടുംബം സ്വകാര്യ സ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം* (1884) എന്ന കൃതിയും സ്ത്രീവി മോചനവാദത്തിന് ശാസ്ത്രീയപിൻബലം നൽകി. ലിംഗാധിഷ്ഠിത അസമത്വ ത്തിന്റെ ചരിത്രപരമായ വിശകലനം ഉൾക്കൊള്ളുന്ന ഈ കൃതിയാണ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ മാതൃകയാക്കിയത്.

### 1.1.3 സ്ത്രീയുടെ സാമൂഹ്യപദവി

സ്ത്രീകൾ കീഴ്പ്പെട്ടതിന്റെ വേരുകൾ പരിശോധനാവിധേയമാക്കുന്ന എംഗൽസ് ക്രിസ്തുമത പ്രചാരകനായ ആർതർറൈറ്റിന്റെ സാക്ഷ്യപ്പെടുത്തൽ ഉദ്ധരിച്ചുകൊണ്ട് സ്ത്രീപ്രാമാണ്യത്തിന്റെ കാലത്തെ വിലയിരുത്തുന്നു.[2] ഉൽപാദനശക്തിയുടെ വളർച്ച, ഉൽപാദനോപകരണങ്ങളുടെ നിയന്ത്രണം, ഉരുത്തിരിയുന്ന സാമൂഹ്യബന്ധങ്ങൾ എന്നിവ തമ്മിലുള്ള വൈരുദ്ധ്യാത്മകബന്ധം ഗണാധിഷ്ഠിത ഗോത്രവ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങളാണ് സ്വകാര്യസ്വത്തിന്റെ വളർച്ചയ്ക്കും ഏകഭാര്യാത്വകുടുംബവ്യവസ്ഥയ്ക്കും കാരണമായതെന്ന് നിരവധി ഉദാഹരണങ്ങളിലൂടെ എംഗൽസ് സമർത്ഥിക്കുന്നു. ചരിത്രത്തിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട വർഗവൈരുദ്ധ്യം ഏകഭാര്യാത്വഘട്ടത്തിൽ ആണും പെണ്ണും തമ്മിലുള്ളതാണെന്നും ആദ്യത്തെ വർഗ്ഗമർദ്ദനമാണ് പെണ്ണിനെ അടിപ്പെടുത്തിയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്.[3]

ഭൂസ്വത്തിനു പകരം നാണയസമ്പത്തിനെ കേന്ദ്രമാക്കിയ മുതലാളിത്തം ഉൽപാദനത്തിലേക്കുള്ള രാജവീഥി തുറന്നിട്ടെങ്കിലും കുടുംബവും തൊഴിലവസരവും തമ്മിൽ പൊരുത്തപ്പെടാനാവാതെ വിഷമിക്കുന്ന സ്ത്രീയവസ്ഥയ്ക്ക് അതുകാരണമായി.[4] സ്ത്രീയുടെ ഇരട്ടിജോലിഭാരത്തെ ലൈംഗികതയുടെ അടിസ്ഥാനത്തിൽ ന്യായീകരിച്ച മുതലാളിത്തം സ്ത്രീക്ക് അർഹമായ കൂലി നൽകുകയോ വീട്ടുജോലികളുടെ മൂല്യം കണക്കാക്കുകയോ ചെയ്തിരുന്നില്ല. മുതലാളിത്തത്തിന് ലാഭം വർദ്ധിപ്പിക്കാനുള്ള പ്രത്യുൽപാദകർ, ശിശുസംരക്ഷകർ, ജോലി കഴിഞ്ഞ് ക്ഷീണിച്ചെത്തുന്ന പുരുഷനെ ഉന്മേഷവാനാക്കാനുള്ള ലൈംഗികജീവികൾ, എന്നിങ്ങനെ സ്ത്രീയുടെ അസ്തിത്വം മാറ്റിമറിക്കപ്പെട്ടു. ഇത്തരം ചൂഷണവും വർഗ്ഗപര

മായ അസമത്വവും ഇല്ലാതാക്കാൻ വർഗ്ഗസമൂഹവും സ്വകാര്യസ്വത്തും ഇല്ലാതാവുകയും വീട്ടുത്തരവാദിത്വങ്ങൾ സാമൂഹികവൽക്കരിക്കുകയും ചെയ്യുന്ന നയമാണ് ആവശ്യം. ഭാവിയിലെ കുടുംബബന്ധങ്ങളുടെ ഉത്തരവാദിത്വം എംഗൽസ് സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സ്രഷ്ടാക്കളായ പുതിയ മനുഷ്യർക്കു നൽകി.

സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായാണ് റഷ്യയിലും ജർമ്മനിയിലും ആദ്യകാല ഫെമിനിസ്ററ് മുന്നേറ്റങ്ങൾ നടന്നത്. *ജർമ്മനിയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ സ്ത്രീ* (Women Under Socialism, 1883) എന്ന കൃതിയിൽ ഓാഗസ്റ്റ് ബെബൽ (1840–1913) സോഷ്യലിസ്റ്റ് സമൂഹങ്ങളിൽ സ്ത്രീക്കു ലഭിക്കുന്ന ആർത്ഥികവും സാമൂഹികവുമായ സ്വാതന്ത്ര്യത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്. എംഗൽസിന്റെ വീക്ഷണങ്ങളായിരുന്നു ബെബലിന് മാതൃക. എന്നാൽ ഹിറ്റ്ലറിന്റെ (1889–1945) ഭരണം സോഷ്യലിസ്റ്റ് ആശയപരിസരം സ്ത്രീയ്ക്ക് അന്യമാക്കി.

റഷ്യയിൽ ഒക്ടോബർ വിപ്ലവത്തിനു (1905) ശേഷം ലെനിന്റെ നേതൃത്വത്തിൽ രൂപീകൃതമായ ഭരണകൂടവും സോഷ്യലിസ്റ്റ് പുനർനിർമ്മാണ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. സ്വകാര്യസ്വത്തവകാശം നിലനിൽക്കുന്നിടത്തോളം മൂലധനശക്തി നിലനിൽക്കുമെന്നും പുരുഷൻ അധികാരിയായിത്തീരുമെന്നും തിരിച്ചറിഞ്ഞ ലെനിൻ (1870–1924) സ്ത്രീപ്രശ്നങ്ങളുടെ നേരെ അനുഭാവപൂർണ്ണമായ നിലപാടാണ് കൈക്കൊണ്ടത്. പൊതുഭോജനശാലകളും ശിശുപരിചരണകേന്ദ്രങ്ങളും ആരംഭിച്ചുകൊണ്ട് വീട്ടുജോലിയിൽ നിന്ന് സ്ത്രീയ്ക്ക് മോചനം നൽകാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ലെനിന്റെ ഭരണശേഷം റഷ്യയിലെ സോഷ്യലിസത്തിന്റെ മുഖം മാറി. സ്റ്റാലിൻഭരണകൂടം (1897–1953) സ്ത്രീവിരുദ്ധമായ നിലപാടുകളാണ് കൈക്കൊണ്ടത്. സ്റ്റേറ്റിന്റെ ജനസംഖ്യ വർദ്ധിപ്പിക്കാനായി ഏഴോ അതിലധികമോ മക്കളെ പെറ്റുപോറ്റുന്ന സ്ത്രീകൾക്ക് വീരമാതൃത്വപദവി നൽകി.

ഗർഭഛിദ്രവും വിവാഹമോചനവും നിയമംമൂലം നിരോധിച്ചു. ജോലിയും ഗർഭധാരണവും ശിശുപരിപാലനവും മാതൃത്വധർമ്മങ്ങളും ഒരുമിച്ചു കൊണ്ടുപോവാനാവാതെ സ്ത്രീതൊഴിലാളികൾ വിഷമിച്ചു.[5] വീട്ടുത്തരവാദിത്തങ്ങളിൽ നിന്നും പുറത്തുവരാനാവാതെയുള്ള സ്ത്രീയുടെ നില ആൺകോയ്മയുടെ ശക്തി പ്രബലപ്പെടാൻ കാരണമായി. പുരുഷാധിപത്യപരമായ ചിന്തയ്ക്കും പ്രയോഗത്തിനുമെതിരെ പ്രത്യയശാസ്ത്രത്തിന്റേയും സംസ്കാരത്തിന്റേയും മേഖലകളിൽ സമരം ചെയ്യേണ്ടതിന്റെ ആവശ്യകത സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സ്ത്രീയനുഭവം ബോധ്യപ്പെടുത്തുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം (1914-1916) ആദ്യകാല ഫെമിനിസ്റ്റ് പ്രസ്ഥാനം പിൻവാങ്ങുന്നതാണ് കണ്ടത്. വോട്ടവകാശത്തിനും തുല്യപദവിക്കുമായി നടന്ന ഒന്നാംഘട്ടഫെമിനിസത്തിന്റെ പോരാട്ടം ഉൾവലിഞ്ഞ സന്ദർഭത്തിലാണ് വെർജീനിയാവൂൾഫിന്റെ *സ്വന്തമായൊരു മുറി*യും (A Room of One's Own-1928), സിമോൺ ദ ബൂവായുടെ *ദി സെക്കന്റ് സെക്സും* (The Second Sex - 1949) പ്രസിദ്ധീകരിക്കപ്പെട്ടത്.

### 1.1.4 സ്വന്തമായ ഒരിടത്തിന്റെ ആവശ്യകത

എഴുത്തുകാരികൾ രചനാവേളയിൽ അനുഭവിക്കുന്ന പ്രതിസന്ധികളും സ്ത്രീകളുടേതായ രചനാപാരമ്പര്യത്തിന്റെ സാധ്യതകളുമാണ് *A Room of One's own* ൽ വെർജീനിയാവൂൾഫ് (1882-1941) അവതരിപ്പിച്ചത്. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ന്യൂഹാം കോളേജിലും ഗിർറ്റൺകോളേജിലും 1928 ഒക്ടോബറിൽ അവതരിപ്പിച്ച രണ്ടു പ്രബന്ധങ്ങളാണ് ഈ കൃതിക്കടിസ്ഥാനം. സർഗ്ഗാത്മക രചനയ്ക്കുള്ള സാധ്യതകളൊന്നും ഒരു എഴുത്തുകാരിയുടെ മുന്നിലില്ല. വീട്ടുജോലികളുടെ താങ്ങാനാവാത്ത ഭാരം കൊണ്ട് വീർപ്പുമുട്ടുന്ന അവൾക്ക് എഴുതാനുള്ള സ്ഥലമോ സമയമോ ശേഷിയോ ഇല്ല. എഴുത്തുകാരിയാവാൻ സ്വന്തമായ ഒരു മുറിയും പണവും

ഉണ്ടായേ തീരൂ എന്ന് വെർജീനിയ പ്രഖ്യാപിച്ചു.[6] നിത്യജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് അകന്നിരിക്കാൻ, മനനം ചെയ്യാൻ, എഴുതാൻ, തിരുത്താൻ ഒരിടം. ഈ ഇടം നിഷേധിക്കുന്ന സമൂഹം സ്ത്രീരചനകളെ പുരുഷന്റേതിൽ നിന്നു താഴ്ത്തിക്കെട്ടുന്നതിലെ അനീതിയും അവർ ചൂണ്ടിക്കാട്ടി.

പുരുഷനിർമ്മിതമായ കൃതികളുടെ ശ്രേഷ്ഠതയ്ക്കും സമൂഹം അവയ്ക്കു നൽകിയ മഹത്വവൽക്കരണത്തിനും എതിരെയുള്ള ന്യൂനപക്ഷവാദത്തിലൂന്നിയ ചെറുത്തുനിൽപ്പാണ് വെർജീനിയയുടേത്. ഷേക്സ്പിയർക്ക് അതേ പ്രതിഭയുള്ള സഹോദരിയുണ്ടായിരുന്നെങ്കിൽ, അവൾ തന്റെ പ്രതിഭ കലാരംഗത്തു തെളിയിച്ചിരുന്നെങ്കിൽ അവളുടെ ജീവിതം എങ്ങനെ ആത്മഹത്യയിൽ ഒടുങ്ങിയേനെ എന്ന് കൽപ്പിതകഥയിലൂടെ അവർ വിശദീകരിച്ചു. ഭാഷയ്ക്കകത്തുപോലും സ്ത്രീ നേരിടുന്ന ലിംഗപരമായ പ്രതിസന്ധി സൂചിപ്പിച്ച വെർജീനിയ മുഖ്യധാരാവ്യവഹാരമണ്ഡലങ്ങളിൽ സ്വന്തം സാന്നിധ്യം അറിയിക്കാൻ പ്രയാസപ്പെടുന്ന സ്ത്രീയുടെ ചരിത്രമാണ് അനുസന്ധാനം ചെയ്തത്. 1938-ൽ പ്രസിദ്ധീകരിച്ച *ത്രീഗിനീസിലും* (Three Guineas) പുരുഷനിർമ്മിതമായ ലിംഗബോധം തന്നെയാണ് പ്രതിപാദ്യം. സമൂഹനിർമ്മിതിയായ ഈ ലിംഗാസമത്വത്തെയാണ് സിമോൺ ദ ബൂവ്വായും എതിർത്തത്.

### 1.1.5 പെൺബോധത്തിന്റെ കരുത്ത്

സമൂഹാവബോധത്തിലും ചരിത്രത്തിലും നൂറ്റാണ്ടുകളായി പ്രതിഷ്ഠിക്കപ്പെട്ട സ്ത്രീകല്പനകളെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന കൃതിയാണ് ഫ്രഞ്ച്തത്വചിന്തകയും നോവലിസ്റ്റുമായ സിമോൺ ദ ബൂവ്വായുടെ (1908-1986) *ദി സെക്കന്റ് സെക്സ്* (1949). മനുഷ്യകുലം തന്നെ ഒരാൺസങ്കൽപ്പമാണെന്ന് അഭിപ്രായപ്പെട്ട ബൂവ്വ കൗമാരത്തോടെ പെൺകുട്ടികൾക്കു മേൽ ചെലുത്തുന്ന സാമൂഹികാധികാരപ്രയോഗങ്ങളാണ് അവളെ സ്ത്രീയാക്കുന്നതെന്നു വ്യക്തമാക്കി. ആരും സ്ത്രീയായി ജനിക്കുന്നില്ല മറിച്ച് ആയി

ത്തീരുകയാണ് എന്ന അവരുടെ പ്രഖ്യാപനം ഫെമിനിസ്റ്റ് സാഹിത്യസമീപനങ്ങളുടെ അടിസ്ഥാനധാരയാണ്.[7] ലിംഗപദവിയുടെ സാമൂഹികനിർമ്മിതിയെ കുറിച്ചുള്ള പഠനത്തിന് അസ്തിത്വവാദദർശന രീതിയാണ് ബൂവ്വ ഉപയോഗിച്ചത്. ഉൽപ്പാദനമേഖലയിലും കുടുംബത്തിലും സമൂഹത്തിലും സർവ്വാധിപത്യം പുലർത്തുന്ന ആൺകോയ്മയുടെ പ്രത്യയശാസ്ത്രത്തടവറയിൽ നിന്നുള്ള മോചനം ആഗ്രഹിച്ച ബൂവ്വ പുരുഷൻ യഥാർത്ഥസ്വത്വവും സ്ത്രീ അപരസ്വത്വവുമായി പരിഗണിക്കപ്പെടുന്ന സാമൂഹികാവസ്ഥയാണ് സ്ത്രീപീഡനത്തിനു നിദാനമെന്നു ചൂണ്ടിക്കാട്ടി.

ഭൗതികവും പ്രത്യയശാസ്ത്രപരവും ഭാഷാപരവുമായ പ്രതിസന്ധികളെ മറികടന്ന് സ്ത്രീക്ക് അവളുടെ വിമോചനസ്വപ്നങ്ങൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വെർജീനിയാവൂൾഫും സിമോൺ ദ ബൂവ്വായും തെളിയിച്ചു. സാമൂഹികസാമ്പത്തികനവീകരണവുമായി ബന്ധപ്പെട്ടുള്ള സ്ത്രീയുടെ സ്വയം തിരിച്ചറിയലുകളുടെ തീക്ഷ്ണതയാണ് ഇവിടെ കാണാനാവുക.

### 1.1.6 സ്വകാര്യവൽക്കരണത്തിന്റെ രാഷ്ട്രീയതലങ്ങൾ

രണ്ടാംലോകമഹായുദ്ധശേഷം 1960കളോടെ ശക്തമായ ആധുനിക ഫെമിനിസ്റ്റ് പ്രസ്ഥാനം ലൈംഗികതയുടെ രാഷ്ട്രീയത്തെയാണ് പ്രമാണമാക്കിയത്. കുടുംബജീവിതം, ലൈംഗികത, ലൈംഗികപീഡനം, സ്വശരീരത്തിലുള്ള അവകാശം എന്നിങ്ങനെ സ്ത്രീപുരുഷബന്ധങ്ങളുടെ സ്വകാര്യവത്കൃതമേഖല രാഷ്ട്രീയവിഷയം തന്നെയാണെന്ന് തെളിയിച്ച ഘട്ടം കൂടിയാണിത്. ബെറ്റി ഫ്രീഡന്റെ *ഫെമിനിൻ മിസ്റ്റിക്* (1963), കെയ്റ്റ്മില്ലറ്റിന്റെ *സെക്ഷ്വൽ പൊളിറ്റിക്സ്* (1969), ജെർമെയ്ൻ ഗ്രീറിന്റെ *ദ ഫീമെയിൽ യൂനക്* (1970), ഷൂലാമിത്ത് ഫയർസ്റ്റോണിന്റെ *ദ ഡയലെറ്റിക് ഓഫ് സെക്സ്* (1970) എന്നീ കൃതികൾ രണ്ടാംഘട്ടഫെമിനിസത്തിനു ആശയപരമായ കരുത്തു നൽകി.

സ്ത്രീജീവിതത്തിന്റെ സ്വകാര്യാനുഭവങ്ങളെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമമാണ് ബെറ്റി ഫ്രീഡന്റെ (1921-2006)*ഫെമിനിൻ മിസ്റ്റിക്* (Feminine Mystique - 1963). തൊഴിൽരഹിതരും വീട്ടമ്മമാരുമായ മധ്യവർഗ്ഗവനിതകളുമായുള്ള ചോദ്യോത്തരപരിപാടിയിലൂടെ അവർ അനുഭവിക്കുന്ന സ്വകാര്യ ഉത്കണ്ഠകൾ മനസ്സിലാക്കിയ ഫ്രീഡൻ സന്തുഷ്ടയായ കുടുംബിനി എന്നത് സാങ്കൽപ്പികാവസ്ഥ മാത്രമാണെന്ന് വ്യക്തമാക്കി. ജ്ഞാനത്തിന്റെ അധീശമേഖലകളിലേക്കുള്ള പ്രവേശനം നിഷേധിച്ച് ഗാർഹികജീവിതത്തിന്റെ വൈകാരികതയിൽ സ്ത്രീയെ ഒതുക്കുന്ന ആൺകോയ്മാസമീപനങ്ങളെ എതിർത്ത ഫ്രീഡൻ സംതൃപ്തിയുടെ പൊയ്മുഖത്തിനുള്ളിൽ സ്ത്രീകൾ അനുഭവിക്കുന്ന പേരില്ലാപ്രശ്നത്തിനാണ് പ്രാധാന്യം നൽകിയത്. രണ്ടാംലോകമഹായുദ്ധാനന്തരം തൊഴിൽരംഗത്തു നിന്ന് സ്ത്രീകളെ ഗൃഹപരിധിയിലേക്ക് മടക്കി അയയ്ക്കാൻ ആദർശവൽകൃതസങ്കൽപ്പങ്ങളെ കൂട്ടുപിടിച്ച പുരുഷന്മാർ വനിതാമാസികകളിലൂടെയും ഉപഭോഗവസ്തുക്കളുടെ അമിതപ്രചാരണത്തിലൂടെയുമാണ് അതു നേടിയെടുത്തതെന്ന്[8] സൂചിപ്പിച്ച അവർ ഗാർഹികതയുടെ മായികതയിൽ നിന്നു പൊതുജീവിതത്തിലേക്കിറങ്ങി വരാൻ സ്ത്രീകളെ ആഹ്വാനം ചെയ്തു. സ്ത്രീകളുടെ ഉന്നമനത്തിനായി ഫ്രീഡന്റെ നേതൃത്വത്തിൽ രൂപം കൊണ്ട സംഘടനയാണ് ദേശീയസ്ത്രീവേദി (National Organization of Women).

മതരാഷ്ട്രീയസാഹിത്യചിന്താധാരകളിലെ ലിംഗപദവി റോളുകളിൽ ഒതുക്കപ്പെടുന്ന സ്ത്രീയവസ്ഥയാണ് *ലൈംഗികരാഷ്ട്രീയ*ത്തിലെ (Sexual Politics - 1970) പ്രമേയം. ലൈംഗികവൈജാത്യങ്ങൾ സാംസ്കാരികമായി സൃഷ്ടിക്കപ്പെടുന്നതാണെന്ന് വ്യക്തമാക്കിയ കെയ്റ്റ് മില്ലറ്റ് (1934-) എല്ലാവിധ അടിച്ചമർത്തലുകളെയും ഇല്ലാതാക്കാനും മൂല്യങ്ങളെ അടിസ്ഥാനപരമായി ഉടച്ചുവാർക്കാനും ലൈംഗികവിപ്ലവത്തിനു കഴിയുമെന്നു വിശ്വസിച്ചു. അതിനായി സാമൂഹികസാംസ്കാരിക മണ്ഡലത്തിൽ നിറഞ്ഞുനിൽക്കുന്ന

ആൺകോയ്മയുടെ രാഷ്ട്രീയത്തെ ഇല്ലാതാക്കണം. ആണെഴുത്തിന്റെ പുനർവായനയിൽ പ്രകടമായ ലിംഗപരാസമത്വം സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളുടെ നേർചിത്രമാണെന്ന് അഭിപ്രായപ്പെട്ട മില്ലറ്റ്, ഡി. എച്ച്. ലോറൻസ്, ഹെൻറി മില്ലർ, നോർമൻ മെയ്‌ലർ, ഴാൻ ഷെനെ എന്നിവരുടെ കൃതികളെ അടിസ്ഥാനമാക്കിയാണ് തന്റെ നിലപാടുകൾ വിശദീകരിച്ചത്.[9] ലൈംഗികബലപ്രയോഗങ്ങളുടെ രാഷ്ട്രീയം, സ്ത്രൈണലൈംഗികതയെ പുരുഷനിർവചനത്തിൽനിന്നു മോചിപ്പിക്കൽ തുടങ്ങിയ പ്രശ്നങ്ങളെ ഫെമിനിസത്തിന്റെ പരിധിയിൽ കൊണ്ടുവരികവഴി ലിംഗഭേദത്തിന്റെ രാഷ്ട്രീയത്തിനു ഭാവവും ഭാഷയും നൽകാനായിരുന്നു മില്ലറ്റിന്റെ ശ്രമം. അതിലൂടെ ലക്ഷ്യം വെച്ചതാവട്ടെ ലൈംഗികവിപ്ലവത്തിലൂടെയുള്ള സാമൂഹികപരിവർത്തനവും. സാമൂഹികഘടനയിലെ അസന്തുലിതമായ ലിംഗനീതിയെയാണ് ഷുലാമിത്ത് ഫയർസ്റ്റോണും തുറന്നുകാട്ടിയത്.

ആൺകോയ്മയുടെ പ്രബലസ്ഥാനമായ കുടുംബം സാമ്പത്തികമായ ഒരു സംവിധാനം മാത്രമാണെന്ന് ഷുലാമിത്ത് ഫയർസ്റ്റോൺ (1945-2012) *ദി ഡയലക്ടിക് ഓഫ് സെക്സിൽ* (The Dialectic of Sex - 1970) വ്യക്തമാക്കി. അസമത്വത്തിന്റെ മേഖലയായ കുടുംബം സ്ത്രീകൾക്ക് പാരതന്ത്ര്യം മാത്രമേ നൽകുന്നുള്ളൂ. അതിനാൽ സാമൂഹ്യതിന്മയുടെ മൂർത്തരൂപമായ വിവാഹത്തെയും കുടുംബത്തെയും നിരാകരിക്കണമെന്നാണ് അവരുടെ ആവശ്യം. സ്ത്രീയുടെ അടിമത്തത്തെ താങ്ങിനിർത്തുന്ന നെടുംതൂൺ എന്ന് പ്രേമത്തെ വിശേഷിപ്പിച്ച അവർ കാൽപ്പനികപ്രേമത്തിന്റെ മാധുര്യവും മാതൃത്വത്തിന്റെ മഹനീയതയും ആദർശവത്കൃതസങ്കൽപ്പങ്ങൾ മാത്രമാണെന്ന് അഭിപ്രായപ്പെട്ടു. ഗർഭധാരണം, പ്രസവം എന്നിവയെ പ്രകൃതി സ്ത്രീക്കു നൽകിയ അവശതകളായി കണ്ട അവർ സ്ത്രീയുടെ കീഴടങ്ങലിനു കാരണമായ ഇത്തരം പ്രയാസങ്ങൾ ശാസ്ത്രസാങ്കേതികവിദ്യകളിലൂടെ, ടെസ്റ്റ്

ട്യൂബ്ശിശു പോലുള്ള മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാനാവും എന്നു വിശ്വസിച്ചിരുന്നു.[10]

ലിംഗബന്ധങ്ങൾക്ക് രാഷ്ട്രീയമാനം കല്പിക്കുന്ന പുരുഷാധിപത്യവ്യവസ്ഥയാണ് നിലനിൽക്കുന്നതെന്ന് ഷുലാമിത്ത് ഫയർസ്റ്റോണിനെപ്പോലെ ജെർമൻ ഗ്രീറും (1939) തിരിച്ചറിഞ്ഞിരുന്നു. *ദി ഫീമെയിൽ യൂനകിൽ* (The Female Eunuch-1970) ശരീരം, ആത്മാവ്, സ്നേഹം, വെറുപ്പ് എന്നീ ഭാഗങ്ങളിലൂടെ സ്ത്രൈണലൈംഗികതയെപ്പറ്റി വിപ്ലവാത്മകമായ ദർശനം അവർ മുന്നോട്ടു വെച്ചു. സ്ഥാപനവത്ക്കരിക്കപ്പെട്ട ലിംഗപദവിബന്ധങ്ങൾ നിറഞ്ഞ കുടുംബാന്തരീക്ഷമാണ് സ്ത്രീയെ സൗന്ദര്യവൽക്കരിച്ച് കർമ്മശേഷിയില്ലാത്ത അലങ്കാരവസ്തുവാക്കി മാറ്റുന്നതെന്ന് അഭിപ്രായപ്പെട്ട അവർ[11] ശിഖണ്ഡിയാക്കപ്പെടുന്ന ഇത്തരം അവസ്ഥകളെ തിരിച്ചറിയാൻ സ്ത്രീകളോട് ആവശ്യപ്പെട്ടു. പുരുഷനിർമ്മിത സദാചാരസംഹിതയുടെ കീഴിൽ ശരീരമാത്ര നിയമങ്ങളിൽ ഒതുങ്ങിയുള്ള ഏകാന്തജീവിതത്തിൽ നിന്നു പുറത്തുവരാൻ സ്ത്രീകൾക്കു കഴിയണം. ആധിപത്യങ്ങളും അടിച്ചമർത്തലുകളും ഇല്ലാത്ത സ്ത്രീലോകം കൊതിച്ച ജെർമെൻഗ്രീർ ലിംഗസമത്വമല്ല സമ്പൂർണ്ണമായ സ്ത്രീവിമോചനമാണ് ലക്ഷ്യമാക്കിയത്.

## 1.2 സ്ത്രീവാദം - വിശകലനങ്ങളുടെ വൈവിധ്യം

അനുഭവത്തിലെ സങ്കീർണ്ണതയും സമീപനത്തിലെ ഭിന്നതയും സ്ത്രീവാദത്തെ വ്യത്യസ്തസൈദ്ധാന്തിക നിലപാടുകൾ കൈക്കൊള്ളാൻ ഇടയാക്കി. വ്യത്യസ്തകാലങ്ങൾ, സാമൂഹികരാഷ്ട്രീയ ചുറ്റുപാടുകൾ, വൈജ്ഞാനിക മേഖലകൾ എന്നിവയോടിണങ്ങിയുള്ള പ്രവർത്തനം ലിബറൽ ഫെമിനിസം, റാഡിക്കൽ ഫെമിനിസം, മാർക്സിസ്റ്റ് ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം, കൾച്ചറൽ ഫെമിനിസം, ഇക്കൊഫെമിനിസം എന്നിങ്ങനെ പ്രയോഗപഠനമേഖലകളിൽ വിപുലമായ വൈവിധ്യങ്ങൾക്ക് കാരണമായി.

### 1.2.1 വ്യത്യസ്തവീക്ഷണങ്ങൾ

നവോത്ഥാനചിന്തയുടെ സ്വാതന്ത്ര്യബോധത്തിലൂന്നിയ വിശാലമായ ദർശനങ്ങൾക്ക് പ്രാധാന്യം നൽകിയ ലിബറൽ ഫെമിനിസ്റ്റുകൾ വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെയുള്ള ശാന്തമായ പാതയാണ് ആഗ്രഹിച്ചത്. ഫ്രഞ്ചുവിപ്ലവവും അമേരിക്കൻ സ്വാതന്ത്ര്യസമരവും മുന്നോട്ടുവെച്ച നീതിബോധവും അവകാശതുല്യതയും ഊർജ്ജമാക്കിയ ഇവർ നിയമപരിഷ്കാരം, ജോലിസംവരണം തുടങ്ങിയവയിലൂടെയുള്ള പൊതുപ്രവേശനം വഴി സ്വാതന്ത്ര്യവും സമത്വവും കൈവരുമെന്നു കരുതി. മേരി വുൾസ്റ്റൺ ക്രാഫ്റ്റ്, ജോൺസ്റ്റുവർട്ട് മിൽ എന്നിവർ പ്രധാനവക്താക്കളായ ലിബറൽ ഫെമിനിസത്തിന്റെ ആശയഗതികളുടെ ഇന്ത്യൻസാക്ഷാത്കാരം രാജാറാംമോഹൻറോയ്, ഈശ്വരചന്ദ്രവിദ്യാസാഗർ, മഹാത്മാഗാന്ധി എന്നിവരിലൂടെയായിരുന്നു. സമൂഹഘടനയിലെ ആൺകോയ്മാരാഷ്ട്രീയത്തെ തിരിച്ചറിയാനോ പ്രതികരിക്കാനോ ഇവർ ശ്രമിച്ചിരുന്നില്ല.

ലിംഗവ്യത്യാസത്തെ സ്ത്രീയുടെ അടിച്ചമർത്തലിനുള്ള ഉപാധിയായി കണ്ട ആൺകോയ്മാപ്രത്യയശാസ്ത്രത്തെ എതിർത്തുകൊണ്ട് ലിംഗാധിഷ്ഠിതവിവേചനത്തിന്റെ അധികാരതലങ്ങൾ തുറന്നുകാട്ടിയവരാണ് റാഡിക്കൽഫെമിനിസ്റ്റുകൾ. ഏറ്റവും വ്യക്തിപരമായ ബന്ധങ്ങൾ പോലും രാഷ്ട്രീയമാണെന്നു തിരിച്ചറിഞ്ഞ ഇവർ സ്ത്രീയുടെ സർവതന്ത്രസ്വാതന്ത്ര്യമാണ് ആഗ്രഹിച്ചത്. അധികാരബന്ധം പുലരുന്ന കുടുംബത്തെ നിരാകരിക്കാനും ലൈംഗികതയെ ആഘോഷമാക്കി മാറ്റാനും സ്വന്തം തീരുമാനത്തിൽ ഉറച്ചുനിൽക്കാനുമുള്ള സ്വാതന്ത്ര്യമാണ് ഷുലാമിത്ത് ഫയർസ്റ്റോൺ, കെയ്റ്റ് മില്ലറ്റ്, ജെർമെർ ഗ്രീർ എന്നിവർ ഉയർത്തിപ്പിടിച്ചത്. ആഗോളവ്യാപകമായി സ്ത്രീകൾക്കിടയിൽ വിമോചനാവശ്യങ്ങൾ ഉയർത്താനും പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾക്കായി പുനരധിവാസസങ്കേതങ്ങൾ ഏർപ്പെടുത്താനും റാഡിക്കൽഫെമിനിസ്റ്റുകൾശ്രമിച്ചിരുന്നെങ്കിലും ഇവരുയർത്തിയ ലൈംഗിക

അരാജകത്വവും കുടുംബഘടനയുടെ തകർച്ചയും കുട്ടികളുടെ സംരക്ഷണത്തിൽ സംഭവിച്ച വീഴ്ചകളും പ്രസ്ഥാനത്തിനു തന്നെ തിരിച്ചടിയായിട്ടുണ്ട്.

സ്ത്രീപ്രശ്നങ്ങളെ കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ മാർക്സിസത്തെ നവീകരിക്കാനായിരുന്നു മാർക്സിസ്റ്റ് ഫെമിനിസ്റ്റുകളുടെ ശ്രമം. എംഗൽസിന്റെ *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം* എന്ന കൃതിയാണ് ഇവരുടെ സൈദ്ധാന്തികവിശകലനങ്ങൾക്ക് അടിസ്ഥാനം. മുതലാളിത്ത വ്യവസ്ഥിതിയോടുള്ള കലാപത്തിലൂടെയേ സ്ത്രീവിമോചനം സാധ്യമാകൂ എന്നു കരുതിയ ഇവർ സമൂഹത്തിന്റെ മുഖ്യധാരയിലുള്ള സ്ത്രീയിടപെടലുകൾ, പുരുഷന്മാർക്കൊപ്പം നിന്നുപോരാടാനും മുതലാളിത്ത ഉൽപാദനത്തിനു അന്ത്യം വരുത്താനുമുള്ള ശക്തി സ്ത്രീകൾക്ക് പ്രദാനം ചെയ്യുമെന്നു വിശ്വസിച്ചു. സ്ത്രീപ്രശ്നങ്ങളെ വർഗവിശകലനത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിച്ച മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ സ്ത്രീപുരുഷന്മാർക്കിടയിലെ അധികാരബന്ധത്തിന്റെയോ ലൈംഗികതയുടെയോ പ്രശ്നങ്ങളെ പ്രധാനമായി കണ്ടിരുന്നില്ല.

സ്ത്രീചൂഷണത്തിന്റെ കാരണങ്ങൾ വ്യക്തിബന്ധം, കുടുംബജീവിതം, ലൈംഗികത, പുരുഷമേൽക്കോയ്മ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഒരു വിമോചനസമരത്തിലൂടെയേ സ്ത്രീപ്രശ്നങ്ങൾ പരിഹരിക്കപ്പെടൂ എന്ന വിശ്വാസം പുലർത്തിയവരാണ് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ. സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ ഉൽപാദനപ്രക്രിയയെ മഹത്വവൽക്കരിക്കുകയും കുടുംബജീവിതവും വീട്ടുവേലയും സ്ത്രീയുടെ സവിശേഷപ്രശ്നമായി കാണുകയും ചെയ്ത ഇവർ സ്ത്രീപ്രശ്നങ്ങൾക്ക് സ്വതന്ത്രപരിഗണന നേടിയെടുക്കാനാണ് ശ്രമിച്ചത്. ഉൽപാദനം, പ്രജനനം, ലൈംഗികത, കുട്ടികളുടെ സാമൂഹ്യവൽക്കരണം എന്നിവയിൽ മാറ്റമുണ്ടായാലേ സ്ത്രീവിമോചനം സാധ്യമാകൂ എന്നഭിപ്രായപ്പെട്ട ബ്രിട്ടീഷ് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റായ ജൂലിയറ്റ് മിച്ചൽ (Juliet Mitchell) അധികാരവും ശക്തിയും പ്രകടിപ്പിക്കാനു

തകുന്ന വേദികൾ കീഴടക്കാൻ സ്ത്രീകളോട് ആവശ്യപ്പെട്ടു. എന്നാലേ തൊഴിൽരംഗത്തും ഉൽപാദനരംഗത്തും പൊതുമണ്ഡലങ്ങളിലുമുള്ള പാർശ്വ വത്കരണത്തിൽ നിന്ന് സ്ത്രീക്ക് രക്ഷപ്പെടാനാവൂ.

സ്ത്രീയുടെ അവകാശങ്ങൾ, വൈയക്തികസാമൂഹികപെരുമാറ്റരീതി കൾ എന്നിവയെ അടിസ്ഥാനമാക്കി സ്ത്രീസംസ്കാരത്തിനു പ്രാധാന്യം നൽകിയവരാണ് സാംസ്കാരിക സ്ത്രീവാദികൾ. പാലനഭാവം, കാരുണ്യം, സഹാനുഭൂതി, സമാധാനതാൽപര്യം, ആത്മീയത മുതലായ സ്ത്രീകളുമായി ബന്ധമുള്ള കാര്യങ്ങളെ സ്ത്രീസംസ്കാരത്തിൽപ്പെടുത്തിയ ഇവർ ജൈവ ശാസ്ത്രപരവ്യത്യാസത്തെ സ്ത്രീശാക്തീകരണത്തിനുള്ള അവകാശവാദ മായി ഉയർത്തി. മാതൃപ്രാമാണ്യകാലത്തിന്റെ നന്മകൾ സ്വാംശീകരിക്കാ നുള്ള ആഗ്രഹം പ്രകൃതിയുമായി ചേർന്നുള്ള സംസ്കാരചരിത്രപുനർ നിർമ്മിതിക്കു കാരണവുമായി.

### 1.2.2 ഇക്കൊഫെമിനിസം (പാരിസ്ഥിതിക സ്ത്രീവാദം)

സ്ത്രീയുടെയും പ്രകൃതിയുടെയും നേർക്കുയരുന്ന ചൂഷണവും അധീ ശത്വമനോഭാവവും തകർക്കുന്നത് പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയാണ് എന്ന ബോധത്തിൽ നിന്നു രൂപം കൊണ്ടതാണ് പാരിസ്ഥിതികസ്ത്രീവാദം. ഫെമിനിസ്റ്റ് ദർശനത്തെയും പരിസ്ഥിതിദർശനത്തെയും ബന്ധിപ്പിക്കുന്ന സ്വതന്ത്രമേഖലയാണിത്. സ്ത്രീവാദത്തിന്റെ വിവിധധാരകളിലെ ആശയ ങ്ങൾ സ്വീകരിച്ച ഇക്കൊഫെമിനിസം സ്ത്രീപുരുഷബന്ധത്തിലെ സമത്വാവ സ്ഥയെ തകർത്തതിനു പിതൃവ്യവസ്ഥയെ രൂക്ഷമായി നേരിടുന്ന റാഡിക്കൽ സ്ത്രീവാദസമീപനമാണ് പരിസ്ഥിതിപ്രശ്നങ്ങളിൽ മുന്നോട്ടുവെയ്ക്കുന്നത്. ആധുനികതയുടെ ആൺനോട്ടത്തിനെതിരെയുള്ള പ്രതിരോധരാഷ്ട്രീയം ഉയർത്തിയ ഇക്കൊഫെമിനിസ്റ്റുകൾ സ്ത്രീയുടെ മോചനത്തിലൂടെ ഭൂമിയും സർവ്വചരാചരങ്ങളും സ്വതന്ത്രരാവുന്ന അവസ്ഥയാണ് ആഗ്രഹിച്ചത്.

മണ്ണിൽ തുല്യതയോടെ നിന്നുപോരാടാനുള്ള അവകാശങ്ങൾ നേടിയെടു ക്കലാണ് ലക്ഷ്യം.

വ്യവസായശാസ്ത്രസാങ്കേതികവിദ്യയുടെ കടന്നുകയറ്റവും നവമുത ലാളിത്ത ജ്ഞാനപദ്ധതികളും കൈകോർക്കുന്ന വർത്തമാനസാഹചര്യം ജീവജാലങ്ങളുടെ നിലനിൽപ്പ് അസാധ്യമാക്കുന്ന സാമൂഹികപരിസര ങ്ങൾക്ക് കാരണമാകുന്നു എന്ന അറിവ് പ്രതിരോധപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകാൻ കാരണമായി. മൂലധനത്തിന്റെ ആഗോളചലനാത്മകത യിലുള്ള വസ്തുവത്കരണത്തിനെതിരെയുള്ള പ്രവർത്തനം സ്ത്രീ പ്രകൃതി പ്രശ്നങ്ങളെ ഒരുമിപ്പിക്കുന്ന ആഗോളകാഴ്ചപ്പാടിനെയാണ് ലക്ഷ്യം വെച്ചത്. പ്രകൃതിയുടെയും സ്ത്രീയുടെയും കഴിവും സൃഷ്ടിപരതയും അംഗീകരി ക്കാനും ഋതുചക്രങ്ങളുടെ താളവും പ്രാധാന്യവും മനസ്സിലാക്കാനും ഭൂമു ഖത്തെ ഓരോ വസ്തുവും ജൈവശൃംഖലയിലെ പ്രധാനകണ്ണിയാണെന്ന് തിരിച്ചറിയാനുമുള്ള ഒരു പുതുബോധത്തിന്റെ ആവശ്യകത ഇതോടെ ഉയർന്നുവന്നു.

#### 1.2.2.1 സൈദ്ധാന്തിക പശ്ചാത്തലം

ഇക്കൊഫെമിനിസം എന്ന സങ്കൽപ്പം മുന്നോട്ടുവെച്ച് അതിനു ആദ്യ മായൊരു ദാർശനികവ്യാഖ്യാനം നൽകിയത് ഫ്രെഞ്ചുഫെമിനിസ്റ്റായ ഫ്രാൻസ്വാ ദ യൂബോൺ (Franncoise d' Eubonne) ആണ്. സ്ത്രീയെ രക്ഷി ക്കാൻ ഒരു പാരിസ്ഥിതിക വിപ്ലവം ആവശ്യമാണെന്നും മനുഷ്യനും പ്രകൃ തിയും തമ്മിലും സത്രീയും പുരുഷനും തമ്മിലും ഒരു പുതിയ ലിംഗബന്ധമു ണ്ടാക്കാൻ ഇതു കാരണമാകുമെന്നും *ഫെമിനിസം അല്ലെങ്കിൽ മരണം* (1974) എന്ന കൃതിയിലെ 'ഇക്കൊ ഫെമിനിസത്തിന്റെ കാല'ത്തിൽ അവർ അഭിപ്രാ യപ്പെട്ടു. മണ്ണിനും പെണ്ണിനും സുരക്ഷിതത്വം നൽകാനും ഇത്തരം പാരി സ്ഥിതിക വിപ്ലവങ്ങൾക്കു മുന്നണിപോരാളിയാവാനും സ്ത്രീക്കു കഴിയും. തെറ്റായ വികസനത്തിന്റെ പരിവർത്തനത്തിനും ജീവന്റെ നിലനിൽപ്പി

നുമായി സ്ത്രൈണമൂല്യങ്ങൾ വീണ്ടെടുക്കാൻ ആവശ്യപ്പെടുന്ന യൂബോൺ, സ്ത്രൈണതയിൽ അധിഷ്ഠിതമായ ഭൂമി സ്വാസ്ഥ്യത്തിന്റെ ലോകം പ്രദാനം ചെയ്യുമെന്ന വിശ്വാസമാണ് പുലർത്തുന്നത്.

ഇക്കൊഫെമിനിസം എന്ന പ്രയോഗം ഇംഗ്ലീഷിൽ ഉപയോഗിച്ചത് സോഷ്യൽ ഇക്കോളജിയുടെ ഉപജ്ഞാതാവായ മുറേ ബുക്ച് (Murray Bookch:1921-2006) ആണ്. 1976-ൽ അവർ ആരംഭിച്ച ഇക്കൊഫെമിനിസം കോഴ്സ് പിൽക്കാലത്ത് സ്ത്രീവാദത്തിന്റെ ദാർശനികയായി മാറിയ നെസ്ത്രാകിംഗ് (Ynestra King) ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. സൂസൻ ഗ്രിഫിന്റെ *സ്ത്രീയും പ്രകൃതിയും* (Women and Nature-The Roaring Insider Her-1978), മേരിഡാലിയുടെ *ഗൈൻഇക്കോളജി* (Gyn/Ecology-1979), കരോളിൻമർച്ചന്റിന്റെ *പ്രകൃതിയുടെ മരണം* (The Death of Nature-women, Ecology and the Scientific Revolution-1980) നെസ്ത്രാകിംഗിന്റെ *ഫെമിനി സവും പ്രകൃതിയുടെ കലഹവും* (Feminism and the Revolt of Nature - 1981) ഏരിയൽ സാലേയുടെ ഇക്കൊഫെമിനിസം ഏസ് പൊളിറ്റിക്സ് നാച്വർ മാർക്സ് ആന്റ് ദ പോസ്റ്റ്മോഡേൺ (Ecofeminism As Politics Nature Marx and the Postmodern-1997) തുടങ്ങിയ കൃതികൾ ഇക്കൊഫെ മിനിസത്തിന്റെ പ്രചാരത്തിൽ നിർണായകസ്ഥാനം വഹിച്ചവയാണ്.

പ്രകൃതിയുടെ സ്വാഭാവികാവസ്ഥകളെ നശിപ്പിക്കുന്ന മനുഷ്യന്റെ സുഖഭോഗാസക്തിക്കെതിരെയുള്ള സ്ത്രീയുടെ പ്രതികരണമാണ് സൂസൻഗ്രിഫിന്റെ *സ്ത്രീയും പ്രകൃതിയും* (1978). തന്നെ ഒരു കുതിരയോ ടാണ് ഗ്രിഫിൻ താരതമ്യപ്പെടുത്തുന്നത്. ചലനത്തിൽ പോലും യജമാനന്റെ നിയന്ത്രണമുള്ള വിശ്വസ്തനായ കുതിര. ഭൂമി, സ്ത്രീ, മൃഗം എന്നിവയുടെ താരതമ്യപ്പെടുത്തലുകൾ അവർ അനുഭവിക്കുന്ന ചൂഷണാവസ്ഥകളുടെ സമാനതയെ സൂചിപ്പിക്കുന്നു. ചൂഷണത്തിനെതിരെയുള്ള സ്ത്രീയുടെ

ശബ്ദം കരച്ചിലോ പിറുപിറുക്കലോ ആയി സമൂഹത്തിനു തോന്നാമെങ്കിലും അവരിരുവരും ഗർജ്ജിക്കുകയാണെന്നാണ് ഗ്രിഫിന്റെ അഭിപ്രായം.

യൂറോകേന്ദ്രിതമായ വികസനസങ്കൽപ്പവുമായി വന്ന അധിനിവേശകരുടെ പ്രത്യയശാസ്ത്രങ്ങൾ പ്രകൃതിയെ വെട്ടിപ്പിടിക്കാനും കീഴടക്കാനും വിപണിവൽക്കരിക്കാനുമുള്ള അസംസ്കൃതവസ്തുവാക്കി മാറ്റി. ശാസ്ത്രത്തിന്റെ പിൻബലത്തോടെ മുന്നേറിയ വികസനസമീപനങ്ങൾ പ്രകൃത്യാരാധനയും ജൈവസങ്കൽപ്പവും മാറ്റിമറിച്ചു കൊണ്ട് ചരക്കുവൽക്കരണത്തിന്റെ പാതയെ പ്രധാനമാക്കി. വ്യവസായമുതലാളിത്തത്തിന്റെ അധികാരഘടനയാൽ നിർമ്മിക്കപ്പെടുന്ന ഇത്തരം യാന്ത്രികവീക്ഷണം പ്രകൃതിയുടെ മരണത്തിനു കളമൊരുക്കുന്നതായി കരോളിൻമർച്ചന്റ് അഭിപ്രായപ്പെട്ടു.[12] ആഗോളവിപണി സൃഷ്ടിച്ച ഉപഭോഗസംസ്കാരത്തിന്റെ ഇരകളാകുന്നത് മിക്കപ്പോഴും സ്ത്രീകളാണ്. അതിജീവനസമ്പദ്വ്യവസ്ഥയിൽ പ്രകൃതിയുമായി പങ്കുചേർന്നു കൊണ്ട് സമ്പത്ത് ഉത്പാദിപ്പിക്കുകയും പുനരുത്പാദിപ്പിക്കുകയും ചെയ്യുന്ന സ്ത്രീകൾ ഇതോടെ പ്രകൃതിയിൽ നിന്ന് അന്യവത്കരിക്കപ്പെട്ടു. സ്ഥിരമായ സമ്പദ്വ്യവസ്ഥ പരിസ്ഥിതി സന്തുലനത്തിന്റെ ആധാരശിലയാകയാൽ പരസ്പരാശ്രിതമായ ഇവയിൽ ഒന്നിന്റെ താളംതെറ്റൽ മറ്റേതിന്റെയും ചുവടുപിഴപ്പിക്കുമെന്ന് അവർ വ്യക്തമാക്കി. ഉപയോഗസംസ്കാരത്തിൽ നിന്ന് ഉപഭോഗസംസ്കാരത്തിലേക്ക് ലോകം വഴിമാറിയ സാഹചര്യത്തിൽ പഴമയുടെ നന്മകളെ സ്വാംശീകരിച്ചു കൊണ്ടുള്ള പുനരേകീകരണമാണ് ആവശ്യം.

പാരിസ്ഥിതികസ്ത്രീവാദത്തെ മനുഷ്യവിമോചനപ്രസ്ഥാനമായി അവതരിപ്പിച്ച ചിന്തകയാണ് ഏരിയൽസാലെ. ചൂഷണത്തിന്റെ സമാനതകൾ അനുഭവിക്കുന്ന സ്ത്രീയെയും പ്രകൃതിയെയും സംരക്ഷിക്കാതെ ലോകആവാസവ്യവസ്ഥയ്ക്ക് നിലനിൽപ്പില്ലെന്ന ആശയമാണ് അവർ മുന്നോട്ടുവെച്ചത്.[13] പുരുഷാധിപത്യപ്രധാനമായ അധിനിവേശകരുടെ പ്രത്യയശാസ്ത്ര

ങ്ങളോട് വിയോജിപ്പു പ്രകടമാക്കിയ സാലെ നവകൊളോണിയൽശക്തികളുടെയും ആഗോളവൽക്കരണത്തിന്റെയും പ്രകൃതിവിരുദ്ധ, സ്ത്രീവിരുദ്ധ ആശയങ്ങൾക്കെതിരെ പ്രതിരോധത്തിന്റെ ഭാഷതീർക്കാൻ സ്ത്രീകളോട് ആവശ്യപ്പെട്ടു. ഇക്കൊഫെമിനിസ്റ്റുകൾ സ്ത്രീയുടെ മാത്രമല്ല പ്രകൃതിയുടെയും പുരുഷന്റെയും സംരക്ഷകരാവണം. സമ്പൂർണ്ണവിമോചനമാവണം അതിന്റെ ലക്ഷ്യം. പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും സോഷ്യലിസത്തെയും ആദിവാസിരാഷ്ട്രീയത്തെയും സമന്വയിപ്പിക്കുക വഴി ശരിയായ ജനകീയകാഴ്ചപ്പാട് തിരിച്ചറിയുന്നവരായി ഇക്കൊഫെമിനിസ്റ്റുകൾ മാറുമെന്ന് ഏരിയൽസാലെ അഭിപ്രായപ്പെട്ടു.

ആധുനികമുതലാളിത്ത വിപണനതന്ത്രങ്ങളുടെ പുരുഷമുഖത്തെ പ്രതിരോധിച്ച ഏരിയൽസാലെ ഒരു പുതിയ സമവാക്യത്തിലൂടെ പാരിസ്ഥിതികസ്ത്രീവാദം മുന്നോട്ടുവയ്ക്കുന്ന ആശയത്തെ വിശദീകരിച്ചു. പുരുഷൻ/സ്ത്രീ=പ്രകൃതി എന്ന ഈ പരികല്പന മറ്റ് എഴുത്തുകാരുടെ കൃതികളിൽ എങ്ങനെ ആവിഷ്കരിക്കപ്പെടുമെന്ന് മറിയാ മിയസ്, കരോളിൻ മർച്ചന്റ്, വന്ദനാശിവ എന്നിവരുടെ കൃതികളെ ആധാരമാക്കിയാണ് അവർ പരിശോധിച്ചത്.[14] മാർക്സിയൻ ചിന്തകൾക്ക് ഈ സമവാക്യത്തിലുള്ള പ്രാധാന്യമെന്തെന്ന വിശകലനവും ഇതോടൊപ്പം അവർ നടത്തിയിരുന്നു.

പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആദ്യകാലബൗദ്ധിക പ്രചോദകർ പാട്രീഷ്യൻ എഴുത്തുകാരി ഫ്രാങ്കോയ് ഡി ഒബോണും അമേരിക്കൻ എഴുത്തുകാരി റോസ്മേരി റൂതറുമാണ്. മുതലാളിത്ത ആൺകോയ്മാസംസ്കാരത്തിന്റെ അധീശമനോഭാവത്തിനെതിരെ സ്ത്രീകൾ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത ഇവർ എടുത്തുകാട്ടി.

**1.2.2.2. ഭൂമിയും സ്ത്രീയും**

ഭൂമിയെ മാതാവായി കണ്ട ഭാരതീയർ ഉൽപാദനവ്യവസ്ഥയുമായി ബന്ധപ്പെടുത്തി സ്ത്രീയെയും പ്രകൃതിയെയും ആദരിക്കുന്ന പൈതൃകമുള്ള വരാണ്. ഉർവരതയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ബിംബവൽക്കരണവും ആരാധനയും അമ്മയെ മതാത്മകമായ ഒരു സാംസ്കാരികചിഹ്നമായി മാറ്റി. സാർവകാലികമായ ഇത്തരം സാംസ്കാരി കപ്രതിരോധങ്ങളുടെ സൂചകങ്ങളാണ് ഗയ, ഈവ്, ഐസിസ് തുടങ്ങിയ മാതൃദേവതാസങ്കൽപ്പങ്ങളും അമ്മദൈവങ്ങൾ, ധാന്യമാതാവ്, മഹാമാതാവ് തുടങ്ങിയ കാർഷികസംസ്കാരസൂചകങ്ങളായ ദേവതാചിഹ്നങ്ങളും. മാതൃദേവതയെന്ന ആദിരൂപത്തെയും അവയുടെ പാരിസ്ഥിതികബന്ധങ്ങ ളെയും കുറിച്ചുള്ള പഠനമാണ് എറിക്ന്യൂമാന്റെ മഹാമാതാവ്. മാതൃദായ സംസ്കാരത്തിനും സ്ത്രീപ്രാമാണ്യത്തിനും പ്രാമുഖ്യം ഉണ്ടായിരുന്ന കാർഷികാനുഷ്ഠാനങ്ങൾ പിതൃദായക്രമത്തിന്റെ വരവോടെ തിരസ്കരി ക്കപ്പെടുകയും സർവ്വശക്തരായ പുരുഷദൈവങ്ങളെ സ്ഥാപിക്കുകയും ചെയ്തു. അതോടെ വിഭവസമാഹരണത്തിനുള്ള വസ്തുവായി ഭൂമിയും പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ടവളായി സ്ത്രീയും തരംതാഴ്ത്തപ്പെട്ടു. ഉൽപാദനത്തിന്റെയും വളർച്ചയുടെയും പ്രമുഖപങ്കാളികൾ എന്ന നിലയി ലുള്ള ഇത്തരം അടിച്ചമർത്തൽ സ്ത്രീയെയും പ്രകൃതിയെയും വിധേയത്വ ത്തിന്റെയും പുരുഷനെയും സംസ്കാരത്തെയും അധീശത്വത്തിന്റെയും ഭാഗത്തു നിലയുറപ്പിച്ചതായി ഷെറിഓർട്ട്നർ (Sherry B Ortner) സൂചിപ്പിക്കു ന്നുണ്ട്.[15]

സ്ത്രീക്ക് നിലനിൽക്കണമെങ്കിലും സ്വാതന്ത്ര്യപ്രഖ്യാപനം നടത്തണ മെങ്കിലും ഭൂമി ആവശ്യമാണ്. നാളിതുവരെയുള്ള ചരിത്രത്തെയും സംസ്കാ രത്തെയും ദർശനങ്ങളെയും തന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട് പ്രകൃതിയു മായി ചേർന്ന് വിലയിരുത്തിയ സ്ത്രീ, ജീവന്റെ നിലനിൽപ്പ്തന്നെ അസാധ്യ മാക്കുന്ന ചൂഷണാധിഷ്ഠിതസാമൂഹികക്രമമാണ് നിലനിൽക്കുന്നതെന്നു

തിരിച്ചറിയുന്നു. മഹാവനങ്ങളെയും ജീവിവംശങ്ങളെയും ഒടുക്കുന്ന ചോല കളെയും പുഴകളെയും വറ്റിക്കുന്ന പുരുഷാശയപ്രമത്തമായ വ്യാവസായിക സംസ്കൃതി മാറണമെന്ന ചിന്താഗതിയാണ് സ്ത്രീയെ പ്രവർത്തനപഥത്തി ലേക്ക് നയിച്ചത്.

### 1.2.2.3 പ്രകൃതിയുടെ മറ്റൊരുഭാവം

താൻ പ്രകൃതിയുടെ തന്നെ മറ്റൊരു മുഖമാണെന്ന സ്ത്രീയുടെ കാഴ്ചപ്പാടാണ് പാരിസ്ഥിതികസ്ത്രീവാദത്തിന് ഉത്തേജനം. പ്രകൃതിയുടെ താളലയങ്ങളിലൂടെ തന്റെ മനസ്സിന്റെയും ശരീരത്തിന്റെയും ചലനങ്ങളും തുടിപ്പുകളും കണ്ടെത്തുന്ന സ്ത്രീ, പുരുഷൻ തടവിലാക്കുന്ന പുഴയായും വെട്ടിനീക്കുന്ന കാടായും താദാത്മ്യം പ്രാപിക്കുന്നു. അസ്തിത്വത്തിന്റെയും സാമൂഹികതയുടെയും കാര്യത്തിൽ പുരുഷന്റേതിൽ നിന്നു വ്യത്യസ്തമായ നിലപാടുകൾ സ്ത്രീ ഏറ്റെടുത്തതോടെ കാല്പനികമായ മണ്ഡലങ്ങൾ തിര സ്ക്കരിക്കപ്പെടുകയും യാഥാർത്ഥ്യത്തിന്റെ തീക്ഷ്ണഭാവങ്ങൾക്ക് പ്രാധാന്യം കൈവരുകയും ചെയ്തു. തെറ്റായ വികസനത്തിന്റെ പരിവർത്തനത്തിനും പുനരുദ്ധാരണത്തിനും ജീവന്റെ നിലനിൽപ്പിനുമായി സ്ത്രൈണമൂല്യങ്ങൾ വീണ്ടെടുക്കാനാണ് പാരിസ്ഥിതിക സ്ത്രീവാദികളുടെ ആഹ്വാനം.[16] നില നില്പിനു വേണ്ടി മാത്രം പ്രകൃതിയിൽ നിന്നെടുക്കുക എന്ന ആദിബോധ ത്തിന്റെ അംശം അല്പമെങ്കിലും ബാക്കിനിൽക്കുന്നത് സ്ത്രീയിലാണെന്ന് പാരിസ്ഥിതികസ്ത്രീവാദം കരുതുന്നു.

### 1.2.2.4 പെണ്മയുടെ പ്രതിരോധം

പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും ത്വര കൂടുതലുള്ള സ്ത്രീക്ക് നിലനിൽപ്പിനു വിഘാതമായ പാരിസ്ഥിതികപ്രവർത്തനങ്ങളെ ഇല്ലായ്മ ചെയ്യാനാവും. അതിനാലാണ് അധിനിവേശത്തിനെതിരെയുള്ള പ്രതിരോധം സ്ത്രീ കേന്ദ്രിതമാവണമെന്ന് ഇക്കൊഫെമിനിസ്റ്റുകൾ ആഗ്രഹി ക്കുന്നത്. സ്ത്രീ മുന്നോട്ടുവെയ്ക്കുന്ന പച്ചപ്പിന്റെ രാഷ്ട്രീയം വ്യവസ്ഥ

യുടെ തടവറയിൽ നിന്നു മോചിതനാകുന്ന പുരുഷനൊപ്പം സമസ്തജീവജാലങ്ങളുടെയും വിമോചനം ഉൾക്കൊള്ളുന്ന ഒന്നാണ്. ഇത് രാഷ്ട്രീയക്കാരന്റെ പ്രശ്നമല്ല, ജീവന്റെ പ്രശ്നമാണ് മനുഷ്യത്വത്തിന്റെ പ്രശ്നമാണ് എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അനീതിയുടെ ഭീകരമുഖങ്ങൾ സമൂഹത്തിനു കാണിച്ചുകൊടുക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വം പാരിസ്ഥിതിക സ്ത്രീവാദികൾ ഏറ്റെടുക്കുമ്പോഴേ അത് പതിവു പ്രസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമാകുന്നുള്ളൂ.[17]

### 1.2.2.5 വികസനവും പാരിസ്ഥിതികസ്ത്രീവാദവും

ചൂഷണമനുഭവിക്കുന്ന എന്തിനോടും സഹഭാവം പുലർത്തുന്ന ഇക്കൊഫെമിനിസം വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെടുന്നവരെയും ചൂഷണത്താൽ കഷ്ടതയനുഭവിക്കുന്നവരെയും ഒരേ പ്രാധാന്യത്തോടെ കണ്ടു. വികസനത്തിന്റെ യൂറോകേന്ദ്രിതസംസ്കാരം സ്ത്രീയുടെ ജൈവഘടനയ്ക്കുമേലും പ്രകൃതിയുടെ സ്വാഭാവികഘടനയ്ക്കു മേലും പുലർത്തുന്ന ആധിപത്യാശയങ്ങളെ എതിർത്ത ഇക്കൊഫെമിനിസ്റ്റുകൾ ആധുനികവികസനത്തിന്റെ അർത്ഥരാഹിത്യത്തെ തുറന്നുകാട്ടി. കീടനാശിനി, സങ്കരയിനം വിത്തുകൾ, ആണവപരീക്ഷണം, ജലകുത്തകാവകാശം എന്നിങ്ങനെ ജീവജാലങ്ങളുടെ നിലനിൽപ്പ് അസാധ്യമാക്കുന്ന ആധുനികതയുടെ പുരുഷാധിപത്യയുക്തികളോടാണ് ഇവർക്ക് എതിർപ്പ്. സ്ത്രീയുടെയും പ്രകൃതിയുടെയും സാമൂഹികസ്ഥാനം തിരിച്ചുപിടിക്കാൻ നിലവിലുള്ള വികസനമാതൃകകളെ ബുദ്ധിപരമായും രാഷ്ട്രീയമായും പുന:സൃഷ്ടിക്കണമെന്നാണ് പാരിസ്ഥിതികസ്ത്രീവാദികളുടെ ആവശ്യം. മനുഷ്യകേന്ദ്രീകൃതമായ സാമൂഹികഘടനയിൽ നിന്ന് പ്രകൃതികേന്ദ്രീകൃതമായ രാഷ്ട്രീയത്തിലേക്കുള്ള മുന്നേറ്റമാണ് വേണ്ടത്. എല്ലാത്തരം വികസനപ്രക്രിയകളുടെയും ഇരയായിത്തീരുന്നവരുടെ പക്ഷത്തുനിൽക്കുന്ന അവർ സ്വയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യരാശിയുടെയും പ്രകൃതിയുടെയും പുനരുജ്ജീവനമാണ്

ലക്ഷ്യമാക്കുന്നത്.[18] അതിനാൽ കൂടുതൽ ചൂഷണം കൂടുതൽ ഉപഭോഗം എന്ന മുതലാളിത്തപ്രത്യയശാസ്ത്രത്തെ അവർക്ക് ഇല്ലായ്മ ചെയ്തേ പറ്റൂ.

### 1.2.2.6 മുതലാളിത്തത്തിന്റെ കീഴടക്കൽഭ്രമം

മനുഷ്യന്റെ സാമൂഹികവികാസത്തിന്റെയും ഉത്പാദനവ്യവസ്ഥയുടെയും ഉയർന്നരൂപമെന്ന് ധനശാസ്ത്രജ്ഞനായ ആഡംസ്മിത്ത് *ഡിഫൻസ് ഓഫ് ക്യാപ്പിറ്റലിസ*ത്തിൽ വിശേഷിപ്പിച്ച മുതലാളിത്തം വിപണികേന്ദ്രിത ഉപഭോഗസംസ്കാരത്തിലേക്കാണ് മനുഷ്യനെ നയിച്ചത്.[19] ജൈവവൈവിധ്യത്തെയും നാട്ടറിവുകളെയും വിപണനമൂല്യമുള്ള ഉത്പന്നമാക്കിയ മുതലാളിത്തം ഭൂമിയെ ലാഭം നൽകുന്ന ചരക്കായേ കണ്ടുള്ളൂ. ആധുനികകൊളോണിയൽ പ്രത്യയശാസ്ത്രവും നഗരവൽക്കരണവും ആഗോളമൂലധനസംസ്കാരവും മനുഷ്യനെ വെറുമൊരു ഉപഭോഗജീവിയാക്കി മാറ്റി. വിനോദവ്യവസായത്തിനു പ്രാധാന്യം നൽകുന്ന മിച്ചമൂല്യസംസ്കാരം സ്വത്വവും സ്വാതന്ത്ര്യവും മാനവും നഷ്ടപ്പെടുന്ന സ്ത്രീ/പ്രകൃതി അവസ്ഥകൾക്ക് കാരണവുമായി. അനിയന്ത്രിതമായ കമ്പോളവ്യവസ്ഥ രോഗാതുരമായ ഒരു സാമൂഹികസാംസ്കാരികഘടനയെ വാർത്തെടുക്കുകയായിരുന്നു. അമിതലൈംഗികത, മയക്കുമരുന്നുകൾ, ഹിംസാത്മകത തുടങ്ങിയവയെല്ലാം കമ്പോളസംസ്കാരത്തിന്റെ പ്രതിലോമപരമായ വശങ്ങളുടെ പ്രതിഫലനങ്ങൾ കൂടിയാണ്. വിപണിയുടെ വ്യാപനത്തിനു പ്രാധാന്യം നൽകുന്ന ഇത്തരം ആഗോളീകരണപ്രവണതകളെ ചെറുത്ത ഇക്കോഫെമിനിസ്റ്റുകൾ നവമുതലാളിത്തത്തിന്റെ ജ്ഞാനരൂപങ്ങൾ സൃഷ്ടിച്ച അറിവധികാരങ്ങളിൽ നിന്നുള്ള മോചനമാണ് ആഗ്രഹിച്ചത്. ഭൂമിയെ രക്ഷിക്കാൻ കഴിയണമെങ്കിൽ വ്യക്തികളുടെ ആർത്തിയുടെ സാമ്പത്തികശാസ്ത്രത്തിനും അതിന്മേൽ പടുത്തുയർത്തിയ സമൂഹക്രമത്തിനും പകരമായി കൂടുതൽ വിശാലമായ മൂല്യങ്ങളും ഭൂമിയിലെ എല്ലാ ജീവജാലങ്ങളുമായി മമതയുമുള്ള ഒരു പുതിയ സമൂഹക്രമമാണാവശ്യം.[20]

### 1.2.2.7 സ്ത്രീകളും പരിസ്ഥിതിപ്രവർത്തനവും

പ്രകൃതിയുടെ അദൃശ്യമായ പാരിസ്ഥിതികസേവനങ്ങളും സ്ത്രീകൾ ചെയ്യുന്ന അടിസ്ഥാനപ്രവർത്തനങ്ങളും പ്രത്യുൽപാദനം മാത്രമായി തീരുന്ന അവസ്ഥയിൽ പ്രകൃതിയിൽ നിന്നും ജീവിതത്തിൽ നിന്നുമുള്ള അന്യവത്കരണത്തിനെതിരെ സ്ത്രീകൾ മുഖ്യധാരയിലേക്കിറങ്ങി. മരങ്ങൾ വെട്ടിമുറിക്കുമ്പോൾ അത് തടയാനായി മരങ്ങളെ കെട്ടിപ്പിടിച്ചു നിന്ന അമൃതാദേവിയെ പോലുള്ള സ്ത്രീകളായിരുന്നു ചിപ്കൊപ്രസ്ഥാനത്തിന്റെ കരുത്ത്. ഖനനത്തിനെതിരെ ട്രക്കുകൾക്കു മുന്നിൽ ജീവൻ ബലികഴിക്കാൻ തയ്യാറായി നിന്ന ഗ്രാമീണസ്ത്രീകളുടെ കരുത്ത് വന്ദനാശിവ എടുത്തുകാട്ടുന്നുണ്ട്.[21] 1980-ലെ വനസംരക്ഷണനിയമത്തെ മറികടന്നുള്ള ഖനനം തകർക്കുന്നത് കാടുകളും പർവ്വതങ്ങളും അരുവികളുമടങ്ങുന്ന ജീവിതവഴികളാണെന്ന തിരിച്ചറിവാണ് വിധ്വംസകശക്തികൾക്കെതിരെ പോരാടാൻ സ്ത്രീകൾക്ക് പ്രേരണയായത്.

മേധാപട്കർ നർമ്മദയിൽ നടത്തുന്ന സമരം മനുഷ്യരാശി കീഴ്പ്പെട്ടു കിടക്കുന്ന തെറ്റായ വികസന സങ്കല്പത്തിനും പുരുഷപ്രധാനമായ പാരിസ്ഥിതികചൂഷണത്തിനുമെതിരെ സ്ത്രീപ്രധാനമായ പാരിസ്ഥിതികവീക്ഷണം നടത്തുന്ന സമരമാണ്. പ്രകൃതിയെയും അതിലെ ജൈവശ്രേഷ്ഠതയെയും ഭാവിതലമുറയ്ക്കുവേണ്ടി നിലനിർത്തുന്നതിനു മാത്രമല്ല സ്വന്തം ഭൂമിയിൽ ജീവിക്കാനുള്ള ആദിവാസിയുടെയും ഗ്രാമീണരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കൂടിയായിരുന്നു ഈ സമരം. *ഞങ്ങൾ പൊരുതുന്നത് ശരിയായ, യഥാർത്ഥമായ ഒരു വികസനപരിപ്രേക്ഷ്യത്തിനു വേണ്ടിയാണ്. തന്നെത്തന്നെ ആശ്രയിക്കുന്ന പരമാധികാരമുള്ള ജനാധിപത്യപരമായ ഒന്ന്. തീർച്ചയായും അത് പാരിസ്ഥിതികമായ നിലനിൽപ്പിലും നീതിയിലും തുല്യതയിലും ഊന്നിയതായിരിക്കുമെന്നു* മേധാപട്കർ പറയുന്നുമുണ്ട്.[22] വർഗീയവിരുദ്ധവും മതേതരത്വത്തിലൂന്നിയതുമായ ജനമുന്നേറ്റ

ത്തിനേ ജീവിതത്തെയും ജീവിതമാർഗങ്ങളെയും തിരിച്ചു പിടിക്കാനാവൂ എന്നഭിപ്രായപ്പെട്ട അവർ ജനാധിപത്യത്തിനും യഥാർത്ഥവികസനത്തിനുമാ യുള്ള അത്തരമൊരു പോരാട്ടം നമ്മെ വെല്ലുവിളിക്കുകയും ജീവിതത്തിൽ നിന്നു തുരത്തുകയും ചെയ്ത ആഗോളവത്കരണത്തിനെതിരെയുള്ള പോരാട്ടം കൂടിയാണെന്ന് ഓർമ്മപ്പെടുത്തി.

ജലസ്രോതസ്സുകളും വനങ്ങളും ഭൂമിയും മനുഷ്യവിഭവങ്ങളും വില യിട്ടു വാങ്ങുന്ന ബഹുരാഷ്ട്രമൂലധനകുത്തകകൾക്കെതിരെയുള്ള സമര മാണ് പ്ലാച്ചിമടയിലെ കൊക്കൊക്കോളപ്രശ്നത്തിലും കാണാനാവുക. ഭൂമി യിലെ ജലം ഊറ്റിയെടുത്തു കൊണ്ടിരുന്നാലുള്ള കെടുതികളെക്കുറിച്ചാണ് മയിലമ്മ മുന്നറിയിപ്പുതന്നത്. *നമ്മളിന്റെ വായുവും വെള്ളവും മണ്ണും നമ്മ ളിന്റെ മാത്രമാണ്. അത് കേട് വര്ത്തണവരിന്റെ നേരെ നമ്മള് എന്നും പോരാടും* എന്ന മയിലമ്മയുടെ വാക്കുകൾ[23] ജലത്തെയും ജൈവവൈവിധ്യ ത്തേയും കുത്തകവത്കരണത്തിനും ചരക്കുവത്കരണത്തിനും അപ്പുറത്ത് കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ജലത്തെ സംര ക്ഷിക്കാനും കൈകാര്യം ചെയ്യാനുമുള്ള മുഴുവൻ അവകാശവും പ്രാദേശിക സമൂഹത്തിനാണെന്ന ജലജനാധിപത്യത്തിന്റെ അടിസ്ഥാനതത്വമാണ് ഇവർ സൂചിപ്പിക്കുന്നതും.

ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ പുരോഗതികളുടെ വിവേചനര ഹിതമായ സ്വീകരണം പരിസ്ഥിതിയെയും സ്ത്രീയെയും പ്രതികൂലമായി ബാധിക്കുന്നതിനെതിരെയുള്ള സമരത്തിന്റെ മുൻപന്തിയിൽ നിൽക്കുന്നതും സ്ത്രീകൾ തന്നെ. കാസർകോട്ടെ എൻഡോസൾഫാൻ പ്രശ്നത്തിൽ നീണ്ട നിയമയുദ്ധത്തിനുശേഷം വിഷമഴയ്ക്കെതിരെ നടപടിയുണ്ടാവുന്നത് സ്ത്രീയുടെ ഇച്ഛാശക്തിക്കു മുന്നിലാണ്. കൃഷിവകുപ്പിൽ അസിസ്റ്റന്റായി രുന്ന ലീലാകുമാരിയമ്മ സ്വജീവിതം അപകടത്തിൽപ്പെട്ടിട്ടും തളരാതെ ഒരു ജനതയെ രക്ഷിച്ചെടുക്കാനാണ് ശ്രമിച്ചത്.[24] കീടനാശിനി ഉൽപാദകലോബി

യുടെയും പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഭീഷണികൾ നേരിട്ട് അതിജീവന സമരം മുന്നോട്ടുകൊണ്ടു പോയ അവർ ജനതയുടെ ജീവിക്കാനുള്ള അവകാശത്തെയാണ് മുറുകെ പിടിച്ചത്.

ജലവും ഭക്ഷണവും കുഞ്ഞുങ്ങളുടെ ഭാവിയും ഉൾക്കൊള്ളുന്ന ജീവിതവഴികൾക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും അപകടം നേരിടുമ്പോൾ സമരത്തിലേർപ്പെടുന്ന സ്ത്രീകൾ പരിരക്ഷണചിന്താധാരയാണ് മുറുകെ പിടിച്ചത്. പുതിയൊരു ഭൂമിയ്ക്കായി, ധാർമ്മികതയ്ക്കായി സമരങ്ങളുടെ മുൻപന്തിയിൽ നിൽക്കാനും പുതിയൊരു സാമൂഹികക്രമത്തിന്റെയും സംസ്കാരത്തിന്റെയും വാഹകരാവാനും ഇതവർക്ക് പ്രേരണയായി.

### 1.2.2.8. വിവിധ ചിന്താപദ്ധതികൾ

സ്ത്രീവാദം പോലെ തന്നെ ദർശനത്തിലെ വ്യതിരിക്തത കൊണ്ട് പാരിസ്ഥിതിക സ്ത്രീവാദത്തിനും ഭിന്നമുഖങ്ങളുണ്ട്. സോഷ്യലിസ്റ്റ് പാരിസ്ഥിതികസ്ത്രീവാദം (SocialistEcofeminism), സാമൂഹികപാരിസ്ഥിതിക സ്ത്രീവാദം (SocialEcofeminism), സാംസ്കാരികപാരിസ്ഥിതിക സ്ത്രീവാദം (CulturalEcofeminism), ആത്മീയപാരിസ്ഥിതികസ്ത്രീവാദം (Spiritual Ecofeminism) നവീകരണപാരിസ്ഥിതികസ്ത്രീവാദം (Trsnformative Ecofeminism) എന്നിവയാണവ. സ്ത്രീയെയും പ്രകൃതിയെയും ജീവജാലങ്ങളെയും ചൂഷണം ചെയ്യുന്ന അധികാരഘടനയുടെ പ്രത്യയശാസ്ത്രത്തെയാണ് ഇവ വിശകലനം ചെയ്യുന്നത്.

മുതലാളിത്തകുടുംബഅധികാരഘടനയെ വിശകലനം ചെയ്യുന്ന സോഷ്യലിസ്റ്റ് ഇക്കൊഫെമിനിസ്റ്റുകൾ ഉൽപാദനപ്രത്യുൽപ്പാദനബന്ധങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണത്തിലൂടെ ഉണ്ടാവുന്ന പാരിസ്ഥിതിക ദുരന്തങ്ങളും സംയോജിപ്പിക്കാനും സൂക്ഷ്മവിശകലനത്തിനു വിധേയമാക്കാനുമാണ് ശ്രമിക്കുന്നത്. ഉൽപാദന

മേഖലകളിൽ സ്ത്രീയുടെ അധ്വാനത്തിനു പ്രമുഖസ്ഥാനം നൽകുന്നതോടൊപ്പം ജൈവികവും സാമൂഹികവുമായ പുനരുൽപ്പാദനത്തിലുള്ള ആക്രമണത്തെ പ്രതിരോധിക്കുകയും വേണം. ആണവനിലയങ്ങളിൽ നിന്നുള്ള റേഡിയോ ആക്ടിവിറ്റി, അപകടകരമായ രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവ സ്ത്രീജീവിതത്തിന്റെ പ്രത്യുത്പാദനവശത്തെ തകരാറിലാക്കുന്നതിന്റെ അസ്വസ്ഥത പ്രകടമാക്കുന്ന ഇവർ തൊഴിലിടങ്ങളും മാതൃശ്രദ്ധയും പങ്കിടുന്നതിലെ സ്ത്രീപുരുഷഭാവത്തെ പ്രകൃതിയുമായി ചേർന്ന് വിലയിരുത്തി. പ്രകൃതിനാശത്തിന്റെ തോതിനൊപ്പം സ്ത്രീയനുഭവത്തെയും നിർവചിക്കുന്ന സോഷ്യലിസ്റ്റ് ഇക്കൊഫെമിനിസത്തെ ഗഹനഭൗതികവാദം (Deep Materialism) എന്നാണ് മേരിമെല്ലർ വിളിക്കുന്നത്.[25] തലമുറകളുടെയും തൊഴിൽശക്തികളുടെയും പുനരുൽപ്പാദനം ജീവന്റെ നൈരന്തര്യത്തിനു ആവശ്യമാണെന്ന വിശ്വാസം സോഷ്യലിസ്റ്റ്ഇക്കൊഫെമിനിസത്തെ ജീവന്റെ പുരോഗതിക്കു വേണ്ടിയുള്ള നവദർശനമാക്കി മാറ്റി.

പരിസ്ഥിതി പ്രശ്നങ്ങളുടെ സ്രഷ്ടാവ് മുതലാളിത്തവ്യവസ്ഥയാണെന്നും അതിന്റെ വേരുകൾ ശ്രേണീകൃത-ആധിപത്യസാമൂഹ്യഘടനയിലാണെന്നും വിശ്വസിക്കുന്ന സാമൂഹികപരിസ്ഥിതിവാദവുമായി ബന്ധം പുലർത്തുന്ന ഇക്കൊഫെമിനിസ്റ്റ് ദർശനമാണ് സാമൂഹികപാരിസ്ഥിതിക സ്ത്രീവാദം. മുറ്റേ ബുക്ചിന്റെ വെർമണ്ടിലുള്ള സോഷ്യൽ ഇക്കോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ 1976ൽ ആരംഭിച്ച ഈ ആശയധാരയുടെ പ്രണേതാക്കൾ നെസ്ത്രാകിംഗ് (Ynestra king), ഛയ്യഹെല്ലർ (Chaia Heller) എന്നിവരാണ്. സ്ത്രീക്കു മേലുള്ള പുരുഷാധിപത്യത്തെ ആധിപത്യങ്ങളുടെ മൂലമാതൃകയായി കണക്കാക്കിയ നെസ്ത്രാകിംഗ് പടിഞ്ഞാറൻവ്യാവസായികസംസ്കാരത്തിന്റെ പ്രകൃതിവിരുദ്ധ സ്ത്രീവിരുദ്ധനിലപാടുകൾക്കെതിരെ പ്രതികരണത്തിന്റെ ഭാഷ കൈക്കൊള്ളാൻ സ്ത്രീകളോട് ആവശ്യപ്പെട്ടു. പങ്കുവെക്കലിൽ അധിഷ്ഠിതമായ സ്ത്രൈണമൂല്യങ്ങളും പാലകഭാവവും പ്രകൃതിയുടെ

മുറിവുണക്കാനും സംരക്ഷിക്കാനുമുള്ള കരുത്ത് സ്ത്രീകൾക്കു നൽകും.[26] സമ്പദ്ഘടനയുടെ മൗലികസങ്കല്പങ്ങൾക്കെതിരെയും ശാസ്ത്രത്തിന്റെ ഹിംസാത്മകപ്രകൃതിക്കെതിരെയും വെല്ലുവിളികൾ ഉയർത്താൻ സ്ത്രൈണമൂല്യങ്ങൾക്ക് കഴിയുമെന്ന് വന്ദനാശിവയും അഭിപ്രായപ്പെടുന്നു. Staying Alive: Women Ecology and Survival (1989), Monocultures of Mind (1993) എന്നീ കൃതികൾ സാമൂഹികഇക്കൊഫെമിനിസത്തിന്റെ ആശയധാര ഉൾക്കൊള്ളുന്നവയാണ്.

സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലെ പാശ്ചാത്യഇടപെട ലുകളെ ചോദ്യം ചെയ്തവരാണ് സാംസ്കാരികപാരിസ്ഥിതികസ്ത്രീവാദി കൾ. ശാരീരികവും സാമൂഹികവും മന:ശാസ്ത്രപരവുമായ കാരണങ്ങളാൽ സ്ത്രീക്ക് പ്രകൃതിയുമായി പുരുഷന്മാരേക്കാൾ കൂടുതൽ അടുപ്പമുണ്ടെന്ന് ഇവർ കരുതുന്നു. ആർത്തവം, ഗർഭകാലം, പ്രസവം, ശിശുപരിപാലനം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോവുമ്പോൾ അനുഭവിക്കുന്ന പിരിമുറുക്കവും സമയക്കുറവും സന്തോഷവുമെല്ലാമടങ്ങുന്ന വൈകാരികലോകം സ്ത്രീക്ക് സ്വന്തമാവുമ്പോൾ പുരുഷന്റെ ശാരീരികാവസ്ഥ സ്വതന്ത്രമായ യാത്രയ്ക്കും ഇടപെടലുകൾക്കും ജീവിതത്തിനും അയാളെ പ്രാപ്തനാക്കുന്നു. പ്രത്യുൽപ്പാദനകാര്യങ്ങളിലുള്ള കർത്തൃത്വമാണ് സ്ത്രീയെയും പ്രകൃതി യെയും ഒരുപോലെ വീക്ഷിക്കാൻ കാരണം.[27] അമ്മദൈവാരാധന, സ്ത്രൈണപ്രത്യുൽപാദനരീതി, ജീവജാലങ്ങൾ എന്നിവയെ കേന്ദ്രമാക്കിയു ള്ള പുരാവൃത്താനുഷ്ഠാനങ്ങളുടെ പുനരുദ്ധാരണത്തിനു ശ്രമിക്കുന്ന ഇവർ പ്രകൃതിയെ സംരക്ഷിക്കാൻ കഴിയുന്ന സ്ത്രൈണസത്തയിലേക്കുള്ള മടക്ക മാണ് ആഗ്രഹിക്കുന്നത്. സ്ത്രീയെ ഈശ്വരിയെന്ന നിലയിൽ ഉയർത്തുക യല്ല, ചൂഷണവിധേയയായ സ്ത്രീയേയും ഭൂമിയേയും അധീശത്വത്തിൽ നിന്നു മോചിപ്പിച്ചെടുക്കലാണ് ലക്ഷ്യം.

പ്രകൃതിയുടെ രക്ഷയ്ക്കായി സമൂർത്തമായ ആത്മീയതയിലേക്ക് നീങ്ങണമെന്നാണ് ആത്മീയപാരിസ്ഥിതികസ്ത്രീവാദികളുടെ അഭിപ്രായം. മനുഷ്യകേന്ദ്രിതവ്യവസ്ഥയ്ക്കു പകരം ജൈവകേന്ദ്രിതവ്യവസ്ഥയെ ആഗ്ര ഹിക്കുന്ന ഗഹനപരിസ്ഥിതിവാദ (Deep Ecology) ത്തിൽ നിന്നാണ് സ്ത്രീ പ്രകൃതി സാദൃശ്യത്തിനു മുൻതൂക്കം നൽകുന്ന ആത്മീയഫെമിനിസം ഉണ്ടാ യതെന്ന് മേരിമെല്ലർ കരുതുന്നു. അഫിനിറ്റി ഇക്കൊഫെമിനിസം എന്നാണ് അവർ അതിനു പേരു നൽകിയത്.[28] പ്രകൃതിയോട് തന്മയീഭവിക്കാനും സർവചരാചരങ്ങൾക്കൊപ്പം തന്നെ നിലനിർത്താനും കഴിയുമെന്ന് ആർനെ നെസ് (Arne Naes:1912-2009)അഭിപ്രായപ്പെട്ട ഗഹനപരിസ്ഥിതിവാദത്തിലെ ലിംഗരഹിതമായ മാനവകേന്ദ്രീകരണത്തോട് വിയോജിപ്പുള്ള ഇക്കൊഫെമി നിസ്റ്റുകൾ പുരുഷകേന്ദ്രിതസമീപനത്തെയാണ് പ്രശ്നങ്ങൾക്കു കാരണമായി കണ്ടത്. സ്ത്രീയെ തിരിച്ചറിയാനും സ്നേഹിക്കാനും നിലവിലുള്ള പാരി സ്ഥിതികപ്രതിസന്ധിയും സ്ത്രീലൈംഗികതയും ഉൾക്കൊള്ളാനും പുരുഷൻ തയ്യാറാകണമെന്ന് ആവശ്യപ്പെട്ട അവർ സ്ത്രീശരീരത്തെയും സ്ത്രൈണ ലൈംഗികതയെയും ആഘോഷമാക്കി മാറ്റി. *The Spiral Dance* (1979) *Dreaming the Dark* (1982), *Truth or Dare* (1988) തുടങ്ങിയ കൃതികളിലൂടെ ആത്മീയപാരിസ്ഥിതികചിന്തകൾ പങ്കുവെച്ച സ്റ്റാർഹക്ക് (Starhawk) സ്ത്രീയുടെ താൽപര്യങ്ങളെ ഞെരുക്കുന്ന മതവിശ്വാസങ്ങളിൽ നിന്നു മോചനം നേടാനും ഭൗമധാര ആത്മീയതകളെ പ്രോത്സാഹിപ്പിക്കാനും ആഹ്വാനം ചെയ്തു. പുരുഷൻ പ്രകൃതിയെ മലിനീകരിക്കുന്നതു പോലെ സ്ത്രീയുടെ സഹജവാസനകളെയും മലിനീകരിക്കുകയാണെന്ന് അഭിപ്രായ പ്പെട്ട മേരിഡാലി (Mary Daly) പുരുഷന്റെ gynocologyയ്ക്കും സ്ത്രീയുടെ gyn/ecologyയ്ക്കും തമ്മിലുള്ള വ്യത്യാസങ്ങൾ ഏറെയാണെന്ന് *Gyn/Ecology*യിൽ (1979) ചൂണ്ടിക്കാട്ടി. മാതൃദൈവാരാധനയെ പ്രാധാന്യ ത്തോടെ കാണുന്ന ഇവർ സ്ത്രീയുടെ ഉള്ളിൽ തന്നെയുള്ള പ്രകൃതിദത്ത മായ ഊർജ്ജത്തിന്റെ സാന്നിധ്യമാണ് ദേവതയിൽ ദർശിക്കുന്നത്.

സാമൂഹികപുനരുൽപാദനം പരിസ്ഥിതിക്ക് അനുയോജ്യമായിരിക്കണമെന്ന ആശയക്കാരാണ് നവീകരണപാരിസ്ഥിതികസ്ത്രീവാദികൾ. പ്രകൃതി വിഭവങ്ങളിലുള്ള അനിയന്ത്രിതചൂഷണവും കീടനാശിനികൾ പോലുള്ള രാസവസ്തുക്കളുടെ മാരകപ്രയോഗവും നിയന്ത്രണവിധേയമാക്കാത്തതാണ് പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണം. പരിസ്ഥിതിസംരക്ഷണനിയമങ്ങൾ കർക്കശമായി പാലിച്ച് ആധുനികശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ പരിസ്ഥിതിയെ പോഷിപ്പിക്കാനുള്ള നടപടിക്കാവണം പ്രാമുഖ്യം. പ്രകൃതിയോടൊപ്പം ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു സമീപനത്തിന്റെ അനിവാര്യതയിലാണ് കാറൻ. ജെ. വാറനെ (Karren J Warren)പോലെയുള്ള നവീകരണപാരിസ്ഥിതികസ്ത്രീവാദികളുടെ ഊന്നൽ. പരിസ്ഥിതി പ്രശ്നങ്ങളിലുള്ള സ്ത്രീപരിപ്രേക്ഷ്യമാണ് അവർ ആഗ്രഹിക്കുന്നതും.

പാരിസ്ഥിതികസ്ത്രീവാദം സ്ത്രീപ്രയത്നങ്ങളുടെ വ്യത്യസ്തതയെയും സ്ത്രീയെയും പ്രകൃതിയെയും പുതിയ രീതിയിൽ നോക്കിക്കാണുന്നതിന്റെ അനന്തരഫലമായി സൃഷ്ടിക്കപ്പെട്ട സ്ത്രീവാദത്തിന്റെ മാറ്റത്തേയും ഒരു പോലെ സൂചിപ്പിക്കുന്നു. അതിനാലാണ് പാരിസ്ഥിതികസ്ത്രീവാദം ഫെമിനിസത്തിന്റെ മൂന്നാംതരംഗമെന്നു അറിയപ്പെടുന്നത്.

ഫെമിനിസ്റ്റ്ആശയങ്ങളുടെ ആഗോളവ്യാപനമായിരുന്നു രണ്ടാംഘട്ട സ്ത്രീവാദത്തിന്റെ സവിശേഷത. സമാനതയുണ്ടെങ്കിലും കാലം, പ്രദേശത്തിന്റെ സാമൂഹികസാംസ്കാരികചുറ്റുപാടുകൾ എന്നിവക്കനുസരിച്ചുള്ള മാറ്റങ്ങൾ ഓരോ ദേശത്തെയും ഫെമിനിസ്റ്റ് മുന്നേറ്റങ്ങളിൽ പ്രകടമായിരുന്നു.

## 1.3 സ്ത്രീവിമോചനാശയം ഇന്ത്യയിൽ

ഭാരതത്തെ കീഴ്പ്പെടുത്തി ഭരണക്രമം ആരംഭിച്ച ബ്രിട്ടീഷുകാർ ഇന്ത്യയെ കോളനിയാക്കി നിലനിർത്താനും കച്ചവടത്തിൽ ലാഭം വർധിപ്പി

ക്കാനും പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തിയിരുന്നു. റോഡ്, റെയിൽഗ താഗതം, വാർത്താവിനിമയ സൗകര്യം, ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നിവ ജ്ഞാനത്തിന്റെ പുതിയ മേഖലകൾ തുറന്നിട്ടതുപോലെ അടിമത്തത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾക്കും ഇടയാക്കി. ശൈശവ വിവാഹം, ബഹുഭാര്യാത്വം, സതി, സ്ത്രീധനം തുടങ്ങി സമൂഹ ത്തിൽ പ്രബലമായിരുന്ന അനാചാരങ്ങൾക്കെതിരെ പ്രവർത്തിക്കാൻ ഇവ പ്രേരണയുമായി.

### 1.3.1. ആൺപക്ഷത്തിന്റെ സഹകരണം

സ്ത്രീവിദ്യാഭ്യാസത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പ്രവർത്ത നങ്ങളുടെ തുടക്കം ആൺപക്ഷത്തു നിന്നായിരുന്നു. സതി നിർത്തലാക്കാ നുള്ള രാജാറാംമോഹൻറായിയുടെ (1772-1833) ശ്രമങ്ങൾ ഭാരതീയ സ്ത്രീത്വ ത്തിന്റെ പരിവർത്തനകാലത്തെ സൂചിപ്പിക്കുന്നു. വിവാഹം, പിൻതുടർച്ചാവ കാശം, സ്ത്രീയുടെ സാമൂഹികപദവി എന്നിവയെ സംബന്ധിച്ച് ഹിന്ദുവ്യ ക്തിനിയമത്തിൽ മാറ്റം വരുത്താൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഹാ യകമായി. ബാല്യവിവാഹം, ബഹുഭാര്യാത്വം എന്നിവ അവസാനിപ്പിക്കാനും വിധവാവിവാഹം, സ്ത്രീവിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കാനുള്ള ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ (1820-1891) ശ്രമങ്ങളും സ്ത്രീയെ സംബന്ധി ച്ചിടത്തോളം ആശാവഹമായിരുന്നു. ഏകദാമ്പത്യവ്യവസ്ഥ രൂപപ്പെടുത്തിയ കുടുംബഘടനയ്ക്കുള്ളിലെ സ്ത്രീയവസ്ഥകളാണ് ഇത്തരത്തിൽ പരിഷ്കരി ക്കപ്പെട്ടത്.

സ്വാതന്ത്ര്യസമരകാലം അടിമത്തത്തിൽ നിന്നുള്ള മോചനത്തിനായി പ്രവർത്തനങ്ങൾ തുടങ്ങിയതോടെ സ്ത്രീകൾ ഗാർഹികാന്തരീക്ഷവും ബാധ്യതകളും വിട്ട് പൊതുരംഗത്തേക്കു കടന്നു വന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനു മാർഗനിർദ്ദേശവും നേതൃത്വവും നൽകിയ ഗാന്ധിജി സ്ത്രീക ളെയും ഹരിജനങ്ങളെയും പോലുള്ള മർദ്ദിതവർഗ്ഗത്തിന്റെ പൊതുഉന്നമന

മാണ് ലക്ഷ്യം വെച്ചത്. പൊതുമണ്ഡലവുമായി വീടിനുള്ള ബന്ധം വിളക്കി ച്ചേർത്ത അദ്ദേഹം വീടും കുടുംബവും പരിപാലിച്ചു കൊണ്ടു തന്നെ രാഷ്ട്രീയരംഗത്തേക്കിറങ്ങാൻ സ്ത്രീകളെ ആഹ്വാനം ചെയ്തു. വെല്ലുവിളി കൾ നേരിട്ടുകൊണ്ട് ആത്മവിശ്വാസം ആർജ്ജിക്കാൻ സാമൂഹ്യവൽക്കരണ പ്രക്രിയ സഹായകമാകുമെന്ന ബോധ്യം സ്ത്രീകൾക്കു വേണ്ടി ദേശീയപ്ര സ്ഥാനത്തിന്റെ വാതിലുകൾ തുറന്നിടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സാമൂ ഹികപരിഷ്കാരങ്ങളും സാമ്പത്തികമായ പുനർനിർമ്മാണവും സ്ത്രീയുടെ പങ്കാളിത്തവുമായി കൂട്ടിയിണക്കിയ ഗാന്ധിജി ഇന്ത്യൻസ്ത്രീകളുടെ സാമൂ ഹികനവോത്ഥാനപ്രക്രിയയ്ക്ക് ആക്കം കൂട്ടി. ശൈശവവിവാഹം, പർദ്ദാസ മ്പ്രദായം, ദേവദാസീസമ്പ്രദായം, വ്യഭിചാരം എന്നിവയെ എതിർത്ത ഗാന്ധി യൻ പ്രവർത്തനശൈലി സ്ത്രീകൾക്ക് പുതുഉണർവ്വ് പ്രദാനം ചെയ്തു. വിദ്യാഭ്യാസതലത്തിലും ചിന്താതലത്തിലുമുണ്ടായ മാറ്റങ്ങൾ സംഘടനാശേ ഷിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സാമൂഹികപരിസരങ്ങൾക്ക് കാരണവു മായി.

ഭാരതത്തിലെ ആദ്യത്തെ സുസംഘടിത വനിതാവേദിയായ വിമൻസ് ഇന്ത്യൻ അസോസിയേഷൻ 1917ൽ മദിരാശിയിൽ രൂപീകരിക്കപ്പെട്ടു. 1920 -ൽ വിമൻസ് കൗൺസിൽ ഓഫ് ഇന്ത്യ, ആൾ ഇന്ത്യ വിമൻസ് കോൺഫ റൻസ് തുടങ്ങി 1982-ലെ അഖിലേന്ത്യാ ജനാധിപത്യമഹിളാസംഘം ഉൾപ്പെടെ ധാരാളം വനിതാസംഘടനകൾ ഇക്കാലത്ത് രൂപീകൃതമായി. സ്ത്രീവിദ്യാഭ്യാസം, സ്വാതന്ത്ര്യം, ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയ ഇത്തരം സംഘടനകളുടെ പ്രവർത്തനവും സ്ത്രീത്വ ത്തിനുണ്ടായ മാറ്റങ്ങളും കേരളീയപൊതുമണ്ഡലത്തിലും ഏറെ ചലനങ്ങൾ ഉണ്ടാക്കി.

## 1.4 കേരളത്തിലെ സ്ത്രീയവസ്ഥ

മക്കത്തായത്തിലും മരുമക്കത്തായത്തിലും ഒരുപോലെ നിലനിന്ന ആൺകോയ്മയുടെ പ്രബലാധികാരം പുലരുന്ന കേരളീയാന്തരീക്ഷത്തിൽ ജാതീയവും ലിംഗപരവുമായ അസമത്വങ്ങൾ ഏറെയായിരുന്നു. ജാതീയ മായ വേർതിരിവുകൾ സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമാണെ ങ്കിലും സ്ത്രീകൾക്ക് ലിംഗപരമായ അസമത്വം കൂടി അനുഭവിക്കേണ്ടതായി വന്നു.

### 1.4.1 അതിജീവനത്തിന്റെ സമരതന്ത്രം

മേൽജാതിയിലെ പുരുഷന് ലൈംഗികാധിനിവേശം നടത്താനുള്ള ഒരു ശരീരവസ്തു മാത്രമായിരുന്നു അന്ന് സ്ത്രീ. ബ്രാഹ്മണ്യത്തിന്റെ അധികാര ത്തിനുള്ളിൽ സ്ത്രീ നേരിടുന്ന ലൈംഗികഅപമാനത്തിന്റെ അസഹ്യതയിൽ നിന്നാണ് ജാതീയത, സവർണപുരുഷമേധാവിത്തം എന്നിവയ്ക്കെതിരെ യുള്ള കലാപമായ മാറുമറയ്ക്കൽ സമരം (1859) നടന്നത്.[29] സ്ത്രീ എപ്പോൾ എന്തു ധരിക്കണം എന്നു തീരുമാനിക്കുന്ന ആൺനോട്ടത്തിന്റെ അധികാര ത്തോടും അശ്ലീലത്തോടുമുള്ള കലഹമാണ് ചാന്നാർലഹളയെന്നും മേൽമു ണ്ടുസമരമെന്നും അറിയപ്പെടുന്ന ഈ പ്രതിഷേധം. അതുകൊണ്ടു തന്നെ മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് 1859 ജൂലായ്26നു തിരു വിതാംകൂർമഹാരാജാവ് നടത്തിയ വിളംബരം സ്ത്രീയുടെ മൗലികാവകാശ ത്തിനു വേണ്ടിയുള്ള സമരത്തിന്റെ വിജയപത്രമായി മാറി. വർഗ്ഗപരവും ജാതിപരവും ലിംഗപരവുമായി അധികാരം പുലർത്തുന്ന ആൺകോയ്മ യുടെ വസ്ത്രബോധത്തിന്മേലുള്ള സ്ത്രീപ്രതിരോധം കൂടിയായിരുന്നു ഇത്.

വസ്ത്രം ധരിക്കാൻ മാത്രമല്ല ആഭരണം അണിയാനും കേശാലങ്കാര ത്തിനും പുരുഷാധികാരശാസനകൾ നിലനിന്നിരുന്നു. ഭാരം കൂടിയ കല്ലു മാല മാത്രം ധരിക്കാൻ വിധിക്കപ്പെട്ട സ്ത്രീകൾ 1905-ൽ അയ്യങ്കാളിയുടെ

നേതൃത്വത്തിൽ നടന്ന പുലയമഹായോഗത്തിൽ തങ്ങളുടെ കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞ് നടത്തിയ പ്രതിഷേധം പുരുഷലോകത്തിന്റെ പെൺകാഴ്ച ക്കെതിരെയുള്ള അതിശക്തമായ പ്രതികരണമായിരുന്നു. വസ്ത്രം, തലമുടി, ശരീരഭാഷ എന്നിവയടങ്ങുന്ന സാമൂഹ്യാധികാരശ്രേണീബന്ധങ്ങളോടുള്ള എതിർപ്പാണ് ഇതിലൂടെ പ്രകടമായത്. സ്ത്രീയെ ശരീരകേന്ദ്രിതമായ പുരു ഷാനന്ദത്തിലേക്ക് ഒതുക്കപ്പെടുന്നതിനെതിരെ നടന്ന ഇത്തരം സമരങ്ങൾ പൗരസ്വാതന്ത്ര്യബോധവും സ്ത്രീവാദവും ഉൾക്കൊള്ളുന്ന വിധത്തിൽ കേര ളീയസമൂഹത്തെ നവീകരിക്കാനുള്ള ശ്രമങ്ങളുടെ തുടക്കം കൂടിയാണ്.

### 1.4.2 സ്വാതന്ത്ര്യസമരവും സ്ത്രീകളും

കേരളത്തിൽ വർധിച്ച തോതിലുള്ള സ്ത്രീയിടപെടലുകൾ നടന്നത് സ്വാതന്ത്ര്യസമരകാലത്താണ്. സ്വാതന്ത്ര്യം, മോചനം, സ്ത്രീപുരുഷന്മാർക്ക് തുല്യാവകാശം എന്ന ഗാന്ധിയൻതത്വങ്ങൾ വീട്ടകങ്ങളിൽ നിന്നു നാടിന്റെ പ്രശ്നങ്ങളിലേക്കിറങ്ങാൻ സ്ത്രീകളെ പ്രേരിപ്പിച്ചു. സ്ത്രീകൾ തങ്ങളുടെ സ്നേഹിതന്മാരും സഹപ്രവർത്തകരുമാണെന്ന് കണക്കാക്കുന്നതിനു പകരം തങ്ങൾ അവരുടെ നാഥന്മാരും യജമാനന്മാരുമാണെന്ന പുരുഷധാരണ മാറ്റ ണമെന്നും ഭാരതീയസ്ത്രീകളെ കൈപിടിച്ചുയർത്തുന്നത് പ്രധാനമായി കരു തണമെന്നുമുള്ള ഗാന്ധിയൻവചനങ്ങൾ ആവേശമാക്കി പ്രവർത്തിച്ചവരാണ് കൗമുദിടീച്ചറെ പോലുള്ള സ്ത്രീകൾ.[30] ജാഥയിൽ പങ്കെടുക്കാനും പിക്കറ്റി ങ്ങിനും ജയിൽവാസമനുഷ്ഠിക്കാനും തയ്യാറായ സ്ത്രീക്കരുത്താണ് ജി. സുശീലയിലും കാണാനാവുക.[31]

### 1.4.3 കർഷകസമരങ്ങളിലെ സ്ത്രീപങ്കാളിത്തം

ദേശീയപ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും ഭാഗ മായി നടന്ന കർഷകസമരങ്ങളും വിപ്ലവം സ്ത്രൈണഭാവങ്ങൾക്കിണങ്ങും എന്നു തെളിയിച്ചു. കരിവെള്ളൂരിലെ കർഷകസമരം (1946) പോലുള്ള പ്രതി

ഷേധങ്ങൾക്ക് വൻപിന്തുണയുമായി സ്ത്രീകൾ രംഗത്തുണ്ടായിരുന്നു. നെല്ലെടുപ്പ് സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ അനുഭവിക്കേണ്ടി വന്ന കൊടിയ യാതനകൾ ദേവയാനി *ചോരയും കണ്ണീരും നനഞ്ഞ വഴികൾ* എന്ന ആത്മകഥയിൽ വിവരിക്കുന്നുണ്ട്.[32] പുരുഷന്മാരനുഭവിച്ചതിനേക്കാൾ ഭീകരമായ ഭരണകൂടമർദ്ദനങ്ങളും പീഡനങ്ങളും സാമൂഹികവും കുടുംബപരവുമായ ഒറ്റപ്പെടലുമാണ് സ്ത്രീകൾ അനുഭവിച്ചത്. ശ്മശാനത്തിലെ പശുത്തൊഴുത്തിന്റെ മൂലയിൽ ഗർഭിണിയായ ദേവയാനിക്ക് ദാഹവും വിശപ്പുമടക്കി രാപ്പകൽ കഴിയാനായതും ദീർഘനാളത്തെ അഭയം തേടിയുള്ള അലച്ചിലിന്റെ രക്തസാക്ഷിയായി മകൾ മാറിയപ്പോൾ പിടിച്ചുനിൽക്കാനായതും ചിന്തയിലും പ്രവർത്തനത്തിലുമുള്ള അടിയുറച്ച രാഷ്ട്രീയബോധത്താലാണ്. ചോരയും കണ്ണീരും നനഞ്ഞ വഴികൾ താണ്ടാനുള്ള ശക്തിയായിരുന്നു അവർക്ക് രാഷ്ട്രീയപ്രവർത്തനം.

ജീവനാവകാശത്തിനു വേണ്ടിയുള്ള പ്രതിഷേധമാണ് തോലുവിറകു സമരത്തിലും (1946) കാണാനാവുക. ചീമേനിഎസ്റ്റേറ്റ്പ്രദേശത്തെ വിറകും തോലും ശേഖരിക്കാനായി സ്ത്രീകൾ നടത്തിയ പോരാട്ടത്തിനു നേതൃത്വം നൽകിയത് എസ്റ്റേറ്റിന്റെ മുൻഉടമയായ സുബ്രഹ്മണ്യൻ തിരുമുൽപ്പാടിന്റെ ഭാര്യ കാർത്ത്യായനിയമ്മയാണ്. തോലുവിറകു സമരത്തിൽ പങ്കെടുത്ത നൂറിലധികം സ്ത്രീകളുടെ പേരുകൾ ആണ്ടലാട്ട് രേഖപ്പെടുത്തിയിട്ടുണ്ട്.[33] സ്ത്രീകളുടെ കണ്ഠങ്ങളിൽ നിന്നുള്ള വിപ്ലവത്തീപ്പൊരിയുതിർക്കുന്ന ശബ്ദത്തിനുമുന്നിൽ അധികാരികൾക്ക് അടിയറവു പറയേണ്ടി വന്നു.

### 1.4.4. പെൺസഞ്ചാരങ്ങളുടെ സമരമുഖം

വിറകിനും ഭക്ഷണത്തിനും വസ്ത്രത്തിനും മാത്രമല്ല വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയും സ്ത്രീകൾ പ്രവർത്തിച്ചിരുന്നു. പാലിയം ക്ഷേത്രത്തിനു മുന്നിലുള്ള റോഡിലൂടെ അവർണർക്ക് വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനായി നടത്തിയ പാലിയം സത്യാഗ്രഹത്തിനു (1948)

സവർണരുടെ പിന്തുണയുമുണ്ടായിരുന്നു. ആര്യാപള്ളം, ഇ. എസ്. സരസ്വതി, പ്രിയദത്താകല്ലാട്ട്, പത്തിയിൽ പ്രിയദത്ത എന്നിവർ പങ്കെടുത്ത സമരത്തിൽ പോലീസിന്റെ ചൂരൽപ്രയോഗം തലങ്ങും വിലങ്ങും ഏൽക്കേണ്ടി വന്നെങ്കിലും പൊതുലക്ഷ്യത്തിനായി ഒത്തൊരുമിച്ചു നിന്ന അനുഭവം പ്രിയദത്ത രേഖപ്പെടുത്തിയിട്ടുണ്ട്.[34]

ആദർശങ്ങളിൽ പ്രേരിതമായി സ്വാതന്ത്ര്യസമരരംഗത്തു വന്ന സ്ത്രീകൾക്ക് പൊതുമണ്ഡലത്തിൽ ഇറങ്ങാനായെങ്കിലും തീരുമാനമെടുക്കാനുള്ള അധികാരവും ശക്തിയും പലപ്പോഴും പുരുഷനിൽ നിക്ഷിപ്തമായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന പിതൃദായക്രമത്തിന്റെ സത്തയായ രാഷ്ട്രീയസാമ്പത്തികരംഗത്തെ ആണധികാരം സ്ത്രീകളുടെ നേതൃപദവി ആഗ്രഹിച്ചിരുന്നില്ല. സാമൂഹികസാംസ്കാരികനിയന്ത്രണങ്ങളിൽ നിന്നുണ്ടാകുന്ന ചലനപരിമിതികൾ ഉല്ലംഘിച്ച് പ്രവർത്തനപഥത്തിലേക്കിറങ്ങിയ സ്ത്രീകൾ അവകാശവാദങ്ങളൊന്നുമില്ലാത്ത സാമൂഹികതയിലാണ് ഊന്നിയത്. അതുകൊണ്ടു തന്നെ പദവിയും അംഗീകാരവും നൽകാൻ വിമുഖത കാണിച്ച പ്രസ്ഥാനങ്ങളുടെ ആണധികാരത്തെ അവർ ചോദ്യംചെയ്തതുമില്ല.

### 1.4.5. നമ്പൂതിരിനവോത്ഥാനവും സ്ത്രീകളും

വസ്ത്രം, സഞ്ചാരം, ലൈംഗികത എന്നിവയിൽ അവർണസ്ത്രീകളെ അടിച്ചമർത്തിയ പുരുഷാധിപത്യം തന്നെയാണ് സവർണസ്ത്രീകൾക്കും അഭിമുഖീകരിക്കേണ്ടി വന്നത്. മൂത്തമകനു മാത്രം വേളി വിധിച്ച നമ്പൂതിരി സമുദായത്തിലെ അസന്തുലിതദാമ്പത്യവും അകാലവൈധവ്യവും സ്ത്രീജീവിതത്തെ നരകതുല്യമാക്കി. മറക്കുടയും പുതപ്പുമായി അമ്പലത്തിലേക്ക് മാത്രം നീളുന്ന സഞ്ചാരസ്വാതന്ത്ര്യം മാറാനും വിദ്യാഭ്യാസനിഷേധം ഉൾപ്പെടെയുള്ള സ്ത്രീയവസ്ഥ പരിഷ്കരിക്കാനുമുള്ള ശ്രമങ്ങളാണ് വി. ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്നത്. സാഹിത്യകൃതികളും ഇതിൽ പ്രധാനപ

ങ്കുവഹിച്ചു. വി. ടി. ഭട്ടതിരിപ്പാടിന്റെ *അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്* (1929), എം. ആർ. ബിയുടെ *മറക്കുടയ്ക്കുള്ളിലെ മഹാനരകം* (1930) പ്രേംജിയുടെ *ഋതുമതി* (1934) എന്നീ കൃതികൾ സ്ത്രീയുടെ ദുരിതചിത്രം വ്യക്തമാക്കിയതിനൊപ്പം സ്വാതന്ത്ര്യത്തിനായി സ്ത്രീ സ്വയം മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകതയും ഓർമ്മപ്പെടുത്തി.

ചാരിത്ര്യം, പാതിവ്രത്യം എന്നിവയെപ്പറ്റി നിലവിലുള്ള ധാരണകൾ സ്വാംശീകരിച്ച സ്ത്രീക്ക് സമൂഹത്തിലെ പുരുഷാധിപത്യത്തിനെതിരെ ചിന്തിക്കാനോ പ്രവർത്തിക്കാനോ ഉള്ള ത്രാണിയില്ലായ്മയെ മറികടക്കാനാണ് പുരുഷന്മാരുടെ നേതൃത്വത്തിലുള്ള സാമൂഹികപരിഷ്കരണങ്ങൾ ശ്രമിച്ചത്. ആര്യാപള്ളം, ലളിതാംബിക അന്തർജ്ജനം, പാർവ്വതി നെന്മിനിമംഗലം എന്നിവർ മറക്കുട വലിച്ചെറിഞ്ഞും ഘോഷബഹിഷ്കരിച്ചും പൊതുവേദികളിലെത്താൻ ഇത്തരം പരിഷ്കരണങ്ങൾ സഹായകമായി. അടിച്ചേല്പിക്കപ്പെട്ട പുരുഷലൈംഗികതയെ ഒറ്റയാൾ പോരാട്ടത്തിലൂടെ നേരിട്ട കുറിടേയത്തുതാത്രി മുന്നോട്ടു വച്ച സമരവീര്യവും സമുദായ നിയന്ത്രണങ്ങളിൽ നിന്നു പുറത്തുവരാൻ സ്ത്രീകൾക്ക് കരുത്തുനല്കി. പീഡനത്തിനിരയായ പെൺകുട്ടിയുടെ ശക്തമായ പ്രതികരണമായിരുന്നു സ്മാർത്തവിചാരം (1905). നീതിന്യായവ്യവസ്ഥ ശാസ്ത്രീയമല്ലാതിരുന്ന കാലത്ത് അറുപത്തിനാലു പേർക്ക് ശിക്ഷവാങ്ങിക്കൊടുക്കാൻ കുറിയേടത്തു താത്രിയുടെ ഇച്ഛാബോധത്തിനു കഴിഞ്ഞു. ജാതി-ലിംഗവ്യവസ്ഥയുടെ കർക്കശമായ ആചാരങ്ങളാലും കീഴ്വഴക്കങ്ങളാലും വരിഞ്ഞുമുറുക്കപ്പെട്ട സ്ത്രീയവസ്ഥയുടെ പരിവർത്തനകാലം കൂടിയായിരുന്നു ഇത്.

പാപപുണ്യങ്ങളെ കർശനമായി നിശ്ചയിക്കുന്ന പ്രത്യയശാസ്ത്രത്തിൽ നിന്നുള്ള മോചനമാണ് വിധവാവിവാഹത്തിലും കാണാനാവുക. വിധവാവിവാഹം പ്രതിപാദ്യമാക്കി ലളിതാംബിക അന്തർജ്ജനം 1935-ൽ എഴുതിയ നാടകമാണ് *സാവിത്രി അഥവാ വിധവാവിവാഹം.* നമ്പൂതിരികുട്ടി

കൾ പഠിച്ചിരുന്ന സ്കൂളിലെ വാർഷികത്തിനു വേണ്ടി എഴുതിയ ഈ നാടകത്തിൽ തനിക്കു പരിചയമുള്ള വിധവകളുടെ ദയനീയജീവിതമാണ് അവർ പകർത്തിയത്. പത്തുരംഗങ്ങളുടെ റിഹേഴ്സൽ നടക്കുന്നതിനിടെയാണ് വി. ടി. ഭട്ടതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ എം. ആർ. ബി. വിധവയായ ഉമാദേവി അന്തർജ്ജനത്തെ വിവാഹം ചെയ്തത്. പതിനൊന്നു രംഗങ്ങളുള്ള ഈ നാടകം സ്കൂളിലും യോഗക്ഷേമസഭയിലും അവതരിപ്പിച്ചെങ്കിലും വൈധവ്യം എന്ന വാക്കുപോലും ഉച്ചരിക്കാൻ നമ്പൂതിരി പെൺകുട്ടികൾക്ക് ഉൾക്കിടിലമായ കാലത്തെഴുതിയ ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടില്ല.

അസാമാന്യ തന്റേടമുള്ള സ്ത്രീക്കു മാത്രമേ പൊതുബോധത്തെ മറികടന്ന് വിവാഹത്തിനു സമ്മതം നൽകാൻ കഴിയൂ. ആദ്യവിധവാ വിവാഹം കഴിഞ്ഞ് 12 വർഷത്തിനു ശേഷം പ്രേംജിയെ വിവാഹം കഴിച്ച ആര്യാദേവി തന്റെ മൂത്ത ഏടത്തി കല്യാണത്തലേന്നു പറഞ്ഞ വാചകങ്ങളിലൂടെ അന്നത്തെ പൊതുഅവസ്ഥ വ്യക്തമാക്കുന്നുണ്ട്.

*നിക്ക് ഒരനീത്തി മരിച്ചു. നീയ് ചത്തു. വല്ല പൂച്ചയോ പട്ടിയോ ഒക്കെ പോലെയായി ഞാനെന്നാണു പറഞ്ഞത്. അതിനവരെ കുറ്റം പറയാൻ പറ്റില്ല. അന്നത്തെ കാലം ഒരു വിധവ രണ്ടാമതു വിവാഹം കഴിക്കാന്നൊക്കെ പറഞ്ഞാൽ വ്യഭിചാരംപോലെ എന്തോ ഒന്നായിട്ടാ കണ്ടേർന്നത്.*[35]

കല്ലാട്ട് കൃഷ്ണനുമായുള്ള മിശ്രവിവാഹത്തിലൂടെ ജാതിയുടെ മതിലുകൾ തകർത്ത പ്രിയദത്താകല്ലാട്ടും വിപ്ലവാത്മകമായ പരിഷ്കാരത്തിന്റെ പ്രതീകമാണ്. പൂണൂലില്ല എന്നുള്ളത് ഒരു പ്രശ്നമായി അവർക്കു തോന്നിയില്ല. *യോഗക്ഷേമസഭേല് എല്ലാ മീറ്റിംഗിനും പ്രമേയം പാസ്സാക്കും. സ്ത്രീധനം പാടില്ല. പ്രമേയം കടലാസില് മാത്രാ. പൈസക്കാര് നമ്പൂരാരും പൈസല്യാത്ത ഒരില്ലത്ത് വേളി കഴിക്കില്ല.* ആദർശം പ്രമേയത്തിൽ ഒതുങ്ങുന്ന കാഴ്ചയാണ് മിശ്രവിവാഹത്തിനുള്ള പ്രേരണയായതെന്ന് അവർ തുറന്നുപറയുന്നുണ്ട്.[36] സമൂഹം, സദാചാരം, ശരീരബോധം, ലൈംഗികത

എന്നിവയെ മറികടക്കുന്ന സ്ത്രീയുടെ ഇച്ഛാശക്തിയാണ് വിധവാവിവാഹ ത്തിലും മിശ്രവിവാഹത്തിലുമുള്ളത്.

വിവാഹകാര്യത്തിലും പൊതുരംഗപ്രവേശത്തിലുമുള്ള സ്ത്രീഉണർവ്വ് സംഘബോധവും സാമൂഹ്യബോധവും പ്രകടിപ്പിക്കുന്ന പെൺകൂട്ടായ്മ കൾക്ക് ജന്മം നൽകി. യോഗക്ഷേമസഭയുടെ തൊഴിൽകേന്ദ്രത്തിലുള്ള പങ്കാളിത്തം സ്വയംപര്യാപ്തത എന്ന ആശയത്തിലേക്ക് സ്ത്രീകളെ നയിച്ചു. തൊഴിലെടുത്തു ജീവിക്കാനുള്ള സ്ത്രീയുടെ ഇച്ഛാശക്തി പ്രമേയമാക്കിയ നാടകമാണ് *തൊഴിൽകേന്ദ്രത്തിലേക്ക്* (1948). അതിൽ സ്ത്രീവേഷം മാത്ര മല്ല പുരുഷവേഷവും അഭിനയിച്ചത് സ്ത്രീകളാണ്. സ്ത്രീയുടെ മാനസിക സംഘർഷത്തെ ചിത്രീകരിക്കുകയും സ്ത്രീസ്വാതന്ത്ര്യത്തെ ഞെരുക്കുന്ന കുടുംബാന്തരീക്ഷത്തെ ചോദ്യം ചെയ്യുകയും ചെയ്ത ഈ നാടകം സ്ത്രീകൾക്കായുള്ള പൊതുഇടങ്ങൾ, സ്ത്രീകൾ മുൻകൈയെടുത്തു നട ത്തുന്ന സമരങ്ങൾ എന്നിവ സ്ത്രീപ്രശ്നത്തിന്റെ ഭാഗമാക്കി.

ഗാന്ധിയൻപ്രസ്ഥാനം സാമൂഹികനവോത്ഥാന പ്രസ്ഥാനം എന്നിവയു മായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ സ്ത്രീകൾക്ക് അവസരം ലഭിച്ചെങ്കിലും പൊതുരംഗത്തും അധികാരരംഗത്തും തുടരാൻ അവർക്കു കഴിഞ്ഞില്ല. സാമ്പത്തികം, രാഷ്ട്രീയം, സംസ്കാരം, സാഹിത്യം എന്നിവയെല്ലാമടങ്ങിയ ബാഹ്യമേഖല തനിക്കനുകൂലമാക്കിയ പുരുഷൻ സ്വകാര്യജീവിതത്തിന്റെ ആന്തരികമേഖല മാത്രമേ സ്ത്രീക്കു നൽകിയുള്ളൂ. അഭിപ്രായത്തിനുള്ള അവസരങ്ങൾ നിഷേധിച്ചും ആജ്ഞാനുവർത്തികളാക്കിയും രചനാരംഗത്തു നിന്നും തൊഴിൽരംഗത്തു നിന്നും സ്ത്രീകളെ ഗാർഹികപരിധിയിലേക്ക് മടക്കി അയക്കാനുള്ള ശ്രമങ്ങൾക്ക് സ്വാതന്ത്ര്യസമരത്തിനു ശേഷം ശക്തി യേറി. കേരളത്തിന്റെ പ്രത്യയശാസ്ത്രമണ്ഡലത്തിൽ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആശയങ്ങൾ പ്രചരിക്കുമ്പോഴും സ്ത്രീകളെ അക ത്തളങ്ങളിലേക്ക് ഒതുക്കുന്ന അവസ്ഥ സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ

ഉയർന്നുവരാൻ ഇടയാക്കി.

## 1.5 സ്ത്രീ എഴുതുമ്പോൾ

മോചനത്തെ നിശ്ചയിക്കാനും ആത്മരോഷങ്ങളെ പ്രകടിപ്പിക്കാനും സ്ത്രീകൾ സാഹിത്യം ഉപയോഗിച്ചതോടെ സാഹിത്യരചന ഒരു വിമോചന പ്രക്രിയയായി മാറി. ജീവശാസ്ത്രപരമായ ലിംഗഭേദത്തെ സാമൂഹികമായ അസമത്വത്തിലേക്കും വിവേചനത്തിലേക്കും നയിക്കുന്ന സമീപനമാണ് സർവ്വാധിപത്യം നേടുന്നതെന്ന തിരിച്ചറിവ് ദൈവസ്തുതികളും കൈകൊട്ടി ക്കളിപ്പാട്ടുകളും എഴുതുകയെന്ന സാമ്പ്രദായികതയിൽ നിന്നു മോചനം നേടാൻ സ്ത്രീകളെ പ്രേരിപ്പിച്ചു. സ്ത്രീകൾക്കു വേണ്ടിയുള്ള ആദ്യപ്രസി ദ്ധീകരണമായ കേരളീയ സുഗുണബോധിനി ഉൾപ്പെടെ വിദ്യാവിനോദിനി, മഹിളാരത്നം, ഭാഷാപോഷിണി തുടങ്ങിയ മാസികകൾ സ്ത്രീവിദ്യാഭ്യാസ ത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ച് സംവാദങ്ങൾ ആരംഭിച്ചു. ഭാര്യാ ധർമ്മം, സ്ത്രീധർമ്മം എന്നിവ പോലെ ഭർത്തൃധർമ്മം, *പുരുഷധർമ്മം* എന്നിവ ആവശ്യമാണെന്നു പറഞ്ഞുതുടങ്ങുന്ന കെ. ലക്ഷ്മിയമ്മയുടെ പുരു ഷധർമ്മം (ശാരദ 1906) എന്ന ലേഖനം സ്വാതന്ത്ര്യം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമാണെന്ന അഭിപ്രായം പുലർത്തി. മഹിളാരത്നം മാസി കയിൽ (1916) സരോജിനി എഴുതിയ *സ്ത്രീത്വം* എന്ന ലേഖനമാവട്ടെ പുരു ഷനിർമ്മിതമായ സ്ത്രീവിരുദ്ധബിംബങ്ങളെയും നിർവചനങ്ങളെയും അതി നിശിതമായി വിമർശിച്ചു. സ്ത്രീശരീരത്തെ വസ്തുവത്ക്കരിക്കുന്ന സാഹി ത്യസംസ്കാരം ആദ്യമായി ഒരു സ്ത്രീയുടെ ആത്മബോധത്താൽ ആക്രമി ക്കപ്പെടുന്നതിന്റെ ചരിത്രരേഖയായി ഈ ലേഖനം മാറി.[37]

### 1.5.1 സ്ത്രീത്വത്തിന്റെ ഉണർവ്

പുരുഷകാഴ്ചകൾക്കും ഗാർഹികാടിമത്തത്തിനും എതിരെ പ്രതിഷേധ സ്വരങ്ങൾ ഉണ്ടായെങ്കിലും ഗാർഹികവൃത്തിയിൽ നിന്ന് ഒഴിഞ്ഞുമാറാനോ

പൊതുജീവിതവും സർഗാത്മകജീവിതവും തമ്മിൽ കൂട്ടിക്കെട്ടാനോ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നില്ല. വാസനയും ഭാവനയും ഇല്ലാത്തതു കൊണ്ടല്ല സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് സ്ത്രീരചനകൾ അധി കമില്ലാത്തതെന്ന് ലളിതാംബികഅന്തർജ്ജനം അഭിപ്രായപ്പെടുന്നുണ്ട്. ജനിച്ച സമുദായം, തടവിലിടുന്ന ബന്ധങ്ങൾ, നിഷേധിക്കപ്പെടുന്ന സാഹച ര്യങ്ങൾ എന്നിങ്ങനെ എഴുത്തുകാരിയെ പുറകോട്ടുവലിക്കുന്ന ഒട്ടനേകം കുടുംബ സാമൂഹ്യവ്യവസ്ഥകൾ ഉണ്ട്. ഇതിനോടൊക്കെ ചെറുത്തുനിന്നു കൊണ്ട് അതിജീവനം നടത്തുന്ന ഒരെഴുത്തുകാരിയുടെ പ്രശ്നം അവരുടെ ആത്മകഥ ഓർമ്മിപ്പിക്കുന്നു. ഒരെഴുത്തുകാരിയാവുക എന്നത് എഴുത്തുകാ രനാവുന്നതു പോലെ എളുപ്പമല്ല എന്ന് സ്വന്തം അനുഭവാവിഷ്കാരങ്ങളി ലൂടെ ലളിതാംബിക അന്തർജ്ജനം ലോകത്തോടു പറഞ്ഞു.[38]

*കുടുംബത്തിന്റെ സങ്കുചിതമായ ചുറ്റുപാടുകളിൽ ഒതുങ്ങി നിന്നുത ന്നെയാണ് ഞാൻ എഴുതിത്തുടങ്ങിയത്. കഴിവുള്ളിടത്തോളം രണ്ടു രംഗ ങ്ങളും സമരസപ്പെടുത്തി കൊണ്ടുപോവാൻ പരിശ്രമിച്ചു. വെച്ചു, വിളമ്പി, മുലയൂട്ടി, ഭർത്താവിനോടും കുട്ടികളോടുമുള്ള കർത്തവ്യങ്ങൾ എല്ലാം ചെയ്തു.*[39]

മെച്ചപ്പെട്ട രീതിയിൽ എഴുതുകയോ ചിന്തിക്കുകയോ ചെയ്യണമെങ്കിൽ പ്രശാന്തതയിൽ അനുസ്മരിക്കുന്ന വികാരങ്ങൾ ആവശ്യമാണെന്ന പുരുഷ ചിന്താഗതി സ്ത്രീക്ക് ബാധകമല്ല. ആണ്ടോടാണ്ട് കുട്ടികളെ പ്രസവിക്കു കയും വളർത്തുകയും ചെയ്യുന്നതിനിടയിൽ തൊട്ടിലാട്ടിക്കൊണ്ട് കുനിഞ്ഞി രുന്നെഴുതുന്ന അന്തർജ്ജനത്തിന്റെ അനുഭവം കാലദേശഭിന്നതകൾക്കതീത മായ സ്ത്രീയനുഭവം കൂടിയാണ്. കുഞ്ഞുങ്ങൾ ഉറക്കമാവുമ്പോഴും ഉണർന്നുകഴിഞ്ഞ കുഞ്ഞിനൊപ്പം പുലർകാലത്ത് എഴുന്നേറ്റിരിക്കുമ്പോഴുമെ ല്ലാമാണ് താൻ കവിതാശകലങ്ങൾ കുറിച്ചതെന്ന ഏഡ്രിയൻ റിച്ചിന്റെ പരാ മർശം അതു സാക്ഷ്യപ്പെടുത്തുന്നു.[40]

സ്ത്രീയെ നിശ്ശബ്ദയാക്കാൻ വെമ്പൽകൊള്ളുന്ന സാംസ്കാരികവ്യവസ്ഥ സ്ത്രീയുടെ സ്വതന്ത്രമായ ആവിഷ്കാരത്തെ എന്നും ഭയപ്പെട്ടിരുന്നു. സ്വശരീരത്തിൽ നിന്നെന്ന പോലെ സർഗ്ഗാത്മകതയിൽ നിന്നും സ്ത്രീയെ അകറ്റിനിർത്താനുള്ള ശ്രമങ്ങൾ അതിന്റെ ഭാഗമാണ്. ഇത്തരം ശ്രമങ്ങളെ പ്രതിരോധിക്കാനും സ്ത്രൈണസത്തയുടെ സത്യസന്ധമായ ആവിഷ്കരണം നടത്താനും ശ്രമിച്ച എഴുത്തുകാരിയാണ് സരസ്വതിയമ്മ. സ്ത്രീവിമോചനപരമായ കാഴ്ചപ്പാടിൽ ഉറച്ചുനിന്ന് പുരുഷാധിപത്യമൂല്യങ്ങളെ നിശിതവിമർശനത്തിനു വിധേയമാക്കിയ അവർ തന്റെ കൃതികളിലൂടെ പോരാട്ടത്തിന്റെ പുതിയ മുഖം അനാവരണം ചെയ്തു. വ്യത്യസ്തമായ ജീവിതപരിസരങ്ങളിൽ പോരാടി വളർന്ന് സ്വന്തം സ്ത്രീസത്ത തിരിച്ചറിയുന്ന വ്യക്തിത്വമുള്ള സ്ത്രീകഥാപാത്രങ്ങളെയാണ് സരസ്വതിയമ്മ ഇതിനായി ഉപയോഗിച്ചത്. കേരളീയ സ്ത്രീസമൂഹത്തെ ഉണർവിലേക്ക് നയിക്കാനുള്ള അവരുടെ ശ്രമങ്ങൾ കടുത്ത എതിർപ്പുകളെ നേരിട്ടിരുന്നു.

*എന്തിനെഴുതുന്നു എന്ന ചോദ്യം എന്തിനു ജീവിക്കുന്നു എന്നു ചോദിക്കുന്നതു പോലെയാണ്. ഞാൻ ജീവിക്കുന്നത് ഇനിയും എഴുതാനിരിക്കുന്ന കൃതികളെ ഓർത്തുമാത്രമാണ്. എഴുത്തില്ലെങ്കിൽ എനിക്കു ജീവിതവുമില്ല* എന്നഭിപ്രായപ്പെട്ട അവർ ഒരു ശരാശരി മനുഷ്യജീവിയുടെ ജീവിതസമരത്തിന്റെ ഇരട്ടിപ്പാണ് സ്ത്രീകൾ അഭിമുഖീകരിക്കുന്നതെന്നു വ്യക്തമാക്കി.[41] സ്ത്രീയുടെ ഇരട്ടിഭാരമുള്ള സമരത്തെ നേരിട്ട സരസ്വതിയമ്മ സ്ത്രൈണതയെ ഉയർത്തിപ്പിടിക്കാനും പുതിയൊരു സ്ത്രീപാഠം എഴുതിച്ചേർക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിയത്.

ജീവിതത്തെയും എഴുത്തിനെയും ഉഗ്രസമരമാക്കി മാറ്റിയെങ്കിലും അപവാദങ്ങൾ സരസ്വതിയമ്മയെയും വേട്ടയാടിയിരുന്നു. മരണത്തിനു മുമ്പുള്ള പതിനാലുവർഷത്തോളം ഏകാന്തമൗനത്തിന്റെ ലോകത്തായിരുന്നെങ്കിലും മലയാളസാഹിത്യത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ വഴികാട്ടിയാ

വാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. കഥയും നോവലുമെഴുതിയതിനു ചുറ്റുമുള്ള പലരും പീഡിപ്പിച്ചപ്പോൾ ചെറുത്തുനിൽക്കാനാവാതെ ആത്മഹത്യ ചെയ്ത രാജലക്ഷ്മിയും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും അംഗീകാരം നേടിയെടുത്ത മാധവിക്കുട്ടിയും എഴുത്തിൽ നിലനിൽക്കുന്ന എല്ലാ ആധിപത്യമൂല്യങ്ങളെയും ചെറുക്കുന്ന പെണ്ണെഴുത്തിന്റെ രാഷ്ട്രീയം മുന്നോട്ടുവെച്ച സാറാജോസഫും സരസ്വതിയമ്മ തുടങ്ങിവെച്ച ചരിത്രത്തെയാണ് മുന്നോട്ടുകൊണ്ടുപോയത് എന്ന് സി. എസ്. ചന്ദ്രിക അഭിപ്രായപ്പെടുന്നു.[42]

### 1.5.2 എഴുത്തിനു വേണ്ടിയുള്ള ആത്മാർപ്പണം

സ്ത്രീരചനയുടെ പ്രശ്നങ്ങളും ധർമ്മസങ്കടങ്ങളും അനുഭവിച്ചറിഞ്ഞ എഴുത്തുകാരിയാണ് രാജലക്ഷ്മി. പുരുഷകേന്ദ്രിതവ്യവസ്ഥയിൽ സമൂഹ ത്തിന്റെയും സംസ്കാരത്തിന്റെയും അതിരുകളിൽ നിൽക്കാൻ നിർബന്ധിത യായ സ്ത്രീമനസ്സിന്റെ വിഹ്വലതകളാണ് അവരുടെ കൃതികൾ. ഒരു സ്ത്രീയുടെ അഗാധവും സങ്കീർണ്ണവുമായ ജീവിതം തന്നെ വേട്ടയാടുന്നു വെന്ന് വെർജീനിയാവൂൾഫിനെപ്പോലെ രാജലക്ഷ്മിയും തിരിച്ചറിഞ്ഞിരുന്നു. വളർന്ന ജീവിതസാഹചര്യങ്ങൾ, ചെറുപ്പത്തിലേ പിതാവിന്റെ മരണം, മാന സികതകരാറുകൾ, സ്ത്രീസ്വത്വപരമായ രചനകൾ, ആത്മഹത്യ തുടങ്ങി നിരവധി സമാനതകൾ വെർജീനിയാവൂൾഫിന്റെ ജീവിതവുമായി രാജല ക്ഷ്മിയെ ചേർത്തുനിർത്തുന്നു. സ്ത്രീയെന്ന നിലയിലുള്ള വെർജീനിയ യുടെ ചിന്താസ്വാതന്ത്ര്യവും സ്വന്തം കാലിൽ നിൽക്കാനുള്ള ആവേശവും രാജലക്ഷ്മിയെ ആകർഷിച്ചിരുന്നു എന്നതിനു തെളിവാണ് വെർജീനിയയെ കുറിച്ച് രാജലക്ഷ്മി തയ്യാറാക്കിയ പ്രസംഗക്കുറിപ്പ്.[43] മനുഷ്യമനസ്സിന്റെ ആഴ ക്കടലിലേക്ക് സഞ്ചരിക്കാനും വൈകാരികാനുഭവങ്ങളുമായി പുറത്തുവരാ നുമുള്ള കൊതി അവർ പ്രസംഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചുറ്റുമുള്ള ലോകത്തെ നിരീക്ഷിച്ചറിഞ്ഞ അനുഭവാഖ്യാനം രാജല ക്ഷ്മിക്ക് അസ്വസ്ഥത മാത്രമേ പ്രദാനം ചെയ്തുള്ളൂ. കഥാപാത്രങ്ങളുടെ പേരിൽ കടുത്ത വിമർശനങ്ങളെ നേരിട്ട അവർ *ഉച്ചവെയിലും ഇളംനിലാവും* എന്ന കൃതിയുടെ കയ്യെഴുത്തുപ്രതി നശിപ്പിച്ചുകളഞ്ഞ് രചനാരംഗത്തു നിന്ന് പിൻവാങ്ങാനാണ് ശ്രമിച്ചത്. എന്നാൽ എഴുതാതിരിക്കാൻ അവർക്കാവുമായി രുന്നില്ല. *കഥയെഴുതാതെ ഞാൻ രണ്ടു കൊല്ലം ഇരുന്നുനോക്കി. അതും എന്നെക്കൊണ്ടു സാധിക്കില്ല. വല്ല പേപ്പട്ടിയെയും പോലെ ഞാൻ തൊടുന്ന തൊക്കെ വിഷമയമാവുകയാണെങ്കിൽ - ഞാൻ ഇരുന്നാൽ ഇനിയും കഥയെ ഴുതും. ഞാൻ പോട്ടെ*[44] എന്നെഴുതി വച്ച് ആത്മഹത്യചെയ്ത രാജലക്ഷ്മി

പെണ്ണിന്റെ സർഗാത്മകതയ്ക്കുള്ള അവകാശത്തെയാണ് മുറുകെപിടിച്ചത്. പൂർത്തിയാക്കാതെ പോയ നിവേദനങ്ങളും പ്രതിഷേധങ്ങളും കലാപങ്ങളുമായി അവരുടെ കൃതികൾ മാറുന്നതും അതുകൊണ്ടു തന്നെ.

### 1.5.3 സ്ത്രൈണകാമനകളുടെ തുറന്നെഴുത്ത്

സമൂഹഘടന തീർക്കുന്ന തടവറകളെ സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് നീങ്ങുന്ന കഥാപാത്രങ്ങളിലൂടെ ഭേദിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. പുരുഷന്റെ കാമത്താൽ വസ്തുവൽക്കരിക്കപ്പെട്ട സ്ത്രൈണസത്തയെ നിഷേധങ്ങളിലൂടെ നേരിട്ട അവർ പെണ്മയുടെ യാഥാർത്ഥ്യത്തെ അതിന്റെ തനിമയിൽ ആവിഷ്കരിച്ചു. സ്ത്രീ തന്റെ സ്വത്വനിർമ്മിതിയെ വെളിപ്പെടുത്താനായി സ്വയം അപനിർമ്മിക്കുന്നതെങ്ങനെയെന്ന് ആത്മകഥയെഴുത്തിന്റെ പുതിയ തലത്തിലൂടെ അവർ വെളിവാക്കി. ഉള്ളിലെ തൃഷ്ണകൾ മൂടിവെക്കാതെ എഴുതാനുള്ള ധൈര്യം സ്ത്രൈണലൈംഗികതയെ പറ്റിയുള്ള വിശദവും വിപ്ലവാത്മകവുമായ ആവിഷ്കാരങ്ങൾക്ക് പ്രേരണയുമായി.

നിത്യജീവിതത്തിൽ അനിവാര്യതയായും മാന്യതയായും കണക്കാക്കുന്ന, കുടുംബജീവിതത്തിലും ദാമ്പത്യത്തിലും അന്തർലീനമായ സ്ത്രീവിരുദ്ധതയുടെയും പുരുഷാധിപത്യത്തിന്റെയും തലങ്ങൾ തുറന്നുകാട്ടിയ മാധവിക്കുട്ടി ആത്മാവുനഷ്ടപ്പെട്ട് ശരീരം മാത്രമായി ചുരുങ്ങുന്ന സ്ത്രീയവസ്ഥയിലുള്ള ദു:ഖമാണ് പ്രകടമാക്കിയത്. അബോധത്തിൽ പോലും അടിമത്തത്തിന്റെ വടുക്കൾ പേറുന്ന സ്ത്രീയവസ്ഥയാണ് *കോലാടി*ലെങ്കിൽ കുടുംബത്തിനു വേണ്ടി സർവ്വവും സമർപ്പിക്കുന്ന സ്ത്രീത്വത്തിന്റെ നിസ്സഹായതയാണ് *നെയ്പ്പായസ*ത്തിൽ കാണുക. കോലാടിന്റെ മുഖപടം ഇഴുകിച്ചേർന്ന തന്റെ ജീവിതത്തിന് ഒരിക്കലും ആ കഥയിൽ നിന്നു മോചനമുണ്ടാവില്ല എന്ന വിജയലക്ഷ്മിയുടെ അഭിപ്രായം[45] ആദർശശുദ്ധിക്കു പകരം അനുഭവങ്ങളോട് നീതിപുലർത്തിയ എഴുത്തുകാരിയെ കാണിക്കുന്നു.

## 1.6 ഇടപെടലുകളുടെ പരിപ്രേക്ഷ്യം

കർശനമായ വിലക്കുകളെ അവഗണിച്ച് സ്ത്രീകൾ രചനാരംഗത്തു കടന്നുവന്നെങ്കിലും സ്വാതന്ത്ര്യസമരശേഷം 1980കളിലാണ് കേരളത്തിൽ സജീവമായ ഒരു ഫെമിനിസ്റ്റ് ഇടപെടൽ ഉണ്ടാവുന്നത്. 1975 മുതൽ 79 വരെ നിലനിന്ന അടിയന്തിരാവസ്ഥക്കു ശേഷം ജനാധിപത്യവും വ്യക്തിസ്വാത ന്ത്ര്യവുമായി ബന്ധപ്പെട്ട ധാരാളം ചർച്ചകൾ നടന്നു. ലിംഗപരതയുടെ രാഷ്ട്രീയം ചർച്ച ചെയ്ത പാശ്ചാത്യരാജ്യങ്ങളിലെ രണ്ടാംഘട്ടഫെമിനിസ ത്തിന്റെ ആശയങ്ങൾ കേരളത്തിലും പ്രതിഫലിച്ചു. സ്ത്രീപ്രശ്നങ്ങൾ സ്വകാര്യമല്ലെന്നും വ്യക്തിപരതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുക വഴി അവ പൊതുപ്രശ്നങ്ങൾ കൂടിയാണെന്നുമുള്ള ബോധം സ്ത്രീകൾക്കെതിരെ കുടുംബത്തിലും സമൂഹത്തിലും നടക്കുന്ന അക്രമങ്ങളെ പ്രതിരോധിക്കാ നുള്ള പ്രേരണയായി. വ്യക്തിപരം, രാഷ്ട്രീയം എന്നു ബോധതലത്തിൽ വേറിട്ട് നിർത്തിയിരുന്ന ഇടങ്ങൾ തമ്മിൽ കലരുമ്പോൾ ബോധതലത്തിൽ ഉണ്ടാവുന്ന ശക്തമായ ഓളങ്ങളാണ് ഫെമിനിസ്റ്റ് കർത്തൃത്വത്തെ സർഗാത്മ കതയുടെ ഉറവിടവും പ്രത്യയശാസ്ത്രപരമായ ആയുധവുമാക്കി മാറ്റുന്ന തെന്ന് എം.കെ. വേണുഗോപാലൻ ചൂണ്ടിക്കാട്ടുന്നു.[46] സ്വകാര്യതയുടെ മാന്യതയെ വിഛേദിച്ചു മാത്രമേ പെണ്ണിനു വിമോചിതയാവാൻ കഴിയൂ എന്ന് സ്ത്രീസംഘങ്ങളും തിരിച്ചറിഞ്ഞിരുന്നു. പുരുഷാധികാരത്തോട് എതിരി ടേണ്ട ഇടങ്ങൾ, അതിനായി ഉപയോഗിക്കേണ്ട വ്യവഹാരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഇക്കാലത്തെ കേരളീയഫെമിനിസത്തെ രാഷ്ട്രീയഫെമി നിസമെന്നും വികസനവാദ ഫെമിനിസമെന്നും രണ്ടായി തിരിക്കുന്നുണ്ട്.[47]

### 1.6.1 രാഷ്ട്രീയഫെമിനിസം

ബദൽഇടതുസാംസ്കാരികരാഷ്ട്രീയപ്രസ്ഥാനങ്ങളിൽ താൽപ്പര്യ മുള്ള സ്ത്രീപുരുഷന്മാരും എതിർ സിവിൽസമൂഹപ്രസ്ഥാനങ്ങളിൽ ഉൾപ്പെ ട്ടിരുന്ന സ്ത്രീപ്രവർത്തകരുമാണ് രാഷ്ട്രീയഫെമിനിസത്തിന്റെ പ്രധാനവ

ക്താക്കൾ. ഇവരുടെ നേതൃത്വത്തിൽ രൂപീകൃതമായ ചെറുസംഘങ്ങൾ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെ ശക്തമായി നേരിട്ടു. ആൺകോയ്മാപ്രത്യയശാസ്ത്രം പുലർത്തുന്ന അധികാരഘടനകളോടാണ് ചലനാത്മകമായ ഇത്തരം ഗ്രൂപ്പുകൾക്ക് എതിർപ്പ്. അജിതയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ബോധന (1987) കുഞ്ഞീബിയെ പോലീസ് ലോക്കപ്പിൽ വച്ച് കൊല ചെയ്തതിനെതിരെ നടത്തിയ സമരങ്ങൾ ഭരണകൂട പിതൃഅധികാരത്തോടുള്ള വെല്ലുവിളിയായിരുന്നു. വേശ്യയെ സൃഷ്ടിക്കുന്ന, അവരുടെ ജീവിതം പ്രയാസത്തിലാക്കുന്ന മുതലാളിത്ത പുരുഷാധിപത്യതന്ത്രങ്ങളെയാണ് ഇവർ തുറന്നുകാട്ടിയത്.

സാറാജോസഫിന്റെ നേതൃത്വത്തിൽ രുപം കൊണ്ട മാനുഷിയാവട്ടെ ലൈംഗികപീഡനം, സ്ത്രീധനമരണപ്രശ്നങ്ങൾ, സ്ത്രീപുരുഷബന്ധങ്ങളിലെ അസമത്വം എന്നിവയിൽ സജീവമായി ഇടപെട്ടു. തങ്കമണിയിലെ പോലീസിന്റെ ഭീകരമായ കൂട്ടബലാത്സംഗം, തൃശ്ശൂരിലെ ബാലാമണിസംഭവം എന്നിവയിലുള്ള മാനുഷിയുടെ ഇടപെടൽ പുരുഷപീഡനമേറ്റ പെൺകുട്ടികളെ സംരക്ഷിക്കാനും അവരുടെ ജീവിതം തകർത്തവരെ ജനമധ്യത്തിൽ കൊണ്ടുവരാനുമുള്ള ശ്രമങ്ങൾക്ക് കരുത്തുനൽകി. ബാലാമണിക്ക് സംരക്ഷണം നൽകേണ്ടി വന്നപ്പോഴാണ് പീഡനത്തിന്നിരയായ സ്ത്രീകൾക്ക് പുനരധിവാസസങ്കേതങ്ങൾ ആവശ്യമാണെന്ന തിരിച്ചറിവ് സ്ത്രീസംഘങ്ങൾക്ക് ഉണ്ടായത്. ഇവിടെയാണ് സുഗതകുമാരി നടത്തുന്ന അഭയ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രസക്തി. സ്ത്രീവാദപ്രവർത്തനത്തിന്റെയും ചിന്തയുടെയും ഊർജ്ജം എഴുത്തിലേക്ക് വ്യാപിപ്പിച്ച സാറാജോസഫ് എഴുത്തിൽ ഒരു പെണ്ണിടം തന്നെ സൃഷ്ടിച്ചു. എഴുത്തും ആക്ടിവിസവും പരസ്പരപൂരകമായ അവസ്ഥ രാഷ്ട്രീയഫെമിനിസത്തെ മലയാളബൗദ്ധികപൊതുമണ്ഡലങ്ങളിലും കുടുംബസമുദായ ഇടങ്ങളിലും ഒരുപോലെ സ്വീകാര്യമാക്കി.

ഭരണകൂടം, സിവിൽ സമൂഹം, വിപണി എന്നിവയിലെ ആൺകോയ്മ യുടെ അധികാരരൂപത്തെ തിരിച്ചറിഞ്ഞ രാഷ്ട്രീയഫെമിനിസ്റ്റുകൾ സ്ത്രീക ളുടെ ഉന്നതനില പ്രഖ്യാപിക്കുന്ന കേരളമാതൃകാപ്രത്യയശാസ്ത്രത്തിന്റെ വൈരുദ്ധ്യത്തെ തുറന്നുകാട്ടി. ബഹുമാന്യയായ സ്ത്രീയെന്നത് മിഥ്യാധാര ണയാണെന്ന തിരിച്ചറിവ് അധീശപ്രത്യയശാസ്ത്രങ്ങളെ എതിർക്കാനുള്ള കരുത്ത് സ്ത്രീകൾക്ക് നൽകി. സ്ത്രീപദവിയിൽ മാറ്റം ആവശ്യമാണെന്ന ചിന്താഗതി ദേശീയവനിതാപ്രസ്ഥാനവുമായി ബന്ധപ്പെടാനും ഇന്ത്യൻ സ്ത്രീപ്രസ്ഥാനങ്ങളുടെ നാലാംദേശീയസമ്മേളനത്തിനു (1990) കോഴിക്കോട് വേദി ഒരുക്കാനും കാരണമാവുകയും ചെയ്തു. ഉൽപാദനം, പ്രത്യുൽപ്പാ ദനം, ലൈംഗികത എന്നിവയെ പുരുഷാധിപത്യമാണ് നിയന്ത്രിക്കുന്നത് എന്നുകണ്ട സ്ത്രീവാദികൾ സാമൂഹികമാറ്റത്തിന്റെ ചാലകശക്തിയായി സ്ത്രീകൾ മാറണമെന്നാണ് ആഗ്രഹിച്ചത്.

### 1.6.2. വികസനവാദ ഫെമിനിസം

വികസനത്തിലെ തുല്യപങ്കാളിത്തത്തിൽ ഊന്നിയ സ്ത്രീവാദദർശന മാണ് വികസനവാദഫെമിനിസം. 1980കളിൽ പ്രബല ഇടതുരാഷ്ട്രീയകക്ഷി കളിൽ ഉൾപ്പെട്ട സ്ത്രീകൾ കുറേക്കൂടി സ്വതന്ത്രപ്രവർത്തനം അനുവദിക്ക പ്പെട്ട സിവിൽഇടമായി കണക്കാക്കുന്ന കേരളശാസ്ത്രസാഹിത്യപരിഷത്തി ലേക്ക് മാറുകയും ഭരണകൂട ഔപചാരികരാഷ്ട്രീയശക്തികളുമായി വികസ നകാര്യങ്ങളിൽ ചേർന്നുനിൽക്കുകയും ചെയ്തു.[48] കേരളത്തിൽ നില നിൽക്കുന്ന അസമത്വങ്ങളും അനീതികളും എന്തുകൊണ്ടാണ് എന്ന ചോദ്യം ഉയർത്തി പരിഷത്ത് സംഘടിപ്പിച്ച കലാജാഥകളിൽ സ്ത്രീപ്രശ്നവും ഉൾപ്പെട്ടിരുന്നു. വനിതാകലാജാഥകളിലൂടെ സ്ത്രീധനസമ്പ്രദായത്തിനെ തിരെ പ്രചാരണം നടത്തിയെങ്കിലും ലിംഗമൂല്യങ്ങളെ നേരിട്ടു ചോദ്യം ചെയ്യാനോ സാമൂഹ്യനിലകളിൽ കാതലായ മാറ്റം വരുത്താനോ പരിഷത്ത് പ്രവർത്തകർക്ക് കഴിഞ്ഞിരുന്നില്ല. പരിമിതമായ കുടുംബാന്തരീക്ഷത്തേ

ക്കാൾ വിശാലമായ അന്തരീക്ഷം, ചിന്തയിലുള്ള സ്വാതന്ത്ര്യം എന്നിവ സ്ത്രീകൾക്ക് നൽകിയ പരിഷത്ത് സ്ത്രീപ്രവർത്തനങ്ങളിൽ മിതവാദി നില പാടാണ് പുലർത്തിയത്. സമ്പൂർണ്ണസാക്ഷരതായജ്ഞം, വികേന്ദ്രീകരണ ജനകീയാസൂത്രണങ്ങളിലെ പങ്കാളിത്തം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഇവർക്ക് സ്ത്രീപുരുഷന്മാർ തമ്മിലുള്ള കൂട്ടുസംരംഭങ്ങളോടായിരുന്നു താൽപര്യം.

### 1.6.3. സ്ത്രീകൂട്ടായ്മകളുടെ കരുത്ത്

ബോധനയെയും മാനുഷിയെയും പോലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കുന്ന ധാരാളം കൂട്ടായ്മകൾ 1970കൾക്കു ശേഷം കേരളത്തിൽ രൂപപ്പെട്ടു. ഡോ. ജയശ്രീ, ഇന്ദിര തുടങ്ങിയവരുടെ നേതൃത്വത്തിൽ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിച്ച പ്രചോദന (1974), കാസർകോട് പ്രബുദ്ധത (1974), തൃശ്ശൂരിലെ ചേതന, ശ്രീമതി അന്നാ ജോസിന്റെ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെട്ട ഗ്രാമീണമഹിളാസംഘം, ഏലിയാമ്മ വിജയൻ, സിസ്റ്റർ തെർമ്മ, പട്രീഷ്യ മേഴ്സി അലക്സാണ്ടർ എന്നിവർ ഉണ്ടാക്കിയ തീരദേശമഹിളാവേദി (1986), തുടങ്ങിയ സംഘടന കൾ വീടുകളിലും പൊതുസമൂഹത്തിലും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്ന ങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ പ്രവർത്തിച്ചു. നളിനിനായിക് മുഖ്യ സംഘാടകയായ സേവ (1984) തൊഴിൽപരിശീലനത്തിലൂടെ തൊഴിൽ കണ്ടെത്താനും സ്വയം പര്യാപ്തത നേടാനും സ്ത്രീകളെ സഹായിച്ചു. ഏലിയാമ്മ വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഖി (1996) സർക്കാരിന്റെയും സർക്കാരിതര സ്ഥാപനങ്ങ ളുടെയും അജണ്ടയിലെ മുഖ്യഇനമാക്കി സ്ത്രീപദവിയെ മാറ്റാനാണ് ശ്രമി ച്ചത്.

സ്ത്രീപ്രശ്നങ്ങളിൽ മാത്രമല്ല കലാസാംസ്കാരികരംഗത്തും സ്ത്രീസംഘടനകൾ ഇടപെട്ടിരുന്നു. തൃശ്ശൂരിൽ 1987-ൽ സ്ഥാപിക്കപ്പെട്ട

സമത സ്ത്രീപക്ഷ സാംസ്കാരികപ്രവർത്തനങ്ങൾക്കായിരുന്നു പ്രാമുഖ്യം നൽകിയത്. വീട്ടമ്മമാർ, കർഷകത്തൊഴിലാളികൾ, വിദ്യാർത്ഥിനികൾ, ഉദ്യോഗസ്ഥർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയായ സമത കലാപ്രവർത്തനം സംഘബോധത്തിൽ ഊന്നിയ രാഷ്ട്രീയപ്രവർത്തനമാണെന്ന് വ്യക്തമാക്കി. പാട്ടുകൾ, തെരുവുനാടകങ്ങൾ, സംഗീതശിൽപ്പങ്ങൾ, കവിതാലാപനം തുടങ്ങിയവ വഴി അരങ്ങുകൾക്ക് ജനകീയദൗത്യം പകരാനായിരുന്നു ഇവരുടെ ശ്രമം. കുടമാളൂരിൽ 1990ൽ മിനി സുകുമാറിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്ത്രീപഠനകേന്ദ്രവും വനിതാലൈബ്രറിയും അതിന്റെ നേതൃത്വത്തിൽ നടന്ന സെമിനാറുകളും സ്ത്രീപ്രശ്നങ്ങൾക്ക് സവിശേഷ ഊന്നൽ നൽകി. എന്നാൽ കുടുംബത്തിലും സമൂഹത്തിലും അനുഭവിക്കേണ്ടി വന്ന സവിശേഷപ്രശ്നങ്ങൾ പ്രവർത്തനങ്ങളുടെ മന്ദീഭാവത്തിനും കലാകാരികളുടെ ഉൾവലിയലിനും പലപ്പോഴും കാരണമായി മാറി.

### 1.6.4 ഏകീകൃതസ്വരത്തിന്റെ ആവശ്യകത

1990കൾക്കു ശേഷം രാഷ്ട്രീയ വികസനവാദ ഫെമിനിസങ്ങൾ തമ്മിലുള്ള അകലം കുറയുകയും ഏകീകൃതസ്വഭാവമുള്ള ഒരു ഫെമിനിസ്റ്റ് ധാരയുടെ ആവശ്യകത ഉയർന്നുവരികയും ചെയ്തു. ബോധന, മാനുഷി, മോചന തുടങ്ങിയ സ്ത്രീകൂട്ടായ്മകൾ സാമ്പത്തികപരാധീനതയാൽ മന്ദീഭവിച്ച കാലത്താണ് 1995-ൽ ബെയ്ജിംഗ് കോൺഫറൻസും തുടർന്ന് സ്ത്രീവേദിയുടെ രൂപീകരണവും നടന്നത്. രാഷ്ട്രീയവികസനവാദഫെമിനിസങ്ങളിലെ ബൗദ്ധികഇടങ്ങൾക്കു വേണ്ടിയുള്ള പുരുഷഇടപെടൽ സ്ത്രീയുടെ യഥാർത്ഥപ്രശ്നങ്ങൾ ഉൾക്കൊള്ളാൻ പര്യാപ്തമല്ലെന്ന തിരിച്ചറിവ് സ്ത്രീയിടങ്ങൾക്കു വേണ്ടിയുള്ള പുതിയ അന്വേഷണത്തിനു കാരണമായി. സാമ്രാജ്യത്വം രൂപപ്പെടുത്തിയ ആഗോളീകരണയത്നങ്ങളെ കടുത്ത വിമർശനത്തിനു വിധേയമാക്കിയ ബെയ്ജിംഗ് കോൺഫറൻസ് നവസാമ്പ

ത്തികക്രമം ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ നേരിടാൻ സ്ത്രീകളോട് ആവശ്യപ്പെട്ടു. സ്ത്രീശരീരത്തെ വാണിജ്യവൽക്കരിക്കുന്ന അധിനിവേശതന്ത്രങ്ങളെ ചെറുക്കാനും ഇരകൾക്ക് നീതി ലഭിക്കാനും വേണ്ടിയുള്ള പൊതുകൂട്ടായ്മക്കുള്ള ആഗ്രഹം കേരളസ്ത്രീവേദിക്ക് (1996) കാരണമായി. ഫെമിനിസ്റ്റ് രാഷ്ട്രീയബോധം ഉൾക്കൊണ്ട ചെറുഗ്രൂപ്പുകൾക്ക് ഏറ്റെടുക്കാൻ കഴിയാത്തതിലധികം സ്ത്രീപീഡനങ്ങളും സ്ത്രീപ്രശ്നങ്ങളും പ്രാദേശിക പശ്ചാത്തലത്തെ മറികടന്നുള്ള സ്ത്രീസംഘങ്ങൾക്ക് സ്വാഗതമേകി. സമാനചിന്താഗതിയുള്ള വ്യക്തികളും ചെറുസംഘങ്ങളുമടങ്ങിയ സ്ത്രീവേദിയുടെ ബഹുസ്വരത സംഘടനയുടെ വളർച്ചയ്ക്കെന്ന പോലെ വീഴ്ചയ്ക്കും കാരണമായിരുന്നു.

കുടുംബത്തിനകത്തെ അസമമായ അധികാരബന്ധങ്ങളിൽ നിന്നെന്ന പോലെ ലൈംഗികകച്ചവടത്തിൽ നിന്നുള്ള മോചനവും ആഗ്രഹിച്ച സ്ത്രീപ്രവർത്തകർ പണം കൊടുത്തുവാങ്ങാവുന്ന ചരക്കല്ല സ്ത്രീ എന്നു ബോധ്യപ്പെടുത്തി. പുരുഷന്റെ ലൈംഗികഅരാജകത്വത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്ന, ആൺകോയ്മക്കു വേണ്ടി സൃഷ്ടിക്കപ്പെട്ട വേശ്യാസമ്പ്രദായം ഇല്ലാതാക്കി അതിലെ സ്ത്രീകൾക്ക് അധ്വാനിച്ച് അഭിമാനത്തോടെ ജീവിക്കാനുള്ള വകയുണ്ടാക്കണമെന്ന ആഗ്രഹം അജിത പങ്കുവയ്ക്കുന്നുണ്ട്.[49] ഭാവിതലമുറയെ ആപത്കരവഴിയിലേക്ക് നയിക്കുന്ന സെക്സ്ടൂറിസം പോലുള്ള പ്രവണതകളോടുള്ള എതിർപ്പും സ്ത്രീവാദികൾ പ്രകടമാക്കി. ആദ്യഘട്ട രാഷ്ട്രീയഫെമിനിസത്തെ പോലെ വിപ്ലവാത്മകശൈലി പുലർത്താനായില്ലെങ്കിലും സ്ത്രീജനസാമാന്യവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. സ്ത്രീപ്രശ്നങ്ങളുമായി അഭയം തേടിവരുന്നവർക്ക് കരയാനും തുറന്നുപറയാനുമൊരിടം എന്ന അവസ്ഥയിൽ നിന്ന് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന സംഘടനയായിമാറിയ അന്വേഷിയുടെ (കോഴിക്കോട്) വളർച്ച അതിനു

തെളിവാണ്. ഭരണകൂടത്തിൽ നിന്നും ജനാധിപത്യവ്യവസ്ഥയിൽ നിന്നും അന്തസ്സോടെ ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കാനായിരുന്നു ഇത്തരം കൂട്ടായ്മകളുടെ ശ്രമം.

പഞ്ചായത്ത് കുടുംബശ്രീതല പ്രവർത്തനങ്ങൾ, തൊഴിൽസ്ഥലങ്ങളിലെ സ്ത്രീകൂട്ടായ്മകൾ, വിമൻസ്സ്റ്റഡീസ് പഠനരംഗത്തും ഫെമിനിസ്റ്റ് പ്രവർത്തനത്തിലുമുള്ള സ്ത്രീകളുടെ താൽപ്പര്യം, ഇസ്ലാമിക ആത്മീയതയാൽ പ്രേരിതമായ സ്ത്രീമുന്നേറ്റങ്ങൾ തുടങ്ങി സ്വകാര്യ/പൊതുമണ്ഡലത്തിന്റെ മേഖലകളിലുള്ള ഇടപെടൽ ഫെമിനിസത്തിനു സാമൂഹികമണ്ഡലങ്ങളിൽ അവഗണിക്കാനാവാത്ത സ്ഥാനം നൽകി.

അധീശപ്രത്യയശാസ്ത്രങ്ങളെ എതിരിടാനുള്ള രാഷ്ട്രീയമായി മാറാനുള്ള ഫെമിനിസ്റ്റ് ശ്രമങ്ങൾ സ്ത്രീപുരുഷബന്ധങ്ങളുടെ ജനാധിപത്യവത്കരണത്തിനും സാമൂഹ്യവ്യവസ്ഥയുടെ സമൂലമാറ്റത്തിനുമാണ് ഊന്നൽ നൽകിയത്. പ്രാന്തവത്കരിക്കപ്പെടുന്ന വിഭാഗങ്ങൾ മുഖ്യധാരയിലേക്ക് വരുന്ന, ജാതിലിംഗസാമ്പത്തിക ചൂഷണങ്ങൾ പ്രതിരോധിക്കപ്പെടുന്ന ഇത്തരമൊരു വ്യവസ്ഥയ്ക്കായുള്ള ആഗ്രഹം ഫെമിനിസത്തെ ജീവന്റെ പുരോഗതിക്കു വേണ്ടിയുള്ള ദർശനമാക്കി മാറ്റി. സ്ത്രീപുരുഷബന്ധങ്ങളുടെ എന്ന പോലെ മാനുഷികതയുടെയും പുന:സംഘാടനത്തെ ലക്ഷ്യമാക്കുന്ന ഇത്തരമൊരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ സുഗതകുമാരിയുടെ രചനകളെ വിശകലനം ചെയ്യാനാണ് പ്രബന്ധത്തിന്റെ തുടർന്നുള്ള അധ്യായങ്ങളിൽ ശ്രമിക്കുന്നത്.

# കുറിപ്പുകൾ

1. Valerie Sanders, 'First Wave Feminism', *Feminism and Postfeminism*, Sara Gamble (ed.), London: Routledge, 2001, p.17.
2. ഫ്രെഡറിക് എംഗൽസ്, *കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം*, കാലിക്കറ്റ് യൂനിവേഴ്സിറ്റി: ഇ. എം. എസ് ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ് & റിസർച്ച്, 2007, പുറങ്ങൾ. 72–73.
3. അതേ പുസ്തകം, പുറം. 95.
4. അതേ പുസ്തകം, പുറം. 106.
5. എം. ലീലാവതി, *ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം*, തിരുവനന്തപുരം: പ്രഭാത് ബുക്ഹൗസ്, 2000, പുറം.51.
6. Virginia Woolf, *A Room of One's own*, Cambridge University Press, 1998, p. 59.
7. Simone de Beauvior, *The secondsex*, Penguin: Harmondsworth, 1972, p.82.
8. Betty Friedan, *The Feminine Mystique*, Penguin: Harmonndsworth, 1998, p.p. 47-50.
9. Toril Moi, *Sexual/Textual Poltics*, London:Routledge, 1995, p.p.19-31.
10. Judith Evans, *Feminist Literary Theory Today*, London: Sage publications, 1996, pp. 67-70.
11. Germain Greer, *The Female Eunuch*, Flamingo: London, 1993, p. 237.
12. Carolyn Merchant, *The Death of Nature: Women, Ecology and the Scientific Revolution*, New York: Harper and Row, 1980, p.183.
13. Ariel Salleh, *Ecofeminism as Politics: Nature Marx and the Post modern,* London: Zed Books, 1997.
14. Ibid., pp.53-66.

15. Sherry B Ortner, 'Is Female to Male as nature is to Culture?' *Women, culture and society,* M.Z. Rosaldo and L. Lamphere (ed.) Stanford: Stanford University Press, 1974, p.p. 67-72.

16. വന്ദനാശിവ, *ആഗോളവൽക്കരണം സ്ത്രീ പ്രകൃതി,* ജോർജ്ജ്. കെ. അലക്സ് (വിവ.), ആലപ്പുഴ: ഫേബിയൻ ബുക്സ്, 2007, പുറം.80.

17. ശാരദക്കുട്ടി എസ്സ്, 'പാരിസ്ഥിതിക സ്ത്രീവാദം', *ഫെമിനിസം,* എൻ. ജയകൃഷ്ണൻ (എഡി.), തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം.370.

18. ജോർജ്ജ്. കെ. അലക്സ്, *ഹരിതരാഷ്ട്രീയം ചരിത്രം സിദ്ധാന്തം പ്രയോഗം,* കോട്ടയം: ഡി. സി. ബുക്സ്, 2003, പുറം.20.

19. വൃന്ദാകാരാട്ട്, 'ആഗോളവൽക്കരണകാലത്തെ സ്ത്രീകൾ', *ആഗോള വൽക്കരണവും, സ്ത്രീകളും,* സെമിനാർ പ്രബന്ധങ്ങൾ, കോഴിക്കോട്: കേളുവേട്ടൻ പഠനഗവേഷണകേന്ദ്രം, 2012, പുറം.11.

20. ജോൺബെല്ലാമി ഫോസ്റ്റർ, *മുതലാളിത്തത്തിനെതിരെ പരിസ്ഥിതി വിജ്ഞാനം,* എം. പി. പരമേശ്വരൻ (വിവ.), തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, 2008, പുറം.80.

21. Vandana Siva, 'The Chipko Women's Concept of Freedom', *Eco Feminism*, Maria Mies, Vandana Siva (ed.), New Delhi: Kali for women, 1993, p.p.246-256.

22. മേധാപട്കർ, *അതിജീവനത്തിന്റെ സമരങ്ങൾ,* ടി. എസ്. ഇസ്മ (എഡി.) കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2012, പുറം.59.

23. ജ്യോതിബായ് പരിയാടത്ത്, *മയിലമ്മ ഒരു ജീവിതം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006, പുറം.55.

24. ലീലാകുമാരിയമ്മ, 'പ്രകൃതിയെ ദ്രോഹിക്കുന്നത് അവസാനിപ്പിക്കുക,' *എൻഡോസൾഫാൻ നരകത്തിലേക്ക് തുറക്കുന്ന വാതിൽ,* സലീം

പൂപ്പലം (എഡി.), കോഴിക്കോട്: സോളിഡാരിറ്റിയൂത്ത്മൂവ്മെന്റ്, 2011, പുറങ്ങൾ.167-69.

25. Mary Meller, Breaking the Boundaries, Virago 1992.

26. Ynestra King, *Healing the wounds Feminism Ecology and Nature/Culture Dualism in - Reweaving the world*, Diamond & G.F.Orenstein (ed.) Sanfransisco: Sierraclub Books, 1990, p.112.

27. Chhaya Datar, *Ecofeminism Revisited*, Jaipur: Rawat Publications, 2011, p.11.

28. Mary Meller, *Feminism and Ecology*, New York:New York University Press, 1997, p.221.

29. സി. എസ്. ചന്ദ്രിക, *കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം*, തൃശ്ശൂർ: കേരള സാഹിത്യഅക്കാദമി, 1998, പുറം.9.

30. ഗീത. പി. *പെൺകാലങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 2010, പുറം. 57.

31. അതേ പുസ്തകം, പുറങ്ങൾ. 58-75.

32. കെ. ദേവയാനി, *ചോരയും കണ്ണീരും നനഞ്ഞ വഴികൾ*, തൃശ്ശൂർ: സമത എ കലക്ടീവ് ഫോർ ജൻഡർജസ്റ്റിസ്, 2011.

33. ആണ്ടലാട്ട്, *രേഖയില്ലാത്ത ചരിത്രം*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1990, പുറങ്ങൾ.147-153.

34. ടി. കെ. ആനന്ദി, *ജനകീയസമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ*, തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2006, പുറം.120.

35. ഗീത. പി, *പെൺകാലങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 2010, പുറം.125.

36. അതേ പുസ്തകം, പുറം.140.

37. എൻ. കെ. രവീന്ദ്രൻ, *പെണ്ണെഴുതുന്ന ജീവിതം*, കോഴിക്കോട്: മാതൃഭൂമിബുക്സ്, 2010, പുറം.36.

38. സാറാജോസഫ്, *ഭഗവദ്ഗീതയുടെ അടുക്കളയിൽ എഴുത്തുകാർ വേവിക്കുന്നത്*, കോഴിക്കോട്: സെക്കുലർ ബുക്സ്, 2000, പുറം.91.

39. ലളിതാംബിക അന്തർജ്ജനം, *ആത്മകഥയ്ക്ക് ഒരാമുഖം*, തൃശ്ശൂർ: കറന്റ് ബുക്സ്, 2007, പുറം. 89

40. Adrienne Rich, 'When we Dead Awaken: Writing as Re-vision', *Feminist Literary Theory: A Reader*, Mary Eagleton (ed.), Oxford: Basil Blackwell, 1987, p.p.60-61.

41. സി. എസ്. ചന്ദ്രിക, *കെ. സരസ്വതിയമ്മ, ഭാരതീയ സാഹിത്യശിൽപ്പി കൾ*, ന്യൂഡൽഹി: സാഹിത്യ അക്കാദമി, 2000, പുറം.20.

42. അതേ പുസ്തകം, പുറം. 103.

43. രാജലക്ഷ്മി, 'ചങ്ങലകൾ പൊട്ടിക്കാൻ ഇനിയും', *ഗ്രന്ഥാലോകം*, വാല്യം 62, ലക്കം 7, 2012 മെയ്, പുറങ്ങൾ.16-18.

44. എൻ. കെ. രവീന്ദ്രൻ, *പെണ്ണെഴുതുന്ന ജീവിതം*, കോഴിക്കോട്: മാതൃ ഭൂമി ബുക്സ്, 2010, പുറം. 66.

45. ഷംഷാദ് ഹുസൈൻ, 'ഹായ് . . . മാധവിക്കുട്ടി', *മാധവിക്കുട്ടി രാഗം നീലാംബരി*, ഷംസുദ്ദീൻ കുട്ടോത്ത് (എഡി.), തിരുവനന്തപുരം: കേര ളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009, പുറം.387.

46. എം. കെ. വേണുഗോപാലൻ, 'ഫെമിനിസം ആധുനികത ജ്ഞാനസി ദ്ധാന്തപരമായ ഒരന്വേഷണം', *മലയാളം റിസർച്ച് ജേണൽ*, വാല്യം 5, ലക്കം 2, 2012 മെയ് - ആഗസ്റ്റ്, പുറം.1481.

47. ജെ.ദേവിക,'സ്ത്രീപക്ഷരാഷ്ട്രീയവും സ്ത്രീപ്രശ്നത്തിന്റെ സർക്കാർവ ത്കരണവും കേരളത്തിൽ', *സംഘടിത* (അന്വേഷി പ്രസിദ്ധീകരണം) വാല്യം 3, ലക്കം 1, 2012 ജനുവരി, പുറം.7.

48. അതേ പുസ്തകം, പുറം.9.

49. കെ. അജിത, 'ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ', *സംഘ ടിത* (അന്വേഷി പ്രസിദ്ധീകരണം) വാല്യം 3, ലക്കം 5, 2012 മെയ്, പുറം 10-11.

# അധ്യായം രണ്ട്

# സുഗതകുമാരിക്കൃതികളിലെ പാരിസ്ഥിതിക സ്ത്രീവാദ സമീപനം

ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീ/പ്രകൃതി അവസ്ഥകളുടെ സമാനതയിൽ ഊന്നുന്ന പാരിസ്ഥിതികസ്ത്രീവാദസമീപനത്തിന്റെ അടിസ്ഥാനത്തിൽ സുഗതകുമാരിയുടെ കൃതികളെ വിശകലനം ചെയ്യാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്. കാല്പനികതയുടെ പരിസരങ്ങളിൽ നിന്ന് സ്ത്രീയുടെയും പ്രകൃതിയുടെയും ജീവജാലങ്ങളുടെയും പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന കവിവ്യക്തിത്വത്തിന്റെ സഞ്ചാരത്തെയും അന്വേഷണവിധേയമാക്കുന്നു. പഠനസൗകര്യത്തിനായി അന്വേഷണത്തെ പ്രകൃതിയുമായുള്ള ലയം, ഇടപെടലും ബോധരൂപീകരണവും, പീഡിപ്പിക്കപ്പെടുന്ന ജീവന്റെ മുറിവുകൾ, അടിച്ചമർത്തപ്പെടുന്ന ആദിവാസികൾ, മലിനീകരണത്തിന്റെ വിവിധ മുഖങ്ങൾ, വികസനത്തിന്റെ നീതിശാസ്ത്രം, പാരിസ്ഥിതികമായ അവബോധം, പെണ്ണും പ്രകൃതിയും എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്നു.

## 2.1 പ്രകൃതിയുമായുള്ള ലയം

സുഗതകുമാരിയുടെ ആദ്യകാലകവിതകളിൽ കാല്പനികഭാവത്തോടെ പ്രകൃതിയെയും സ്ത്രീയെയും സമീപിക്കുന്ന കവിയെയാണ് കാണാനാവുക. പ്രകൃതിയുടെ രൂപഭാവങ്ങളിൽ അഭിരമിക്കുന്ന, അതിന്റെ ഭാഗമായി മനുഷ്യനെ അറിയുന്ന സമീപനമാണിത്. പ്രകൃതിയുടെ അജ്ഞാതസഹയാത്രികയായാണ് കവി തന്നെ കാണുന്നത്. പ്രകൃതിയിലെ മരതകക്കാഴ്ചകളിൽ മുഗ്ധയാവുകയും പ്രകൃതിയിൽ സമർപ്പിക്കുകയും അവിടെ സ്വാസ്ഥ്യം കണ്ടെത്തുകയും ചെയ്യുന്ന പ്രണയിനിയാണ് ഇവിടെ കവിത.[1]

### 2.1.1 പ്രകൃതിയുടെ മറ്റൊരു മുഖം

പ്രകൃതിയുടെ താളലയങ്ങളിലൂടെ സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും ഒഴുക്കുകൾ കണ്ടെത്തുന്ന സുഗതകുമാരി പ്രകൃതിയുടെ മറ്റൊരു മുഖമാണ് തന്നിൽ ദർശിക്കുന്നത്. തന്റെ സ്ത്രീസ്വത്വത്തിൽ നിന്ന് വ്യതിരിക്തമല്ല പ്രകൃതിയുടേതെന്ന തിരിച്ചറിവ് ഇഷ്ടാനിഷ്ടങ്ങളും സുഖദുഃഖങ്ങളും പങ്കുവെയ്ക്കാനുള്ള മാധ്യമമായി പ്രകൃതിയെ മാറ്റിത്തീർത്തു. ചക്രവാളത്തിൻ കീഴിൽ ഏകനായി നിൽക്കുന്ന കവി പ്രകൃതിയിലെ ദുഃഖപ്രതീകങ്ങളായ ഭാവങ്ങളെയെല്ലാം തന്റെ ദു:ഖവുമായി ചേർത്തുവെയ്ക്കുന്ന കവിതയാണ് *വർഷമയൂരം.*

ഈ മഴക്കാറും കുട്ടി-
ക്കളി മാറാത്തീക്കാറ്റു-
മീ നീലക്കടലിന്റെ
ദുഃഖവുമെന്റേതല്ലോ

വ്യക്തിപരമായ അസ്വസ്ഥതകളെ വിശ്വവ്യാപകമാക്കി വളർത്തി സ്വയം ആശ്വാസം കണ്ടെത്താനുള്ള പ്രവണത സുഗതകുമാരിയിൽ ശക്തമാണെന്ന് എം.എം. ബഷീർ ചൂണ്ടിക്കാട്ടുന്നുണ്ട്.[2]

അനുഭവങ്ങളിൽ സ്വയം മറക്കുന്ന, വൈകാരികമൂർച്ഛയിൽ അലിഞ്ഞില്ലാതാകുന്ന സ്ത്രീത്വത്തിനു കൂട്ടായെത്തുന്നതും പ്രകൃതിതന്നെ.

മേലിലുച്ചലം വാനം
താണുവന്നതായ് തോന്നീ
ഭൂമിയെൻ കാൽക്കൽ കുതി
ച്ചോളമാർന്നതായ് തോന്നീ (ഒരുനിമിഷം)

പ്രകൃതിക്കു മുന്നിൽ അത്ഭുതാഹ്ലാദങ്ങളോടെ നിൽക്കുന്ന കവി വിശ്വത്തെ

യാകെ വാരിപ്പുണരാനുള്ള ആഗ്രഹം *ഇന്ദ്രജാല*ത്തിലും ആവിഷ്കരിക്കുന്നുണ്ട്. പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനിൽ നിന്ന് വ്യത്യസ്തമായികാണുന്നതിനൊപ്പംതന്നെ പ്രകൃതിയുടെ അവിഭാജ്യഘടകമാണ് മനുഷ്യൻ എന്നു തിരിച്ചറിയുന്ന ആന്തരിക സംസ്കാരത്തിന്റെ നിറവാണ് ഇത്തരമൊരു ആഹ്ലാദത്തിനും ആനന്ദത്തിനും കാരണം.[3] ജീവിതവഴികളിൽ കൂട്ടായെത്തുന്ന സുഹൃത്തും സഹകാരിയുമായി പ്രകൃതിയെ കാണുന്ന കവിതന്റെ മാനസികഭാവമാണ് പ്രകൃതിയിലും ദർശിക്കുന്നത്.

### 2.1.2 പ്രകൃതിയുടെ ഭാഗമായ മനസ്സ്

പ്രകൃതിദൃശ്യങ്ങൾ കവിഹൃദയത്തിലെ വികാരത്തിന്റെ പ്രതിബിംബമാവുന്ന കവിതയാണ് *തുലാവർഷത്തിൽ.*

രാവാണു തണുപ്പാണു
മരവിപ്പിക്കും വർഷ
കാലമാണിരുളാണ്
മന്നിലും മനസ്സിലും (തുലാവർഷത്തിൽ)

വെണ്ണിലാവും മഴപ്പെയ്ത്തുമൊപ്പം നടത്തി കവിമനസ്സുമായി സംവദിക്കുന്ന പ്രകൃതിയാണ് *വിടചോദിക്കുമ്പോൾ* എന്ന കവിതയിലുള്ളത്. സ്പർശം, ഗന്ധം, നിറം, ശബ്ദം, എന്നിങ്ങനെ ഇന്ദ്രിയാനുഭവങ്ങളെ പ്രത്യക്ഷവൽക്കരിക്കുന്ന കവി പുല്ലായ്, പുതുപൂവുകളായി, മരങ്ങളായി, ചോലകളായി, തെളിനീരിൻ ഗാനമായി മാറുന്ന സ്ത്രീയനുഭവം *വർഷ*മയൂരത്തിൽ പ്രകടമാക്കുന്നുണ്ട്. യാഥാർത്ഥ്യത്തിനും സ്വപ്നത്തിനും ഇടയിൽപ്പെട്ടുപോകുന്ന പെണ്ണ് ജീവിതത്തെ അനുഭവിക്കുന്നതും നേരിടുന്നതും പ്രകൃതിക്കൊപ്പമാണ്. അതിനാലാണ് ഭൂമിയുടെ ആർദ്രത നഷ്ടമാവുമ്പോൾ തന്റെ മനസ്സും വന്ധ്യമാവുമോ എന്ന ഭയം *മാതൃദർശന*ത്തിൽ കവിയ്ക്കു പങ്കുവയ്ക്കേണ്ടി വരുന്നത്.

പ്രകൃതിയിലെന്ന പോലെ അതിലെ ജീവജാലങ്ങളിലും തന്റെ മാനസികഭാവം കണ്ടെത്തുന്ന കവി മഴപ്പാടത്തിൽ ചളിയിൽ മദിക്കുന്ന കറവ വറ്റിയ എരുമയോടാണ് സാത്മ്യപ്പെടുന്നത്.

കറവ വറ്റിയ
പണിയൊന്നുമില്ലാത്ത
ചെളിയിൽ മുങ്ങുമീ
യെരുമയെപ്പോലെ (എരുമ)

പ്രകൃതിചേതനയിൽ നിന്നും വേറിട്ട ഒരസ്തിത്വം മനുഷ്യന് സാധ്യമല്ലെന്ന നിരീക്ഷണം മുന്നോട്ടുവെയ്ക്കുന്ന സുഗതകുമാരിക്ക് പ്രപഞ്ചത്തിൽ നിറഞ്ഞിരിക്കുന്ന മാതൃചൈതന്യത്തിൽ സുരക്ഷിതത്വം നേടാനാണ് ആഗ്രഹം.

### 2.1.3 ഭൂമിയും അമ്മയും

എല്ലാ ജീവജാലങ്ങളുമടങ്ങുന്ന മഹാജീവചൈതന്യത്തെ ഒരുപോലെ കാത്തുവളർത്തുന്ന ഭൂമിയുടെ ഹരിതമായ ആത്മീയത ഇഷ്ടപ്പെടുന്ന സുഗതകുമാരി നിത്യവസന്തത്തിൽ വസുന്ധരയും മംഗലപ്രേമസൗഭാഗ്യപൂർണ്ണയുമായ അമ്മയെ ആരാധിക്കുന്നവളാണ് താനെന്ന് *ഒരു മറുനാടൻ കിനാവിൽ* വ്യക്തമാക്കുന്നു. ആരാധന നിറഞ്ഞ ആത്മബന്ധം കവിയുടെ ഇഷ്ടാനിഷ്ടങ്ങളിലും സുഖദുഃഖങ്ങളിലും പങ്കുകൊള്ളുന്ന മാതാവായി ഭൂമിയെ മാറ്റുന്നതാണ് *ഒരു നിലാവിന്റെ ലഹരി*യിലും കാണുക.

എന്റെ ഭൂമിയെ, യീ ദുഃഖ
മയീയാമെന്റെയമ്മയെ
എന്റെയാഹ്ലാദമേളത്തിൽ
പുഞ്ചിരികൊള്ളുമമ്മയെ

കാല്പനികാനുഭൂതിയുടെ വിവിധതയും വിഭിന്നതയും അതിഭാവുക

ത്വവും പുരുഷൻ സ്വന്തമാക്കുമ്പോൾ പ്രകൃതിയെന്ന മാതാവിനോട് താദാത്മ്യം പ്രാപിക്കാനാണ് സ്ത്രീക്ക് കൂടുതലിഷ്ടം. ലോകകേന്ദ്രിതമായ പുരുഷഭാവന പ്രകൃതിയെ കാമിനിയും ലൈംഗികചിഹ്നവുമായി ചിത്രീകരിക്കുമ്പോൾ സ്ത്രീക്ക് പ്രകൃതി മാതാവും സുഹൃത്തും സഹകാരിയുമായി മാറുന്നു.[4] താനും തന്റെ ശരീരവും സ്വപ്നവും ഭൂമിയുടേതാണെന്നു തിരിച്ചറിയുന്ന സ്ത്രീസ്വരമാണ് *ഒരുകൈ നിറയെ വെളിച്ച*ത്തിലുള്ളത്.

പ്രകൃതിയുടെ ഓരോ നിശ്വാസവും തന്റേതാക്കി മാറ്റാൻ ആഗ്രഹിക്കുന്ന കവി ജീവിതാവസ്ഥകളും പ്രാകൃതികഭാവങ്ങളും തമ്മിൽ കൂട്ടിയിണക്കലാണ് ലക്ഷ്യമാക്കുന്നത്.

### 2.1.4 പ്രകൃതിയുടെ രൂപഭാവങ്ങൾ

പ്രകൃതിപ്രതിഭാസങ്ങളിലെല്ലാം കവിത കണ്ടെത്തുന്ന സുഗതകുമാരി സന്ധ്യ, നിലാവ്, രാത്രി, മഴ, കടൽ എന്നിങ്ങനെ ഋതുവിലാസങ്ങളിൽ ചിലതിനോട് സവിശേഷാഭിമുഖ്യം പുലർത്തുന്നുണ്ട്. സന്ധ്യയുടെ നനുത്ത സ്പർശത്തിലും നിലാവിന്റെ മായികതയിലും രാത്രിയുടെ നിഗൂഢതയിലും മഴയുടെ കുളിരിലും കടലിന്റെ അപാരതയിലും നിറഞ്ഞു നിൽക്കുന്ന പ്രപഞ്ചചൈതന്യത്തോട് താദാത്മ്യം പ്രാപിക്കാനാണ് കവിക്കിഷ്ടം.

#### 2.1.4.1 സന്ധ്യയുടെ ഗ്രാമീണത്തനിമ

*പോക്കുവെയിൽ വിരൽത്തുമ്പാലൊന്നു /തൊട്ടപ്പോൾ ആകെ തുടുത്തവളായ* (അത്രമേൽ സ്നേഹിക്കയാൽ) സായംസന്ധ്യയിൽ യൗവ്വനയുക്തയായ സ്ത്രീയുടെ നാണമാണ് പ്രകടം.

നെറ്റിയിലിറ്റു നിലാവിൻ ചന്ദന
മിട്ടും കൈയിലൊരഞ്ചാറിതളും
മൊട്ടും പേറിയുമാവഴി തെല്ലു
തിടുക്കിൽ നടന്നുവരുന്നൂ സന്ധ്യ (വെളുത്ത പൂവുകൾ)

എന്ന വരികളും കേരളീയഗ്രാമീണകന്യകയുടെ രൂപവും ഭാവവും സന്ധ്യ യ്ക്കു നൽകുന്നു. സന്ധ്യയുടെ ശാലീനഭാവത്തിനു മുൻതൂക്കം നൽകുന്ന സുഗതകുമാരി ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയുടെ ചൂടിൽ നിന്നും രക്ഷിക്കുന്ന സന്ധ്യയുടെ നനുത്ത സ്പർശത്തെയും ആവിഷ്കരിക്കുന്നുണ്ട് (സന്ധ്യ).

### 2.1.4.2 നിലാവിന്റെ മായികത

നിലാവിന്റെ സൗന്ദര്യത്തിൽ മതിമറക്കുന്ന കവിയാണ് *ഒരു നിലാ വിന്റെ ലഹരിയി*ലുള്ളത്. *നിലാവ്, നീയാകും നിലാവിനെ, നിലാവിനു മണ മുണ്ട്* തുടങ്ങിയ കവിതകളിലൂടെ നിലാവിനെ മനുഷ്യഹൃദയവുമായി ചേർത്തുവയ്ക്കുന്ന കവി ആധുനികതയുടെ വേഗതയും വർണ്ണവെളിച്ചങ്ങ ളുടെ മായികതയും നിലാവിന്റെ സഞ്ചാരത്തെ പരിമിതപ്പെടുത്തിയതിൽ ഏറെ അസ്വസ്ഥയാണ്.

ആകെത്തിരക്കാണു നിലാവിനു, വൈദ്യുതി
വേഗമെത്തും രാകഴിഞ്ഞു പോകും (നിലാവ്)

പ്രകൃതിയുടെ താളലയങ്ങൾ ആസ്വദിച്ച് നിറഭംഗികളിൽ മുഴുകിക്കഴി യുന്ന കവിക്ക് നിലാവ് എന്നതുപോലെ രാത്രിയും പ്രധാനപ്പെട്ടതുതന്നെ.

### 2.1.4.3 രാത്രിയുടെ ഭാവതലം

പ്രകൃതിയുടെയും ജീവിതത്തിന്റെയും ഹൃദ്യമായ സമന്വയമാണ് രാത്രി. അമ്മ, കാമുകി, പത്നി, ശത്രു, മൃത്യു എന്നീ സങ്കൽപവുമായി രാത്രിയെ ബന്ധിപ്പിക്കുന്ന കവി വാത്സല്യം, പ്രണയം, സുരക്ഷിതത്വം, ഉൽക്കണ്ഠ, അസ്വസ്ഥത, അപരിചിതത്വം എന്നിങ്ങനെ വ്യത്യസ്താനുഭവങ്ങ ളുടെയും വിഭിന്നാവസ്ഥകളുടെയും സമവായമായി രാത്രിയെ മാറ്റുന്നു.[5] വിവിധഭാവങ്ങൾ നൽകാൻകഴിയുന്ന കാലമായി രാത്രിയെ കണ്ട കവി *രാത്രി ജീവിതംപോലെ* എന്നാണ് *രാത്രി* എന്ന കവിത അവസാനിപ്പിക്കുന്നത്.

### 2.1.4.4 മഴയുടെ പെൺമുഖം

സുഗതകുമാരിയുടെ കവിതയെ ആഴത്തിൽ സ്പർശിക്കുന്ന അനുഭൂതിയാണ് മഴ. ഋതുവിലാസങ്ങളിൽ വച്ച് അവർക്കേറ്റവും ഇഷ്ടം മഴയായിരിക്കണം എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[6] മനുഷ്യനെ വേദനയുടെ ചൂടിൽ നിന്നകറ്റുന്ന വർഷമയൂരത്തോടൊപ്പം നർത്തനമാടാൻ കൊതിക്കുന്ന കവി (വർഷമയൂരം) മഴയുടെ സമൃദ്ധകാലഘട്ടത്തിന്റെ ഓർമ്മകൾ വരുംകാലങ്ങളിൽ തനിക്കു തുണയാകുമെന്ന വിശ്വാസം *മഴയിൽ* സൂചിപ്പിക്കുന്നുണ്ട്. മഴ കൂട്ടുകാരിയാണ്, സൗമ്യയും ദയാമയിയുമാണ്, സൗഭാഗ്യരാത്രികളിൽ നിലാവിനേക്കാൾ പ്രിയം വാരിക്കോരിതന്നവൾ എന്നിങ്ങനെ വേദനിക്കുകയും കരയുകയും ചിരിക്കുകയും ചെയ്യുന്ന മഴയുടെ ഭാവങ്ങൾ ആവിഷ്കരിക്കുന്ന കവിക്ക് രാത്രിമഴയാണ് ഏറെ പരിചിതം.[7] ഇരുട്ട്, മഴ, ഭ്രാന്ത്, കണ്ണീർ, കരച്ചിൽ, കാത്തിരിപ്പ്, പീഡനം, സ്വപ്നം, സന്ധ്യ, രാത്രി, രാത്രിമഴ, എന്നീ പദങ്ങൾ പൊതുവെ സ്ത്രീപക്ഷരചനകളിൽ കൂടുതലായി കാണാം. ഈ പദങ്ങൾ നിത്യജീവിതത്തിന്റെ അകത്തളങ്ങളിലേക്ക് തുറക്കുന്ന വാതിലുകളായതിനാലാണ് അങ്ങനെ സംഭവിക്കുന്നത്. സ്വയം വേദന സഹിക്കുമ്പോഴും മറ്റുള്ളവർക്ക് ആർദ്രത പ്രദാനം ചെയ്യുന്ന മനുഷ്യമനസ്സിന്റെ പ്രതീകമായാണ് മഴയുടെ ഭിന്നമുഖങ്ങളെ സുഗതകുമാരി അവതരിപ്പിക്കുന്നത്.

### 2.1.4.5 പ്രക്ഷുബ്ധതയുടെ സൗന്ദര്യം

ആത്മദുഃഖത്തെ ആഴക്കടലിന്റെ ചലനങ്ങളോട് സാദൃശ്യപ്പെടുത്തി ആശ്വാസം കൊള്ളാനാണ് സുഗതകുമാരിയുടെ ശ്രമം. കവിയുടെ ദൃഷ്ടിയിൽ ഓരോ വ്യക്തിജീവിതത്തിന്റെയും നേട്ടം കടലിലൊരുതുള്ളി കണ്ണുനീർ കലർത്തുകയാണെന്ന് *പാവം മാനവഹൃദയത്തിന്റെ* ആമുഖത്തിൽ എൻ.വി കൃഷ്ണവാര്യർ സൂചിപ്പിക്കുന്നുണ്ട്.[8]

വെൺതിരനുരപ്പൂക്കൾ വെറുക്കനെവാരി-
ച്ചിതറി പിന്നെയുമിരമ്പിയാർത്തിടും

കടലേ, ഹാ കരിങ്കടലേ, നിന്നിൽ ഞാൻ
അനുരക്തൻ പണ്ടേ (കടലിനോട്)

എന്ന് പ്രക്ഷുബ്ധതയുടെ സൗന്ദര്യത്തോടുള്ള താൽപര്യം കവി വ്യക്തമാക്കുന്നു. നിത്യാസ്വസ്ഥമായ മനസ്സിന്റെ പ്രതീകമാണ് പ്രക്ഷുബ്ധമായ കടൽ. വിദൂരത്തിലും അരികിലും ഉള്ളിലും അസ്വസ്ഥമായി ഇരമ്പുന്ന കടലാണ് *കടലിരമ്പുന്നു* എന്ന കവിതയിലുള്ളത്. സ്ത്രീമനസ്സിന്റെ അസ്വസ്ഥതകളെ കടലെന്ന ബിംബത്തിലൂടെ ആവിഷ്കരിക്കാനാവുമെന്ന് *രാജലക്ഷ്മിയോട്* എന്ന കവിതയും തെളിയിക്കുന്നു. ഇളവെയിലേറ്റുമയങ്ങുന്ന പൊയ്കയുടെ സ്വപ്നസുഖത്തേക്കാൾ പിടയുന്ന കരളോടുകൂടിയ കടലിന്റെ തേങ്ങലിനെ ഇഷ്ടപ്പെടുന്ന ദുഃഖാഭിരതിപ്രവണത സുഗതകുമാരിയിൽ ശക്തമാണെന്ന് എം. ലീലാവതി ചൂണ്ടിക്കാട്ടുന്നുണ്ട്.[9]

സമുദ്രത്തിന്റെ ദുഃഖഭാരവും അസ്വസ്ഥതയും കണ്ടറിഞ്ഞ കവി കടലിന്റെ മോഹനരൂപവും ദർശിക്കുന്നുണ്ട്. *പാവം മാനവഹൃദയ*ത്തിൽ ജീവിതനർത്തനമാടുന്ന സുഖദായകിയായ കടലാണുള്ളത്.

കടലലയെല്ലാം വീണക്കമ്പിക-
ളായി മുറുക്കിക്കരളിൽ പഴയൊരു
തുടികൊട്ടിപ്പുതുപാട്ടുകൾ പാടി
രസിക്കും മാനവഹൃദയം (പാവം മാനവഹൃദയം)

സ്വന്തം സർഗ്ഗവ്യാപാരത്തെ കുറിച്ചെഴുതിയ ലേഖനത്തിൽ പക്ഷിക്ക് പാടിയേ കഴിയൂ, തൊട്ടാവാടിച്ചെടിക്ക് വാടിയേകഴിയൂ, തിരമാലക്ക് ആഹ്ലാദത്തോടെ സ്വയം ഉയർന്നടിച്ചു ചിതറിയേ കഴിയൂ, എന്നിങ്ങനെ പൊട്ടിച്ചിതറുന്ന തിരമാലകളുടെ വശ്യത സുഗതകുമാരി എടുത്തുകാട്ടുന്നുണ്ട്.[10] അപാരതയെ അളക്കാനുള്ള വെമ്പലും അന്തർമുഖത്വത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനുള്ള ആഗ്രഹവുമാണ് കടലിനോടും ഋതുവിലാസങ്ങളോടുമുള്ള കവിയുടെ പ്രത്യേക താൽപര്യത്തിനു നിദാനം.

### 2.1.5 ഗൃഹാതുരത്വം

കാൽപനികതയുടെ സവിശേഷതയാണ് ഗൃഹാതുരത്വം. വർത്തമാന കാലം നഷ്ടങ്ങളുടെയും ധാർമ്മികത്തകർച്ചകളുടെയും കാലമായതിനാൽ പഴയകാലങ്ങളുടെ ഗൃഹാതുരതയെ നന്മയോടെ സ്മരിക്കാനാണ് കവിക്കിഷ്ടം. ഗ്രാമവും ഗ്രാമജീവിതവും ഗ്രാമനന്മകളും സംസ്കാരത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും മുഖ്യ ഘടകങ്ങളാണ്. *ഒരു മറുനാടൻ കിനാവിൽ* സ്വന്തം നാടിന്റെ സൗഭാഗ്യങ്ങൾ കവി വരച്ചുകാട്ടുന്നുണ്ട്.

സീമന്തരേഖയിൽ ചോപ്പു
ചാർത്തിടും യുവസന്ധ്യകൾ
കോമളാംഗുലിയാൽ വെള്ളി-
പ്പൂക്കൾ ചിന്നുന്ന രാത്രികൾ

എന്നിങ്ങനെ പ്രകൃതിയുടെ സ്വച്ഛതയിലേക്കും നൈസർഗ്ഗികഭാവങ്ങളിലേക്കുമുള്ള മടങ്ങിപ്പോക്കിനോടാണ് കവിക്ക് ഏറെ താൽപര്യം.

രാജ്യത്തു നടമാടുന്ന അധർമ്മത്തിൽ മനംനൊന്ത് ദേശാടനക്കിളിയെപ്പോലെ ചിറകടിച്ചകലാൻ കവി കൊതിക്കുന്നെങ്കിലും ജന്മഗൃഹം വെടിയുമ്പോൾ അനുഭവപ്പെടുന്ന നഷ്ടബോധം അതിനു സമ്മതിക്കുന്നില്ല.

എങ്കിലുമമ്മേ, നിന്നെ
വിട്ടെങ്ങുപോകാൻ, എന്റെ
നൊന്തുവിങ്ങുമീയുള്ളം
നിൻ പാദം തഴുകുന്നു. (നിന്നെവിട്ടെങ്ങുപോകാൻ)

സ്വന്തം മണ്ണിനോടും മനുഷ്യനോടുമുള്ള അഗാധമായ സ്നേഹവും വിശ്വാസവുമാണ് സുഗതകുമാരിയെ ശക്തയും ധീരയുമായി പരിവർത്തിപ്പിക്കുന്നത്.

പ്രകൃതിയുമായി ലയബന്ധം സ്ഥാപിച്ച്, തന്റെ ഹൃദയവികാരങ്ങളുടെ പ്രതീകമായി പ്രകൃതിയെ മാറ്റിത്തീർക്കുന്ന സമീപനമാണ് സുഗതകുമാരിയുടെ ആദ്യകാലകവിതകളിൽ കാണാനാവുക. ബാഹ്യാനുഭവങ്ങളെ ആത്മസാൽക്കരിച്ച് സ്വാനുഭൂതിയിലൂടെ അവതരിപ്പിക്കുന്ന കവിതയിൽ പ്രകൃതിയുടെ സ്പർശക്ഷമമായ സാന്നിദ്ധ്യത്തിനാണ് മുൻതൂക്കം. കാൽപനികതയുടെ ആത്മനിഷ്ഠതയും വൈകാരികതയും മുന്നിട്ടു നിൽക്കുന്ന, സ്ത്രൈണസ്വഭാവമുള്ള പ്രകൃതികവിതകൾ അടങ്ങിയ ഈ ഘട്ടത്തെ സുഗതകുമാരിയുടെ കവിതകളുടെ സൗന്ദര്യവൽക്കരണഘട്ടം എന്നു വിശേഷിപ്പിക്കാവുന്നതാണ്. പ്രകൃതിയെ സ്വാംശീകരിക്കുകയും താദാത്മ്യപ്പെടുകയും ചെയ്യുന്ന ഈ ഘട്ടം സാമൂഹികമായ ഇടപെടലുകളിലേക്കും ക്രിയാത്മകമായ പ്രതികരണത്തിലേക്കുമുള്ള സുഗതകുമാരിയുടെ വളർച്ചയുടെ സൂചകം കൂടിയാണ്.

### 2.2 ഇടപെടലും ബോധരൂപീകരണവും

തലമുറകളായി കാത്തുസൂക്ഷിച്ചിരുന്ന മൂല്യബോധത്തിന്റെയും ലക്ഷ്യബോധത്തിന്റെയും തകർച്ചയിൽ മനംനൊന്ത് സ്വകാര്യദുഃഖത്തിന്റെ ഗീതികളാലപിച്ചിരുന്ന സുഗതകുമാരി അന്തർമുഖത്വം വിട്ട് ആക്ടിവിസത്തിന്റെ പാതയിലേക്ക് നീങ്ങിയത് സൈലന്റ്വാലി സമരത്തോടെയാണ്. എം.കെ. പ്രസാദ് 1979 ജൂൺമാസത്തിൽ മാതൃഭൂമിആഴ്ചപ്പതിപ്പിൽ എഴുതിയ *സൈലന്റ്വാലിയെ സംരക്ഷിക്കുക* എന്ന ലേഖനം[11] വായിച്ചപ്പോഴാണ് സൈലന്റ്വാലിയുടെ അനന്യതയെക്കുറിച്ചും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവർ ബോധവതിയായത്. നിത്യഹരിതവനങ്ങളുടെ പാരിസ്ഥിതികപ്രതിസന്ധിയും മഴക്കാടുകൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചചെയ്യുന്ന പ്രസാദിന്റെ ലേഖനം ഉണ്ടാക്കിയ അമ്പരപ്പിക്കുന്ന മാറ്റങ്ങൾ സുഗതകുമാരി തന്നെ വ്യക്തമാക്കുന്നു.

*ജീവിതത്തിലെ ആദ്യത്തെ വഴിത്തിരിവായിരുന്നു സൈലന്റ്വാലി. 1978 -79 കളിലായിരുന്നു അത്. ഒരുപക്ഷി വന്നുവീണു എന്നുപറഞ്ഞപോലെ മനസ്സ് പെട്ടെന്ന് പൊള്ളിക്കരഞ്ഞ് അതിലേക്കു ചെന്നുവീണു. അതല്ലാതെ നിവൃത്തിയില്ലെന്നു തോന്നി. പിന്നെ ഒരു മോചനം കിട്ടിയില്ല. പരിസ്ഥിതി പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനും ചിന്തിക്കാനും എഴുതാനും പ്രതികരിക്കാനും പ്രവർത്തിക്കാനും ഒക്കെ സൈലന്റ്വാലി എന്നെ പ്രേരിപ്പിച്ചു, നിർബന്ധിതയാക്കി. കാടിന്റെ വിളി എന്നെ വലിച്ചുകൊണ്ടുപോകുകയായിരുന്നു.*[12]

സൈലന്റ്വാലി പ്രശ്നത്തിനുമുമ്പുതന്നെ പരിസ്ഥിതിയെകുറിച്ച് സുഗതകുമാരി ഒരു ലേഖനം എഴുതിയിട്ടുണ്ട്. ഡൽഹിയിലേക്കുള്ള തീവണ്ടിയാത്രയ്ക്കിടെ സഹ്യപർവ്വതനിരകളിൽ ആളിപ്പിടിക്കുന്ന തീ കണ്ടതിന്റെ ആധിയിൽ കേരളകൗമുദിയിൽ എഴുതിയ ലേഖനം[13] പരിസ്ഥിതിക്കുവേണ്ടിയുള്ള ആദ്യപ്രതികരണമാണെങ്കിലും പ്രകൃതിയോടുള്ള സ്നേഹത്തിൽ ആണ്ടുപോയതും പ്രകൃതിക്കുവേണ്ടി പോരാടാൻ ഇറങ്ങിയതും സൈലന്റ്വാലി സമരത്തോടെയാണെന്നു മാത്രം.

### 2.2.1 സൈലന്റ്വാലി പാരിസ്ഥിതികാവബോധത്തിന്റെ പ്രതീകം

പ്രകൃതിയുടെ സ്വാഭാവികനീർച്ചാലുകളേയും വിന്യാസത്തേയും തടസ്സപ്പെടുത്തി സൃഷ്ടിക്കുന്ന അണക്കെട്ടുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രതിസന്ധിയാണ് സൈലന്റ്വാലി സമരത്തിനു കാരണം. മഴക്കാടുകളേയും അതിനെ ഉപജീവിക്കുന്ന സിംഹവാലൻകുരങ്ങ് തുടങ്ങിയ അപൂർവ്വജീവജാലങ്ങളുടെയും സംരക്ഷണത്തിനു വഴിവെച്ച ഈ സമരം അതിന്റെ ജനകീയ സ്വഭാവം കൊണ്ട് ഏറെ ശ്രദ്ധേയമായി. വർത്തമാനകാല ഇന്ത്യൻസമൂഹത്തിൽ പാരിസ്ഥിതികാവബോധത്തിന്റെ അനുരണനങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചത് സൈലന്റ്വാലിയുമായി ബന്ധപ്പെട്ടുനടന്ന നിരവധി സംവാദങ്ങളായിരുന്നു.[14] ഹരിതാവബോധവുമായി ബന്ധപ്പെട്ട ബദൽചിന്തയ്ക്കു

മാത്രമല്ല സാഹിത്യത്തിനും അവ പ്രേരകമായി. പരിസ്ഥിതിപ്രശ്നങ്ങളിൽ പൊതുജനാവബോധം സൃഷ്ടിക്കാനും സംഘബോധം പ്രകടിപ്പിക്കാനും പ്രതിരോധസ്വഭാവം പുലർത്താനും സർക്കാർ നയങ്ങളെ സ്വാധീനിക്കാനും ഉതകുന്ന ഒരു ജനകീയപരിസ്ഥിതിബോധം ഇതു വഴി സൃഷ്ടിക്കപ്പെട്ടു.

#### 2.2.1.1 എഴുത്തുകാരുടെ ഇടപെടൽ

സൈലന്റ്‌വാലി സംരക്ഷണപ്രക്ഷോഭം എഴുത്തുകാരെ പ്രത്യേകിച്ച് കവികളെയാണ് കൂടുതൽ സ്പർശിച്ചത്. പേനയെ പ്രകൃതിക്കുവേണ്ടി കലാകാരന്മാർ ഉപയോഗിച്ചതോടെ സമരത്തിന്റെ മുഖം തന്നെ മാറുകയായിരുന്നു. ആധുനികകേരളത്തിന്റെ ചരിത്രസന്ധികളിലൊന്നും ഈ പ്രക്ഷോഭത്തിലെന്ന പോലെ ഒരു പ്രക്ഷോഭത്തിലും സാഹിത്യകാരൻമാർ ഒരു സാമൂഹിക സംഘം എന്ന നിലയിൽ ഇടപെട്ടിട്ടില്ല. അടിയന്തിരാവസ്ഥ സൃഷ്ടിച്ച രാഷ്ട്രീയാനിശ്ചിതത്വത്തിനു പിന്നാലെ കേരളത്തിന്റെ രാഷ്ട്രീയമനസ്സ് തിളച്ചത് സൈലന്റ്‌വാലിയുടെ പേരിലായിരുന്നു.[15] നാടുകണ്ട വ്യത്യസ്തവും സൂക്ഷ്മവുമായ ഒരു രാഷ്ടീയസംസ്കൃതിയുടെ കർമ്മപഥമായിരുന്നു അത്. കാല്പനികമായ അനുഭവങ്ങളിൽനിന്നും വർത്തമാനകാല യാഥാർത്ഥ്യത്തിലേക്കും പാരിസ്ഥിതിക പ്രശ്നങ്ങളിലേക്കുമുള്ള ഇറങ്ങിവരവിന്റെ അത്ഭുതം *സൈലന്റ്‌വാലി*യിൽ സുഗതകുമാരി ആവിഷ്കരിക്കുന്നുണ്ട്.

എങ്ങനെ നമ്മളിണങ്ങീ? അറിയാതെ
യെന്നമ്മയായ്, ഞങ്ങൾ കാക്കേണ്ട പുത്രിയാ
യെന്നുടെയാരോമലായീ പൊടുന്നനെ?
ജന്മാന്തര സ്നേഹമാകണമീ വ്യഥ

തോൽക്കുന്ന യുദ്ധത്തിലെ പടയാളിയാവാനുള്ള സുഗതകുമാരിയുടെ അഭ്യർത്ഥന മറ്റ് എഴുത്തുകാരെയും അതിൽ പങ്കുചേർപ്പിച്ചു. വൈലോപ്പിള്ളി, എസ്.കെ. പൊറ്റക്കാട്, ബഷീർ, അഴീക്കോട്, കടമ്മനിട്ട, ഒ.വി.വിജ

യൻ എന്നിവർ അവരിൽ ചിലർ മാത്രം. എൻ.വി. കൃഷ്ണവാര്യർ അധ്യക്ഷനും സുഗതകുമാരി സെക്രട്ടറിയും ഒ.എൻ.വി കുറുപ്പ്, അയ്യപ്പപ്പണിക്കർ, ഡോ.കെ.വേലായുധൻ, വിഷ്ണുനാരായണൻനമ്പൂതിരി എന്നിവർ സ്ഥാപകാംഗങ്ങളുമായി രൂപീകരിക്കപ്പെട്ട പ്രകൃതിസംരക്ഷണസമിതി പ്രകൃതിയുടെ സംരക്ഷണത്തിനും ജീവന്റെ നിലനിൽപിനുമാണ് പ്രാധാന്യം നൽകിയത്. അഥർവവേദത്തിലെ ഭൂമിസൂക്തത്തിൽ നിന്നായിരുന്നു സമിതിയുടെ ആദർശരേഖ.[16]

### 2.2.1.2 വനപർവ്വം

കവിതയെഴുത്തും കവിയരങ്ങും സമരത്തെ ജനകീയമാക്കി. പ്രസ്ഥാനങ്ങളുടെ കെട്ടുപാടിൽ നിന്നകന്ന് കുന്തിപ്പുഴക്കും നിശ്ശബ്ദതാഴ്വരയ്ക്കുമായുമുള്ള പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ഭാഷ *വനപർവം* (1983) എന്ന കവിതാസമാഹാരത്തിന്റെ പിറവിക്കു കാരണമായി. സർക്കാരിന്റെ നീരാളിക്കൈകളോടും കോൺട്രാക്ടർ സംസ്കാരത്തിന്റെ വനപ്രമത്തതയോടും കപടശാസ്ത്രീയ സാംസ്കാരികസംഘങ്ങളോടും എതിരിട്ടുള്ള യജ്ഞമെന്ന് സമരത്തെ വിശേഷിപ്പിച്ച വിഷ്ണുനാരായണൻ നമ്പൂതിരി വസുന്ധരയുടെ അക്ഷയമായ ജീവിതത്തിന്റെ പ്രശ്നമായി സൈലന്റ്വാലി സമരത്തെ വിലയിരുത്തി.[17] 31 കവിതകളാണ് വനപർവ്വത്തിലുള്ളത്. എൻ.വി കൃഷ്ണവാര്യർ, വൈലോപ്പിള്ളി, സുഗതകുമാരി, ഒ.എൻ.വി.കുറുപ്പ്, എൻ. എൻ. കക്കാട്, കടമ്മനിട്ട എന്നിവർ പരിസ്ഥിതിനാശത്തിന്റെ ആശങ്കകളും ആകുലതകളും കവിതകളിലൂടെ പങ്കുവെച്ചതോടെ ഒരു സാമൂഹികപ്രക്ഷോഭത്തിന്റെ തലത്തിലേക്ക് സമരം മാറി. ഒ.എൻ.വി.കുറുപ്പിന്റെ *ഭൂമിക്കൊരു ചരമഗീതം*, അയ്യപ്പപ്പണിക്കരുടെ *കാടെവിടെ മക്കളെ*, കടമ്മനിട്ടയുടെ *കുഞ്ഞേ മുലപ്പാൽ കുടിക്കരുത്*, സുഗതകുമാരിയുടെ *മരത്തിനുസ്തുതി*, *തെംസ് നദിയോട്*, *കുറിഞ്ഞിപ്പൂക്കൾ*, *തൈവയ്ക്കൽ*, എന്നീ കവിതകൾ ജൈവപ്രകൃതിയോട് മനുഷ്യനു ആഭിമുഖ്യം വളർത്തേണ്ടതിന്റെ ആവശ്യ

കത വ്യക്തമാക്കി. മനുഷ്യമനസ്സിന്റെ അബോധസഞ്ചയത്തിൽ മുലപ്പാലൂട്ടിയ അമ്മയുടെ രൂപത്തിൽ തീവ്രവൈകാരികതയോടെ നിലനിൽക്കേണ്ടുന്ന ഭൂമാതാവിന്റെ ചോരകുടിക്കുന്ന ആധുനികമനുഷ്യന്റെ ആർത്തി *ഭൂമിക്കൊരു ചരമഗീത*ത്തിലൂടെ ഒ.എൻ.വി. വരച്ചുകാട്ടി. വനത്തെ മുടിക്കുന്ന, ആറിനേയും ആഴിയേയും അന്തരീക്ഷത്തെയും മലിനീകരിക്കുന്ന, അണ്വായുധശക്തികൊണ്ട് ജീവന്റെ എല്ലാ അങ്കുരങ്ങളേയും തുടച്ചുനീക്കിയേക്കാവുന്ന, ശാസ്ത്രവ്യാവസായിക നാഗരികത, മനുഷ്യരെയും ഭൂമിയെയും സർവ്വജീവജാലങ്ങളേയും നാശത്തിലേക്ക് നയിക്കും എന്ന തിരിച്ചറിവ് ദുരന്തത്തിന്റെ ശോകരാഗം നേരത്തെ ആലപിക്കാൻ കവിയെ പ്രേരിപ്പിച്ചു.[18]

### 2.2.1.3 പ്രതിരോധത്തിന്റെ അനിവാര്യത

തന്റെ കവിതയിൽ മൂർത്തമായി വന്ന സൂക്ഷ്മരാഷ്ട്രീയത്തെ ആക്ടിവിസത്തിന്റെ പാതയിലേക്ക് സന്നിവേശിപ്പിച്ച സുഗതകുമാരി ജീവന്റെ നിലനിൽപിനുള്ള ഹരിതരാഷ്ട്രീയത്തിനാണ് പ്രാധാന്യം നൽകിയത്. വിപുലവും അനിയന്ത്രിതവുമായ ചൂഷണത്തിനായി മുറിച്ചുമാറ്റുന്ന ഓരോ മരവും മലയും കാടും മനുഷ്യദുരയുടേയും ഹിംസാത്മകതയുടേയും പ്രതീകമായതിനാൽ നാശത്തിന്റെ തോത് കൂടുംമുമ്പ് പ്രതിരോധത്തിന്റെ വേഗവും ശക്തിയും വർധിപ്പിക്കാൻ അവർ *വനരോദന*ത്തിലൂടെ (2010:a) ആവശ്യപ്പെട്ടു. കഠിനായ സ്വാർത്ഥതയും നിർലജ്ജമായ ധനമോഹവും അധികാരത്തിന്റെ തലക്കനവും മാറ്റിവെച്ച് പ്രകൃതിക്കുവേണ്ടിയുള്ള, രാജ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണാവശ്യം. നാട്ടിൻപുറങ്ങൾ പോലും നാഗരികതയുടെ കൃത്രിമങ്ങൾക്കടിപ്പെടുകയും നദികൾ വിഷവാഹിനികളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇക്കാലത്ത് മനുഷ്യശക്തിയും പ്രകൃതിശക്തിയും തമ്മിലുള്ള വൈരം മാറ്റി സഹവർത്തിത്വത്തിന്റെ പാതയിലേക്ക് കടന്നുകൂടേ എന്നതാണ് കവി *സൈലന്റ്‌വാലി*യിൽ ഉയർത്തിയ ചോദ്യം.

### 2.2.1.4 വീണ്ടെടുത്ത ഉർവരത

നശീകരണപ്രവർത്തനങ്ങളിൽ നിന്നു പിന്തിരിയാനും ഭൂമിക്ക് സ്വാഭാവികാവസ്ഥകൾ തിരികെ നൽകാനും സ്ത്രീകൾക്കാണ് കൂടുതൽ കഴിയുക. പാരിസ്ഥിതികനന്മയ്ക്കും ജൈവവൈവിധ്യത്തിനും മുൻതൂക്കം നൽകുന്ന സ്ത്രീയുടെ ചിന്താഗതി സൈലന്റ്വാലിപ്രക്ഷോഭത്തിലും കാണാൻ സാധിക്കും. സൈലന്റ്വാലിയിലെ പണികൾ താൽക്കാലികമായി നിർത്തിവെച്ചത് ഗവർണറായ ജ്യോതിവെങ്കിടാചെലവും സൈലന്റ്വാലിയുടെ രക്ഷയ്ക്കെത്തിയത് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുമാണ്. സ്ത്രീയും അമ്മയുമായ അവർക്ക് കരയുന്ന പ്രകൃതിയെ കാണാതിരിക്കാനാവില്ല എന്ന സുഗതകുമാരിയുടെ കൂട്ടിച്ചേർക്കൽ[19] സ്ത്രീത്വത്തിന്റെ സംരക്ഷണഭാവത്തിൽ വിശ്വസിക്കുന്ന പാരിസ്ഥിതികസ്ത്രീവാദസമീപനത്തിന്റെ സൂചനയാണ്. പ്രകൃതിയെ തിരിച്ചറിയുകയും പ്രകൃതിയുടെ പ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നങ്ങളായി ഉൾക്കൊള്ളുകയും ചെയ്ത ഇന്ദിരാഗാന്ധി 1983-ൽ സൈലന്റ്വാലിപദ്ധതി നിരോധിക്കുകയും 1985-ൽ സൈലന്റ്വാലി ദേശീയോദ്യാനമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

### 2.2.1.5 പരിസ്ഥിതിസമരങ്ങൾക്ക് ഒരു വഴികാട്ടി

വികസനത്തിന്റെ രാഷ്ട്രീയത്തിൽ ചവിട്ടിമെതിക്കപ്പെടുന്ന പ്രകൃതിയുടെ ഉയിർത്തെഴുന്നേൽപ്പാണ് സൈലന്റ്വാലിക്ക് സംഭവിച്ചതെങ്കിലും അത് ശാശ്വതവിജയമാണെന്ന് സുഗതകുമാരി കരുതുന്നില്ല. വെട്ടിയും തകർത്തും മുന്നേറുന്ന മനുഷ്യന്റെ കടുംകൈകൾ ഏതുരൂപത്തിലാണ് വരികയെന്ന ഭയമാണ് *സൈലന്റ്വാലിയിൽ വീണ്ടും* എന്ന കവിത.

> വരുവതാരോ? കാട്ടുതീയോ? കിരാതനോ
> മഴുവേന്തിടും കടുംകയ്യോ?
> മലയിടിച്ചും മരം പിഴുതടിച്ചും നീങ്ങി
> വരുമാ മഹായന്ത്രമാമോ?

കേരളത്തിലെ മുഴുവൻ പാരിസ്ഥിതികപ്രശ്നങ്ങളുടെയും പ്രതീക മെന്ന് സൈലന്റ്‌വാലിയെ വിശേഷിപ്പിച്ച സുഗതകുമാരി നിരന്തരമായ യുദ്ധ ത്തിലേർപ്പെടുകയാണ് നമ്മുടെയെല്ലാം മുന്നിലുള്ള കർമ്മയോഗം എന്നു തിരിച്ചറിയുന്നു. കടലാസിലുള്ള താൽക്കാലിക വിജയമെന്ന് സൈലന്റ്‌വാലി സമരത്തെ വിശേഷിപ്പിച്ച ഒ.വി വിജയനും ഈ ആർദ്രനിത്യഹരിതവന ത്തിന്റെ വിധി മറ്റുവനങ്ങളുമായി കെട്ടു പിണഞ്ഞുകിടക്കുന്നു എന്ന് അഭി പ്രായപ്പെടുന്നുണ്ട്.[20] പ്രകൃതിസംസ്കൃതികളുടെ പരസ്പരമുള്ള തിരിച്ചറി വിലും അംഗീകാരത്തിലൂടെയുമേ ഇടപെടലുകളുടെ സൗന്ദര്യശാസ്ത്രം പൂർണ്ണമാവൂയെന്ന തിരിച്ചറിവ് ഉൾക്കൊള്ളുന്ന നിരവധി സമരങ്ങൾ ഇതിനു ശേഷമുണ്ടായി. മൂച്ചിക്കുണ്ട് സംഭവം, അട്ടപ്പാടി വനവൽക്കരണം, പൂയം കുട്ടി പദ്ധതി, കാസർകോട്ടെ എൻഡോസൾഫാൻ പരീക്ഷണം എന്നിവ അവ യിൽ ചിലതുമാത്രം.

### 2.2.2 അട്ടപ്പാടി വനവൽക്കരണം

സൈലന്റ്‌വാലി പ്രശ്നത്തോടെ പരിസ്ഥിതിയെ ജീവിതനിറവാക്കിയ സുഗതകുമാരി ഒരേസമയം കാടിന്റേയും ആദിവാസികളുടേയും നോവുകൾ ഉൾക്കൊണ്ടത് അട്ടപ്പാടി വനവൽക്കരണത്തോടെയാണ്.

#### 2.2.2.1 മൂച്ചിക്കുണ്ട് വനംകൊള്ള

മൂച്ചിക്കുണ്ട് സംഭവമാണ് തന്നെ അട്ടപ്പാടിയിലേക്ക് ആകർഷിച്ച തെന്നു സുഗതകുമാരി പറയുന്നു. അട്ടപ്പാടിയിലെ അഗളിപഞ്ചായത്തിൽപ്പെട്ട നിബിഡവനമായ മൂച്ചിക്കുണ്ടിൽ സർക്കാരിന്റെയും ട്രൈബ്യൂണലിന്റേയും മൗനാനുമതിയോടെ, കള്ളപ്പട്ടയങ്ങളുടെ പിൻബലത്തിൽ നടന്ന മരംമുറി വി. എം.എബ്രഹാം എന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെ സഹായത്തോടെ പ്രകൃതിസംരക്ഷണസമിതി തടയുകയും ഹൈക്കോടതിയിൽ കേസ് കൊടു ക്കുകയും ചെയ്തു. കോടതി നിയോഗിച്ച എൻ.വി കൃഷ്ണവാര്യരും എം.

കെ.പ്രസാദും അടങ്ങിയ കമ്മീഷൻ ഭീകരമായ വനംകൊള്ളയുടെ നേർചിത്രമായ റിപ്പോർട്ടാണ് സമർപ്പിച്ചത്. നാല്പതോളം കള്ളപ്പട്ടയങ്ങളുടെ പേരിൽ നടന്ന മരംമുറി കോടതിക്ക് ബോധ്യമാവുകയും സർക്കാർ എഴുതിത്തള്ളിയ നിബിഡമായ മൂച്ചിക്കുണ്ട്വനവും വെട്ടിയ മരങ്ങളുടെ വിലയായി പത്തുലക്ഷം രൂപയും സർക്കാരിനു മടക്കിക്കൊടുക്കാൻ വിധി വരുകയും ചെയ്തു. സെക്രട്ടറിയേറ്റിലെ മാഫിയാസംഘങ്ങൾ ഉൾപ്പെടെയുള്ളവരെ ശിക്ഷിക്കണമെന്ന കോടതിവിധി എടുത്തുകാട്ടിയ സുഗതകുമാരി ഭൂമിയെപ്പറ്റി ഉണ്ടായ രാഷ്ട്രീയവിചാരത്തിൽ ഏറെ ആശ്വാസം പ്രകടിപ്പിക്കുന്നു. കോടതിയുടെ ജാഗരൂകമായ ദൃഷ്ടി വനങ്ങളിലും മറ്റു പരിസ്ഥിതിപ്രശ്നങ്ങളിലും പതിഞ്ഞു എന്നതാണ് മൂച്ചിക്കുണ്ട് മഴുവിൽ നിന്നു രക്ഷപ്പെട്ടു എന്നതിനേക്കാൾ പ്രധാനം എന്ന് *എൻ.വി.യും പ്രകൃതിസംരക്ഷണപ്രസ്ഥാനവും* എന്ന ലേഖനത്തിൽ (2010:a) അവർ വ്യക്തമാക്കി.

#### 2.2.2.2 അട്ടപ്പാടിസമരം

മൂച്ചിക്കുണ്ട്സംഭവത്തോടെ അട്ടപ്പാടിയിലെത്തിയ സുഗതകുമാരി ചൂടും പൊടിക്കാറ്റും മൊട്ടക്കുന്നും ചത്തചോലകളും മാത്രമായ നരകദർശനത്തെ ഓർമ്മിപ്പിക്കുന്ന ഒരു പ്രദേശത്തെയാണ് കണ്ടത്. കാടും മരവും ഇല്ലാത്ത പച്ചപ്പുൽനാമ്പുപോലും ഇല്ലാതാകുന്ന വന്ധ്യഭൂമി കണ്ടതിന്റെ വേദനയിൽ എഴുതിയ ലേഖനമാണ് *നാട്ടുരാശാക്കളേ ആതിവാസിക്കു പയിക്കുന്നു* (2010:a). കൊന്നമണ്ണിന്റെയും മരുക്കാടായിത്തീർന്ന പർവ്വതങ്ങളുടേയും ചത്ത വെള്ളച്ചാലുകളുടേയും പുനഃസൃഷ്ടിക്കായി സമൂഹമനസ്സാക്ഷിയോട് ഉണരാൻ ഈ ലേഖനത്തിൽ അവർ ആവശ്യപ്പെട്ടു.

നാഗരികന്റെ അതിമോഹം നിറഞ്ഞ വികസനതന്ത്രത്തിൽ ശോഷിച്ചുപോയത് വനങ്ങൾ മാത്രമല്ല അതിനെ ആശ്രയിച്ചുജീവിക്കുന്ന ആദിവാസികൾ കൂടിയാണെന്ന് സുഗതകുമാരി ഓർമ്മപ്പെടുത്തുന്നു. മഹാവനങ്ങളെ വെളുപ്പിക്കുന്ന ചോലകളെയും പുഴകളെയും വറ്റിക്കുന്ന അധീശത്വഭാവത്തെ

എതിർത്ത സുഗതകുമാരി വികസനത്തിന്റെ അർത്ഥരാഹിത്യത്തെ ലേഖനത്തിൽ തുറന്നുകാട്ടുന്നുമുണ്ട്.

*ആദ്യം റോഡുവെട്ട് പിന്നെ മലയിലെ കാടുവെട്ട്, കാടുവെട്ടിക്കഴിയുമ്പോൾ മണ്ണൊലിപ്പ്, ഉടൻ മണ്ണൊലിപ്പുനിവാരണം, കല്ലുവെട്ട്, കല്ലു കൊണ്ടുവരാൻ വീണ്ടും റോഡുവെട്ട് ഇതെല്ലാം ആദിവാസിയുടെ പേരിലും.*

നിശ്ശബ്ദമായ ഒരു നിലവിളിപോലെ മാനത്തേക്ക് നോക്കിക്കിടക്കുന്ന അട്ടപ്പാടിയുടെ മാറിടത്തിൽ നിന്നുയരുന്ന പുക സുഗതകുമാരിയെ ഏറെ പരിഭ്രാന്തയാക്കുന്നു. ശൂന്യവും നിർജീവവും ഭീകരവുമായ മലനിരകളും ചത്തുമലച്ചചോലകളും മണ്ണൊലിച്ചുമാറുകല്ലാകുന്ന മലമടക്കുകളും അടങ്ങിയ യാഥാർത്ഥ്യത്തിൽ നിന്നു രക്ഷനേടാൻ ഭ്രമാത്മകമായ സ്വപ്നതലത്തെയാണ് അവർ കൂട്ടുപിടിക്കുന്നത്.

#### 2.2.2.3 സ്വപ്നാത്മകതലം

നഷ്ടസ്ഥലികളുടെ ഹരിതചാരുതകൾ അയവിറക്കുന്ന സുഗതകുമാരി അവയുടെ തിരിച്ചുവരവിന്റെ സ്വപ്നമാണ് *അട്ടപ്പാടി ഡയറി*യിൽ (2010:a) പങ്കുവയ്ക്കുന്നത്. വരണ്ടമലകളിലെല്ലാം ഇരുണ്ട മഹാവൃക്ഷങ്ങൾ നിറയുന്നതായി, ചത്തുപോയ വെള്ളച്ചാട്ടങ്ങൾ പെട്ടെന്നുയിർത്തെണീറ്റ് മലയിടുക്കുകളിലൂടെ ചിരിച്ചുതകർത്തുകൊണ്ട് നിലാവൊഴുക്കുപോലെ ചാടിയിറങ്ങുന്നതായി തോന്നുന്നെങ്കിലും യാഥാർത്ഥ്യത്തിന്റെ കാഴ്ച സ്വപ്നദർശനത്തിന്റെ മാധുര്യം ഇല്ലാതാക്കുന്നു. പൊയ്പ്പോയ സമൃദ്ധകാലത്തെ അതേപടി തിരിച്ചുപിടിക്കാനാവില്ലെങ്കിലും വർത്തമാനദുരന്തത്തെ ലഘൂകരിക്കാനെങ്കിലും കൂട്ടായ പ്രവർത്തനങ്ങൾ സഹായിക്കുമെന്ന വിശ്വാസം പ്രതിരോധപ്രവർത്തനങ്ങളെ അനിവാര്യമാക്കി.

#### 2.2.2.4 അതീജീവനത്തിനുള്ള ശ്രമം

ഒരു കൈത്താങ്ങ് നൽകുകയാണെങ്കിൽ ഭൂമിക്ക് സ്വയം തന്റെ മുറിവുണക്കാൻ കഴിയും. അട്ടപ്പാടിയിൽ സർക്കാർ അനുവദിച്ച മുപ്പതുഹെക്ടറിൽ

കംപാർട്ട് എന്ന സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ വനവൽക്കരണപരിപാടി ആരംഭിച്ച സുഗതകുമാരിയും കൂട്ടരും തെളിയിച്ചതും അതാണ്. പച്ചപ്പ് തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾക്ക് മുൻപന്തിയിൽ നിന്നത് സ്ത്രീകളാണ്. ഭൂമിക്ക് നേരിടുന്ന ദുരിതങ്ങളൊക്കെയും അനുഭവതലത്തിൽ തിരിച്ചറിയുന്ന സ്ത്രീ പ്രകൃതിക്ക് ഒട്ടും കേടുപാടേൽപ്പിക്കാത്ത, വിഭവങ്ങൾ അത്യാവശ്യത്തിനുമാത്രം എടുത്തനുഭവിക്കുന്ന സംസ്കാരമാണ് ആഗ്രഹിക്കുന്നത്. കാടും വയലുമൊക്കെ അവർക്ക് വിറക്, ഭക്ഷണം, ഔഷധം, പാർപ്പിടം, എന്നിവയുടെ ഈടുവെയ്പുകളാണ്.[21] നഗ്നമായ ചുമലിൽ ഒറ്റച്ചേലയുടെ തുമ്പ് ചുറ്റിക്കെട്ടി, എണ്ണമയമില്ലാത്ത തലമുടി വലം ചേർത്തുചെരുകി, വെള്ളിമൂക്കുത്തിയിട്ട പെണ്ണുങ്ങൾ പാട്ടുപാടിക്കൊണ്ടു പണിയെടുക്കാൻ വന്നത് കാടിന്റെ സമൃദ്ധിയാണ് കാട്ടുമക്കളുടെ സമൃദ്ധി എന്നറിയാവുന്നതുകൊണ്ടുതന്നെ എന്ന് *അട്ടപ്പാടിയിൽ കൃഷ്ണവനം* (2010:a) എന്ന ലേഖനത്തിൽ സുഗതകുമാരി വ്യക്തമാക്കുന്നു.

മനുഷ്യരുടെയും നാൽക്കാലികളുടേയും നിരന്തരമായ ആക്രമണത്തിൽ നിന്ന് പ്രകൃതിയെ വേലികെട്ടിത്തിരിച്ച് രക്ഷപ്പെടുത്തി മണ്ണിൽ ഈർപ്പം നിലനിർത്തി തൈകൾ നട്ടപ്പോൾ കൂട്ടിനു പ്രകൃതിയുമുണ്ടായിരുന്നു. ഓരോ മരവും മലകൾക്ക് ചൈതന്യം നൽകി. പച്ചപ്പും അരുവിയും കിളിയും മൂങ്ങയും കുറുക്കനും കേഴമാനും എല്ലാം അട്ടപ്പാടിയുടെ മടിത്തട്ടിലേക്ക് വന്ന അനുഭവം ആഹ്ലാദത്തോടെ വിവരിക്കുന്ന സുഗതകുമാരി ആദിവാസിക്ക് പച്ചമരുന്നും തേനും കായും കിഴങ്ങും ലഭിച്ച പ്രയത്നത്തിന്റെ സഫലതയെയും ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. പുതുമഴ കഴിഞ്ഞപ്പോഴുള്ള അട്ടപ്പാടിയുടെ ആകർഷണീയചിത്രമാണ് *തുലാവർഷപ്പച്ച* എന്ന കവിതയും.

പച്ചവില്ലീസു റവുക്കയി-
ട്ടിരുണ്ട പച്ചപ്പട്ടു

പുതച്ചു കരിമ്പിൻ പൂ-
ങ്കുലകൾ വാരിച്ചൂടി
ച്ചിരിച്ചു നവശ്യാമ
വധുപോൽ ലജ്ജാലോല

### 2.2.2.5 കൃഷ്ണവനം

നൂറുഹെക്ടർ കാടിനെ വനവൽക്കരണപരിപാടിയിലൂടെ പച്ചപുത പ്പിച്ചു സർക്കാറിനു നൽകിയ സുഗതകുമാരി എൻ.വി. കൃഷ്ണവാര്യരുടെ സ്മരണയാണ് അതിലൂടെ നിലനിർത്തിയത്. പ്രകൃതിധ്വംസനത്തിലൂടെയും അന്ധമായ വ്യവസായവൽക്കരണത്തിലൂടെയും സ്വന്തം ശവക്കുഴിതോണ്ടുന്ന ആധുനികമനുഷ്യനോട് മുറിവേറ്റ ഭൂമിയെയും തുളവീണ ആകാശത്തെയും ചൂണ്ടിക്കാട്ടി ജാഗ്രത പാലിക്കാൻ ആവശ്യപ്പെട്ട അദ്ദേഹത്തിന്റെ സ്മരണ ക്കുമുമ്പിൽ അതിലും ഉചിതമായ മറ്റൊരു ഉപഹാരം സമർപ്പിക്കാൻ ഞങ്ങൾക്കാവില്ല എന്നാണ് സുഗതകുമാരിയുടെ അഭിപ്രായം (അട്ടപ്പാടിയിൽ കൃഷ്ണവനം) അതാണ് *അട്ടപ്പാടിയെ സ്വപ്നംകണ്ടു ഞാനിന്നും* എന്ന കവി തയിലുമുള്ളത്.

നിറയും മിഴിയോടെ നിറയും മനമോടെ
മകളെപ്പോലാ കൊച്ചുകാടിന്റെ കാതിൽ
'കൃഷ്ണവന'മെന്നല്ലോ നിന്റെ
പേരെന്നു വിളിച്ചതും

ഭൂമിയോടു പുലർത്തുന്ന മാതൃത്വസമീപനമാണ് മകളുടെ ചെവിയി ലെന്ന പോലെ പേരുവിളിക്കാൻ കാരണം.

### 2.2.2.6 വനവൽക്കരണത്തിനൊരു മാതൃക

കൂട്ടായപ്രവർത്തനത്തിലൂടെ അട്ടപ്പാടിയെ പച്ചപുതപ്പിച്ച സുഗതകു മാരി വനവൽക്കരണത്തിനൊരു മാതൃക ഉണ്ടാക്കാനാണ് ശ്രമിച്ചത്. കാടു

മുഴുവൻ പച്ചപിടിക്കുന്നതുവരെ വനവൽക്കരണപരിപാടി തുടർന്നില്ലെങ്കിൽ അട്ടപ്പാടിയെപോലുള്ള പ്രദേശങ്ങളുടെ വന്ധ്യത സമൂഹത്തെയാകെ ബാധിക്കും എന്ന കാര്യത്തിൽ കവിക്ക് സംശയമില്ല.

അട്ടപ്പാടിതൻ അഴൽക്കുന്നുക
ളിന്നും ബാക്കി . . .
. . .    . . .    . . .
പഴയ ജന്മത്തിലെ കടമെന്നും ബാക്കി

(അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും)

എന്ന് പ്രയത്നത്തിന്റെ നൈരന്തര്യത്തെ കവി സൂചിപ്പിക്കുന്നു. ഭൂമിയോടും പരിസ്ഥിതിയോടും കടപ്പാടും ചുമതലാബോധവുമുള്ള ഒരു സമൂഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ വിജയമാണ് അട്ടപ്പാടിയുടേത്. മനുഷ്യന്റെ നിലനിൽപ്പുമാത്രമല്ല ഭൂമിയിലെ ജീവന്റെ നിലനിൽപ്പുതന്നെ അപകടത്തിലാവുകയാണെന്ന ചിന്ത സമൂഹമന:സാക്ഷിയുടെ ഭാഗമാക്കാൻ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന അട്ടപ്പാടി വനവൽക്കരണത്തിനു കഴിഞ്ഞു.

### 2.2.3. പൂയംകുട്ടി പദ്ധതി

പൂയംകുട്ടിപദ്ധതിക്ക് അനുമതി നിഷേധിക്കപ്പെട്ടതും സുഗതകുമാരിയുടെ ഇടപെടൽ മൂലമാണ്. ഭ്രാന്തമായ ആഡംബരത്തിനും ധിക്കാരം നിറഞ്ഞ ധൂർത്തിനുമുള്ള വൈദ്യുതിക്കുവേണ്ടി പ്രകൃതിവിഭവങ്ങളെ ഇല്ലാതാക്കുന്ന വികസനപ്രവർത്തനങ്ങളെ ന്യായീകരിക്കാനാവില്ലെന്ന് *പൂയംകുട്ടി* (2012) എന്ന ലേഖനത്തിൽ അവർ ചൂണ്ടിക്കാട്ടി. കേരളത്തിനു കുടിനീർ നൽകിക്കൊണ്ടിരിക്കുന്ന അവസാനത്തെ ഒരുപിടി പച്ചത്തുരുത്തുകളിൽ ഒന്നെന്ന് പൂയംകുട്ടിയെ വിശേഷിപ്പിച്ച സുഗതകുമാരി പദ്ധതികളുടെയും വികസനത്തിന്റെയും കുടിയേറ്റത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ

കാടുനശിപ്പിച്ചശേഷം ബദൽവനം ഉണ്ടാക്കുന്നതിന്റെ പരിഹാസ്യതയെയാണ് ചോദ്യം ചെയ്യുന്നത്.

*പ്രകൃതിയുമായി അനുരഞ്ജനപ്പെടുന്ന വികസനക്രമമാണ് സമൂഹത്തിന് ആവശ്യം. നിത്യഭയകാരിയായ അണുശക്തിയല്ല, ബാക്കിയുള്ള കാടും വെളുപ്പിച്ച് കെട്ടിയുയർത്തുന്ന കൂറ്റൻ അണക്കെട്ടുകളല്ല നമുക്കിനി വേണ്ടത്, സൂര്യനിലും കാറ്റിലും തിരമാലയിലും നിന്ന് എടുക്കാവുന്ന അക്ഷയമായ വൈദ്യുതി വികസിതരാഷ്ട്രങ്ങൾ പ്രവർത്തനക്ഷമമാക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യയ്ക്കും ആ മാതൃക സ്വീകരിക്കാവുന്നതാണ്*[22] എന്നാണ് സുഗതകുമാരി നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം.

പൂയംകുട്ടി പദ്ധതിക്കുവേണ്ടി നശിപ്പിക്കപ്പെടുന്ന മൂവായിരം ഹെക്ടർ കാടിന് പകരംവയ്ക്കലുകളില്ല എന്നു മനസ്സിലാക്കിയ സുഗതകുമാരിയുടെ ഇടപെടലുകളാണ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി ആ പദ്ധതിക്ക് അനുമതി നിഷേധിക്കാൻ കാരണം. വികസനത്തിന്റെ പേരിൽ മുറിക്കാൻ മരങ്ങളും നശിപ്പിക്കാൻ വനവും ഇനിയില്ലാ എന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാക്കാൻ പൂയംകുട്ടി പദ്ധതിയിലുള്ള സുഗതകുമാരിയുടെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

### 2.2.4 എൻഡോസൾഫാൻ-പെയ്തിറങ്ങുന്ന വിഷമഴ

സർക്കാറിന്റെ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ കാസർകോട്ടെ തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ തളിച്ച എൻഡോസൾഫാൻ എന്ന കീടനാശിനി ഉണ്ടാക്കിയ മാരകപ്രത്യാഘാതങ്ങളാണ് എൻഡോസൾഫാൻവിരുദ്ധസമരത്തിന് കാരണം. 1977മുതൽ 2000 വരെ കശുവണ്ടിത്തോട്ടങ്ങളിൽ നടത്തിയ ഏരിയൽസ്പ്രേ ജനിതകവൈകല്യം പേറിനടക്കുന്ന തലമുറകളുടെ സൃഷ്ടിക്കു കാരണമായി. ജലാശയങ്ങൾ, കിണർ, തണ്ണീർത്തടങ്ങൾ എന്നിവ മൂടുകയോ ജനങ്ങളെ മുൻകൂട്ടി അറിയിക്കുകയോ

ചെയ്യാതെ, സുരക്ഷിതത്വനിയമങ്ങൾ കാറ്റിൽപ്പറത്തി നടത്തിയ കീടനാശിനി പ്രയോഗം സൃഷ്ടിച്ച ദുരിതങ്ങൾ ഏറെയായിരുന്നു. വിഷപ്പെയ്ത്തിനൊപ്പം പിറന്നുവീണ നിരവധി കുഞ്ഞുങ്ങൾ അംഗവൈകല്യങ്ങളും മാറാരോഗ ങ്ങളും പിടിപെട്ടവരായി. തല വലുതായി ദേഹം വലിച്ചുനടക്കുന്ന വികൃതരൂ പങ്ങൾ, ദേഹം മുഴുവൻ പുണ്ണ് പിടിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ, നാവു പുറ ത്തായവർ, ഇഴഞ്ഞുനടക്കുന്നവർ, ദേഹം തളർന്നു കിടക്കുന്നവർ. ഈ വിധ ത്തിൽ കുഞ്ഞിലേ നരച്ചമുടിയുമായി മരിക്കുന്ന കുഞ്ഞുങ്ങൾ ഒരു സ്ഥലത്ത് ഇത്രയധികം ഉണ്ടാകുന്നതെന്തുകൊണ്ടെന്ന് ആലോചിക്കാനും വേദനി ക്കാനും പരിഹാരമായി എന്തെങ്കിലും പ്രവർത്തിക്കാനും കഴിയാത്ത സമൂഹ മായി ജീർണ്ണിച്ചു തീരുന്നതിലുള്ള വേദന *മനുഷ്യൻ ഭൂമിയുടെ മകനല്ല* എന്ന ലേഖനത്തിൽ സുഗതകുമാരി ആവിഷ്കരിക്കുന്നുണ്ട്.[23]

മരിച്ചുജീവിക്കുന്നവരുടെയും മുറിവുണങ്ങാത്ത പ്രകൃതിയുടെയും കാഴ്ചകളാണ് എം.എ.റഹ്മാൻ *അരജീവിതങ്ങൾക്കൊരു സ്വർഗ്ഗം* എന്ന ലേഖനത്തിലും പരാമർശിക്കുന്നത്. ജീവനുള്ള മനുഷ്യർ വികൃതസ്വത്വങ്ങ ളായി ഇരുട്ടുകളിലും ജനൽപ്പടികളിലും വാതിലുകളിലും ഇറയച്ചാലുകളിലും കോലായകളിലും തൂങ്ങിപ്പിടിച്ചും മുക്കിയും ഞെരങ്ങിയും നിലകൊണ്ട കാഴ്ചകൾ കാഴ്ചബംഗ്ലാവിനെ ഓർമ്മിപ്പിച്ചുകൊണ്ട് മനസ്സിൽ മുറിവുകോ രിയിട്ടു എന്ന പരാമർശം ജനത അനുഭവിക്കുന്ന ദുരന്തങ്ങളുടെ നേർചിത്ര മാണ്.[24]

അധികാരത്തിന്റെയും സമ്പത്തിന്റെയും പിൻബലത്തോടെ പ്ലാന്റേഷൻ കോർപ്പറേഷൻ നടത്തിയ വിഷമഴപ്രയോഗം പണിയെടുത്തും സ്വപ്നം കണ്ടും പ്രകൃതിക്കു വഴങ്ങിക്കഴിഞ്ഞ മനുഷ്യരുടെ ജീവിതം നരകതുല്യമാ ക്കി. വിഷം തളിക്കാനിറങ്ങിയ തൊഴിലാളികളും അത് വായുവിലൂടെയും വെള്ളത്തിലൂടെയും അകത്താക്കേണ്ടിവന്ന പരിസരവാസികളും നിത്യരോഗി കളായി. മനുഷ്യരുടെയും മൃഗങ്ങളുടെയും രക്തത്തിലും മുലപ്പാലിലും വരെ

എൻഡോസൾഫാൻ കടന്നുകൂടി. അംഗവൈകല്യങ്ങൾ, മാനസിക രോഗങ്ങൾ തുടങ്ങി മരണത്തിലേക്ക് നയിക്കുന്ന അർബുദം വരെ ഇതിന്റെ സൃഷ്ടിയായിരുന്നു. കീടനാശിനി ജീവനാശിനിയായ അവസ്ഥ പ്രകൃതിയെ ചുട്ടുപൊള്ളിക്കുന്ന ഒന്നാണെന്ന് കുഞ്ഞുസൈനബയുടെ മുഖവുമായി വന്ന പേരില്ലാത്ത *കവിത*യിൽ[25] സുഗതകുമാരി വ്യക്തമാക്കുന്നു.

ഇരുട്ടിനും ചൂടാണിവിടെ
കാറ്റിനും
മഴയ്ക്കും ചൂടാണ്, പുഴയ്ക്കും
ചൂടാണ്.

എൻഡോസൾഫാൻ ഭീകരതയ്ക്ക് ഇരയായത് കൂടുതലും കുഞ്ഞുങ്ങളാണ്. *ഈ മക്കൾക്ക് എത്രകാലം ദൈവം ജീവിതം തരുമെന്നത് ഞങ്ങൾക്കറിഞ്ഞുകൂടാ. പക്ഷെ ഒന്നറിയാം. എൻഡോസൾഫാൻ ഞങ്ങളുടെ മക്കളെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുകയാണെന്ന്* കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ അമ്മമാർ മന്ത്രി.കെ.വി തോമസിനയച്ച കത്തിൽ പറയുന്നുണ്ട്.[26] അന്യഗ്രഹജീവികളെപ്പോലെ വിചിത്ര ഉടലുകളുമായി പിറന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ, അവരുടെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അനുഭവിച്ച ദുഃഖം ഒരു ഭാഷയിലും പകർത്താനാവില്ലെന്നും ഒരു നിലവിളികൊണ്ടും അളക്കാനാവില്ലെന്നും *എൻമകജെയുടെ സത്യം*എന്ന ലേഖനത്തിൽ അംബികാസുതൻ മാങ്ങാടും അഭിപ്രായപ്പെടുന്നു.[27] ഒരു ഭാഷയിലും വിവർത്തനം ചെയ്യാനാവാത്ത കുഞ്ഞുങ്ങളുടെ മഹാസങ്കടക്കടലാണ് അദ്ദേഹം *എൻമകജെ* എന്ന നോവലിന്റെ പശ്ചാത്തലമായി സ്വീകരിച്ചത്.

പ്രാണികൾ ചത്തുപോവാതിരിക്കാൻ സന്ധ്യയ്ക്കു വിളക്കുകത്തിക്കാതിരുന്ന ജൈനപാരമ്പര്യം പുലരുന്ന ഒരുപ്രദേശത്തിന്റെ ചരിത്രവും സംസ്കാരവുമാണ് കോർപ്പറേറ്റ് കുത്തകകളുടെ ലാഭക്കൊതിയിൽ ഇല്ലാതാ

യത്. കുടിവെള്ളത്തിൽ മാത്രമല്ല അമ്മയുടെ മുലപ്പാലിൽപോലും വിഷം കലർത്താൻ മടിക്കാത്ത ഇത്തരം ആഗോളകുത്തകകൾക്കെതിരെയുള്ള ശക്തമായ താക്കീതു കൂടിയാണ് എൻഡോസൾഫാൻ സമരം. എൻമകജെ വിഷം തീണ്ടിയ ഒരു നാടുമാത്രമല്ല ഓരോ അമ്മയുടെയും ആത്മാവും രക്തവും കണ്ണുനീരുമാണെന്ന് കവിതയിൽ സുഗതകുമാരി ചൂണ്ടിക്കാട്ടുന്നു. മക്കളെച്ചൊല്ലി കാലങ്ങളോളം വിലപിക്കുകയും എരിയുന്ന നെഞ്ചും ഒലിക്കുന്ന മുലപ്പാലുമായി കാത്തിരിക്കുകയും ചെയ്യുന്ന അമ്മമാരുടെ പ്രതീകം. മാധുര്യത്തിനു പകരം വിഷാംശത്തിന്റെ ചൂടാണെങ്കിലും കരയുന്ന കുഞ്ഞിന് മുലപ്പാൽ നൽകാതിരിക്കാൻ അമ്മയ്ക്കാവില്ല. അതുകൊണ്ടാണ് അമ്മയ്ക്ക് ഇങ്ങനെ പറയേണ്ടി വരുന്നതും:

നിനക്കായ് തങ്കമേ
ചുരന്നൊലിക്കുമെൻ
മുലപ്പാലും നഞ്ഞുചുവയ്ക്കും
ചൂടാണ്
കരയാൻ വയ്യാത്ത
മിഴിഞ്ഞ കണ്ണുള്ളോ
രരുമപ്പൈതലേ
നുണച്ചുറങ്ങുക

അനക്കാനാവാത്ത തലയുമായി നിലവിളിക്കുന്ന കുഞ്ഞുസൈനബയുടെ ദുഃഖം വിഷംതീണ്ടിവേദനിക്കുന്ന ഭൂമിയുടെ നിലവിളി തന്നെയായി മാറുന്നു.

മാതൃത്വത്തിന്റെ മഹനീയതയും മുലപ്പാലിന്റെ മാധുര്യവും വർണ്ണിക്കുന്ന കവിതാപാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി നഞ്ഞുചുവയ്ക്കുന്ന മുലപ്പാൽ കുടിക്കേണ്ടി വരുന്ന ബാല്യത്തിന്റെ നിരാലംബത കടമ്മ

നിട്ട മുമ്പുതന്നെ *കുഞ്ഞേ മുലപ്പാൽ കുടിക്കരുത്* എന്ന കവിതയിൽ[28] സൂചിപ്പിച്ചിട്ടുണ്ട്.

കുഞ്ഞേ മുലപ്പാൽ കുടിക്കരുത്
ധാത്രിതൻ മടിയിൽ കിടക്കരുത്
മാറിൽ തിമിർക്കരുത്
കന്നിൻ മുലപ്പാൽ കുടിക്കരുത്
പൂവിന്റെ കണ്ണിൽ നീ നോക്കരുത്

സാമ്രാജ്യത്വം ആഗോളതലത്തിൽ നടത്തുന്ന പാരിസ്ഥിതികാധിനിവേശത്തെ സൂചിപ്പിക്കുന്ന കവി ആധുനികയുഗത്തിന്റെ കരാളതകൾ പൂതനാതന്ത്രത്തിലൂടെ പുറത്തുവരുന്നതിനെതിരെ ജാഗ്രത പുലർത്താനാണ് ആവശ്യപ്പെടുന്നത്. വിഷാംശമുള്ള മുലപ്പാൽ കൊടുക്കുന്ന പൂതനകളായി അമ്മമാർ മാറിയാൽ *കുഞ്ഞേ മുലപ്പാൽ കുടിക്കരുത്* എന്നു പറയേണ്ടിവരുന്ന കാലം സംജാതമാവും. അമ്മയുടെ ഗർഭപാത്രത്തിൽപോലും സുരക്ഷിതമല്ലാത്ത ബാല്യത്തെയാണ് സുഗതകുമാരിയും സൂചിപ്പിക്കുന്നത്.

അമിതമായ വ്യവസായവൽക്കരണത്തിൽ അഭിരമിക്കുന്ന ഉൽപാദനകാഴ്ചപ്പാടിന്റെ ആർത്തിയെയും ലാഭക്കൊതിയെയും തുറന്നുകാട്ടുന്ന സുഗതകുമാരി മണ്ണിനെയും ജീവജാലങ്ങളെയും നശിപ്പിക്കുന്ന എൻഡോസൾഫാനടക്കമുള്ള മുഴുവൻ കീടനാശിനികളും നിരോധിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഇതിന്റെയൊക്കെ പിന്നിൽ വലിയ ഇന്റർനാഷണൽകമ്പനികളും അവയുടെ കോടിക്കണക്കിനു പണത്തിന്റെ കളികളുമായതിനാൽ മിണ്ടാതെ തലകുനിച്ചുനിന്നിട്ട് കാര്യമില്ലെന്നും അവർ കൂട്ടിച്ചേർക്കുന്നു.[29] ഗാന്ധിസവും കമ്മ്യൂണിസവും മുതലാളിത്തത്തിന്റെ പാതയിലേക്ക് വഴിമാറിയതാണ് നാടിന്റെ ഇന്നത്തെ ദുരവസ്ഥക്ക് കാരണമെന്നാണ് സുഗതകുമാരിയുടെ അഭിപ്രായം.[30]

കാടുകൾക്കും പുഴകൾക്കും ഭൂമിക്കും വേണ്ടിയുള്ള ഒരിക്കലുമവസാനിക്കാത്ത പോരാട്ടങ്ങളുടെ വഴിയിലേക്കാണ് ഇടപെടലുകൾ സുഗതകുമാരിയെ നയിച്ചത്. ജീരകപ്പാറ വനഭൂമിക്കുവേണ്ടിയും അച്ചൻകോവിൽ, ഒലിപ്പാറ മരംവെട്ടലുകൾക്കെതിരെയും നടന്ന സമരങ്ങൾ അവയിൽ ചിലതുമാത്രം. ഇത്തരം പരിസ്ഥിതി പ്രവർത്തനങ്ങളിൽനിന്നു കിട്ടിയ ഉൾക്കാഴ്ച അരികിലേക്ക് മാറ്റിനിർത്തപ്പെട്ട ആദിവാസികൾ, സ്ത്രീകൾ, മറ്റു ജീവികൾ എന്നിവരുടെ രക്ഷാപ്രവർത്തനമായി പരിവർത്തിപ്പിക്കുകയാണ് സ്വന്തം വ്യക്തിത്വവികാസത്തിലൂടെ സുഗതകുമാരി ചെയ്തത്. ആരോഗ്യവും ബലിഷ്ഠവുമായ സ്നേഹദർശനം പുലർത്തുന്ന സുഗതകുമാരി എത്തിച്ചേരുക സാമൂഹികമോചനത്തെ പാര്യന്തികലക്ഷ്യമായിക്കാണുന്ന കർമ്മയോഗത്തിന്റെ ദർശനത്തിലാണെന്ന എൻ.വി.കൃഷ്ണവാര്യരുടെ വാക്കുകളുടെ[31] അന്വർത്ഥാവസ്ഥ കൂടിയാണിത്.

## 2.3 പീഡിപ്പിക്കപ്പെടുന്ന ജീവന്റെ മുറിവുകൾ

മരങ്ങളും പക്ഷികളും മൃഗങ്ങളുമായി മനുഷ്യന്റെ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന വിശ്വാസപ്രമാണമാണ് ആദിമകാലത്തിന്റെ സവിശേഷത. യന്ത്രസംസ്കാരത്തിന്റെ പുതുവഴികളിലൂടെ സഞ്ചരിക്കുന്ന ആധുനികകാലമാവട്ടെ അതിന്റെ പ്രത്യയശാസ്ത്രപരമായ സ്വീകാര്യതയ്ക്കായി കൂടുതൽ മോഹവും സുഖാനുഭൂതിയും ജനങ്ങൾക്ക് പ്രദാനം ചെയ്തുകൊണ്ട് ചൂഷണത്തിന്റെ പുതുവഴികൾ സൃഷ്ടിച്ചു. ഇന്ദ്രിയാനുഭൂതികൾക്ക് വേണ്ടിയുള്ള പരക്കംപാച്ചിലിൽ സങ്കോചിക്കപ്പെടുന്നതും വേട്ടയാടപ്പെടുന്നതും പക്ഷിമൃഗാദികൾ കൂടിയാണെന്ന തിരിച്ചറിവ് എതിർബോധത്തിന്റെ സ്വരങ്ങളിലേക്ക് നീങ്ങാൻ സുഗതകുമാരിക്ക് പ്രേരണയായി.

### 2.3.1 കൂട്ടിലടക്കപ്പെടുന്ന ദൈന്യത

വൈയക്തികജീവിതത്തിൽ തീക്ഷ്ണമായ സാമൂഹിക ഇടപെടലുകൾ നടത്തുന്ന സുഗതകുമാരി തന്നെയാണ് കാവ്യജീവിതത്തിൽ ഏകയായി

വിതുമ്പുന്ന രാപ്പാടിയാവുന്നതും. അനന്തമായ ഈ പ്രവാഹത്തിനു നൽകാൻ തന്റെ ഗാനമല്ലാതെ മറ്റൊന്നുമില്ലെന്നു വിശ്വസിക്കുന്ന കവി തന്റെ ആത്മാവിനെ കുഞ്ഞിച്ചിറകു വിരിച്ച് പറക്കാനാഗ്രഹിക്കുന്ന പൂവിളം പക്ഷി യോടാണ് *മതിൽക്കെട്ടുകളിൽ* സാദൃശ്യപ്പെടുത്തുന്നത്. കൂട്ടിലടച്ച പൈങ്കി ളിയുമായുള്ള താദാത്മ്യമാണ് *പക്ഷിശാസ്ത്രത്തിലും* കാണുക.

ചുറ്റുമഴിയിട്ട കൂടും, വിശപ്പുമീ
ദുഃഖവുമെല്ലാം മറയട്ടെ പോക നീ

എന്നു പറയുന്നതിലൂടെ കിളിയുടെ മോചനത്തെ തന്റെ മോചനവുമായി ബന്ധിപ്പിക്കുകയാണ് കവി. മോചനമെങ്ങെന്ന് തിരിച്ചറിയാനാവുന്നില്ലെ ങ്കിലും പീഡനമനുഭവിക്കുന്ന ജീവജാലങ്ങൾക്കായി പ്രവർത്തിക്കലാണ് തന്റെ ധർമ്മം എന്നു കവി അറിയുന്നുണ്ട്.

ഏതു കിളിയിണയുടെയിളം ചിറകിലമ്പേല്ക്കെ-
യേതു തുടുകാലടിയിലാദ്യമുൾമുനയേല്ക്കെ
ഏതു പരിപാവനതയവമാനപാവകനിൽ
വീഴ്കെ, യെൻ കരളിൽമുറിവേറ്റു (ധന്യത)

പ്രകൃതിയുടെ സർഗ്ഗശക്തി ശോഷിപ്പിക്കുകയും ജീവജാലങ്ങളെ വേദ നിപ്പിക്കുകയും ചെയ്യുന്ന വ്യവസ്ഥയോടാണ് സുഗതകുമാരിക്ക് വിയോജിപ്പ്.

*കവിഹൃദയമോ നീ വിഹഗമോ* എന്ന കവിതയിൽ പക്ഷിമൃഗാദികളെ കൂട്ടിലടച്ച് പ്രദർശിപ്പിക്കുന്ന മനുഷ്യന്റെ സുഖാസ്വാദനതന്ത്രത്തെയാണ് വിമ ർശിക്കുന്നത്. കാടിന്റെ ഹൃദയത്തിൽ മലരിട്ട മാമരക്കൊമ്പത്ത് നീലിച്ച മിന്നൽ പോലെ ഒഴുകിയിറങ്ങിപ്പറക്കേണ്ടുന്ന പക്ഷികളുടെ രാജാവായ മയി ലിനെ കാഴ്ചബംഗ്ലാവിലെ പ്രദർശനവസ്തുവാക്കാനുള്ള അധികാരം മനു ഷ്യന് ആരു നൽകിയെന്നാണ് കവിയുടെ ചോദ്യം. പഴുത്തുനിൽക്കുന്ന ആകാശത്തിനു കീഴിൽ, ഭക്ഷണാവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന കൂട്ടിൽ,

അഴികളെ മാമരങ്ങളായും പൊടിമണം കസ്തൂരിഗന്ധമായും സങ്കൽപ്പിച്ചുള്ള മയിലിന്റെ നൃത്തം കണ്ടുനിൽക്കാനാവുന്നില്ല.

അരുതിനിത്താങ്ങുവാൻ
ചുറ്റും ഞെരുക്കുന്ന
ദുരകളെ ഭീതിയെ
ക്രൂരതയെ (കവിഹൃദയമോ നീ വിഹഗമോ)

എന്നഭിപ്രായപ്പെടുന്ന സുഗതകുമാരി പക്ഷിമൃഗാദികളുടെ ജീവിതപരിസരം ഇല്ലാതാക്കുന്ന മനുഷ്യരുടെ ചെയ്തികളിൽ ഏറെ അസ്വസ്ഥയാണ്.

സ്വാർത്ഥലാഭത്തിനായി വനങ്ങളെ കൊള്ളയടിക്കുന്ന മനുഷ്യൻ അതിലൂടെ ഇല്ലാതാക്കുന്നത് പക്ഷിമൃഗാദികളുടെ ആവാസസ്ഥാനം കൂടിയാണെന്ന് തെളിയിക്കുന്ന കവിതയാണ് *നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു.* കുഞ്ഞുങ്ങൾക്ക് ഇരയുമായി പോകുമ്പോൾ കൂടും കൂടുനിന്ന മരവും കാണാതെ ഉഴലുന്ന തള്ളക്കിളിയുടെ വ്യഥ മാതൃത്വം അനുഭവിക്കുന്ന ഉള്ളുരുക്കത്തിന്റെ പ്രതീകം തന്നെ.

കിളിയുടെ ചെല്ലക്കിടാങ്ങൾ വായ്പൊളി-
ച്ചിരുന്ന കുഞ്ഞിക്കൂടെവിടെ? കൂടുള്ള
മരമെവിടെ? യാമരംമണിപ്പീലി
വിരുത്തി നിന്ന കാടെവിടെ?

(നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു)

വരും തലമുറകളാകുന്ന മക്കൾക്ക് മണ്ണും വീടും മഴയും പുഴയും നഷ്ടമാവുമ്പോൾ ഉണ്ടാവാനിരിക്കുന്ന വേവും നോവും മുൻകൂട്ടിയറിയുന്ന മാതൃത്വത്തിന്റെ വേദനയാണ് തള്ളക്കിളിയുടേതെന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നു.[32]

മഴുതിന്ന മാമരക്കൊമ്പിൽ തനിച്ചിരു
ന്നൊടിയാച്ചിറകു ചെറുതിളക്കി (ഒരു പാട്ടുപിന്നെയും)

പാടുന്ന പക്ഷിയും മനുഷ്യന്റെ സ്വാർത്ഥതയുടെ പ്രതിരൂപം തന്നെ. ചോര ക്കറയുണങ്ങാത്ത മരത്തിന്റെ കുറ്റികളും തിളച്ചുവീഴുന്ന കൊടും വെയിലും മഴുതിന്ന മാമരവും അത് സാക്ഷ്യപ്പെടുത്തുന്നു. കുയിൽ, പൂവ്, കാറ്റ്, മഴ എന്നിവയൊക്കെ നിസ്വാർത്ഥമായി അവയുടെ പ്രവൃത്തി ചെയ്യുന്നതുപോലെ യാണ് കിളിയുടെ പാട്ട്. ഗാനം ഏറ്റുപാടാൻ ഇണയോ കിളികളോ കൂട്ടിനി ല്ലെങ്കിലും പ്രകൃതി ഉണ്ടല്ലോ എന്ന ആശ്വാസം വേദനക്കിടയിലും പാടാൻ കിളിയെ പ്രേരിപ്പിക്കുന്നു.

മലനാടൻകാടുകൾ തലതല്ലിച്ചാകുമ്പോഴും സർവ്വനാശത്തിന്റെ പ്രതീ കമായ മഴുവിൻമുനയിൽ കയ്യമർത്തിത്തടയാൻ കവിയോടൊപ്പം പ്രകൃതിയും കൂടുന്നുണ്ട്.

അരുതെന്നുറക്കെ വിലക്കുന്നു പിന്നെയും
കിളിയും കവിയും പ്രതിധ്വനിയും (വനരോദനം)

പിഴുതുമാറ്റുന്ന മരത്തിന്റെ ദുഃഖത്തിനും കൂടുനഷ്ടപ്പെട്ടും കൊല ചെയ്യപ്പെട്ടും നശിക്കുന്ന ജീവികളുടെ ദുഃഖത്തിനും പകരംവയ്ക്കലുകളില്ല എന്നിരിക്കെ അവയുടെ മൂല്യംനോക്കുന്നത് പ്രകൃതിമാത്രമാണെന്ന് *നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു* എന്ന കവിതയും സാക്ഷ്യപ്പെടു ത്തുന്നു.

### 2.3.2 ജീവനെ തകർക്കുന്ന വിനോദം

മനുഷ്യനെ സ്നേഹിക്കുന്ന മനുഷ്യനോട് കൂറുപുലർത്തുന്ന നായയെ ദൈവത്തിന്റെ ഇളം പ്രതിച്ഛായ എന്ന് *നായയിൽ* വിശേഷിപ്പിക്കുന്ന കവി ആധുനികനാഗരികതയുടെ വിനോദത്തിനു പിന്നിലെ ക്രൗര്യത *ഏറ്റേ നായയിൽ* തുറന്നുകാട്ടുന്നുണ്ട്.

എന്തിനു നോവിച്ചെന്നോ-
രന്ധമാം ചോദ്യത്തിന്റെ
യമ്പരപ്പൊഴുകാത്ത
പാടകെട്ടിയ കണ്ണീർ

നായയുടെ കണ്ണിൽ ദർശിക്കുന്ന കവി മൃഗങ്ങളെ കൊല്ലാക്കൊല ചെയ്യുന്ന മനുഷ്യവിനോദത്തോടുള്ള എതിർപ്പാണ് *മുറിവേറ്റ സിംഹ*ത്തിലും പ്രകടമാക്കുന്നത്. തലയിൽ തുളഞ്ഞുകയറിയ വെടിയുണ്ടയുമായി മരണം കാത്തുനിൽക്കുന്ന സിംഹത്തിന്റെ ദയനീയാവസ്ഥ കാണുമ്പോൾ ഇങ്ങനെ നരകിപ്പിക്കുന്നതിനേക്കാൾ ഒറ്റവെടിക്കുകൊല്ലുകയല്ലേ ഭേദം എന്ന് ആരും ചോദിച്ചു പോവും.

കാടിന്റെ അഗാധനീലിമയിൽ സ്വൈര്യവിഹാരം നടത്തുന്ന മൃഗങ്ങളെ ചതിയിലൂടെ വരുതിയിലാക്കുന്ന മനുഷ്യൻ അവയെ പരമാവധി ചൂഷണം ചെയ്യുന്നു. മെരുക്കൽ പ്രക്രിയയിലൂടെ നടക്കുന്ന ക്രൂരമായ പീഡനങ്ങളാണ് *ആന*യെന്ന കവിതയിലുള്ളത്. കൊല ചെയ്ത മഹാവൃക്ഷത്തിൻ നെടുംജഡം ലോറിയിൽ കയറ്റുന്ന ആന അനുഭവിക്കുന്ന പ്രയാസം കാണുമ്പോൾ ചത്തമരം പോലും മൂകമായി പറയുന്നു:

കുഞ്ഞേ നീയും ചത്തിരുന്നെങ്കിൽ
കാണാൻ വയ്യ നിൻ മഹാദുഖം. (ആന)

മനുഷ്യന്റെ കയ്യിലകപ്പെട്ട ജീവികൾക്ക് മരണം മാത്രമേ സാന്ത്വനം ആവുന്നുള്ളൂ. പുലർച്ച, ഉച്ച, രാത്രി എന്നീ മൂന്നു ഖണ്ഡങ്ങളായാണ് ആനയുടെ പീഡനപർവ്വം കവി അവതരിപ്പിക്കുന്നത്. രാവിലെ കാട്ടിൽ മരംപിടുത്തം, നട്ടുച്ചക്ക് ഉരുകിത്തിളയ്ക്കുന്ന ടാറിന്റെ ചുട്ടപാതയിലൂടെയുള്ള നടത്തം, സന്ധ്യമുതൽ അമ്പലത്തിൽ പൊൻതിടമ്പേന്തിനിൽക്കൽ, കുത്തുകളേറ്റ് നീരുവീങ്ങി കാൽനിലത്തൂന്നാൻ വയ്യാതെ നിൽക്കുന്ന ആനയ്ക്ക്

വേദന നിറഞ്ഞ ദിനരാത്രങ്ങൾ മാത്രമാണ് കൂട്ട്. പ്രൗഢിയുടെയും ആഢ്യത്വത്തിന്റെയും പ്രതീകമാക്കി ജൈവികമായ സ്വാതന്ത്ര്യംപോലും ഇല്ലാതാക്കുന്ന അവസ്ഥ നിറയാവയറും തീരാവിശപ്പും ഒഴിയാക്ഷീണവുമേ ആനയ്ക്ക് പ്രദാനം ചെയ്യുന്നുള്ളൂ. പച്ചക്കാടിന്റെ കിടാവായ ആനയുടെ കണ്ണിൽ നിന്നും മനസ്സിൽ നിന്നും പച്ചപ്പ് എടുത്തുമാറ്റിയ മനുഷ്യത്വഹീനമായ പെരുമാറ്റത്തെയാണ് *കാടിന് കാവൽ* (2012) എന്ന സമാഹാരത്തിലെ ഗജശാപം, ഗജേന്ദ്രമോക്ഷം, നിയമങ്ങൾ കൊണ്ട് എന്തുകാര്യം, ആനക്കമ്പം എന്നീ ലേഖനങ്ങളിലും സുഗതകുമാരി ആവിഷ്കരിക്കുന്നത്.

അസഹ്യമായ നിസ്സഹായതാബോധവും അതുണർത്തുന്ന ആത്മനിന്ദയും സുഗതകുമാരിയെ പിടിച്ചുലയ്ക്കുന്നു. ആരോ തെരുവിലുപേക്ഷിച്ച ചെറുനായക്കുട്ടി വിശന്നു തളർന്ന് അമ്മയെ വിളിച്ചുകരയുമ്പോൾ കണ്ണീരോടെയാണെങ്കിലും പിന്തിരിഞ്ഞു നടക്കുന്ന കവി പ്രശ്നയിടങ്ങളിൽ നിന്നുള്ള ആധുനിക മനുഷ്യന്റെ പിൻവാങ്ങലിന്റെ പ്രതീകമാണ്.

ആ വിപുലാന്ധകാരത്തിന്റെ ഭീരുത
ആ വിശപ്പിന്റെയനന്തമാം ക്രൂരത
എന്തെന്റെ മാന്യമാം കൈകളപ്പാവമാം
പിഞ്ചുജീവന്റെ മിഴിനീർ തുടച്ചീലാ (ബയാഫ്ര)

തനിക്കെന്തുചെയ്യാനാവുമെന്ന് കവിക്കറിയില്ല. എന്തെങ്കിലും ചെയ്യാൻ ഭാവിച്ചാൽ തന്നെ നാഗരികസംസ്കാരം നപുംസകമാക്കിയ വ്യക്തിത്വം ഞെട്ടലോടെ കൈപിൻവലിച്ചു കളയും. നാലുപേർ കണ്ടാലോ.[33] സമൂഹതലത്തിൽ നിന്നു വ്യക്തിയിലേക്കുള്ള ചുരുങ്ങൽ അനുഭവിക്കുന്ന കവി മൂല്യച്യുതി ബാധിച്ച സമൂഹമാണ് എല്ലാറ്റിനും കാരണമെന്നു വിശ്വസിക്കുന്നു. സമൂഹത്തിനു നഷ്ടമായ സ്നേഹാർദ്രതയും സഹജീവിസ്നേഹവും തിരികെ പിടിക്കാൻ ഇത്തരം വേദനാനുഭവങ്ങളുടെ ആവിഷ്കാരങ്ങൾ സഹായകമാകുമെന്നാണ് സുഗതകുമാരിയുടെ വിശ്വാസം. അതിനാലാണ്

ജീവിതത്തിരക്കുകളിൽ മിന്നിമറയുന്ന പീഡനാനുഭവങ്ങളെ വൈകാരികസാന്ദ്രതയിൽ അവതരിപ്പിക്കുന്നതും.

### 2.3.3 ഇരകൾക്ക് വേണ്ടിയുള്ള കൊടും ക്രൂരത

വികസനത്തിന്റെ സ്വപ്നങ്ങളിൽ മുഴുകിയ മനുഷ്യർക്ക് സ്വന്തം സാമ്പത്തിക താൽപര്യങ്ങൾക്ക് അനുസൃതമായ മൂല്യങ്ങൾ മാത്രമാണ് സ്വീകാര്യം. സാമ്പത്തികലാഭേച്ഛ നോക്കുന്ന സംസ്കാരം സ്ഥലവും കാലവും സഞ്ചാരസ്വാതന്ത്ര്യവും മൃഗങ്ങൾക്ക് നിഷേധിക്കുന്നതിലുള്ള അമർഷമാണ് *കാലിഫോർണിയൻ സ്കെച്ചുകൾ* (2010:a) എന്ന ലേഖനം. മണ്ണും വെള്ളവും ആകാശവും കാണാതെ ഫാമുകളാകുന്ന ഫാക്ടറികളിൽ മാർദ്ദവമുള്ള മാംസം ഉൽപാദിപ്പിക്കാനായി വളർത്തുന്ന യാന്ത്രികമായ നിസ്സംഗത മുഖഭാവമാക്കിയ കാലിഫോർണിയൻ കന്നുകാലിവളർത്തുകേന്ദ്രത്തിലെ മാടുകളെ കാണുമ്പോൾ നാടൻപശുക്കളുടെ അലിവാർന്ന കണ്ണുകളാണ് അവർക്ക് ഓർമ്മവരുന്നത്. പച്ചപ്പുല്ലുമേഞ്ഞും വാലുയർത്തി കുതിച്ചുപാഞ്ഞും കുഞ്ഞുങ്ങളെ നക്കിത്തുവർത്തിയും പാൽചുരത്തിയും മനസ്സുകുളിർപ്പിക്കുന്ന നാടൻപശുക്കൾ ഓർമ്മമാത്രമാവാൻ അധികകാലമില്ലെന്നു വ്യക്തമാക്കുന്ന സുഗതകുമാരി കേരളത്തിലെ കശാപ്പുശാലയോട് സാദൃശ്യപ്പെടുത്തുമ്പോൾ സായിപ്പിന്റെ ഹിംസയാണ് ഭേദമെന്ന തോന്നലും പങ്കുവയ്ക്കുന്നുണ്ട്.

അറവുശാലയിലേക്ക് കൊണ്ടുപോകുന്ന മൃഗങ്ങൾക്ക് കിട്ടേണ്ട സാമാന്യമര്യാദപോലും നിഷേധിക്കപ്പെടുന്ന വർത്തമാനകാലാവസ്ഥ ധാരാളം പത്രവാർത്തകളുടെ സഹായത്തോടെ *അരുതേ കാട്ടാളാ* എന്ന ലേഖനത്തിൽ (2010:b) സുഗതകുമാരി ചിത്രീകരിക്കുന്നു. ദാഹിച്ചുവലഞ്ഞ് നാവു പുറത്തേക്കുതള്ളി, നുരയും പതയും വമിച്ച് ഈച്ചയാർക്കുന്ന വ്രണങ്ങളുമായി തീൻമേശകളിലേക്കെത്തിക്കുന്ന മാടുകളെ ഇഞ്ചിഞ്ചായി കൊല്ലുന്നതിനുപകരം ഒറ്റയടിക്കു കൊല്ലാനുള്ള മനുഷ്യത്വമെങ്കിലും കാണിക്കണമെ

ന്നാണ് അവരുടെ ആവശ്യം. അറവുമൃഗങ്ങളോട് കാട്ടേണ്ട സാമാന്യപെരുമാറ്റരീതി സുഗതകുമാരി നിർദ്ദേശിക്കുന്നുമുണ്ട്. അറവുമൃഗങ്ങളെ കൂട്ടിക്കെട്ടി ലോറിയിൽ നിറയ്ക്കാതെ, റോഡിലിട്ട് തല്ലിച്ചതയ്ക്കാതെ, ശാസ്ത്രീയമായി സംവിധാനം ചെയ്ത അറവുശാലയിൽ വച്ച് അവയെ കൊല്ലണം, റോഡരികിലെ കശാപ്പുശാലയും തലവെട്ടിനിരത്തി മൃഗങ്ങളെ പ്രദർശിപ്പിക്കുന്നതും കഠിനശിക്ഷയ്ക്ക് വിധേയമാക്കണം. മനുഷ്യത്വമുള്ളവർ ചെയ്യേണ്ട സാമാന്യകാര്യങ്ങൾ എന്നാണ് സുഗതകുമാരി ഇവയെ വിശേഷിപ്പിക്കുന്നത്.

### 2.3.4 ഭൂമിയുടെ പരാതി

മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കും നേരെയുള്ള ആക്രമണങ്ങൾ ഇല്ലാതാകുന്ന സമസ്തജീവജാലങ്ങളോടും സഹിഷ്ണുത പുലർത്തുന്ന മനോഭാവമാണ് മനുഷ്യന് ആവശ്യം. അല്ലെങ്കിൽ മനുഷ്യർ ഭൂമിയിലെ ജീവജാലങ്ങളോട് കാണിച്ച ക്രൂരതയുടെ പട്ടിക ഭൂമിക്ക് പരാതിയുടെ രൂപത്തിൽ നിരത്തേണ്ടി വരുമെന്ന് *വിധി*യിൽ സുഗതകുമാരി സൂചിപ്പിക്കുന്നു. സാക്ഷിപ്പട്ടികയിൽ ജീവജാലങ്ങളുടെ ഒരു വലിയനിര തന്നെയുണ്ടാവും. കാലുകൾ പഴുത്തൊലിക്കുന്ന പൊന്നണിഞ്ഞ ആനകൾ, കളിവെടിയേറ്റു പിടഞ്ഞുവീണവർ, ഇരുകാലും വെട്ടിയെറിയപ്പെട്ടവർ, ചെരുപ്പിനും മോടിയുടുപ്പിനുമായ് തൊലിയുരിക്കപ്പെട്ടവർ

ഇഴഞ്ഞും നീന്തിയും
പറന്നും കൂട്ടമായ്
നടന്നും വന്നവർ
ഞെരുങ്ങി നിൽക്കുന്നൂ (വിധി)

ജൈവവലയത്തിലെ ഒരു കണ്ണിമാത്രമാണ് മനുഷ്യൻ എന്ന് ഓർക്കാതെ മറ്റുള്ളവയെ ചൂഷണം ചെയ്യുന്ന രീതി മനുഷ്യന് തന്നെയാണ് തിരിച്ചടിയാവുക.

വിനോദത്തിലും ലാഭചിന്തയിലുമധിഷ്ഠിതമായ വ്യക്തികേന്ദ്രിതവികസനരീതിക്കു പകരം ബഹുകേന്ദ്രിതപരസ്പരാശ്രിതവ്യവസ്ഥയാണ് ഭൂമിക്കാവശ്യം എന്ന നിരീക്ഷണമാണ് സുഗതകുമാരി മുന്നോട്ടുവയ്ക്കുന്നത്. മനുഷ്യ-മനുഷ്യേതര ജീവജാലങ്ങൾക്ക് ഒരുപോലെ അവകാശപ്പെട്ടതാണ് ഭൂമി എന്ന തിരിച്ചറിവ് സാധ്യമാകുന്ന വിധത്തിൽ മനുഷ്യന്റെ സാംസ്കാരിക ബോധത്തെ മാറ്റാനുള്ള പ്രവർത്തനങ്ങൾക്കാണ് അവർ പ്രാമുഖ്യം നൽകുന്നതും.

### 2.4 അടിച്ചമർത്തപ്പെടുന്ന ആദിവാസികൾ

കൊളോണിയൽ ആധുനികതയുടെ ഭാഗമായുള്ള വികസനക്കുതിപ്പിൽ പക്ഷിമൃഗാദികളെ മാത്രമല്ല മനുഷ്യൻ മനുഷ്യനെത്തന്നെ ചൂഷണം ചെയ്യുന്ന രീതിയും വ്യാപകമാണ്. മുതലാളിത്തവും സാമ്രാജ്യത്വവും ചേർന്ന് ഭൂവിഭാഗങ്ങളെ കൊള്ളയടിക്കാൻ തുടങ്ങിയപ്പോൾ അതിനെല്ലാം ഇരയായതും നിസ്വരാക്കപ്പെട്ടതും വനവിഭവങ്ങളെയും കാർഷികവൃത്തിയെയും ആശ്രയിച്ചു കഴിയുന്ന ആദിവാസികൾ കൂടിയായിരുന്നു. സഹജീവനത്തിന്റെ സമവാക്യം മറക്കുന്ന നാഗരികർ ആദിവാസികളുടെ കാടും മണ്ണും തട്ടിപ്പറിക്കുകയും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഇരകളാക്കി അവരെ മാറ്റുകയും ചെയ്തു. ജൈവവ്യവസ്ഥിതിയുടെ സമഗ്രസ്വഭാവം ഉൾക്കൊള്ളുന്ന ആദിവാസിയെ പുരോഗതിയുടെയും വികസനതന്ത്രത്തിന്റെയും പേരിൽ ബലിയാടാക്കുന്ന സംസ്കാരത്തെയാണ് സുഗതകുമാരി ചോദ്യം ചെയ്യുന്നത്.

#### 2.4.1 അധികാരത്തിന്റെ ബലിയാടുകൾ

കാടുനന്നാക്കാൻ പുറപ്പെട്ട് കാടിനെ ഇല്ലാതാക്കിയ പരിഷ്കരണങ്ങൾ ഏറെയാണ്. കാട്ടിൽ നാട്ടുകാർ കുടിയേറിയപ്പോൾ കാട്ടുജാതിക്കാർ പുറത്തായി. ഗിരിജനസംരക്ഷണം കടലാസിൽ മുറപോലെ നടക്കുന്ന ഒന്നാവുകയും ഇടനിലക്കാർ പരിഷ്കാരികളാവുകയും ചെയ്തു. തങ്ങളെ എഴുത്തു

പഠിപ്പിക്കാനെത്തിയ നാഗരികതയുടെ പ്രതിനിധികളോട് ആദിവാസിജനത പറയുന്ന മറുപടിയുടെ രൂപത്തിൽ രചിക്കപ്പെട്ട കവിതയാണ് *ആദിവാസി സാക്ഷരത.* അധികാരം അതിന്റെ സർവ്വശക്തികളും ഇരകളുടെ മേൽ പ്രയോഗിക്കുമ്പോൾ പഠിപ്പിക്കൽപോലും പ്രഹസനമായി മാറുന്നു.

എഴുതിക്കാനെത്തിയ രാശാക്കളെ
എഴുതേണ്ട മൊഴിയൊക്കെക്കെട്ടുപോയീ
എണ്ണം പടിപ്പിക്കാൻ വന്നവരേ
എണ്ണേണ്ട മരമൊക്കെ മലയിറങ്ങി (ആദിവാസി സാക്ഷരത)

അറിവ് അധികാരത്തെ നിർണ്ണയിക്കുന്ന അവസ്ഥ തങ്ങളെ കൂടുതൽ കൂടുതൽ സങ്കോചിപ്പിക്കുന്നത് അറിയുന്നവരെങ്കിലും തമ്പുരാക്കന്മാരുടെ നൂറുകൈകളോട് എതിരിടാനുള്ള ശക്തി ആദിവാസിക്കില്ല. മണ്ണും മരവും വിഭവങ്ങളും അധ്വാനശേഷിയും ചൂഷണം ചെയ്യുന്ന, രോഗാതുരമാക്കുന്ന കൈകളെ ഭയക്കുന്നവരാണ് അവർ. ഒരു കയ്യിൽ തോക്കും മറുകയ്യിൽ ദൈവത്തിന്റെ പുസ്തകവുമായി വന്ന തമ്പുരാക്കന്മാരോട് അവർക്ക് ഒന്നേ പറയാനുള്ളൂ. *എഴുതാനിനിയൊന്നേ ചാവുപാട്ട്*-അതിനു ഭാഷയുടേയോ, എഴുത്തിന്റേയോ ആവശ്യമില്ല. എരിനീരും കണ്ണുനീരുപ്പും ചാരായച്ചൂരുമായി ആദിവാസിയുടെ വർത്തമാനയാഥാർത്ഥ്യത്തെ മാറ്റിയ നാഗരികസംസ്കാരത്തെയാണ് സുഗതകുമാരി വിമർശനവിധേയമാക്കുന്നത്.

### 2.4.2 വികസനത്തിന്റെ ബലതന്ത്രം

കൊണ്ടും കൊടുത്തും പ്രകൃതിയോടിണങ്ങി ജീവിച്ച ആദിവാസി നിലനിലപിനുവേണ്ടി മാത്രമാണ് പ്രകൃതിവിഭവങ്ങളെ ഉപയോഗിച്ചത്. ആദിവാസികളുടെ മണ്ണും വിഭവങ്ങളും അധ്വാനശേഷിയും ചൂഷണം ചെയ്ത വികസനസമീപനങ്ങൾ വനപ്രകൃതിയിൽ നിന്ന് അവരെ അന്യവൽക്കരിച്ചതോടെ കാടും കാട്ടിലെ പരമാധികാരവും ഓർമ്മകൾ മാത്രമായി. ചോലകളുടെ ഒഴുക്കു നിർത്തിച്ച, കുന്നുകളുടെ പച്ച അഴിച്ച അധിനിവിഷ്ടസം

സ്കാരം ആദിവാസിയുടെ തനതുവഴി ഇല്ലാതാക്കി പകരം റോഡുണ്ടാക്കുന്നതിന്റെ പരിഹാസ്യത *അട്ടപ്പാടി ഡയറി*യിൽ (2010:a) സുഗതകുമാരി ചൂണ്ടിക്കാട്ടുന്നുണ്ട്.

*മലമുകളിൽ തകൃതിയായി റോഡുവെട്ടൽ, മരങ്ങളെല്ലാം വെട്ടിമാറ്റിക്കഴിഞ്ഞു. വരണ്ട കാറ്റ്, ആർക്കുവേണ്ടിയാണ് ഈ കഠിനയത്നം. ട്രൈബൽ വെൽഫയർ എന്ന് ആരോ പറഞ്ഞു. അല്ല കൺടാക്ടർവെൽഫയർ എന്നു മറ്റൊരാൾ തിരുത്തി.*

വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും കെടുതികളാണ് മലയിലാകെ. ആദിവാസിയുടെ അധ്വാനശേഷിയെ ചൂഷണം ചെയ്ത് ഉപജീവനമായിരുന്ന കാട് അവരെക്കൊണ്ടുതന്നെ വെട്ടിച്ച നാഗരികർ അവർക്ക് നാലിലൊന്നു കൂലി മാത്രമേ കൊടുത്തുള്ളൂ. എന്തും വിലയ്ക്കുവാങ്ങുന്ന നാഗരികസംസ്കാരം ആദിവാസിയുടെ അധ്വാനത്തെ ഇപ്രകാരം വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലുള്ള അമർഷം പ്രകടിപ്പിക്കുന്ന സുഗതകുമാരി എത്ര എൻജിനീയർമാരും കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും വനംവെട്ടുകാരും അട്ടപ്പാടിമലകളെക്കൊണ്ട് പ്രഭുക്കന്മാരായി എന്നത് ഊഹിച്ചുകൊള്ളാനാണ് പറയുന്നത് (നാട്ടുരാശാക്കളേ ആതിവാസിക്കു പയിക്കുന്നു). വനം കൊള്ളയും വനഭൂമികയ്യേറ്റവും ആദിവാസി ചൂഷണവും ഭ്രാന്തമായി പെരുകുന്നതിന്റെ ആധിയാണ് *കേരളമോ ചമ്പൽക്കാടോ* എന്ന ലേഖനത്തിലെയും (2012) പ്രതിപാദ്യം.

### 2.4.3 വേരുകൾ നഷ്ടപ്പെട്ട ജനത

പ്രകൃതിക്കുമേലുള്ള ആധിപത്യം മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ആധിപത്യമാകുമ്പോൾ സ്വന്തം തട്ടകത്തുനിന്നുപോലും ആദിവാസി തിരസ്കൃതനാവുന്നു. കിടപ്പാടവും അന്നവും അഭിമാനവും നഷ്ടപ്പെട്ട ജനതയായി ആദിവാസിയെ മാറ്റുന്ന വികസനസംസ്കാരത്തെയാണ് *നാട്ടുരാശാ*

*ക്കളേ ആതിവാസിക്കു പയിക്കുന്നു* എന്ന ലേഖനത്തിൽ സുഗതകുമാരി ചോദ്യം ചെയ്യുന്നത്. ഭക്ഷണത്തിനും വസ്ത്രത്തിനും ഇത്തിരിമണ്ണിനും വേണ്ടിയുള്ള ആദിവാസിയുടെ കാത്തുനിൽപ് ക്ഷേമപ്രവർത്തനങ്ങളുടെ അർത്ഥരാഹിത്യത്തിലേക്കുള്ള വിരൽചൂണ്ടുന്നു. ട്രൈബൽവെൽഫയർ ഓഫീസിനു മുന്നിൽ ഔദാര്യങ്ങൾക്കായി കൈനീട്ടുന്ന വേരറ്റ മനുഷ്യരായി അവരെ മാറ്റിയ നാഗരികസംസ്കാരത്തെ തുറന്നുകാട്ടുകവഴി പ്രാന്ത വൽക്കരിക്കപ്പെടുന്ന ആളുകളുടെ ഉൾപ്പൊരുളുകൾ തിരിച്ചറിഞ്ഞ് അവതരി പ്പിക്കുകയാണ് സുഗതകുമാരി.

പ്രകൃതിയുമായുള്ള ലയം, പ്രപഞ്ചത്തിൽ എല്ലാജീവികൾക്കുമുള്ള സാമാന്യാവകാശം, ജൈവവ്യവസ്ഥയുടെ സമഗ്രസ്വഭാവം, ഭൂമിയുടെ പവി ത്രത, സൃഷ്ടിക്കു മുമ്പുള്ള വിനയം എന്നിവയെല്ലാം പങ്കിടുന്ന ആദിവാസി യുടെ ജീവിതവും സംസ്കാരവുമാണ്[34] പുരോഗതിയുടെ പേരിൽ മാറ്റി മറി ക്കപ്പെടുന്നത്. അധിനിവേശക്കാരന്റെ ഭാഷയും ജീവിതരീതികളും മികച്ച തെന്ന ബോധത്തിലേക്ക് ആദിവാസിയെ എത്തിക്കുന്ന പരിഷ്കൃതിയോട് സുഗതകുമാരിക്ക് യോജിപ്പില്ല. കാടിന്റെയും പുഴയുടെയും പക്ഷിമൃഗാദികളു ടേയും ഋതുക്കളുടേയും ചലനത്തിൽ തങ്ങളുടെ ജീവിതതാളം കണ്ടെത്തിയ ആദിവാസിയെ നാഗരികന്റെ അതിവേഗതയുടെ ലോകത്തിലേക്ക് പറിച്ചുന ടേണ്ട കാര്യമില്ല. ഗോത്രസ്മൃതിയുടെ തനിമയും സംസ്കാരവിശേഷങ്ങളും നഷ്ടപ്പെടാതെ, തലയുയർത്തിനിന്ന് ജീവിക്കാൻ അവർക്കൊരവസരം കൊടുക്കുകയാണ് വേണ്ടതെന്നാണ് സുഗതകുമാരിയുടെ അഭിപ്രായം.[35]

### 2.4.4 ആദിവാസിസ്ത്രീയും പ്രകൃതിയും

ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കുമുള്ള സാമാന്യാവകാശം അംഗീക രിക്കുന്ന ആദിവാസി തങ്ങളുടെ ജീവിതത്തോടൊപ്പം ഭാവിതലമുറയ്ക്കുള്ള കരുതലിലും വിശ്വസിക്കുന്നു. പ്രകൃതിയെയും ജീവിതത്തെയും കൂട്ടിയോ ജിപ്പിക്കുന്ന ഈ സുരക്ഷിതത്വസമീപനം നാഗരികതയുടെ ആക്രമണത്താൽ

തകർന്നപ്പോൾ അതിന്റെ ദുരിതം അനുഭവിച്ചത് കൂടുതലും സ്ത്രീകളാണ്. ഇല്ലാതാകുന്ന കാടുകൾ വിറകിനും ഭക്ഷണത്തിനും വേണ്ടിയുള്ള സ്ത്രീയുടെ അധ്വാനഭാരം കൂട്ടി. കുടിവെള്ളത്തിനും വിറകിനുമായി മൈലു കളോളം സഞ്ചരിക്കുന്ന സ്ത്രീയനുഭവം അട്ടപ്പാടിയിലെ ആദിവാസി സ്ത്രീയുടെ വാക്കുകളിലൂടെ സുഗതകുമാരി എടുത്തുകാട്ടുന്നു. *വെള്ളം ഇരുക്കമ്മ, അങ്കെ അഞ്ചുമലയ്ക്കപ്പുറം ഒരു കുഴിയിലെ കൊഞ്ചം തണ്ണിയി രുക്ക്* എന്നു പറയേണ്ടിവന്ന ഗതികേടുതന്നെയാണ് വരണ്ട ആറ്റിന്റെ മാറിടം കുഴിച്ച് കലങ്ങിക്കുറുകിയ വെള്ളം ചിരട്ടകൊണ്ട് കോരിയെടുത്ത് ഉപയോ ഗിക്കേണ്ടി വരുന്ന ദുരിതപർവ്വത്തിലും (നാട്ടുരാശാക്കളേ ആതിവാസിക്കു പയിക്കുന്നു) കാണാനാവുക.

യന്ത്രവൽകൃതമായ ആധുനികതയുടെ അറിവുകളും അതുൽപാദിപ്പി ക്കുന്ന അധികാരവും കേന്ദ്രസ്ഥാനത്തുനിൽക്കുമ്പോൾ മണ്ണുമാത്രമല്ല പെണ്ണും കീഴടക്കപ്പെടുന്നു. വികസനപദ്ധതികളുടെ നടത്തിപ്പിനായി വനാ ന്തരങ്ങളിൽ എത്തിയവർ കാട്ടിൽനിന്നു മാടിനെ പിടിച്ചുകൊണ്ടുപോകു മ്പോലെ ആദിവാസി പെൺകുട്ടികളെ പ്രലോഭിപ്പിച്ചും പേടിപ്പിച്ചും കൊണ്ടു പോയി വിറ്റഴിക്കുന്നത് സൂചിപ്പിക്കുന്ന സുഗതകുമാരി പുരുഷകേന്ദ്രിതഘടന യിൽ പ്രകൃതിയോടുള്ള ക്രൂരത സ്ത്രീയോടുള്ള ക്രൂരതയായി മാറുന്നതി ലുള്ള അമർഷം രേഖപ്പെടുത്തുന്നുമുണ്ട്.

സ്വത്വബോധവും പരിസരബോധവും നഷ്ടപ്പെടുന്ന സ്ത്രീ അകത്തള ങ്ങളിലെ ഇരുട്ടിനെയാണ് അഭയമായി കാണുന്നത്. അകത്തും പുറത്തും സുരക്ഷിതയല്ലാത്ത പെൺജീവിതത്തിന്റെ നിസ്സഹായതയാണ് *മരുതി എന്ന വ്യഥ* (2010:c). അഴകും ആരോഗ്യവും തുളുമ്പുന്ന ശരീരത്തിൽ 142 മുറിവുക ളുമായി അട്ടപ്പാടിയുടെ മണ്ണിൽ വിറങ്ങലിച്ചുകിടന്ന മരുതി ആദിവാസിസ്ത്രീ ചൂഷണത്തിന്റെ പാരമ്യതയെ കാണിക്കുന്നു. ചൂഷണവിധേയയായ സ്ത്രീക്ക് കിട്ടേണ്ട അടിസ്ഥാനനീതിപോലും ആദിവാസിസ്ത്രീക്ക് നിഷേധിക്കപ്പെ

ടുന്നു. ആദിവാസികളെ വിനാശത്തിന്റെ രോഗവാഹകരാക്കുന്ന, നഗരത്തിന്റെ അധോലോകാന്ധകാരത്തിൽ തള്ളുന്ന ക്രൂരതയ്ക്കെതിരെ പ്രതികരിക്കുന്ന സുഗതകുമാരി ആദിവാസിസ്ത്രീകളോട് പ്രതിഷേധത്തിന്റെ രീതികൾ സ്വയം കൈക്കൊള്ളാനാണ് ആവശ്യപ്പെടുന്നത്. പ്രകൃതിയോട് ഏറ്റവും അടുത്തുനില്ക്കുന്നവൾ എന്ന നിലയിൽ പ്രകൃതിയെയും സ്ത്രീയെയും കീഴടക്കുന്ന സംസ്കാരത്തിനെതിരെ പോരാടാൻ സ്ത്രീക്കു കഴിയണം. *ഒരു വെട്ടുകത്തി കയ്യിൽ കരുതികൊള്ളിൻ. ആക്രമിക്കാൻ, മാനം കെടുത്താൻ വരുന്നവനെ വെട്ടിവീഴ്ത്തിക്കൊള്ളിൻ. പിന്നെ വരുന്നതു വരട്ടെ. അല്ലെങ്കിൽ നിങ്ങളും നാളെ കാട്ടിലെങ്ങാനും ചത്ത് ഉറുമ്പരിച്ച് കിടന്നെന്നുവരുമെന്ന്* പ്രതികരണത്തിന്റെ ആവശ്യകതയെ, ഉടലിന്റെ പരമാധികാരത്തെ സുഗതകുമാരി ബോധ്യപ്പെടുത്തുന്നു.

സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള അടിച്ചമർത്തലിനും പീഡനങ്ങൾക്കുമെതിരെ വിപ്ലവകരായ മുന്നേറ്റം ആവശ്യമാണ്. സ്ത്രീ മോചിക്കപ്പെടുമ്പോൾ പ്രകൃതിയും ആദിവാസിയും ഒപ്പം മോചിപ്പിക്കപ്പെടുന്ന മനുഷ്യസമത്വത്തിലും പരിസ്ഥിതിബോധത്തിലും ഊന്നിയ മൂല്യബോധമാണ് സുഗതകുമാരി ആഗ്രഹിക്കുന്നത്. പ്രകൃതിയെയും മാനവികതയെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഉപഭോഗസംസ്കാരത്തിന്റെ അമിതാർത്തി നിലനിൽക്കുന്നിടത്തോളം പരിസ്ഥിതിനാശത്തിന്റെയും സ്ത്രീചൂഷണത്തിന്റെയും വഴികൾ അവസാനിക്കുന്നില്ല എന്ന യാഥാർത്ഥ്യവും ഇതോടൊപ്പം അവർ ഉൾക്കൊള്ളുന്നു.

### 2.5 മലിനീകരണത്തിന്റെ വിവിധമുഖങ്ങൾ

താൽക്കാലികലാഭങ്ങൾക്കായുള്ള സമീപനം മലിനീകരണത്തിന്റെ തോത് ഏറെ വർധിപ്പിച്ചു. പഞ്ചഭൂതങ്ങളിൽ അഗ്നി ഒഴികെയുള്ളവയെ മലിനീകരണത്തിന്റ പാതയിലേക്ക് നയിച്ച മനുഷ്യൻ പരിസ്ഥിതിയിലെ കിട്ടാവുന്നതെല്ലാം കമ്പോളത്തിലെ വിൽപ്പനച്ചരക്കാക്കി മാറ്റി. പ്രകൃതിയെ വിപണി

വത്കരിക്കുന്ന ഇത്തരം സമീപനങ്ങളെ ചോദ്യംചെയ്ത സുഗതകുമാരി പ്രകൃതിയെന്നാൽ പണംനേടാനുള്ള ഉൽപന്നം മാത്രമല്ല വായു, വെള്ളം, മണ്ണ് എന്നിവപോലെ ജീവിതഅത്യാവശ്യഘടകങ്ങൾ കൂടിയാണെന്ന് വ്യക്ത മാക്കി.

### 2.5.1 അന്തരീക്ഷമലിനീകരണം

വ്യവസായവൽക്കരണവും ആധുനിക ജീവിതരീതിയും വനനശീകര ണവും അന്തരീക്ഷതാപനില വർദ്ധിപ്പിക്കുകയും ഭൂമിയുടെ സന്തുലിതാ വസ്ഥ നശിപ്പിക്കുകയും ചെയ്യുന്നതിന്റെ ആധി പങ്കുവെയ്ക്കുന്ന സുഗതകു മാരി കൂടുതൽ കൂടുതൽ വ്യവസായം എന്ന ചിന്ത സൃഷ്ടിക്കുന്ന മാത്സര്യ ലോകത്തെ *തുലാവർഷപ്പച്ച* യിൽ തുറന്നുകാട്ടുന്നു.

മഹാശാസ്ത്ര
യുഗമാണിത്, ചുറ്റും പകയും
പിന്നിൽ കുത്തും
വെടിയും കരച്ചിലും
ഭീതിയും മഹാരോഗ
ഭയവും സുഖഭ്രാന്തും
പണത്തിൻ ചതിക്കുണ്ടും

ആണവനിലയങ്ങളിൽ നിന്നുള്ള റേഡിയോ ആക്ടിവിറ്റിയും വിഷമ യമായ രാസപദാർത്ഥങ്ങളും അപകടകരമായ മാലിന്യവും സൃഷ്ടിക്കുന്ന ഭീതിദമായ അവസ്ഥ മനുഷ്യരാശിയുടെ ആസന്നനാശത്തെ കുറിക്കു ന്നുവെന്ന് തെളിയിക്കുന്ന കവിതയാണ് *വിധിദിനത്തിൽ.*

പുകയുന്നു വാനവും മന്നും, പ്രചണ്ഡാഗ്നി
യെരിയുന്നു ചക്രവാളത്തിലെങ്ങും
അല്പാല്പമായിട്ടിടിഞ്ഞു വീണീടുന്നി

താകാശമാകും  കറുത്ത കൂര
ആരോ കരിന്തിരിയൂതവേ ഞെട്ടിയാ
സൂരനും ചന്ദ്രനും കെട്ടിടുന്നു

അന്യോന്യഭീതിയിൽ മത്സരിച്ച് അണുബോംബ് തീർക്കുന്ന സമൂഹം അണുശക്തിസ്ഫോടനത്തിന് ബുദ്ധന്റെ ചിരിയെന്നു പേരിടുന്ന അധികാരത്തിന്റെ അഹങ്കാരസ്വരമാണ് *ഇതുമഹാഭാരത*ത്തിലുള്ളത്.

വായുമലിനീകരണത്തിനും ആസിഡ്മഴകൾക്കും ആണവവികിരിണങ്ങൾക്കും രാഷ്ട്രാതിർത്തികൾ ബാധകമല്ല എന്ന് തിരിച്ചറിഞ്ഞുകൊണ്ട് സ്വന്തം നിലനിൽപ്പിന്റെ വേരുകളെങ്കിലും സംരക്ഷിക്കാനാണ് *ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളിൽ* (2010:a) സുഗതകുമാരി ആവശ്യപ്പെടുന്നത്.  അന്ധമായ പുരോഗതിയും അമിതമായ ആഡംബരഭ്രമവും മനുഷ്യരാശിയെ ഭയാനകമായ അവസ്ഥയിലേക്കാണ് എത്തിക്കുക. ഓസോൺ ക്ഷയത്തെ തുടർന്ന് ഭൂമിയിലെത്തുന്ന അൾട്രാവയലറ്റ്വികിരണങ്ങൾ ക്യാൻസർ, തിമിരം, രോഗപ്രതിരോധശക്തിക്ഷയം മുതലായ വ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കുമെന്ന ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ് അവഗണിക്കരുതെന്ന് *വികസനവും പരിസ്ഥിതിയും* എന്ന ലേഖനത്തിൽ (2010:a) അവർ താക്കീതു നൽകുന്നു.  വായുവിന്റെ ശുദ്ധീകരണപ്രക്രിയ നിരന്തരവും നിയതവുമായി നടത്തുന്നത് ഭൂമിയിലെ പച്ചപ്പാണ്.  വിഷച്ചൂടിനെ ശുദ്ധീകരിക്കാനായി കാടും മരങ്ങളും ചെടികളും പുൽനാമ്പും തിരികെ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്ന ലേഖിക അതിനാവശ്യമായ ജലസംസ്കാരത്തിന്റെ പ്രാധാന്യം കൂടി ഓർമ്മപ്പെടുത്തുന്നു.

### 2.5.2 ജലപ്രതിസന്ധി

പൊതുസ്വത്തായിരുന്ന ജലത്തെ സ്വകാര്യസ്വത്താക്കിയ ആഗോളകുത്തകകൾ വിൽക്കാനും വാങ്ങാനും കഴിയുന്ന ഒരു വസ്തുവാക്കി അതിനെ

മാറ്റി. ആളുകൾ പൊതുവായി വെള്ളം ശേഖരിച്ചിരുന്ന സ്ഥലങ്ങളിൽനിന്ന് അവരെ അകറ്റിനിർത്തിയ ഇത്തരം ജലകുത്തകകൾ മുന്നോട്ടുവെച്ച പുതിയ ജലരാഷ്ട്രീയസംസ്കാരത്തെ ലോകബാങ്ക് വൈസ്പ്രസിഡണ്ടായിരുന്ന ഇസ്മയിൽ സെരാഗിൽഡിന്റെ വാക്കുകളിലൂടെ സുഗതകുമാരി എടുത്തുകാട്ടുന്നു (വികസനവും പരിസ്ഥിതിയും). ഈ നൂറ്റാണ്ടിലെ യുദ്ധങ്ങൾ എണ്ണയ്ക്കുവേണ്ടിയാണെങ്കിൽ വരും നൂറ്റാണ്ടിലേത് വെള്ളത്തിനു വേണ്ടിയാവുമെന്ന് 1995-ൽ അദ്ദേഹം നടത്തിയ പ്രവചനം[36] സൂചിപ്പിക്കുന്നതിലൂടെ ചരക്കുവൽക്കരണ സംസ്കാരത്തോടുള്ള എതിർപ്പാണ് ലേഖിക പ്രകടമാക്കുന്നത്.

ഭൂമിയുടെ പാരിസ്ഥിതികനാശത്തിൽ ജലപ്രതിസന്ധിക്ക് സർവ്വതലസ്പർശിയും തീക്ഷ്ണവും അത്യധികം സൂക്ഷ്മവുമായ മാനമാണുള്ളത്. പുത്തൻ വികസനത്തിന്റെ ഭാഗമായി വന്ന നാഗരികത കുളങ്ങളെയും തോടുകളെയും ഉപയോഗശൂന്യമായവയുടെ പട്ടികയിൽ പെടുത്തി നികത്തിയതിന്റെ ദുഷ്ഫലങ്ങളാണ് *കുടിവെള്ളം മുട്ടാതിരിക്കാൻ* എന്ന ലേഖനത്തിലെ (2010:a) പ്രതിപാദ്യം. കടുത്ത വേനലിനുമുമ്പ് വറ്റിവരളുന്ന കിണറുകളിലൂടെയും കുളങ്ങളിലൂടെയും നദികളിലൂടെയും ജലവിനിയോഗത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രകൃതി ഓർമ്മപ്പെടുത്തുന്നെങ്കിലും മനുഷ്യന് അത് ഉൾക്കൊള്ളാനാവുന്നില്ല. സെക്രട്ടേറിയേറ്റ് മാർച്ച് നടത്തിയും നിവേദനം സമർപ്പിച്ചും കുടിവെള്ളം കുപ്പികളിൽ വാങ്ങിയും ഉണ്ടാക്കാവുന്ന ജലസുരക്ഷയെപ്പറ്റിയുള്ള സ്വപ്നങ്ങളിൽ മുഴുകിയിരിക്കുന്ന ആധുനിക മനുഷ്യന്റെ ചിന്താഗതിയുടെ പരിഹാസ്യത വ്യക്തമാക്കുന്ന സുഗതകുമാരി വെള്ളത്തെ പരിപാവനമായി കരുതുന്ന സംസ്കാരമാണ് ആഗ്രഹിക്കുന്നത്. വെള്ളത്തെ വരദാനമായി കാണുന്ന, അതിന്റെ സംഭരണം ജീവന്റെ നിലനിൽപ്പിനുള്ള അടിസ്ഥാനമന്ത്രമായി കരുതുന്ന പ്രാചീനസംസ്കാരത്തിന്റെ സാക്ഷ്യപ്പെടുത്തലാണ് *കാവുതീണ്ടല്ലേ കുടിവെള്ളം മുട്ടും* എന്ന മുത്തശ്ശിയുടെ ഓർമ്മപ്പെടുത്തലുകൾ (കാവുതീണ്ടല്ലേ കുടിവെള്ളം മുട്ടും). കാടിന്റെയും കാവുകളു

ടേയും ജലാശയത്തിന്റെയും നാടായ കേരളത്തിന്റെ ഒരു തുള്ളി ജലംപോലും പാഴാക്കാത്ത പാരിസ്ഥിതികവിവേകത്തിലുറച്ച സംസ്കാരത്തെ മുറുകെപിടിക്കുന്ന സുഗതകുമാരി ജീവിതത്തിന്റെ ആധുനികീകരണത്താൽ മലീമസമായ നീരറിവുകളെ തിരിച്ചറിയേണ്ടതുണ്ടെന്നാണ് ഓർമ്മിപ്പിക്കുന്നതും.

വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും വിസർജ്യങ്ങളാലും ജലം വൻതോതിൽ മലിനമാക്കപ്പെടുന്നു. ഗംഗാനദിയെ പോലും കാളിന്ദിയാക്കിമാറ്റുന്ന രാസമാലിന്യങ്ങളുടെ ഭീകരത വ്യക്തമാക്കുന്ന കവിതയാണ് *തെംസ് നദിയോട്.*

> മർത്ത്യർ കയ്പേറിയ നിൻ മാറിടം വിട്ടു
> പൊട്ടിക്കരഞ്ഞു, പറന്നുപോയ് പക്ഷികൾ
> പോകുവതെങ്ങ്? നിൻനഞ്ഞിൽ മുങ്ങിത്താണു
> ചാകുകയായ് നിന്നരുമയാം മീനുകൾ

തെംസ് നദി ഇവിടെ നദികളുടെ സാർവ്വത്രികാവസ്ഥയുടെ പ്രതീകമാവുന്നു. സസ്യവൈവിധ്യങ്ങളാൽ സമൃദ്ധമായ നദീതീരങ്ങൾ, കാർഷികാഭിവൃദ്ധിയുടെയും ജൈവജാതികളുടെയും നിലനിൽപിന്നാധാരമായ നദികൾ എന്നിവ മാനുഷിക ഇടപെടലാൽ നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. നശിക്കുന്ന കാടിന്റെയും വരളുന്നപുഴയുടെയും വേരറ്റുപോകുന്ന തണൽമരങ്ങളുടെയും കാര്യത്തിലുള്ള ദു:ഖമാണ് *എങ്ങനെ*യെന്ന കവിതയിലുമുള്ളത്.

ആഗോളവൽക്കരണത്തെ തുടർന്ന് പ്രാദേശികസംസ്കാരങ്ങളുടെ ഹരിതപൈതൃകങ്ങൾ വിസ്മൃതിയിലേക്ക് നീങ്ങുകയാണ്. അനിയന്ത്രിതമായ വികസനവും സ്വകാര്യവൽക്കരണവും ആഗോള ഉപഭോഗവിപണിയുടെ വികാസവും ചേർന്ന് തകിടം മറിക്കുന്ന ജലവ്യവസ്ഥയെകുറിച്ച് സന്ദേഹങ്ങൾ പ്രകടിപ്പിക്കുന്ന കവി വീണ്ടെടുക്കേണ്ട അറിവുകൾക്കും അധികാര

ങ്ങൾക്കുമായി മണ്ണിലേക്കുള്ള നോട്ടം തിരിച്ചുപിടിക്കാനാണ് ആവശ്യപ്പെടുന്നത്.

കാൽച്ചോട്ടിലായ്
ചാവുന്ന പുഴകളും
മേലിലോ സൂര്യക്രോധം
ചുറ്റിലും വിഷഭയം
താഴെയോ ഭാരം താങ്ങി
ഞെരിയും ഭൂവിൻ താപം
വരളുന്നുപോൽ മണ്ണി
ന്നുൾത്തടം (മരങ്ങൾ)

ശുക്ലത്തിലെ ബീജത്തിൽ നിന്ന് തുടക്കം കുറിച്ച് ഒൻപതുമാസങ്ങൾ അമ്മയുടെഗർഭപാത്രത്തിലെ വെള്ളത്തിൽ ജീവിച്ച് അവസാനം ഒരിറക്കു വെള്ളം കുടിച്ച് മരിക്കുന്നതാണ് മനുഷ്യജീവിതം.[37] വെള്ളത്തിന്റെ ഈ പ്രാധാന്യവും അറിവുകളും മറക്കുന്ന മനുഷ്യരോട് ജലമലിനീകരണം ജീവന്റെ സാധ്യതകളെ തകർക്കലാണ് എന്ന തിരിച്ചറിവ് ഉണ്ടാവേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ബോധ്യപ്പെടുത്താനാണ് സുഗതകുമാരിയുടെ ശ്രമം.

### 2.5.3 ഊഷരമാകുന്ന മണ്ണ്

ഭൂതലത്തിലെ മേലട്ടിയായി കാണപ്പെടുന്ന മണ്ണ് അതീവദുർബലവും നഷ്ടപ്പെട്ടാൽ തിരിച്ചുപിടിക്കാനാവാത്തതുമായ അമൂല്യജൈവസമ്പത്താണ്. മേൽമണ്ണിന്റെ ക്ഷയം മനുഷ്യവംശത്തിന്റെ ക്ഷയമാണെന്ന് ഓർമ്മിപ്പിക്കുന്ന സുഗതകുമാരി രാസവളങ്ങളും കീടനാശിനികളും വനനശീകരണവും മണ്ണിന്റെ ജൈവചക്രത്തെ തകരാറിലാക്കുന്നതിന്റെ അസ്വസ്ഥതയാണ് പ്രകടമാക്കുന്നത്.

### 2.5.4. കീടനാശിനി ജീവനാശിനിയാവുമ്പോൾ

ശുദ്ധമായ ഭക്ഷണവും വായുവും വെള്ളവും മനുഷ്യന്റെ മാത്രമല്ല, എല്ലാ ജീവജാലങ്ങളുടെയും അവകാശമാണെന്നു സ്ഥാപിക്കുന്ന സുഗതകുമാരി വിളരക്ഷയെന്ന പേരിൽ നടത്തുന്ന രാസവളകീടനാശിനി പ്രയോഗം വരുത്തിവയ്ക്കുന്ന ദുരിതങ്ങളെ *വികസനവും പരിസ്ഥിതിയും* (2010:a) എന്ന ലേഖനത്തിൽ ആവിഷ്കരിക്കുന്നു: *ഒരു പ്രത്യേക ജീവിക്കെതിരെ പ്രയോഗിക്കുന്ന വസ്തു അതിനോടു ബന്ധപ്പെട്ട നിരവധി ജീവികളെ ഇല്ലായ്മ ചെയ്യുന്നു. കീടനാശിനികൾക്ക് ശത്രുമിത്രഭേദമില്ലല്ലോ. തിരിച്ചറിയാത്ത കൊന്നൊടുക്കലിൽ കർഷകസുഹൃത്തായ തവളയും പച്ചക്കുതിരയും വയൽചിലന്തിയും മാത്രമല്ല സർവജീവാണുക്കളും ഉൾപ്പെടുന്നു.*

രാസവളങ്ങളുടെയും കീടനാശിനികളുടെയും വർധിച്ച ഉപയോഗം സ്വയം പ്രതിരോധിക്കാനുള്ള പ്രകൃതിയുടെ കഴിവാണ് ഇല്ലാതാക്കുക. പ്രകൃതിയുടെ മേൽ കടന്നാക്രമണങ്ങൾ നടത്തുന്ന മനുഷ്യൻ അവൻ വസിക്കുന്ന ഭൂമിയുടെ വിനാശത്തിന്റെ വിഷാദാത്മകചരിത്രം മാത്രമല്ല രേഖപ്പെടുത്തുന്നത്, അവനോടൊപ്പം ജീവിതം പങ്കിട്ട നിരവധി ജീവജാലങ്ങളുടേതു കൂടിയാണെന്ന് റെയ്ച്ചൽ കാഴ്സൺ *സൈലന്റ് സ്പ്രിങ്ങിൽ* (1962) ഓർമ്മിപ്പിച്ചിരുന്നു. മനുഷ്യന്റെ കീടനാശിനി പ്രയോഗത്തെ ഗ്രീക്ക്മിത്തോളജിയിലെ മന്ത്രവാദിനിയായ മീഡിയ, ഭർത്താവ് ജയ്സൺ മറ്റൊരുവളിൽ അനുരക്തനായപ്പോൾ അവൾക്ക് നൽകിയ വിശേഷവസ്ത്രത്തോടാണ് റേച്ചൽ ഉപമിക്കുന്നത്. ആ വസ്ത്രം ധരിച്ചയാൾ ഉടനെ മരണപ്പെടുന്നതുപോലെ പരോക്ഷമായ മരണത്തിന്റെ സൂചനയാണ് കീടനാശിനികളും.[38]

അതീജിവനത്തിനായി ജൈവപ്രതിരോധമാർഗങ്ങളിലേക്ക് തിരിയുകയാണ് അത്യാവശ്യം. ശത്രുകീടങ്ങളെ ചെറുക്കുന്ന മിത്രകീടങ്ങൾ കൂടി വളരുന്ന സന്തുലിതമായ ഒരു ജൈവവ്യവസ്ഥ സൃഷ്ടിച്ചെടുക്കലാണ് പ്രധാനമെന്ന് സുഗതകുമാരി ഓർമ്മിപ്പിക്കുന്നു. കൃഷി ഒരു ജീവിതചര്യയാണെന്നും

മണ്ണിനോടും സഹജീവികളോടുമുള്ള സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം കൃഷിയെന്നുമുള്ള കാഴ്ചപ്പാടാണ് വേണ്ടത്. മണ്ണിളക്കാതിരിക്കുക, കൃത്രിമവളം ചേർക്കാതിരിക്കുക, കീടനാശിനികളോ കളനാശിനികളോ ഉപയോഗിക്കാതിരിക്കുക, രാസവസ്തുക്കൾ ഒഴിവാക്കുക എന്നിങ്ങനെ കൃഷിയുടെ അടിസ്ഥാനതത്വങ്ങൾ ഉപയോഗിക്കുന്ന മസനോബു ഫുക്കുവോക്കയുടെ പ്രകൃതികൃഷിക്ക് ഇവിടെയാണ് പ്രസക്തി.[39] അദ്ദേഹം *ഒറ്റവൈക്കോൽവിപ്ലവ*ത്തിലൂടെ മുന്നോട്ടുവെച്ചത് കൃഷിരീതി എന്നതിലുപരി ഒരു ദർശനം കൂടിയാണ്. പ്രകൃതിയുടെയും മനുഷ്യരുടെയും ഭാവിയ്ക്കു വേണ്ടി ഉയർത്തിപ്പിടിക്കാവുന്ന ജൈവകൃഷിയുടെ ദർശനം.

പ്രകൃതിയിലെ ഭക്ഷ്യചക്രം, ജലചക്രം, ഊർജ്ജചക്രം, ജീവചക്രം എന്നിവയുടെ ചലനാത്മകതയെ പോഷിപ്പിക്കുന്ന കൃഷിയുടെ ധർമ്മസംഹിതയ്ക്കാവണം പ്രാധാന്യം. മണ്ണിന്റെ ആരോഗ്യസംരക്ഷണവും മനസ്സിന്റെ ആത്മീയസംസ്കരണവും ഒരേ ജീവിതശൈലിയുടെ ഭാഗമാണെന്ന ചിന്തയ്ക്ക് മുൻതൂക്കം നൽകുകയും വേണം. അല്ലെങ്കിൽ രോഗബാധിതയായി മുലപ്പാൽ വറ്റിവരണ്ട അമ്മയെപ്പോലെ ഭൂമി നിസ്സഹായയായി നമ്മെ നോക്കുന്ന കാലം വരുമെന്ന് സുഗതകുമാരി മുന്നറിയിപ്പു നൽകുന്നു (വികസനവും പരിസ്ഥിതിയും).

### 2.5.5 കാവുകൾ – പ്രകൃതിസന്തുലനത്തിന്റെ മാതൃകകൾ

ഉർവരതയുടെ പ്രതീകങ്ങളായ കാവുകൾ പ്രകൃതിയുമായി മനുഷ്യനുള്ള സഹജീവനത്തിന്റെ പുരാവൃത്തങ്ങളാണ്. കുലചിഹ്നങ്ങളായ സസ്യങ്ങളും മൃഗങ്ങളും നാഗദേവതമാരും വൃക്ഷദേവതമാരും പാലകളിലെ യക്ഷിയും മായികകഥകളും നിറഞ്ഞ മലയാളിയുടെ അബോധമനസ്സിനു കാരണമായ അവ മനുഷ്യന്റെ നശീകരണവാസനയ്ക്കെതിരെയുള്ള പ്രതിരോധങ്ങൾ കൂടിയായിരുന്നു. ജൈവവൈവിധ്യത്തിന്റെയും പാരിസ്ഥിതിക സന്തുലനത്തിന്റെയും മികച്ച മാതൃകകളായ കാവുകളെയും അവയെ ചുറ്റിപ

റ്റിയുള്ള വിശ്വാസങ്ങളെയും തള്ളിപ്പറയുകയും പണസമ്പാദനത്തിനുള്ള ഉപാധിയായി മാറ്റുകയും ചെയ്യുന്ന ആധുനികമനുഷ്യന്റെ ദുര വ്യക്തമാക്കുന്ന സുഗതകുമാരി പ്രത്യാഘാതങ്ങളുടെ ഭയാനകത *കാവുതീണ്ടല്ലേ കുടിവെള്ളം മുട്ടും* എന്ന ലേഖനത്തിൽ (2010:a) ഓർമ്മപ്പെടുത്തുന്നുമുണ്ട്: *എല്ലാം മുടിക്കുന്നവനേ, ഈ മണ്ണിൽ ജീവിക്കേണ്ടത് നീ മാത്രമല്ലല്ലോ. ഓരോ പുൽനാമ്പും നീർത്തുമ്പിയും പാമ്പും പരുന്തും ഈ ഭൂമിക്ക് വിലപ്പെട്ടതാണ്. ഈ ശൃംഖലയിലൊരു കണ്ണി മാത്രമാണ് വിശ്വജേതാവായ നീ. ഓർക്കുക നശിപ്പിക്കലിന്റെ പാത ചെന്നുമുട്ടുന്നത് സർവനാശത്തിലത്രേ.*

തച്ചുടയ്ക്കലിന്റെ തത്വശാസ്ത്രം വഴി നശിപ്പിക്കപ്പെടുന്നത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിലൂന്നിയ വിശ്വാസങ്ങളും ആചാരങ്ങളുമാണ്. പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തുന്ന അധിനിവേശം വിവിധതരം അസുഖങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളുമായി മനുഷ്യനെ പിന്തുടരാതിരിക്കാൻ നശീകരണത്തിന്റെ പാതയിൽ നിന്ന് പിന്തിരിയാനാണ് സുഗതകുമാരി ആവശ്യപ്പെടുന്നത്.

### 2.6 വികസനത്തിന്റെ നീതിശാസ്ത്രം

പരിസ്ഥിതിപ്രശ്നങ്ങളിൽ ഏറിയ പങ്കും വികസനത്തെപ്പറ്റി നിലവിലുള്ള കാഴ്ചപ്പാടിൽ നിന്നു രൂപം കൊണ്ടതാണ്. നിയന്ത്രണമില്ലാത്ത ഉപഭോഗവർധനവും ത്വരിതഗതിയിൽ നടക്കുന്ന നഗരവത്ക്കരണവും മുഖമുദ്രയാക്കിയ വികസന സങ്കൽപ്പങ്ങളാണ് സമൂഹാധിപത്യം നേടുന്നത് എന്നിരിക്കെ വികസനം മനുഷ്യകേന്ദ്രിതം മാത്രമാവുന്നു. വ്യാവസായികോത്പാദനത്തിലൂടെ ലഭ്യമാവുന്ന വികസിത ജീവിതത്തിനായി അമേരിക്കൻ മോഡൽ സമൂഹത്തെ മാതൃകയാക്കുന്ന ഇത്തരം വികസനസങ്കൽപ്പങ്ങളോടുള്ള എതിർപ്പ് പ്രകടമാക്കിയ സുഗതകുമാരി സുഖഭോഗങ്ങൾക്കു പിന്നാലെയുള്ള ഭ്രാന്തുപിടിച്ച പാച്ചിൽ ഭൂമിയെ മുടിക്കുകയാണെന്ന യാഥാർത്ഥ്യം ഉൾക്കൊ

ള്ളാനാണ് *ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ വെല്ലുവിളികൾ* എന്ന ലേഖന (2010:a) ത്തിൽ ആവശ്യപ്പെടുന്നത്.

പുതിയ സമ്പത്തിൻ വിനാശപർവമായ വികസനപർവം പ്രകൃതിവിരുദ്ധവും ജനവിരുദ്ധവുമായാണ് നീങ്ങുന്നതെന്ന കാഴ്ചപ്പാടാണ് ഇതു *മഹാഭാരതവും.*

ഒരു നൂറു കാടുണ്ടിരുണ്ടു കൃപാർദ്രമാ-
മവയൊക്കെ മരുവാക്കി മാറ്റുന്ന, ഗംഗയാം
നദിയൊക്കെ നഞ്ഞായൊലിക്കുന്ന
മക്കൾക്കു പതിവായ് ശ്വസിക്കാൻ വിഷപ്പുകയും
ദാഹമകലുവാൻ മദ്യവും നീട്ടുന്ന നഗരങ്ങൾ

മനുഷ്യരുടെ മാത്രം സുഖഭോഗങ്ങൾക്കും വികസനത്തിനുമായി പ്രകൃതി ഒരുങ്ങിക്കൊടുക്കണമെന്ന ചിന്താഗതിയോടാണ് സുഗതകുമാരിക്ക് എതിർപ്പ്. വികസനമെന്നാൽ മനുഷ്യരാശിയുടെ പൊതുനന്മയ്ക്കായുള്ള അവശ്യവസ്തുക്കളുടെ നിർമ്മാണവും ഉപഭോഗവുമാണെന്ന് അഭിപ്രായപ്പെടുന്ന അവർ വികസനത്തിന്റെ സാമ്പത്തികഘടകത്തോടൊപ്പം സാമൂഹിക സാംസ്കാരികഘടകങ്ങൾ കൂടി ഉൾക്കൊള്ളുന്നു. ജീവിതഗുണതയുടെ സാമൂഹികസാംസ്കാരിക മാനങ്ങൾ നിറവേറാൻ മൊത്തം ഉൽപാദനവർധനവിനേക്കാൾ ഉള്ളതിന്റെ നീതിയുക്തമായ വിതരണമാണ് പ്രധാനം.[40]

ശാസ്ത്രസാങ്കേതികവിദ്യകൾ എത്രതന്നെ പുരോഗമിച്ചിട്ടും വികസന പരിപാടികളെല്ലാം തന്നെ മനുഷ്യന്റെയും പ്രകൃതിയുടെയും അമിതചൂഷണത്തിലേക്കാണ് നീങ്ങുന്നത്. പട്ടിണിയായും തൊഴിലില്ലായ്മയായും ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന ഇത്തരം സമീപനങ്ങളിലെ നീതിരാഹിത്യത്തെ വ്യക്തമാക്കുന്ന കവിതയാണ് *ബയാഫ്ര.*

നെഞ്ചു കുഴിഞ്ഞും വയറുന്തിയുമൊരു
നൂറുകിടാങ്ങൾ, കറുത്തവർ, നഗ്നർ
കരഞ്ഞുവിതുമ്പീടുന്നവർ, പശിയാൽ
രോഗികളായോർ, താഴെ മലത്തിൽ
വീണുകിടന്നു മരിപ്പോർ

എന്ന് വികസനക്കുതിപ്പിൽ ചവിട്ടി മെതിയ്ക്കപ്പെടുന്ന ജനതയെ കവി ചൂണ്ടിക്കാട്ടുന്നു.

വർധിച്ച സുഖഭോഗം, കൂടുതൽ ഉൽപാദനം, തുടർച്ചയായ സാമ്പത്തിക വളർച്ച എന്ന ധാരണയിലേക്ക് വികസനത്തെ നയിച്ച അധിനിവേശകർ ന്യൂനപക്ഷത്തിന്റെ സുഖവും സൗകര്യവുമേ പ്രധാനമായി ഗണിച്ചുള്ളൂ. ആഗോളവൽക്കരണത്തിന്റെ പ്രധാനലക്ഷ്യം സമൂഹത്തിലെ ധനികന്യൂനപക്ഷത്തിന് എല്ലാവിധ സുഖസൗകര്യങ്ങളുമൊരുക്കാനായി ബഹുഭൂരിപക്ഷത്തെയും പ്രാന്തവൽക്കരിക്കുകയാണ്. പണാധിപത്യപരമായ ഈ വികസന സംസ്കാരം സൃഷ്ടിച്ച പാരിസ്ഥിതികദുരന്തങ്ങൾ ഏറെയാണ്. ആഗോളതാപനം, ജലമലിനീകരണം, ആണവപ്രശ്നങ്ങൾ, ഭൂമിയുടെ വന്ധ്യംകരണം എന്നിവ അവയിൽ ചിലതു മാത്രം.

### 2.6.1 ഇല്ലാതാകുന്ന പച്ചപ്പ്

വികസനത്തിന്റെ പേരിൽ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നത് വനങ്ങളാണ്. മനുഷ്യന്റെ ആർത്തി കാട്ടുതീപോലെ പടർന്ന് അനിയന്ത്രിതമായ ഉപഭോഗത്തിലൂടെയും തെറ്റായ വികസനനയത്തിലൂടെയും ജീവന്റെ പച്ചപ്പ് ഇല്ലാതാക്കുന്നതിന്റെ ചിത്രമാണ് *വനരോദനം.*

മലനാടൻകാടുകൾ ചാവുന്നു! . . . ചാവലോ
നിലയറ്റ തീയൊഴുക്കായിടുന്നു
വറുതിയായ് പ്രളയമായ് ഇടിവെട്ടിയിടിയുന്ന
മലകളായ്, മച്ചിയാം പാടമായി

മാറുന്ന കാടിന്റെ നാശത്താൽ നഷ്ടമാകുന്നത് ജൈവസമ്പത്തിന്റെ അമൂല്യകലവറയാണെന്ന് *കാടിനു കാവൽ നാംതന്നെ* എന്ന ലേഖനവും (2012) സാക്ഷ്യപ്പെടുത്തുന്നു. അടിവേരുതൊട്ടു മുടിയിലവരെ നൽകുന്ന മര ങ്ങൾക്ക് *മഴുവും തീയും* മാത്രം പകരം നൽകുന്ന മനുഷ്യന്റെ നെറികേടാണ് *മരത്തിനു സ്തുതി*യിലുമുള്ളത്.

പ്രകൃതിയെ കേവലഉപഭോഗവസ്തുവായി കാണുന്ന സമീപനം സൃഷ്ടിക്കുന്ന ആശങ്ക ഇന്നിന്റെ സൗന്ദര്യത്തിലും നാളെയുടെ ഭീകരമുഖം ദർശിക്കാൻ കവിയെ പ്രേരിപ്പിക്കുന്നു. കിഴക്കൻമലമുകളിൽ കുറിഞ്ഞിപൂത്തു നിൽക്കുമ്പോൾ പോലും ആനന്ദിക്കാൻ കഴിയാതെ പേടിയോടെ നിൽക്കുന്ന കവിയെയാണ് *കുറിഞ്ഞിപ്പൂക്കളിൽ* കാണാനാവുക. മഴുവും തീയും കഴു കൻകണ്ണുമായി വരുന്ന മനുഷ്യനെയും റബ്ബറിൻ നിരകളെയും ഇരമ്പിയെ ത്തുന്ന പദ്ധതിയെയും ഭയപ്പെടുന്ന കവി ഭാവിതലമുറയ്ക്ക് കുറിഞ്ഞിപൂത്ത മലകളുടെ സൗന്ദര്യം ഓർമ്മ മാത്രമാവുമോ എന്ന ആശങ്കയിലാണ്. ഇതേ സന്ദേഹം തന്നെയാണ് *മരങ്ങളി*ലുമുള്ളത്.

പാതയിൽ കല്ലമ്പല
നടയിൽ ലേലം ചെയ്ത
പാല വെട്ടിയോ? മുറി
വേറ്റു നില്പുണ്ടോ? വീണോ?

പച്ചവില്ലീസുറവുക്കയിട്ടിരുണ്ട പച്ചപ്പട്ടു പുതച്ച അട്ടപ്പാടിയുടെ ഇന്നും നാളെയും കവിക്ക് ആശങ്ക നൽകുന്നു. നൈമിഷികപ്രതീക്ഷകളെ പോലും നിഷ്ഫലമാക്കി നടക്കുന്ന പ്രകൃതിധ്വംസനം ഹരിതസാന്ത്വനമാവേണ്ടുന്ന പച്ചപ്പുകളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുമെന്ന് കവി മുന്നറിയിപ്പു നൽകുന്നു.

നാളെ വെയിലും പൊടിക്കാറു
മെത്തിടും, ചൂടിൽ കരി-
മ്പാറയിൽ മുഖം ചേർത്തു
തളർന്നു വീണ്ടും ശുഷ്കം
മാറുമായ് കണ്ണീർവറ്റി
മലർന്നു കിടന്നീടു-
മിവളാം തീരാദു:ഖം (തുലാവർഷപ്പച്ച)

മാനവിക മൂല്യങ്ങൾക്ക് പ്രാധാന്യമില്ലാത്ത നിയോലിബറൽ സമൂഹത്തിൽ നിലനിൽപ്പ് സാധ്യമായ വികസനത്തിനു പ്രസക്തിയില്ല. കാറ്റിനെയും നദിയെയും വായുവിനെപ്പോലും സ്വകാര്യവത്കരിക്കുന്ന നിയോലിബറൽ നയങ്ങൾ എല്ലാതരം അസമത്വങ്ങളെയും വർധിപ്പിക്കുന്ന യാന്ത്രികസമീപനത്തിലേക്കാണ് മനുഷ്യനെ നയിച്ചത്.[41]

### 2.6.2 യാന്ത്രികത

ഉൽപാദനവ്യവസ്ഥയെ യാന്ത്രികമായി സമീപിക്കുന്നതു മൂലമുണ്ടാകുന്ന ആത്മീയശൂന്യതയാണ് ജൈവപ്രകൃതിയുടെയും സാമൂഹ്യപ്രകൃതിയുടെയും താളം തെറ്റിക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യകളുടെ സഹായത്തോടെ മുന്നേറുന്ന ജ്ഞാനപദ്ധതികൾ പുരുഷനൊപ്പം ചേർന്ന് മണ്ണിനെയും പെണ്ണിനെയും മലിനീകരിക്കുന്നു. നാഗരികതയുടെ തിരക്കിലൂടെ വേഗം നടക്കുന്ന കവിയുടെ ആടത്തുമ്പിൽ പിടിച്ചുവിളിക്കുന്ന കാക്കപ്പൂവ് (കാക്കപ്പൂവ്) യാന്ത്രികസംസ്കാരത്തിനെതിരായ പ്രതിരോധപ്രവർത്തനങ്ങളുടെ അനിവാര്യത വ്യക്തമാക്കുന്നു. പുകയുടെയും യന്ത്രഘോഷത്തിന്റെയും ക്രൂരസ്വരങ്ങൾക്കിടയിലുള്ള കാക്കപ്പൂവിന്റെ പുഞ്ചിരിക്കൊപ്പം ബാല്യകാലാനുഭവങ്ങളിലേക്ക് പോയ കവിമനസ്സ് പൂവിന്റെ സ്വത്വം സ്ത്രീസ്വത്വമായി മാറുന്നതിന്റെ പ്രതിരൂപമാണ്. ആധുനികപരിഷ്കൃതി

യുടെ അതിവേഗതയിൽ അസ്വസ്ഥയാകുന്ന കവിയാണ് *കാളിദാസസ്മരണ*യിലുള്ളത്.

മുന്നിലേക്കെങ്ങോ മുട്ടി
ത്തകരാനോടിപ്പോകും
ഞങ്ങളോ പറക്കുന്നു
നേരമില്ലല്ലോ നിൽക്കാൻ

ചുറ്റും പകയും കരച്ചിലും മഹാരോഗങ്ങളും സുഖഭ്രാന്തും അഴിമതിയും നിറഞ്ഞ കാലത്തെ മഹാശാസ്ത്രയുഗമെന്നു വിശേഷിപ്പിക്കുന്ന കവി അവ എങ്ങനെ മനസ്സിനെ ഊഷരമാക്കുന്നുവെന്ന് *മരങ്ങളിൽ* വെളിവാക്കുന്നു. മണ്ണിനെയും പ്രകൃതിയെയും ചവിട്ടിമെതിക്കുന്ന യാന്ത്രികത മനുഷ്യരുടെ ഉള്ളിൽ കുടിലതകൾക്ക് വഴിവെക്കുകയും വർഗസംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് ഭയപ്പെടുന്ന സുഗതകുമാരി മൂലധനചൂഷണത്തിനും വർഗീയതയ്ക്കും യുദ്ധങ്ങൾക്കും പ്രകൃതിനശീകരണത്തിനും എതിരായ നിലപാടുകളാണ് കൈക്കൊള്ളുന്നത്.

### 2.6.3 വർഗീയതയ്ക്കെതിരെ

രാഷ്ട്രീയത്തെ പ്രമേയമാക്കുമ്പോഴും അതിലെ മാനുഷികാംശമാണ് കവിക്ക് മുഖ്യം. ഭാരതരാഷ്ട്രീയത്തിലെ നീറിപ്പുകയുന്ന അവസ്ഥകൾ പ്രതിപാദിക്കുന്ന *പഞ്ചാബിൽ* നഷ്ടത്തിന്റെ മാത്രം കഥപറയുന്ന ഒരു ജനതയുടെ മനോവേദനയാണുള്ളത്.

ആ നിലവിളിക്കുന്നോരമ്മ ഹിന്ദുവോ സിഖോ
ആ നിലവിളിയുടെ ഭാഷ രണ്ടാമോ പഞ്ചാബ് (പഞ്ചാബ്)

മകനെ വിളിച്ചു കരയുന്ന അമ്മയുടെ നോവിന് ദേശത്തിന്റെയൊ ഭാഷയുടെയൊ വേർതിരിവില്ല എന്ന് *തലശ്ശേരി*കളും തെളിയിക്കുന്നു. ക്ഷാമത്തിന്റെയും ആഭ്യന്തരകലഹത്തിന്റെയും അത്യുഗ്രമായ ചൂടിൽ വാടിക്കരി

യുന്ന ബീഹാറും ആഫ്രിക്കയിലെ ബയാഫ്രയും ഒരു ജനതയുടെ ദുരന്ത ത്തിന്റെ ആഴമാണ് പ്രതിഫലിപ്പിക്കുന്നത്. പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ സ്ത്രൈണതയെയും മനുഷ്യവർഗത്തെയും പ്രതികൂലമായി ബാധിക്കും എന്നറിവുള്ള സുഗതകുമാരി അതിനെതിരെയാണ് *നിന്നെ വിട്ടെങ്ങു പോകാ നി*ലും വിരൽ ചൂണ്ടുന്നത്.

> രത്നഗർഭയാമമ്മ
> സർവവും നീട്ടിക്കൊണ്ടു
> നിൽക്കിലും തമ്മിൽ തല്ലി-
> ച്ചാവുമിക്കിടാങ്ങളെ
> വെറുക്കുന്നൂ ഞാൻ

മനുഷ്യനു നഷ്ടമായ നീതിബോധവും ധാർമ്മികബോധവും തിരിച്ചു പിടിക്കാൻ കഴിഞ്ഞാലേ രാഷ്ട്രീയത്തിന്റേയും മതത്തിന്റേയും വർഗീയതയു ടേയും പേരിലുള്ള സംഘർഷങ്ങൾ ഇല്ലാതാവൂ. സഹഭാവത്തിന്റെ ഉദാത്ത തയിൽ അധിഷ്ഠിതമായ അത്തരമൊരു വികസനപരിപ്രേക്ഷ്യത്തിനായി ധാർമ്മികതയെ മുൻനിർത്തുകയാണ് കവി.

### 2.6.4 നഷ്ടമാകുന്ന ധാർമ്മികത

ആധുനികമനുഷ്യന് പുരോഗതിയിലേക്കുള്ള പാതയിൽ നഷ്ടമായത് സ്വന്തം ധർമ്മബോധം തന്നെയെന്ന് തെളിയിക്കുന്ന കവിതയാണ് *കൊളോ സസ്സ്*. അന്ധതയുടെ ഇരുൾ തുണയാക്കിയ സന്തതിക്ക് മുലപ്പാലിനു പകരം കൊലനിലത്തിലെ ചോരയായിരുന്നു ഏറെ ഇഷ്ടം. ലോകമഹായുദ്ധങ്ങൾ, സാമ്രാജ്യങ്ങളുടെ പക, ആദർശങ്ങളുടെ തകർച്ച എന്നിവയിൽ വളർന്ന കൊളോസസ്സ് മനുഷ്യനിലെ സർവസംഹാരാത്മകമായ പാപശക്തിയുടെ പ്രതിരൂപമാണ്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ധർമ്മച്യുതിയെ മുൻനിർത്തിയുള്ള

കവിതയാണ് *ഹാ രാമ, പുതിയ പാതാളം, സ്വാതന്ത്ര്യം* എന്നിവ. രാജ്ഘട്ടിൽ സമാധിസ്ഥനായി കഴിയുന്ന ഗാന്ധിജിയുടെ ചോദ്യത്തിലൂടെ ചുരുളഴിയുന്ന *ഹാ രാമ* വിഭവദാരിദ്ര്യവും ജനപ്പെരുപ്പവും കൊണ്ടു പൊറുതിമുട്ടിയ ഇന്ത്യയുടെ ദയനീയാവസ്ഥ വ്യക്തമാക്കുന്നു.

നിന്റെ മക്കൾ മഹാധനർ ഉള്ളിൽ
അന്ധകൂപശതങ്ങളിലെല്ലാം
പട്ടിണിക്കഞ്ഞി പൂഴ്ത്തിവെച്ചുച്ചം
കൊച്ചുമക്കൾ നിലവിളിക്കുമ്പോൾ
ഇത്തിരിക്കാശു കൂടുതൽ വാങ്ങി
ഒട്ടുമായം കലർത്തിവിൽക്കുന്നു (ഹാ രാമ)

അഴിമതി, സ്നേഹരാഹിത്യം, സ്വാർത്ഥത, സംഹാരപ്രവണത എന്നിവ സമൂഹചെയ്തികളായിത്തീരുന്നതിലുള്ള അസ്വസ്ഥത പ്രകടമാക്കുന്ന കവി *ഞങ്ങൾക്കെന്തിനു കഷ്ടം, ദേവകൾ/നുകരും സ്വാതന്ത്ര്യം* (സ്വാതന്ത്ര്യം 1976) എന്നു ചോദിച്ചു പോകുന്നു. സ്വാതന്ത്ര്യം കിട്ടിയിട്ടും ഇരുട്ടിൽത്തന്നെ കഴിയുന്ന സഹജീവികളെയും പ്രകൃതിയെയും ദ്രോഹിക്കുന്ന സമീപനം പുലർത്തുന്ന മനുഷ്യചെയ്തികളാണ് *പുതിയ പാതാള*ത്തിലുമുള്ളത്.

ഞങ്ങടെ വിഷമേറ്റെളിയോർ വീണു
പിടഞ്ഞടിയുന്നതു കണ്ടുരസിപ്പൂ
അറബിക്കടലിൽ കുളിർതെന്നലിലും
ചതിയുടെ ഗന്ധം ചേർപ്പൂ

അഴിമതിയുടെ കരാളഹസ്തങ്ങൾ നാടിനെയൊന്നാകെ പിടി മുറുക്കുമ്പോൾ *കളഞ്ഞുപോയ പവിത്രമാം ധർമ്മത്തെ* ഓർത്ത് നൊമ്പരപ്പെടുന്ന കവിയെയാണ് *ആഗസ്റ്റ് 15 1981* ലും കാണാനാവുക.

പ്രകൃതിസംരക്ഷണതത്പരമായ സമൂഹത്തിലേ ധാർമ്മികതയ്ക്കും

നീതിക്കും പ്രാധാന്യമുണ്ടാവൂ എന്നറിയുന്ന കവി പ്രകൃതിസൗഹാർദ്ദവും സ്നേഹവും ലാളിത്യവും ഉൾക്കൊള്ളുന്ന ഭാരതീയസംസ്കാരത്തിലെ ധാർമ്മികതയുടെ വശത്തിനാണ് പ്രാധാന്യം നൽകുന്നത്. വേദങ്ങളും ഉപ നിഷത്തുക്കളും മുന്നോട്ടു വെച്ച സർവ്വജീവൈക്യബോധം ദോഷോന്മുഖ മായ വികസനരീതിക്കുള്ള മറുമരുന്നായി അവർ കരുതുന്നു.

### 2.6.5 അതിജീവനത്തിന്റെ വികസനപ്രക്രിയ

സ്ഥായിയായ വികസനം മനുഷ്യന്റെ ശാരീരികമാനസികാരോഗ്യത്തെ തൃപ്തിപ്പെടുത്തുന്ന ഒന്നായിരിക്കണം. പ്രകൃതിവിഭവങ്ങളെ കരുതലോടെ ഉപയോഗിക്കുന്ന, പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും ഊന്നൽ നൽകുന്ന, വ്യക്തിപരമായ രക്ഷപ്പെടലിനു പകരം സാമൂഹ്യമായ പ്രശ്നപരി ഹാരത്തെ ആശ്രയിക്കുന്ന അത്തരമൊരു വികസനരീതിക്കായി പടിഞ്ഞാ റൻസമ്പദ്വ്യവസ്ഥയോടുള്ള അന്ധമായ വിധേയത്വം ഒഴിവാക്കേണ്ടിയിരി ക്കുന്നു. പ്ലേറ്റും കടലാസും വസ്ത്രങ്ങളും മാത്രമല്ല പവിത്രമായ ബന്ധങ്ങൾ പോലും വലിച്ചെറിയപ്പെടുന്നതിലെ അസ്വസ്ഥത പ്രകടമാക്കുന്ന സുഗതകു മാരി ഉള്ളതു സൂക്ഷിച്ചുപയോഗിക്കാനും അധികമുള്ളത് പങ്കുവയ്ക്കാനുമുത കുന്ന സംസ്കാരത്തെയാണ് മുറുകെ പിടിക്കുന്നത് (വികസനവും പരിസ്ഥി തിയും). മുതലാളിത്തത്തിന്റെ ദോഷവശങ്ങളെ ഗുണോന്മുഖമായി പരി വർത്തിപ്പിക്കാനുതകുന്ന ഇത്തരമൊരു വികസനരീതിക്കായി എളിയജീവിത രീതിയാണ് അവർ പരിഹാരമായി നിർദ്ദേശിച്ചത്.

### 2.6.6 ഗാന്ധിയൻചിന്തയുടെ സ്വാധീനശക്തി

ആവശ്യങ്ങളെ നിയന്ത്രിച്ച് ലളിതജീവിതത്തിലൂടെ പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും വരുംതലമുറയ്ക്ക് കൈമാറുന്നതാണ് യഥാർത്ഥപ്ര കൃതിസംരക്ഷണമെന്ന ഗാന്ധിയൻ നിലപാടുകളാണ് തനിക്ക് പ്രചോദനമാ യതെന്നു സുഗതകുമാരി അഭിപ്രായപ്പെടുന്നു:

*എന്റെ ഹൃദയത്തിൽ ഗാന്ധിജി എന്ന നാമം എല്ലാ ഭൗതികജീവിതപ്രശ്നങ്ങൾക്കും പരിഹാരമായി അങ്കിതമായിരിക്കുന്നു. ചൂഷിതയായ ഭൂമിയുടെ പ്രശ്നങ്ങളും ചൂഷിതയായ സ്ത്രീയുടെ പ്രശ്നങ്ങളും അടിസ്ഥാനപരമായി ഒന്നുതന്നെയാണ്. കാരുണ്യത്തിന്റെ, സ്നേഹത്തിലും എളിമയിലും അധിഷ്ഠിതമായ ഒരു ജീവിതക്രമം സ്വീകരിക്കുക എന്നതു മാത്രമാണ് ലോകത്തിനു മുന്നിലുള്ള ഒരേയൊരു വിമോചനമാർഗ്ഗമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത് ഗാന്ധിജി പഠിപ്പിച്ച പാഠമാണ്.*[42]

വ്യവസായ അധികാരകേന്ദ്രീകരണത്തിനും കുത്തകലാഭത്തിനും മാത്രമുള്ള അസംസ്കൃതവസ്തുക്കളായി പരമ്പരാഗത അറിവിനെയും ജൈവവൈവിധ്യത്തെയും കാണുന്ന വികസനസംസ്കാരത്തിനു പകരം വിനയത്തിന്റെയും ചെലവുചുരുക്കലിന്റെയും തത്വശാസ്ത്രം മുന്നോട്ടുവച്ച ഗാന്ധിയൻ ചിന്താഗതി പുതിയ തലമുറയ്ക്ക് ഉൾക്കൊള്ളാനാവുന്നില്ല എന്നതിലാണ് സുഗതകുമാരിക്ക് ഉൽകണ്ഠ. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും പേരിൽ തമ്മിലടിക്കുന്ന യുവതലമുറയെ കാണുമ്പോൾ *ഇതിനോ ഞങ്ങൾ നിനപ്പൂപ്പണ്ടീ/ച്ചിതയിലെരിഞ്ഞു ഗാന്ധി* (ക്യൂനിൽക്കുന്നൂ ഞങ്ങൾ) എന്നു കവി ചോദിച്ചു പോകുന്നു. പരിസ്ഥിതിബോധമോ അഹിംസയോ സഹനശക്തിയോ ഉൾക്കൊള്ളാതെ ഗാന്ധിസമാധിയിൽ പൂമൊട്ട് വയ്ക്കുന്നവർ മാത്രമായ ജനതയുടെ ധാർമ്മികാധ:പതനമാണ് *ഹാ രാമായും*. പടർന്നു പിടിക്കുന്ന സംഹാരത്തിന്റെ അഗ്നി കെടുത്താനായില്ലെങ്കിൽ മനുഷ്യരാശിയുടെ നിലനിൽപ്പു തന്നെ അപകടത്തിലാവുമെന്ന് *സ്വാതന്ത്ര്യ*ത്തിൽ കവി മുന്നറിയിപ്പ് നൽകുന്നുമുണ്ട്.

വിയർപ്പാലശ്രുവാൽ തീയു-
കെടുത്തിൻ! കഴിയായ്കിലോ
നിണത്താൽ ഭൂപടത്തിങ്കൽ
നിന്നുമിന്ത്യയെ മായ്ക്കുവിൻ

സേവനവും സഹാനുഭൂതിയും കൊണ്ട് സ്വതന്ത്രഇന്ത്യയിലെ കാലുഷ്യങ്ങൾ ഇല്ലാതാക്കണമെന്ന ഗാന്ധിയൻ പരിഹാരമാണ് വിയർപ്പാലും അശ്രുവാലും തീകെടുത്താനുള്ള മുന്നറിയിപ്പിനു പ്രേരണ.

ഗാന്ധിജിയുടെ സഹനസമരശൈലിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് തോൽക്കുന്ന യുദ്ധത്തിലെ പടയാളിയാവാനും ഭരണകൂടത്തെയും വികസനലോബിയെയും ചെറുക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സുഗതകുമാരിയെ ശക്തയാക്കിയത്. ഗാന്ധിജിയുടെ ചിന്തകളിൽ പ്രകടമായ ജീവനധാർമ്മികതയും ഗ്രാമീണപുനരുദ്ധാരണരീതികളും ജൈവികവും പ്രകൃതിപരവുമായ കൃഷിരീതികളും ലളിതജീവിതശൈലിയുമാണ് ജൈവകൃഷിയെക്കുറിച്ചുള്ള കാഴ്ചപ്പാടിലും അവർക്ക് മാതൃക. ഒരു മനുഷ്യനു പ്രകൃതിയിൽനിന്ന് എടുക്കാവുന്ന വിഭവങ്ങൾക്ക് പരിമിതിയുണ്ടെന്ന് നിറഞ്ഞൊഴുകുന്ന യമുനയിൽ നിന്നു മൊന്തകൊണ്ട് അളന്നുവെള്ളമെടുത്തു കൊണ്ട് ഗാന്ധിജി നമ്മെ ഓർമ്മിപ്പിച്ചു.[43] ഗാന്ധിജി മുന്നോട്ടുവെച്ച ലാളിത്യമാർന്ന ഈ പാരിസ്ഥിതികചിന്തകളാണ് വരുംതലമുറയ്ക്കാവശ്യം എന്നാണ് സുഗതകുമാരിയുടെ അഭിപ്രായം. പ്രകൃതിവിഭവങ്ങളെല്ലാം മറ്റനേകലക്ഷം ജാതിയിൽപ്പെട്ട സസ്യജന്തുസൂക്ഷ്മജീവികളുമായി പങ്കിടാനുള്ളതാണെന്ന ബോധം ഭൂമിയെ ആദരിക്കാനും മുറിവുകൾ ഉണക്കാനും കഴിയുന്ന വികസനപ്രക്രിയയ്ക്ക് കാരണമാകുമെന്നും അവർ കരുതുന്നു.

### 2.7. പാരിസ്ഥിതികമായ അവബോധം

സ്ത്രീയും പ്രകൃതിയും ഒരുപോലെ ചൂഷണവിധേയമാകുന്ന സമൂഹഘടനയെ മാറ്റിയെടുക്കാൻ പാരിസ്ഥിതികമായ അവബോധം കരുത്തേകുമെന്ന് സുഗതകുമാരി വിശ്വസിക്കുന്നു. ഗ്രാമജീവിതത്തോടുള്ള ഗൃഹാതുരത്വമായും പരിസ്ഥിതിസംബന്ധമായ ധാർമ്മികതയായും പ്രകൃതിയിൽ ഈശ്വരാരോപം നടത്തിയുമാണ് തന്റെ പ്രകൃത്യാവബോധം കവി വ്യക്തമാക്കുന്നത്.

ആധുനികകൊളോണിയൽ പ്രത്യയശാസ്ത്രവും നഗരവൽക്കരണവും ഉപഭോഗസംസ്കാരവും സൃഷ്ടിച്ച യാന്ത്രികതയിൽ നിന്ന് കവിമനസ്സ് മോചനം നേടുന്നത് പഴയകാലനന്മകളെ മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ്. അതിൽ പ്രധാനം ഓണം തന്നെ.

### 2.7.1 ഓണത്തിന്റെ ഭാവപ്പകർച്ച

മധുരോദാരമായ പ്രതീക്ഷകളുടെ സാകല്യമാണ് സുഗതകുമാരിക്ക് ഓണം. ഓണത്തിന്റെ ശോഭ ആധുനികമനുഷ്യൻ നേരിടേണ്ട സംസ്കാരപാഠങ്ങളിലേക്ക് ചെന്നെത്തുമ്പോൾ ഓണക്കാഴ്ച ജീവിതക്കാഴ്ചയായി മാറുന്നു. *പ്രവാഹബിന്ദു* അതിനു തെളിവാണ്.

ഇപ്രപഞ്ചമൊരോണപ്പൂ-
ക്കളമായ്, സപ്തവർണ്ണമാ-
യുത്സവം പോൽ, സുഖാഹ്ലാദ
പ്രണയം പോൽ വിളങ്ങവേ

തുമ്പകൾ, അരളികൾ, മുല്ലകൾ, കണ്ണാന്തളികളിലഞ്ഞികൾ തുടങ്ങിയ ഓണപ്പൂക്കളെ കിനാവു കാണുമ്പോൾ വരളുന്ന ഹൃദയം പോലും പുതുപൂക്കളായി മാറുന്ന അനുഭവമാണ് *പൂവിളി കേട്ടപ്പോൾ* എന്ന കവിത. ലോകത്തിന്റെ ഇരുളാണ്ട ആകാശത്തിൽ പ്രേമത്തിന്റെയും ശാന്തിയുടെയും നിലാവുദിക്കുന്ന ഉത്സവമായി ഓണത്തെ ഓർമ്മിക്കുന്ന സുഗതകുമാരി വർത്തമാനകാലത്തെ യാന്ത്രികമായ ഓണം ഇഷ്ടപ്പെടുന്നില്ല. ജീവിതവേഗത്തിന്റെയും ജീവിതദുരിതത്തിന്റെയും കാലത്തെ ചടങ്ങുമാത്രമായ ഓണാഘോഷത്തെ *തിരുവോണപ്പുലരി*യിലും *ഓണ*ത്തിലും *സർക്കാരോണ*ത്തിലും ആവിഷ്കരിക്കുന്ന കവി അസ്വസ്ഥതകൾക്കിടയിലും മാവേലിയുടെ വരവ് ആഗ്രഹിക്കുന്നുണ്ട്. ദില്ലിയിലെ യാന്ത്രികതകൾക്കിടയിലും മാവേലിയെ പ്രതീക്ഷിച്ചിരിക്കുന്ന വ്യക്തി ജൈവസർഗ്ഗാത്മകതയുടെ ചിഹ്നം തന്നെ.[44]

ഓണപ്പൂവിൻ പുഞ്ചിരിയിതളുകളും തറവാടിന്റെ പഴയ മുറ്റത്തെ അത്തപ്പൂക്കളത്തിന്റെ വിശാലതകളും ഓണത്തുമ്പിയും നിറഞ്ഞ മധുരതര മായ ഓർമ്മകളും കടലും കായലും തെങ്ങുകളുമെല്ലാം അഴകിന്റെ പരമോ ത്സവത്തിൽ നിൽക്കുന്ന കാഴ്ചയും പുനഃസൃഷ്ടിക്കാനാവില്ലെങ്കിലും മനു ഷ്യമനസ്സിന്റെ വിഷാദഭാവങ്ങൾക്കിടയിൽ ആഹ്ലാദകിരണങ്ങളാവാൻ ഇത്തരം ഓർമ്മകൾക്ക് കഴിയും.

ആരു ചവിട്ടിത്താഴ്ത്തിലുമഴകിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവ്വസ്മരണയിലാഹ്ലാദത്തിൻ
ലോകത്തെത്തും ഹൃദയം (പാവം മാനവഹൃദയം)

ഇരുളിന്റെയും വേദനയുടെയും പാതാളത്തിൽ ചവിട്ടിത്താഴ്ത്തപ്പെട്ട തിരസ്കൃതചേതനയുടെ വിമോചനസ്വപ്നമായി ഓണം മാറുന്നിടത്താണ് *പാവം മാനവഹൃദയം* പ്രസക്തമാവുന്നത്.

കേരളീയപ്രകൃതി, ആവാസവ്യവസ്ഥ, ഋതുഭേദങ്ങളുടെ സമൃദ്ധകാലം എന്നിവ ചേർന്നൊരുക്കിയ പാരിസ്ഥിതികാവബോധമാണ് സുഗതകുമാരി യുടെ ഓണസങ്കൽപ്പം. നമുക്ക് നഷ്ടമായ ഓർമ്മകളും മൂല്യങ്ങളും വേരു കളും ഗ്രാമീണസംസ്കൃതിയും തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളുടെ ഭാഷ്യങ്ങ ളാണവ. ആധുനികനാഗരികതയുടെ വളർച്ചയിൽ നഷ്ടമായ പ്രകൃതിയും മനുഷ്യനുമായുള്ള പാരസ്പര്യത്തെ പ്രകൃത്യുപാസനയിലൂടെ വീണ്ടെടുക്കാ നാണ് കവി ശ്രമിക്കുന്നത്.

### 2.7.2 പ്രകൃതിയോടുള്ള ആരാധന

പരിസ്ഥിതിബോധമെന്നത് അതിന്റെ ആഴത്തിൽ ആധ്യാത്മികബോധ മാണെന്ന ചിന്താഗതിയാണ് അമ്പലനടയിലെ ദേവസന്നിധിയിലെന്നപോലെ കാട്ടിലെ വൃക്ഷസന്നിധിയിൽ നിൽക്കാൻ കവിക്ക് പ്രേരണ. പ്രകൃതിയിലെ

ജീവജാലങ്ങളിൽ ആത്മസാമീപ്യം കണ്ടെത്തുന്ന കവിയുടെ കരുണ പ്രകൃതിയോടുള്ള പ്രണയവും കനിവും ലയനവും ആരാധനയുമായി മാറുന്ന കവിതയാണ് *കാലിഫോർണിയ കാടുകളിൽ.* അവിടുത്തെ പോപ്ലാറും മേപ്പിളും സൈപ്രസ്സും സ്വന്തം വീട്ടുവളപ്പിലെ ആലും ഇലഞ്ഞിയും ഏഴിലംപാലയും നാട്ടുമാവും പോലെ ചിരപരിചിതസുഹൃത്തുക്കളായാണ് കവിക്ക് അനുഭവപ്പെടുന്നത്.

ഞാനറിയാതെ മരങ്ങളേ, നിങ്ങളും
ഞാനുമറിഞ്ഞലിഞ്ഞൊന്നായ് ചമയവേ
ഏറെപ്പരുത്ത പവിത്രമാം നിങ്ങൾ തൻ
പാദത്തിലെൻ തല ചേർത്തുകിടന്നു ഞാൻ

കാലിഫോർണിയ കാടുകളിൽ

വനചൂഷണം ജീവലോകത്തെയാകെ നശിപ്പിക്കാനൊരുങ്ങുമ്പോൾ സംരക്ഷിക്കപ്പെടുന്ന ഓരോ താഴ്‌വരയും നദിയും കാടും മലയും അമൂല്യമാണെന്ന തിരിച്ചറിവുള്ളതിനാലാണ് കവി *സൈലന്റ്‌വാലി*യിൽ ശ്യാമയാം നിശ്ശബ്ദകാനനത്തെ ആനന്ദബാഷ്പം നിറഞ്ഞ മിഴികളാൽ അർച്ചിക്കുന്നതും മതിവരാത്ത ഭാവത്തിൽ തൊഴുതുനിൽക്കുന്നതും.

പ്രകൃതി സംരക്ഷിക്കപ്പെടണമെങ്കിൽ അറിവിന്റെയും ആസ്വാദനത്തിന്റെയും അപ്പുറത്ത് വിനയത്തിന്റെയോ ആദരവിന്റെയോ ആരാധനയുടെയോ അംശംകൂടി അതിൽ ഉണ്ടായിരിക്കണം എന്ന ചിന്താഗതിയാണ് പ്രകൃതിയിൽ സ്ത്രീത്വാരോപം നടത്താനും ദേവതയായി ആരാധിക്കാനുമുള്ള പ്രേരണ. മരത്തെ ജീവന്റെയും ഭൂമിയുടെയും രക്ഷകനായി സങ്കൽപ്പിച്ച് സ്തുതിക്കുന്ന *മരത്തിനു സ്തുതി*യിൽ ശാസ്ത്രത്തെ ഹൃദയസ്പർശിയായ കാവ്യസത്യമാക്കുകയാണ് സുഗതകുമാരി.

നീലകണ്ഠസ്വാമിയെപോൽ
വിഷം താനേ ഭുജിച്ചിട്ടു

പ്രാണവായു തരുന്നോനാ-

യിതാ തൊഴുന്നേൻ (മരത്തിനു സ്തുതി)

അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡ് വലിച്ചെടുത്ത്, ജീവികൾക്ക് ഓക്സിജൻ പ്രദാനം ചെയ്ത് ജീവരക്ഷ നടത്തുന്ന വൃക്ഷങ്ങളെ നീലകണ്ഠസ്വാമിയോടാണ് താരതമ്യപ്പെടുത്തുന്നത്.

മനുഷ്യരാശിക്ക് പൂക്കളും കനികളും മഴയും കുളിരും നൽകുന്ന മരങ്ങൾക്ക് വിലയിടുന്ന മനുഷ്യന്റെ അഹങ്കാരത്തിനു മാപ്പപേക്ഷിക്കുന്ന കവി പഴമയുടെ നന്മകളെ സ്വാംശീകരിച്ചുകൊണ്ടുള്ള പുനരേകീകരണമാണ് ലക്ഷ്യമാക്കുന്നത്. പുത്രന്മാർക്ക് മുകളിൽ വൃക്ഷത്തെക്ക് പ്രാധാന്യം നൽകിയ ഹരിതസംസ്കൃതി മുറിക്കുന്ന മരത്തിന്റെയും കൂടു നഷ്ടപ്പെട്ട കിളികളുടെയും വേദന ഉൾക്കൊണ്ട് തങ്ങളുടെ പ്രവൃത്തിയെ പൊറുക്കാൻ അപേക്ഷിച്ചിരുന്നു. അറിവിന്റെ നിറവിൽ നിന്നുണ്ടായ ഇത്തരം സംസ്കാരത്തെ ഇല്ലായ്മ ചെയ്താൽ പ്രകൃതി തിരിച്ചടിക്കുമെന്ന് കവി ഓർമ്മിപ്പിക്കുന്നു.

### 2.7.3 പ്രകൃതിയുടെ താക്കീത്

ആസന്നമായ സർവ്വനാശത്തിന്റെ നിഴലിലിരിക്കെ പരിഹാരമാർഗ്ഗങ്ങൾ ഫലപ്രദമാവുമോ എന്ന സന്ദേഹത്തിലാണ് സുഗതകുമാരി. നശിക്കുന്ന കാടിനും ജീവജാലങ്ങൾക്കും വേരുകൾ നഷ്ടപ്പെട്ട് നഗരച്ചേരിയിലേക്ക് എറിയപ്പെടുന്ന ആദിവാസിയുടെ ജീവിതത്തിനും പരിഹാരമെന്തെന്ന സംശയമാണ് *കാലിഫോർണിയൻ സ്കെച്ചുകളി*ലുള്ളത് (2010:a). ഒരു മരത്തിന്റെ മരണത്തിനും വനത്തിന്റെ പിടഞ്ഞുചാകലിനും വിലയെന്തെന്നുള്ള അന്വേഷണമാണ് *നിങ്ങളെൻലോകത്തെയെന്തു ചെയ്തു* എന്ന കവിതയും.

മനുഷ്യർ തങ്ങളോടു കാട്ടുന്ന ക്രൂരതകൾ നിശ്ശബ്ദമായി സഹിക്കുകയാണ് ജീവജാലങ്ങൾ. സഹനം പ്രകൃതിയുടെയും സ്ത്രീയുടെയും സവി

ശേഷതയാണെങ്കിലും അതിന്റെ പാരമ്യത തിരിച്ചടികളിലേക്ക് നയിക്കുമെന്ന് *മരത്തിനു സ്തുതി* വ്യക്തമാക്കുന്നു.

എങ്കിലും ഹാ, പൊറുക്കുമോ
പ്രകൃത്യംബ അഗ്നിപാറും
കൺകാലങ്ങളെ നോക്കും
നോട്ടമെന്നാമോ

ജീവജാലങ്ങളെ മുഴുവൻ ദ്രോഹിച്ച് ഭൂമിയെ പരാതിക്കാരിയായി കൂട്ടിൽ നിർത്തുന്ന മനുഷ്യന്റെ ഭോഗാസക്തി നിയന്ത്രിക്കണമെന്ന ചിന്താഗതിയാണ് *വിധി* എന്ന കവിത. പരാതിക്കാരിയായ ഭൂമിയുടെ ദയനീയമുഖം സമകാലീനസ്ത്രീയവസ്ഥയുടെ നേർക്കാഴ്ചയാണ്. കരിഞ്ഞ വാർമുടിയഴിഞ്ഞുപാറിയും പച്ചപ്പട്ടുടയാട കീറിപ്പറിഞ്ഞും കണ്ണീരണിഞ്ഞ മുഖവുമായി നിൽക്കുന്ന വിവശയായ ഭൂമി ബലാത്സംഗം ചെയ്യപ്പെട്ട പെൺമുഖം തന്നെ. നൂറ്റാണ്ടുകളായി മനുഷ്യൻ ചെയ്ത ക്രൂരതയ്ക്ക് എതിരെയുള്ള പ്രഭുവിന്റെ ദയാരഹിതമായ വിധി മനുഷ്യൻ ക്ഷണിച്ചുവരുത്തിയ ഒന്നാണെന്നാണ് സുഗതകുമാരിയുടെ അഭിപ്രായം.

ഇവനിച്ചെയ്വതിൻ
ഫലങ്ങൾ നൽകുന്നേൻ
ഇവന്റെ സന്തതി
പരമ്പരയ്ക്കായി (വിധി)

ഭൂമിക്കു സംഭവിക്കുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും സംഭവിക്കും. ജീവന്റെ വല നെയ്തത് മനുഷ്യനല്ല. അവനതിൽ ഒരു ഇഴ മാത്രമാണ്. ആ വലയോട് അവൻ ചെയ്യുന്നതെല്ലാം അവൻ തന്നോടു തന്നെയാണ് ചെയ്യുന്നതെന്ന സിയാറ്റിൽമൂപ്പന്റെ വാക്കുകൾ പ്രത്യാഘാതങ്ങളുടെ പാതയെ വ്യക്തമാക്കുന്നു.[45] തിരിച്ചടികളുണ്ടെങ്കിലും അതിൽ നിന്നു പുതിയ

പാഠങ്ങൾ പഠിക്കുന്ന മനുഷ്യൻ *ഹരിതോജ്വലമായൊരു പുതിയ യുഗത്തിനു അടിത്തറയിടും* (ക്യൂനിൽക്കുന്നു ഞങ്ങൾ) എന്നു വിശ്വസിക്കാനാണ് സുഗതകുമാരിക്ക് ഇഷ്ടം.

### 2.7.4 തനിമ വീണ്ടെടുക്കുന്ന പ്രകൃതി

മനുഷ്യന്റെ വിവേകപൂർണമായ പ്രവർത്തനമോ പ്രകൃതിയുടെ നൈസർഗ്ഗികമായ മുറിവുണക്കൽശേഷിയോ കൊണ്ട് തനിമ വീണ്ടെടുക്കുന്ന പ്രകൃതിക്ക് സുഗതകുമാരിക്കവിതകളിൽ മുഖ്യസ്ഥാനമുണ്ട്. വ്യാവസായിക വിപ്ലവത്തിന്റെയും നഗരവൽക്കരണത്തിന്റെയും ദൂഷ്യഫലത്താൽ നിർജീവമായ തെംസ്നദി തക്കസമയത്ത് മനുഷ്യവിവേകം ഉണർന്നുപ്രവർത്തിച്ചതോടെ വീണ്ടും തെളിഞ്ഞൊഴുകുന്നതിന്റെ ആശ്വാസമാണ് *തെംസ്നദിയോട്.*

മർത്ത്യന്റെ ബോധസ്ഫുരണമായ്, യത്നമായ്
സർഗചൈതന്യമായ്, പുത്തനാമാശയായ്
നിന്റെ പുനർജന്മ വാർത്തകേൾപ്പൂ ഞങ്ങ-
ളെന്താശ്വാസമിവർക്ക്! ഹാ തെംസ് നദി

തെംസ്നദിയെ സംബന്ധിച്ച ചിന്തയിൽ ഇന്ത്യൻനദികളുടെ അവസ്ഥകളെ പ്രതിബിംബസ്ഥാനത്തു നിർത്തി പരിശോധനാവിധേയമാക്കുന്ന കവി പരിസ്ഥിതിസംരക്ഷണപരമായി കൈക്കൊള്ളേണ്ട ആത്യന്തികനിലപാടുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. നദിയിലെ സ്ത്രീസ്വത്വാരോപം സ്ത്രീ-പരിസ്ഥിതി സമീകരണത്തോടൊപ്പം സ്ത്രീസംരക്ഷണപ്രവർത്തനങ്ങളുടെ അനിവാര്യതയും എടുത്തുകാട്ടുന്നു.

കോൺട്രാക്റ്റ്സംസ്കാരത്തിന്റെ കൈപ്പിടിയിൽ നിന്നും ജനതയുടെ പ്രവർത്തനഫലമായി രക്ഷപ്പെട്ട് ദേശീയപാർക്കെന്ന അംഗീകാരം നേടിയ സൈലന്റ്‌വാലിയെ കാണുമ്പോഴും കവി ഏറെ സന്തോഷിക്കുന്നു. *മിന്നലാ*

*ളുന്ന മുകിൽച്ചൂടി നെറ്റിമേൽ/മിന്നും പ്രഭാതനക്ഷത്രപ്രഭയുമായി കരിങ്ക ടൽപോലെയിളകുന്ന* കാടിനെ കണ്ടുമതി വരാത്ത കവിയാണ് *സൈലന്റ് വാലി*യിലുള്ളത്. അപ്രതീക്ഷിതമായ വേനൽമഴയിൽ പച്ചപുതച്ചു നിൽക്കുന്ന അട്ടപ്പാടിമലകളെ കാണുമ്പോഴും സ്പീഷിസ് വൈവിധ്യമാർന്ന കാലിഫോർണിയൻ കാടുകളിൽ സഞ്ചരിക്കുമ്പോഴും ഇതേ നിർവൃതിയും സ്വന്തം വീട്ടിൽ തിരിച്ചെത്തിയതു പോലുള്ള സുരക്ഷിതത്വബോധവും (കാലിഫോർണിയൻ കാടുകളിൽ) സുഗതകുമാരി അനുഭവിക്കുന്നുണ്ട്.

പാരിസ്ഥിതികാവബോധത്തിൽ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്ന പ്രകൃതിക്ക് പ്രാധാന്യം നൽകുന്ന കവി, മാറേണ്ടത് പ്രകൃതിയോടുള്ള മനു ഷ്യന്റെ സമീപനമാണെന്ന് വ്യക്തമാക്കുന്നു. ഭക്ഷണം, പാർപ്പിടം എന്നി ങ്ങനെ ജീവിതാവശ്യങ്ങൾക്കായി പ്രകൃതിയെ സമീപിക്കുന്ന മനുഷ്യന് പുന:സൃഷ്ടിക്കാനുതകുന്നവയെ മാത്രമേ നശിപ്പിക്കാൻ അനുവാദമുള്ളൂ. ഭൂമിയെയോ വനങ്ങളെയോ അവനവനെത്തന്നെയോ ആർക്കും പുന:സൃഷ്ടി ക്കാനാവില്ല എന്ന തിരിച്ചറിവ് സഹജീവികളുടെയും പ്രകൃതിയുടെയും മേലുള്ള കടന്നാക്രമണങ്ങളെ ചെറുക്കാൻ പര്യാപ്തമാവും[46] ഇത്തരമൊരു ജൈവികബോധം നിലനിർത്താൻ സുഗതകുമാരി കൂട്ടുപിടിക്കുന്നത് വരും തലമുറയുടെ കരുത്താർന്ന കൈകളെയാണ്.

### 2.7.5 ഉൾക്കരുത്തിന്റെ പുതുനാമ്പുകൾ

ദയാരഹിതമായ വർത്തമാനകാലത്ത് നഷ്ടമായ മൂല്യബോധവും സഹവർത്തിത്വവും തിരിച്ചുപിടിക്കാൻ വരുംതലമുറക്കാണ് കഴിയുക. ഭ്രാന്തൻ നഗരത്തിന്റെ കൂവലിലും നാളെയുടെ തണലും കുളിരും പ്രതീക്ഷി ക്കുന്ന അമ്മയാണ് *തൈവയ്ക്കലി*ലുള്ളത്.

അവിടെയാമണ്ണിൽ
തടംപിടിച്ചമ്മ

മകന്റെ കൈയാലെ-
യൊരു തൈവയ്ക്കുന്നു
അതു കാൺകെ,ച്ചത്ത
നദി വിതുമ്പുന്നു

ഈ ഭൂമി ഒറ്റപ്പെട്ട വ്യക്തികളുടെ സ്വത്തല്ല, ഒരു സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ സ്വത്തല്ല. എന്തിന് ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും കൂട്ടുസ്വത്തുമല്ല അത്. ഭൂമിയുടെ ഗുണഭോക്താക്കൾ മാത്രമാണ് നമ്മൾ. നമുക്ക് ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ വരുംതലമുറകൾക്ക് അത് കൈമാറാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ. നല്ല തറവാട്ടുകാരണവന്മാരെ പോലെ[47] എന്ന കാൾമാർക്സിന്റെ വാക്കുകൾ വരുംതലമുറയെ കൂടി പരിഗ ണിക്കുന്ന വികസനസാധ്യതകളിൽ ഊന്നുന്നു. സ്ഥാപനവത്കരിക്കപ്പെട്ട ആർത്തിയുടെ ശക്തികൾ ഭൂമിയെ നശിപ്പിക്കുന്നത് തടയണമെങ്കിൽ മാനവ രാശിയുടെയും ഭൂമിയുടെയും പൊതുതാത്പര്യത്തിന്റെ അടിസ്ഥാനത്തി ലുള്ള പുനഃസംഘാടനം അത്യാവശ്യമാണ്. അതിനുള്ള കഴിവ് ഭാവിതലമു റയ്ക്കുണ്ടാവട്ടെ എന്ന പ്രാർത്ഥനയാണ് *ഒരു സ്വാതന്ത്ര്യദിനം.*

നീ വളരാവൂ നിന്റെ മെലിഞ്ഞ
കരങ്ങൾ കരുത്താർന്നുയരാവൂഹാ
ജീവനു തുല്യമണച്ചിടുമി പ്രിയ
ഭൂവിൻ ചുടുകണ്ണീരു തുടയ്ക്കാൻ

ധാർമ്മികമായ പിൻബലം കരുത്താക്കുന്ന യുവതലമുറയ്ക്ക് പ്രകൃ തിയും മനുഷ്യനുമായുള്ള പാരസ്പര്യവും സ്ത്രീപുരുഷബന്ധത്തിന്റെ ഊഷ്മളതയും തിരിച്ചുപിടിക്കാനാവും എന്നാണ് കവിയുടെ പ്രതീക്ഷ. ജീവിതവഴികളിൽ സാന്ത്വനമാവുന്ന ഭാവിതലമുറയെ ആഗ്രഹിക്കുമ്പോഴും ആഗോളമൂലധനത്തിന്റെ പിൻബലത്തോടെയുള്ള മത്സരാധിഷ്ഠിതകമ്പോള

വ്യവസ്ഥ പെണ്ണിന്റെയും പ്രകൃതിയുടെയും നിലനിൽപ്പ് അപകടത്തിലാക്കു മെന്ന യാഥാർത്ഥ്യവും കവി ഉൾക്കൊള്ളുന്നു.

## 2.8 പെണ്ണും പ്രകൃതിയും

പുരുഷകേന്ദ്രിതവ്യവസ്ഥിതി പടുത്തുയർത്തിയ ഉപഭോഗസംസ്കൃതി പെണ്ണിനും പ്രകൃതിക്കും വരുത്തിവയ്ക്കുന്ന സമാനദുരന്തങ്ങളാണ് *ഇവൾക്കു മാത്രമായ്.*

ഇവൾക്കു മാത്രമായി കടലോളം കണ്ണീർ
കുടിച്ചവൾ ചിങ്ങവെയിലൊളിപോലെ
ച്ചിരിപ്പവൾ, ഉള്ളിൽ കൊടുംതീയാളിടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ

നാഗരികചിഹ്നങ്ങളായി തലയെടുത്തുനിൽക്കുന്ന കച്ചവടകേന്ദ്രങ്ങളും വിപണിസംസ്കാരവും വ്യാപാരതന്ത്രങ്ങളിലൂടെ സ്ത്രീയെ ചൂഷണം ചെയ്യു കയും സ്ത്രീശരീരവും സൗന്ദര്യവും വിൽപ്പനച്ചരക്കാക്കുകയും ചെയ്യുന്നു.

പ്രകൃതിയെ വീണ്ടുവിചാരമില്ലാതെ ചൂഷണംചെയ്ത് ദ്രോഹിക്കുന്ന മനുഷ്യൻ സുഖലോലുപതയുടെ പാരമ്യമായി, അവസാനഭോജ്യമായി ആർത്തിയോടെ നോട്ടമിട്ടിരിക്കുന്നത് തന്നെയാണെന്ന സ്ത്രീയുടെ ചിന്താഗ തിയാണ് *വിധി*യിലും കാണാനാവുക. പരാതിയുമായെത്തുന്ന ഭൂമിക്ക് ബലാ ത്സംഗം ചെയ്യപ്പെട്ട സ്ത്രീയുടെ ഭാവം നൽകുന്ന സുഗതകുമാരി *പ്രതിയൊ രാൾ മാത്രം/അവനെൻ പൊന്മകൻ* എന്ന തീർപ്പിലാണെത്തുന്നത്. ആധുനി കജീവിതത്തിന്റെ കയ്യേറ്റങ്ങൾക്ക് വിധേയയായ പ്രകൃതിയുടെയും സ്ത്രീയു ടെയും ഭാവം ദു:ഖം തന്നെയാണെന്ന് *സ്ത്രീപർവ്വവും* സാക്ഷ്യപ്പെടുത്തുന്നു.

അമ്മയാം ഭൂമിയെപ്പോലെയൊരിക്കലും
കണ്ണുനീർ വറ്റാതുഴലുമ്പോൾ
ആകെത്തളർന്നൊരീക്കൈകൾക്കു പാവമീ
വീടായി ലോകം ചുരുങ്ങുമ്പോൾ

കുടുംബജീവിതശൈലിയിലെ മാറ്റവും പ്രകൃതിയോടുള്ള സമീപനവും വീടിന്റെ അകം, പുറം എന്നീ തലങ്ങളെ പുനർനിർണയിക്കാൻ കാരണമാവുന്നു. അകത്തേക്കു കയറുവാനോ അടുക്കുവാനോ വയ്യാത്ത വീട് അഭയസ്ഥാനം എങ്ങെന്നറിയാത്ത സ്ത്രീദു:ഖത്തിന്റെ പരമമായ അവസ്ഥയായി മാറുന്ന കവിതയാണ് *പിശാചവീഥി. കനൽ തിന്നു മുഖം കരിഞ്ഞുഗ്രം മിടിക്കുന്ന/നെഞ്ചുമായ്* വീടിനു ചുറ്റും പ്രദക്ഷിണം വയ്ക്കേണ്ടി വരുന്ന അവസ്ഥ ആഗോളീകരണവ്യഥകളിൽപ്പെട്ടുഴലുന്ന മനുഷ്യന്റെ അവസ്ഥ കൂടിയാണ്. ജീവികൾക്കൊക്കെയും വീടായ ഭൂമിയെ സ്വന്തം അഭയസ്ഥാനമായി കാണുന്ന മനുഷ്യനു സങ്കടാവസ്ഥയിൽ സാന്ത്വനം പകരുന്നതും ഭൂമി തന്നെയെന്ന് *പതുക്കെ* എന്ന കവിത തെളിയിക്കുന്നു.

### 2.8.1 പ്രകൃതിയുമായുള്ള താദാത്മ്യം

ജീവിതത്തിൽ നിന്നും പ്രകൃതിയിൽ നിന്നുമുള്ള അന്യവത്കരണത്തിനെതിരെ പോരാടാൻ സ്ത്രീക്ക് കൂട്ട് പ്രകൃതി തന്നെയാണെന്ന് *രാത്രിമഴ* സാക്ഷ്യപ്പെടുത്തുന്നു. പെണ്ണിന്റെ നിരാലംബമായ ജീവിതവും ദു:ഖവും അഭിലാഷവും പോലെ സ്ത്രീദു:ഖത്തിന്റെ പരമമായ അവസ്ഥയാണ് രാത്രിമഴ എന്ന തിരിച്ചറിവ് കവിക്കുണ്ട്.

> അറിയുന്നതെന്തു കൊ-
> ണ്ടെന്നോ സഖീ ഞാനു
> മിതുപോലെ
> രാത്രിമഴ പോലെ

ഏതോ നിഗൂഢരഹസ്യം പ്രകൃതിക്കും പെണ്ണിനും ഇടയിലുള്ളതു കൊണ്ടാണ് രാത്രിമഴയുടെ രോദനം കവിക്ക് തിരിച്ചറിയാനാവുന്നതും. ദുരന്തയാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നവർക്ക് സ്വപ്നഭംഗികളിൽ മുഴുകാൻ കഴിയാത്തതുപോലെ സമൂഹവും സംസ്കാരവും സമ്മാനിച്ച കൊടുംകേട്

ബാധിച്ച മനസ്സ് മുറിച്ചുമാറ്റാനോ ചികിത്സിക്കാനോ ആവാതെ കേഴുന്ന *രാത്രിമഴ* വേദനാനുഭവങ്ങളുടെ സമാനതയിൽ ഊന്നുന്നു.

*അമാവാസി*യിലും ചൂഷിതയും തിരസ്കൃതയുമായ പെൺകുട്ടിയുടെ ദയനീയഭാവമാണുള്ളത്.

വിരഹിണി, നിരാഭരണ, രാത്രിയിവൾ നിന്ദിത
നിറതിങ്കളെക്കിനാക്കണ്ടു പോയോൾ
ഒരു തങ്കമാംഗല്യമെത്ര യാചിച്ചിട്ടു
മവനേകിടാത്തോൾ, ദരിദ്ര, ഖിന്ന
ചക്രവാളത്തിൽ തളർന്നു ചാരിച്ചെന്നു
നില്പവൾ, ഇവൾക്കുള്ളമാരറിഞ്ഞു (അമാവാസി)

കാമുകന്റെ മോഹനവാഗ്ദാനങ്ങളിൽ ജീവിതം ഹോമിക്കേണ്ടി വന്ന അവൾ ആൺകോയ്മയുടെ നീതിരാഹിത്യത്തിന്റെ ഇരയാണ്.

തന്റെ ഉള്ളിൽ അസ്വസ്ഥമായി മാറിയ മുഗ്ധമായ സ്ത്രൈണഭാവങ്ങളെ ഒഴിപ്പിക്കാനുള്ള കവിയുടെ നീക്കമാണ് *ബാധയൊഴിക്കൽ.* പ്രേമവും സൗന്ദര്യവും നിറഞ്ഞ ഉള്ളിലെ പരിഭ്രാന്തയായ പെൺകിടാവിനെ പാഴിരുൾക്കാവിൽ പച്ചപ്പാമ്പുകൾ ചുഴന്നാടുന്ന പാലമേൽ ഇരുമ്പാണിയടിച്ച് കയറ്റാനാണ് കവിയുടെ ശ്രമം.

ഇവിടെത്തറഞ്ഞിവൾ
നിൽക്കട്ടേ, ചാവില്ലാത്തോ-
ളിവൾ, നിത്യവും ശല്യ-
മേകുന്നോൾ, സ്നേഹിക്കുന്നോൾ (ബാധയൊഴിക്കൽ)

സ്ത്രീക്ക് പ്രകൃതിയിൽ നിന്നും അവളുടെ സ്ത്രീത്വത്തിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞുമാറാനാവില്ല എന്ന് ഈ കവിത തെളിയിക്കുന്നു.

### 2.8.2 പരിസ്ഥിതി പ്രവർത്തനം – സുഗതകുമാരിയുടെ കാഴ്ചപ്പാടിൽ

കൊടുംവെയിലത്തുള്ള തീരാനടത്തം എന്ന് തന്റെ പരിസ്ഥിതി പ്രവർത്തനത്തെ വിശേഷിപ്പിച്ച സുഗതകുമാരി എടുക്കാൻ വയ്യാത്ത ഭാരവുമേന്തി നടക്കുന്ന കൂനനുറുമ്പിനോടാണ് തന്നെ സാദൃശ്യപ്പെടുത്തുന്നത്: *ഒരു ചുമടെടുത്ത് തലയിൽ വെക്കും. അതിറക്കിയാൽ മറ്റൊന്ന്, അത് ചിലരുടെ വിധിയാണ്. നടന്നുതീർക്കുന്നതിനിടയ്ക്ക് കുട്ടികൾക്കു വേണ്ടി കുറെ മരം നട്ടു, നനച്ചു. കുറെ മനസ്സുകളിൽ ആർദ്രത ഉണ്ടാക്കാൻ ശ്രമിച്ചു. കുറെ പാട്ടുകൾ പാടി.*[48]

ലോകത്തെവിടെയുമുള്ള പീഡിതരുടെ ദു:ഖമാണ് സുഗതകുമാരി ആവിഷ്കരിച്ചത്. കൈയ്യിലൊതുങ്ങുന്ന ഒരു നുള്ളു ഭക്ഷണവുമായി വഴി തെറ്റാതെ നുരയിട്ടു കൂടെയണയുന്നവരുടെ ജീവിതം. പ്രണയം അഗമ്യമായവരുടെ ജീവിതം. ഓണമോ ഉത്സവമോ അനുഭവിക്കാത്തവരുടെ ജീവിതം. ചുമടുതാങ്ങി വിറപൂണ്ട് വീഴുന്നവരാണ് അവർ[49] എന്ന് *കൂനനുറുമ്പ്* സാക്ഷ്യപ്പെടുത്തുന്നു.

ഞാനൊരു കൂനനുറുമ്പല്ലോ വഴി
മാറാതൊന്നും കണ്ടു പകച്ചേ
നിൽക്കാതേതോ കൊച്ചുകിനാവിൻ
തേൻകണമുണ്ടു മയങ്ങാതെൻ ചുമടേന്തി
വലിഞ്ഞുനടന്നു പൂകുമുറുമ്പല്ലോ (കൂനനുറുമ്പ്)

പെണ്മയുടെ ദുരിതങ്ങളെയും സഹനങ്ങളെയും സസ്യപ്രകൃതിയുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്ന കവി തന്റെ രചനാവഴികൾക്ക് കൂട്ട് പ്രകൃതി തന്നെയെന്നു സാക്ഷ്യപ്പെടുത്തുന്നു. കാട്ടുപാറകൾക്കിടയിലൂടെ കാതങ്ങളോളം കുതിച്ചൊഴുകി പിന്നീട് ഒഴുക്കുകുറഞ്ഞ നദിയുടെ അവസ്ഥയ്ക്ക് സമാനമാണ് സർഗകർമ്മം എന്നാണ് സുഗതകുമാരിയുടെ വിലയിരുത്തൽ.[50]

### 2.8.3 പച്ചപ്പിന്റെ പിൻബലം

പുതിയൊരു ഭൂമിക്കും ചുറ്റുപാടിനും വേണ്ടിയുള്ള സമരങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്ന സുഗതകുമാരിക്ക് നവമായൊരു സാമൂഹികക്രമത്തിന്റെയും സംസ്കാരത്തിന്റെയും വാഹകയാവാൻ കഴിഞ്ഞത് പച്ചപ്പിന്റെ പിന്തുണയുള്ളതു കൊണ്ടാണെന്ന് *ഏതുപൂവിൻ മണമാണിത്* തെളിയിക്കുന്നു.

ഇപ്പച്ചയാം തുരുമ്പിന്മേൽ
പിടിച്ചു ഞാൻ
ദു:ഖക്കടൽ കടക്കുന്നു

പച്ചയോടുള്ള അനുഭാവമെന്നാൽ ഭൂമിയിലെ മുഴുവൻ ജീവിതത്തോടുമുള്ള ആദരവ് ആകുന്നു. കുടുംബം, സ്നേഹിതന്മാർ, സമുദായം, മനുഷ്യരാശി എന്നിവയ്ക്കുപുറത്തുള്ള ജീവിതത്തിന്റെ മഹത്തായ ക്രമത്തോടുമുള്ള ആദരവാണത്.[51] പച്ചപ്പിന്റെ രാഷ്ട്രീയത്തെയാണ് സുഗതകുമാരിയും മുറുകെപ്പിടിക്കുന്നത്. ജൈവപ്രകൃതിയുടെ നാശം ഒരു ജനതയുടെ നാശം തന്നെയാണെന്ന് ഓർമ്മിപ്പിക്കുന്ന അവർ മാനവികമൂല്യങ്ങൾക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും സ്വച്ഛമായ ജീവിതപരിതസ്ഥിതിക്കും വേണ്ടിയുള്ള ചിന്താപ്രവർത്തനപദ്ധതിക്കാണ് മുൻതൂക്കം നൽകുന്നത്.

മനുഷ്യകേന്ദ്രിതമായ ദർശനങ്ങളും ചിന്താധാരകളും പ്രകൃതിയെ കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ പാകപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയ സുഗതകുമാരി ഭൂമി, പരിസ്ഥിതി, സ്ത്രീ എന്നിവയെ സമഭാവനയിൽ കാണുന്ന, ജീവന്റെ നിറവിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കുന്ന പാരിസ്ഥിതികസ്ത്രീവാദസമീപനമാണ് അടിസ്ഥാനധാരയാക്കുന്നത്. അടിച്ചമർത്തപ്പെട്ട മണ്ണും പെണ്ണും മുഖ്യധാരയിലേക്ക് വരുന്ന വികസനത്തിന്റെ രാജപാത

യിൽ സ്ത്രീയും പുരുഷനും ഒത്തൊരുമിച്ചു മുന്നേറുന്നതാണ് കവിയുടെ ആദർശലോകം.

സ്ത്രീ-പ്രകൃതി സമീകരണത്തോടൊപ്പം തന്നെ സ്ത്രീയനുഭവങ്ങളിലേക്കു മാത്രമായുള്ള ഇറങ്ങിച്ചെല്ലലും സുഗതകുമാരി നടത്തിയിട്ടുണ്ട്. സുഗതകുമാരിക്കൃതികളിലെ സ്ത്രീയനുഭവങ്ങളും ചിന്തകളുമാണ് അടുത്ത അധ്യായത്തിൽ.

# കുറിപ്പുകൾ


1. ശാരദക്കുട്ടി എസ്, 'പാരിസ്ഥിതികപ്രജ്ഞയും കരുണയും സുഗതകുമാരിയിൽ', *ഹരിതനിരൂപണം മലയാളത്തിൽ*, മധുസൂദനൻ. ജി. (എഡി.), തൃശ്ശൂർ:കറന്റ് ബുക്സ്, 2006, പുറം.206.
2. എം.എം. ബഷീർ, *ആശാന്റെ പണിപ്പുര*, കോഴിക്കോട്: നവകേരള കോഓപ്പറേറ്റിവ്പബ്ലിഷിംഗ് ഹൗസ്, 1985, പുറം.59.
3. സക്കറിയ, 'പ്രകൃതിയും മനുഷ്യനും', *മാതൃഭൂമി പുതുവർഷപ്പതിപ്പ്*, പുസ്തകം 89, ലക്കം 43, 2012 ജനുവരി1-7, പുറം.6.
4. സോമൻ.പി, 'കാൽപനികതയെന്ന ബൃഹദാഖ്യാനത്തിന്റെ തകർച്ച', *ഗ്രന്ഥാലോകം*, വാല്യം 61, ലക്കം 8, 2011 മെയ്, പുറങ്ങൾ.19-20.
5. ശ്രീലതാവർമ്മ ആർ, 'കാല്പനികത സുഗതകുമാരിയുടെ കവിതകളിൽ', *കാട്ടുകിളിയുടെ പാട്ട്*, ടോണിമാത്യു (എഡി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം.227.
6. കെ.പി. ശങ്കരൻ, കുറിഞ്ഞിപ്പൂക്കളുടെ അവതാരിക, *സുഗതകുമാരിയുടെകവിതകൾസമ്പൂർണ്ണം* കോട്ടയം:ഡി.സി.ബുക്സ്, 2007,പുറം.521.
7. സുഗതകുമാരി, 'പെയ്യുന്ന കാരുണ്യം', *മഴക്കാലം*, ടോം. ജെ. മങ്ങാട്ട് (എഡി.), കോട്ടയം: ഡി.സി. ബുക്സ്, 2007, പുറം.132.
8. എൻ.വി. കൃഷ്ണവാര്യർ, പാവം മാനവഹൃദയത്തിന്റെ അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, പുറം.132.
9. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2011, പുറം.394.
10. സുഗതകുമാരി, ഇരുൾച്ചിറകുകളുടെ ആമുഖം, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, പുറം.235.
11. എം.കെ. പ്രസാദ്. *ഹരിതചിന്തകൾ*, കൊച്ചി: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2006, പുറങ്ങൾ.25-36.

12. സുഗതകുമാരി/ബീനാരഞ്ജിനി, 'പ്രകൃതിയും ജീവിതവും വിടർന്ന കല' (അഭിമുഖം), *കലാകൗമുദി,* വാല്യം 36, ലക്കം 6, 2009 നവംബർ 29, പുറം.29.

13. സുഗതകുമാരി/ഭരതന്നൂർ ഷമീർ, *ആത്മവിചാരങ്ങൾ വിചാരണകൾ* (അഭിമുഖം), കാട്ടുകിളിയുടെ പാട്ട്, പുറം.531.

14. രാധാകൃഷ്ണൻ ആർ, ജോജി കൂട്ടുമ്മൽ, *സൈലന്റ്‌വാലി ചെറുത്തു നിൽപ്പിന്റെ നാൾവഴി,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2010, പുറം.13.

15. സജി ജയിംസ്, *സൈലന്റ്‌വാലി ഒരു പരിസ്ഥിതിസമരത്തിന്റെ ചരിത്രം,* കോട്ടയം: ഡി.സി.ബുക്സ്, 2010, പുറം.53.

16. യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം, തദപിരോഹതു
മാതേമർമ വിമൃഗ്വരി
മാതേ ഹൃദയമർപ്പിപം

(ഹേ ഭൂമി! നിന്നിൽ നിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വേഗം വീണ്ടും മുളച്ചുവരട്ടെ. പാവനയായവളേ! നിന്റെ മർമ്മങ്ങളേയും ഹൃദയത്തേയും പിളർക്കാതിരിക്കട്ടെ)

ആത്മാരാമൻ, ആമുഖം, *ഹരിതനിരൂപണം മലയാളത്തിൽ,* പുറം.xxix.

17. വിഷ്ണുനാരായണൻ നമ്പൂതിരി, 'പ്രവേശകം', *വനപർവം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1996. പുറങ്ങൾ.10-11.

18. എം.ലീലാവതി, 'പിക്കാസോവിന്റെയും ലിയനാർഡോ ഡാവിഞ്ചിയുടെയും മേളനം ഭൂമിക്കൊരു ചരമഗീതത്തിൽ', *ഇനി ഞാനുണർന്നിരിക്കാം,* എസ്.രാജശേഖരൻ(എഡി.),കോട്ടയം:നാഷനൽ ബുക്സ്റ്റാൾ, 2009, പുറം.206.

19. സുഗതകുമാരി/അബ്ദുൽഹക്കീം, 'സൈലന്റ്വാലി എന്റെ സമര കാവ്യം' (അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്*, പുറം.555.

20. ഒ.വി.വിജയൻ,'ഹരിതമന്ദിരങ്ങൾ:സൈലന്റ്വാലിയിലേക്ക് ഒരു യാത്ര,' *സൈലന്റ്വാലി ഒരു പരിസ്ഥിതിസമരത്തിന്റെ ചരിത്രം*, പുറം.131.

21. റഹിം സി.(എഡി.), *പരിസ്ഥിതിയുടെ രാഷ്ട്രീയം*, ആലപ്പുഴ: ഫേബിയൻ ബുക്സ്, 2003, പുറം.182.

22. സുഗതകുമാരി,'പരിസ്ഥിതിസംരക്ഷണം',*പരിസ്ഥിതിപഠനങ്ങൾ*,പത്മനരാമചന്ദ്രൻ നായർ (എഡി.), കോട്ടയം:കറന്റ് ബുക്സ്, 2010, പുറം.47.

23. സുഗതകുമാരി, 'മനുഷ്യൻ ഭൂമിയുടെ മകനല്ല', *എൻഡോസൾഫാൻ നരകത്തിലേക്ക് തുറക്കുന്ന വാതിൽ*, സലീം പൂപ്പലം (എഡി.), കോഴിക്കോട്: സോളിഡാരിറ്റി യൂത്ത് മുവ്മെന്റ്, 2011, പുറം.106.

24. എം.എ.റഹ്മാൻ, 'അരജീവിതങ്ങൾക്കൊരു സ്വർഗം', അതേ പുസ്തകം, പുറം.191.

25. സുഗതകുമാരി, 'കവിത', *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, പുസ്തകം 89, ലക്കം 12, 2011 മെയ് 29 ജൂൺ 4, പുറം.31.

26. 'അമ്മമാർ സമർപ്പിക്കുന്ന സങ്കടഹരജി', *എൻഡോസൾഫാൻ നരകത്തിലേക്ക് തുറക്കുന്ന വാതിൽ*, പുറം.247.

27. അംബികാസുതൻ മാങ്ങാട്, 'എൻമകജെയുടെ സത്യം', *എൻമകജെ പഠനങ്ങൾ*, സന്തോഷ്ഏച്ചിക്കാനം(എഡി.), കോട്ടയം: കറന്റ് ബുക്സ്, 2010, പുറം.96.

28. കടമ്മനിട്ട, *കടമ്മനിട്ടയുടെ കവിതകൾ*, കോട്ടയം: ഡി.സി.ബുക്സ്, 1996, പുറങ്ങൾ.233-235.

29. സുഗതകുമാരി, 'മനുഷ്യൻ ഭൂമിയുടെ മകനല്ല', *എൻഡോസൾഫാൻ നരകത്തിലേക്ക് തുറക്കുന്ന വാതിൽ*, പുറങ്ങൾ.106-107.

30. സുഗതകുമാരി/അബ്ദുൽഹക്കീം, 'സൈലന്റ്വാലി എന്റെ സമര കാവ്യം' (അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്*, പുറം.559.

31. എൻ.വി കൃഷ്ണവാര്യർ, പാവം മാനവഹൃദയത്തിന്റെ അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം,* പുറം.136.

32. എം. ലീലാവതി, 'സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള സ്ത്രീ സ്വത്വാ വിഷ്കാരം മലയാള സാഹിത്യത്തിൽ', *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901-2009, വാല്യം 3,* എം.എൻ. വിജയൻ (എഡി.), തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2002, പുറം.673.

33. ഡി. ബഞ്ചമിൻ, *കാവ്യനിർദ്ധാരണം,* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2002, പുറം.96.

34. സച്ചിദാനന്ദൻ, *അടിത്തട്ടുകൾ,* കോഴിക്കോട്: മാതൃഭൂമിബുക്സ്, 2006, പുറം.50.

35. സുഗതകുമാരി/അബ്ദുൽഹക്കീം, 'സൈലന്റ്വാലി എന്റെ സമര കാവ്യം' (അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്,* പുറം.556.

36. വന്ദനാശിവ, *ജലയുദ്ധങ്ങൾ,* ഐ.വി.ബാബു (വിവ.), കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007, പുറം.7.

37. മസാറു ഇമാട്ടോ, *ജലത്തിനു പറയാനുള്ളത്,* മുരളി മംഗലത്ത് (വിവ.), കണ്ണൂർ: കൈരളി ബുക്സ്, 2008, പുറം.8.

38. Rachel Carson, *Silent Spring,* Goa: The other India Press, 1962, p.26.

39. Masanobu Fukuoka, The One-Strow Revolution, Goa:The other India Press, 1998, p.p.33-40.

40. ആർ.വി.ജി. മേനോൻ, 'പരിസ്ഥിതിയും വികസനവും', *ഭൂമി ഒരു പൊതുസ്വത്ത്,* വി.ആർ. രഘുനന്ദൻ (എഡി.), കേരളശാസ്ത്ര സാഹി ത്യപരിഷത്ത്, 2010, പുറം.131.

41. എൻ.എം.പിയേഴ്സൺ, *പരിസ്ഥിതിപ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും,* കോട്ടയം: കറന്റ് ബുക്സ്, 2010, പുറം.35.

42. അക്ബർ കക്കട്ടിൽ, *സർഗസമീക്ഷ*, കോട്ടയം:ഡി.സി.ബുക്സ്,1993, പുറം.273.

43. സി.ആർ. നീലകണ്ഠൻ, 'പരിസ്ഥിതിയും വികസനവും', *പരിസ്ഥിതി പഠനങ്ങൾ*, പുറം.116.

44. ഗണേഷ്. സി, 'സുഗതകുമാരിയുടെ ഓണക്കവിതകൾ', *കാട്ടുകിളി യുടെ പാട്ട്*, പുറം.139.

45. സിയാറ്റിൽ മൂപ്പൻ, *ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ*, സക്കറിയ (വി വ.) കോട്ടയം: ഡി.സി. ബുക്സ്, 2010, പുറം.39.

46. Adams Carol J.(ed.), EcoFeminism and the Sacred, New York: The Continuam Publishing Company, 1993, p.7.

47. കാറൽമാർക്സ്, മൂലധനം ഒന്നാംവാല്യം, 1862, (എം.പി. പരമേശ്വരൻ ഉദ്ധരിച്ചത്, *ഭൂമി ഒരു പൊതുസ്വത്ത്*, പുറം 11.).

48. സുഗതകുമാരി, 'കൊടുംവെയിലത്തുള്ള തീരാനടത്തമാണ് എന്റേത്', *മാധ്യമം ആഴ്ചപ്പതിപ്പ്*, ലക്കം 615, പുസ്തകം 12, 2009 നവംബർ 30, പുറം.30.

49. ഉണ്ണികൃഷ്ണൻ സി, 'നിരൂപകമുദ്രകളിൽ കെട്ടുപോകാത്ത കവിത', *കാട്ടുകിളിയുടെ പാട്ട്*, പുറങ്ങൾ.324-325.

50. സുഗതകുമാരി/ഭരതന്നൂർഷമീർ, 'ആത്മവിചാരങ്ങൾ വിചാരണകൾ', (അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്*, പുറങ്ങൾ.538-539.

51. പി. എൻ. ദാസ്, *ബോധിവൃക്ഷത്തിന്റെ ഇലകൾ*, കോട്ടയം: കറന്റ് ബുക്സ്, 1994, പുറം.44.

# അധ്യായം മൂന്ന്

# സ്ത്രീയനുഭവതലം – പ്രതിസന്ധികളും വിമോചനവും

സ്ത്രീജീവിതത്തിന്റെ വേദനകളെയും അസ്വാതന്ത്ര്യത്തെയും വസ്തുവത്കരണത്തെയും നേരിടാനും ആവിഷ്കരിക്കാനും രചനകളെയെന്നപോലെ പ്രവർത്തനത്തെയും മാധ്യമമാക്കിയ എഴുത്തുകാരിയാണ് സുഗത കുമാരി. വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും ചരിത്രത്തിലും ഇടം പരിമിതമാക്കപ്പെടുന്ന സ്ത്രീയനുഭവങ്ങളുടെ ആവിഷ്കരണം സുഗത കുമാരിക്കൃതികളെ ആസ്പദമാക്കി പരിശോധിക്കാനുള്ള ശ്രമമാണ് ഈ അധ്യായം. സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളിൽ ഉൾച്ചേർന്നിരിക്കുന്ന വിമോചനതലത്തെക്കുറിച്ചുള്ള ചിന്തകളും പരിശോധനാവിധേയമാക്കുന്നു. മിത്തും സ്ത്രീചിത്രണവും, മാതൃത്വം, വാണിജ്യവൽക്കരിക്കപ്പെടുന്ന സ്ത്രീത്വം, പ്രതിഷേധത്തിന്റെ പെൺവഴി, സ്ത്രീവാദപരമായ ഇടപെടലുകൾ എന്നിങ്ങനെയാണ് സുഗതകുമാരിക്കൃതികളിലെ സ്ത്രീവാദസമീപനത്തെ വിശകലനം ചെയ്യുന്നത്.

### 3.1 മിത്തും സ്ത്രീചിത്രണവും

സമൂഹാവബോധമനസ്സിന്റെ സൃഷ്ടിയാണ് മിത്ത്. സ്വപ്നം വ്യക്തിമനസ്സിന്റെ അബോധമായ ആഗ്രഹങ്ങളുടെയും ഉൽക്കണ്ഠകളുടെയും സൂചകമാവുമ്പോൾ മിത്ത് ജനസമുദായത്തിന്റെ തന്നെ പ്രതീക്ഷകളെയും ഭയാശങ്കകളെയും പ്രകടിപ്പിക്കുന്നു. വിശ്വാസപരമായ, സാമൂഹികാനുഭവപരമായ മിത്തുകൾ കാലാന്തരത്തിലൂടെ കടന്നുപോകുന്നവയായതിനാൽ സാഹിത്യത്തിലും അവയ്ക്ക് പ്രമുഖസ്ഥാനമുണ്ട്. തീക്ഷ്ണമായ കാലികപ്രശ്നങ്ങൾ ആവിഷ്ക്കരിക്കാൻ എഴുത്തുകാർ തേടുന്ന ഒരു രൂപം കൂടിയാണിവ. കഥ പറയുന്നതിനേക്കാൾ അനുഭവസത്യത്തെ തിരിച്ചറിയാനും മൂല്യങ്ങളെ ഉറപ്പി

ക്കാനുമായി എഴുത്തുകാർ നൽകുന്ന വ്യാഖ്യാനം സമൂഹചേതനയെ നവീക രിക്കുന്നതോടൊപ്പം മിത്തിന് സാർവകാലിക പ്രസക്തിയും നൽകുന്നു.

ഭൂതകാലസംസ്കൃതിയും പൈതൃകവുമായി ബന്ധപ്പെട്ടു കിടക്കുന്ന മിത്തുകളിൽ ആൺകോയ്മയുടെ സ്ഥാപനവത്കൃതരൂപമാണ് പ്രകടം. സ്ത്രീയുടെ നിശ്ശബ്ദത ആഗ്രഹിക്കുന്ന അവ ദേവതയുടെയും പിശാചിനി യുടെയും വിരുദ്ധപ്രതീതികളുണ്ടാക്കുന്ന ലേബലുകളിലൂടെ സ്തുതിയു ടെയും നിന്ദയുടെയും ലോകത്തിൽ സ്ത്രീയെ ഒതുക്കാനാണ് ശ്രമിച്ചത്. സ്ത്രീയെ സത്യസന്ധമായി ആവിഷ്കരിക്കാനോ, സ്ത്രീയുടെ സ്വയം കാണ ലുകളെ ഉൾക്കൊള്ളാനോ ശ്രമിക്കാത്ത സ്ത്രീവിരുദ്ധഭാവം മിത്തുകളുടെ പുനർവായന അത്യാവശ്യമാക്കി. സമകാലികചരിത്രത്തെ ഭൂതകാലം കൊണ്ട ളക്കുമ്പോൾ അടിച്ചമർത്തുകയോ വിട്ടുകളയുകയോ ചെയ്ത മനുഷ്യജീവി താഖ്യാനങ്ങൾ തെളിഞ്ഞുവരുകയും അധീശശക്തികൾ രൂപപ്പെടുത്തിയ ചരിത്രം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു.[1] പരിമിതമായ സ്ത്രീയിട ങ്ങളെക്കുറിച്ചുള്ള ഇത്തരമൊരന്വേഷണം മിത്തിനു പ്രാമുഖ്യം നൽകാൻ എഴുത്തുകാരികളെ പ്രേരിപ്പിച്ചു. പുരുഷവ്യവഹാരത്തിലും സമൂഹത്തിലും പരിമിതപ്പെടുന്ന സ്ത്രീയനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന സുഗതകു മാരി കാലാതീതമായ സ്ത്രീത്വത്തിന്റെ വ്യഥകളാവിഷ്കരിക്കാൻ മിത്തിനെ യാണ് കൂട്ടുപിടിച്ചത്. ഊർമ്മിള, സീത, ദേവകി, ഗാന്ധാരി, ഹവ്വ, രാധ എന്നിവരെ പുനരാനയിക്കുന്നതിലൂടെ പാർശ്വങ്ങളിൽ തളച്ചിടുന്ന സ്ത്രീബിംബങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകുകയാണ് കവി.

### 3.1.1 അവഗണിക്കപ്പെട്ട സ്ത്രൈണത

സുഖത്തിലും ദു:ഖത്തിലും ഒരുമിച്ചു നടക്കുന്നവരാണ് ദമ്പതികൾ എന്ന വിശ്വാസത്തെ മുറുകെ പിടിക്കുന്നവളാണ് സ്ത്രീ. ഈ കരുതൽ നിറഞ്ഞ വിശ്വാസം പുരുഷന്റെ പക്ഷത്തുനിന്ന് പലപ്പോഴും ഉണ്ടാവാറില്ല. സ്ത്രീയിൽ നിന്നുള്ള ഏകപക്ഷീയമായ സമർപ്പണം ആഗ്രഹിക്കുന്ന പുരു

ഷൻ തിരസ്കാരത്തിന്റെ മുഖമാണ് അവൾക്കുനേരെ പ്രയോഗിക്കുന്നതെന്ന് *ഒരു രാമായണരംഗം* തെളിയിക്കുന്നു. രാമനും സീതയ്ക്കുമൊപ്പം വനവാസ ത്തിനൊരുങ്ങുന്ന ലക്ഷ്മണൻ ഊർമ്മിളയോട് യാത്ര പറയുന്നതിനെപ്പറ്റി എവിടെയും പരാമർശമില്ല. അങ്ങനെയൊരു രംഗമുണ്ടായാലുള്ള ഊർമ്മിള യുടെ പ്രതികരണമാണ് സുഗതകുമാരി ആവിഷ്ക്കരിക്കുന്നത്.

സഹോദരനോടുള്ള ആരാധനാതീവ്രതയിൽ ഭാര്യയുടെ സമർപ്പിതചേ തസ്സ് അറിയാത്ത ലക്ഷ്മണന് തന്റെ കൂടെ വരാനുള്ള ഊർമ്മിളയുടെ ആഗ്രഹം സ്വീകാര്യമാവുന്നില്ല.

പാടില്ല മറ്റൊരു ചിന്തയെനിക്ക് നിൻ
മൂഢാനുരാഗമെനിക്കു ഭാരം വൃഥാ (ഒരു രാമായണരംഗം)

എന്ന ലക്ഷ്മണന്റെ വാക്കുകൾ സ്ത്രീപുരുഷബന്ധത്തിന്റെ അനുസ്യൂത കൂട്ടായ്മയാണ് ദാമ്പത്യമെന്ന ഊർമ്മിളയുടെ ചിന്താഗതിക്കേറ്റ കനത്ത പ്രഹരമായിരുന്നു. ഊർമ്മിളയുടെ ചിന്തയും വികാരങ്ങളും അതുവരെ ആവി ഷ്ക്കരിക്കപ്പെട്ടിരുന്നില്ല. സീതയുടെ വാക്കുകൾക്കാണ് വാല്മീകിയും എഴു ത്തച്ഛനും പ്രധാന്യം നൽകിയത്. ഭർത്താവിനൊപ്പം പോകാനുള്ള അവ കാശം എന്തുകൊണ്ടും ഭാര്യയ്ക്കാണെന്ന സീതയുടെ വാക്കുകൾ രാമനു സ്വീകാര്യവുമായിരുന്നു.

ഭർത്തുർഭാഗ്യം തു ഭാര്യേകാ പ്രാപ്തോതി പുരുഷർഷഭ
അതശ്ചൈവാഹമാദിഷ്ടാ വനേ വസ്തവ്യമിത്യപി

(പുരുഷോത്തമ! എന്നാൽ ഭാര്യ ഒരുവൾ മാത്രം ഭർത്താവിന്റെ ശുഭാശുഭ കർമ്മഫലത്തിൽ പങ്കുകൊള്ളുന്നു. ഇക്കാരണത്താൽ തന്നെ ഞാനും കാട്ടിൽ വസിക്കപ്പെടണം എന്നുതന്നെ നിയമിക്കപ്പെട്ടിരിക്കുന്നു)[2].

ഇഹത്തിലും പരത്തിലും സ്ത്രീക്ക് കൂട്ട് ഭർത്താവാണെന്നും കല്ലും

മുള്ളും നിറഞ്ഞ വഴി ചവിട്ടി മൃദുവാക്കിക്കൊണ്ട് താൻ മുന്നിൽ നടക്കാമെന്ന സീതയുടെ വാക്കുകൾ എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിലുമുണ്ട്.[3]

'മുന്നിൽ നടപ്പൻ വനത്തിനു ഞാൻ മമ
പിന്നാലെ വേണമെഴുന്നള്ളാൻ ഭവാൻ'

സീതയ്ക്കുള്ള കർമ്മസ്വാതന്ത്ര്യവും അഭിമാനവും ഭർത്തൃസ്നേഹവും ഊർമ്മിളയ്ക്കും അവകാശപ്പെട്ടതല്ലേ എന്ന ചോദ്യം ഇവിടെ പ്രസക്തമാവുന്നു. ഊർമ്മിളയെ സീതാസ്വയംവരത്തിന്റെ അനുബന്ധമായി ലക്ഷ്മണൻ വേട്ടു എന്നു പറയുന്നതോടെ ഊർമ്മിള അനുവാചകമനസ്സിലേക്ക് കടന്നുവരുന്നുണ്ടെങ്കിലും രാമായണത്തിലെ മുഖ്യകഥാപാത്രങ്ങളിലൊന്നായിരിക്കേണ്ടുന്ന അവളെ ക്രൂരമായാണ് ഇതിഹാസകാരൻ വിസ്മരിച്ചിരിക്കുന്നതെന്ന് നിത്യചൈതന്യയതി സൂചിപ്പിക്കുന്നുണ്ട്.[4] വനവാസകാലത്ത് ശ്രീരാമനും സീതയും ഉറങ്ങുമ്പോൾ കാവൽനിൽക്കുന്ന ലക്ഷ്മണൻ ഗുഹനോട് നടത്തുന്ന സംഭാഷണത്തിൽ അയോധ്യയെയും അമ്മമാരെയും ജനങ്ങളെയും ഓർക്കുന്നെങ്കിലും ഊർമ്മിളയെക്കുറിച്ച് ഒന്നും പറയുന്നില്ല. മതവും പാരമ്പര്യവും നിർമ്മിച്ച പല മിത്തുകളിലും സ്ത്രീ അവഗണിക്കപ്പെട്ടവളോ വാക്കു നഷ്ടപ്പെട്ടവളോ ആണ്.

എഴുത്തച്ഛനെയും അദ്ദേഹത്തിന്റെ കിളിയെയും മുൻനിർത്തി ഊർമ്മിളയ്ക്കു നാവുനൽകിയ സുഗതകുമാരി ആൺകോയ്മയുടെ കീഴാളതയിൽനിന്നു മോചനം നേടുന്ന കഥാപാത്രമായി അവളെ മാറ്റി. ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതുള്ള ലക്ഷ്മണന്റെ പോക്ക് ജീവിതത്തെ പുനർവിചിന്തനം നടത്താൻ അവളെ പ്രേരിപ്പിക്കുന്നു.

നിസ്സാരശഷ്പതുല്യം മമപ്രേമമെൻ
ഭർത്താവിനെന്നതറിഞ്ഞ മനസ്സുമായി

ദീർഘദീർഘം പതിനാലുസംവത്സരം
കാത്തിരുന്നീടാൻ അഹല്യയല്ലൂർമ്മിള
ഇല്ലിനി ലക്ഷ്മണനനൂർമ്മിള, കണ്ണുനീ
രില്ല തപസ്സല്ലതിന്നർഹനല്ല നീ (ഒരു രാമായണരംഗം)

ഊർമ്മിള പതിനാലുകൊല്ലം ലക്ഷ്മണനെ കാത്തിരുന്നെന്നും പിന്നീട് അവർക്ക് ഉണ്ണിപിറന്നെന്നുമുള്ള ഉത്തരരാമായണകഥയെ സുഗതകുമാരി സ്വീകരിക്കുന്നില്ല. താൻകോയ്മയുടെ പക്ഷത്തുനിൽക്കുന്ന നായകനെ കാത്തിരിക്കാതെ, തിരിച്ചറിവിന്റെയും ഉൾക്കാഴ്ചയുടെയും അപൂർവ്വസ്വര ങ്ങൾ പുറപ്പെടുവിച്ച് രാമായണത്തിൽനിന്ന് നടന്നകലുന്ന ഊർമ്മിളയെ യാണ് കവി ചിത്രീകരിക്കുന്നത്. ഭൂമികന്യയ്ക്കനുജയ്ക്കു വേണ്ടിയും ഭൂമി പിളർന്നിരിക്കാം എന്നാണ് സന്ദേഹം. സീതയുടെ പാതിവ്രത്യം കാഞ്ചനവും ഊർമ്മിളയുടേത് കവചവുമാണെങ്കിൽ ഭൂമി പിളർന്ന് നേരത്തെ അപ്രത്യക്ഷ യാവുകയല്ലാതെ മറ്റൊരു മാർഗം അവൾക്കു മുമ്പിൽ ഉണ്ടാവുകയില്ല.[5] പുരു ഷന്റെ ഇച്ഛാനുസാരിണിയായി കുലധർമ്മം നിറവേറ്റേണ്ടവളാണ് സ്ത്രീ എന്ന പരമ്പരാഗത ധാരണയെ തിരുത്തുന്ന സുഗതകുമാരി സ്വാതന്ത്ര്യ തൃഷ്ണ കലർന്ന ആധുനികസ്ത്രീയുടെ മുഖമാണ് ഊർമ്മിളയ്ക്ക് നൽകു ന്നത്.

### 3.1.2 സ്ത്രൈണമൂല്യങ്ങളുടെ കർമ്മമാതൃക

സ്ത്രീത്വത്തെ ചങ്ങലക്കിടുകയും സ്ത്രീയുടെ സ്വപ്നങ്ങൾക്കും ഭാവ നകൾക്കും പരിധി നിശ്ചയിക്കുകയും ചെയ്ത മിത്തുകൾ ദൈന്യതയുടെയും ദൗർബല്യത്തിന്റെയും പ്രതിരൂപമായി അവളെ മാറ്റി. അനുസരണയുടെയും വിധേയത്വത്തിന്റെയും ആൾരൂപമായ അവൾ അഗ്നിപരീക്ഷകളിലൂടെ കടന്നു പോകാൻ വിധിക്കപ്പെട്ടവൾ കൂടിയായി. സ്ത്രീദു:ഖത്തിന്റെ പരമമായ തല ങ്ങൾ ആവിഷ്ക്കരിക്കാൻ സീതാപുരാവൃത്തമാണ് സുഗതകുമാരി ഉപയോഗി

ക്കുന്നത്. ഇതിഹാസത്തിന്റെ മുറിവുകൾ ജീവിതമുറിവുകളാകുന്ന സന്ദർഭ മാണിത്.

ജീവിതമെന്ന മഹാമൗനത്തിന്റെ ദുരന്തസമസ്യ പൂരിപ്പിക്കാനാവാതെ അരങ്ങൊഴിയാൻ വിധിക്കപ്പെട്ട സ്ത്രീയുടെ തേങ്ങലാണ് സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം സീതയുടെ ജീവിതം. അതിലെ ഭാവനിർഭരമായ രംഗ ങ്ങൾ ഒന്നൊഴിയാതെ ചവിട്ടിപ്പോന്ന സീതാപാദങ്ങളെ പൂജിക്കുന്ന കവിയെ യാണ് *പാദപ്രതിഷ്ഠ*യിൽ കാണാനാവുക. വിധേയത, ശാലീനത, മുഗ്ധത, മൃദുലത, രമണീയത, സംപൂജ്യത എന്നിങ്ങനെ സീതയുടെ എട്ട് അവസ്ഥക ളിലുള്ള പാദങ്ങൾ വർണ്ണിച്ച കവി അവയൊന്നുമല്ല തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചത് എന്നു വ്യക്തമാക്കുന്നു. തളയിട്ട കുഞ്ഞുപാദങ്ങൾ മുതൽ ഭർത്തൃപരിത്യക്തയായി വനത്തിൽ കഴിയുന്ന മുള്ളുതറച്ച പാദങ്ങൾവരെ പരാമർശിക്കുന്നെങ്കിലും അവ രാജകുമാരി, രാജപത്നി എന്നീ നിലകളിലു ള്ളതിനാൽ പ്രതിഷ്ഠാർഹമല്ല. കാഞ്ചനവിഗ്രഹപാദങ്ങൾ ഭർത്തൃപരിത്യ ക്തവും അനാഥവുമാണെങ്കിലും ചൈതന്യമില്ലാത്തതിനാൽ അവയും സ്വീക രിക്കുന്നില്ല.

ചുരുൾ വീണുതാഴും മഹാദു:ഖനാടകകഥയുടെ ഭരതവാക്യത്തിൽ മഹർഷിയെ പിൻതുടരുന്ന അതിനിതാന്തമായ രണ്ടു പാദങ്ങളുണ്ട്.

> പിളരുവാൻ വെമ്പുമാ-
> ഭൂവിലേക്കാദ്യമായി
> മറയുവാനുള്ള പാദങ്ങൾ
> 'മതി മതി'യെന്നു പിൻവാങ്ങുന്ന
> ശാന്തമാം മെലിവാർന്ന (പാദപ്രതിഷ്ഠ)

വഴി നടന്നേറെക്കരിഞ്ഞ്, പൊടിനിറഞ്ഞ്, ഇരുണ്ടു നഗ്നമായ പാദങ്ങളാണ് തന്റെ മനസ്സിന്റെ അഗ്നിയിൽ കണ്ണീരുതളിച്ച് കവി പ്രതിഷ്ഠിച്ചിരിക്കുന്നത്.

രാമന്റെ അശ്രു നിറഞ്ഞ നേത്രാർച്ചന പരിഗണിക്കാതെ, പിളരുന്ന ഭൂമിയിലേക്ക്, സർവംസഹയായ മാതൃസന്നിധിയിലേക്ക് ഇറങ്ങുന്ന പാദങ്ങൾ കൂടിയാണവ. ദുരന്തവും വിജയവും ഒരുപോലെ മേളിക്കുന്ന മുഹൂർത്തത്തിലെ സീതാപാദങ്ങൾ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് കവി അനാഥ സ്ത്രീത്വത്തിന്റെ അഭയസ്ഥാനമാവാനുള്ള കരുത്തു നേടുന്നതും.[6]

വേദനയുടെ കാഠിന്യത്തിൽ ഉടൽപൊള്ളിയ കവി ജീവിതമെന്ന പ്രഹേളികയുടെ മുന്നിൽ തളരാതെ പിടിച്ചു നിൽക്കാനാണ് ശ്രമിക്കുന്നത്. മനുഷ്യത്വത്തിന്റെ പാപം പുരണ്ട തന്റെ കൈകൾ ഈ അഗ്നിവിശുദ്ധിയിൽ കരിയാതിരിക്കട്ടെ എന്നാണ് പ്രാർത്ഥന. പിളരുന്ന ഭൂമിയിലേക്ക് മറയുന്ന സീതാപാദങ്ങൾ മനസ്സിൽ പ്രതിഷ്ഠിക്കുന്ന കവി സ്വാതന്ത്ര്യധീരത എന്ന അംശത്തിനാണ് പ്രാധാന്യം നൽകുന്നത്. എന്നിട്ടും ഇത് പശ്ചാത്ഗതിപ്രവണമായ സ്ത്രീസങ്കല്പത്തിന്റെ ഉൽപ്പന്നമാണെന്ന് വിധിക്കുന്നവരുണ്ടെങ്കിൽ അവർ കൃതിയെ അപപാരായണം ചെയ്യുന്നുവെന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നു.[7] സീതാപാദങ്ങൾ തിരിച്ചറിയുന്നതിലൂടെ കവി പ്രകൃതിയെ, സ്ത്രീയെ, തന്നെത്തന്നെയാണ് അറിയുന്നത്.

#### 3.1.2.1 സീതയും ഭാരതീയസ്ത്രീയും

ഭാരതീയസ്ത്രീ അനുഭവിക്കുന്ന അപമാനങ്ങൾ, പീഡനങ്ങൾ എന്നിവ സീതയെ മുൻനിർത്തിയാണ് കവി കാണുന്നത്.

വിഴുപ്പലക്കുവോർ ചൂണ്ടു
മെത്ര ചാരിത്ര്യശങ്കകൾ
പിളർക്കട്ടെ ഭൂമിയെന്ന
വിളിതൻ നൂറുമാറ്റൊലി
എത്രവട്ടം കൊടുംകാട്ടിൽ
തള്ള, ലഗ്നി പരീക്ഷകൾ (അമ്മ)

ന്യായാസനങ്ങളിലെ ചോദ്യം ചെയ്യലുകൾ, വസ്ത്രാക്ഷേപം, പെൺവാണിഭം, പെൺഭ്രൂണഹത്യ എന്നിങ്ങനെ ഒരറുതിയുമില്ലാത്ത സ്ത്രീദു:ഖത്തിന്റെ ആവിഷ്ക്കരണങ്ങൾക്ക് കൂട്ട് സീതാപ്രതിബിംബം തന്നെ.

സീതയുടെ ഉത്പത്തി പുരാവൃത്തത്തിന്റെ സൂചനകൾ നൽകി ഭാരതത്തിലെ പെൺകുഞ്ഞുങ്ങൾക്കു നേരെ നടക്കുന്ന അതിക്രമങ്ങളെ ചൂണ്ടിക്കാണിക്കുന്ന കവിതയാണ് *പെൺകുഞ്ഞ്-90.* സ്ത്രീത്വത്തിന്റെ വ്യഥകളുടെയെന്നപോലെ കരുത്തിന്റെ പ്രതീകമായും ഇവിടെ സീത പ്രത്യക്ഷപ്പെടുന്നു.

സ്വന്തം കാലിൽ നിൽക്കുകയും അധ്വാനശക്തികൊണ്ടു പുലരുകയും ചെയ്യുന്ന സ്ത്രീത്വത്തിന് തലതാഴ്ത്തേണ്ടിവരില്ല. ശക്തിനാളങ്ങളായ മക്കൾക്ക് ജന്മം നൽകാനും ജീവിതം പൊൻകൊടിക്കൂറപോലെ ഉയർത്തിപ്പിടിക്കാനും ഭൂമിക്ക് ആശ്വാസം നൽകാനും അവൾക്ക് കഴിയും. വെറും ഉടലായ സ്ത്രീത്വത്തിൽനിന്നുമാറി അഭിമാനം വീണ്ടെടുക്കുന്ന സ്ത്രീത്വമായി മാറാൻ സീതാപുരാവൃത്തം സഹായകമാകുമെന്നാണ് കവിയുടെ വിശ്വാസം.

### 3.1.2.2 സീതയും പ്രകൃതിയും

അനാഥത്വത്തിന്റെയും സഹനത്തിന്റെയും പരിശുദ്ധിയുടെയും പ്രതീകം കൂടിയാണ് സീത. ഒറ്റപ്പെടലും അഗ്നിപരീക്ഷണവും ഏറെ താണ്ടിയവൾ, പ്രകൃതിയെപോലെ ഏതു കൂരമ്പും അവേഹളനവും സഹിക്കാൻ തയ്യാറായവൾ. സ്ത്രീയും ജൈവപ്രകൃതിയുമായുള്ള സമന്വയമാണ് *ഇന്നത്തെ സന്ധ്യയോ* എന്ന കവിത. വിളറുന്ന കവിളുമായി ഓർത്തുനിൽക്കുന്ന വിധുരയായ സീത, മിഴികൂമ്പി വിരഹാർത്തയായി ചിന്തയിലാണ്ടു നിൽകുന്ന സീത, മക്കളെ മാറോടണച്ച് ഒരു ദിവ്യമന്ദസ്മിതത്തിനാൽ സർവ്വവും തഴുകുന്ന സീത. ഇങ്ങനെ അന്തരാത്മാവിലെ ഉണങ്ങാത്ത മുറിവുകൾപോലെയാണ് സന്ധ്യ സീതയെ തഴുകുന്നത്.

ഇന്നത്തെ സന്ധ്യയോ? സൗമ്യയാമിവളെ ഞാൻ
എതുമട്ടിൽ വർണിച്ചിടേണ്ടു?
ചൊല്ലീടാം, ഈ സന്ധ്യ മെയ് തൊട്ടൊരഗ്നിയും
പൊള്ളിയ സീതയെപോലെ (ഇന്നത്തെ സന്ധ്യയോ)

പ്രകൃതിയും സ്ത്രീയും ഒന്നാണ്. ഏറ്റവും വേദനിക്കുന്നവൾ, ഏറ്റവും സ്നേഹിക്കുന്നവൾ, എല്ലാം വാരിക്കോരിക്കൊടുക്കുന്നവൾ, മുറിവുകൾ ഏറ്റു വാങ്ങിക്കൊണ്ടിരിക്കുന്നവൾ, സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നവൾ. സീതയും രാധയും ഇതൊക്കെത്തന്നെയല്ലേ എന്നു സുഗതകുമാരി പറയു ന്നുണ്ട്.[8] സ്ത്രീയുടെ സ്വപ്നങ്ങളും ദു:ഖങ്ങളും ഭയങ്ങളും അവഹേളനവു മൊക്കെ തന്നെയാണ് ഇന്നു ഭൂമിയും പ്രകൃതിയും നേരിടുന്നതും.

സ്ത്രീയുടെ ആത്മനൊമ്പരങ്ങൾക്ക് ഭാഷ്യമേകാനും ചെറുത്തുനിൽപ്പി നുള്ള ആത്മവീര്യം പകരാനും ഉപയോഗിക്കുന്ന സീതാപരാമർശങ്ങൾ സ്ത്രീത്വത്തിന്റെ വ്യഥകളാവിഷ്കരിക്കുന്ന കവിതകളിൽ കൂടുതലായി കട ന്നുവരുന്നുണ്ട്. ഐതിഹാസികമായ മാനങ്ങളോ രാജകീയമായ ഗൗരവ ങ്ങളോ ഇല്ലെങ്കിലും ഓരോ എളിയ ഭാരതീയസ്ത്രീയുടെയും ജീവിതം വീണ്ടും വീണ്ടും സീതാകഥയാടി വിരമിക്കുന്നു എന്ന ലീലാവതിയുടെ പരാ മർശം[9] സീതയും ഭാരതീയസ്ത്രീയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

സ്ത്രീയുടെ ദുരിതപർവങ്ങൾക്ക് നാവുനൽകുന്ന സീതാപരാ മർശങ്ങളിലും ഒരു രക്ഷകസങ്കൽപം കവി ആഗ്രഹിക്കുന്നുണ്ടെന്ന് *മാതൃ ദർശനം* എന്ന കവിത തെളിയിക്കുന്നു.

രണൽ പാദസരം പാദ-
മെന്മാറത്തൊന്നണയ്ക്കണേ
തണുക്കട്ടേ തണുക്കട്ടി-
യഗ്നിശൈലഹൃദന്തം (മാതൃദർശനം)

പെണ്ണിന്റെ മാനത്തിന് വിലപേശിയ സന്ദർഭങ്ങളിൽ രക്ഷകനായി അവതരിച്ച കൃഷ്ണനാണ് ആ വിമോചകൻ. സ്ത്രീയുടെ കഷ്ടരാത്രികൾക്ക് അറുതി വരുത്താൻ അദ്ദേഹത്തിനു കഴിയുമെന്ന വിശ്വാസം *അമ്മ*യിലും കാണാം.

### 3.1.3 സ്ത്രീത്വത്തിന്റെ സാർവകാലികവ്യഥ

ഏഴുമക്കളെ ക്രൂരമായ വിധിക്കു നല്കി കംസന്റെ തടവറയിൽ കഴിയുന്ന ദേവകിയും വസുദേവരും രക്ഷകബിംബത്തിനുവേണ്ടി കാത്തിരിക്കുന്നവരാണ്. വേളി മുതൽ ചങ്ങലയിലാണ്ട് കാരാഗൃഹത്തിന്റെ ഇരുമ്പഴിക്കുള്ളിൽ കഴിയുന്ന ദേവകി പുരുഷമേധാവിത്വപരമായ അനീതിക്ക് ഇരയായ മാതൃത്വത്തിന്റെ നോവുകളുടെ പ്രതിനിധിയാണ്. എട്ടുമക്കളെ പെറ്റിട്ടും മുലയൂട്ടുവാനൊക്കാത്ത, കൊടും കണ്ണീർക്കയത്തിൽ താണുപോയ ദേവകിയെ *സമുദ്രം പോൽ മഹാദു:ഖ/മൊക്കെയൊത്തു കുടിച്ചോൾ* (അമ്മ) എന്നാണ് സുഗതകുമാരി വിശേഷിപ്പിക്കുന്നത്. എക്കാലത്തും മനുഷ്യപുത്രനെ പ്രസവിക്കുന്ന അമ്മയുടെ കണ്ണീര് മഴയായി പെയ്യുന്നു, പുഴയായി ഒഴുകുന്നു, ആഴിയായി അലതല്ലുന്നു. എങ്ങും ഒരുപോലെ. കവിതയിലെ ദേവകി ഈ ചിരഞ്ജീവിയായ അമ്മയാണ്, ഇതിഹാസകഥാപാത്രം മാത്രമല്ല, ഇവൾക്ക് കാലസീമിതത്വമില്ല. കാലത്തിലൂടെ മുന്നോട്ടുപോകുന്ന ഈ ദേവകി മുമ്പേപോയ സീതയും പിമ്പേവന്ന ദ്രൗപതിയുമായി സ്ത്രീത്വത്തിന്റെ വ്യഥകളുടെ സാർവ്വകാലികരൂപമാവുന്നു.[10] ചവിട്ടിക്കൊന്നതും കെട്ടിത്താഴ്ത്തിയതും ചുട്ടുകരിച്ചതും എല്ലാം അമ്മയായ ഇവളെത്തന്നെയാണെന്ന് സുഗതകുമാരിയുടെ കവിതകൾ സൂചിപ്പിക്കുന്നുണ്ട്.

രക്ഷിക്കാൻ കടപ്പെട്ടവർ തന്നെ ക്രൂരതകൾക്ക് ഇരയാക്കുമ്പോൾ ദൈവംപോലും കയ്യൊഴിയില്ലേ എന്ന് ആശങ്കപ്പെടുന്ന കവി ദു:ഖശിലയാകുന്ന അഹല്യമാരെ തൊട്ടുണർത്താനും പതിതമായ അവസ്ഥയിൽ നിന്നുകരകയറ്റാനും കണ്ണീരൊപ്പാനും തയ്യാറുള്ള രക്ഷകനായ ഉണ്ണിയെക്കുറിച്ചുള്ള

സ്വപ്നവും പങ്കുവയ്ക്കുന്നുണ്ട്. ആത്മാവുകളിലെ കെട്ടടങ്ങാത്ത അഗ്നിയിൽ അമൃതം തളിക്കുന്ന ശീതളസ്വപ്നമാണിത്. പീലിത്തിരുമുടിയുള്ള കറുത്ത വർഗം അധിപതികളെക്കൊന്ന് ചോരപുരണ്ട കൈകളാൽ അമ്മമാരുടെ കണ്ണീരൊപ്പുന്ന ദൃശ്യം ദു:ഖശിലകളായ നാരിമാരുടെ സമൂഹചേതസ്സിൽ പണ്ടേ കൊത്തിവച്ച സ്വപ്നമാണ്. അഴികൾക്കിടയിലൂടെ നീളുന്ന താമര ക്കൈകളിൽ ചോരയാണെന്ന് കവിതയിലെ അമ്മയും തിരിച്ചറിയുന്നു. ദൈന്യത്തിന്റെ പിറകെയുള്ള ചോരക്കയ്യിന്റെ ഉദയം പീഡകോന്മൂലനത്തി നായി പന്തമേന്തുന്ന യുവതലമുറയുടെ പ്രതീകം തന്നെ.

പെൺജന്മങ്ങളുടെ നോവ് ആത്മാവിൽ ഉൾക്കൊള്ളുന്ന, സ്ത്രീയുടെ കഷ്ടരാത്രികൾക്ക് അറുതിവരുത്തുന്ന കൃഷ്ണനെ മകനെന്നു വിളിക്കാനേ ദേവകിക്ക് കഴിയൂ. കായാമ്പൂനിറമുള്ള തന്റെ മകൻ മോചനവുമായി എന്നെ ങ്കിലും വരുമെന്ന് പ്രതീക്ഷ പുലർത്തുന്ന ദേവകിയിൽ മക്കളുടെ ഒരിറ്റു കാരു ണ്യവും പ്രതീക്ഷിച്ച് വീടുകളിലും വൃദ്ധസദനങ്ങളിലും കഴിയുന്ന അമ്മമാ രുടെ പ്രതിരൂപമാണ് കാണാനാവുക. കാലത്തോടൊപ്പം സഞ്ചരിക്കുന്ന ഇത്തരം മിത്തുകൾ സ്ത്രീപീഡനങ്ങളുടെയും നോവുകളുടെയും നൈര ന്തര്യത്തെ സൂചിപ്പിക്കുന്നു.

പീഡനങ്ങളിൽ നിന്നു സ്ത്രീയെ രക്ഷിക്കാൻ കൃഷ്ണൻ വീണ്ടും അവതരിക്കുന്നതിനു മുമ്പ്,

> . . . കൊലയാളിക്കൈ
> തട്ടി, മുന്നിൽ നിവർന്നുനി-
> ന്നിനിയൊക്കില്ലാ യെന്നുഗ്ര
> നിഷേധത്തിൽ ജ്വലിക്കാൻ (അമ്മ)

കെല്പുള്ള പെണ്ണൊരുവളെക്കുറിച്ചുള്ള സ്വപ്നവും അമ്മമാർക്കുണ്ട്. അങ്ങ നെയുള്ള പെൺമക്കൾ പിറക്കുന്ന കാലത്തു മാത്രമേ അമ്മമാരുടെ വയറു

തണുക്കുകയുള്ളൂ.[11] എന്നാൽ സമകാലികാവസ്ഥ അതിനു വിഘാതമാവുമ്പോൾ കവി രക്ഷകനായ ഉണ്ണിയെ ആശ്രയിക്കുന്നു.

### 3.1.4 സ്നേഹത്തിന്റെ ജീവനധാര

വിവിധതരം ദു:ഖങ്ങൾക്കറുതി കാണാതെ ഉഴലുന്ന സ്ത്രീജന്മങ്ങൾക്കൊപ്പം നിൽക്കുന്ന സുഗതകുമാരി വർത്തമാനകാലാവസ്ഥയുടെ സംഘർഷങ്ങളും ഭീകരതയും ചിത്രീകരിക്കാൻ പുരാണങ്ങളിൽ നിന്ന് പ്രമേയവും കഥാപാത്രങ്ങളും സ്വീകരിക്കുന്നു. വിനാശത്തിന്റെയും കോയ്മയുടെയും കെടുതികൾ നിറഞ്ഞ വർത്തമാനകാലലോകത്തെ കവി വിശേഷിപ്പിക്കുന്നത്:

. . . മക്കൾതൻ
ചുടുചോര ചിന്തുന്ന
കണ്ണുനീരൊലിക്കുന്നൊ
രിതു മഹാഭാരതശാപപർവ്വം (ഇതു മഹാഭാരതം)

എന്നാണ്. സ്നേഹംകൊണ്ടു മാത്രമേ വിഷമസന്ധികളെ നേരിടാനാവൂ. തലമുറകൾക്ക് ജീവനധാര പകരാൻ കഴിയുന്ന സ്ത്രീത്വത്തിന്, മാതൃത്വത്തിനാണ് അതിനു കൂടുതൽ കഴിയുകയെന്ന് *ബയാഫ്രാ* തെളിയിക്കുന്നു. സംഹാരാത്മകമായ യുദ്ധത്തിൽ നിന്നു ഭൂമിയെ രക്ഷിക്കാൻ കവി അന്വേഷിക്കുന്നത് ഗാന്ധാരിയെയാണ്.

അമ്മയെവിടെ? ഈ നൂറോമന
ക്കുഞ്ഞുങ്ങൾ തന്നമ്മയെങ്ങുപോയ്? ഞാനു
മുറക്കെയഹോ ശബ്ദഹീനമായ് നിന്നു
വിളിക്കയാണമ്മേ വരൂ നീ (ബയാഫ്രാ)

ലോകമാതാവായി കരുതുന്ന ഗാന്ധാരിയെ സ്തുതിക്കുന്ന കവി തങ്ങളുടെ

നൂറ്റാണ്ട് ശാപം കിട്ടിയ നൂറ്റാണ്ടാവുമോയെന്ന് ഭയപ്പെടുന്നു. സ്വരക്ഷയ്ക്കായുള്ള വഴികളെല്ലാം നഷ്ടപ്പെടുത്തിയ നിരായുധരായ മക്കൾ മരണക്കെണിയിലേക്ക് സഞ്ചരിക്കുന്നതിനെ കുരുക്ഷേത്രഭൂമിയോട് സാദൃശ്യപ്പെടുത്തുന്ന അമ്മ രക്ഷാസ്ഥാനത്തുള്ളവർ കയ്യൊഴിയുന്നതുകണ്ടു നിൽക്കാനാവാത്ത ഗാന്ധാരിയുടെ പ്രതിരൂപം തന്നെ. *കൊല്ലാതെ കൊള്ളാഞ്ഞ/തെന്തിവർ തന്നെ നീ കൊല്ലിക്കയത്രേ/നിനക്കു രസമെടൊ* എന്ന ഗാന്ധാരി വചനങ്ങളിൽ നീതിരഹിതവും അയുക്തികവുമായ പുരുഷലോകചെയ്തികളോടുള്ള വിമർശനം കാണുന്ന കവി മാതൃത്വത്തിന്റെ ബഹുമുഖത, താൻ ജീവിക്കുന്ന ചുറ്റുപാടുകളോടുള്ള സ്ത്രീയുടെ നൈതികമായ ഉത്തരവാദിത്വം എന്നിവയുടെ പ്രതിഫലനമായി ഗാന്ധാരിയെ മാറ്റുന്നു.

### 3.1.5. പറുദീസാനഷ്ടവും സ്ത്രീയും

മനുഷ്യന്റെ എല്ലാ പാപവാസനകൾക്കും ഹേതു പറുദീസാനഷ്ടമാണെന്നും അതിനു കാരണക്കാരി സ്ത്രീയാണെന്നുമാണ് ബൈബിൾ പാഠം. സ്ത്രീചേതനയ്ക്ക് കൈവരിക്കാൻ കഴിയുന്ന വ്യതിരിക്തതയുടെ അബോധപൂർവ്വമായ പ്രകടനമായിരുന്നല്ലോ വിലക്കപ്പെട്ട കനിഭോജനം. സ്ത്രീയുടെ സ്വതന്ത്രമായ തീരുമാനമെടുക്കലും, നടപ്പാക്കലും സിദ്ധാന്തവും പ്രയോഗവും-പ്രപഞ്ചസ്രഷ്ടാവിന് ആജ്ഞാനിഷേധമായി ഭവിച്ചപ്പോൾ ആദ്യത്തെ സ്ത്രീജന്മം തന്നെ പാപഗ്രസ്തമായി മുദ്രകുത്തപ്പെട്ടു.[12] ഒന്നാമത്തെ നിയമലംഘനവും അതുവരുത്തിവച്ച ദുരിതവും ആദ്യപ്രലോഭനവും നഷ്ടസൗഭാഗ്യസ്മൃതികളായി തലമുറകൾ കൈമാറിവരുന്ന ഒന്നാവുകയും ചെയ്തു.

സ്ത്രീയെ മാത്രം കുറ്റക്കാരിയായി കാണുന്ന സമീപനത്തെ നിരാകരിച്ച സുഗതകുമാരി ബൈബിളിലെ ഉൽപത്തികഥ പാപചിന്തയെ ഒഴിച്ചു നിർത്തിയാണ് സ്വീകരിച്ചത്. പറുദീസയിൽ നിന്ന് പുറത്താക്കപ്പെട്ട ആദം തന്റെ പ്രണയിനിയോട് നടത്തുന്ന ആത്മനിവേദനമാണ് *ഏദനിൽ നിന്ന്* എന്ന കവിത. പറുദീസ വിട്ടു പുറത്തുവരുന്ന ആദത്തിന് കുറ്റബോധം

അനുഭവപ്പെടുന്നില്ല. അറിവിന്റെ കനി തിന്നേണ്ടിവന്ന ഓരോ മനുഷ്യനും ജനിമൃതികളും സുഖദു:ഖങ്ങളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവനാണ് എന്ന് ആദത്തിനറിയാം. ദേവകല്പന മേഘങ്ങളിൽ വെള്ളിടിപോലെ മാറ്റൊലി ക്കൊണ്ടപ്പോൾ അനുഭവപ്പെട്ട ഭയവും അമ്പരപ്പും നീങ്ങിയപ്പോൾ കാല ത്തിന്റെ അനന്തതയിൽ, സ്ഥലത്തിന്റെ അപാരതയിൽ പകച്ചുനിന്ന അയാൾക്ക് ഉത്തരവാദിത്വം ബോധ്യപ്പെടുകയും കാത്തിരിക്കുന്ന വെല്ലുവിളി കളുടെ ഗാംഭീര്യം പ്രശ്നസങ്കീർണ്ണമായ ജീവിതത്തെ നേരിടാൻ പ്രേരണയാ വുകയും ചെയ്തു. നിത്യമായ ജന്മഗൃഹത്തിൽ നിന്നു നിഷ്കാസിതനായ ആദിപിതാവിന്റെ മുന്നോട്ടുള്ള കാൽവയ്പ് പതിഞ്ഞതെങ്കിലും ഇടറാത്തതാ ണെന്ന് സുഗതകുമാരി വ്യക്തമാക്കുന്നു.[13] അനുഗ്രഹങ്ങൾ വർഷിച്ചുനിന്നി രുന്ന ശക്തി ജീവിതത്തിൽനിന്ന് അപ്രത്യക്ഷമായപ്പോഴുള്ള ശൂന്യത ഇണ യോടുള്ള സ്നേഹത്തിൻ നിറയ്ക്കാനാണ് ആദത്തിന്റെ ശ്രമം.

ബൈബിളിൽ അറിവിന്റെ കനി തിന്നതിന്റെ ഉത്തരവാദിത്വം ആദം ഹവ്വയ്ക്കുമേലും ഹവ്വ സർപ്പത്തിന്റെമേലും കെട്ടിവയ്ക്കുന്നു. എന്നാൽ ഇവിടെ കനി തിന്നതിന്റെ ഉത്തരവാദിത്വം പുരുഷൻ സ്വയം ഏറ്റെടുക്കുന്നു. അറിവിൻകനിയുടെ മഹനീയരഹസ്യം അനാവരണം ചെയ്ത സർപ്പം യാത്ര യിലെ ഇണപിരിയാചങ്ങാതിയും. ദയയെന്ന വികാരം ഹവ്വയിൽ ആദ്യമായി നാമ്പിടുന്നതും പാദത്തിൽ മുൾമുനയേറ്റുണ്ടായ ആദ്യവേദനയിൽ നിന്നു യിർക്കൊണ്ട ദയ ആർദ്രമായ രണ്ടു ഹൃദയങ്ങളുടെ ഏകീഭാവത്തിലേക്കും അനുരാഗത്തിന്റെ അനിർവ്വചനീയമായ നിർവൃതിയിലേക്കും നയിച്ചത് സർപ്പ സാന്നിധ്യത്തിലാണെന്ന് *ഏദനിൽ നിന്നിൽ* കവി വ്യക്തമാക്കുന്നു. വേദന അനുരാഗത്തിന്റെ ഈറ്റില്ലമായ അവസ്ഥ ഏദൻ തോട്ടത്തിലെ അലൗകികാന ന്ദത്തിൽ ലഭ്യമല്ലാത്ത ഒന്നാണുതാനും. തന്റെ കൂടെ ഹവ്വയും വഴികാട്ടാൻ അവളുടെ തോഴനും ഉണ്ടെങ്കിൽ എന്തും സഹ്യമാണെന്ന ബോധമാണ് ആദ ത്തിനുള്ളത്.

അറിഞ്ഞേൻ വിശ്വജേതാവായ്
നിവർന്നേൻ, നിന്റെ കൈത്തലം
തളർന്നീടാത്ത കൈയാലേ
പേറിനേൻ ദൃഢനിശ്ചയൻ (ഏദനിൽ നിന്ന്)

പാപത്തിന്റെ മനോഹാരിത ഉടൽപൂണ്ടവനായി വിശേഷിപ്പിക്കപ്പെട്ട ഏദൻതോട്ടത്തിലെ സർപ്പത്തെ നന്മതിന്മകളെക്കുറിച്ചുള്ള അറിവ് ആദിപിതാക്കൾക്ക് നൽകിയവനായാണ് കവി ചിത്രീകരിക്കുന്നത്. ശിവന്റെ ആഭരണമായ സർപ്പങ്ങളും വിഷ്ണുവിന്റെ ശയ്യയായ അനന്തനും നാഗദേവതകളും നിറഞ്ഞ സാമൂഹികാവബോധമനസ്സുള്ള സുഗതകുമാരിക്ക് സർപ്പങ്ങളെ നിന്ദിക്കാനാവില്ല. പാമ്പിനു ദേവലോകത്തുനിന്ന് അറിവിന്റെ അഗ്നി അപഹരിച്ച പ്രൊമെത്യൂസിന്റെ ഛായയും കവി നൽകുന്നു. ആ രക്തസാക്ഷിത്വത്തിന്റെ ഭാവം ചതഞ്ഞ പത്തിയുമായി ഇഴഞ്ഞുനീങ്ങുന്ന ഹവ്വയുടെ തോഴനുണ്ട്. *വഴികാട്ടാൻ നിന്റെ തോഴനും* എന്ന പ്രയോഗം മിത്തിന്റെ അർത്ഥതലത്തെയാകെ മാറ്റിമറിക്കുന്നു.[14] പാമ്പ് ജീവിതപുരോഗതിയിലേക്കുള്ള മാർഗ്ഗദർശിയായി മാറുകയാണിവിടെ.

ആദിമസ്വർഗത്തിലെ ബഹിഷ്ക്കരണത്തിൽ നിന്നുണ്ടായ ഏകാന്തത, അരക്ഷിതാവസ്ഥ എന്നിവയെ പരസ്പരധാരണയാലും സ്നേഹത്താലും ഇല്ലാതാക്കി ഭാവിയിലേക്ക് കരുത്തോടെ നീങ്ങുന്ന ആദത്തിനോടും ഹവ്വയോടുമാണ് സുഗതകുമാരിക്ക് താൽപര്യം. സുഖദു:ഖങ്ങളിൽ പങ്കാളികളായി, ഭാരം ഒന്നിച്ചു ചുമന്ന്, സ്നേഹം പകുത്ത് മുന്നോട്ടുപോകുന്നതാവണം ദാമ്പത്യമെന്ന ചിന്ത സ്നേഹദർശനത്തിൽ വിശ്വസിക്കുന്നവളും ഭർത്താവിനൊപ്പം നിൽക്കുന്ന ഭാര്യയുമായി ഹവ്വയെ ചിത്രീകരിക്കാൻ കാരണമായി. മനുഷ്യന്റെ പതനം ചിത്രീകരിക്കുന്ന മിത്തിൽനിന്നും ഓമലാളുടെ കൈപിടിച്ച് വിശ്വജേതാവായി ഉയരുന്ന മനുഷ്യനിലേക്കുള്ള യാത്ര ചിത്രീക

രിക്കുക വഴി ദാമ്പത്യപ്രണയത്തിന്റെ ആർദ്രമധുരസങ്കീർത്തനമായി കവിത മാറുകയും ചെയ്യുന്നു.

സുഗതകുമാരിയുടെ കവിതകളിൽ കഥാപാത്രമായും കാവ്യബിംബ മായും ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന ആദിപ്രരൂപനായികയാണ് രാധ. പ്രണയത്തിന്റെ ശാശ്വതപ്രതീകമായി രാധാകൃഷ്ണസങ്കൽപ്പത്തെയാണ് കവി കാണുന്നത്. നാലാംഅധ്യായത്തിൽ സുഗതകുമാരിയുടെ എഴുത്തിൽ വരുന്ന രാധയുടെ പ്രണയാത്മകതലം പ്രതിപാദിച്ചിട്ടുണ്ട്.

പുരാവൃത്തങ്ങളിൽ നിന്നുള്ള സ്ത്രീരൂപങ്ങളെ വർത്തമാനകാലവു മായി ബന്ധപ്പെടുത്തി അവതരിപ്പിച്ച സുഗതകുമാരി അവഗണിക്കപ്പെട്ട സ്ത്രൈണാനുഭവങ്ങളുടെ പുനർനിർമ്മിതികളായി അവയെ മാറ്റി. ഭാരതീയ സ്ത്രീ അനുഭവിക്കുന്ന നോവുകൾ മിത്തിലൂടെ ആവിഷ്ക്കരിക്കുമ്പോഴും അഭിമാനം വീണ്ടെടുക്കുന്ന സ്ത്രീത്വത്തോടുള്ള താൽപര്യവും കവി വെളി വാക്കുന്നുണ്ട്. സ്ത്രീസ്വത്വത്തിന്റെ പുതിയ ഉണർവ്വുകളിലൂടെയേ അധീശ ത്വങ്ങളില്ലാത്തതും സമത്വബോധത്തിലൂന്നിയതുമായ സ്ത്രീപുരുഷബന്ധ ങ്ങൾ ഉണ്ടാവൂ എന്ന ധാരണയാണ് അരികിലേക്ക് മാറ്റപ്പെടുകയും അവഗ ണിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകാനുള്ള കാരണം. അവഗണിതവും പീഡിതവുമായ സ്ത്രൈണതയി ലുള്ള പ്രതിഷേധമാണ് മാതൃത്വത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളിലും കാണുക.

### 3.2 മാതൃത്വം

സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തം സമാനമാണെങ്കിലും വർഗസംര ക്ഷണത്തിനാവശ്യമായ ശാരീരികവും മാനസികവുമായ കരുത്ത് നേടാൻ മാതൃത്വാനുഭവങ്ങൾ സ്ത്രീയെ പ്രാപ്തമാക്കുന്നു. സ്നേഹവാത്സല്യഭാവ ങ്ങളും ത്യാഗമനോഭാവവും സംരക്ഷണഭാവവും ഉൾക്കൊള്ളുന്ന വിശാല

മായ വികാരപ്രപഞ്ചം സ്ത്രീക്ക് തുറന്നുകൊടുത്തത് മാതൃത്വാനുഭവങ്ങളാണ്. സ്ത്രീ വൈകാരികാനുഭവമായി കാണുന്ന ഈ മാതൃത്വം തന്നെയാണ് അവളുടെ ചലനങ്ങൾക്കും ചിന്തകൾക്കും വിലങ്ങിടുന്ന മാതൃത്വമെന്ന സ്ഥാപനമായി മാറ്റപ്പെടുന്നതും. മാതൃത്വത്തിന്റെ രണ്ടുരൂപങ്ങളെയും പരിശോധിക്കുന്ന അമേരിക്കൻകവിയും ഫെമിനിസ്റ്റുമായ എഡ്രിയൻ റിച്ച് (Adrienne Rich: 1929-2012) സ്ത്രീയുടെ സ്വച്ഛന്ദമായ മാതൃത്വാനുഭവങ്ങളെയും വൈകാരികാനുഭൂതിയെയും ഇല്ലാതാക്കാൻ പുരുഷാധിപത്യത്തിനാവില്ലെന്ന് ചൂണ്ടിക്കാട്ടുന്നു.[15] എഴുത്തുകാരിയുടെ ഉള്ളിലെ നന്മ നിറഞ്ഞ മാതാവിന്റെ സാന്നിധ്യം മുലപ്പാലിന്റെ വെളുത്തമഷികൊണ്ടുള്ള കരുത്താർന്ന എഴുത്തിലേക്ക് അവളെ നയിക്കുമെന്ന് ഫ്രഞ്ചുഫെമിനിസ്റ്റായ ഹെലൻ സിസുവും (Helen Cixous:1937) വിശ്വസിക്കുന്നു.[16] സ്ത്രീത്വത്തിന്റെയും സ്ത്രൈണതയുടെയും സത്താപരസൂചകമായി മാതൃത്വത്തെ ആവിഷ്ക്കരിക്കാനാണ് സുഗതകുമാരിയും ശ്രമിക്കുന്നത്. മാതൃത്വത്തെ വൈകാരികാനുഭവമായി ഉൾക്കൊള്ളുന്ന കവി മാതൃത്വത്തിന്റെ നിസ്സഹായതയും സ്നേഹശീതളിമയും ഒരുപോലെ വ്യക്തമാക്കുന്നു.

### 3.2.1 മാതൃത്വത്തിന്റെ നോവുകൾ

മാതൃത്വത്തിനുവേണ്ടി സ്വന്തം ജീവിതം അർപ്പിക്കുന്ന അമ്മയാണ് *കൊല്ലേണ്ടതെങ്ങനെ*യിലുള്ളത്. ജീവിക്കാനുള്ള ഇച്ഛാശക്തി പകർന്നു നൽകേണ്ട മകൾ മന്ദബുദ്ധിയായപ്പോൾ അവൾക്കുവേണ്ടി മാത്രം മുപ്പത്തിയേഴു വർഷം ജീവിച്ച അമ്മ കുട്ടികളെ വളർത്തേണ്ടത് സ്ത്രീയുടെ ചുമതലയാണെന്ന പൊതുബോധം പുലർത്തുന്ന പുരുഷാധിപത്യസമൂഹത്തിന്റെ ഇരയാണ്.

ഇമ്മട്ടിലുള്ള ദുരിതത്തിനെ വേണ്ടയെന്നും
കുന്നിച്ച ഭാരമിതു താങ്ങുക വയ്യയെന്നും

നിന്നച്ഛനന്നു മനമേറെ മടുത്തുമാറീ
നിന്നമ്മ തന്നൊഴിവിലന്യ വസിപ്പുപോലും

(കൊല്ലേണ്ടതെങ്ങനെ)

പുരുഷന് സന്തത്യുൽപ്പാദനം എന്ന കർമ്മത്തിനു ശേഷം ഒഴിഞ്ഞുമാറുകയോ ഉപേക്ഷിച്ചു പോവുകയോ ചെയ്യാമെങ്കിലും സ്ത്രീക്ക് അതിനു കഴിയില്ല. മാതൃത്വത്തിലൂടെ മനുഷ്യകുലത്തിന്റെ പുനരുൽപ്പാദനം മാത്രമല്ല നടക്കുന്നതെന്നും മാതൃത്വത്തിന്റെയും മാതാവാകുന്ന കർമ്മത്തിന്റെയും കൂടെ പുനരുൽപ്പാദനമാണ് നടക്കുന്നതെന്നും ഫെമിനിസ്റ്റ്ചിന്തകയായ നാൻസി ചോദറോവ് (Nancy Chodrow:1944) ചൂണ്ടിക്കാട്ടുന്നു.[17] മാതാവാകുന്ന കർമ്മം സ്ഥാപനവത്കരിക്കപ്പെടുന്ന മാതൃത്വാനുഭവങ്ങൾക്ക് ഇടയാക്കുന്നതെങ്ങനെയെന്ന് മനോവിശ്ലേഷണസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അവർ വിശകലനം ചെയ്തു. സങ്കീർണ്ണമായ അധികാരബന്ധങ്ങൾ നിലനിൽക്കുന്ന ഒരു വ്യവസ്ഥയ്ക്കകത്ത്, കുടുംബം എന്ന സ്ഥാപനത്തിന്റെ മാധ്യമത്തിലൂടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകധർമ്മങ്ങൾ നിറവേറ്റാൻ വ്യക്തികൾ മന:ശാസ്ത്രപരമായി സജ്ജീകരിക്കപ്പെടുന്നുവെന്നും അതിന്റെ ഫലമായിട്ടാണ് മാതൃധർമ്മങ്ങൾ നിറവേറാൻ സ്ത്രീകൾ സ്വമേധയാ തയ്യാറാവുന്നതെന്നുമാണ് ചോദറോവിന്റെ നിലപാട്.[18] ത്യാഗസന്നദ്ധത, സഹിഷ്ണുത, വാത്സല്യം തുടങ്ങിയ ഗുണങ്ങളുടെ ഏകപക്ഷീയമായ സമർപ്പണത്തിലേക്ക് സ്ത്രീയെ നയിക്കുന്ന വ്യവസ്ഥകളോടാണ് സുഗതകുമാരിയും വിയോജിക്കുന്നത്.

രക്തം മുലപ്പാലാകുന്ന നിമിഷം മുതൽ ഏറ്റവും വിലപ്പെട്ടതായി കുഞ്ഞിനെ കരുതുന്ന കവിതയിലെ അമ്മ മുജ്ജന്മപാപങ്ങളെയും വിധിയെയും പഴിച്ചുകൊണ്ടാണ് സകലവേദനകളും മൂകമായി സഹിക്കുന്നത്. ഗാർഹികമണ്ഡലത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുക്കപ്പെട്ട അമ്മയ്ക്ക് സാധാരണ അമ്മമാർ അനുഭവിക്കുന്ന സുഖങ്ങളൊന്നും ലഭിച്ചില്ലെങ്കിലും

തന്നെ മകൾ തിരിച്ചറിയുന്നു എന്നതിൽ ആശ്വാസം കൊള്ളുകയാണവർ. പ്രായത്തിന്റെ അവശതകൾ ശരീരത്തിനെയും മനസ്സിനെയും പിടിമുറുക്കുമ്പോൾ തനിക്കുശേഷം മകൾക്കാര് എന്ന ചോദ്യം ഉയർത്തുന്ന അമ്മ പെണ്ണിനെ ശരീരം മാത്രമായിക്കണ്ട് പിച്ചിച്ചീന്തുന്ന ആൺകോയ്മാസമൂഹത്തോടുള്ള ഭയമാണ് പ്രകടമാക്കുന്നത്. ചൂടുള്ള ഘോരനഖരങ്ങളിൽ നിന്നു രക്ഷപ്പെടാനുള്ള ശേഷി മകൾക്കില്ല എന്ന തിരിച്ചറിവ് ദയാവധത്തിനു പ്രേരണയാകുന്നു. അലഞ്ഞു തിരിഞ്ഞുനടന്നിരുന്ന പിച്ചക്കാരി കിറുക്കി നിറവയറോടെ ഇരിക്കുന്ന കാഴ്ചയുടെ ആധിയും ഇതോടൊപ്പം അവർ പങ്കുവെയ്ക്കുന്നു. *തന്നയൽവക്കത്തരവയർ നിറയാപ്പെണ്ണിന്/പെരുവയർ നൽകും മർത്ത്യനു സ്തുതി പാടുന്ന* കാലത്തെ അയ്യപ്പപ്പണിക്കർ *കുടുംബപുരാണത്തിൽ* ചിത്രീകരിക്കുന്നുണ്ട്.[19] അതേ കാലത്തോടുള്ള ഭയമാണ് മകളെ കൊല്ലേണ്ടതെങ്ങനെ എന്ന ചോദ്യത്തിലേക്ക് അമ്മയെ നയിക്കുന്നതും. *വല്ലാതെ നോവരുത്, വേവരുതെന്നുമാത്രം/എല്ലാംമറക്കുമൊരുറക്കം ഇവൾക്കെനിക്കും* എന്ന് ശാശ്വതമോചനത്തെപ്പറ്റി ചിന്തിക്കുമ്പോഴും വേദനക്കടലിന്നപ്പുറത്തെത്തുമ്പോഴെങ്കിലും അവൾ അമ്മയെന്നു വിളിക്കുമെന്ന പ്രത്യാശയും അമ്മ പുലർത്തുന്നു. സഹനത്തിനു മാത്രം വിധിക്കപ്പെടുന്ന സ്ത്രീയുടെ നിസ്സഹായതയാണ് അമ്മയുടെ ഭാവങ്ങളിലും ചിന്തകളിലും കാണാനാവുക.

പുരുഷാധിപത്യപരമായ നീതിയുടെ പീഡനമേറ്റു മടുത്തവളാണ് *പെൺകുഞ്ഞ്-90* ലെ അമ്മയും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പിടിച്ചടക്കൽശീലമാക്കിയ പുരുഷന് കടന്നുകയറ്റത്തിനുള്ള മറ്റൊരുപാധി മാത്രമാണ് സ്ത്രീ എന്നു സ്വജീവിതാനുഭവങ്ങളിലൂടെ അറിഞ്ഞ അവർ മകൾക്ക് ആ ഗതി വരാതിരിക്കാനായി അവളെ ഉപേക്ഷിക്കുന്നു.

പെണ്ണാണ് കൊന്നൊഴിച്ചീടാൻ
കഴിഞ്ഞീല, പൊറുക്കുക

നിൻമടിത്തട്ടിൽ ജീവിക്കാൻ

ഇവൾക്കുമിടമേകുക (പെൺകുഞ്ഞ്-90)

എന്ന് ഭൂമിദേവിയോട് പറയുന്ന അമ്മയുടെ ഭയാശങ്കകളിലൂടെ സമകാലീന സമൂഹത്തിൽ സ്ത്രീത്വം നേരിടുന്ന ദുരിതങ്ങളാണ് പ്രകടമാകുന്നത്.

അശാന്തിയുടെയും അനാഥത്വത്തിന്റെയും അരക്ഷിതത്വത്തിന്റെയും ലോകമാണ് ചുറ്റിലുമുള്ളത് എന്നറിയുന്ന അമ്മയ്ക്ക് ആധികളേറെയാണ്. ഇവൾ ഏതെങ്കിലും വിടിന്റെ ഓമനപുത്രിയാവുമോ? പ്രേമമെന്തെന്നറിയുമോ? ചോന്നതെരുവിൽ പിഴിഞ്ഞൂറ്റി കുടിക്കുമോ? ഇവളാകുന്ന ചണ്ടി നഗരക്കാനയിൽ ചീർത്തുപൊന്തുമോ? എന്നിങ്ങനെ പെണ്ണിനു നേരിടുന്ന ദുര്യോഗങ്ങൾ എണ്ണിപ്പറയുന്ന അവർ പെണ്ണിന്നുടയോൻ ദു:ഖമാണ് എന്ന ചിന്തയും പുലർത്തുന്നു.

കുഞ്ഞിന്റെ പുഞ്ചിരിക്കുന്ന മുഖം പ്രത്യാശാനിഷ്ഠമായ വിചാരങ്ങളിലേക്ക് അമ്മയെ നയിക്കുന്നു. ഇവൾക്ക് രക്ഷകൻ വരുമെന്നും ഇവളെ ആരും പൊള്ളിക്കില്ലെന്നും ഇവൾക്ക് കാടേറേണ്ടിവരില്ലെന്നും ചിന്തിക്കുന്ന അമ്മ ഇച്ഛാശക്തിയുടെയും സ്ത്രൈണകാമനയുടെയും വ്യക്തിബോധത്തിന്റെയും കരുത്തുള്ള മകളെയാണ് കൊതിക്കുന്നത്. പുരുഷാധിപത്യത്തിന്റെ ക്രൗര്യങ്ങൾക്കെതിരെ പടപൊരുതുന്ന സ്ത്രീത്വത്തിന്റെ കരുത്താർന്ന കൈകളെക്കുറിച്ചുള്ള ആഗ്രഹം പിഴച്ചുപെറ്റ കുഞ്ഞിനെ ഉപേക്ഷിച്ചുകൊണ്ടുള്ള പോക്കിൽ ദുഷ്ചിന്തയുടെ ഇരുളിനൊപ്പം പ്രതീക്ഷയുടെ നിലാവും പടരാൻ കാരണമാവുന്നു. കരയാതിരിക്കാൻ വായ്പൊത്തിപ്പിടിച്ച്, കണ്ണീരിനെ ഉൾവലിച്ച്, നിറഞ്ഞമാറിലെ പാലൊലിക്കാതിരിക്കാൻ ഒപ്പിക്കൊണ്ട്, മുറിഞ്ഞ മാറിലെ ചോരവീഴാതെ, തിരിഞ്ഞുനോക്കാതോടിപ്പോകുന്ന അമ്മ സമൂഹത്താലവമതിക്കപ്പെടുന്ന മാതൃത്വത്തിന്റെ തീരാവേദനയുടെ പ്രതീകമായി മാറുന്നു. പുരുഷാധികാരവ്യവസ്ഥയുടെ സദാചാരധാർമ്മികസംഹിതകളാൽ ഞെരുക്കപ്പെടുന്ന സ്ത്രീഭാവമാണ് ഇവിടെ പ്രകടമാകുന്നത്.

### 3.2.2 ത്യാഗമയിയായ അമ്മ

മാതൃത്വത്തിനുവേണ്ടി സ്വജീവിതം അർപ്പിച്ച് അതിൽ നിർവൃതി കൊള്ളുന്ന അമ്മയെയാണ് *ദില്ലിയിലെ ഒരമ്മ* എന്ന ലേഖനത്തിലും (2010:b) *ഒരമ്മ* എന്ന കവിതയിലും[20] കാണുക. ഇരുപത്തിയഞ്ചു വയസ്സായ മകന്റെ കൂറ്റൻ ശിരസ്സ് മടിയിൽവച്ച്, പിളർന്ന വായിലേക്ക് പാലൊഴിച്ചു കൊടുക്കുന്ന അമ്മയെ നിറകണ്ണുകളോടെ നോക്കുന്ന സുഗതകുമാരി പകരം വയ്ക്കലുക ളില്ലാത്ത സ്നേഹത്തിന്റെ മാധുര്യമാണ് ദർശിക്കുന്നത്.

താടിമീശകൾ വളർന്നാർത്തു
വായ്പിളർക്കുമീ
രൂപത്തെത്താലോലിച്ചു

താലോലിച്ചിരിക്കുന്ന പെണ്മയുടെ മാതൃഭാവത്തെ മൂർത്തീകരിച്ച അവരെ മനസാ നമസ്കരിക്കുകയാണ് കവി.

*ജന്മങ്ങളുടെ തപസ്സിദ്ധിയുള്ള ഒരു യോഗിനിക്കല്ലാതെ ഇത്ര പ്രസന്ന മായി ഈ വാക്കുകൾ ഉച്ചരിക്കാൻ കഴിയുമോ? ഇത്തവണ ഈ രൂപത്തി ലാണ് കണ്ണൻ എന്റെ മടിയിൽ വന്നിരിക്കുന്നതെന്ന് ദില്ലിയിലെ ഒരമ്മ*യിൽ അഭിപ്രായപ്പെടുന്ന സുഗതകുമാരി സ്നേഹത്തോടൊപ്പം ത്യാഗവും കാരു ണ്യവും ചേർന്ന മാതൃഭാവത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. യാതനകളെയും പ്രയാസങ്ങളെയും നിർവൃതിയാക്കാനും സ്നേഹത്തിന്റെ ജീവനധാര പക രാനും ശ്രമിക്കുന്ന മാതൃത്വാനുഭവങ്ങളിലും സ്ത്രീയുടെ വൈകാരികതയെ മുതലെടുക്കുന്ന പുരുഷാധിപത്യമനോഭാവം പ്രകടമാണ്.

### 3.2.3 അടിച്ചേൽപ്പിക്കപ്പെട്ട മാതൃത്വം

ബാല്യകൗതുകത്തോടൊപ്പം മാതൃത്വവും പേറേണ്ടിവരുന്ന നിസ്സഹായമായ സ്ത്രീത്വത്തിന്റെ ചിത്രീകരണമാണ് *ഒറ്റവള* എന്ന കവിത.

കയ്യിലെ ഒറ്റവളയിൽ നോക്കി, മങ്ങിവിളറിയ മറ്റേക്കൈ വളയില്ലാതെ വിഷമി ക്കുമോ എന്ന ആധിയാൽ വളമാറ്റിയിടുന്ന പെൺകുട്ടിയിൽ ബാല്യത്തിന്റെ നിഷ്കളങ്കഭാവമേ കാണാനാവൂ. എന്നാൽ കുട്ടിയും വളയും പറയുന്നത് ഏതോ നഷ്ടബന്ധത്തിന്റെ സൂചനകളാണെന്നാണ് കവിയുടെ കണ്ടെത്തൽ.

അപ്പുറത്തൊരു തുണി
ക്കെട്ടൊന്നു ചരിക്കുന്നു
കൊച്ചൊരു മുഖംപൊങ്ങി
വരുന്നൂ വിശപ്പോടെ (ഒറ്റവള)

മനോരാജ്യം വിട്ട ബാലിക കുഞ്ഞിനെ മാറോടുചേർക്കുന്നതു കാണുമ്പോൾ അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരികബന്ധത്തെക്കുറിച്ചുള്ള ചിന്തക ളെല്ലാം അപ്രസക്തമാവുന്നു. മാതൃത്വത്തിന്റെ അർത്ഥവും ആഴവും ഉൾക്കൊ ള്ളാനാവാതെ വിഷമിക്കുന്ന പെൺകുട്ടി, കുട്ടികളെപ്പോലും വെറുതെവി ടാത്ത പുരുഷാധിപത്യലോകത്തിന്റെ കാമാന്ധതയുടെ പ്രതീകമായി മാറു കയും ചെയ്യുന്നു.

രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും വർഗീയതയുടെയും പേരിൽ സംഘർഷമുണ്ടാകുമ്പോഴും അക്രമിക്കപ്പെടുന്നത് പെൺശരീരം തന്നെ എന്നു തെളിയിക്കുന്ന കവിതയാണ് *ചുടുന്ന നെഞ്ഞുമായ്.* മുണ്ഡനം ചെയ്ത തലയും നീറും സംഭ്രാന്തനോട്ടവും ഉള്ള ദുർബലയും ഗർഭിണിയു മായ ഭ്രാന്തി കാത്തിരിക്കുന്ന കൊച്ചുമകനടുത്തെത്താനായി വീട്ടിലേക്കു വഴി ചോദിക്കുന്നതാണ് കവിതയിലെ പ്രതിപാദ്യം. ഭൂകമ്പം കുലുക്കിയെറിഞ്ഞ ഗുജറാത്തിൽ നിന്നും വന്ന അവൾ വർഗീയലഹളയുടെ ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണെന്ന് സുഗതകുമാരി വ്യക്തമാക്കുന്നു.

ഇവന്റെയമ്മ, യാൾക്കൂട്ടം
കാർന്നുതുപ്പിയെറിഞ്ഞവൾ

അരുതരുതേ യെന്നു
ചത്തിട്ടും വിളികൂട്ടിയോൾ (ചുടുന്ന നെഞ്ചുമായ്)

ദു:ഖങ്ങൾക്കറുതി കാണാതെ ഉഴലുന്ന അവൾക്ക് അടിച്ചേൽപ്പിക്കപ്പെട്ട മാതൃത്വത്തെ തിരിച്ചറിയാൻ പോലും കഴിയുന്നില്ല. നാട്ടിലേക്കുള്ള തിരിച്ചുപോകലാവട്ടെഅസാധ്യവും.*ഗുജറാത്തെന്നു പേരുള്ളോൾ/ഗാന്ധിയെ പെറ്റുപോറ്റിയോൾ* അവളുടെ മാറിലേക്കെത്താൻ വഴിയില്ലെന്നു സൂചിപ്പിക്കുന്ന സുഗതകുമാരി ജന്മഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അഹോരാത്രം പ്രയത്നിച്ച ഗാന്ധിജിയുടെ നാട്ടുകാരിക്ക് നേരിട്ട ദുര്യോഗത്തിൽ അതീവദു:ഖിതയാണ്. ഈ നൂറ്റാണ്ടിന്റെ പാപഭാരത്തിൽ തനിക്കും പങ്കുണ്ടെന്ന സത്യം വേദനക്കിടയിലും തിരിച്ചറിയുന്ന കവി ആത്മനിന്ദയുടെ ആഴക്കയങ്ങളിൽ എത്തിച്ചേരുന്നു. ബംഗാളിൽ നിന്നുവന്ന നീൾമിഴിക്കോണിൽ തപ്തവേദനയുറങ്ങുന്ന അഭയാർത്ഥിനിയുടെ കയ്യിൽ നാണയം വച്ചുകൊടുത്തുള്ള പിന്മാറ്റത്തിലും ഇതേ ആത്മനിന്ദതന്നെയാണ് കവി അനുഭവിക്കുന്നതെന്ന് *അഭയാർത്ഥിനി* തെളിയിക്കുന്നു.

തോളിലെ മാറാപ്പിലൂ
ടല്ലലാൽ, പശിയാലും
ചൂളി നോക്കുന്നുണ്ടൊരു
പൈതലിൻ മുഖംമാത്രം

കണ്ട കവി അരിയും പഴകിയ സാരിയുമെന്ന അവളുടെ ആവശ്യം നിരാകരിച്ച തന്റെ പെരുമാറ്റത്തിൽ പശ്ചാത്തപിക്കുന്നുമുണ്ട്.

മാനവികമായ ഉത്തരവാദിത്വബോധമില്ലായ്മയിൽ നിന്നാണ് ജാതിമത വർഗീയതകളുടെ സങ്കുചിതഭാവവും രാഷ്ട്രീയകൊലപാതകങ്ങളും ഉണ്ടാവുന്നതെന്ന് അഭിപ്രായപ്പെടുന്ന സുഗതകുമാരി കേരളത്തിലെ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ രാഷ്ട്രീയപകപോക്കലിന് എതിരെ പ്രതികരിക്കുന്ന കവി

തയാണ് *തലശ്ശേരികൾ. ചോരയിൽ കിടപ്പോനേ മകനെന്നല്ലോ നിന്റെ പേര്* എന്നു പറയുന്ന കവി അവൻ മാർക്സിസ്റ്റുകാരനോ ബി.ജെ.പി.ക്കാരനോ എന്നന്വേഷിക്കേണ്ട കാര്യമില്ലെന്നു കൂട്ടിച്ചേർക്കുന്നു. കേരളത്തിലെ അമ്മ മാർക്ക് മകനാണ് മരിക്കുന്നത്.

ഏതൊരമ്മ തന്നുയിർ
പിളർക്കും വിളിയാണീ
ലോകങ്ങൾ നടുങ്ങുമാ-
റുലച്ചു പിടയുന്നു (തലശ്ശേരി)

തലകൾ ചൊരിയുന്ന, തലകളെ ചൊരിയുന്ന തലച്ചേരികളെ ഈ നാട്ടിലെ ഒരമ്മയ്ക്കും താങ്ങാനാവുകയില്ല. താങ്ങാനാവാത്ത ആ കദനം ഇന്നാട്ടിലെ പെറ്റമ്മമാരുടെ പ്രതിനിധിയായി സുഗതകുമാരി അറിയിക്കുന്നു. പക്ഷെ അന്ധവും ബധിരവുമായ രാഷ്ട്രീയപൈശാചികത ആ പെരുംനില കാണു കയോ കേൾക്കുകയോ ചെയ്യുന്നില്ല. അതിനാൽ രാഷ്ട്രീയത്തേയും ജനാധി പത്യത്തെയും നോക്കി അമ്മമാർക്ക് മതിയെന്നു പറയേണ്ടിവരുന്നു.[21]

രാഷ്ട്രീയാതീതമായി ചിന്തിക്കാനും ദുഷ്പ്രവണതകൾക്കെതിരെ ഒറ്റ ക്കെട്ടായി നിൽക്കാനും യുവതലമുറ ശ്രദ്ധിക്കാത്തിടത്തോളം അമ്മമാരുടെ നോവ് കൂടിക്കൊണ്ടിരിക്കുമെന്ന് *ബീഹാർ* എന്ന കവിതയും വ്യക്തമാ ക്കുന്നു.

തെല്ലൊന്നു കുനിഞ്ഞമ്മ
പോയവേയോർക്കുന്നുണ്ടാം
നല്ല മക്കളെ പെറ്റ
വയറേ തണുക്കുള്ളൂ

മക്കൾ തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും പോരടിക്കു ന്നതും എന്തിനെന്നറിയാത്ത അമ്മയെയാണ് *പഞ്ചാബിലും* കാണുക. മരു

ന്നുവാങ്ങാൻ പോയ മകൻ വെടിയേറ്റു വീണതും, സ്കൂളിൽ പോകുമവന്റെയിളയവനും റേഷൻ ക്യൂവിൽ നിൽക്കുന്ന അനുജത്തിയും വീണുപോയതും കരയാതെ പുകയും കണ്ണോടെ അവന്റെയേട്ടൻ തോക്കും നിറച്ചിറങ്ങിപ്പോയതും  എന്തിനെന്ന് ഉൽക്കണ്ഠപ്പെടുന്ന അമ്മ മക്കൾക്കാർക്ക് അപകടം പറ്റിയാലും നോവുന്ന മാതൃത്വത്തിന്റെ പ്രതീകം തന്നെ.

### 3.2.4 മക്കളെക്കുറിച്ചുള്ള ഉത്കണ്ഠ

മക്കൾ എപ്പോഴും അടുത്തുവേണമെന്നാഗ്രഹിക്കുന്ന അമ്മമാർ ജീവിതവഴിത്തിരിവുകളിലേക്കിറങ്ങുന്ന മക്കളുടെ ഓരോ കാൽവയ്പിലും പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് ഏറെ വേവലാതിപ്പെടുന്നു. സ്കൂളിൽ പോകുന്ന മക്കളെ ആധിയോടെ കാത്തിരിക്കുന്ന അമ്മമാരെയാണ് *ഇതിലും വലിയതാണെന്റെ പൊന്നോമന* എന്ന ലേഖനത്തിൽ (2010:c) സുഗതകുമാരി ചിത്രീകരിക്കുന്നത്.  മകന്റെ വളർച്ചാഘട്ടങ്ങളെ കണ്ണിമയ്ക്കാതെ നോക്കി നിൽക്കുന്ന അമ്മയ്ക്ക് രാഷ്ട്രീയം തലയ്ക്കു പിടിച്ച മകൻ തന്നിൽ നിന്നകലുന്നത് വേദനയോടെ കണ്ടുനിൽക്കാനേ ആവുന്നുള്ളൂ. പാർട്ടിക്ക് ഒരു രക്തസാക്ഷികൂടി പിറക്കുമ്പോൾ നഷ്ടം തനിക്കുമാത്രമാണെന്ന് അറിയുന്നെങ്കിലും മറ്റൊരമ്മയുടെ മകൻ പ്രതിയായി ഇരുമ്പഴിക്കുള്ളിലാവുന്നതിനോട് അമ്മക്ക് യോജിപ്പില്ല.  വെറുപ്പിന്റെ തത്വശാസ്ത്രത്തിൽ നിന്നു തങ്ങളുടെ മക്കളെയെങ്കിലും മോചിപ്പിക്കണമെന്നതാണ് അവരുടെ ആവശ്യം. *തോളിൽ കൈയിട്ടു നടക്കുന്ന കൂട്ടുകാരനെ വർഗശത്രുവായെണ്ണാൻ പരിശീലിപ്പിക്കാതിരിക്കുക. അവർ അക്ഷരങ്ങളെങ്കിലും മുഴുവൻ പഠിച്ചോട്ടെ. അവരെക്കൊണ്ട് കല്ലും കത്തിയുമെടുപ്പിക്കാതിരിക്കുക* എന്നുപറയുന്ന അമ്മ രാഷ്ട്രീയമാകുന്ന കരിംപൂതത്തിനു തന്റെ കണ്ണു സമർപ്പിച്ചെങ്കിലും കുഞ്ഞിനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു.

രാഷ്ട്രീയം മാത്രമല്ല മദ്യം, മയക്കുമരുന്ന് എന്നിവ നൽകി കുട്ടികളെ വിലവീശിപ്പിടിക്കുന്ന വൻറാക്കറ്റുകളും സജീവമാണ്.  *കാണാതായവർ* എന്ന

കവിതയും *നമ്മുടെ കുട്ടികൾ അപകടത്തിൽ* എന്ന ലേഖനവും (2010:c) അപ്രത്യക്ഷരായ മക്കളെക്കുറിച്ചുള്ള അമ്മമാരുടെ ആധിയുടെ പ്രകടരൂപ ങ്ങളാണ്.

ചന്ദ്രനെവിടെ? മരിക്കില്ലേ നന്ന്? തൻ
കൺകൾ പൊടിഞ്ഞോ? മുറിഞ്ഞുവോ കാലുകൾ
ഉത്സവമുറ്റത്തിഴഞ്ഞു വന്നെത്തിയാ
ക്കൊച്ചു കൈനീട്ടിയിരന്നതാപ്പൈതലോ (കാണാതായവർ)

സിനിമാപരസ്യത്തിന്റെ ലാഘവത്തോടെ പത്രത്തിലും ടി.വി.യിലും പ്രത്യക്ഷപ്പെടുന്ന കാണ്മാനില്ലെന്ന അറിയിപ്പിലും കണ്ണുപൊട്ടിയും കാലൊ ടിഞ്ഞും വ്രണങ്ങൾ പഴുത്തൊലിച്ചും മുന്നിൽവന്ന് തകരം നീട്ടിപ്പാടുന്ന കുട്ടികളിലും കാണാതായ മക്കളുടെ പ്രതിരൂപം ദർശിക്കുന്ന അമ്മമാരെ യാണ് *മക്കളെക്കാണാതായിക്കൂടാ* എന്ന ലേഖനത്തിലും (2010:c) സുഗതകു മാരി ആവിഷ്കരിക്കുന്നത്.

കുട്ടികളെ വഴിതെറ്റിക്കുന്ന മദ്യമയക്കുമരുന്നുലോബികൾക്കെതിരെ പോരാടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് സുഗതകുമാരിയുടെ അഭിപ്രായം. അമ്മ മകന് എഴുതുന്ന കത്തിന്റെ രൂപത്തിൽ ഭാവിതലമുറയെ ഇഞ്ചിഞ്ചായി കൊല്ലുന്ന ലഹരിപദാർത്ഥങ്ങളെപ്പറ്റി സൂചിപ്പിക്കുന്ന ലേഖന മാണ് *സ്നേഹപൂർവ്വം അമ്മ* (2010:b). മയക്കുമരുന്നിനായി സെല്ലിൽ തലയി ട്ടടിക്കുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിയിലൂടെ പൊതുസമൂഹം ഒരുക്കുന്ന ചതിക്കുഴിയുടെ ആഴം വ്യക്തമാക്കുന്ന അമ്മ അധിനിവേശസൃഷ്ടിയായ മാഫിയകളിൽ നിന്നും നൂറുശതമാനം വിജയത്തിനായി തോൽപ്പിച്ച് ആത്മ വിശ്വാസം കെടുത്തുന്ന സ്കൂളധികൃതരിൽ നിന്നും ആണധികാരത്തിന്റെ നിഷ്ഠൂരകച്ചവടത്തിൽനിന്നും വിപണിവത്ക്കരിക്കപ്പെടുന്ന ശരീരാവസ്ഥ യിൽ നിന്നും മക്കളെ മോചിപ്പിക്കാനാണ് ശ്രമിക്കുന്നത്.

### 3.2.5 സാഹോദര്യത്തിന്റെ പ്രാധാന്യം

ബാല്യത്തിന്റെ നിഷ്കളങ്കതയെ തിരിച്ചറിയാനോ, സ്ത്രീയുടെ മാനം കാക്കാനോ, അമ്മമാരുടെ കണ്ണീരൊപ്പാനോ കഴിയാത്ത വർത്തമാനകാലത്തിന്റെ പോക്കിലുള്ള വേദന പ്രകടിപ്പിക്കുന്ന സുഗതകുമാരി ശിഥിലമായ ബന്ധങ്ങളാണ് അതിനു കാരണം എന്നു വിശ്വസിക്കുന്നു. *ആങ്ങളമാർ കുറ്റിയറ്റുവോ* എന്ന ലേഖനത്തിൽ (2010:c) ആങ്ങള എന്ന വാക്കിനുണ്ടായിരുന്ന പ്രാധാന്യവും ഇന്നത്തെ സമൂഹത്തിൽ അതിനു കൈവന്ന മൂല്യച്യുതിയുമാണ് പ്രതിപാദ്യം.

*നാട്ടിൻപുറത്തെ ഒരു പെണ്ണിനോട് ഏതെങ്കിലുമൊരു തെമ്മാടി അനാവശ്യമായി ഒരുവാക്കു പറഞ്ഞുവെങ്കിൽ അപ്പോൾ അവന്റെ ചെകിടത്ത് അടി വീഴുമായിരുന്നു. പെൺകുട്ടികളുടെ മാനംകാക്കൽ തങ്ങളുടെ ചുമതലയാണെന്ന് നാട്ടിലെ ചെറുപ്പക്കാർ കരുതിയിരുന്നു. അവർ ആങ്ങളമാരായിരുന്നു* എന്നുപറയുന്നതിലൂടെ യാന്ത്രികമായ സമൂഹത്തിനു കൈമോശം വന്ന സാഹോദര്യത്തിലുള്ള ദു:ഖമാണ് പ്രകടമാവുന്നത്.

നവലോകത്തിന്റെ കേരളീയപരിസരങ്ങൾ ഒരുക്കുന്ന ലിംഗപരവും ജാതീയവും വർഗപരവുമായ സംഘർഷങ്ങൾ ചിത്രീകരിക്കുന്ന സുഗതകുമാരി ഒരുമയുടെ തത്വശാസ്ത്രമാണ് മുറുകെപ്പിടിക്കുന്നത്. സർവ്വമത സാഹോദര്യത്തിന് പ്രധാന്യം നൽകുന്ന ഇത്തരമൊരു ചിന്താഗതിയാണ് ഉപവിയിലെ സിസ്റ്റർമാരെ ആക്രമിച്ച സംഭവത്തിലുള്ള പ്രതിഷേധമായി മാറിയതും. ദാഹിക്കുന്നവന് വെള്ളവും വിശക്കുന്നവന് ഭക്ഷണവും രോഗികൾക്ക് മരുന്നും നൽകി കാരുണ്യത്തിന്റെ സാന്ത്വനസ്പർശമായി മാറിയ ഉപവിസിസ്റ്റർമാരുടെ ദേഹത്ത് മതത്തിന്റെ പേരിൽവീണ ചോരക്കറകളെ യാതൊരു വിധത്തിലും ന്യായീകരിക്കാനാവില്ലെന്ന് *മാറാകളങ്കം* എന്ന ലേഖനത്തിൽ (2010:c) അവർ വ്യക്തമാക്കി.

വർഗീയതയുടെ പേരിലുള്ള പോരാട്ടം നടന്നുകൊണ്ടിരിക്കെ മനുഷ്യർ കാണിക്കുന്ന സാഹോദര്യഭാവത്തിലുള്ള ആശ്വാസമാണ് *രക്തത്തിന്റെ നിറം* എന്ന ലേഖനം (2010:b). ഹിന്ദുവിനെ പ്രേമിച്ചതിന്റെ പേരിൽ വീട്ടുകാരുടെ തല്ലേറ്റ് അവശയായി അഭയയുടെ വനിതാകേന്ദ്രമായ അത്താണിയിൽ എത്തിയ ഗർഭിണിയായ മുസ്ലിംസ്ത്രീക്ക് രക്തം നൽകിയത് ക്രിസ്ത്യൻ പുരോഹിതനും സംരക്ഷിച്ചത് ഹിന്ദുക്കളുമാണെന്ന് ചൂണ്ടിക്കാട്ടിയ സുഗത കുമാരി സർവ്വമതസഹോദര്യമാണ് ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ വെടിവെച്ചു കൊല്ലപ്പെട്ട ഗാന്ധിജി മനംനൊന്ത് പഠിപ്പിക്കാൻ ശ്രമിച്ച എളിമയുടെ തത്വശാസ്ത്രം ഉൾക്കൊള്ളുന്ന സാഹോദര്യപാഠം മക്കൾ ഉൾക്കൊള്ളണമെന്നാണ് അമ്മമാരുടെയും ആഗ്രഹം.

### 3.2.6 മക്കളെ കാത്തിരിക്കുന്ന അമ്മ

ലോകത്തിലെ ഏതു തിന്മയെയും നന്മയുടെ പക്ഷത്താക്കാനും ഏതുൾച്ചൂടിനെയും തണുപ്പിക്കാനും കഴിയുന്ന അമ്മ മക്കളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും നിറഞ്ഞു നിൽക്കുന്ന സ്നേഹസാന്നിധ്യമാണെന്ന് തെളിയിക്കുന്ന കവിതയാണ് *അമ്മയുണ്ട്.* എത്രയൊക്കെ വളർന്നാലും ഏതൊക്കെ അപകടത്തിൽപ്പെട്ടാലും കാത്തിരിക്കാൻ അമ്മയുണ്ടെന്ന വിശ്വാസമാണ് മക്കൾക്കുള്ള ഒരേയൊരു പിടിവള്ളി. അത് പൊട്ടിയാൽ വീഴ്ച ആഴക്കയത്തിലേക്കാവും. ഭ്രാന്താശുപത്രി ചികിത്സ കഴിഞ്ഞിറങ്ങിയ അൻപതു വയസ്സുകാരനായ തമിഴ്നാട്ടുകാരൻ കണ്ണന്റെ ആശ്വാസം തന്നെ പ്രതീക്ഷിച്ചിരിക്കുന്ന അമ്മയാണ്. ഭ്രാന്താശുപത്രിയിൽ കഴിഞ്ഞ വർഷങ്ങളുടെ കണക്കുനോക്കി അമ്മ ജീവിച്ചിരിപ്പുണ്ടാവുമോ എന്നൊന്നും ചിന്തിക്കാതെ കാത്തിരിക്കുന്ന അമ്മയെ ആഗ്രഹിക്കുന്ന അയാൾ മാതൃസാന്ത്വനം കൊതിക്കുന്ന മക്കളുടെ പ്രതിരൂപം തന്നെ. ചൂടാറാത്ത ചോറും കറിയുമായി കാത്തിരിക്കുന്ന അമ്മയിൽ സ്നേഹത്തിന്റെ വിശുദ്ധഭാവമാണ് മക്കൾ ദർശിക്കുന്നതും.

മണ്ണെണ്ണയിൽ കരിഞ്ഞ ദേഹവുമായി വന്ന പൊന്നമ്മയും മുണ്ഡനം ചെയ്ത തലയും കൺകളിൽ അന്ധതയുമുള്ള മേരിയും ഭ്രാന്തിന്റെ നിഴലുകൾക്കപ്പുറമുള്ള നിത്യമായ സ്നേഹബോധത്തോടെയുള്ള പെണ്ണമ്മയും വൃദ്ധനായ കുമാരുവും കാമുകിയെ കൊന്ന് ജീവപര്യന്തം ശിക്ഷ കഴിഞ്ഞ കാസിമും നിർത്താതെ കൊന്തപിടിച്ചു ജപിക്കുന്ന വർക്കിയും പൊട്ടനായ പോറ്റിയുമെല്ലാം മാതൃത്വത്തിന്റെ സുരക്ഷിതത്വം ആഗ്രഹിക്കുന്നവരാണ്.

. . .അമ്മയുണ്ട്

അമ്മയുണ്ടമ്മയുണ്ടൊന്നിലും കൈവിടാ-

ത്തെന്നും മരിക്കാത്തൊരമ്മയുണ്ട് (അമ്മയുണ്ട്)

ജീവിതാനുഭവങ്ങളുടെ കൂർത്തുമൂർത്ത മുൾക്കാടുകൾ താണ്ടാൻ മക്കൾക്ക് ശക്തിപകരുന്ന അമ്മയെയാണ് *മുൾക്കാടുകളിൽ* കാണാനാവുക.

അകലത്താ വഴിവക്കിലിരുട്ടിൻ

വിരലുകളിളകും പടിയൊന്നിൽ

പകച്ച കണ്ണുകൾ പാതയിലൂന്നി

തനിച്ചു നില്പാണൊരു രൂപം

നീണ്ടൊരു തേങ്ങലോടോടിയണഞ്ഞാ

നീട്ടിയ കൈകളിൽ വീണു ഞാൻ

ജീവിതയാഥാർത്ഥ്യങ്ങളിൽ പതറിപ്പോകുമ്പോൾ, നിഷ്ഫലചിന്തകൾ മനസ്സിൽ കടന്നുകയറുമ്പോൾ ആശ്വാസത്തിന്റെ തെളിനീരായി വരുന്ന മുഖം അമ്മയുടേതു മാത്രമാണെന്ന് *എല്ലാം വെറുതെ* യും വ്യക്തമാക്കുന്നു. സത്യമിതു മാത്രമല്ലയോ?/മറ്റൊക്കെയെത്ര വെറുതേ വെറുതേ എന്ന വരികൾ അതിനു തെളിവാണ്.

ഉമ്മറത്തിണ്ണയിൽ പൊൻവിളക്കിനു മുന്നിൽ കാത്തിരിക്കുന്ന അമ്മ ഗൃഹാതുരത്വത്തിന്റെ നനവുള്ള ഓർമ്മ കൂടിയാണ്. അശാന്തിയുടെയും

ശത്രുതയുടെയും വൈരാഗ്യത്തിന്റെയും തിളയ്ക്കുന്ന ഭൂമിയെ നനയ്ക്കുന്ന വാത്സല്യക്കടലും അമ്മ തന്നെയെന്ന് *കടലു കാണാൻപോയവരിൽ* കവി ഓർമ്മിപ്പിക്കുന്നു. കരുണാർദ്രമായ മാതൃഹൃദയത്തിനേ അന്ധരായ കുഞ്ഞുങ്ങളെ കടലുകാണിക്കാൻ കൊണ്ടുപോകാനാവൂ. കടലിന്റെ അപാരതയോ നീലിമയോ ആസ്വദിക്കാനാവാതെ പകച്ചുനിന്ന കുഞ്ഞുങ്ങൾക്ക് കടലനുഭവം പകർന്നു നൽകിയത് അമ്മയാണ്. ഇരുളുപോലെ കടലും ഇടയ്ക്കിടെ മിന്നിത്തെളിയുന്ന വെളിച്ചം പോലുള്ള തിരകളും ആഹ്ലാദത്തോടെ സ്വീകരിച്ച അവർ ഇരമ്പം കടലിന്റെ നാദമായും കടൽക്കാറ്റ് ഒരായിരം കാറ്റായും അറിയുന്നു.

അമ്മയിൽ നിന്നു സ്നേഹവും സംതൃപ്തിയും കിട്ടിയിരുന്ന കുട്ടിക്ക് പിന്നീട് അമ്മയെ നഷ്ടപ്പെടുമ്പോഴും ഭ്രമാത്മകലോകത്തിലൂടെ നേടിയെടുക്കേണ്ട ഈഡിപ്പൽ പ്രേരണയുള്ള ഒരു വസ്തുവായി അബോധത്തിൽ അമ്മ അതിജീവിക്കുന്നു. ഈ അബോധപ്രേരണയാണ് ഭൗതികവിജയത്തിനായുള്ള അന്വേഷണമായി മാറുന്നതും.[22]

> വിശ്വാസമോടെ ഭയത്തെ രോഗത്തിനെ
> മൃത്യുവെക്കൈതട്ടിമാറ്റി പ്രസന്നരായ്
> എന്നോടു ചൊൽവതായ് തോന്നീ, തുണയ്ക്കുവാ
> നമ്മയുണ്ടമ്മയുണ്ടമ്മയുണ്ട് (അമ്മയുണ്ട്)

ഭൂമിയിലെ സമസ്തവിഭവങ്ങളും കൈയടക്കുകയെന്ന ഉപഭോഗഭ്രാന്ത് പിടിപെട്ട സമൂഹത്തിനു വരുംകാലദുരന്തങ്ങളിൽ നിന്നു മോചനം ലഭിക്കണമെങ്കിൽ ജനനിയായ അമ്മയുടെ വിശ്വാസം പിൻബലം നൽകുമെന്ന് സുഗതകുമാരി കരുതുന്നു. കരയുന്ന കുഞ്ഞിന്റെ നിലവിളിപോലെ വേരറ്റുപോകുന്ന വടവൃക്ഷത്തിന്റെ നിസ്സഹായതയും ഉൾക്കൊള്ളുന്ന സുഗതകുമാരി പ്രപഞ്ചത്തോളം വളരുന്ന മാതൃഭാവങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

### 3.2.7 പ്രപഞ്ചമാതൃത്വം

മനുഷ്യന്റെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് പ്രകൃതിയുടെ മുലപ്പാൽ കൂടിയേ തീരൂ എന്ന വിശ്വാസം പുലർത്തുന്ന സുഗതകുമാരി അമ്മയുടെ മുലപ്പാലിന്റെ ശേഷി തീർന്നാൽ ഇല്ലാതാകുന്നത് സർവജീവജാലങ്ങളുമാണെന്ന് *പുതിയ പാതാള*ത്തിൽ വ്യക്തമാക്കുന്നു.

> പിൻപിലുച്ചനാം സൂര്യന്റെ കീഴിൽ
> വിണ്ടമാറുമായമ്മ കിടപ്പൂ
> അമ്മുലപ്പാൽ തികയുന്നതെമ്മ-
> ട്ടമ്മ സന്താനസമ്പന്നയല്ലേ' (ഹാ രാമാ)

യന്ത്രശക്തികൾകൊണ്ട് ഭൂമിയുടെ നെഞ്ച് പിളരാതെ, മാതൃഹൃദയത്തിലേക്ക് രാസവിഷങ്ങൾ നിറയ്ക്കാതെ, പ്രകൃതിയുടെ ചലനനിയമങ്ങളെ അറിഞ്ഞും ആദരിച്ചുമുള്ള വഴിയാണ് മക്കൾക്ക് അഭികാമ്യം എന്ന് സുഗതകുമാരി ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. സർവചരാചരപ്രേമമായി ഒഴുകുന്ന ഈ മാതൃഭാവത്തെയാണ് പക്ഷിക്കും പഥികനും മാത്രമല്ല കാറ്റിനു പോലും വാത്സല്യം നൽകുന്ന തണൽമരം എന്ന് ഒ. എൻ. വി. കുറുപ്പ് വിശേഷിപ്പിക്കുന്നതും.[23] എന്നാൽ സ്ത്രീയുടെ അലിവും ആർദ്രതയും അവളെ അടിച്ചമർത്താനുള്ള ഉപാധിയായി കാണുന്ന പുരുഷാധിപത്യനീതിയോട് സുഗതകുമാരിക്ക് യോജിപ്പില്ല. മാതൃത്വത്തിന്റെ നിസ്സഹായത പേറുന്ന സ്ത്രീചിത്രണങ്ങളിലൂടെ സ്ഥാപനവത്കരിക്കപ്പെടുന്ന മാതൃത്വത്തോടുള്ള എതിർപ്പാണ് സുഗതകുമാരി പ്രകടമാക്കുന്നത്. സ്ത്രീയ്ക്കു നേരെയുള്ള കടന്നാക്രമണങ്ങളെ അതിശക്തമായി പ്രതിരോധിക്കണമെന്ന ചിന്തയും ഇതോടൊപ്പം അവർ പങ്കുവെയ്ക്കുന്നു.

## 3.3. വാണിജ്യവൽക്കരിക്കപ്പെടുന്ന സ്ത്രീത്വം

ആഗോളവൽക്കരണം സാമൂഹികസാമ്പത്തികരംഗങ്ങളിൽ സൃഷ്ടിച്ച

പ്രത്യാഘാതങ്ങൾ തൊഴിലില്ലായ്മയായും പട്ടിണിയായും മൂന്നാംലോകരാജ്യങ്ങളെ ബാധിച്ചപ്പോൾ അവിടെ കുതിച്ചുയർന്ന പ്രധാനഇനം ശരീരവിൽപ്പനയും ലൈംഗികവ്യവസായവുമായിരുന്നു. ബാലവേശ്യാവൃത്തി, സെക്സ്ടൂറിസം, പെൺവാണിഭം, ബാലലൈംഗികത, സ്ത്രീപീഡനം എന്നിങ്ങനെ ചൂഷണത്തിന്റെ വിവിധ മുഖങ്ങൾ ഇതോടെ സ്ത്രീകൾക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ആൺകാഴ്ചയുടെ ഇരയും വാണിജ്യവൽക്കരണത്തിനുള്ള ഉപാധിയുമായി സ്ത്രീയെ മാറ്റുന്ന ആധുനികതയുടെ ഈ പുരുഷയുക്തികളെയാണ് സുഗതകുമാരി ചോദ്യം ചെയ്യുന്നത്.

### 3.3.1 പെണ്ണിര

ലൈംഗികാസക്തിക്കും ആനന്ദത്തിനും മാത്രമുള്ള ഉപകരണമായി സ്ത്രീയെ കാണുന്ന രീതി ആണിനെ വേട്ടക്കാരനും പെണ്ണിനെ ഇരയുമാക്കി മാറ്റി. യുവതികൾ മാത്രമല്ല പിഞ്ചുപെൺകുട്ടികൾ വരെ ബലാത്സംഗം ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്യുന്ന കാലമായതിനാൽ 'പെണ്ണിര' എന്നൊരു പുതിയ വാക്ക് ഉണ്ടാക്കേണ്ട സമയമായെന്ന് *പോംവഴിയെന്ത്? നിങ്ങൾ തന്നെ പറയൂ* (2010:c) എന്ന ലേഖനത്തിൽ സുഗതകുമാരി അഭിപ്രായപ്പെടുന്നു. 2010ൽ അതൊരു പുതിയ വാക്കായിരുന്നെങ്കിൽ ഇന്ന് സ്ത്രീകളുടെ വർത്തമാനകാലദുരിതത്തിന്റെ പ്രതീകമായി അത് മാറി.

സ്ത്രീശരീരം കീഴടക്കാൻ ഏതവസരവും പ്രയോജനപ്പെടുത്തുന്ന പുരുഷന്റെ കാമാർത്തി കയ്യിൽ കിട്ടിയ പിഞ്ചുകുഞ്ഞിനെ കശാപ്പുചെയ്ത് റെയിൽപാളത്തിൽ ഉപേക്ഷിച്ചതിന്റെ ദാരുണചിത്രമാണ് *എന്തു പറ്റീ നമുക്ക്?* എന്ന കവിത. അമ്പിളിമാമനും അമ്മയുടെ താരാട്ടും മാത്രം അറിയുന്ന, പിച്ചവച്ചു തുടങ്ങുന്ന കുഞ്ഞിനു ലോകത്തിന്റെ ക്രൗര്യത്തെക്കുറിച്ച് ഒന്നും അറിയില്ല.

ഇവളെമ്മട്ടിലറിയാൻ
കാമത്തിൻ പിളർനാവിനെ
കാമത്തിൻ നരകാർത്തിയെ (എന്തു പറ്റീ നമുക്ക്)

എന്ന് ശൈശവത്തിന്റെ നിഷ്കളങ്കതയെ കവി സൂചിപ്പിക്കുന്നുമുണ്ട്. പിഞ്ചുമെയ്യാകെ നഖക്ഷതങ്ങളും ചെഞ്ചോരിവായിൽ പല്ലുതറച്ച പാടും കാർന്നുതിന്ന കവിളുകളും കുഞ്ഞിത്തുടകൾക്കിടയിൽ ചോരപ്പാടുമായി കിടക്കുന്ന കുഞ്ഞ് മരിച്ച മനുഷ്യത്വത്തിന്റെ പ്രതീകമാണ്. മരണത്തിലേക്ക് നീങ്ങുമ്പോഴും എടുക്കാനായി കുഞ്ഞിക്കൈ പൊക്കുന്ന അവളാകുന്ന കൊച്ചുപൂവിന്റെ നോവുമാറ്റി തൊട്ടുറക്കാനാണ് ഇരുൾമാറ്റുന്ന സൂര്യനോട് കവി ആവശ്യപ്പെടുന്നത്. കുഞ്ഞ് മരിച്ചാലും അവളുടെ ശാപം തലമുറകളെ വിടാതെ പിന്തുടരും എന്ന കാര്യത്തിൽ സുഗതകുമാരിക്ക് സംശയമില്ല. *അമ്മിഞ്ഞ നുകരുന്ന ചുണ്ടാൽ, നിശ്ശബ്ദമിടി വെട്ടുപോൽ, കണ്ണിൽ തീയാളി ദൈവം പോൽ* ശപിക്കുന്ന അവളുടെ നോവിന്റെ ചൂട് മനുഷ്യനെ ചുട്ടുപൊള്ളിക്കുന്ന ഒന്നാവുമെന്ന് അറിയുന്ന സുഗതകുമാരി കുഞ്ഞിന്റെ ഇളംമേനി പോലും ഉപയോഗിച്ച് വലിച്ചെറിയുന്ന ഒന്നാക്കി മാറ്റിയ സാമൂഹികവൈകൃതത്തെയാണ് വിമർശിക്കുന്നത്.

വീടുകൾ, ഇടവഴികൾ, പൊതുനിരത്തുകൾ, വിദ്യാലയങ്ങൾ, ജോലി സ്ഥലങ്ങൾ എന്നിവയൊക്കെ അരക്ഷിതമായ ഒരു കാലത്തിന്റെ അടയാളമാവുന്ന വർത്തമാനലോകത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ സുഗതകുമാരിയുടെ എഴുത്തുകൾ ഏറെ സൂക്ഷ്മമാണ്. സ്ത്രീകൾക്കെതിരായ അക്രമങ്ങളും അവഹേളനങ്ങളും മാത്രമല്ല വേശ്യാവൃത്തിയും പെൺവാണിഭവും ബലാത്സംഗങ്ങളും ലജ്ജാകരമായ വിധത്തിൽ പെരുകിക്കഴിഞ്ഞതായി *ചെറുത്തുനിൽപ്പിനു സമയമായി* എന്ന ലേഖനത്തിൽ (2010:c) അവർ ചൂണ്ടിക്കാട്ടുന്നു.

സുഖിപ്പിക്കുകയും ലാഭം വർധിപ്പിക്കുകയും യഥേഷ്ടം കൈമാറ്റം

ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു ചരക്കാക്കി സ്ത്രീശരീരത്തെ കാണുന്ന പുരുഷാധിപത്യപരവും ലിംഗവിവേചനപരവുമായ സാമൂഹ്യാവസ്ഥയാണ് *വാരിയെല്ലി*ലെയും (2010:c) പ്രതിപാദ്യം. പലതരം വ്യാമോഹങ്ങളാൽ പ്രലോഭിതരായി ചതിക്കപ്പെടുന്ന പെൺകുട്ടികൾ ആണധികാരത്തിന്റെ നിഷ്ഠൂരകച്ചവടലോകത്തേക്കാണ് എറിയപ്പെടുകയെന്ന് സുഗതകുമാരി ഓർമ്മപ്പെടുത്തുന്നു:

*പ്രേമത്തിന്റെ ലഹരിയിൽ, ജോലി കിട്ടുമെന്ന മോഹത്തിൽ, കല്യാണം കഴിച്ചുകൊള്ളുമെന്ന വിശ്വാസത്തിൽ, ഗൾഫിൽ കൊണ്ടുപോകാമെന്ന ഉറപ്പിൽ, സീരിയലിൽ നായികയാക്കാമെന്ന സ്വപ്നത്തിൽ, മോഹനവാഗ്ദാനങ്ങളുടെ മധുരത്തിൽ വീണു കഴിഞ്ഞാൽ തിരിച്ചുവരവില്ലാത്ത മഹാനരകമായിരിക്കും ഫലം.*

സൂര്യനെല്ലി, വിതുര, മട്ടാഞ്ചേരി, കിളിരൂർ, കവിയൂർ, പൂവരിണി, പറവൂർ എന്നിങ്ങനെ സ്ത്രീപീഡനക്കേസ് തിരിച്ചറിയുന്നത് സ്ഥലനാമങ്ങളിലാണ്. സംഭവം പരാതിയാകുന്നതോടെ ഉപഭോഗം നടത്തപ്പെട്ട പെൺകുട്ടി വ്യക്തിയിൽ നിന്നു വസ്തുവായി ഗണിക്കപ്പെടുകയും സ്ഥലം അവളെ തിരിച്ചറിയാനുള്ള ഇടമാവുകയും ചെയ്യുന്നു. പീഡനങ്ങൾക്ക് ഇരയായവൾ എന്ന നിലയിൽ സമൂഹവിചാരണ നേരിടേണ്ടി വരുന്നതും സ്ത്രീ തന്നെ. ഇതാണ് സുഗതകുമാരിയുടെ രചനകൾ പൊതുസമൂഹത്തിനു മുന്നിൽ തുറന്നുകാട്ടുന്നത്.

### 3.3.2 പെൺകെണിയിലെ അധികാരതന്ത്രങ്ങൾ

രക്ഷപ്പെടാനുള്ള പഴുതുകളെല്ലാം അടയ്ക്കപ്പെട്ട് തടവറയിലെന്ന പോലെ മരവിച്ച ശരീരവും മനസ്സുമായി ജീവിക്കേണ്ടി വരുന്ന പെൺകുട്ടിയുടെ നിസ്സഹായതയാണ് *വിതുരപെൺകുട്ടി പറയുന്നു ഇനി വയ്യ* (2010:c) എന്ന ലേഖനം. പീഡനത്തെ ഇരയായവളുടെ പ്രശ്നമാക്കി മാറ്റുന്ന സാമൂഹികനീതി ഇരയാക്കിയ വ്യവസ്ഥയെ വെറുതെ വിടുകയും പെൺകുട്ടിയെ

കൂടുതൽ ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. സാമൂഹികജീവിതവും വ്യക്തിജീവിതവും നിഷേധിക്കപ്പെട്ട് ജീവിതകാലം മുഴുവൻ സ്വയം ശപിച്ചുകഴിയുന്ന പെൺകുട്ടിക്ക് ഭീതിയും വേദനയും മാത്രമാണ് കൂട്ട്. കൊന്നുകളയുമോ എന്ന ഭയം, പാവപ്പെട്ട വീട്ടുകാർക്ക് കൂടെ നിർത്താൻ ഭയം, ജീവിക്കാൻ വഴിയില്ല, ചുറ്റുമുള്ളവരുടെ ക്രൂരവും പരിഹാസനിർഭരവുമായ നോട്ടങ്ങൾ, ബന്ധുക്കളുടെ ശാപവചസ്സുകൾ, ഗതികിട്ടാത്ത ആത്മാവിനെപ്പോലെ ഉഴന്നു നടക്കുന്ന പെൺകുട്ടിയുടെ ദയനീയാവസ്ഥയാണ് ലേഖനത്തിൽ സുഗതകുമാരി വ്യക്തമാക്കുന്നത്.

സ്ത്രീപ്രശ്നങ്ങളെ സ്വകാര്യഇടങ്ങളിൽ നിന്നു പൊതുഇടങ്ങളിലേക്ക് മാറ്റി പൊതുപ്രശ്നമാക്കാൻ ശ്രമിക്കുമ്പോഴെല്ലാം പുരുഷാധിപത്യവ്യവസ്ഥയിലെ ഘടകങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ എതിർപ്പുകൾ നേരിടേണ്ടിവരും. അധികാരപരമായും പണപരമായും സമൂഹത്തിലെ ഉന്നതശ്രേണിയിലിരിക്കുന്ന പ്രതികൾക്കു മുന്നിൽ വളച്ചൊടിക്കപ്പെട്ട തെളിവുകളാൽ നീതി നിഷേധിക്കപ്പെടുന്ന പെൺകുട്ടിക്ക് ദശവർഷങ്ങളോളം നീണ്ടുപോകുന്ന കേസുകളിൽ നിന്നുള്ള മോചനമാണാവശ്യം. *വയ്യാ എന്നു പറയാൻ, വേണ്ട എന്നു പറയാൻ ഇരയായ പെണ്ണിന് അവകാശമില്ലേ* എന്നാണ് സുഗതകുമാരിയുടെ ചോദ്യം. നീതി, നിയമം, അധികാരം എന്നിവയിൽ ആൺകോയ്മയുടെ കേവലയുക്തികൾ വിജയിക്കുന്ന കാലത്തെ സുഗതകുമാരിക്ക് ഉൾക്കൊള്ളാനാവുന്നില്ല.

കൂടെയുള്ളോനെ പിടിച്ചതില്ലാ
ആരുമേ മുണ്ഡനം ചെയ്തതില്ലാ
ഊരു വിലക്കിയുമില്ല വേഗം
പോകെന്നു വിട്ടതിൻ നീതിയെന്തേ (വനിതാകമ്മീഷൻ)

ലിംഗപരമായ വിവേചനമൂല്യങ്ങളാൽ ശരീരകേന്ദ്രിതസാന്നിധ്യമാകുന്ന സ്ത്രീയവസ്ഥ തന്നെയാണ് *നമുക്ക് എന്തു സംഭവിക്കുന്നു*

(2010:c) എന്ന ലേഖനത്തിലെയും പ്രതിപാദ്യം. തെരുവോരങ്ങളിലും ട്രെയിനിലും ബസ്സിലും സിനിമാശാലയിലും ജനത്തിരക്കിലുമെല്ലാം രാപ്പകലില്ലാതെ ധിക്കാരവും കാമവും ഭീരുത്വവും കൊണ്ടു നിറഞ്ഞ തന്റെ ആൺമെയ്യുമായി ഇര തേടി നടക്കുന്ന മലയാളിമാന്യന്റെ വൈകൃതത്തെ തുറന്നുകാട്ടുന്ന സുഗതകുമാരി സ്ത്രീയെ വസ്തുവത്കരിക്കുന്ന നിലപാടിനെയാണ് എതിർക്കുന്നത്.

### 3.3.3 ഉടലളവുകളിൽ ഒതുക്കപ്പെടുന്ന പെണ്ണത്തം

ആക്രമിക്കുകയും വിറ്റഴിക്കപ്പെടുകയും ചെയ്യുന്ന വസ്തുവായി സ്ത്രീയെ മാറ്റുന്ന സാമൂഹികവ്യവസ്ഥ പെൺകുട്ടിയുടെ ബാല്യകൗമാരങ്ങളെപ്പോലും ചൂഷണം ചെയ്യുന്നതിലുള്ള അസ്വസ്ഥതയാണ് *സാരെ ജഹാം സെ അച്ഛാ* എന്ന കവിത. മദിരാശിയിലെ ട്രെയിൻയാത്രക്കിടയിൽ കണ്ട ഇരുളിന്റെ മറപറ്റി നിൽക്കുന്ന പെൺകുട്ടിയിൽ ബാല്യത്തിന്റെ നിഷ്കളങ്കഭാവമാണ് കാണാനാവുക. അവളെ കുളിപ്പിച്ച്, മുടിചീകി, പാഠപുസ്തകവും നൽകി

പച്ചയും വെളുപ്പുമാം
ഉടുപ്പുമിടുവിച്ചു
നിർത്തുകിൽ, ഉഷസ്സുപോ-
ലിവളും പ്രകാശിക്കും (സാരെ ജഹാംസെഅച്ഛാ)

എന്ന് അഭിപ്രായപ്പെടുന്ന സുഗതകുമാരി അവളോടാരോ വിലപേശി നിൽക്കുന്നതു കണ്ട് അമ്പരക്കുന്നു. ലാഭത്തിനായുള്ള പരക്കം പാച്ചിലിൽ എല്ലാ മാനുഷികമൂല്യങ്ങളെയും ചവിട്ടിമെതിക്കുന്ന പണാധിപത്യപരമായ യാന്ത്രികസംസ്കാരം കൊച്ചുകുട്ടിയെ പോലും സുഖത്തിനായുള്ള ഉപകരണമായി മാറ്റുന്നതിനെതിരെയാണ് കവി വിരൽ ചൂണ്ടുന്നതും.

പുത്തൻമുതലാളിത്തത്തിന്റെ ആഗോളലൈംഗികവ്യാപാര കമ്പോള

ത്തിലേക്ക് നയിക്കപ്പെടുന്ന സ്ത്രീകൾ ശരീരവും ലൈംഗികതയും വ്യക്തിസ ത്തയും വരെ വസ്തുവൽക്കരിക്കുന്ന വിപണികേന്ദ്രിത ഉപഭോഗവ്യവസ്ഥ യുടെ ഇരകളാക്കി മാറ്റപ്പെടുന്നതാണ്[24] *ദൈവം എങ്ങനെ തണുക്കും* (2010:c) എന്ന ലേഖനത്തിലേയും പ്രതിപാദ്യവിഷയം. ലോകത്തിന്റെ പരുക്കൻ കൈകൾ ചതിച്ചവർ, ചെറിയപ്രായത്തിൽ ബന്ധുക്കൾ വിറ്റഴിച്ചവർ, പ്രണയം നൽകിയ ചതിക്കുഴികളിലൂടെ ചുവന്ന തെരുവിൽ എത്തിയവർ. പുരുഷന് എപ്പോഴും സമീപിക്കാവുന്നതും പണം കൊടുത്തു വശപ്പെടുത്താവുന്നതും ആക്രമിച്ചും മർദ്ദിച്ചും അല്ലാതെയും ലൈംഗികവൈകൃതങ്ങൾ നടപ്പാക്കാവു ന്നതുമായ വസ്തുക്കളായി അവരെ മാറ്റിയ സാമൂഹികവ്യവസ്ഥകളിൽ അതൃപ്തി പ്രകടിപ്പിക്കുന്ന സുഗതകുമാരി വേശ്യകളാക്കപ്പെട്ടവർ ലൈംഗിക തൊഴിലാളികളായി സ്വയം സ്വീകരിക്കുന്നതിലെ വൈരുദ്ധ്യത്തിൽ കുറ്റവാളി യായ പുരുഷനും സമൂഹഭരണകൂടങ്ങളും രക്ഷപ്പെടുന്നതിലെ അനീതി ചൂണ്ടിക്കാട്ടുന്നുണ്ട്.

പുരുഷകാമനകളെ തൃപ്തിപ്പെടുത്തുംവിധം ശരീരമാത്രപ്രധാനമായ ലൈംഗികവിഭവമായി സ്ത്രീയെ ചിത്രീകരിക്കുന്ന പ്രവണതയാണ് കാബറെ പോലുള്ള കലകളിലും കാണാനാവുക. മദ്യപാനത്തിനു വീര്യം കൂട്ടാനും ആളുകളെ ലഹരിപിടിപ്പിക്കാനും പാവപ്പെട്ട പെൺകുട്ടികളെ ഉപകരണമാ ക്കുന്ന ദുരവസ്ഥയാണ് *ജെസ്സി* എന്ന കവിതയിലെയും *നാം എന്തിനെ ന്യായീകരിക്കുന്നു* എന്ന ലേഖനത്തിലെയും (2010:c) പ്രതിപാദ്യം. മാൻകി ടാവിനെ പോലുള്ള ഒരു പെൺകുട്ടിയെ ഇല്ലായ്മയും ഇല്ലാത്തവരുടെ വർഗ്ഗത്തെ നിലനിർത്തിക്കൊണ്ടു പോവാൻ ബോധപൂർവ്വമായും അബോധ പൂർവ്വമായും പ്രവർത്തിക്കുന്ന സമൂഹശക്തികളും ചേർന്ന് വേട്ടയാടിപ്പിടിക്കു ന്നതിന്റെ ദൃശ്യമാണ് ഈ കവിത.[25] നാലാംക്ലാസ്സിലെ രണ്ടുപെൺകുട്ടിക ളുടെ ചങ്ങാത്തത്തിലൂടെ നിലവിലുള്ള സാമൂഹികാവസ്ഥയും ആർത്ഥിക മായ ഉച്ചനീചത്വങ്ങളും വ്യക്തമാക്കുന്ന സുഗതകുമാരി വീട്ടുകാരുടെ

സ്നേഹവാത്സല്യങ്ങളുടെ മധുരിമയോ നിറം പിടിപ്പിച്ച ബാല്യമോ ഇല്ലാത്ത അവരുടെ ദുരിതങ്ങളുടെ ഐക്യപ്പെടൽ എടുത്തുകാട്ടുന്നു.

എന്റെ പാവാടത്തുമ്പും പിഞ്ഞിയതതിനാലേ
കണ്ടു ഞാനൊരു സാത്മ്യം അവളോടടുത്തു ഞാൻ (ജെസ്സി)

വിളർച്ച, കാൽമുട്ടിലെ ഉണങ്ങാത്ത ചിരങ്ങ്, മയം തീരെയില്ലാത്ത പിന്നിയ ചെറുമുടി, മിണ്ടിയാൽ വിക്കുന്നവൾക്ക് ഒൻപതുവയസ്സിലേ വാർദ്ധക്യം ബാധിക്കാൻ ഇതൊക്കെ ധാരാളമായിരുന്നു. അപ്പന്റെ കുടിയാകുന്ന വെളിവില്ലായ്മയും അമ്മയുടെ ഭക്തിയാകുന്ന വെളിപാടും സന്താനനിയന്ത്രണം പാപമാണെന്ന മതബോധവും ജെസ്സിക്കു നൽകിയത് അരക്ഷിതാവസ്ഥ മാത്രവും. ദൈവവിളി കേട്ട് പോയ അമ്മ, വെറെ പെണ്ണു കെട്ടിയ അപ്പൻ, ഒളിച്ചോടിയ ചേച്ചി, കാണാതായ രണ്ടു സഹോദരങ്ങൾ, തടിമില്ലിൽ ഈർച്ചവാൾ വലിക്കുന്ന മറ്റൊരു സഹോദരൻ, പള്ളിക്കാരുടെ കൃപയിൽ ജീവിതം തള്ളിനീക്കുന്ന ഇളയസഹോദരങ്ങൾ, ഭൃത്യവേലയിൽ അഭയം തേടിയ ജെസ്സി എത്തിച്ചേർന്നതാകട്ടെ ഹോട്ടലിലെ കാബറെ നർത്തകിയായിട്ടും. പണവും കാമവും മദ്യവും കൊണ്ട് അന്ധരായ സുഖലോലുപരായ മനുഷ്യർക്കു മുന്നിൽ താളം ചവിട്ടുന്നവളായി ജെസ്സിയെ മാറ്റിയത് അവളുടെ ജീവിതസാഹചര്യങ്ങളാണെന്ന് വ്യക്തമാക്കുന്ന സുഗതകുമാരി ആവശ്യങ്ങൾക്കനുസരിച്ച് ശരീരം മാത്രമായി ചുരുങ്ങുന്ന സ്ത്രീയവസ്ഥയിലുള്ള പ്രതിഷേധം വ്യക്തമാക്കുന്നുമുണ്ട്. യൗവ്വനവും സൗന്ദര്യവും അസ്തമിക്കുന്നതിനു മുമ്പ് ബാർ ഉടമകളുടെയും ദല്ലാളന്മാരുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് അവരെ രക്ഷിക്കാൻ ആവശ്യപ്പെടുന്ന സുഗതകുമാരി അവരെ ബലിമൃഗങ്ങളാക്കിയ സാമൂഹികചെയ്തികളിലുള്ള അമർഷമാണ് *നാം എന്തിനെ ന്യായീകരിക്കുന്നു*വിൽ (2010:c) പ്രകടമാക്കുന്നത്.

പരമാവധി ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന ആധുനികതയുടെ സംസ്കാരം തന്നെയാണ് ജെസ്സിക്കും നേരിടേണ്ടി വന്നത്. ചായംതേച്ച പാവ

പോലുള്ള നിർലജ്ജമായ വേഷം കെട്ടലിൽ നിന്നൊഴിവായ അവൾ ഗൾഫിൽ ഷെയ്ക്കിന്റെ ആയയായി പോകുന്നത് അക്കരെ സ്വർഗമാകുമെന്ന വ്യാമോഹത്തിലല്ല. ഉപ്പുകല്ലിനായ്, ഉരിയരിച്ചോറിനായ് ഉടയാട ഉരിയുക, ഒടുവിൽ അതു കൊണ്ടും നിൽക്കക്കളളിയില്ലാതെ ഉപ്പുകടലിനപ്പുറത്തേക്ക് പറക്കുക എന്ന സ്ത്രീയുടെ ദയനീയതയാണ് ഇവിടെ പ്രകടമാവുന്നത്.[26] ജീവിതമോഹങ്ങളൊക്കെ നശിച്ച അവൾ കൂട്ടുകാരിയോട് വിക്കലില്ലാതെ പറയുന്നതും അതുതന്നെ.

> അവിടെക്കിടന്നു ഞാൻ ചാവുമല്ലെങ്കിൽ കൊല്ലു-
> മവരെല്ലുകൾ മണൽക്കാട്ടിലെങ്ങാനും മൂടും
> ആർക്കുണ്ടു ചേതം കുട്ടീ (ജെസ്സി)

മൂഢവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന മതം, സൃഷ്ടിക്കാനല്ലാതെ രക്ഷിക്കാൻ ചുമതലയില്ലാത്ത മാതാപിതാക്കൾ, നേർവഴിക്ക് നയിക്കാനാവാത്ത നേതാക്കൾ, സ്വന്തം സുഖഭോഗത്തിനുള്ള ഇരകളായി ദരിദ്രവർഗവും സ്ത്രീവർഗവും വർത്തിച്ചുകൊള്ളണമെന്നു നിശ്ചയിക്കുന്ന ഉപരിവർഗപുരുഷസമൂഹം എന്നിവരൊക്കെ പ്രതിക്കൂട്ടിലുണ്ടെങ്കിലും സുഗതകുമാരി ആക്രോശത്തിന്റെ ഭാഷ സ്വീകരിക്കുന്നില്ല. പകരം കണ്ണീരിനെ ആയുധമാക്കുന്നു. അനുവാചകഹൃദയത്തിലുണ്ടാകുന്ന പ്രതികരണത്തിന്റെ സ്വഭാവം കൊണ്ടാണ് ഫലം നിർണ്ണയിക്കപ്പെടുന്നത് എന്നിരിക്കെ ധർമ്മരോഷം ഉണർത്തപ്പെടുന്നത് കണ്ണീരൊഴുക്കുകൊണ്ടോ തീപ്പെയ്ത്തു കൊണ്ടോ ആവാം എന്ന എം. ലീലാവതിയുടെ അഭിപ്രായം ഇതിനെ സാധൂകരിക്കുന്നു.[27] സ്വജീവിതത്തിലും സ്വപ്നത്തിലും കർത്തൃത്വമില്ലാത്ത നിസ്സഹായത ജെസ്സിയുടെ മാത്രം അനുഭവമല്ലെന്ന് വിവാഹത്തെ പറ്റിയുള്ള പരാമർശങ്ങളും തെളിയിക്കുന്നു.

### 3.3.4 കമ്പോളവത്കരിക്കപ്പെടുന്ന സ്ത്രീ

പ്രണയവും വിവാഹവുമാണ് സ്ത്രീപുരുഷബന്ധത്തിന്റെ രണ്ട് പ്രധാനതലങ്ങൾ. പ്രണയം രണ്ടു മനസ്സുകൾ തമ്മിലുള്ള ലയനമാകുമ്പോൾ വിവാഹം ഒരു പുരുഷനിൽ നിന്നു മറ്റൊരു പുരുഷനിലേക്കുള്ള സ്ത്രീയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റമായി പലപ്പോഴും മാറുന്നു. സ്ത്രീയെന്ന സാംസ്കാരികസ്വത്വം സൃഷ്ടിക്കപ്പെടുന്നതിനു പിന്നിലുള്ള നിരവധി നിഷേധങ്ങൾ സ്ത്രീവിരുദ്ധമായ പരമ്പരാഗതസങ്കൽപ്പങ്ങൾക്ക് പ്രാധാന്യം നൽകുകയും സ്ത്രീയുടെ ഒറ്റയ്ക്കുള്ള നിൽപ്പ് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതായി *വാരിയെല്ലിൽ* സുഗതകുമാരി ചൂണ്ടിക്കാട്ടുന്നു: *ആരായാലും വേണ്ടില്ല, ഒരുത്തൻ വന്നുകയറി കഴുത്തിലൊരു താലി കെട്ടിയിട്ട് മറഞ്ഞാലും സാരമില്ല, സമാധാനമാകും. അവൻ അവളെ സംരക്ഷിക്കണമെന്നില്ല, ആശ്വാസമോ താങ്ങോ നൽകണമെന്നില്ല. നാട്ടുകാരുടെ കണ്ണിൽ ഒരു കെട്ടിയവൻ വേണം, അത്രമാത്രം.* പുരുഷാധിപത്യത്തിന്റെ അധീശത്വഭാവം നിലനിൽക്കുന്ന വിവാഹം ആൺകോയ്മാബന്ധങ്ങൾക്ക് ഉറയ്ക്കാനാവശ്യമായ മൂല്യവ്യവസ്ഥകൾക്കേ പ്രാധാന്യം നൽകുന്നുള്ളൂ. സ്ത്രീധനത്തിന്റെയും വിവാഹച്ചെലവുകളുടെയും ഭീഷണമായ വളർച്ച ഇതിനു കൂടുതൽ ബലം നൽകുന്നു. *ഏതോ കുടുംബത്തിന് ഉയിരും ചൈതന്യവുമായ പെൺകുട്ടിയെ മാത്രം പോരാ, സർവാംശം പൊന്നും ബാങ്കുനിക്ഷേപവും തറവാട്ടിലെ പങ്കുംകൂടി* വേണമെന്ന ചിന്താഗതി കമ്പോളമൂല്യങ്ങൾ ഇറക്കിവിട്ട അന്ധമായ ഉപഭോഗപരതയുടെ സൃഷ്ടി കൂടിയാണ്.

സ്ത്രീയുടെ സാമൂഹികനില അവരുടെ വൈവാഹികനിലയോടു ബന്ധപ്പെട്ടു കിടക്കുന്നിടത്തോളം സ്ത്രീധനവും സ്ത്രീപീഡനവും തുടർന്നുകൊണ്ടിരിക്കും. സ്ത്രീധനം കൊടുക്കാനാവാത്തതിന്റെ പേരിൽ വിഷമിക്കുന്ന രക്ഷിതാക്കളുടെ നിസ്സഹായത പണവും പൊന്നും കല്യാണച്ചെലവും വേണ്ടാത്ത മരണമെന്ന വരനെ തെരഞ്ഞെടുക്കലിലേക്ക് അവരെ നയിക്കു

കയും ചെയ്യും. ഒരു പോലീസുകാരന്റെ നാലുപെൺമക്കൾ തൂങ്ങിമരിച്ചത് ഈയൊരു നിസ്സാരവും ദയനീയവുമായ സ്ഥിതിയിലാണെന്ന് വാരിയെല്ല് എന്ന ലേഖനത്തിൽ സുഗതകുമാരി വ്യക്തമാക്കുന്നു: *എങ്ങനെ കല്യാണം നടക്കും? പണവും പൊന്നുമില്ലാതെ അവരെ ആരു കൈക്കൊള്ളും? കല്യാണം കഴിച്ചില്ലെങ്കിൽ അവർക്ക് വീട്ടിലും നാട്ടിലും സ്ഥാനമെന്ത്?*

വിവാഹത്തെ ഭൗതികനേട്ടത്തിനുള്ള ഉപാധിയായി കാണുന്ന സാമൂഹികപ്രവണതയാണ് സ്ത്രീപീഡനത്തിന്റെ തോതുവർധിക്കാൻ കാരണം.

### 3.3.5 ലിംഗപരമായ വിവേചനമൂല്യങ്ങൾ

മാനസികമായ ആധിപത്യലഹരിയോടൊപ്പം മദ്യലഹരിയും പുരുഷനെ അടക്കിവാഴുമ്പോൾ സ്ത്രീജീവിതം ദുരിതമയമാകുന്നു. അടിയും തൊഴിയും കെട്ടുതാലി മുതൽ കിടപ്പാടം വരെ വിൽക്കലും മാനസികപീഡനവും (വാരിയെല്ല്), *പോര പൊന്നെന്നു തീത്തൈലത്തിലെരിക്കലും* (പെൺകുഞ്ഞ്-90) തുടർക്കഥകളായിരിക്കെ സ്ത്രീ കീഴടക്കപ്പെട്ടവൾ എന്ന ബോധത്തിനു പ്രചാരമേറി. ഇര തിരിച്ചടിക്കില്ലെന്ന അറിവ് മർദ്ദകനെ കൂടുതൽ വീര്യവാനുമാക്കി. ദുരിതങ്ങളെ പൊരുതി തോൽപ്പിക്കാനാവാതെ നിസ്സഹായയാവുന്ന ഇത്തരം സ്ത്രീയവസ്ഥകളാണ് *ഇവൾക്കു മാത്രമായ്* എന്ന കവിത.

ചവിട്ടാൻ നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കാൻ
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ചത്തു കിടത്തിപ്പോറ്റാൻ
ഇവൾക്കു മാത്രമായൊരു ജന്മം

ആണിന്റെ ആസക്തിയ്ക്ക് ഇരയാവേണ്ടവൾ എന്ന ചിന്ത അവന്റെ കുട്ടികളെ പെറ്റുപോറ്റാനുള്ള ഉപകരണമായി സ്ത്രീയെ മാറ്റി. പെൺകുട്ടി

കൾ വിവാഹത്തിനും മാതൃത്വത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്ന സാമൂഹികചിന്താഗതിയും വലിയ സ്ത്രീധനം കൊടുത്തു വാങ്ങുന്ന ദാമ്പത്യം പരിപാലിക്കാനുള്ള ശ്രമവും മാതൃകാഭാര്യയും ഉത്തമകുടുംബിനി യുമായി മാറാൻ സ്ത്രീക്ക് പ്രേരണയുമായി. ഇങ്ങനെ പൊതുബോധം സൃഷ്ടിച്ച കർമ്മമാതൃകകളിലേക്ക് ഒതുക്കപ്പെടുന്ന സ്ത്രീ സ്വകാര്യസ്വാത ന്ത്ര്യവും ഭാഷയും നഷ്ടപ്പെട്ട് ഗാർഹികവൃത്തിയുടെ വിരസതാളങ്ങളിൽ ഒതുങ്ങുന്നതാണ് *സ്ത്രീപർവ*ത്തിൽ കാണാനാവുക.

ഉണരുക പാചകം ചെയ്യുക തിന്നുക
പണിയുക വീണ്ടുമുറങ്ങി വീഴ്ക
അവിടുത്തെ മക്കളെ പ്രസവിച്ചു പോറ്റുക
അവിടുത്തെപ്പൂജയിൽ ധന്യയാക

സാമ്പത്തികമോ സാമൂഹികമോ ലൈംഗികമോ ആയ സ്വാധീകാരങ്ങളി ല്ലാത്ത കീഴായ്മയുടെ ഇടമായി കുടുംബജീവിതം മാറുന്നതിനുള്ള വിയോജി പ്പാണ് സുഗതകുമാരി പ്രകടമാക്കുന്നത്. സഹനത്തിന്റെയും പഴിയുടെയും അസഹിഷ്ണുതയുടെയും ലോകത്തിൽ ആത്മസംഘർഷമനുഭവിക്കുന്ന സ്ത്രീജീവിതത്തിന്റെ യാതനകളിൽ പെൺശിശു പലപ്പോഴും ക്ഷണിക്കപ്പെ ടാത്ത അതിഥിയാവുന്നു. സ്ത്രീധനം പോലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ ബാധ്യതയായി മാറുന്ന പെൺകുഞ്ഞ് വേശ്യാത്തെരുവുകളിലോ കാബറേ പോലുള്ള തൊഴിലുകളിലോ സമൂഹ ത്തിന്റെ പരീക്ഷണശാലകളിലോ എത്തിച്ചേരുമെന്നറിയാവുന്ന അമ്മമാർ വരുംകാല ദുരന്തം മുന്നിൽ കണ്ടുകൊണ്ടാണ് പെൺകുഞ്ഞിനെ ഉപേക്ഷി ക്കുന്നത് (*പെൺകുഞ്ഞ് 90*) അല്ലെങ്കിൽ കൊല്ലേണ്ടതെങ്ങനെ (*കൊല്ലേണ്ട തെങ്ങനെ*) എന്നു ചോദിക്കുന്നത്.

സ്ത്രീക്ക് അവളെ തിരിച്ചറിയലും വീണ്ടെടുപ്പും അസാധ്യമാവുന്ന കുടുംബാന്തരീക്ഷംപൂർവകാലാനുഭവങ്ങളുടെ മാധുര്യത്തെ മുൻനിർത്തുന്നു.

കല്യാണം കഴിച്ചാലും ഇല്ലെങ്കിലും സ്ത്രീ തല ഉയർത്തിത്തന്നെ തറവാട്ടിൽക്കഴിഞ്ഞ, തായ്വീടിന്റെ മടിത്തട്ട് അഭയമായ കാലത്ത് സ്ത്രീധനം ചോദിക്കാനോ മണ്ണെണ്ണ ഒഴിച്ച് കത്തിക്കാനോ ആരും ധൈര്യപ്പെട്ടിരുന്നില്ലെന്ന് ചൂണ്ടിക്കാണിച്ച (വാരിയെല്ല്) സുഗതകുമാരി കടുത്ത ലിംഗാസമത്വങ്ങളുടെ മുകളിൽ പടുത്തുയർത്തിയ വർത്തമാനകാല കുടുംബാന്തരീക്ഷത്തോട് യോജിക്കുന്നില്ല. ഗാർഹികാതിക്രമങ്ങൾക്ക് ഇരയായവർക്ക് അടിസ്ഥാനപരമായ നീതിപോലും നിഷേധിക്കപ്പെടുന്നതിലുള്ള അമർഷമാണ് *സ്ത്രീ നീതിപീഠത്തിനു മുന്നിൽ* (2010:c) എന്ന ലേഖനത്തിലെ പ്രതിപാദ്യം. ഗാർഹികാതിക്രമങ്ങൾക്ക് സാമൂഹികപ്രതിരോധ പരിഹാരനടപടികളാണാവശ്യം എന്നു വ്യക്തമാക്കുന്ന അവർ പുരുഷമേധാവിത്വത്തിന്റേതായ സാമൂഹികനിയമങ്ങളെ മറികടന്ന് സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും യോഗ്യതയുടെയും പേരിൽ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്ന രീതിയോടാണ് താൽപ്പര്യം പ്രകടിപ്പിക്കുന്നത്. വ്യക്തിത്വവികാസത്തിനും ക്രിയാത്മക വളർച്ചയ്ക്കും ഉതകുന്ന ഇത്തരമൊരു കുടുംബസാമൂഹിക രാഷ്ട്രീയ സാഹചര്യത്തിനായി ചെറുത്തുനിൽപ്പിന്റെ പാഠങ്ങൾ സ്വയം ഉൾക്കൊള്ളാനാണ് സുഗതകുമാരി സ്ത്രീകളോട് ആവശ്യപ്പെടുന്നതും.

### 3.4 പ്രതിഷേധത്തിന്റെ പെൺവഴികൾ

സ്ത്രീജീവിതം പരിമിതപ്പെട്ടുപോകുന്നതിന്റെ സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ മാനങ്ങൾ തിരിച്ചറിയുന്ന സുഗതകുമാരി അതിനെതിരെയുള്ള പ്രതിഷേധസ്വരങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. നഷ്ടമാകുന്ന ആദർശത്തിൽ വേദനിക്കുന്നവരും ആത്മഹത്യ അഭയമാക്കുന്നവരും വിലാപത്തെ കൂട്ടുപിടിക്കുന്നവരും ജീവിതത്തെ തന്റേടത്തോടെ നേരിടുന്നവരുമായ വിവിധകഥാപാത്രങ്ങൾ അവതരിപ്പിക്കുന്നത് പ്രതികരണത്തിന്റെ ഭിന്നമുഖങ്ങൾ തന്നെ.

### 3.4.1 സംവേദനത്തിന്റെ പെൺവഴി

പുരുഷനിർവചനങ്ങളിൽ നിന്നകന്ന് സ്ത്രീകേന്ദ്രീകൃതമായ വീക്ഷണം അവതരിപ്പിക്കാൻ ശ്രമിക്കുന്ന എഴുത്തുകാരി നേരിടേണ്ടി വരുന്ന സാമൂഹികവിചാരണകൾ അനവധിയാണ്. *നമ്മുടെ സംസ്കാരം സ്ത്രീകളുടെ മൗനമാണാവശ്യപ്പെടുന്നത്. സ്ത്രീകളുടെ ശബ്ദത്തെ അതു ഭയപ്പെടുന്നു. സ്ത്രീയുടെ ശബ്ദത്തിനു നേരെ അക്രമാസക്തരാകുകയും ചെയ്യുന്നു* എന്ന് മലയാളിയായ ഇന്തോആംഗ്ലിയൻ കവയിത്രി മീനാഅലക്സാണ്ടർ സാഹിത്യത്തിലെ സ്ത്രീവിരുദ്ധതയെ തുറന്നുകാട്ടുന്നു.[28] പുരുഷാധിപത്യവ്യവസ്ഥ സൃഷ്ടിച്ച ഇത്തരം നിരോധങ്ങളും വിലക്കുകളും മറികടന്നുള്ള രചനാരീതി സൃഷ്ടിച്ച പ്രതിസന്ധികളെയും പ്രതിരോധങ്ങളെയും അതിജീവിക്കാനാവാതെ തളർന്നുപോയ സ്ത്രീജീവിതത്തിന്റെ ചിത്രണമാണ് സുഗതകുമാരിയുടെ *രാജലക്ഷ്മിയോട്* എന്ന കവിതയും. പണ്ട് നാമൊരേ ഭീതിയുടെ തിരമാലകൾ ഉയരുന്നതും താഴുന്നതും നോക്കി സഞ്ചരിച്ചവരാണെന്നു പറയുന്ന കവി തന്റെ തന്നെ അപരകർത്തൃത്വമാണ് രാജലക്ഷ്മിയിൽ കാണുന്നത്. വെളിച്ചം നിറഞ്ഞ് കൺകളെ താനേ ഞെരിഞ്ഞുടച്ചും വിശ്വത്തെയാകെ പുണർന്നുപറക്കുന്ന ചിറകുകൾ ഒടിച്ചുകളഞ്ഞും ഇരുട്ടിൽതന്നെത്തന്നെ എറിഞ്ഞുടച്ചും കറുത്ത ചിറകുമായ് രോമശൂന്യമാം നീണ്ട കഴുത്തും നീട്ടി കാത്തിരിക്കുന്ന മൃത്യുവിനടുത്തേക്കു ദീപവും കെടുത്തി മുമ്പേ യാത്രയായ കൂട്ടുകാരി ജീവിതവ്യഥകളിൽ നിന്നുള്ള ശാശ്വതമോചനമായി മരണത്തെ കണ്ടതിലുള്ള വേദനയാണ് കവി ആവിഷ്കരിക്കുന്നത്.

> പാവമാം കുഞ്ഞേ നിന്നെ
> യോർത്തു നിൽക്കുമീയെന്റെ
> ജീവനിൽ യുഗങ്ങൾ തൻ
> വാർധക്യം നിറയുന്നു (രാജലക്ഷ്മിയോട്)

കൂട്ടുകാരി അനുഭവിച്ച മാനസിക ഏകാന്തതകളെ തിരിച്ചറിയുന്നതിലൂടെ സ്ത്രീഹൃദയത്തിന്റെ വേദനകളെ ആവിഷ്കരിക്കാൻ സമാനഹൃദയയായ മറ്റൊരു കവിക്കു കഴിയും എന്ന് സുഗതകുമാരി തെളിയിക്കുന്നു.

പുരുഷമേധാവിത്തസമൂഹം സ്ത്രീയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുമ്പോഴാണ് ഉന്മാദത്തിലേക്കും മരണത്തിലേക്കും നടന്നടുക്കുന്ന സ്ത്രീയവസ്ഥ ഉണ്ടാവുന്നതെന്ന് രാജലക്ഷ്മിയുടെ ആത്മഹത്യാപരാമർശങ്ങളിലൂടെ സുഗതകുമാരി വ്യക്തമാക്കി. സ്ത്രീയുടെ നിശ്ശബ്ദവേദനകൾ, വൈകാരികാനുഭവങ്ങൾ, അവഗണിക്കപ്പെട്ട സ്ത്രീത്വത്തിന്റെ കലാപങ്ങൾ, സ്ത്രീയെ ചൂഷണം ചെയ്യുന്ന സമൂഹത്തോടുള്ള പ്രതിഷേധങ്ങൾ എല്ലാം രാജലക്ഷ്മിയെന്ന പ്രതീകത്തിൽ ഉൾക്കൊള്ളിക്കുന്ന സുഗതകുമാരി മനുഷ്യരുടെ മാനസികാരോഗ്യത്തിനും ജീവനും ഉറപ്പുനൽകുന്ന ലിംഗബോധമുള്ള സമുഹം വാർത്തെടുക്കപ്പെടേണ്ടതിനാണ് ഊന്നൽ നൽകുന്നത്.

രാജലക്ഷ്മിയുടെ ആത്മഹത്യ പ്രമേയമാക്കുന്നതിലൂടെ സ്ത്രീത്വത്തിന്റെ വ്യഥകൾ മാത്രമല്ല തന്റെ കാലത്തിലെ രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥകളോടുള്ള പ്രതികരണവും സുഗതകുമാരി നടത്തുന്നു.

എന്റെ വാനത്തിൽ തെല്ലു
മങ്ങിമിന്നിയ പുത്ത-
നമ്പിളി കടുംചോപ്പായ്
കറുപ്പായ് വിറയ്ക്കുന്നു (രാജലക്ഷ്മിയോട്)

എന്ന വരികൾ സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ ദേശീയരാഷ്ട്രീയത്തിൽ മെല്ലെ പടർന്ന് സാന്ദ്രത കൈവരിച്ച ഇരുട്ടിന്റെ പ്രതിഫലനം കൂടിയാണ്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ പടർന്നുപിടിച്ച നിരാശയും വിശ്വാസത്തകർച്ചയും സാമൂഹികവും രാഷ്ട്രീയവുമായ തകർച്ചകളും പ്രമേയമാക്കുന്ന കവിതകളാണ് നിങ്ങളീ ഇന്ത്യയെ ഇപ്പോഴും സ്നേഹിക്കുന്നുവോ?

*ബീഹാർ, ധർമ്മം എന്ന പശു, സ്വാതന്ത്ര്യം 1976, ഒരു സ്വാതന്ത്ര്യദിനത്തിൽ, ആഗസ്റ്റ് 15 1981* എന്നീ കവിതകൾ.

### 3.4.2 നഷ്ടമാകുന്ന ആദർശത്തിലുള്ള വേദന

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെയും സ്വാതന്ത്ര്യലബ്ധിയുടെയും നാളുകളിലും അതേത്തുടർന്നുള്ള പ്രതീക്ഷയുടെ വർഷങ്ങളിലും താൻ വഴികാട്ടിയായി കണ്ട നെഹ്റുവിയൻ പാരമ്പര്യത്തിന്റെയും അതിന്റെ മൂർത്ത ബിംബമായി ആരാധിച്ച ഇന്ദിരാപ്രിയദർശിനിയുടെയും രാഷ്ട്രീയമുഖം ഇരുണ്ടുപോകുന്നതിന്റെ ആധികളും സുഗതകുമാരി പ്രകടമാക്കുന്നുണ്ട്.[29] *പ്രിയദർശിനി നിന്നെ സ്നേഹിച്ചു ഞങ്ങൾ* എന്ന കവിതയിൽ അടിയന്തരാവസ്ഥക്കാലത്തെ ജനാധിപത്യധ്വംസനത്തിലും മനുഷ്യാവകാശലംഘനങ്ങളിലുമുള്ള അസ്വസ്ഥതയാണ് കാണാനാവുക. ഇന്ദിരാഗാന്ധിയോടുള്ള സ്നേഹാരാധനകൾ പ്രകടമാക്കിക്കൊണ്ടു തന്നെ തങ്ങളുടെ ആശകൾ തകർന്നതിന്റെ വേദന കവി അവതരിപ്പിക്കുന്നു

തകരും ശബ്ദം! . . . പ്രിയ
ദർശിനി! ഞങ്ങൾക്കുള്ളി
ലൊരു രോദനം പൊങ്ങീ
മിഥ്യയായ് തീർന്നോ നീയും

(പ്രിയദർശിനി നിന്നെ സ്നേഹിച്ചു ഞങ്ങൾ)

പുരുഷനൊപ്പം തലയുയർത്തി നിൽക്കുന്ന തന്റേടിയായ സ്ത്രീത്വത്തിന്റെ പ്രതീകമായി ഇന്ദിരാഗാന്ധിയെ കണ്ട സുഗതകുമാരി അവർക്കുള്ള അശ്രുപൂജയായി രചിച്ച കവിതയാണ് *പ്രിയദർശിനി നിനക്കുറങ്ങാമിനി* വ്യക്തിയുടെ മരണത്തിലൂടെ അടിച്ചമർത്തപ്പെടുന്ന വിഭാഗത്തിന്റെ വേദനയും രോഷവും പ്രകടിപ്പിക്കുന്ന കവി കാലദേശാതീതമായ സ്വാതന്ത്ര്യബോധത്തിന്റെയും അവകാശത്തിന്റെയും പ്രതീകമായി ഇന്ദിരാഗാന്ധിയെ

അവതരിപ്പിക്കുന്നു. സ്വപ്രയത്നത്തിലൂടെ സ്ത്രീ എത്രമാത്രം ഉയർന്നാലും പുരുഷന്റെ ദുരഭിമാനം തന്ത്രപൂർവ്വം മേൽക്കൈ നേടുമെന്ന് സൂചിപ്പിക്കുന്നതിലൂടെ കവിത നിശ്ശബ്ദമാക്കപ്പെട്ടവരുടെ നാവായി മാറുന്നു.[30]

നിന്ദതൻ തീരാചൂടി
ലെന്നെന്നും കരിയുന്നോ
രിന്ത്യതൻ സ്ത്രീത്വത്തിന്റെ
യഭിമാനമേ വിട

അവകാശനിഷേധങ്ങളിലൂടെയും നിന്ദയിലൂടെയും സ്ത്രീത്വത്തെ കീഴടക്കാൻ ശ്രമിക്കുന്ന പുരുഷാധിപത്യലോകത്തെപ്പറ്റിയുള്ള തിരിച്ചറിവും കവിത പ്രദാനം ചെയ്യുന്നു.

### 3.4.3 കരുത്ത് തിരിച്ചറിയുന്ന സ്ത്രീ

പുരുഷമേധാവിത്തം എന്നത് ഭാരതീയപശ്ചാത്തലത്തിൽ വിഷമയമായ ദാരുണസത്യമാണെന്ന് അഭിപ്രായപ്പെടുന്ന സുഗതകുമാരി സ്ത്രീയുടെ കണ്ണീരിന്റെയും പീഡനത്തിന്റെയും അപമാനത്തിന്റെയും തുടർക്കഥകളിലുള്ള അസ്വസ്ഥത പ്രകടമാക്കുന്നതോടൊപ്പം അതിൽ നിന്നുള്ള മോചനവും ആഗ്രഹിക്കുന്നുണ്ട്.[31] പതിവുവേഷങ്ങളാടി പരാജയപ്പെട്ട സ്ത്രീക്ക് സ്ത്രൈണവിഹ്വലതകളിൽ നിന്നും മനസ്സിലെ പരമ്പരാഗതസങ്കൽപ്പങ്ങളിൽ നിന്നുമുള്ള മോചനമാണാവശ്യം. സ്വന്തം കരുത്തു തിരിച്ചറിയാനും വ്യവസ്ഥാപിതസങ്കല്പങ്ങൾക്കെതിരെ പ്രതികരിക്കാനും തന്റെ ഉള്ളിലെ മുഗ്ധഭാവങ്ങളെ സ്ത്രീക്ക് ഒഴിപ്പിച്ചേ മതിയാവൂ.

ഉള്ളിലെ പരിഭ്രാന്ത-
യായ പെൺകിടാവിനെ
ക്കൊല്ലുവാനെന്തേ വഴി
ഇവളാണിന്നെൻ ദു:ഖം (ബാധയൊഴിക്കൽ)

ബാധ പൂർണ്ണമായി ഒഴിവാക്കാനാവില്ലെങ്കിലും സ്ത്രീക്ക് തന്നെ ത്തന്നെ തിരിച്ചറിയാനാവുന്നു എന്നതു പ്രധാനമാണ്. പുറത്തുനിൽക്കുന്ന ശക്തിയെ അകത്ത് കുടിയിരുത്താനാഗ്രഹിക്കുന്ന മന:പരിവർത്തനമാണ് *അകത്താര്* എന്ന കവിതയിലുള്ളത്. ആത്മാഭിമാനം ഉള്ളവളായി സ്ത്രീ മാറുന്ന പ്രവണതയാണ് കവിക്ക് സ്വീകാര്യം. അതിനാൽ നൂറ്റാണ്ടുകളായി പെൺകുട്ടികളെ പഠിപ്പിച്ച പാഠം മാറ്റണമെന്നതാണ് സുഗതകുമാരിയുടെ ആവശ്യം. *താൻ രണ്ടാംകിടക്കാരിയല്ലെന്ന ബോധം, സ്വന്തം കാലിൽ നിവർന്നുനിൽക്കാൻ തനിക്കു കഴിവുണ്ടെന്ന ആത്മവിശ്വാസം, ഒരു പുരുഷന്റെ വാമഭാഗമാകുക എന്നതു മാത്രമല്ല തന്റെ ജന്മോദ്ദേശ്യമെന്ന ഉറപ്പ്, താൻ ഒരു പൂർണവ്യക്തിയാണെന്നും ഒരുവന്റെ വാരിയെല്ലു മാത്രമല്ല എന്നുമുള്ള അഭിമാനബോധം എന്നിവ ആർജ്ജിക്കുന്ന സ്ത്രീയാണ് ഭാവികാലത്തിന്റെ ആവശ്യമെന്ന്* വാരിയെല്ലിൽ (2010:c) സുഗതകുമാരി വ്യക്തമാക്കുന്നു.

ഭൂമിയുടെയും സ്ത്രീയുടെയും രക്ഷ ഭാവിയിലെ പെൺകുഞ്ഞുങ്ങളിലായിരിക്കുമെന്നു പ്രത്യാശ പുലർത്തുന്ന കവി (*പെൺകുഞ്ഞ് 90*) സ്വജീവിതത്തിലും സ്വപ്നത്തിലും കർത്തൃത്വമില്ലാത്ത നിസ്സഹായത മാറ്റിവച്ച് തന്റേടത്തിന്റെ പാഠങ്ങൾ കൈക്കൊള്ളാനാണ് *ചെറുത്തുനിൽപ്പിനു സമയമായി*യിൽ (2010:c) സ്ത്രീകളോട് ആവശ്യപ്പെടുന്നത്.

*ധീരയാവുക, സ്വന്തം കാലിൽ നിവർന്നു നിൽക്കുക, യാതൊരു അവഹേളനത്തിനും തലകുനിച്ചു കൊടുക്കാതിരിക്കുക, അപമാനിക്കാൻ വരുന്നവന്റെ നേർക്ക് സിംഹിയെപ്പോലെ തിരിഞ്ഞുനിൽക്കാൻ ശക്തി സംഭരിക്കുക.*

കമ്പോളവൽക്കരണത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും കച്ചവടക്കെണികളിൽ ഉടലായി മാറ്റുന്ന സ്ത്രീത്വത്തെക്കുറിച്ചുള്ള ആധികളാണ് *കരയരുത് പൊരുതുക* (2010:c) എന്ന ലേഖനത്തിലെയും പ്രതിപാദ്യം. ഈ *നാടിനു പുതിയ ശുദ്ധിയും ശക്തിയും ചൈതന്യവും ഉണ്ടാക്കാൻ ചെറുപ്പ*

*ക്കാരുടെ പ്രത്യേകിച്ച് പെണ്ണുങ്ങളുടെ ചാവേർപ്പട തന്നെ ഉരുത്തിരിഞ്ഞുവരണം. ചോദിക്കാൻ ഇവിടെ ആളുണ്ട് എന്ന് ക്രിമിനലുകൾക്ക് ബോധ്യമാവണം* എന്ന് വിമോചനത്തിന്റെ പാഠങ്ങളെ സുഗതകുമാരി നിർദ്ദേശിക്കുന്നു.

### 3.4.4 സമത്വത്തിന്റെ പാത

സ്ത്രീ അവളുടെ സ്വത്വത്തെയും തനിമയെയും അഭിമാനത്തെയും പാലിച്ച് പുരുഷനു തുല്യയായി മുന്നോട്ടുപോകാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കണം എന്നതായിരിക്കണം ഫെമിനിസത്തിന്റെ ലക്ഷ്യമെന്ന് അഭിപ്രായപ്പെടുന്ന സുഗതകുമാരി[32] പുരുഷനെ ഒരിക്കലും നിരാകരിക്കുന്നില്ല. സ്ത്രീക്ക് തലചായ്ച്ച് ആശ്വസിക്കാൻ ഒരു നിശ്ചയത്തിന്റെ തോൾ വേണമെന്നുള്ള അവരുടെ ആഗ്രഹത്തിന്റെ പ്രതിഫലനമാണ് *അത്രമേൽ സ്നേഹിക്കയാൽ* എന്ന കവിത.

> പൊള്ളിടും നെറുകയിൽ
> തണുപ്പിൽ കരം ചേർത്തെ
> ന്നല്ലൽ മായ്ക്കുവാ, നെന്റെ
> യിരുളും നിലാവാക്കാൻ

പോന്ന ഭാര്യാഭർത്തൃബന്ധത്തിന്റെ ഊഷ്മളതയിലൂടെ സ്ത്രീപുരുഷബന്ധത്തിനുവേണ്ട സമത്വവും പ്രണയപാരസ്പര്യവുമാണ് വ്യക്തമാക്കുന്നത്. ഒരു സഹജീവി എന്ന നിലയിൽ പുരുഷനെ അംഗീകരിച്ചും പരിഗണിച്ചും സ്വന്തം വ്യക്തിത്വവും സ്വത്വമഹിമയും സമ്പൂർണമായി വികസിപ്പിക്കാൻ കഴിയുന്ന സ്വാസ്ഥ്യത്തിന്റെ ഇടമാവണം കുടുംബം. പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ, അടിച്ചമർത്തലുകളും ആധിപത്യങ്ങളുമില്ലാത്ത അത്തരമൊരിടത്തിനായുള്ള പ്രവർത്തനങ്ങൾക്കാണ് സുഗതകുമാരി പ്രാധാന്യം നൽകുന്നതും.

### 3.5 സ്ത്രീവാദപരമായ ഇടപെടലുകൾ

ആക്ടിവിസ്റ്റ് എന്ന നിലയിലും സാമൂഹികപ്രതിബദ്ധതയുള്ള കവി എന്ന നിലയിലും കേരളത്തിലെ സ്ത്രീകൾക്കു വേണ്ടി സുഗതകുമാരി നടത്തിയിട്ടുള്ള ഇടപെടലുകൾ അവരുടെ കാവ്യജീവിതത്തെയും കാവ്യവീക്ഷണത്തെയും രൂപപ്പെടുത്തുന്നതിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്.

#### 3.5.1 പാരമ്പര്യത്തിന്റെ കരുത്ത്

വൈകാരിക ആത്മപ്രകാശനമായ കവിത പോലെ തന്നെ പ്രധാനമാണ് സാമൂഹികപ്രവർത്തനവും എന്ന ചിന്തയിലേക്ക് സുഗതകുമാരിയെ നയിച്ചത് സാഹിത്യവും സാമൂഹികരാഷ്ട്രീയപ്രവർത്തനങ്ങളും സംഗമിച്ചിരുന്ന കുടുംബന്തരീക്ഷമായിരുന്നു. ഗാന്ധിയൻആദർശങ്ങളിലേക്ക് ഉൾക്കാഴ്ച നൽകുന്ന കരുത്തുറ്റ സമരഗാഥകളുടെയും സ്വാതന്ത്ര്യഗീതികളുടെയും രചയിതാവായ ബോധേശ്വരൻ ത്യാഗത്തിന്റെയും ക്ലേശത്തിന്റെയും രാജ്യാഭിമാനത്തിന്റെയും നിറമുള്ള രാഷ്ട്രീയത്തെയാണ് മുറുകെപ്പിടിച്ചത്. സ്വകീയവേദനകൾക്കുപരി പടർന്നുപന്തലിക്കുന്ന സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങളും പീഡിതവർഗത്തിന്റെ ഭൗതികദുരിതങ്ങളും ഉൾക്കൊള്ളാനും കവിതയ്ക്കപ്പുറം കാലുറപ്പിക്കാനും സുഗതകുമാരിക്ക് പ്രേരണ നൽകിയത് ബോധേശ്വരൻ ഉയർത്തിയ മനുഷ്യത്വത്തിന്റെ രാഷ്ട്രീയം തന്നെ. സാഹിത്യത്തിന്റെയും ചിന്തയുടേയും വിശാലലോകം അച്ഛൻ തുറന്നിട്ടെങ്കിലും അതിലേക്ക് ചിട്ടയായി അടുപ്പിച്ചതും സ്വഭാവരൂപവത്കരണത്തിൽ പ്രധാനപങ്കുവഹിച്ചതും അമ്മയായ കാർത്ത്യായനിയമ്മയാണ്. ഈ പാരമ്പര്യബോധത്തെയാണ് രചനകളിലും പ്രവർത്തനങ്ങളിലും സുഗതകുമാരി ഉൾക്കരുത്താക്കിയത്.

#### 3.5.2 അഭയയുടെ രൂപീകരണം

സ്ത്രീകളുടെ വേദനകളും പീഡനങ്ങളും പുസ്തകത്താളുകളിൽ ഒതുക്കിനിർത്താതെ സമൂഹമധ്യത്തിൽ നടപ്പാക്കാനുള്ള സുഗതകുമാരിയുടെ

ശ്രമമാണ് അഭയ എന്ന സ്ഥാപനം . ജീവിതത്തിലെ ആദ്യത്തെ ടേണിങ്പോയിന്റ് എന്ന് സൈലന്റ്വാലി പ്രക്ഷോഭത്തെ വിശേഷിപ്പിച്ച സുഗതകുമാരി രണ്ടാമത്തെ വഴിത്തിരിവായാണ് അഭയയെ കാണുന്നത്. 1985 വരെ കേരളത്തിലെ മൂന്നു മനോരോഗാശുപത്രികളും (തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്) അടഞ്ഞ ആശുപത്രികളായിരുന്നു. ദുർഗന്ധവും പട്ടിണിയും നഗ്നതയും സ്ത്രീകളെ വിൽക്കലും ഒക്കെ നടന്നിരുന്ന ഇടങ്ങൾ. നരകദർശനമായിരുന്നു അത്. നരകം ഒരിക്കൽ കണ്ടാൽ പിന്നെ മോചനമില്ല എന്നഭിപ്രായപ്പെട്ട സുഗതകുമാരി മനോരോഗാശുപത്രിയിലെ ദയനീയാവസ്ഥ കണ്ട് തുടങ്ങിയതാണ് അഭയ.[33] മനോരോഗാശുപത്രിയെ നവീകരിക്കാനായി ജാഥ, മീറ്റിംഗ്, ഒപ്പുശേഖരണം, പ്രധാനമന്ത്രിക്കും മറ്റും ടെലഗ്രാം അയയ്ക്കൽ എന്നിവ നടത്തിയെങ്കിലും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലൂടെയാണ് അഭയയുടെ സ്ഥിതി മെച്ചപ്പെട്ടത്. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടോടെ അടഞ്ഞു കിടന്ന ആശുപത്രിവാതിൽ തുറക്കപ്പെടുകയും മനോരോഗികളുടെ ദയനീയാവസ്ഥയ്ക്ക് മാറ്റമുണ്ടാവുകയും ചെയ്തു.

കെ. വി. സുരേന്ദ്രനാഥ് അദ്ധ്യക്ഷനും സുഗതകുമാരി സ്ഥാപകസെക്രട്ടറിയും കെ. നാരായണൻ ജോയിന്റ് സെക്രട്ടറിയുമായി രൂപീകരിക്കപ്പെട്ട അഭയയുടെ (1985) ആദ്യ അഞ്ചുവർഷങ്ങളിലെ പ്രവർത്തനം മനോരോഗ ആശുപത്രിക്കകത്തായിരുന്നു. രോഗം മാറുന്ന സ്ത്രീകൾക്കു മുന്നിൽ പുറംലോകം തിരിഞ്ഞുനിൽക്കുന്നു എന്ന അറിവ് അഭയയുടെ പ്രവർത്തനം വ്യാപിപ്പിക്കാനും പുനരധിവാസസങ്കേതങ്ങൾ തുടങ്ങാനും ഇടയാക്കി. മാനസികസംഘർഷം അനുഭവിക്കുന്നവർ, പീഡിതകളും നിരാലംബരുമായ സ്ത്രീകൾ, ദുരിതമനുഭവിക്കുന്ന പെൺകുട്ടികൾ, മദ്യ/മയക്കുമരുന്ന് ആസക്തർ എന്നിവർക്കു വേണ്ടി അഭയയ്ക്കു കീഴിൽ നിരവധി സ്ഥാപനങ്ങൾ പിന്നീട് രൂപവത്കൃതമായി. തിരുവനന്തപുരത്തുള്ള അഭയഗ്രാമത്തിൽ നിർധനമനോരോഗികൾക്ക് ചികിത്സയും തൊഴിൽപരിശീലനവും നടത്തുന്ന

കർമ്മ, മദ്യമയക്കുമരുന്നുശീലക്കാരെ ചികിത്സിക്കുന്ന മിത്ര, മനോരോഗി കൾക്കുള്ള പകൽശ്രദ്ധാസംവിധാനമായ ശ്രദ്ധാഭവനം, ദാരിദ്ര്യത്താലും ദുരി തങ്ങളാലും പീഡനങ്ങളാലും എത്തപ്പെട്ട പെൺകുട്ടികൾക്കുവേണ്ടിയുള്ള സംരക്ഷണകേന്ദ്രമായ അഭയബാല എന്നിവ പ്രവർത്തിച്ചു വരുന്നു. മദ്യമയ ക്കുമരുന്ന് ആസക്തിക്ക് ചികിത്സയും കൗൺസിലിംഗും നടത്തുന്ന ബോധി യെന്ന ആശുപത്രി (പൂജപ്പുര), ദുരിതബാധിതരായ സ്ത്രീകൾക്കു വേണ്ടി യുള്ള ഹ്രസ്വകാലസംരക്ഷണകേന്ദ്രങ്ങളായ അത്താണി (വഞ്ചിയൂർ), തിരുവ നന്തപുരം മാനസികാരോഗ്യകേന്ദ്രവും അഭയയും സംയോജിതമായി പേരൂർക്കടയിൽ ചികിത്സകഴിഞ്ഞവരും അല്ലാത്തവരുമായ മനോരാഗി കൾക്കായി നടത്തുന്ന ഡേകെയർ സെന്ററായ പകൽവീട് എന്നിവയും അവ ഗണിതവിഭാഗങ്ങൾക്ക് അത്താണിയായി പ്രവർത്തിച്ചു വരുന്നവയാണ്.

### 3.5.3 തിരസ്കൃതരുടെ ആത്മഗാഥകൾ

സാമൂഹികവൈകൃതങ്ങളാലും പുരുഷാധിപത്യതാൽപര്യങ്ങളാലും പീഡനത്തിന്റെ മുറിവുകൾ ഏൽക്കേണ്ടി വരുന്ന സ്ത്രീത്വത്തെയാണ് വനി താകമ്മീഷൻ അധ്യക്ഷ എന്ന നിലയിലും സുഗതകുമാരിക്ക് നേരിടേണ്ടി വന്നത്. മകൾ, പെങ്ങൾ, കാമുകി, ഭാര്യ, അമ്മ എന്നീ നിലകളിലെല്ലാം പുരുഷൻ വേട്ടയാടുന്ന സ്ത്രീ എക്കാലവും ആവർത്തിക്കുന്ന പഴയ കഥക ളുടെ പുതിയ രൂപവുമായി ഇന്നും തന്റെ മുന്നിൽ വന്നിരുന്നുവെന്ന് *വനിതാ കമ്മീഷൻ* എന്ന കവിതയിൽ സുഗതകുമാരി ചൂണ്ടിക്കാണിക്കുന്നു. മർദ്ദന ത്തിന്റെ പാടുമായി, ഭർത്താവ് ഉപേക്ഷിച്ചവളായി, സ്ത്രീധനത്തിന്റെ പേരിൽ പീഡനമേറ്റവളായി, സദാചാരത്താൽ ശിക്ഷയേറ്റവളായി

പതിവുചതിതൻ കഥയുമായി
പതിവുപതിതൻ വ്യഥയുമായി
പറയാച്ചുമടിൻ വിളർപ്പുമായി
അവളിന്നുമെൻ മുന്നിൽ വന്നിരുന്നു (വനിതാകമ്മീഷൻ)

പലമട്ടിലുള്ള സങ്കടങ്ങളുമായി സമീപിച്ച സ്ത്രീകളുടെ അവസ്ഥാന്തരങ്ങൾ വ്യക്തമാക്കുന്ന കവി 'അവൾ' എന്ന സർവനാമമാണ് തിരസ്കൃതരുടെ ആത്മഗാഥകൾക്കായി ഉപയോഗിക്കുന്നത്. കയറിൻകുടുക്കിൽ കുരുങ്ങിയും മുറിവേറ്റ് മെയ്യോടിഴഞ്ഞും തീയിൽ കരിഞ്ഞുകറുത്തും നോവിൽ കുതിർന്നു കലങ്ങിയും പെരുവയർ താങ്ങിത്തളർന്നുമുള്ള അവളുടെ വരവിനെ ചിത്രീകരിച്ച കവി കനൽപുകയുന്ന കണ്ണോടെ കയ്യിൽ ചിലമ്പുമുയർത്തി വരുന്ന കണ്ണകീസമാനമായ സ്ത്രീയിലൂടെ പീഡിതചേതനയുടെ വിമോചനസ്വപ്നവും ആവിഷ്കരിക്കുന്നു. മർദ്ദിതപീഡിതചൂഷിതവനിതകളുടെ സംഘടിതശക്തിയിൽ നിന്നുയരുന്ന രോഷാഗ്നിയിൽ മർദ്ദകചൂഷകസംവിധാനം വെന്തുവെണ്ണീരാവുമെന്ന ആശയമാണ് ഇവിടെ സൂചിതം.

വനിതാകമ്മീഷൻ ചെയർപേഴ്സൺ (1996–2001) എന്ന നിലയിൽ ദുരിതബാധിതരായ സ്ത്രീകളുടെ പ്രശ്നങ്ങൾ അറിയാൻ കഴിഞ്ഞെങ്കിലും അവയ്ക്കുള്ള പരിഹാരങ്ങൾ ഫലപ്രദമായി നടത്താനായെന്ന് സുഗതകുമാരിക്ക് അഭിപ്രായമില്ല. ഇടപെടലുകളിലെ സ്വാതന്ത്ര്യക്കുറവ് ചൂണ്ടിക്കാണിക്കുന്ന അവർ രാഷ്ട്രീയാതീതവും ശക്തവുമായില്ലെങ്കിൽ കമ്മീഷൻ വെറും അലങ്കാരമായിത്തീരുമെന്ന് സൂചിപ്പിക്കുന്നുണ്ട്. ശുപാർശകൾ സമർപ്പിക്കാനല്ലാതെ മറ്റൊന്നിനുമാവാത്ത സ്ഥിതിമാറി സ്ത്രീകളുടെ ഈ ഉന്നതസമിതിക്ക് വേണ്ടത്ര അധികാരം നൽകണമെന്നതാണ് സുഗതകുമാരിയുടെ ആവശ്യം.[34]

### 3.5.4 ഇടപെടലും സാഹിത്യരചനയും

സമത്വവും നീതിയും നിഷേധിക്കപ്പെടുന്ന സ്ത്രീത്വത്തിനു വേണ്ടിയുള്ള പുനരധിവാസസങ്കേതങ്ങൾക്കും ഇടപെടലുകൾക്കും പ്രാധാന്യം നൽകുന്ന സുഗതകുമാരി മനസ്സിന് ആഴത്തിൽ മുറിവേൽക്കുന്ന അനുഭവങ്ങളോടുള്ള പ്രതികരണമാണ് തന്റെ ജീവിതമെന്നതുപോലെ കവിതയുമെന്ന് വിലയിരുത്തുന്നു. കേടുപറ്റിയ ഹൃദയങ്ങളെ കമ്പോളത്തിൽ നിന്നു വാങ്ങി

കണ്ണീരുപ്പും നിഷ്ഫലക്രോധത്തിന്റെ എരിവും അപമാനത്തിന്റെ ലജ്ജയും ചേർത്ത് ഉൾച്ചൂടിൽ തിളപ്പിച്ച് വിളമ്പാൻ വിധിക്കപ്പെടുമ്പോൾ

നാവിലലിയുന്നതോ? ചോരയ-
ല്ലിറ്റു കവിതയാം (ഒരു പാചകക്കുറിപ്പ്)

എന്നു കാവ്യകർമ്മത്തിന്റെ പ്രത്യേകത സുഗതകുമാരി വ്യക്തമാക്കുന്നുണ്ട്.

കവി, സോഷ്യൽ ആക്ടിവിസ്റ്റ്, ജീവകാരുണ്യപ്രവർത്തക എന്നിങ്ങനെയുള്ള മൂന്നുവശങ്ങളും തന്നെ സംബന്ധിച്ചിടത്തോളം ഒന്നു തന്നെയാണെന്നാണ് സുഗതകുമാരിയുടെ അഭിപ്രായം.

*എന്റെ എഴുത്ത് എന്റെ തന്നെ ആത്മപ്രകാശനമാണ്. പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള പ്രവർത്തനമാണെങ്കിലും കുട്ടികൾക്കു വേണ്ടിയുള്ള പ്രവർത്തനമാണെങ്കിലും മനോരോഗികൾക്കു വേണ്ടിയുള്ള ഇടപെടലുകളാണെങ്കിലും എന്റെ ആത്മപ്രകാശനമാണിത്. അതും എന്റെ കവിത തന്നെയാണ്. എന്റെ ജീവിതം തന്നെയാണ്.*[35]

പരിസ്ഥിതി സ്നേഹം, സ്ത്രീശാക്തീകരണം, സാമൂഹികപ്രവർത്തനം എന്നിവയ്ക്ക് പ്രസംഗം, എഴുത്ത് എന്നിവ പോലെ പ്രാവർത്തിക ഇടപെടലിനെയും ഉപയോഗിച്ച സുഗതകുമാരി ലിംഗമേധാവിത്വം ഒഴിവാക്കിക്കൊണ്ടുള്ള സാമൂഹികരാഷ്ട്രീയ പ്രവർത്തനമായാണ് ഫെമിനിസത്തെ ഉൾക്കൊള്ളുന്നത്.

ലിംഗപരമായ ആധിപത്യത്തിൽ നിന്നു സ്ത്രീക്കു മോചനം ലഭിക്കുന്നതോടൊപ്പം സ്ത്രീപുരുഷസമത്വം എന്ന സങ്കൽപ്പനം പ്രധാനമാക്കുകയും വേണം. ഇത്തരമൊരിടത്തിലേ സഹനത്തിന്റെയും പീഡനത്തിന്റെയും കമ്പോളവത്കൃതശരീരബോധത്തിന്റെയും തടവറകളിൽ നിന്നു സ്ത്രീക്ക്

മോചനം ലഭിക്കൂ. സ്ത്രീക്ക് തലയുയർത്തി നിൽക്കാനാവുന്ന, പാരസ്പര്യ ത്തിൽ അധിഷ്ഠിതമായ സമൂഹത്തിനു വേണ്ടിയുള്ള പ്രവർത്തന ങ്ങൾക്കാണ് സുഗതകുമാരി പ്രാമുഖ്യം നൽകിയതും.

സ്ത്രീത്വത്തിനു അഭിമുഖീകരിക്കേണ്ടി വരുന്ന ദുരിതങ്ങളും വിഷാ ദവും പ്രതിസന്ധികളുമൊക്കെ പ്രതിപാദിക്കുമ്പോൾത്തന്നെ അവയെ മറിക ടന്ന് ജീവിതത്തെ ഉൾക്കൊള്ളാനും നേരിടാനും കരുത്തു നൽകുന്ന പരമ മായ സ്നേഹത്തിന്റെയും അനുരാഗത്തിന്റെയും ഭക്തിയുടെയും തലങ്ങൾ ആവിഷ്കരിക്കാൻ കവിക്ക് പ്രേരണ നൽകുന്നതും ഈ പാരസ്പര്യ ബോധമാണ്. സുഗതകുമാരിയുടെ കവിതയിലെ പ്രണയസങ്കൽപ്പമാണ് അടുത്ത അധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

# കുറിപ്പുകൾ

1. ബാനർജി. ഇ, *മിത്തും മലയാളനോവലും*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റ്റ്റ്യൂട്ട്, 2009, പുറം.100.
2. *ശ്രീമദ്വാല്മീകി രാമായണം അയോധ്യാകാണ്ഡം*, ഒന്നാംഖണ്ഡം 27ാം സർഗം ശ്ലോകം 4, ശ്രീനിവാസയ്യർ. ജി. എസ് (വ്യാഖ്യാ.), ലാൽഘട്ട്: രാമായണ പബ്ലിഷിംഗ് ഹൗസ്, 1962, പുറം.306.
3. തുഞ്ചത്ത് എഴുത്തച്ഛൻ, *അധ്യാത്മരാമായണം കിളിപ്പാട്ട്* അയോധ്യാ കാണ്ഡം, ചന്ദ്രശേഖരവാരിയർ. എം. എസ് (സംശോ.) കോട്ടയം: ഡി. സി. ബുക്സ്, 1996, പുറം.101.
4. നിത്യചൈതന്യയതി, *സീത നൂറ്റാണ്ടുകളിലൂടെ*, തിരുവനന്തപുരം: നാരായണഗുരുകുലം, 2000, പുറം.68
5. എം. ലീലാവതി, *സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2008, പുറം.211.
6. എൻ. വി. പി. ഉണിത്തിരി, 'സുഗതകുമാരിയുടെ സമ്പൂർണകവിതകൾ ഒരു പഠനം', *കാട്ടുകിളിയുടെ പാട്ട്*, ടോണി മാത്യു (എഡി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം.94.
7. എം. ലീലാവതി, *സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാള സാഹിത്യത്തിൽ*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 2008, പുറം.209.
8. സുഗതകുമാരി/ലളിതാലെനിൻ, 'തോൽക്കുന്ന യുദ്ധത്തിലെ തോൽക്കാത്ത പോരാളി'(അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്*, പുറം,486.
9. എം. ലീലാവതി, അമ്പലമണിയുടെ അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി.ബുക്സ്, 2007, പുറം.414.
10. ______________ *1988ലെ തിരഞ്ഞെടുത്ത കവിതകളുടെ പഠനം*, കോട്ടയം: ഡി. സി. ബുക്സ്, 1989, പുറം.10.

11. അക്ബർ കക്കട്ടിൽ, *സർഗസമീക്ഷ*, കോട്ടയം: കറന്റ് ബുക്സ്, 1993, പുറം.273.

12. ജാൻസിജെയിംസ്, *ഫെമിനിസം*, എൻ. ജയകൃഷ്ണൻ (എഡി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം.1.

13. വി. രാജകൃഷ്ണൻ, *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*, കോഴിക്കോട്: കോസ്മോ ബുക്സ്, 1998, പുറങ്ങൾ.156-157.

14. ഡി. ബഞ്ചമിൻ, 'ക്രിസ്ത്യൻ മിത്തോളജി സുഗതകുമാരിയുടെ കവിതയിൽ', *കാട്ടുകിളിയുടെ പാട്ട്*, പുറം.47.

15. Adrienne Rich, of women Born: Motherhood as Experience and Institution, New York: ww.Norton, 1976, p.13.

16. Helen Cixous, The Laugh of Medusa, New French Feminisms, Elain Marks&Isabella Courtivron (ed.), Sussex: The Harvester Press, 1981, p.251.

17. Nancy Chodrow, The Reproduction of Mothering, Benkely: University of California Press, 1978.

18. എം.കെ.രാമകൃഷ്ണൻ, കെ.എം.വേണുഗോപാലൻ, സ്ത്രീവിമോചനം ചരിത്രംസിദ്ധാന്തംസമീപനം, പയ്യന്നൂർ:നയനബുക്സ്, 1989, പുറം.146.

19. അയ്യപ്പപ്പണിക്കർ, അയ്യപ്പപ്പണിക്കരുടെ ഏഴുകവിതകൾ: പഠനങ്ങളും, കോട്ടയം: ഡി.സി.ബുക്സ്, 1986, പുറങ്ങൾ.78-86.

20. സുഗതകുമാരി, 'ഒരമ്മ', *മാധ്യമം ആഴ്ചപ്പതിപ്പ്*, പുസ്തകം 14, ലക്കം 675, 2011 ജനുവരി 24, പുറം.17.

21. എം. ലീലാവതി, അമ്പലമണിയുടെ അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി.ബുക്സ്, 2007, പുറം.413.

22. സച്ചിദാനന്ദൻ (എഡി.), *സ്ത്രീപഠനങ്ങൾ*, കോഴിക്കോട്: ബോധിപബ്ലിഷിംഗ് ഹൗസ്, 1990, പുറം:36.

23. ഒ.എൻ.വി, അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി. ബുക്സ്, 2007.

24. സി. എസ്. ചന്ദ്രിക, *ആർത്തവമുള്ള സ്ത്രീകൾ*, മാവേലിക്കര: ഫേബിയൻ ബുക്സ്, 2008, പുറങ്ങൾ.100-101.

25. എം. ലീലാവതി, *കവിതാധ്വനി*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2009, പുറങ്ങൾ.172-173.

26. __________________അമ്പലമണിയുടെ അവതാരിക, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, പുറം.412.

27. __________________കവിതാധ്വനി, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2009, പുറങ്ങൾ.176-178.

28. എൻ. കെ. രവീന്ദ്രൻ, *പെണ്ണെഴുതുന്ന ജീവിതം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010, പുറം.65

29. കെ. എസ്. രവികുമാർ, *ആഖ്യാനത്തിന്റെ അടരുകൾ*, കോട്ടയം: ഡി. സി. ബുക്സ്, 2010, പുറം.51.

30. സി. ആർ. പ്രസാദ്, 'കവിതയിലെ സ്ത്രീസ്വത്വം സ്ഥാപനവൽക്കരണവും പ്രതിഷേധവും', *പെണ്ണെഴുത്ത്*, ഒരുസംഘം ലേഖകർ (എഡി.) തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002, പുറം.168.

31. അക്ബർ കക്കട്ടിൽ, *സർഗസമീക്ഷ*, കോട്ടയം:കറന്റ് ബുക്സ്, 1993, പുറം.273.

32. സുഗതകുമാരി/വിജയലക്ഷ്മി, 'എന്തു വെയിലായിരുന്നു' (അഭിമുഖം), *കാട്ടുകിളിയുടെ പാട്ട്*, പുറം.516.

33. സുഗതകുമാരി/ലളിതാലെനിൻ, 'തോൽക്കുന്ന യുദ്ധത്തിലെ തോൽക്കാത്ത പോരാളി (അഭിമുഖം), അതേപുസ്തകം, പുറങ്ങൾ.491 -492.

34. അതേ പുസ്തകം, പുറങ്ങൾ.492-493.

35. സുഗതകുമാരി/ഭരതന്നൂർ ഷമീർ, *ആത്മവിചാരങ്ങൾ വിചാരണകൾ* (അഭിമുഖം), അതേ പുസ്തകം, പുറം.539.

# അധ്യായം നാല്

# പ്രണയത്തിന്റെ ഭാവതലങ്ങൾ

അനന്തമായ സ്വാതന്ത്ര്യത്തിന്റെ ഭൂമികയാണ് പ്രണയം. രണ്ടു വ്യക്തികൾക്കിടയിലെ ഭിത്തികളില്ലാതാകുന്ന പ്രണയത്തിൽ സ്വാർത്ഥതയില്ലാത്ത സമർപ്പണത്തിനാണ് പ്രാധാന്യം. ഭൗതികനേട്ടത്തിനു പ്രാധാന്യം നൽകുന്ന മുതലാളിത്തത്തിന്റെ യാന്ത്രികമായ ഉത്പാദനവ്യവസ്ഥയിൽ പ്രണയം പോലുള്ള വികാരങ്ങളുടെ പ്രസക്തി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. പണവും സ്ഥാനമാനങ്ങളും നേടിത്തരാനാവാത്ത ആത്മീയൗന്നത്യം മാത്രം ലക്ഷ്യമാക്കുന്ന സ്നേഹത്തിന്റെ വില മനസ്സിലാക്കണമെങ്കിൽ സ്നേഹം ഒരു കലയായി അംഗീകരിക്കപ്പെടണമെന്ന എറിക്ഫ്രോമിന്റെ വാദത്തിന് ഇവിടെയാണ് പ്രസക്തി. ആദാനത്തേക്കാൾ പ്രദാനത്തിനു പ്രാധാന്യം നൽകുന്ന പ്രണയത്തിന് സഹജീവികൾക്കിടയിലെ ഏതു മതിൽക്കെട്ടിനെയും ഇല്ലാതാക്കാൻ കഴിയും. നമ്മളെത്തന്നെ അറിയാനും നമ്മുടെ സഹജീവികളെ അറിയാനുമുള്ള സ്നേഹശ്രമത്തെ സ്വയമറിയലെന്ന ആത്മീയതത്വവുമായി കൂട്ടിയോജിപ്പിക്കുകയാണ് വേണ്ടതെന്നാണ് എറിക്ഫ്രോമിന്റെ അഭിപ്രായം.[1]

കത്തിക്കാളുമ്പോൾ വ്യവസ്ഥകളില്ലാത്ത ഒരൊറ്റ ഉടലും ഉടലിന്റെ മറവിയുമാകുന്ന പ്രണയത്തിൽ കവിഞ്ഞൊഴുകലേയുള്ളൂ. പ്രണയിക്കാൻ എനിക്ക് എന്നെ മതിയാവുന്നില്ലെന്നും ഏതോ പരിപൂർണ്ണതയിലേക്ക് ഞാൻ നിന്നിലൂടെയും നീ എന്നിലൂടെയും കുതറിക്കുതിച്ചു കൊണ്ടിരിക്കുകയാണെന്നും ഒരു പ്രണയി പ്രഖ്യാപിക്കുന്നിടത്ത് പ്രണയം അതിന്റെ ഉത്സവം ആഘോഷിക്കുന്നു.[2] പ്രേമത്തിനു മൂല്യം ഉണ്ടാവണമെങ്കിൽ അതിൽ പ്രേമഭാജനത്തിന്റെ അഹം തന്റെ അഹത്തിനോളം പ്രധാനപ്പെട്ടതാണെന്നും മറ്റേയാളുടെ വികാരങ്ങളും വിചാരങ്ങളും തന്റേതുതന്നെയാണെന്നതുപോലെ

കണക്കാക്കാൻ കഴിയണമെന്നും ബർട്രാൻഡ് റസ്സൽ സൂചിപ്പിച്ചിട്ടുണ്ട്.[3] പ്രണയത്തിലാണ് ഒരുവനെങ്കിൽ ഏകാന്തമായിരിക്കുമ്പോഴെല്ലാം മനസ്സിൽ മറ്റേയാൾ ഉയർന്നുവരുമെന്നും അയാളുടെ മുഴുവൻ അസ്തിത്വവും മറ്റേയാൾക്ക് ചുറ്റും സഞ്ചരിക്കാൻ തുടങ്ങുമെന്നും ഓഷോ പറയുന്നു.[4] ഇരുവരും ഒരേ മാനസികാവസ്ഥയിലേക്ക് പരിവർത്തിക്കപ്പെടുമ്പോഴാണ് പ്രണയം സാർത്ഥകമാവുന്നത്.

നിഷ്കൃഷ്ടനിരോധനങ്ങൾക്ക് പ്രേമത്തിന്റെ മുന്നിൽ യാതൊരു സ്ഥാനവുമില്ല. പ്രണയത്തിന്റെ അഗ്നിയിലേക്ക് ആകർഷിക്കപ്പെടുന്ന മനുഷ്യന്റെ ചിത്രം വ്യാസൻ വരച്ചുകാട്ടുന്നത് വിഭാണ്ഡകന്റെ മകനായ ഋശ്യശൃംഗനിലൂടെയാണ്. സ്ത്രീയെന്ന വർഗ്ഗമുള്ള കഥപോലും അറിയിക്കാതെ വളർത്തിയിട്ടും ശരീരം ചുട്ടുനീറുന്ന പ്രണയാവസ്ഥയിൽ ഋശ്യശൃംഗനെത്തി. ഒരു ചെറിയ പഴുതു കിട്ടിയപ്പോൾ അദ്ദേഹത്തിലുള്ള പ്രകൃതിപ്രേരണ സർവ്വ ശക്തികളോടുകൂടി തള്ളിപ്പുറപ്പെട്ട് അദ്ദേഹത്തെയും കൊണ്ട് ഒറ്റപ്പാച്ചിൽ പാഞ്ഞതായി കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെടുന്നു.[5] ഇന്ദ്രിയപ്രവർത്തനങ്ങൾ മാറിമറിഞ്ഞുപോകുന്ന ആളലിന്റെ വിസ്മൃതിയാണ് പ്രണയത്തിനു ചാരുത പകരുന്നത്.

സ്നേഹത്തിനു ചുറ്റും വേലിയില്ല. വിദ്വേഷമോ അസൂയയോ, അഹങ്കാരമോ കൂടാതെ ഒന്നിനോടും താരതമ്യപ്പെടുത്താതെ സ്നേഹിക്കുകയാണ് മുഖ്യം. അച്ചടക്കവും ചിട്ടകളും കടമയും കർത്തവ്യവും ബാധകമല്ലാത്ത സ്നേഹത്തിനുവേണ്ടി സ്വയം പരിത്യജിക്കലാണ് പ്രധാനമെന്ന് ജിദ്ദുകൃഷ്ണമൂർത്തി ചൂണ്ടിക്കാട്ടുന്നു.[6] മനുഷ്യൻ യജ്ഞത്തിലുടെയും സുഖദു:ഖങ്ങളിലൂടെയും സ്നേഹത്തെ അന്വേഷിക്കുന്നു. പ്രണയം പരസ്പരം ഇഷ്ടപ്പെടുന്നവരുടെ ഒത്തുചേരലിനുള്ള വേദി മാത്രമല്ല, വികസിച്ച സാമൂഹികബോധവുമായി ഇടയാത്ത വ്യക്തികളുടെ സകല ഇഷ്ടങ്ങൾക്കും സാഫല്യം അനുഭവിക്കാനുള്ള അതിർത്തിരഹിതമായ ലോകം കൂടിയാണ്. സ്ത്രീ-പുരുഷ

ന്മാർക്ക് വ്യക്തികൾ എന്ന നിലയ്ക്ക് ഇടപഴകാനുള്ള സന്ദർഭം വർദ്ധിക്കുന്ന തിനനുസരിച്ചും മനുഷ്യർക്കിടയിലെ സാമൂഹികബോധം വളരുന്നതിനനുസ രിച്ചുമാണ് പ്രണയമടക്കം മനുഷ്യർക്കിടയിലെ സമസ്തബന്ധങ്ങളും രൂപം കൊള്ളുന്നത്.[7]

സ്നേഹത്തെയും ആത്മാവിനെയും വികാരവിചാരങ്ങളെയും സമ്പൂർണ്ണമായി ആവിഷ്ക്കരിക്കാൻ പ്രണയത്തെ മാധ്യമമാക്കിയ കവിയാണ് സുഗതകുമാരി. ജീവിതത്തിനർത്ഥം നൽകുന്നതും ദു:ഖപൂർണ്ണമായ ജീവി തത്തെ സഹനീയമാക്കുന്നതും മഹത്തായ പ്രേമമാണ്. ആദിപിതാവിനാൽ പരിത്യജിക്കപ്പെട്ട ആദം തന്നെ നിഴലുപോലെ പിന്തുടരുന്ന ശാപത്തെ അനു ഗ്രഹമാക്കി മാറ്റുകയും അജയ്യനായിത്തീരുകയും ചെയ്തത് അനുരാഗത്തിലൂ ടെയാണെന്ന് *ഏദനിൽനിന്ന്* എന്ന കവിത തെളിയിക്കുന്നു. മനുഷ്യാസ്തി ത്വത്തിന്റെ അടിസ്ഥാനമായ സ്നേഹമാണ് രാധാകൃഷ്ണബന്ധത്തിലും പ്രകടമാവുന്നത്. സുഗതകുമാരിക്കവിതകളിലെ പ്രണയതലം രാധാകൃഷ്ണ സങ്കല്പത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യാനാണ് ഈ അധ്യായ ത്തിൽ ശ്രമിക്കുന്നത്.

## 4.1 പ്രണയത്തിന്റെ ശാശ്വതഭാവം

പരിശുദ്ധപ്രേമത്തിന്റെ പ്രതീകമാണ് കവിക്ക് രാധാകൃഷ്ണസങ്കല്പം. പ്രണയിക്കുന്ന ഓരോസ്ത്രീയുടെ ഉള്ളിലും രാധാഭാവം കാണുന്ന കവി സ്നേഹഭാജനത്തിൽ കൃഷ്ണനെ ദർശിച്ച് അവനിൽ ലയിക്കാനാഗ്രഹി ക്കുന്ന സ്ത്രീത്വത്തെയാണ് ആവിഷ്കരിക്കുന്നത്. ആരാധ്യദേവനു മുന്നിൽ നമ്രശിരസ്കയാവുന്ന കാമുകീഭാവമുണ്ടെങ്കിലും സമാഗമത്തേക്കാൾക്കൂടു തൽ വിരഹത്തിന്റെ നിമിഷങ്ങളാണ് രാധയ്ക്ക് സ്വന്തം. പുരുഷനെക്കുറിച്ചും പുരുഷന്റെ പ്രണയത്തെക്കുറിച്ചുമുള്ള സ്ത്രീസങ്കല്പത്തിന്റെ അതിരുകളില്ലാ യ്മയാണ് രാധയുടെ കൃഷ്ണസങ്കല്പം. സഫലമാവാതെപോവുന്ന പ്രണയ ത്തിന്റെ തീക്ഷ്ണനൊമ്പരങ്ങൾ രാധയിൽ ദർശിക്കുന്ന സുഗതകുമാരി

സ്നേഹത്തിനും സുരക്ഷിതത്വത്തിനും വേണ്ടി ദാഹിക്കുന്ന സ്ത്രീമനസ്സിന്റെ പ്രതിരൂപമായി അവളെ മാറ്റി.

### 4.1.1 രാധാചിത്രണം കൃതികളിൽ

സുഗതകുമാരിയുടെ കവിതകളിൽ കഥാപാത്രമായും കാവ്യബിംബമായും ആവർത്തിച്ചുപ്രത്യക്ഷപ്പെടുന്ന ആദിപ്രരൂപനായികയാണ് രാധ. ഭാരതീയ കൃഷ്ണകഥകളിലെ നായികയാണെങ്കിലും രാധ പുരാണകഥാപാത്രമല്ല. കൃഷ്ണകഥ പ്രതിപാദിക്കുന്ന *ബ്രഹ്മാണ്ഡപുരാണം, വിഷ്ണുപുരാണം, ഹരിവംശം, ഭാഗവതം* മുതലായ കൃതികളിൽ രാധയെന്ന ഗോപാംഗനയുടെ പരാമർശമില്ല. ഗർഗ്ഗമഹർഷിയുടെ *ഗർഗ്ഗസംഹിത*യിലാവട്ടെ കൃഷ്ണപ്രണയിനിയായ രാധ നിറഞ്ഞുനിൽക്കുന്നു. *ഭാഗവതം* ദശമസ്കന്ധത്തിൽ കൃഷ്ണകഥ ചിത്രീകരിച്ചപ്പോൾ *ഗർഗ്ഗസംഹിത*യിൽ കൃഷ്ണകഥ മാത്രമാണ് പ്രതിപാദ്യം. ഗോലോകഖണ്ഡം, വൃന്ദാവനഖണ്ഡം, ഗിരിജാഖണ്ഡം, മാധുര്യഖണ്ഡം, മഥുരാഖണ്ഡം, ദ്വാരകാഖണ്ഡം, വിശ്വജിത്ഖണ്ഡം, ബലഭദ്രഖണ്ഡം, വിജ്ഞാനഖണ്ഡം എന്നീ ഒൻപത് ഖണ്ഡങ്ങളിലൂടെ കൃഷ്ണകഥ വിശദീകരിച്ച *ഗർഗ്ഗസംഹിത* കൃഷ്ണന്റെ ഒരിക്കലും വേർപിരിയാത്ത പ്രിയസഖിയും പ്രിയതമയുമായി രാധയെ ചിത്രീകരിച്ചു.[8]

> രാധാകുമാരീ ഹൃദയത്തിലാണെൻ
> പാദാരവിന്ദങ്ങൾ വസിപ്പൂനിത്യം
> ഭക്തിപ്രഭാവത്തിലഹർന്നിശം താൻ
> ചലിക്കുകയില്ലായതൊരല്പമൊന്നും

എന്നു കൃഷ്ണൻ പറയുന്ന പ്രണയപൂർണ്ണതയാണ് സ്ത്രീ കൊതിക്കുന്നതും. രാധാകൃഷ്ണപ്രണയത്തിന്റെ ഉദാത്തത വ്യക്തമാക്കുന്ന അനേകം വർണ്ണനകൾ ഗർഗ്ഗഭാഗവതത്തിലുണ്ട്. പിൽക്കാലത്ത് ജയദേവനെപോലുള്ള വൈഷ്ണവകവികളെ ഈ വർണനകൾ സ്വാധീനിച്ചിട്ടുണ്ട്.

ജയദേവന്റെ *ഗീതഗോവിന്ദ*ത്തോടുകൂടിയാണ് രാധ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിതമായത്. 12-ാം നൂറ്റാണ്ടിൽ വംഗസാഹിത്യത്തിൽ രചിക്കപ്പെട്ട ഈ കൃതി രാധാകൃഷ്ണന്മാരുടെ ഉൽക്കടപ്രേമത്തെ അതിന്റെ എല്ലാ വൈകാരികതീവ്രതയോടും കൂടെ അവതരിപ്പിച്ചു. ഒരേസമയത്തുതന്നെ പ്രേമം, ഭക്തി, സംഗീതം, സൗന്ദര്യം, ആനന്ദം എന്നിങ്ങനെ മനുഷ്യൻ സർവ്വോൽക്കൃഷ്ടമായി കരുതിപ്പോരുന്ന ദർശനങ്ങളുടെ സാകല്യതയാണ് ഗീതഗോവിന്ദം. സാമോദദാമോദരം, അക്ലേശകേശവം, മുഗ്ദ്ധമധുസൂദനം, സ്നിഗ്ദ്ധമധുസൂദനം, സാകാംക്ഷാപുണ്ഡരീകാംക്ഷം, ദൈന്യവൈകുണ്ഠകുങ്കുമം, നാഗനാരായണം, വിലക്ഷ്മലക്ഷ്മീപതി, മുഗ്ദ്ധമുകുന്ദം, ചതുരചതുർഭുജം, സാനന്ദദാമോദരം, സുപ്രീതപീതാംബരം എന്നിങ്ങനെ പന്ത്രണ്ട് സർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ള *ഗീതഗോവിന്ദ*ത്തിൽ ദൈവികമെന്നും മാനുഷികമെന്നും വിളിക്കാവുന്ന പ്രേമത്തിന്റെ ഉജ്ജ്വലഭാവമാണ് പ്രകടം. വിഷയാനുഭൂതിയെ ബ്രഹ്മാനുഭൂതിയായി രൂപാന്തരപ്പെടുത്തുമാറ് പ്രേമത്തെയും രതിവിലാസത്തെയും ഹൃദയാവർജ്ജകമായ ഗീതകമാക്കി ജയദേവൻ. രാധയും കൃഷ്ണനും തമ്മിലുള്ള പ്രേമത്തെ ഭക്തിയുടെ ഉത്തമോദാഹരണമായി വർണ്ണിക്കുന്നതുപോലെ രാധാകൃഷ്ണന്മാരുടെ സ്നേഹപ്രകർഷണത്തിന്റെ പൂർത്തീകരണത്തിന് വിപ്രലംഭശൃംഗാരത്തിനുള്ള സ്ഥാനം തന്നെ സംഭോഗശൃംഗാരത്തിനും നൽകി. കഥാപാത്രങ്ങളെ അരങ്ങിൽ അവതരിപ്പിച്ച്, നൃത്തരൂപത്തിനും അഭിനയകഥയ്ക്കും അനുയോജ്യമായ നിലയ്ക്ക് അവിഷ്ക്കരിക്കപ്പെട്ട കൃതിയായതുകൊണ്ട് ഈ കൃതി ഗോപനാട്യം (Pastoral Drama) എന്നും ഗീതിനാട്യം (lyric drama) എന്നും അറിയപ്പെടുന്നു.

നിഷേധാത്മകമായ മൗനംകൊണ്ടും അഭാവംകൊണ്ടും തന്റെ പ്രത്യേകത കൃഷ്ണനെ ബോധ്യപ്പെടുത്തുന്ന രാധയെ *ഗീതഗോവിന്ദ*ത്തിൽ കാണാം. അക്ലേശകേശവം എന്ന അഷ്ടപദി, മറ്റു ഗോപസ്ത്രീകളുമൊത്ത് കൃഷ്ണൻ ക്രീഡിക്കുന്നത് കണ്ട് കുപിതയായ രാധ സഖിയോട് തന്റെ അസഹനീയവ്യഥ തുറന്നു പ്രകടിപ്പിക്കാൻ ഒരുങ്ങുന്നതാണ്.

വിഹരതി വനേ രാധാ സാധാരണപ്രണയേ ഹരൌ
വിഗളിത നിജോൽക്കർഷാദീർഷ്യാവശേന ഗതാന്യതഃ
ക്വചിദപി ലതാകുഞ്ജേ ഗുഞ്ജന്മധുവ്രതമണ്ഡലീ-
മുഖരശിഖരേ ലീനാദീനാപ്യുവാച രഹസഖീം

രാധയ്ക്കൊരിക്കലും അവൾ സാധാരണക്കാരിയാണെന്നു തോന്നിയിട്ടില്ല. മറ്റുഗോപസ്ത്രീകളാണ് സാധാരണക്കാരികൾ. മറ്റുള്ളവരിൽ ഒരുവൾ മാത്ര മായിരിക്കുക തനിക്ക് അപകർഷതയേ ഉണ്ടാക്കൂ എന്നാണ് രാധയുടെ മതം.[9]

*ഭാഗവതം*ദശമസ്കന്ധത്തെ ഉപജീവിച്ചെഴുതിയ *നാരായണീയ*ത്തിലും ഗോപികമാരുടെ കൂട്ടത്തിൽ പ്രത്യേകവ്യക്തിത്വമുള്ള രാധയെപ്പറ്റി പരാമർശ മുണ്ട്. 75-ാം ദശകത്തിലെ മൂന്നാം ശ്ലോകത്തിൽ കുവലയാപീഡമെന്ന കൊമ്പനാനയെ കൊന്നശേഷം കൊമ്പ് പറിച്ചെടുത്ത കൃഷ്ണൻ അതിന്റെ മൂട്ടിലുള്ള അമൂല്യമായ മുത്തുകളെ *ഇവ കൊണ്ട് മനോഹരമായ ഒരു മുത്തു മാലയുണ്ടാക്കി രാധക്കു കൊടുക്കൂ* എന്ന് സുഹൃത്തായ ശ്രീദാമാവിനെ ഏൽപ്പിച്ചതായി പറയുന്നു.[10] *ഗീതഗോവിന്ദ*ത്തിലെ പത്താംസർഗത്തിലെ ഉപ സംഹാരത്തിലെ മംഗളശ്ലോകത്തിലും കൃഷ്ണസ്മരണകളിൽ രാധ തെളിയു ന്നുണ്ട്. എന്നാൽ കുവലയപീഡത്തോടെതിർക്കുമ്പോൾ ആനയുടെ കുംഭങ്ങൾ രാധാപീനപയോധരസ്മരണയുളവാക്കി, കൃഷ്ണന് സ്വേദം ഉണ്ടായി എന്നാണ് പരാമർശം.[11] *ഗീതഗോവിന്ദം* യുദ്ധത്തെ രതികേളി പോലൊരു വിനോദമാക്കിയപ്പോൾ മേല്പുത്തൂർ യുദ്ധവിജയത്തിൽ പ്രേയ സിയെ സ്മരിക്കുന്ന മുത്തുകൾ രാധയുടെ മാറിലെ മാലയാക്കാനുള്ള കാമു കന്റെ പ്രണയദാഹത്തിനു പ്രാധാന്യം നൽകി.

കൃഷ്ണൻ മഥുരയ്ക്കു പോയശേഷം രാധയ്ക്കെന്തുപറ്റിയെന്ന് വേവ ലാതിപ്പെടുന്ന കവിഹൃദയം *നാരായണീയ*ത്തിലുണ്ട്. 76-ാം ദശകത്തിലെ ഒൻപതാംശ്ലോകത്തിൽ കൃഷ്ണന്റെ സന്ദേശവാക്യംകൊണ്ട് രാധയെ സന്തു

ഷ്ടയാക്കുന്ന ഉദ്ധവരെ കാണാം. 84-ാം ദശകത്തിലെ ആറാംശ്ലോകമാവട്ടെ യുദ്ധം നിമിത്തമാണ് വരാൻ വൈകിയതെന്നു പറഞ്ഞുകൊണ്ട് കൃഷ്ണൻ രാധയെ ആശ്ലേഷിച്ചപ്പോൾ രാധ പ്രണയപാരവശ്യത്തോടെ ലയിച്ചതിന്റെ വർണ്ണനയാണ്.

വ്യപഗമസമയേ സമേത്യ രാധാം
ദൃഢമുപഗുഹ്യ നിരീക്ഷ്യ വീതഖേദാം
പ്രമുദിതഹൃദയ: പുരം പ്രയാത:
പവനപുരേശ്വര, പാഹിമാം ഗദേഭ്യ:

പിരിയുമ്പോൾ രാധയെ ഗാഢമായി ആലിംഗനം ചെയ്ത് അവളുടെ ദു:ഖമെല്ലാം പോയിരിക്കുന്നു എന്നതിൽ ഏറെ സന്തോഷിച്ച് ദ്വാരകയിലേക്ക് മടങ്ങുന്ന കൃഷ്ണനെയാണ് പതിനൊന്നാം ശ്ലോകത്തിൽ മേല്പുത്തൂർ വർണ്ണിച്ചിരിക്കുന്നത്.[12]

രാധ കൃഷ്ണനിൽ ലയിച്ചു എന്നതിന്റെ വർണ്ണനയും ഇനിയൊരിക്കലും താൻ കൃഷ്ണനിൽനിന്ന് അകലുകയില്ലെന്ന ബോധ്യം എത്രത്തോളം ഉറച്ചിട്ടുണ്ടെന്ന് കണ്ടറിയാൻ സ്യമന്തപഞ്ചകം വിടുംമുമ്പ് ഒരിക്കൽക്കൂടി കൃഷ്ണൻ അവളെ സമീപിച്ച് പുണരുന്നതിന്റെ വർണ്ണനയും രാധയ്ക്കെന്തുപറ്റി എന്ന ചോദ്യത്തിന് മേല്പുത്തൂരിന്റെ ഉത്തരങ്ങളാണ്. ഈ മറുപടികൾ സുഗതകുമാരിക്ക് തൃപ്തികരമായി തോന്നുന്നില്ല. ഇത്രയെളുപ്പമോ പുരുഷോത്തമനെ പിരിഞ്ഞ രാധയെ ആശ്വസിപ്പിക്കാൻ എന്നാണ് കവിയുടെ ചോദ്യം. കൃഷ്ണസന്നിധിയിലല്ലാതെ മറ്റെവിടെയാണ് രാധയ്ക്ക് ശാന്തി.[13] രാധ കൃഷ്ണനിൽ ലയിച്ചു, അവളുടെ അല്ലലെല്ലാമൊടുങ്ങി എന്നത് കാണാൻ സുഖമുള്ള ഒരു സ്വപ്നം മാത്രമാണ്. ഒരിക്കലും എവിടെയും നിൽപ്പുറയ്ക്കാത്ത, ഒടുങ്ങാത്ത അന്വേഷണത്തിലേർപ്പെട്ട നിത്യവിരഹിണിയാണ് സുഗതകുമാരിക്ക് രാധ. പ്രണയപരവശയെങ്കിലും വ്യക്തിത്വമുള്ളവൾ. അഭിമാനദീപ്തിയും മുഗ്ധപ്രണയവും സമ്മേളിക്കുന്ന രാധ സ്നേഹി

ക്കാനും ആത്മസമർപ്പണംചെയ്യാനും കഴിവുള്ള സ്ത്രീമനസ്സിന്റെ പ്രതീകം തന്നെ.

### 4.1.2 അന്വേഷണത്തിന്റെ അനന്തത

മാധുര്യത്തിന്റെയും ആനന്ദത്തിന്റെയും പ്രേമത്തിന്റെയും പൂർണത യായ കൃഷ്ണനെ അപ്രാപ്യമെന്നറിഞ്ഞിട്ടും തേടുന്ന നിത്യപ്രണയിനിയാണ് രാധ.

ഈ രാധയുള്ളിൽ പ്രതിഷ്ഠിതമാകയാൽ
തീരാത്ത തേടലാകുന്നു ജന്മം (ഒരുവൃന്ദാവനരംഗം)

എന്ന് പലരൂപങ്ങളിലും ഭാവങ്ങളിലുമുള്ള സഞ്ചാരത്തെ സുഗതകുമാരി വ്യക്തമാക്കുന്നു. തീരാത്ത തേടൽ മനുഷ്യജന്മത്തിന്റെ തന്നെ ഭൗതികവും ആത്മീയവുമായ അനിവാര്യസത്യമത്രെ. ആസ്തിക്യബോധത്തിന്റെയും അനശ്വരപ്രേമത്തിന്റെയും വാത്സല്യത്തിന്റെയും പ്രഭവസ്ഥാനം ഈ അവിരാ മമായ അന്വേഷണമാണ്. തേടൽ ഈശ്വരനെയാകുമ്പോൾ ഭക്തി, കാമുക നെയാവുമ്പോൾ പ്രേമം, പുത്രനെയാകുമ്പോൾ വാത്സല്യം എന്ന വ്യത്യാസം മാത്രം.[14]

മനസ്സിൽ നിറഞ്ഞ പ്രണയവുമായി കണ്ണനെത്തേടി നടക്കുന്ന ഗോപി കയാണ് *കണ്ണനെത്തേടി*യിലുള്ളത്. വൃന്ദാവനത്തിൽ പലയിടത്തും പലരൂപ ത്തിലും കണ്ണനെ കണ്ടവരുണ്ടെങ്കിലും ഗോപികയ്ക്കു മാത്രം കാണാനാവു ന്നില്ല. ആറ്റുതീരത്തെ കടമ്പിൽ പത്രശതങ്ങൾക്കിടയിൽ പീതാംബരശോഭ കണ്ടവരും വേണുനാദം കേട്ടവരുമുണ്ട്. നെറ്റിയിൽ ചുട്ടിയുള്ള കിടാങ്ങ ളൊത്ത് ഓടിക്കളിക്കുന്നതും പൈക്കുട്ടിയെ പിന്തള്ളി പാൽകുടിക്കുന്നതും വനമധ്യത്തിൽ കൈത്തളിരിൽ മുഖം വച്ചുറങ്ങുന്നതും ഗോപികയുടെ പാൽക്കുടം പൊട്ടിച്ചതുമായി വിവിധസ്ഥലങ്ങളിലും ഭാവങ്ങളിലും കണ്ണനെ കണ്ടവരുണ്ട്. വസന്തർത്തുവിലോ, പൂനിലാവിലോ രാസമഹോത്സവത്തിലോ

കണ്ണൻ വരുമെന്നു കരുതി കാത്തിരുന്നെങ്കിലും നിരാശയായിരുന്നു ഫലം. കണ്ണടച്ചാൽ കിനാവിൽ കാണുന്ന രൂപം കണ്ണന്റേതാണെന്നു പറയുന്ന ഗോപിക പ്രേമം, വിരഹം, വിഷാദം എന്നിവയുടെ സമന്വയഭാവമാണ് പ്രകട മാക്കുന്നത്.

വന്നാലും നീ വന്നാലും മണി
വർണ്ണാ കേണു വിളിപ്പൂ ഞാൻ
നിന്നെത്തേടി നടന്നിട്ടയ്യോ
ജന്മശതങ്ങൾ കഴിഞ്ഞല്ലോ (കണ്ണനെത്തേടി)

അരൂപിയും അദൃശ്യനും മായാമയനുമായ കണ്ണന്റെ ദർശനത്തിനായി കാത്തി രിക്കുന്ന ഗോപിക പ്രണയിക്കുന്ന ഓരോ സ്ത്രീയുടെയും ഉള്ളിൽ കുടികൊ ള്ളുന്ന രാധാഭാവം തന്നെ.

കൂരിരുൾക്കടലിൽ കണ്ണീർനിറഞ്ഞ മിഴിയുമായി കണ്ണനെത്തേടി നട ക്കുന്ന രാധയെയാണ് *എവിടെ നീ* യിലും കാണുക. ഇടിയും മിന്നലും വക വയ്ക്കാതെ നീലക്കടമ്പുകളിടതിങ്ങുന്ന വനാന്തരങ്ങളിലും യമുനയുടെ മണൽപ്പരപ്പിലും തരുപ്പടർപ്പിലും കണ്ണനെ അന്വേഷിക്കുന്ന രാധയുടെ കണ്ണീ രുകണ്ട് കാളിന്ദിപോലും കരയുന്നു. മാൻകിടാവും കാറ്റും മയിലും ഉറക്കമാ വുമ്പോഴും മുള്ളുകൊണ്ടു ചോരവാർന്ന പാദങ്ങളുമായി കണ്ണനെ അന്വേ ഷിച്ചു നടക്കുകയാണവൾ.

മിഴിയൊന്നടയ്ക്കവേ, താമരക്കണ്ണ നീ
പുറകിലണഞ്ഞെന്നെനിക്കു തോന്നി
പഴുതേ...ഇരുട്ടാണു രാവാണു ഞാൻ തനി
ച്ചുഴലുന്നു നിൻ കഴൽത്താരുതേടി... (എവിടെ നീ)

പ്രണയത്തിന്റെ പ്രണയിനിയാണ് വേദന. സാക്ഷാൽക്കരിക്കപ്പെടാതിരി ക്കുന്ന അവസ്ഥയിലാണ് പ്രണയം അതിന്റെ പാരമ്യത്തിലെത്തുന്നത്.

അഗ്നിയിൽ ചൂടെന്നതുപോലെയാണ് പ്രണയത്തിന്റെ വേദനയും നീറ്റലും. പ്രേമതപസ്സിന്റെ ചൂടിനാൽ വെന്തുനീറുന്ന ഗോപികയാണ് *തിളച്ചപാലല്ലോ കുടത്തിൽ*ലുള്ളത്. നെറുകപൊള്ളി, മിഴികൾ പൊള്ളി, തിളച്ച പാൽക്കുടം പേറിനടക്കുന്ന രാധ കണ്ണനെത്തേടിയുള്ള നിതാന്തമായ അന്വേഷണത്തിലാണ്. ആസക്തിയുടെ അഗ്നിയിൽ ഉരുകിയുരുകി ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രണയതലമാണിത്.

പ്രേമൈകമൂർത്തിയായ ആ പൂർണ്ണചന്ദ്രനെ തേടുന്ന പെൺമനമാണ് *രാധയെവിടെ*യിലുമുള്ളത്. ഒരിക്കലും എവിടെയും നിൽപ്പുറപ്പിക്കാത്ത കാറ്റായി രാധയെ കണ്ടെത്തുന്ന കവി കാലത്തിലൂടെ, സ്ഥലത്തിലൂടെ അനന്തമായി അലയുന്ന നിത്യവിരഹിണിയുടെ രൂപം അവൾക്കു നൽകുന്നു. പ്രണയഭാജനത്തിലേക്കുള്ള പ്രയാണമാണ് ഇവിടെ പ്രണയം.

### 4.1.3 പ്രണയത്തിന്റെ മാസ്മരികത

കൃഷ്ണനൊപ്പമുള്ള പ്രണയരംഗങ്ങളുടെ അതിധന്യമായ ഓർമ്മകളാണ് രാധയ്ക്ക് കൂട്ട്. കൊണ്ടലിലമ്പിളിപോലെ കണ്ണന്റെ മടിയിൽ കിടന്നുറങ്ങിയ നീലശിലാതലം, ഇലച്ചാർത്തുകൾക്കിടയിലെ ഏഴിലംപാലച്ചുവട്, ആടിത്തിമർത്ത ഊഞ്ഞാല്, അതിന്മേലിരുന്നു പാടിയ പാട്ട്, നീന്തിത്തളർന്നു കണ്ണന്റെ മടിയിൽ തളർന്നുറങ്ങിയ പടവ്, മാറിൽ ചന്ദനം പൂശിയതും നീലക്കുറിഞ്ഞിപ്പൂക്കൾ കാതിലണിയിച്ചതും പൂക്കൾ കൊരുത്ത പൂത്താലിമാലയുണ്ടാക്കി നീലമാറിലണിയിച്ചു നീയെന്റെ വധുവെന്ന് മന്ത്രിച്ചതുമായ സ്ഥലം. ഇങ്ങനെ പാലിൽ കുളിപ്പിച്ച് തേനിൽ ജ്വലിപ്പിച്ച പ്രണയരംഗങ്ങൾ അനവധി.

> കളിയൂഞ്ഞാലേ, പൊങ്ങിയാടിച്ചെന്നു
> തെളിയുമത്തിങ്കളിൽ തൊട്ടിടാമോ (രാധയെവിടെ)

എന്ന് അനന്തമായ ആരോഹണാവരോഹണ പ്രക്രിയയായി യുഗങ്ങളിലൂടെ തുടരുന്ന പ്രേമത്തെ കവി വർണ്ണിക്കുന്നു. സായൂജ്യത്തിന്റെ പരമാനന്ദവും

വിയോഗത്തിന്റെ ഉത്കടദു:ഖവുമാകുന്ന രണ്ടറ്റങ്ങളെ സ്പർശിക്കുന്നതാണ് ഊഞ്ഞാലാട്ടം. തിങ്കളിൽ ചെന്നു തൊട്ടാലും അവിടെ തങ്ങലില്ല തിരിച്ചുവരവുണ്ട് എന്നതാണ് ഇവിടത്തെ പ്രേമദർശനം.

പ്രണയത്തിനായി ഏതു ദുർഘടഘട്ടങ്ങളെയും തരണം ചെയ്യാൻ പ്രേമിക്കു കഴിയും. കണ്ണനുവേണ്ടി പുഴയാഴവും കടലാഴവും കടക്കാൻ തയ്യാറായ രാധ അതിനു തെളിവാണ്. കൂർത്തുമൂർത്തവഴികളും പാറക്കെട്ടും ചുഴിക്കുത്തുമൊന്നും അവൾക്ക് തടസ്സമാവുന്നില്ല. കാളിന്ദിക്കുപോലും അസൂയയുണ്ടാക്കുന്ന പ്രേമദർശനം അഹങ്കാരമായി, അഭിമാനമായി അവൾ മനസ്സിൽ കൊണ്ടുനടക്കുന്നു. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് കൃഷ്ണന്റെ മാറിലണയുമ്പോൾ പകർന്നു കൊടുക്കലിനുമപ്പുറം പടരാനനുവദിക്കലായി സ്നേഹം മാറുന്നു.

### 4.1.4 വിയോഗത്തിന്റെ ഉത്കടവേദന

നമ്മെയകറ്റാൻ മന്നിലും വിണ്ണിലും ഒന്നുമില്ലെന്ന് പറഞ്ഞെങ്കിലും രാജധർമ്മവും പിറന്നകുലവും വിളിച്ചപ്പോൾ രാധയുടെ നെഞ്ചിലൂടെ കൃഷ്ണന്റെ തേരുരുണ്ടു. അരചനാവാൻ പിറന്നവന്റെ പീതാംബരാഞ്ചലവും ഇടയപ്പെണ്ണിന്റെ പരുക്കൻ വസ്ത്രവും കൂട്ടിക്കെട്ടാനാവില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന അവൾ കണ്ണീരുപ്പുകടലാകുന്ന സ്ത്രീയുടെ വർത്തമാനകാല യാഥാർത്ഥ്യത്തിന്റെ പ്രതീകമാണെന്ന് കവി വ്യക്തമാക്കുന്നു. ഭരിക്കാൻ പിറന്നവരും സ്നേഹിക്കാൻ മാത്രം പിറന്നവരും തമ്മിലുള്ള അകലം സ്നേഹത്തെ വിരഹച്ചൂളയിലെ നീറ്റലാക്കി മാറ്റുന്നത് തിരിച്ചറിയുന്നവളാണ് രാധ. കൃഷ്ണൻ പോയെങ്കിലും രാധയെ നിത്യമായ അന്ധകാരത്തിലേക്ക് തള്ളിവിടാൻ സുഗതകുമാരി തയ്യാറല്ല. തേരുരുൾപ്പാടുകളുടെ പിന്നാലെ ഓടിപ്പോകുന്ന നിത്യവിരഹിണിയുടെ വഴി ഹിമാലയത്തിലേയ്ക്കാണെന്ന് കവി കണ്ടെത്തുന്നു. സ്ത്രീപുരുഷസംഗമത്തിന്റെയും ശക്തിസൗന്ദര്യങ്ങളുടെയും കേന്ദ്രസ്ഥാനമായ ഹിമാലയമേ രാധയ്ക്ക് ആശ്രയമാവൂ. അർദ്ധനാ

രീശ്വര സന്നിധിയിലെത്തിയെങ്കിലും രാധ നമിക്കുന്ന രൂപം ഒന്നുമാത്രമേയു ള്ളൂ. 'ഹരി ഹരി'യെന്നു ജപിച്ചു കൊണ്ടാണ് അവൾ ദൂർജ്ജടീനിലയം വലം വയ്ക്കുന്നത്.

...വിഭോ നിന്റെയമ്പിളി
ക്കീറിതൊരു നീലിച്ച പീലിയാക്കൂ
ആടുന്ന ജടമുടിയിലാറല്ല പാമ്പല്ല
ചൂടേണ്ടതൊരു മുല്ലമാലയല്ലോ (രാധയെവിടെ)

എന്നാണവൾ പറയുന്നതും. പരിത്യക്തയാണെങ്കിലും നാലുനാൾ വിശ്വസൗ ഭാഗ്യറാണിയായതിൽ അഭിമാനിക്കുന്നവളാണ് രാധ.

പ്രണയപാത്രത്തിനുമുന്നിൽ ആത്മസമർപ്പണം നടത്തുന്നെങ്കിലും അതൊരിക്കലും അടിമത്തമോ വിധേയത്വമോ ആയി മാറുന്നില്ല. പാർവ്വതി യുടെയോ നളിനിയുടെയോ സ്നേഹം അടിമത്തമായി വ്യാഖ്യാനിക്കാത്ത പോലെ സ്നേഹത്തിനു മുന്നിൽ നമ്രശിരസ്കയാവുന്ന ഭാവമാണ് ഇവിടെ കാണുക. വ്യക്തിത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്താതിരിക്കുക എന്ന അർത്ഥത്തിലുള്ള സ്ത്രീവിമോചനത്തിന് ഇത് എതിരല്ല.[15] സ്നേഹമുള്ളി ടത്ത് അടിമത്തമല്ല തുല്യതയാണുള്ളത്. സ്നേഹമില്ലാത്തിടത്താണ് അടിമ ത്തവും ആധിപത്യവും തലയുയർത്തുന്നത്.

### 4.1.5. സ്നേഹത്തിന്റെ ചിരന്തനപ്രതീകം

തേടിയലഞ്ഞ ഒരു ഘട്ടത്തിൽ ഇനിവയ്യെന്ന ചിന്തയിൽ രാധയുടെ ചിത്തം നൂറുനൂറായി പൊട്ടിച്ചിതറിത്തെറിച്ചതിൽനിന്നും മുളപൊട്ടി ഓരോ സ്ത്രീയിലും വീണിട്ടുണ്ടെന്നാണ് കവികല്പന. യുഗങ്ങൾക്കപ്പുറത്തുള്ള ഒരു കഥാപാത്രമായി രാധയെ മാറ്റാതെ ഓരോ ഭാരതീയനാരിയിലും രാധയെ കണ്ടെത്തുന്ന കവി വേർപാടിനെ അതിജീവിച്ചും നിലനിൽക്കുന്ന സ്നേഹ മാണ് യഥാർത്ഥസ്നേഹമെന്നു സ്വജീവിതത്തിലൂടെ തെളിയിക്കുന്ന കഥാപാ

ത്രമായി രാധയെ മാറ്റുന്നു.  രാധയുടെ സ്വത്വം ഭാരതീയനാരിമാർക്ക് നൽകുമ്പോൾ അവരെ പരിത്യക്തരായിട്ടോ, ദൈന്യതയുടെ പ്രതിരൂപമായിട്ടോ അല്ല സുഗതകുമാരി ചിത്രീകരിക്കുന്നത്. പാൽക്കുടംപോലെ കഠിനമായ ദു:ഖം പേറി നടക്കുന്നവളെങ്കിലും കൃഷ്ണനുമുന്നിൽ കൈനീട്ടുന്നവളല്ല രാധ.

> അറിയില്ല നിന്നനുരാഗമെന്നാകിൽ നിൻ
> കരുണയും വേണ്ടെന്നു പിന്തിരിഞ്ഞോൾ          (രാധയെവിടെ)

എന്നാണ് കവി രാധയെ വിശേഷിപ്പിക്കുന്നത്. ഇതുപോലെ അഹത്തെ ഹോമിക്കുന്ന സ്നേഹത്തിന്റെ ആർദ്രതയും അഹത്തെ ഉയർത്തിപ്പിടിക്കുന്ന അഭിമാനദീപ്തിയും ഭാരതീയനാരിയിൽ മേളിക്കുമ്പോൾ ഉള്ളിലുള്ള രാധ അബലതയായല്ല പ്രബലതയായാണ് മാറുക.  അതുകൊണ്ട് ആ പുരാതന ദീപ്തിയെ കോടിക്കണക്കിനു കുടിലുകളിലെ മൺചിരാതുകളിൽ കത്തുന്ന തിരികളായെടുത്തത് ഭാസുരമായ അഗ്നിവിദ്യയായി എം.ലീലാവതി വിലയിരുത്തുന്നു.[16]

ഗോകുലറാണിയെ സാധാരണക്കാരിലേക്ക് ഇറക്കിക്കൊണ്ടുവരികവഴി സ്ത്രീയുടെ പ്രണയദാഹത്തിന്റെ മിത്തോളജിക്കലായ പരിഹാരമാണ് കവി നടത്തുന്നത്. അസ്വാതന്ത്ര്യങ്ങൾക്കിടയിലും പ്രണയാവേശം നിലനിർത്താനുള്ള താൽപര്യമാണ് ഭക്തിയുടെ പരിവേഷത്തോടെയുള്ള തേടലിനു നിദാനം.  ഇന്ത്യൻ സ്ത്രീത്വത്തിന്റെ നിഗൂഢമായ ഉൾത്തടങ്ങളിൽ നിന്നുയർന്നുവരുന്ന രാധ *ആവർത്തനത്താൽ വിരസമാവാത്തതായ്/പ്രേമമൊന്നല്ലാതെയെന്തു പാരിൽ* എന്നു തിരിച്ചറിയുന്ന സ്ത്രീയുടെ സ്വകാര്യപരമായ സ്വാതന്ത്ര്യത്തെ, പ്രണയോക്തികളെ പ്രതിനിധീകരിക്കുന്നു.

### 4.1.6 രാധാസ്വത്വത്തിന്റെ രൂപാന്തരങ്ങൾ

മീരാബായിയും ചൈതന്യനും ആണ്ടാളും കുറൂരമ്മയും സാധാരണസ്ത്രീകളും നടത്തുന്ന തേടലിൽ അനുരാഗം തന്നെയാണ് ഭക്തി.

നിസ്വാർത്ഥപ്രേമം, ഭക്തി എന്നിവയിലൂടെ മനുഷ്യമനസ്സിനെ വൈകാരികാ നുഭൂതികളിലേക്ക്, പ്രേമത്തിന്റെ അതീതതലങ്ങളിലേക്ക് നയിച്ചവളാണ് മീര. ശ്യാമസുന്ദരനുവേണ്ടി മാത്രമേ മീര പാടിയിട്ടുള്ളൂ. ലോകത്തിന്റെ ഭ്രാന്തി യെന്ന വിളിയോ, ഭർത്താവ് നീട്ടിയ വിഷപ്പാത്രമോ, പ്രകൃതിയുടെ താണ്ഡവ ഭാവമോ കൃഷ്ണപ്രണയത്തിന് അവൾക്ക് പ്രതിബന്ധമാവുന്നില്ല. കാറ്റിലും കടൽത്തിരയിലും രാത്രിയുടെ കൂരിരുട്ടിലും കൃഷ്ണസാന്നിധ്യം മാത്രം ദർശിക്കുന്ന മീര കൃഷ്ണനുമുന്നിൽ സമ്പൂർണ്ണസമർപ്പണം നടത്തുന്ന പ്രണ യിനിയാണ്.

എന്തിനെഴുതുന്നു പാടുന്നു
ഞാൻ അന്യമാം
സംഗീതമൊന്നിതല്ലാതെ (വഴിയമ്പലത്തിലെ പാട്ട്)

എന്നു മീരയുടെ പ്രണയലഹരിയെ കവി വർണ്ണിക്കുന്നു. പ്രണയഭാജന ത്തെയും അവന്റെ ലഹരിയെയും ഉള്ളിൽ വഹിക്കുന്ന മീര സർവ്വലഹരികളു ടെയും മീതെയുള്ള ദിവ്യലഹരിയായി പ്രണയത്തെ മാറ്റുന്നു. *ദൂരജന്മങ്ങൾ തൻ ചൂടിലൂടെ (രാധയെവിടെ)* കൃഷ്ണനൊപ്പം ആനന്ദനൃത്തം ചെയ്തുനീ ങ്ങുന്ന അവൾ നിയമവും നിബന്ധനയും ബാധകമാവാത്ത പ്രണയത്തിന്റെ ഉത്കൃഷ്ടജ്വലനത്തിന്റെ പ്രതീകമാണ്.

കണ്ണന്റെ പാദം തലോടി പെണ്ണായതിന്റെ ഫലം തേടുന്ന ആണ്ടാളും കിണ്ണത്തിൽ നെയ്ച്ചോറുരുളയും ഉപ്പേരിയും പഴവും തൈരുമായി കണ്ണനെ മാമുണ്ണാൻ വിളിക്കുന്ന കുറൂരമ്മയുമെല്ലാം കൃഷ്ണസാമീപ്യത്തിനും ദർശന ത്തിനുമായി കൊതിക്കുന്ന രാധാസ്വത്വത്തിന്റെ രൂപാന്തരങ്ങളാണ്. വെള്ളം കോരുന്നവരും റാട്ട്കറക്കുന്നവരും കരിങ്കല്ല് ഉടയ്ക്കുന്നവരും അടുക്കളച്ചൂ ടിൽ കരിയുന്നവരുമായ സാധാരണസ്ത്രീകളും രാധതൻഭാവം തന്നെ. നിത്യമായ പ്രേമത്തിന്റെ പേരാണ് അവർക്ക് കൃഷ്ണൻ. ഇന്ത്യയിലെ പെൺമനസ്സുകൾ കൊതിക്കുന്ന ആ സ്നേഹസ്വരൂപൻ സംഗമത്തിന്റെ

സമ്പൂർണ്ണമായ ആശ്ലേഷണത്തിനുമപ്പുറത്താണ് പ്രണയത്തിന്റെ പൊരുൾ എന്നു വ്യക്തമാക്കുന്നു. പ്രണയത്തിൽ നിന്ന് ഒഴിഞ്ഞുമാറാതെ എല്ലാ വേദ നകളോടും ആനന്ദത്തോടുംകൂടി അതിലൂടെ കടന്നുപോകുമ്പോൾ പ്രണയ പരമായി ഏൽക്കുന്ന പരിക്കുകൾ വ്യക്തിയെ ബലപ്പെടുത്തുകയേ ഉള്ളൂ.[17] അതുകൊണ്ടാവണം രാധയ്ക്ക് ആത്മസംയമനത്തിലൂന്നിയ പ്രണയവും പ്രകടിപ്പിക്കാനാവുന്നത്.

## 4.2 കർമ്മത്തിലുറച്ച് ആരാധിക്കുന്നവൾ

അസാന്നിദ്ധ്യത്തിലെ സാന്നിധ്യമായി തന്റെ വ്യക്തിസത്ത ഉയർത്തി പ്പിടിച്ചവളാണ് *കൃഷ്ണാനീയെന്നെയറിയില്ല* എന്ന കവിതയിലെ ഗോപിക. കൃഷ്ണന്റെ കാന്തശക്തിയുള്ള വേണുഗാനത്തിനു മുന്നിലേക്ക് ശരീരം കുതിക്കാതിരിക്കാൻ തന്റെ ഹൃദയത്തിന്റെയും പാഴ്കുടിലിന്റെയും വാതിലു കളടച്ച് ഭദ്രമായിരുന്ന അവൾ മറ്റു ഗോപികമാരിൽ നിന്ന് ഏറെ വ്യത്യസ്ത യാണ്. മറ്റുള്ളവർ കൃഷ്ണസവിധത്തിലെത്താൻ പ്രയോഗിച്ച വിദ്യക ളൊന്നും കാണിക്കാൻ അവൾ തുനിഞ്ഞിട്ടില്ല. ശബളമാം പാവാടഞൊറി കൾ ചുഴലുന്ന പാദങ്ങളിലെ തളകൾ കളശിഞ്ജിതം പെയ്യുമാറ് കണ്ണന്റെ മുന്നിൽ നർത്തനമാടിയില്ല, കാളിന്ദിയുടെ കുളിരലകളിൽ മുങ്ങിനിന്ന് നാണ ത്തോടെ ഉടയാടവാങ്ങാൻ കൈനീട്ടിയില്ല, കാട്ടുകടമ്പിന്റെ ചുവട്ടിൽ നിന്ന് ഓടക്കുഴൽ കേട്ടപ്പോൾ കുട്ടികളെയും ഭർത്താവിനെയും വീട്ടുപണികളെയും മറന്നുകൊണ്ട് ഓടിയെത്താൻ ശ്രമിച്ചതുമില്ല. പകരം

എന്റെ ചെറുകുടിലിൽ
നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു
കൃഷ്ണാ നീയെന്നെയറിയില്ല (കൃഷ്ണാനീയെന്നെയറിയില്ല)

എന്നാണ് ഗോപിക പറയുന്നത്. മദിച്ച ആനയെ ഉന്മത്താവസ്ഥയിലേക്ക്

പോകാതിരിക്കാൻ തളയ്ക്കുന്നതുപോലെയാണ് തന്റെ അഭിലാഷങ്ങളെയും അമർത്തപ്പെട്ട രതിഭാവത്തെയും ഗോപിക നിയന്ത്രിക്കുന്നത്. ജീവിതകാമന യുടെ വാതിൽ കയ്യെത്തുംദൂരത്തായിട്ടും അതുതുറക്കാതെ ധർമ്മബോധ ത്തിന്റെ തടവറ സ്വയം സ്വീകരിച്ച് വേദനിക്കുന്ന ഗോപിക മനുഷ്യമനസ്സിന്റെ തന്നെ പ്രതീകമാവുന്നു.

ആരാധ്യദേവന്റെ സാന്നിധ്യമറിഞ്ഞിട്ടും ഓടിക്കിതച്ചെത്താനോ, വിരി മാറിൽ തലചായ്ക്കാനോ, മുഖത്തേക്ക് കൊതിയോടെ നോക്കാനോ ശ്രമി ക്കാത്ത ഗോപിക തന്റെ പ്രേമദുഃഖങ്ങൾ അറിയിക്കാൻ ഒരു തോഴിയേയും കൃഷ്ണസവിധത്തിലേക്ക് പറഞ്ഞയച്ചില്ല. വസന്തരാത്രികളിൽ കൃഷ്ണന്റെ പദനിസ്വനം പ്രതീക്ഷിച്ച് വള്ളിക്കുടിലിനരികിൽ ചകിതചിത്തയായി കാത്തി രുന്നുമില്ല. ഏകാന്തവും ഏകാഗ്രവും നിരുപാധികവുമായ പ്രേമം ഉള്ളറയിൽ നീറ്റിയെടുത്തതിന്റെ തന്റേടമായിരുന്നു അവളുടെ കൈമുതൽ. കംസന്റെ നിർദ്ദേശാനുസരണം കൃഷ്ണൻ മഥുരയ്ക്ക് പോകുന്നു എന്ന വാർത്തയിൽ ശിലാബിംബം പോലെ ഉമ്മറത്തിണ്ണയിലിരിക്കുന്ന അവളെ അത്ഭുതപ്പെടു ത്തിക്കൊണ്ടാണ് കൃഷ്ണന്റെ രഥം അവളുടെ പാഴ്കുടിലിനുമുന്നിൽ നിർത്തുന്നതും കണ്ണുനീർ മിഴികളാൽ കടാക്ഷിച്ച കണ്ണൻ അവൾക്ക് ഒരു ദിവ്യമന്ദസ്മിതം സമ്മാനിക്കുന്നതും. *കൃഷ്ണ! നീയറിയുമോ എന്നെ* എന്നു ആകാംക്ഷയോടെ, സുഖാലസ്യത്തോടെ ചോദിക്കുന്ന ഗോപിക സാക്ഷാ ത്കാരാതീതമായ പ്രേമത്തിന്റെ ദിവ്യതലം വെളിവാക്കുന്നു. കേവലം ഒരു നിമിഷത്തെ ധന്യതയാണെങ്കിലും മറ്റു ഗോപികമാർക്ക് ലഭിച്ചതിനേക്കാൾ എത്രയോ മാധുര്യം കലർന്നതാണിതെന്നു വ്യക്തമാക്കുന്ന കവി കർമ്മത്തിലുറച്ചു നടത്തുന്ന പ്രണയത്തിന്റെയും ആരാധനയുടെയും ഫലം ശുഭകരമായിരിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു. മോക്ഷം നേടാൻ കർമ്മ യോഗം, ജ്ഞാനയോഗം, ഭക്തിയോഗം എന്നീ മൂന്നു മാർഗ്ഗങ്ങൾ *ഭഗവദ്ഗീത* നിർദ്ദേശിക്കുന്നുണ്ട്. ഒരേ ലക്ഷ്യത്തിലെത്താനുള്ള വിഭിന്നമാർഗ്ഗങ്ങളായ

ഇവ ഈശ്വരസാക്ഷാത്കാരവും അതുവഴി മോക്ഷവും പ്രദാനം ചെയ്യും.[18] സുഗതകുമാരിയുടെ ഗോപിക ഭക്തിയിലൂടെ മാത്രമല്ല കർമ്മത്തിലൂടെയും മോക്ഷപ്രാപ്തിക്കായി യത്നിക്കുന്നു.

### 4.2.1 നിസ്വാർത്ഥവും നിഗൂഢവുമായ ആരാധന

ആത്മാവുകൂടി പറിച്ചെടുത്ത് അർച്ചിക്കുന്ന നിസ്വാർത്ഥവും മൂകവുമായ ആരാധനയാണ് ജി.ശങ്കരക്കുറുപ്പിന്റെ *സൂര്യകാന്തിയിലും*[19] പ്രകടമാവുന്നത്. പ്രേമാർദ്രമായ ഒരു സ്ത്രൈണചേതനയുടെ വ്രീളാവിവശമായ ആത്മഗതമാണീ കവിത. ലജ്ജയുടെയും മൂകതയുടെയും പ്രദർശനവിമുഖതയുടെയും മൂടുപടത്തിൽ ഒതുങ്ങിയ അവൾ

മാമകപ്രേമം നിത്യമൂകമായിരിക്കട്ടെ
കോമളനവിടന്നതൂഹിച്ചാലൂഹിക്കട്ടെ

എന്നു ചിന്തിക്കുകയല്ലാതെ തന്റെ ആരാധനാഭാവം പ്രകടിപ്പിക്കാൻ തുനിഞ്ഞിട്ടില്ല. തന്റെ പരമവിശുദ്ധമായ സ്നേഹം നിന്ദനീയമായി ഗണിക്കപ്പെടുമോ എന്ന ഭയം ദിവാകരസന്നിധിയിൽ പ്രകടമാകുന്ന രതിയുടെ സാത്വിക ഭാവം ആവുന്നത്ര മറച്ചുപിടിക്കാനും തന്നിലേക്കുതന്നെ ഉൾവലിയാനും അതിനെ പ്രേരിപ്പിക്കുന്നു. എങ്കിലും *സൗമ്യമായ് വിടരും സ്നിഗ്ധമിഴികളാൽ* തിരിഞ്ഞുനോക്കുന്നത് വല്ലതും പറയുവാനെന്ന ഭാവമാണോ എന്ന് ആര്യമാവിനെകൊണ്ടു ചോദിപ്പിക്കത്തക്കവിധം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സൂര്യകാന്തി പെട്ടു. എന്നാൽ ഗോപികയുടെ പ്രേമം കൃഷ്ണന്റെ വഴികളിൽ കടന്നുവരുന്നില്ല. സൂര്യകാന്തിക്കു ലഭിച്ചതുപോലുള്ള സ്പർശനനിർവൃതി ലഭിക്കുന്നുമില്ല. *വളരെ പണിപ്പെട്ടാണെന്റെ മേൽ നിന്നും ദേവൻ/ തളരും സുരതമാം കൈയെടുത്തു നൂനം* എന്ന അനുഭവസാധ്യത സൂര്യകാന്തിക്കുണ്ട്. ദിക്കാലാതിവർത്തിയായി ജ്വലിക്കേണ്ടുന്ന തന്റെ പ്രേമം സഫലമാവാൻ വേണ്ടി ദേഹംകൂടി പ്രേമാഗ്നിയിൽ ദഹിപ്പിക്കുന്നതിൽ സൂര്യകാന്തിക്കു

സന്തോഷമേയുള്ളൂ. അങ്ങനെ ദഹിച്ചാലും ആത്മാവിന് മോഹനപ്രകാശം ചുംബിക്കാനുള്ള അവസരമാകുമല്ലോയെന്ന് അവൾ ആശ്വസിക്കുന്നു. നിശ്ശബ്ദപ്രണയത്തിന്റെ ചൂടിൽ സ്വയം ദഹിക്കാൻ കൊതിക്കുന്ന രാധാഭാവമാണ് *സൂര്യകാന്തി* യിലും കാണുക.

### 4.2.2 പ്രണയത്തിന്റെ നിറവ്

സൂര്യൻ സൂര്യകാന്തിയെ എന്ന പോലെ ഗോപികയുടെ മനസ്സിനെയും അവളുടെ പ്രണയത്തിന്റെ വ്യതിരിക്തതയേയും അവളേക്കാൾ അറിയുന്നവനാണ് *ഗോപികാദണ്ഡക*ത്തിലെ[20] കൃഷ്ണൻ. അനിവാര്യമായ യാത്രയ്ക്കുള്ള മുഹൂർത്തത്തിൽ അന്നേവരെ താൻ വിഹരിച്ച അമ്പാടിയോടുള്ള മമത തന്റെ അന്തരാത്മാവിനെ പിച്ചിച്ചീന്തുമ്പോൾ അനുഭവിച്ച വ്യഥ ഈ ആത്മീയസഖിയോടു മാത്രമേ തനിക്കുതുറന്നുപറയാൻ കഴിയൂ എന്ന കണ്ണന്റെ ചിന്തകൾ *ഗോപികാദണ്ഡകത്തെ കൃഷ്ണാ നീയെന്നെയറിയില്ല* എന്ന കവിതയുടെ പൂരകമാക്കി മാറ്റുന്നു.[21] വരളുന്ന ചുണ്ടിലെ നനവാർന്നൊരോർമ്മയുടെ മധുവായി, മധുരമായി ഗോപികയെ അറിയുന്ന കണ്ണൻ തഴുതിട്ട വാതിൽ തുറന്ന് തന്നിലേക്കൊഴുകാനാണ് ഗോപികയോട് ആവശ്യപ്പെടുന്നത്. യമുനയുടെ തടംതല്ലിയാർക്കുന്ന തിരമാല തീരത്തെയെന്നപോലെ പുൽകാനും ഹേമന്തമായി പൊതിയാനും പടരുന്ന തീനാളമായി പിടയാനും പിടയുന്ന ചോരക്കുഴൽ പോലെ ഒരോടക്കുഴലുമായി വന്ന് തന്റെ ചുണ്ടിൽ സ്പന്ദിക്കാനും പശുവിന്റെ മുലപോലെ മാർദ്ദവം വിങ്ങിച്ചുരത്താനും വസന്തവധു സമ്മാനിച്ച വനമാല പങ്കിട്ടെടുക്കാനും ഗോപിക കൂടിയേ തീരൂ. മറ്റു ഗോപികമാരുടെ മാർഗ്ഗത്തിൽ നിന്നു വിഭിന്നമാണീ ഗോപികയുടെ വഴി എന്ന അറിവാണ് മിഴിനീരിലുറയുന്ന മഴവില്ലുപോലെ പുഞ്ചിരിക്കാൻ ഗോപികയോട് ആവശ്യപ്പെടാൻ കാരണം.

ഗോപികയുടെ പരിദേവനം നിറയാതെ നിറയുന്ന കാടും അമ്പാടിയും ജീവജാലങ്ങളും മനസ്സിലുണ്ടെങ്കിലും വേർപാട് അനിവാര്യമാണെന്നു

കണ്ണൻ വ്യക്തമാക്കുന്നു. കംസന്റെ മൃത്യുവായി, കടലിലെ തുടിക്കുന്ന ദ്വാരകാപുരിയായി, ജരാസന്ധന്റെ മുക്തിയായി, ദ്രൗപദിയുടെ നിശ്വാസമായി, കുരുക്ഷേത്രത്തിലെ പ്രണവനാദം പെയ്യുന്ന ശംഖായി, ഭീമന്റെ കൈക്കരുത്തും പാർത്ഥന്റെ നെഞ്ചിലെ മുറിവുണക്കാനുള്ള ഗീതയുമായി മാറണമെങ്കിൽ കാത്തിരിക്കുന്ന കർമ്മപരമ്പരകളിലേക്ക് പോയേ മതിയാവൂ. ഗോപികയുടെ അകതാരിനകതാരിൽ അലിവൂറിനിൽക്കുന്ന മൃദുകേസരത്തിൽ താൻ കുടികൊള്ളുന്നിടത്തോളം ഒന്നാകലിന്റെ നിറവ് അസ്തമിക്കില്ലെന്ന് തിരിച്ചറിവുള്ള കണ്ണൻ അവൾക്കായി ശാശ്വതജീവിതസത്യം വെളിവാക്കികൊടുക്കുന്നു.

ഗോപികേ നീയില്ലെങ്കിൽ നിൻ വ്രതഭക്തി
യില്ലെങ്കിൽ ഈ ശ്യാമകൃഷ്ണൻ വെറും കരിക്കട്ട-
യെന്നറിയുന്നു ഞാൻ വീണ്ടുമറിയുന്നു ഞാൻ

വൃന്ദാവനത്തിലും കാളിന്ദിയിലുമുള്ള സർവ്വവസ്തുക്കളിലും ലയിച്ചുകിടക്കുന്ന ഗോപികയെ മനുഷ്യജീവിതത്തിനു കരുത്തും പ്രകാശവും ചൊരിയുന്ന ആദിബിംബമാക്കി മാറ്റുകവഴി എക്കാലവും മനുഷ്യമനസ്സ് തേടുന്ന പ്രകാശധാരയെ തിരയുകയാണ് കവി. രാധയില്ലാതെ വെറും കരിക്കട്ടയായി മാറുന്ന ആധുനികകാലത്തെ ശ്യാമകൃഷ്ണന്റെ ആത്മവേദനയാണ് കവിതയ്ക്കാധാരം.[22]

നെഞ്ചിൽ ഏരകപ്പുല്ല് തറയുമ്പോഴും വനവേടന്റെ അമ്പിനാൽ കുതികാലു മുറിയുമ്പോഴും കാളിന്ദീതീരത്തെ കളികളും ചിരികളും രാധയുടെ വിരഹപ്രലാപപ്രതിധ്വനിയും കൂടി കെട്ടടങ്ങുന്ന അന്ത്യനിമിഷം വരുമ്പോഴും ബാക്കിനില്ക്കുന്ന ഗോപികയുടെ മുഴുവനാവാത്ത പ്രണയഗീതത്തിന്റെ മുറിവേറ്റ പല്ലവിയായിരിക്കും തനിക്കു കൂട്ടെന്ന് ഓർമ്മപ്പെടുത്തുന്ന കണ്ണൻ ധരയായ്, ധരിത്രിയായി, മനുഷ്യരെല്ലാവരും അണയേണ്ട സത്രമായി ഗോപികയെ കാണുന്നു. ജനനമരണവിധേയമായ മനുഷ്യരാശിയെ അവ

ളിൽ അധ്യാരോപം ചെയ്കവഴി രതിയുടെയും മനുഷ്യത്വത്തിന്റെയും പാരമ്യ മായാണ് മരണം പോലും മാറുന്നത്. കൃഷ്ണന്റെ അന്തർധാനത്തിനുശേഷം ജീവിതം തുടരുന്ന ഗോപികയാവട്ടെ കാമുകി എന്ന നിലയിൽ ജീവിതരതിയു ടെയും ജീവാത്മാവ് എന്ന നിലയിൽ മാനവികതയുടെയും അതിജീവനത്തെ കുറിക്കുകയും ചെയ്യുന്നു.[23]

കൃഷ്ണൻ തന്നെ അറിയുമോ എന്ന സുഗതകുമാരിയുടെ ഗോപിക യുടെ ആശങ്കകളെയെല്ലാം ദുരീകരിക്കുന്ന, ഗോപികയുടെ ഓരോ ചെറുചല നങ്ങളെപോലും അറിയുന്ന കൃഷ്ണനെ ഉൾക്കൊള്ളുന്നതോടൊപ്പം കൃഷ്ണനെയും കവിഞ്ഞ് നിറഞ്ഞുനിൽക്കുന്ന പ്രണയത്തെയാണ് അയ്യപ്പ പണിക്കർ *ഗോപികാദണ്ഡക*ത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

### 4.2.3 സഫലമാവാത്ത പ്രേമത്തിന്റെ വിഹ്വലത

കൃഷ്ണന്റെ തേരുപോവുന്നത് ശിലാബിംബംപോലെ നോക്കി നിൽക്കുന്ന ഗോകുലത്തിലെ അജ്ഞാതഗോപികയുടെ ഛായതന്നെയാണ് ദേവദാസിക്കുമുള്ളത്. കോവിലിലെ ആദ്യത്തെ പടിയിൽ പല നിഴലുകൾക്കു ള്ളിൽ മുഖം കുനിച്ചിരിക്കുന്ന അവളെ ഭ്രാന്തിയായ ഒരു ഭിക്ഷക്കാരിയായെ ജനങ്ങൾ കരുതുന്നുള്ളൂ. മലിനമായ്, ദീനയായ്, കരയാതെ കരയും മിഴിക ളുമായി ഇരുകയ്യും നീട്ടിയിരിക്കുന്ന അവൾ ദേവന്റെ പ്രണയിനിയാണെന്ന് ആർക്കുമറിയില്ല. ഉത്സവവേളയിൽ മറ്റുള്ളവർ ആടുകയും പാടുകയും ചെയ്യുമ്പോൾ അവരുടെ കൂട്ടത്തിൽ ഒരിക്കലും പ്രത്യക്ഷപ്പെടാനാവാത്ത ദേവദാസി, ഗോപികയെപ്പോലെ ഭഗവാനിൽ മനസ്സർപ്പിച്ച് കാത്തിരിക്കുന്നു. കയ്യിലെ തീവ്രാനുരാഗവും അതിന്റെ മധുരവും അന്തിയാകുന്നതുവരെ കാത്തുവെങ്കിലും ഇരുളിൽ കോവിലിലെ നടയെല്ലാമടഞ്ഞ് ഒടുവിലെ തിരി നാളവും കെട്ടപ്പോൾ ദേവദാസിയുടെ അവസാനപ്രതീക്ഷയും അണയുന്നു.

വളരെ വൈകിപ്പോയി ദേവ വൈകിപ്പോയി
തിരിയെ ഞാൻ മിണ്ടാതെണീറ്റുപ്രാകും
അതിനു മുമ്പാദ്യത്തെപ്പടിയിൽ, ഞാൻ കാത്തൊരീ
മധുരവും ഊക്കോടെയെറിഞ്ഞുടക്കും (ദേവദാസി)

എന്ന് അടിച്ചമർത്തപ്പെടുന്ന സ്ത്രൈണാഭിലാഷങ്ങളുടെ വേദന ദേവദാസി പ്രകടിപ്പിക്കുന്നു.

കൃഷ്ണനെ മനസ്സിൽ കുടിയിരുത്തിക്കാത്തിരിക്കുന്ന ഗോപികാഭാവമാണ് *യമുനാതീരേ*യിലും കാണുക. പ്രേമത്തിന്റെ അനർഘനിമിഷങ്ങളെ താലോലിച്ചിരിക്കുന്ന അവൾ മനസ്സ് കൃഷ്ണസാമീപ്യമെത്താൻ കൊതിച്ചിട്ടും ആ പ്രലോഭനങ്ങളെയെല്ലാം തള്ളിക്കളഞ്ഞ് മന:സ്ഥൈര്യം വിടാതെ കാത്തിരിക്കുന്നു. കാത്തിരിപ്പിന്റെ അനന്തതയാണ് *മറ്റൊരുരാധിക*യിലെയും പ്രതിപാദ്യം. കൂടെയുള്ളവർ കുടവും നിറച്ച് തങ്ങളുടെ മൺകുടിലിലേക്ക് പോയിട്ടും പായൽപൊതിഞ്ഞ കല്പടവിൽ, നിറയ്ക്കാൻ മറന്നകുടം ഒഴുകിപ്പോവുന്നതും നോക്കി അർദ്ധനിമീലിതനേത്രങ്ങളോടെ സ്വയം മറന്നിരിക്കുന്ന രാധികയുടെ വിരഹവിഷാദങ്ങൾ സ്ത്രീയുടെ സഫലമാവാത്ത പ്രേമത്തിന്റെ വിഫലതതന്നെ. *ഞാനിവിടത്തിലിരിക്കട്ടേയെൻ/കാണാനിഴലിൻ കൂടെ* എന്നു പറയുന്ന രാധിക പ്രണയം, ആർദ്രത, സമർപ്പണം തുടങ്ങിയ സ്ത്രൈണഭാവങ്ങളുടെ പൂർത്തീകരണമാണ്. ദുഃഖം ഉള്ളിലെരിയുമ്പോഴും പരിഭവമോ പരാതിയോ ഇല്ലാതെ കാത്തിരിക്കുന്ന രാധികയിൽ ആർഷമൂല്യങ്ങളെ പരിചരിക്കുന്ന സ്ത്രീസങ്കല്പമാണുള്ളത്. പുരുഷനെ കാത്തുകൊണ്ടുള്ള സ്ത്രീയുടെ നിശ്ശബ്ദസഹനത്തെ, ഇരിപ്പിനെ സ്ത്രീവാദികൾ അംഗീകരിക്കുന്നില്ലെങ്കിലും കൃഷ്ണസങ്കല്പം മാനുഷികതലത്തിൽ വച്ച് മാത്രം അപഗ്രഥിക്കാനാവാത്ത ഒന്നായതിനാൽ അടിച്ചമർത്തലിന്റെ ബലതന്ത്രങ്ങൾക്ക് ഇവിടെ പ്രസക്തിയില്ലെന്ന് എം. ലീലാവതി ചൂണ്ടിക്കാട്ടുന്നു.[24]

## 4.3 പ്രണയസാക്ഷാത്ക്കാരത്തിന്റെ തലങ്ങൾ

കൃഷ്ണസാമീപ്യം അനുഭവിച്ച അതിധന്യമായ മുഹൂർത്തത്തിന്റെ സാഫല്യകതയെപ്പറ്റിയുള്ള ഗോപികയുടെ ആത്മഗതമാണ് *ഒരു നിമിഷം* എന്ന കവിത. കാളിന്ദീതീരത്തെ കടമ്പിന്റെ ചാഞ്ഞ കൊമ്പിലിരുന്ന കണ്ണൻ ഗോപികയുടെ പ്രണയാർദ്രമിഴികളെ കീർത്തിച്ച് ഗാനമാലപിച്ചതും അരുണ ഭാവമാർന്ന കവിൾത്തുടിപ്പോടെ നറുചുണ്ടത്തൊരു മന്ദഹാസവുമായി കുനിഞ്ഞ് നക്ഷത്രംപോലൊരു നിമിഷം സമ്മാനിച്ചതും ജീവിതത്തിലെ അനർഘനിമിഷങ്ങളായി ഗോപിക കരുതുന്നു. പ്രണയസമർപ്പണത്തിന്റെ നിമിഷത്തിൽ കാലംപോലും നിശ്ചലമായി ഗോപികയ്ക്കൊപ്പം നിൽക്കുന്നു.

### 4.3.1 പ്രണയം നൽകുന്ന സ്വാതന്ത്ര്യം

രാധയുടെ പ്രണയാവേശത്തിന്റെയും സാക്ഷാത്ക്കാരത്തിന്റെയും വർണ്ണനയാണ് *ഒരു വൃന്ദാവനം.* കാട്ടിലെ കടമ്പുവൃക്ഷത്തിന്റെ കൊമ്പിലിരിക്കുന്ന രാധയുടെ താമരപ്പൂപോലെയുള്ള കാലിൽ കോലരക്കിൻ ചാറു കൊണ്ട് ചിത്രം വരയ്ക്കുകയാണ് കൃഷ്ണൻ. ഇന്ത്യൻ സാമൂഹികസാഹചര്യം പരിഗണിക്കുമ്പോൾ ഈ ഇരിപ്പിൽതന്നെ ഒരു വിപ്ലവമുണ്ട്. രാമന്റെ പാദപൂജ ചെയ്യുന്ന സീതയാണ് ദാമ്പത്യസദാചാരത്തിന്റെ മാതൃകയെന്നിരിക്കെ സ്ത്രീയുടെ (രാധയുടെ) പാദസേവ ചെയ്യുന്ന പുരുഷൻ (കൃഷ്ണൻ) വൈകാരികവിപ്ലവത്തിന്റെ സൂചകമാവാതെ വയ്യ. പുരുഷന്റെ പാദസേവ ചെയ്യുന്ന സ്ത്രീയെ മാത്രം അവതരിപ്പിക്കുന്ന സദാചാരവ്യവസ്ഥക്ക് വിരുദ്ധമാണ് സ്ത്രീയുടെ പാദസേവ ചെയ്യുന്ന പുരുഷൻ. ഇവിടെ പുരുഷമേൽക്കോയ്മയുടെതായ അടയാളങ്ങൾ അപ്രത്യക്ഷമാവുക മാത്രമല്ല പ്രണയം നൽകുന്ന സ്വാതന്ത്ര്യത്താൽ സാമൂഹ്യമായ സ്ത്രീ പുരുഷഭേദം അപ്രസക്തമാവുകയും ചെയ്യുന്നു.[25] ഇതുതന്നെയാണ്

ഇവിടെ വെച്ചല്ലോ വിറയ്ക്കുമെൻ പാദത്തി-
ലവിടുന്നു മൈലാഞ്ചി ചേർത്തൊരുക്കീ (രാധയെവിടെ)

എന്ന് രാധയെ കണ്ണെഴുതിക്കുകയും പൊട്ടുതൊടുവിക്കുകയും തലമുടി പിന്നിയലങ്കരിക്കുകയുമൊക്കെ ചെയ്യുന്ന കൃഷ്ണന്റെ അവതരണത്തിലും കാണുക. ഏറ്റവും സൗന്ദര്യവതിയായിരിക്കാനും കൃഷ്ണനെക്കൊണ്ട് സൗന്ദര്യപൂരണവും പൂജയും ചെയ്യിക്കാനും രാധയ്ക്ക് മടിയില്ല. പിണങ്ങിയിരിക്കുമ്പോൾ കൃഷ്ണൻ കാലുപിടിച്ച് ക്ഷമ യാചിക്കുമ്പോഴേ രാധയ്ക്ക് തൃപ്തിയാവുന്നുള്ളൂ.

പുരുഷമേൽക്കോയ്മയുടേതായ അഹങ്കാരമില്ലാത്ത സ്ത്രീപുരുഷബന്ധത്തെപ്പറ്റിയുള്ള സങ്കല്പമാണ് തുടുകൈവെള്ളയിൽ രാധാപാദം വെച്ച് ഏകാഗ്രമായി ചിത്രം വരയ്ക്കുന്ന കണ്ണന്റെ ചിത്രണത്തിനു പിന്നിലുള്ള ഘടകം. രാധാകൃഷ്ണപ്രണയത്തിൽ കാണുന്ന പരസ്പരപങ്കാളിത്തവും പരസ്പരസമർപ്പണവും അടങ്ങുന്ന ദാമ്പത്യം സ്വപ്നം കാണുന്നുണ്ടെങ്കിലും വർത്തമാനകാലാനുഭവങ്ങൾ അതിനു വിരുദ്ധമാണെന്ന അറിവ് അസംതൃപ്തപ്രണയസ്വപ്നങ്ങളുമായി ജീവിക്കാൻ ഇന്ത്യൻസ്ത്രീയെ പ്രേരിപ്പിക്കുന്നു. ഗാഢമായ സ്നേഹത്തേയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള സങ്കല്പങ്ങൾ നിരന്തരമായ അസംതൃപ്തിയിലേക്കും നിതാന്തമായ അന്വേഷണത്തിലേക്കും സ്ത്രീയെ നയിക്കുന്നു. ഭർത്താവല്ലാത്ത ഒരുവനെ കാമിച്ചാൽ വലിയതെറ്റായിക്കരുതുന്ന ഇന്ത്യയിൽ രാധയുടെ അവിഹിതമായ സ്നേഹം വിഹിതമായി എന്നല്ല ദിവ്യമായിപ്പോലും തോന്നുന്നതിലെ കടുത്ത വൈരുദ്ധ്യം പഠനാർഹമാണെന്നാണ് നിത്യചൈതന്യയതിയുടെ അഭിപ്രായം. ഭാരതീയരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ലൈംഗികമായ സ്വാതന്ത്ര്യേച്ഛയാണ് കവികളെക്കൊണ്ട് രാധാകൃഷ്ണന്മാരുടെ പ്രേമത്തെ പ്രകീർത്തിക്കാൻ ഇടയാക്കിയതെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.[26]

രാധയുടെ അഗാധമായ കൃഷ്ണപ്രണയത്തിനു ബംഗാളിലെ സഹജീയമതസ്ഥരുടെ പ്രണയസങ്കല്പവുമായി ഏറെ അടുപ്പമുണ്ട്. സഹജീയമതക്കാർ പ്രണയത്തെ സാധാരണി, സാമഞ്ജസ്യം, സാമർത്ഥം എന്നു മൂന്നായി

തിരിക്കുന്നു. സാധാരണി കേവലം ലൈംഗികമോഹമാവുമ്പോൾ സാമഞ്ജസ്യം ഭർത്താവിനും ഭാര്യയ്ക്കുമിടയിലുണ്ടാകുന്ന സ്വകീയപ്രണയമാണ്. സാമർത്ഥമാവട്ടെ ഗോപികമാർക്ക് പ്രത്യേകിച്ച് രാധയ്ക്ക് ശ്രീകൃഷ്ണനോടു തോന്നുന്ന വിധത്തിലുള്ള അഗാധപ്രണയവും. ഭർത്താവോ ഭാര്യയോ അല്ലാത്ത ഒരാളെ സ്നേഹിക്കുന്നതിനാൽ ഇതിനു പരകീയം എന്നും പേരുണ്ട്. സ്ത്രീയെ കാമനിവൃത്തിക്കോ, സന്താനോൽപാദനത്തിനോ അല്ലാതെ തന്നേക്കാൾ ശ്രേഷ്ഠയായ ആരാധന അർഹിക്കുന്ന സ്വതന്ത്രജീവിയായി കരുതുന്ന ഇംഗ്ലീഷിലെ റൊമാന്റിക്പ്രണയം തന്നെയാണ് പരകീയ/സാമർത്ഥപ്രണയം. സ്വകീയപ്രണയം ആചാരവും മാമൂലും ശാസ്ത്രവിധിയും അനുസരിച്ചുള്ള, അപകടാവസ്ഥ തീരെ ഇല്ലാത്ത നിത്യരതിക്ക് ഇടംകൊടുക്കുന്ന ഒന്നാകയാൽ സ്വാതന്ത്ര്യത്തിനും വിയോഗത്തിനും അവിടെ സ്ഥാനമില്ല. എന്നാൽ പരകീയപ്രണയമാവട്ടെ എല്ലാ നിയമങ്ങൾക്കും അതീതമായി കുടുംബത്തെയും ബന്ധുക്കളെയും സമുദായത്തെയും വിസ്മരിച്ചുകൊണ്ട് പ്രണയത്തെ മുദ്രാവാക്യമായെടുക്കുന്നു. ഒരു പരകീയസ്ത്രീയുടെ പ്രണയത്തേക്കാൾ അഗാധമായ പ്രണയം കാണാൻ സാധിക്കയില്ലെന്ന് ഡി.ഡി.സെൻ ഒരു സ്ത്രീയുടെ അഭിപ്രായത്തിലൂടെ വ്യക്തമാക്കുന്നു: *പാതിവ്രത്യത്തിനുപേരുകേട്ട സീതയ്ക്കും സാവിത്രിയ്ക്കും തങ്ങളുടെ സാമുദായികനിലയെയും കീർത്തിയെയും നല്ലപേരിനെയും പുരസ്കരിച്ച് പതിവ്രതകളാവാതെയിരിക്കാൻ നിവൃത്തിയില്ല. ഇഹത്തിലും പരത്തിലുമുള്ള ലാഭം പരിഗണിക്കുന്നതിനാൽ അവർ പ്രശംസ അർഹിക്കുന്നില്ല. എന്നാൽ പരകീയസ്ത്രീയുടെ പ്രണയാനുഭവങ്ങളാവട്ടെ ഹേമദണ്ഡമോ നിന്ദയോ ബാധിക്കാത്തതാണ്. രാധയുടെ പ്രേമം അങ്ങനെയാണ്.*[27] സർവ്വതും വിസ്മരിക്കുന്ന, സമർപ്പണത്തിലൂന്നുന്ന പ്രണയനിലകളോടുള്ള താൽപര്യമാണ് പാതിവ്രത്യമഹിമക്ക് ഉദാഹരണമല്ലാതിരുന്നിട്ടും ഓരോ പ്രാദേശികസ്മൃതിയിലും രാധാഭാവം കുടികൊള്ളാൻ കാരണം.

തീരെ ദരിദ്രമെൻ നാട്ടിലെയേതൊരു
നാരിയും രാധികയല്ലിയുള്ളിൽ (ഒരു വൃന്ദാവനരംഗം)

എന്നഭിപ്രായപ്പെടുന്ന സുഗതകുമാരി, പ്രേമം നൽകുന്ന സ്വാതന്ത്ര്യത്തെ പ്രണയത്തിന്റെ ഔന്നത്യത്തെ, അഹം വെടിഞ്ഞുള്ള ലയനത്തെ കൊതിക്കുന്ന സ്ത്രീത്വത്തെ ചൂണ്ടിക്കാട്ടുന്നു.

### 4.3.2 കാത്തിരിക്കുന്ന അഭയസ്ഥാനം

കണ്ണന്റെ കുഴൽവിളികേട്ട് എല്ലാം മറന്ന് ഓടിയെത്തുന്ന ഗോപികയെയാണ് *അഭിസാരികയിൽ* കാണുക. പാലയും പാരിജാതവും പൂചൊരിയുന്ന രാവിൽ, കാൽച്ചിലമ്പുകളും കൈവളകളും ഊരിവെച്ച്, ശേഖരിച്ച പ്രിയവസ്തുക്കളൊന്നും എടുക്കാതെ, ഭർത്താവിനെ നോക്കാതെ കുഞ്ഞിനെ മാത്രം തിരിഞ്ഞുനോക്കിക്കൊണ്ട് അവളിറങ്ങിയത് കണ്ണനോടൊപ്പം രമിക്കാനല്ല. രാസനൃത്തമാടാനോ, പ്രിയരാഗം കേൾപ്പിക്കാനോ, നിലാവിൽ തിളങ്ങുന്ന യമുനയിൽ കൈകോർത്തു നീന്താനോ, വള്ളിയൂഞ്ഞാലിലാടാനോ അവൾ ആഗ്രഹിച്ചിട്ടില്ല. ഒന്നു കാണാൻ മാത്രമാണ് അവൾക്കു കൊതി.

പാതിയായ പണിതീർത്തിടാതെ
പാതിരാവിൽ വിളക്കണയ്ക്കാതെ
കുഞ്ഞിനെറ്റിയിലുമ്മ വയ്ക്കാതെ
നിൻവിളിതൻ കൊടുംനോവിലൂടെ (അഭിസാരിക)

ഉള്ള യാത്രയിൽ കാലിൽ മുള്ളുതറച്ചതോ, നീലപ്പട്ടു കീറിയതോ, വള്ളിപോലെ പാമ്പുകാലിൽ പിണഞ്ഞതോ, കുണ്ടിൽ വീണതോ അവൾക്കു പ്രശ്നമാവുന്നില്ല. പുഞ്ചിരിച്ചു നിൽക്കുന്ന കണ്ണന്റെ ചന്ദനം മണക്കുന്ന മാറിൽ അഭയം തേടുന്ന അവൾ മൃത്യുപോലും കണ്ണന്റെ നാമമാണെന്ന് തിരിച്ചറിയുന്നു. പ്രണയവും ജീവിതവും മരണവും മേളിക്കുന്ന ഇടമാണ് ഗോപി

കയ്ക്ക് കൃഷ്ണന്റെ മാറിടം. എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തമായ ഇടം പരമാനന്ദം നൽകുന്ന ഒന്നായി മാറുകയും ചെയ്യുന്നു.

### 4.3.3 ദാമ്പത്യപ്രണയത്തിന്റെ ചിത്രണം

പാവമൊരു പെണ്ണിനെ സൂര്യചന്ദ്രതാരകൾ നോക്കിനിൽക്കും വിധം *അത്രമേൽ വിശുദ്ധമായത്രമേലഗാധമാ/യത്രമേൽ സ്വയംസമർപ്പിതനായി* സ്നേഹിക്കുന്ന പുരുഷനോടുള്ള ആത്മത്യാഗം നിറഞ്ഞ സ്നേഹമാണ് *അത്രമേൽ സ്നേഹിക്കയാൽ.* പ്രേമാനുഭൂതിയിലകമലിഞ്ഞ ഒരുവൾ പ്രിയതമന്റെ ശിരസ്സിലണിയിച്ച പൂമാലക്കിരീടമാണിതെന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നു. പാവനമായ സ്വസൃഷ്ടിസഞ്ചയത്തെ ഉള്ളലിഞ്ഞു സ്നേഹിക്കുന്ന അവശനായ ഈശ്വരനു നൽകുന്ന കിരീടമാണെന്ന എൻ.വി.കൃഷ്ണവാര്യരുടെ അഭിപ്രായത്തോട് ലീലാവതി യോജിക്കുന്നില്ല. ദാമ്പത്യപ്രേമം പോലുള്ള വ്യക്തിഗതമായ അനുഭൂതികൾ സാമൂഹികമോചനം പ്രമേയമാക്കുന്ന പടയാളികളുടെ കവനസ്വപ്നങ്ങളിൽ ഉൾപ്പെട്ടുകൂടാ എന്ന ചിന്താഗതിയാവാം പത്നി പതിയെ അണിയിച്ച പുഷ്പകിരീടത്തിൽ കുറഞ്ഞപക്ഷം ഒരു ദൈവാരാധനയെങ്കിലുമുണ്ടെന്ന ചിന്തയിലേക്ക് നയിച്ച വികാരം.[28] കാമുകഭാവത്തിന്റെ ആവേശം കൈവിടാതെയും താൽക്കാലികമായ ഭോഗചിന്തകൾ വെടിഞ്ഞും കേവലം സമർപ്പണമനോഭാവത്തോടെയുള്ള പതിപത്നീബന്ധം ഉൾക്കൊള്ളുന്ന സ്വകീയപ്രണയമാണിത്. വിവാഹം, മാതൃത്വം, കുടുംബം എന്നിങ്ങനെ വീട്ടകങ്ങളിലേക്ക് സ്ത്രീയെ ഒതുക്കുന്ന സാമ്പ്രദായികരീതി ഇവിടെ കടന്നുവരുന്നില്ല.

### 4.4 മാതൃത്വത്തിന്റെ നിർവൃതി

സുഗതകുമാരി കണ്ണനിലേക്ക് സഞ്ചരിക്കുന്നത് രാധയുടെ പ്രണയഭാവത്തിൽ മാത്രമല്ല, അമ്മയുടെ വാത്സല്യത്തോടെയും അവർ കണ്ണനെ തേടുന്നു.

### 4.4.1. ആലിലക്കണ്ണൻ

തികച്ചും സ്വകീയങ്ങളായ തീവ്രാനുഭവങ്ങളിൽ നിന്ന് കേവലമനുഷ്യ നിലേക്കും അവിടെ നിന്ന് മാനവജീവിതത്തിലേക്കും വിശ്വപ്രകൃതിയി ലേക്കും പിന്നെയും പറന്ന് പ്രപഞ്ചാത്മാവിലേക്കും അസ്വസ്ഥമായി പറ ക്കുന്ന സുഗതകുമാരിയുടെ കവിഭാവന ആത്യന്തികമായും ശാന്തിയുടെ പര മാഹ്ലാദമനുഭവിക്കുന്നത് ബാല്യകാലം മുതൽക്കേ അതിപവിത്രമായി ഹൃദയ ത്തിന്റെ ശ്രീകോവിലിൽ സൂക്ഷിക്കുന്ന ആലിലകൃഷ്ണനിലാണ്.[29] ഗർഭാശയ ത്തിന്റെ ആകൃതിയോടു കൂടി, ആലിലയിൽ പ്രളയജലോപരി പൊങ്ങിക്കിട ന്നുകൊണ്ട് കാൽവിരൽ നുണയുന്ന ദിവ്യശിശു ഭാരതീയസങ്കല്പത്തിലെ ആദിശിശുബിംബമാണ്. ഭക്തിയും വാത്സല്യവും മേളിക്കുന്ന ശിശുബിംബ ത്തോടുള്ള താൽപര്യമാണ് *ഒരു താരാട്ടിന്റെ ഓർമ്മ.* പിറക്കാത്ത പുത്രനെ ക്കുറിച്ച് ഇമ്പമായി പാടുന്ന അമ്മ

ആടിവാനിൽ അമ്പിളിയായ്
അമ്മയുള്ളിൽ പൊൻവിളക്കായ്
ആടലിൽ നീ പള്ളികൊൾവൂ (ഒരു താരാട്ടിന്റെ ഓർമ്മ)

എന്ന് ആലിലക്ക്യഷ്ണൻ നൽകുന്ന ആഹ്ലാദപൂർണ്ണമായ ശാന്തിയുടെ മുഗ്ധഭാവത്തെ വർണിക്കുന്നു. സ്വപ്നത്തിൽ 'അമ്മേ' യെന്ന വിളികേട്ട് കരംനീട്ടവേ മാറിലമരാതെ ഓടിയൊളിച്ച മകൻ ആലിലക്കണ്ണനായി ജനിക്കു മെന്നാണ് അമ്മയുടെ പ്രതീക്ഷ. പ്രേമത്തിനു അമൃതായി, സങ്കടത്തിനു തണുപ്പായി, വാർദ്ധക്യത്തിനു കരുത്തായി, മിഴികൾക്കു കാഴ്ചയായി വരുന്ന മകൻ പാഴ്മനസ്സിന്റെ നാമ്പിലയിൽ ആലോലമാടി വാഴുമ്പോൾ പ്രക്ഷു ബ്ധത പോലും ശാന്തതയായി മാറുമെന്നും അലിവ് ആകെ പരക്കുമെന്നും അമ്മ വിശ്വസിക്കുന്നു.

### 4.4.2. കണ്ണനെത്തേടുന്ന അമ്മ

കാലികളോടും തത്തമ്മയോടും കരിവണ്ടിനോടും തുമ്പിയോടും മാനി

നോടും മയിലിനോടും കാളിന്ദിയോടും എന്നുവേണ്ട കൺമുന്നിൽ കാണുന്ന ചരാചരങ്ങളോടെല്ലാം മകനെക്കുറിച്ച് അന്വേഷിക്കുകയാണ് *കണ്ണന്റെ അമ്മ*. നിലവിളക്കുകൊളുത്തിവച്ച മുറിയിൽ വെളുത്ത പട്ടുതൊട്ടിൽ പതുക്കെയാടുന്നു. തൊട്ടിലിനു താഴെ മയിൽപ്പീലിയും തഴുകിയെത്തുന്ന കാറ്റിന് ഹരിചന്ദനഗന്ധവും തൊട്ടിലിൽ നിന്നു പുറത്തുകാണുന്ന കുഞ്ഞിക്കാലിന് ഇരുണ്ട നീലനിറവും പൊൻതളയുടെ തിളക്കവും കാണുകയും അറിയുകയും ചെയ്യുന്നെങ്കിലും അടുത്തേക്കു ചെല്ലാൻ അമ്മയ്ക്കാവുന്നില്ല. ജീവിതനന്മകളെല്ലാം മനുഷ്യരിൽ നിന്നകലുന്ന സാഹചര്യത്തിൽ ജന്മങ്ങൾക്കപ്പുറത്തുനിന്നുകൊണ്ട് കണ്ണന്റെ പൂന്തൊട്ടിൽ ദർശിച്ച് സായൂജ്യമടയാനേ അമ്മയ്ക്കു കഴിയൂ.

### 4.4.3 രക്ഷകനാകുന്ന കുഞ്ഞ്

ഏഴുമക്കളെ ക്രൂരവിധിക്കു നല്കി കല്ലറയിലെ ഇരുട്ടിൽ കണ്ണീർകൊണ്ട് മുഖം കഴുകുന്ന അമ്മയും ഉണ്ണിയെ ആഗ്രഹിക്കുന്നു.

ഒടുക്കത്തെക്കിടാവിനെ
ക്കൊല്ലാതെങ്ങോ വളർത്തുവാ
നൊളിച്ചു നൽകിയോർ, ചത്തു
ചത്തു ജീവിച്ചിരിപ്പവർ (അമ്മ)

എന്ന് അമ്മയെ വിശേഷിപ്പിക്കുന്ന കവി നൂറ്റാണ്ടുകളായി സ്ത്രീകൾ അനുഭവിക്കുന്ന ദു:ഖങ്ങളുടെ പ്രതിരൂപം അമ്മയിൽ ദർശിക്കുന്നു. പെണ്ണിനു തുണ നൽകേണ്ട ആങ്ങള തന്നെ നിത്യദു:ഖത്തിന്റെ കാരാഗൃഹത്തിലേക്ക് വലിച്ചെറിഞ്ഞ അവസ്ഥയിൽ ദൈവം പോലും കയ്യൊഴിയില്ലേ എന്നാശങ്കപ്പെടുന്ന ദേവകിക്ക് ജീവിതത്തിലെ ഏകപ്രതീക്ഷ എന്നെങ്കിലും എത്തിച്ചേരുന്ന ഉണ്ണിയിലാണ്. സ്ത്രീയുടെ ദുരിതങ്ങൾക്ക് അറുതിവരുത്തുന്ന ശിശുപ്രരൂപവും രക്ഷകപ്രരൂപവും ഒരുമിക്കുന്ന ഉണ്ണിയെ മകനെന്നു

വിളിക്കാനേ അവർക്കു കഴിയൂ. ചോരപുരണ്ട കയ്യുംനീട്ടി മോചനവാഗ്ദാന വുമായി വരുന്ന മകനിലാണ് അമ്മമാരുടെ രക്ഷ.

കൃഷ്ണന്റെ കുട്ടിക്കാലത്തെ ശീലക്കേടുകൾ ഭക്തിപാരവശ്യത്തോ ടെയും അത്യധികം വാത്സല്യത്തോടെയും ചിത്രീകരിക്കുന്ന കവികൾ ആ കുരുത്തക്കേടുകൾക്കിടയിലും രക്ഷകനായ കൃഷ്ണനെ കൂടി അവതരിപ്പി ക്കുന്നുണ്ട്. ബാലരൂപനായ കൃഷ്ണന്റെ അത്ഭുതലീലകൾ പറഞ്ഞാൽ തീരില്ല എന്ന് വള്ളത്തോളും വിശ്വപിതാവിന്റെയും കൊച്ചുകിടാവിന്റെയും വിരുദ്ധഭാവങ്ങൾ കൃഷ്ണനിലുണ്ടെന്ന് വൈലോപ്പിള്ളിയും ശിശുവിൽ ഈശ്വരചൈതന്യവും രക്ഷകബിംബവും കണ്ടെത്തുന്ന ഭാരതീയവീക്ഷ ണത്തെ എടുത്തുകാട്ടുന്നു. ശിശു ഭാവികാലത്തിന്റെ പിതാവാണ്, ഭാവികാ ലത്തിന്റെ പ്രതീക്ഷയാണ് എന്ന ആദിരൂപപരമായ വിമർശനത്തിന്റെ നിരീ ക്ഷണവും ശ്രദ്ധേയമാണ്.[30] കുഞ്ഞിൽ ഈശ്വരാംശം കാണുന്ന അമ്മമാർ കുഞ്ഞിനെ കണ്ണനോടുപമിക്കുന്നത് വർത്തമാനകാലത്തിലും ശിശുപ്രരൂപ ത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുന്നു.

പേയും കൊലയും പകയും പേടിയും നിറയുന്ന ഇരുമ്പഴികൾക്കു ള്ളിൽ ഇരുട്ടിൽ തളർന്നുകിടക്കുന്ന അമ്മയുടെ അടുത്തേക്ക് വിണ്ണിൻകാരു ണ്യവായ്പോടെ എഴുന്നെള്ളിയ ഉണ്ണിയാണ് *ഉണ്ണിപിറന്നു*വിലെ പ്രതിപാദ്യം. പൂത്തിരിയും പുതുമലരും വച്ച്, കതിനകുരവമേളങ്ങൾ ഒരുക്കി, പൊന്നിട്ടതേൻ നല്കി ഉണ്ണിയെ സ്വീകരിക്കേണ്ടതാണെങ്കിലും പകയുടെയും ആക്രമണത്തിന്റെയും ഇടിമുഴക്കത്തിൽ കണ്ണുനീരുപ്പോടെ സ്വീകരിക്കാനേ അമ്മയ്ക്കു കഴിയുന്നുള്ളൂ. അമ്മയ്ക്കരികിൽ നിന്നും ആ പൂവൽമെയ് മഴമി ന്നലിന്റെ ദീപനാളത്തിൽ, പുഴയോളം തൊഴുതുമാറിയ വഴിയിലൂടെ, പാമ്പിന്റെ കുടയുംപേറി മറ്റൊരമ്മയുടെ അടുക്കലേക്ക്, ഗോകുലത്തിന്റെ നിലാവായി പോയതിൽ അമ്മയ്ക്കു നിരാശയില്ല. ഉണ്ണിയുടെ പിറവി പഴയ കാലത്തിൽ മാത്രമല്ല വർത്തമാനകാലത്തിലും ഉണ്ടെന്നു വിശ്വസിക്കുന്ന

അമ്മ അതു തന്റെ മനസ്സിലാണെന്നു കൂട്ടിച്ചേർക്കുന്നു. സ്ത്രീക്ക് സുഹൃത്തും സഹകാരിയും രക്ഷകനുമായ ഉണ്ണിയാണ് കാലത്തിന്റെ ആവശ്യമെന്ന് അമ്മ തിരിച്ചറിയുന്നു. അതാണ് അമ്മയുടെ പൊന്നുണ്ണി, പെങ്ങളുടെ സ്വപ്നം, കൈവെടിയാത്ത കണവൻ, വഴികാട്ടുന്ന വെളിച്ചം, പാൽക്കാരിപ്പെണ്ണിന്റെ പ്രണയം, യുദ്ധക്കളത്തിലെ പ്രണവം, മനസ്സിലെ ആനന്ദമൂർത്തി എന്നിങ്ങനെ പലഭാവങ്ങൾ മകനു നൽകാൻ കാരണം.

കഷ്ടപ്പാടിന്റെ കറുത്തശീല
കണ്ണീരിൽ മുക്കി കഴുകിയിട്ട്
ദു:ഖത്തിൻ വെയ്‌ലിലുണക്കിയിട്ട്
കൊച്ചൊരു തൊട്ടിലേ ഞാനൊരുക്കി (ഉണ്ണി പിറന്നു)

ആണ് ചിത്തമാകുന്ന ഇലക്കുമ്പിളിൽ, ഉണ്ണിക്കാൽ പൂവിരലുണ്ണുന്ന കണ്ണനെ അമ്മ സ്വീകരിക്കുന്നത്. അധർമ്മവും ചൂഷണവും സ്ത്രീപീഡനവും നടക്കുന്നകാലത്ത് അമ്മയുടെയും പെങ്ങളുടെയും മാനംകാക്കാനും പ്രണയവഴികളിൽ കാമിനിക്ക് കൂട്ടാകാനും അധർമ്മത്തിനെതിരെ പോരാടാനും തയ്യാറുള്ള മകനെയാണ് ഉൾക്കാമ്പിൽ അമ്മ പ്രതിഷ്ഠിക്കുന്നതും. ഭക്തിക്കാവശ്യമായ ആത്മസമർപ്പണത്തിന്റെ മികച്ച ഉദാഹരണമായ വാത്സല്യഭക്തിയിലൂടെയാണ് സുഗതകുമാരി കൃഷ്ണനെ തേടുന്നത്. ഭക്തൻ ഈശ്വരനുമായി അത്ര അടുത്താലേ ഈശ്വരനെ പുത്രനെപ്പോലെ സ്നേഹിക്കാൻ കഴിയൂ.

### 4.5 പ്രകൃതിയും രാധാകൃഷ്ണഭാവവും

രാധയുടെ സ്വത്വാന്വേഷണത്തിലൂടെ വികസിക്കുന്ന രാധാകൃഷ്ണ പ്രണയത്തിൽ കണ്ണനെ ഹൃദയത്താൽ പൊതിഞ്ഞുനിൽക്കുമ്പോഴും കണ്ണനെയും കവിഞ്ഞ് പ്രകൃതിയോളം വളരുന്ന രാധയെ കണ്ടെത്താനാവും. പ്രണയവും പ്രകൃതിയും സമ്മേളിക്കുന്ന രാധാഭാവമാണ് *ഒരു വൃന്ദാവന*

*രംഗം.* രാധയുടെ കാലിൽ കണ്ണൻ ചിത്രം വരയ്ക്കുന്നതു കണ്ട് ഏറ്റവുമധികം സന്തോഷിക്കുന്നതും നിർവൃതികൊള്ളുന്നതും പ്രകൃതിയാണ്.

പെട്ടെന്നു ഹർഷം പൊറാഞ്ഞു കടമ്പതാ
ഞെട്ടിയടിമൂടി പൂത്തുപോയി (ഒരു വൃന്ദാവനരംഗം)

ആ പൂക്കൾ കാണാൻ രാധ നീലിച്ച നീൾമിഴി ഉയർത്തുമ്പോഴാണ് കണ്ണൻ ചിത്രംവര തെറ്റിയതിൽ പരിഭവിക്കുന്നതും അതുകണ്ട് ഓളങ്ങളിലൂടെ കാളിന്ദി പുഞ്ചിരിക്കുന്നതും. പ്രകൃതിയെന്ന അമ്മ ശകുന്തളയ്ക്ക് അണിയാൻ ആഭരണങ്ങളും ധരിക്കാൻ പട്ടുടയാടയും വൃക്ഷങ്ങളുടെ ഇലച്ചാർത്തുകൾക്കിടയിലൂടെ നൽകിയ കാളിദാസകൃതികളെപ്പോലെ മനുഷ്യനുമായി ലയിച്ചു ചേരുന്ന പ്രകൃതിയാണ് ഇവിടെയുള്ളത്. പ്രകൃതി കൊണ്ട് പൂരിപ്പിക്കേണ്ടതായ മനുഷ്യസത്തയോടാണ് കവിക്ക് താൽപ്പര്യം.

രാധാഭാവത്തിനു കൂട്ടുവരുന്ന പ്രകൃതിയാണ് *ഒരു നിമിഷ*ത്തിലും കാണുക. പ്രണയാർദ്രമാവുന്ന അവസ്ഥയിൽ മൈതാനത്തിൽ നിറയെ നീലപ്പൂക്കളും പൊൻകടമ്പിന്റെ കുടയും ആഹ്ലാദംപോലെ ഇളകുന്ന പൂങ്കടലും സങ്കല്പംപോലെ തുളുമ്പുന്ന കാളിന്ദിയും ഉണ്ടായിരുന്നെങ്കിൽ കണ്ണന്റെ വേർപാടിനുശേഷം ശൂന്യമായ മൈതാനവും കടമ്പുനിന്ന വെറുംമണ്ണും മന്ദമായൊലിക്കുന്ന കാളിന്ദിയും ഏകയായ ഗോപികയും മാത്രം. നീലക്കുറിഞ്ഞിപ്പൂക്കൾ കൊരുത്ത കമ്മലും താമരനൂലിലയാൽ തീർത്ത പൂത്താലിയും അണിയിച്ച് രാധയെ ഒരുക്കുന്ന കണ്ണന്റെ ചിത്രം *രാധയെവിടെ*യിൽ കാണാം. പ്രണയാർദ്രമാവുമ്പോൾ വൃന്ദാവനത്തിനു വിലോഭനീയസൗന്ദര്യം കൈവരുന്നു. സർവചരാചരങ്ങളും പ്രണയലീലയിൽ പങ്കെടുക്കുന്നു. എന്നാൽ രാധ തിരസ്കൃതയാവുമ്പോൾ, വിരഹവ്യഥയാൽ നീറുമ്പോൾ കൂട്ടിനെത്തുന്നത് കങ്കാളനിബിഡമായ ശിവഭൂമി മാത്രമാണ്.

ഭൂമിയെയും പ്രകൃതിയെയും മനുഷ്യരെയും വൃക്ഷലതാദികളെയും

മറ്റു ജീവജാലങ്ങളെയുമെല്ലാം അഗാധമായി സ്നേഹിക്കുന്ന, ഓടക്കുഴലും പീലിത്തിരുമുടിയുമുള്ള കൃഷ്ണൻ എല്ലാ കലകളിലും കടന്നുവരുന്നുണ്ട്. കൃഷ്ണൻ തന്റെ കാമവും പ്രണയവും കലഹവുമൊന്നും ഒളിച്ചുവയ്ക്കുന്നില്ല. മിത്ത് ഒന്നും ഒളിച്ചുവയ്ക്കുന്നില്ല എന്നാണ് മിത്തോളജിയെക്കുറിച്ചു പഠിച്ച റൊളാങ്ബർത്ത് പറയുന്നത്.[31] മനുഷ്യരും മൃഗങ്ങളും വൃക്ഷങ്ങളും പ്രകൃതിസൗന്ദര്യവും നിറഞ്ഞ പാരിസ്ഥിതികകാഴ്ചപ്പാട് പുലർത്തുന്ന കൃഷ്ണപ്രതീകമാണ് *ഉള്ളഴിഞ്ഞാറന്മുളേശൻ.* പീലിയോ മാലയോ ഇല്ലാതെ തോണിക്കാരിലൊരാളായി മാത്രം കണ്ണനെ ചിത്രീകരിക്കുന്ന കവി സ്വാർത്ഥതയുടെ ചെളിയും ദുർഗന്ധവും പേറുന്ന ആധുനികമനുഷ്യനു കണ്ണനെ തിരിച്ചറിയാനാവില്ലെന്നു വ്യക്തമാക്കുന്നു. തിരിച്ചറിയാൻ ഒറ്റവഴിയേയുള്ളൂ.

മെലിഞ്ഞാകെ മലിനയാം
പമ്പതൻ സംഭ്രമം കാൺകെ
സ്സങ്കടം കാൺകെ
എന്തുകൊണ്ടോ കണ്ണുനീര
ണിയുമൊരാൾ (ഉള്ളഴിഞ്ഞാറന്മുളേശൻ)

അതാണ് കണ്ണൻ. പരിസ്ഥിതി നശിക്കുന്നതു കാണുമ്പോൾ സങ്കടപ്പെടുന്നതാരോ അയാളാണ് ഈശ്വരൻ എന്നു വ്യക്തമാക്കുന്ന കവി യഥാർത്ഥപ്രണയി കാമിനിക്കുമപ്പുറം വിശാലമായ പ്രാപഞ്ചികജീവിതത്തെയും ഉൾക്കൊള്ളുന്നവനാണ് എന്ന തിരിച്ചറിവാണ് പകരുന്നത്.

വർത്തമാനകാല ആസുരത ദലമർമ്മരങ്ങളെയും കിളിയൊച്ചകളെയും സർവ്വതിനെയും നശിപ്പിച്ചുകൊണ്ടു മുന്നേറുന്നതിലുള്ള ആധിയും കവി പങ്കുവെയ്ക്കുന്നു.

വയലിൻ വിരിമാറിൽ
യന്ത്രങ്ങളിരമ്പുന്നു

പെരുകും വൻടാങ്കുകൾ പോലവേ

ദുർദൃശ്യങ്ങൾ (തിരിച്ചറിയൽ)

സ്നേഹവും കരുതലും പ്രണയവും വിരഹവും അപ്രസക്തമാവുന്ന, ബന്ധങ്ങൾക്ക് വിലയില്ലാതാവുന്ന യാന്ത്രികകാലത്ത് പ്രകൃതിയുടെ ഭാഷയും സംവേദനവും മനുഷ്യനു മനസ്സിലാവാതെ പോവുന്നു. ഇവിടെ മനുഷ്യനെ ഉണർത്തുന്നതും തിരിച്ചറിവ് പകരുന്നതും ഇരുണ്ട നീണ്ടമുടി തോളോളം പാറുന്ന അതിൽ കിളിത്തൂവൽ കുത്തിയ, നെഞ്ചിൽ സൂര്യനെ പച്ചകുത്തിയ ഒരിടയബാലനാണ്. അവനെ തിരിച്ചറിഞ്ഞതോടെ താൻ ഒറ്റയ്ക്കല്ലെന്ന് കവിക്കു ബോധ്യമാവുന്നു.

പ്രകൃതി നശിപ്പിക്കപ്പെടുമ്പോൾ മനുഷ്യരാശിക്കാകെ സംഭവിക്കുന്ന വിപത്തിനെ ചൂണ്ടിക്കാണിക്കുന്ന കവിതയാണ് *ഒരു ദർശനം*. ഘനീഭൂതമായ മഹാസാഗരംപോലെ നിൽക്കുന്ന സഹ്യപർവ്വതം, കാൽക്കൽ ഇളംചോപ്പുപട്ടാട ചാർത്തിയ സന്ധ്യ, പൂമാലയായി നദികൾ, ചാമരം വീശുന്ന മഴ, മുകിൽച്ചാർത്തിനു മീതെ കുടപ്പത്തി വിടർത്തുന്ന തീമിന്നൽ, തുളകളിലൂടെ ഗാനമുതിർക്കുന്ന ഇളംമുളം ചില്ല, പാടുന്ന നിലാപ്പക്ഷി, വിണ്ണിൻനടക്കൽ പാറുന്ന കൊടിക്കൂറ. ഇതെല്ലാം ഉൾക്കൊള്ളുന്ന പ്രകൃതിദർശനം ഭാഗ്യമാണെങ്കിലും അത് അപൂർണ്ണമാണെന്ന് കവി വ്യക്തമാക്കുന്നു. ദൂരെ ഭാരം താങ്ങിത്തളർന്ന് കിടക്കുന്ന അമ്മ അപൂർണ്ണതയുടെ സാക്ഷ്യപത്രമാണ്. സർവ്വംസഹയാണെങ്കിലും ആധുനികമനുഷ്യൻ തീർക്കുന്ന പരിക്കുകൾ പ്രകൃതിക്കു പോലും താങ്ങാനാവുന്നില്ല. ക്ലേശത്തിനൊടുവിൽ രക്ഷയ്ക്കായി സർവ്വേശ്വരനെ വിളിക്കല്ലേയെന്നാണ് അമ്മയോട് കവിയുടെ അപേക്ഷ. ദുഷ്ടനിഗ്രഹംചെയ്ത് ഭൂഭാരം കുറയ്ക്കാനാഗ്രഹിക്കുന്ന അദ്ദേഹം അമ്മയുടെ കണ്ണീരു കണ്ടാൽ ഖഡ്ഗപാണിയായി പ്രത്യക്ഷപ്പെടുമെന്നും അതു മാനവരാശിയെ സമ്പൂർണ്ണമായ നാശത്തിലേക്കു നയിക്കുമെന്നും ഭയപ്പെടുന്ന കവി ഈ വിധി മനുഷ്യൻ വരുത്തിത്തീർത്ത ഒന്നാണെന്ന അഭിപ്രായമാണ് പുലർത്തുന്നത്.

തന്നിൽ നിന്നൊഴുകുന്ന പ്രേമം വൃക്ഷങ്ങൾക്കും പറവകൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കുമായി പങ്കുവയ്ക്കുന്ന രാധാകൃഷ്ണസങ്കല്പമാണ് സുഗതകുമാരിക്കവിതകളിലുള്ളത്. പ്രാപഞ്ചികപദാർത്ഥവും താനും ഒന്നാണെന്ന് പറയുന്ന അതിവിശാലമായ ആത്മീയബോധമാണിത്. കവിയെ സംബന്ധിച്ചിടത്തോളം മനുഷ്യകേന്ദ്രീകൃതമായ ജീവിതത്തിൽ നിന്നും പ്രപഞ്ചകേന്ദ്രീകൃത ജീവിതത്തിലേക്കുള്ള ഉണരലാണ് ആത്മീയത. ജീവിതത്തെ അതിന്റെ എല്ലാ വിഭാഗീയതകളിൽ നിന്നും മോചിപ്പിച്ച് വിശ്വവിശാലമായ അതിരില്ലായ്മയിലേക്ക് വികസിപ്പിച്ചാലേ ആത്മബോധത്തിന്റെ വഴികൾ തുറക്കൂ.

## 4.6 പ്രണയം തിരതല്ലുന്ന ആത്മീയത

ലൗകികവും അലൗകികവും അതീന്ദ്രിയവുമാണ് പ്രണയത്തിന്റെ വിചാരഭാഷ. പല പടവുകളുള്ള ഒരു കോണിയായാണ് ഓഷോ പ്രേമത്തെ വിശേഷിപ്പിക്കുന്നത്. ഏറ്റവും അടിത്തട്ടിൽ അത് ശരീരശാസ്ത്രവും ജീവശാസ്ത്രവും രസതന്ത്രവുമൊക്കെയായ സ്ത്രീപുരുഷന്മാർക്കിടയിലുള്ള ഹോർമോണുകളുടെ ലീലയാണ്. മറ്റൊരാളെ തന്റെ മാർഗമെന്ന നിലയിൽ ഉപയോഗിക്കുന്ന ഇതിൽ ആസക്തിക്കാണ് പ്രാധാന്യം. അല്പം മുകളിലുള്ള പ്രേമമാവട്ടെ സംഗീതത്തോടും പൂക്കളോടും കലകളോടുമുള്ള സ്നേഹമായി ജീവശാസ്ത്രത്തേക്കാളും ശരീരശാസ്ത്രത്തേക്കാളും രസതന്ത്രത്തേക്കാളും ഉയർന്നതായി മാറുന്നു. വിൻസന്റ് വാൻഗോഗ് വരക്കേണ്ടതായ ചിത്രങ്ങളെല്ലാം വരച്ചു കഴിഞ്ഞതായിത്തോന്നി മുപ്പത്തിയേഴാമത്തെ വയസ്സിൽ ആത്മഹത്യ ചെയ്തത് ചിത്രകലയോടുള്ള തീരാത്ത പ്രേമത്താലാണ്. ആസക്തിയുടെയും വികാരത്തിന്റെയും അനുകമ്പയുടേതുമായ അംശങ്ങൾ ഈ തലത്തിലുള്ള പ്രണയത്തിലുണ്ട്. ഇതിലും ഉന്നതമായ അവസ്ഥയാണ് ആത്മീയപ്രേമം. ബുദ്ധനോടും ക്രിസ്തുവിനോടും കൃഷ്ണനോടും തോന്നുന്ന ഈ പ്രേമം സൗന്ദര്യശാസ്ത്രപരം, മന:ശാസ്ത്രപരം എന്നതിന

പ്പുറത്ത് മാർഗ്ഗത്തേയും ലക്ഷ്യത്തേയും കുറിച്ചുള്ള ചോദ്യങ്ങളില്ലാത്ത, അനുകമ്പയുടെ ഭാവം പേറുന്ന നിർമ്മലപ്രേമമാണ്.[32]

### 4.6.1 പ്രണയവും ഭക്തിയും

പ്രണയത്തെയെന്ന പോലെ ഭക്തിയെയും കൃത്യമായ നിർവചനത്തിലൊതുക്കുക പ്രയാസമാണ്. അനുഭവിച്ചു പരിചയമുള്ള ഭാവത്തോടു ബന്ധപ്പെടുത്തി ഭക്തിയെ നിർവചിക്കാനാണ് പണ്ഡിതന്മാർ ശ്രമിച്ചിട്ടുള്ളത്. മനുഷ്യവികാരങ്ങളിൽ ഉൽക്കടവും അത്യുദാത്തവുമായ വികാരം പ്രണയമായതിനാൽ നായികാനായകപ്രേമത്തിൽ ഭക്തിയെ ആവിഷ്കരിക്കാനുള്ള ശ്രമമാണ് നടന്നത്. *സാ ത്വസ്മിൻ പരമപ്രേമരൂപം* എന്നാണ് നാരദഭക്തിസൂക്തം പ്രണയത്തിനു നൽകിയിരിക്കുന്ന നിർവചനം. പരമമായ പ്രേമം തന്നെയാണ് ഭക്തി. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാധാരണസ്നേഹം പ്രേമമാണെങ്കിലും അതു പരമപ്രേമമല്ല. ദൈവികമായ സ്നേഹത്തെ സ്ത്രീക്ക് പുരുഷനോടുതോന്നുന്ന പരമപ്രേമവുമായി ബന്ധപ്പെടുത്താറുണ്ട്. രാധയ്ക്ക് കൃഷ്ണനോടു തോന്നുന്ന പ്രേമം, മീരാബായിയുടെ കൃഷ്ണഭക്തി, യേശുക്രിസ്തുവിനോടു മഗ്ദലനമറിയം, വിശുദ്ധതെരീസ മുതലായവർക്കുള്ള ഉൽക്കടമായ സ്നേഹം, ശങ്കരാചാര്യർക്ക് ദേവിയോടുള്ള ഭക്തി ഇതിലെല്ലാം ഒരു സ്ത്രീക്കു പുരുഷനോടൊ പുരുഷനു സ്ത്രീയോടൊ തോന്നുന്ന പരമമായ പ്രേമം ഭക്തിയായി അംഗീകരിക്കപ്പെടുന്നു.[33]

നിസ്വാർത്ഥമായ സ്നേഹത്തിൽ മുഴുകുമ്പോൾ ഉണർന്നെണീക്കുന്നത് വ്യക്തിയിലുള്ള ഈശ്വരാംശം തന്നെ. ഓരോ വ്യക്തിയും തന്റേതായ ആത്മശരീരങ്ങളിലൂടെ സ്വയം മറന്ന് പ്രണയിയെ തേടുന്നതു പോലെയാണ് ഈശ്വരനേയും തേടുന്നത്. അത് പ്രേമത്തിന്റെ പരമസാക്ഷാത്കാരത്തെ ലക്ഷ്യം വയ്ക്കുന്നു. പ്രണയം നൽകുന്ന സത്തയും ആർജ്ജവവും യാത്രയുടെ പകുതി മാത്രമാണെന്ന് അഭിപ്രായപ്പെടുന്ന ഓഷോ മറ്റേ പകുതി അന്തർധ്യാനത്തിൽ അവബോധത്തിൽ പൂർണ്ണമാക്കപ്പെടേണ്ടതുണ്ടെന്ന് അഭിപ്രായപ്പെ

ടുന്നു. പ്രണയത്തിന്റെ മണ്ണിലേ അന്തർധ്യാനത്തിന്റെ വിത്തിനു വളരാൻ കഴിയൂ.[34] അനശ്വരപ്രേമത്തിന്റെയും വാത്സല്യത്തിന്റെയും ആസ്തിക്യബോധത്തിന്റെയും പ്രതീകമായ കൃഷ്ണനെ തേടുന്നതിലൂടെ ഭക്തി, പ്രേമം, വാത്സല്യം എന്നിങ്ങനെ രതിജന്യമായ അനുഭവത്തിന്റെ ഭാവാന്തരങ്ങളായി രാഗഭാവം മാറുന്നു. ഇഴപിരിച്ചെടുക്കാനാവാത്ത ഇത്തരം ഭാവവൈവിധ്യങ്ങളുടെ ആവാസസ്ഥാനമാണ് മനുഷ്യചിത്തം എന്ന് രാധാകൃഷ്ണപരാമർശമുള്ള കവിതകളിലൂടെ സുഗതകുമാരി വ്യക്തമാക്കുന്നു.

### 4.6.2 ഭക്തിയും രതിയും

ലൈംഗികതയുടെ ഉയർന്ന ആവിഷ്കാരരൂപമാണ് പ്രണയം. വ്യത്യസ്തസമൂഹങ്ങളിലും സംസ്കാരങ്ങളിലും പ്രണയത്തിന്റെ വിവക്ഷകൾ പലതാണെങ്കിലും ലൈംഗികോർജത്തിന്റെ ബഹിർഗമനരൂപമെന്ന അടിസ്ഥാനം പ്രണയത്തിനു കല്പിക്കപ്പെടുന്നുണ്ട്. മറ്റുള്ള സ്നേഹബന്ധങ്ങളിൽ നിന്നു പ്രണയത്തെ വേർതിരിക്കുന്നത് ഒഴിവാക്കാനാവാത്ത ലൈംഗികത തന്നെയാണെന്ന് ഫ്രോയിഡ് അഭിപ്രായപ്പെടുന്നു. പ്രണയപരം, ആത്മരതി, ബാധപരം എന്ന വേർതിരിവിലൂടെ ഒരു വ്യക്തിയുടെ പ്രണയസ്വഭാവം എന്നതിലുപരി വ്യക്തിയുടെ അടിസ്ഥാനസ്വഭാവത്തെ നിർണ്ണയിക്കുന്ന മാനസികവും ശാരീരികവുമായ സവിശേഷതയായി ലൈംഗികത മാറുന്നു.[35] ശാരീരികമായ ആകർഷണത്തിൽ പരസ്പരം ബന്ധിക്കുകയും അടുപ്പത്തിന്റെയും ആരാധനയുടെയും പരിസമാപ്തിയിലെത്തുകയും ചെയ്യുമ്പോഴാണ് ബന്ധം പ്രണയമായി പരിണമിക്കുന്നത്. സ്നേഹത്തിനും അതുവഴിയുള്ള ഐക്യത്തിനും പ്രേരകമാണ് ലൈംഗികത.

ഭരതാദികൾ വിവേചിച്ചിട്ടുള്ള ശൃംഗാരരസത്തിൽ നിന്നു വിഭിന്നമാണ് രാധാകൃഷ്ണവിഷയകമായ ശൃംഗാരം. ഇത് വൈഷ്ണവാലങ്കാരികന്മാർ സിദ്ധാന്തിച്ചിട്ടുണ്ട്. പതിനഞ്ചാം ശതകത്തിൽ രൂപഗോസ്വാമി രചിച്ച *ഉജ്ജ്വലനീലമണി* എന്ന അലങ്കാരഗ്രന്ഥത്തിൽ ഉജ്ജ്വലരസം എന്നിതിനെ വിളിച്ചു.

ധർമ്മവും അർത്ഥവും കഴിഞ്ഞ് മോക്ഷത്തിലേക്ക് കടക്കാനുള്ള വാതിലായി ട്ടാണ് ഭാരതീയഋഷിമാർ കാമത്തെ കണ്ടിട്ടുള്ളത്. ധർമ്മത്തിനു വിരോധമി ല്ലാത്ത കാമം ഈശ്വരൻ തന്നെയെന്ന് *ഭഗവദ്ഗീത*യിൽ ശ്രീകൃഷ്ണൻ അനു ശാസിക്കുന്നു. പ്രേമത്തിന്റെ അഭിനിവേശത്തിൽ പ്രേമഭാജനവും പ്രേമ ത്തിന്റെ ദർശനത്തിൽ ദൈവത്തിന്റെ ദർശനവും ഉണ്ട്. ഈശ്വരോന്മുഖമായ രതിയാണ് ഭക്തിരസമായി പരിണമിക്കുന്നതെന്ന് ഭാഗവതരസശാസ്ത്രവും വിധിക്കുന്നു.

ഗോപികമാരുടെ കാമത്തെ ശുദ്ധവും നിർമ്മലമായ പ്രേമത്തിന്റെ മാധുരിയുമാക്കുന്നതിനുവേണ്ടി ചെയ്ത ലിംഗരൂപമായ ഉപദേശമായാണ് രാസക്രീഡ വിലയിരുത്തപ്പെടുന്നത്. ശൃംഗാരരസത്തിന്റെ എല്ലാ ഭാവങ്ങളും മധുരരസത്തിൽ കാണാമെങ്കിലും ശൃംഗാരത്തിൽ കാമവും മധുരഭാവത്തിൽ ത്യാഗപൂർണ്ണമായ ശുദ്ധപ്രേമവുമാണുള്ളത്. കാമം സ്വാർത്ഥപരവും പ്രേമം നിസ്വാർത്ഥവുമാണ്. ഭക്തകളായ ഗോപികമാർക്ക് ഭഗവാന്റെ നേരെ കാമ മാണ് ആദ്യം ഉണ്ടായതെന്നും ഭഗവദ്സേവ കൊണ്ട് ആ കാമം നിർമ്മലവും ശുദ്ധവുമായ പ്രേമമായി ഭക്തിയുടെ ഉൽക്കൃഷ്ടഭാവമായ മാധുരിയിലെത്തി യതായി ഭാഗവതം പ്രതിപാദിക്കുന്നു.[36] ഇരുപത്തിയേഴുദിവസങ്ങൾ കൃഷ്ണൻ യമുനാപുളിനത്തിൽ ഗോപസ്ത്രീകളൊത്ത് രസിച്ച വൃത്താന്ത മാണ് ഭാഗവതത്തിലെ രാസക്രീഡ. മുരളീനാദം കേട്ടെത്തിയ ഗോപികമാ രുടെ അഹംബോധം അസ്തമിച്ചതിനു ശേഷം നിഷ്കപടമായ ആത്മാർത്ഥ ഭക്തി ആവിർഭവിച്ചപ്പോഴാണ് രാസക്രീഡ നടക്കുന്നത്. സ്ത്രീപുരുഷ ന്മാർക്കിടയിലുണ്ടാകുന്ന ആകർഷണത്തിന്റെ ശുദ്ധസാത്വികവും അലൗകിക വുമായ വികസനമായി ഇവിടെ മധുരഭക്തി മാറുന്നു.

ആദിമോർജ്ജം സ്ത്രീപുരുഷ ഊർജ്ജങ്ങളായി വിഭജിതമായിരിക്കു മ്പോഴുള്ള കവിഞ്ഞൊഴുകലും കോരിച്ചൊരിയലുമാണ് രാസലീല പ്രതീക വൽക്കരിക്കുന്നതെന്ന് ഓഷോ അഭിപ്രായപ്പെടുന്നു. നിത്യമായി തുടർന്നു

വരുന്ന പ്രപഞ്ചനൃത്തത്തെ, പ്രപഞ്ചത്തിന്റെ നിർമ്മിതിയുടെയും നിർമ്മൂലന ത്തിന്റെയും അനന്തമായ നാടകത്തെ കുറിക്കുന്ന ഒന്നാണിത്. സൃഷ്ടിയുടെ പുരുഷഘടകത്തെ കൃഷ്ണനും സ്ത്രീലോകത്തെയും പ്രകൃതിയെയും രാധയും പ്രതിനിധാനം ചെയ്യുന്നു. കൃഷ്ണൻ ഇവിടെ കേവലം ഒരു വ്യക്തി യല്ലാത്തതു കൊണ്ടുതന്നെ എത്രപേരുമായെങ്കിലും കൃഷ്ണനു നൃത്തം ചെയ്യാം.[37] പുരുഷോർജ്ജവും സ്ത്രൈണോർജ്ജവും സംഗമിക്കുന്ന നൃത്ത സ്ഥലം അഗാധമായ സംതൃപ്തിയും പരമാനന്ദവും നൽകുന്ന ഒന്നാണു താനും.

> ഇവിടമല്ലോ രാസകേളീവനം! കാൺക
> ഇവിടംവെടിഞ്ഞു പോവില്ല ചൈത്രം
> ഇവിടെ മാത്രം പൂക്കൾ വാടില്ല വീഴില്ല
> ഇവിടെക്കിളികൾക്കുറക്കമില്ലാ
> ക്ഷീണചന്ദ്രക്കലക്കീ ദിശയിലെത്തവേ
> കാണുക വെളുത്ത വാവിൻ തിളക്കം (രാധയെവിടെ)

പ്രകൃതിയെയും മനസ്സിന്റെ അഗാധതലങ്ങളെയും സ്പർശിക്കാൻ നൃത്തത്തിന്റെ സാർവ്വലൗകികഭാഷയ്ക്കു കഴിയും.

### 4.6.3 ഭക്തരുടെ സ്ത്രൈണീകരണം

പ്രപഞ്ചാത്മാവിൽ തന്നെ കുടികൊള്ളുന്ന മാധുര്യത്തിന് ഭാരതീയർ നൽകുന്ന വൈരുദ്ധ്യാത്മക (ദ്വന്ദാത്മക) ആഖ്യാനമാണ് രാധാകൃഷ്ണസ ങ്കല്പം. *ഭാഗവത*ത്തിൽ വർണ്ണിതമാകുന്ന പ്രേമഭക്തി കൃഷ്ണവിഷയക മായ പ്രാക്തനപുരാവൃത്തങ്ങളിൽ നിന്ന് സ്വീകരിച്ചതാണോ എന്നു സ്പഷ്ട മല്ലെങ്കിലും വൈഷ്ണവരസശാസ്ത്രത്തിന് അതിൽ നിർണായകപങ്കുണ്ട്. സാധാരണക്കാരന്റെ ഭാഷയിൽ ഭക്തിയെ വൈകാരികമായി ആവിഷ്കരി ച്ചതും ജനകീയസ്വഭാവം നൽകിയതും ബംഗാളിലെ വൈഷ്ണവപ്രസ്ഥാന

സ്ഥാപകനായ ചൈതന്യനാണ്. ശ്രീകൃഷ്ണപ്രേമസായൂജ്യം നേടുന്നതിന് ഭക്തർ ആദ്യമായി ചെയ്യേണ്ടത് മനസ്സുകൊണ്ടു സ്വയമൊരു ഗോപികയായി രൂപാന്തരപ്പെടുകയാണെന്ന് ചൈതന്യമതം അനുശാസിക്കുന്നു. ഭക്തരുടെ സ്ത്രൈണീകരണമാണ് കൃഷ്ണഭക്തിയിൽ നടക്കുന്നത്. കൃഷ്ണനെ പുരുഷനായും ഭക്തരെയെല്ലാം സ്ത്രീപുരുഷഭേദമെന്യേ സ്ത്രീയായും വിഭാവനം ചെയ്യുന്നു എന്നതാണ് സ്ത്രൈണീകരണം. രാധയുടെ മനസ്സുമായി താദാത്മ്യം പ്രാപിക്കുമ്പോഴുണ്ടാകുന്ന പ്രേമോജ്വലമായ പാരസ്പര്യമാണ് മാധുര്യം.[38]

ചൈതന്യമഹാപ്രഭുവിന്റെ ഹൃദയത്തിൽ രാധയുടെ വികാരങ്ങളാണ് അലയടിക്കുന്നതെന്നും കൃഷ്ണസമാഗമവേളയിൽ രാധ നേരിടുന്ന പാരവശ്യങ്ങളാണ് മഹാപ്രഭു അനുഭവിക്കുന്നതെന്നും ഭക്തർ വിശ്വസിക്കുന്നു. *രാധയെവിടെ*യിൽ ചൈതന്യന്റെ ഈ സ്ത്രൈണീകരണഭാവത്തെ സുഗതകുമാരി സൂചിപ്പിക്കുന്നുണ്ട്.

> പറയുന്നു ചൈതന്യൻ അല്ല, ഗോവിന്ദന-
> ല്ലകതാരിൽ ഞാൻ രാധയല്ലോ
> ഹരി, നീ ഹരിച്ചിതെൻ സർവ്വസ്വവും, ജന്മ
> ഹരനാണു നീ, ആത്മഹാരി
> ഇതു ദാസ്യരതി, സഖ്യരതി, നറുംവാത്സല്യ
> രതി ഹരേ, നീ മാത്രമുള്ളിൽ
> ഇതു ഭക്തിരതി, രാഗവിരഹാന്ധമാം മധുരരതി (രാധയെവിടെ)

ഭക്തന് ഈശ്വരനോടു തോന്നുന്ന മനോഭാവത്തെ, സ്നേഹത്തെ സൂക്ഷ്മമായി വിശകലനം ചെയ്ത ചൈതന്യമതം ഭക്തിയെ അഞ്ചാക്കി തരംതിരിച്ചിരിക്കുന്നു. ശാന്തം, പ്രീതി (ദാസ്യം), പ്രേയാൻ, വത്സലം, മധുരം എന്നീ അഞ്ചു ഘടകങ്ങളും ശാന്തരതി, സംഭ്രമപ്രീതി, സഖ്യരതി, വാത്സല്യരതി, മധുരരതി എന്നീ അഞ്ചുസ്ഥായീഭാവങ്ങളും ചേർന്നതാണ് ഭക്തിരസം.

വിഭാവൈരനുഭാവൈശ്ച സാത്വികൈർ വ്യഭിചാരിഭി:

സ്വാദ്യത്വം ഹൃദി ഭക്താനാം ആനീതാ ശ്രവണാദിഭി:

ഏഷാ കൃഷ്ണരതി:സ്ഥായീഭാവോ ഭക്തിരസോ ഭവേത്

എന്നു *ഭക്തിരസാമൃതസിന്ധു*വിൽ രൂപഗോസ്വാമികൾ പറയുന്നു. ശ്രവണദർശനാദികൾ കൊണ്ടു ഭക്തന്മാരുടെ ഹൃദയത്തിൽ അനുഭവപ്പെടുന്ന ശ്രീകൃഷ്ണരതിപ്രരൂപമായ സ്ഥായീഭാവം വിഭാവാനുഭാവാദികൾ കൊണ്ടു ഭക്തിരസമായിത്തീരുന്നുവെന്നാണ് ഇതിന്റെ വിവക്ഷ.[39]

ഈശ്വരനെ പിതൃസമാനനായി കണ്ട് സഹായപ്രതീക്ഷയോടെ പ്രേമിക്കുന്ന പ്രശാന്തഭക്തി, ഈശ്വരനെ ശിക്ഷാരക്ഷാധികാരത്തിനുള്ള യജമാനനായി കാണുന്ന ദാസ്യഭക്തി, സന്താനമായിക്കാണുന്ന വാത്സല്യഭക്തി, ആത്മസുഹൃത്തായി വിഭാവനം ചെയ്യുന്ന സഖ്യഭക്തി എന്നീ തലങ്ങളേക്കാൾ ഔന്നത്യം കല്പിക്കുന്നത് ഈശ്വരനെ കാമുകഭാവത്തിൽ ദർശിക്കുന്ന മാധുര്യഭക്തിക്കാണ്. രതി പ്രേമവും പ്രേമം സ്നേഹവും സ്നേഹം മാനവും മാനം പ്രണയവും പ്രണയം രാഗവും രാഗം അനുരാഗവും അനുരാഗം മഹാഭാവവുമായി വളരണം. ഗോപികമാരുടെ കൃഷ്ണരതിയായ മധുരരതിയേ പ്രേമപരകോടിയായ മഹാഭാവത്തിലെത്തൂ. ദാസ്യരതി രാഗത്തോളവും സഖ്യരതിയും വാത്സല്യരതിയും അനുരാഗത്തോളവും ശാന്തരതി പ്രേമത്തോളവുമേ വളരൂവെന്ന് രതിഭാവത്തിന്റെ അവസ്ഥാന്തരങ്ങളെ വൈഷ്ണവരസശാസ്ത്രം വിലയിരുത്തുന്നു.[40]

കൃഷ്ണസാക്ഷാത്കാരത്തിനായി ഭൗതികബന്ധങ്ങളെയെല്ലാം മറന്ന് ആടുകയും പാടുകയും ചെയ്തുനീങ്ങുന്ന മീര, മധുരരതിക്ക് ഉദാഹരണമാണ്. *വഴിയമ്പലത്തിലെ പാട്ടിൽ* സുഗതകുമാരി അതു വ്യക്തമാക്കുന്നുണ്ട്. മീരയുടെ കൃതികളിൽ പ്രേമവും ഭക്തിയും പ്രേമവും വിരഹവും എന്നീ മാനസികഭാവങ്ങളുടെ സുന്ദരവും പരിപാവനവുമായ ചിത്രണം അത്ഭുതകരമാം വിധത്തിൽ ചെയ്തിരിക്കുന്നതായി സുധാംശു ചതുർവേദി അഭിപ്രായപ്പെ

ടുന്നു.[41] നിഷ്കാമപ്രേമഭക്തി കൊണ്ടാണ് രാധയും ഗോപികയും ദേവദാസിയും ആണ്ടാളും കൃഷ്ണസായൂജ്യം തേടിയത്. മധുരരതിയിലൂടെ പരമസത്തയുമായി താദാത്മ്യം പ്രാപിക്കാനുള്ള ഗോപികയുടെ ആഗ്രഹം കവിതകളിൽ പ്രകടവുമാണ്.

നാഥ യുഗാന്തരങ്ങളായ് നിൻപ്രേമ
ചാതകിയായ്, നിൻകഴലിണയൊന്നുതാൻ
തേടി നടന്നേൻ
യശോദയായ്, രാധയായ്
കാതരയാം ഗോപ
നാരിയായ് മീരയായ് (എന്റെ മനസ്സിലും പൊന്നമ്പലത്തിലും)

ഒരു മാത്ര കൃഷ്ണസാമീപ്യം അനുഭവിച്ച് ആ മാത്രയിൽ ജീവിതസാഫല്യം നേടിയ ഗോപികാഭാവം ഉൾക്കൊള്ളുന്ന *ഒരു നിമിഷം* വികാരസാന്ദ്രമായ പ്രേമഭക്തി പ്രകടമാക്കുന്നു. തേടിയലയലിന്റെ ഘട്ടത്തിൽ രാധാചിത്തം നുറുങ്ങുകളായി ഇന്ത്യൻ പെൺമനസ്സിൽ വീണിട്ടുണ്ടെന്നും ജന്മങ്ങളിലൂടെ രാധയുടെ വിളി നൂറ്റാണ്ടുകളായി പ്രതിധ്വനിക്കുമെന്നുമുള്ള ആവിഷ്കരണത്തിലും കൃഷ്ണഭക്തിസംസ്കാരം പ്രകടം തന്നെ.

എല്ലാ ഭക്തരെയും രാധയായി കൽപ്പിക്കുന്നത് ലിംഗസമത്വചിന്തയ്ക്ക് അനുകൂലമാണെന്നു തോന്നുമെങ്കിലും കൃഷ്ണനെ പരമപുരുഷതത്ത്വമായി സങ്കൽപ്പിക്കുന്നത് പിത്രാധിപത്യഘടനയുടെ ഉൽപ്പന്നമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഡി.ഡി.കൊസാംബി ഇങ്ങനെ അഭിപ്രായപ്പെടുന്നു. *വികൃതിയും ഓമനയുമായ ഇടയച്ചെറുക്കൻ കൃഷ്ണനും അസാധാരണവീര്യത്തോടെ അനവധി യുവതികളുടെ കാന്തനായ കൃഷ്ണനും തമ്മിൽ പൊരുത്തക്കേടുകളൊന്നുമില്ല. അവന്റെ ഭാര്യമാർ യഥാർത്ഥത്തിൽ സ്വന്തമായ സ്ഥാനമുണ്ടായിരുന്ന പ്രാദേശിക അമ്മദൈവങ്ങൾ ആയിരുന്നു. മാതൃദായക്രമത്തിന്റെ പിതാവിന് ആധിപത്യമുള്ള സമൂഹത്തിലേക്കുള്ള മാറ്റം ഈ*

*ഭർത്താവ് സുഗമമാക്കുകയും ആദിമാരാധനാരീതികളെ താഴ്ന്ന നിലവാര ത്തിൽ തുടരാനനുവദിക്കുകയും ചെയ്തു.*[42] സ്ത്രൈണത ജീവശാസ്ത്രപര മായ വസ്തുതയല്ലെന്നിരിക്കെ പുരുഷമേധാവിത്തം സ്ത്രീയിൽ ആരോപി ക്കുന്ന ഗുണവിശേഷങ്ങളാണ് സ്ത്രൈണതയായി ആഘോഷിക്കപ്പെടുന്നത്. സമൂഹത്തിന്റെ ഘടനയുമായും അധികാരവ്യവസ്ഥയുമായും ബന്ധപ്പെടുന്ന സ്ത്രൈണീകരണം രാധയെപ്പോലെ കാമുകനെ നിരന്തരം പ്രീതിപ്പെടു ത്താൻ ആഗ്രഹിക്കുന്ന മനോനില ഭക്തർക്കു നല്കി. പരമമായ പുരുഷത്വ ത്തിന്റെ പ്രതിനിധാനമായ കൃഷ്ണനെ ആരാധിക്കുന്ന സ്ത്രീപുരുഷന്മാരായ ഭക്തർ പുരുഷൻ കാംക്ഷിക്കുന്നതെന്തോ അതുതന്നെ ലോകത്തിൽക്കാ ണുന്നു എന്ന പ്രശ്നവും ഇതോടൊപ്പം ഉത്ഭവിക്കുന്നു. പുരുഷന്റെ കാഴ്ച സ്ത്രീ സ്വന്തം കാഴ്ചയായി സ്വാംശീകരിക്കുന്നു എന്നതാണ് ആൺകോയ്മ യിലെ ലിംഗരാഷ്ട്രീയത്തിന്റെ സവിശേഷത.[43]

### 4.6.4 കൃഷ്ണൻ – വൈവിധ്യമാർന്ന ഭാവതലങ്ങൾ

ആദ്ധ്യാത്മികചൈതന്യത്തിന്റെയും പ്രേമപ്രകർഷത്തിന്റെയും മൂർത്തി മദ്ഭാവമാണ് ഭാരതീയരെ സംബന്ധിച്ചിടത്തോളം കൃഷ്ണൻ. കാലോചിത മായ മനുഷ്യഭാവങ്ങളും അവശ്യംവേണ്ടിടത്ത് ഈശ്വരമാഹാത്മ്യങ്ങളും ഒരു പോലെ പ്രദർശിപ്പിക്കുന്ന ഒരു പൂർണ്ണമനുഷ്യന്റെ എല്ലാ ശക്തിദൗർബല്യ ങ്ങളും ഗുണദോഷങ്ങളും ലളിതഗഹനഭാവങ്ങളും ഒത്തിണങ്ങിയ വ്യക്തിത്വ മാണ് കൃഷ്ണൻ. വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ പൂർണാവതാരം എന്ന വിശേഷണം ചേരുക കൃഷ്ണനുമാത്രമാണ്. രാമൻ വീരവും ഭക്തിയും ഉണർത്തുമ്പോൾ കൃഷ്ണൻ അവയോടൊപ്പം വാത്സല്യവും പ്രേമവും കൂടി ഉണർത്തുന്നു. രാധയുടെ പ്രണയാതുരതയും അർജ്ജുനന്റെ സുഹൃദ്ഭാ വവും യശോദയുടെ മാതൃവാത്സല്യവും അക്രൂരന്റെ ഭക്തിയും മേളിക്കുന്ന കൃഷ്ണഭാവം സഖാവും കൈകോർത്തു പിടിച്ചുനടക്കാവുന്ന സുഹൃത്തു മായി കൃഷ്ണനെ മാറ്റി.

ഭാരതീയസാമൂഹ്യബോധത്തിന്റെ ഒരു പ്രാക്പ്രാരൂപികബിംബമാണ് കൃഷ്ണൻ. കംസന്റെ തടവറ ഭേദിക്കുന്നതും ദൗഷ്ട്യത്തിന്റെ കാളിയനെ മർദ്ദിക്കുന്നതും അർജ്ജുനന്റെ രഥം തെളിക്കുന്നതും പാഞ്ചാലിയെ അപമാന ത്തിൽ നിന്നും രക്ഷിക്കുന്നതും ഗോപികമാരുടെ പ്രണയനിലകൾക്കു സഖാ വാകുന്നതും കൃഷ്ണനാണ്. ഇങ്ങനെ അനന്തസാധ്യതകൾ ഉള്ള കൃഷ്ണനെ സ്വകവിതയുടെ കേന്ദ്രബിംബമാക്കി സുഗതകുമാരി. ഉല്ലാസ പൂർണ്ണമായ ആഘോഷമായി ജീവിതത്തെ മാറ്റിയ കൃഷ്ണൻ ജീവിതത്തെ ഒരിക്കലും നിഷേധിക്കുകയോ നിരാകരിക്കുകയോ ചെയ്തില്ല. കൃഷ്ണന്റെ മുരളിയിലൂടെ ഒഴുകിയ മധുരസംഗീതം കൃഷ്ണനിൽ മാത്രം ഒതുങ്ങി നിന്നില്ല. ശ്രവിക്കുന്നവരെയൊക്കെ ആമോദിപ്പിച്ചുകൊണ്ട് ആത്മീയാനുഭൂ തിയുടെ ഒരു പ്രത്യേകതലത്തിലേക്ക് മാനസങ്ങളെ ഉയർത്തുന്ന ആ മുരളീ രവം പ്രപഞ്ചത്തിന്റെ അനശ്വരസംഗീതമായി, പ്രകൃതിയുടെ ഹൃദയതാള മായി, സ്നേഹത്തിന്റെയും പ്രേമത്തിന്റെയും രാഗസ്പന്ദമായി മാറി.[44]

കളവും കളിയും കുസൃതിയും ചേർന്നിളകുന്ന ആ താമരക്കണ്ണുക ളിൽ കരുണയുടെ കണ്ണീരു കാണാൻ കഴിയുന്നതുകൊണ്ടാണ് ആ കഴലിൽ സർവ്വവും കാഴ്ചവയ്ക്കാൻ സുഗതകുമാരിയുടെ ഗോപിക തയ്യാറാവുന്നത് *(യമുനാതീരേ)*. ഈശ്വരനായോ നിത്യകാമുകനായോ പ്രത്യക്ഷപ്പെടുന്ന കൃഷ്ണനു മുന്നിൽ ശരണാർത്ഥയായ ഭക്തയായും പ്രേമലോലുപയായ രാധികയായും ആത്മഭാവം കൈക്കൊള്ളുക വഴി കൃഷ്ണസങ്കല്പം പ്രത്യ ക്ഷപ്പെടുന്ന കവിതകൾ ആത്മാലാപനസ്വഭാവമുള്ള ഉത്തമഗീതങ്ങളായി മാറുന്നു. സുഗതകുമാരി സ്വാത്മാവിൽ രാധികയായ് ചമയുന്നെങ്കിലും കൃഷ്ണനൊത്തു നിൽക്കുമ്പോൾ അവർ വേറെ ആരൊക്കെയോ ആണ്. അഹന്താഭാവമുള്ള കാളിയനായി, ഗജേന്ദ്രനായി, അമ്പുംവില്ലും നഷ്ടപ്പെട്ട് നിസ്സഹായനായി തേർത്തട്ടിൽ തളർന്നിരിക്കുന്ന അർജ്ജുനനായി, ദേവ കിയും യശോദയും ദേവദാസിയുമായി അവർ മാറിമാറി കൃഷ്ണനിലേക്ക് സഞ്ചരിക്കുന്നു.

### 4.6.5 ആസ്തിക്യബോധത്തിന്റെ കവിത

അഹം എന്ന വിഷമുള്ള ആധുനികമനുഷ്യനെയും അവന്റെ ദുരഭിമാനത്തെയും ചിത്രീകരിക്കുന്ന പുരാവൃത്തമാണ് കാളിയൻ. കൃഷ്ണനാകട്ടെ നന്മയുടെ ആകെത്തുകയായ ആകാശങ്ങളിലെ പരംപൊരുൾ മാത്രമല്ല മനുഷ്യന്റെ ഉള്ളിന്റെയുള്ളിലെ അടിസ്ഥാനഭാവമായ ഉണ്മ കൂടിയാണ്. ജ്ഞാനവും ദു:ഖവും നന്മയും ഒന്നാവുന്ന സത്യസൗന്ദര്യങ്ങളുടെ സമഞ്ജസമായ ഉണ്മ.[45] അതിനാലാണ് മനുഷ്യമനസ്സിൽ ആനന്ദനടനം ചെയ്ത് എല്ലാ ദുർഗുണങ്ങളെയും ഒഴിപ്പിക്കാൻ *കാളിയമർദ്ദന*ത്തിൽ കവി കണ്ണനോട് ആവശ്യപ്പെട്ടത്. കൃഷ്ണന്റെ ഒടുങ്ങാത്ത നൃത്തത്തിനു വേദിയാവട്ടെ തന്റെ ശിരസ്സ് എന്നാഗ്രഹിക്കുന്ന കാളിയൻ നിഷ്കാമസ്നേഹത്താൽ പ്രചോദിതനായി തീവ്രപീഡനം ഏറ്റുവാങ്ങാനാണ് ശ്രമിക്കുന്നത്. പത്തിചതഞ്ഞ്, വിഷം കണ്ണീരൊഴുകിത്തീർന്ന് ദർപ്പം തകർന്നു പിന്മാറിയ, എന്നിട്ടും ജീവിതകാമന കൈവെടിയാത്ത കാളിയൻ ദു:ഖത്തെ ആത്മശുദ്ധീകരണോപാധിയായി കാണുകയും അതിന്റെ ബലത്തിൽ ജീവിക്കാനർഹതയുണ്ടെന്നു വിശ്വസിക്കുകയും ചെയ്യുന്ന ആത്മാവിനു ഉചിതപ്രതീകം തന്നെ എന്ന് എം.ലീലാവതി അഭിപ്രായപ്പെടുന്നു.[46] മദാന്ധത അകലാതെ ഉദാത്തമായ ആത്മത്യാഗത്തിന്റെ വക്കിലെത്താതെ കാളിയനു പിന്തിരിയാനാവില്ല. അഹന്തയെ അലിയിക്കാൻ കഴിയുക പ്രണയത്തിനു മാത്രമാണ്. അഹന്തയില്ലാത്ത മനസ്സിലേ ജ്ഞാനത്തിനു സാധ്യതയുള്ളൂ.

ആത്മപീഡാരതിക്കു വിധേയനായ വ്യക്തി ഒറ്റപ്പെടലിന്റെ അസഹനീയവ്യഥയെ തരണം ചെയ്യുന്നത് തന്നെ നിയന്ത്രിക്കാനും സംരക്ഷിക്കാനും കഴിയുന്ന വ്യക്തിയെ/പങ്കാളിയെ അഭയം പ്രാപിച്ചുകൊണ്ടാണ്. ആത്മപീഡാരതിയോടു താദാത്മ്യമുള്ള വ്യക്തിബന്ധങ്ങൾ ശാരീരികവും ലൈംഗികവുമായ ആഗ്രഹങ്ങൾക്ക് വഴിയൊരുക്കും. ഇതിന്റെ പിന്നിൽ ശരീരം മാത്രമല്ല മനസ്സും പങ്കെടുക്കും. കലർപ്പില്ലാത്ത സുഖവും പൂർണ്ണമായ സ്വാഭാവി

സ്മൃതിയും നൽകുന്ന അനുഭവത്തോടുള്ള ആഗ്രഹം പീഡാനുഭവത്തിന്റെ പാരമ്യതയിലേക്ക് വ്യക്തിയെ നയിക്കും. ലൈംഗികതയിലും അഹത്തിന്റെ പൂർണ്ണമായ നിരാസമാണാവശ്യം. മറ്റുള്ളതെല്ലാം ദുരിതത്തിലേക്ക്, കലാപ ത്തിലേക്ക്, സംഘട്ടനത്തിലേക്ക്, ശത്രുതയിലേക്ക്, വേവലാതിയിലേക്ക്, നാശത്തിലേക്ക് നയിക്കുമ്പോൾ ലൈംഗികത അളവില്ലാത്ത ആനന്ദത്തിലേ ക്കാണ് നയിക്കുക.[47] പീഡാനുഭവത്തിൽ നിന്നു ലഭിക്കുന്ന നിർവൃതി രതി മൂർച്ഛക്കു സമാനമാണ് എന്ന മന:ശാസ്ത്രതത്വം വ്യക്തമാക്കുന്നതോടൊപ്പം പീഡാനുഭവങ്ങളിൽ നിന്ന് ആത്മശുദ്ധീകരണം എന്ന തലവും ഇവിടെ കാണാം. സ്വപ്രതിഭ കാളിയനെപ്പോലെ അഹങ്കാരസ്വരം കൈക്കൊള്ളു മ്പോൾ അത് ഇല്ലാതാക്കാൻ മസ്തകത്തിൽ കൃഷ്ണന്റെ പാദാഘാതം ഏറ്റു വാങ്ങാനാണ് കവിക്ക് താൽപ്പര്യം.

വിഷം ധരിച്ച കാളിയൻ മനുഷ്യാത്മാവിന്റെ പ്രതീകമായി വർത്തിക്കു ന്നത് ഹൈന്ദവരുടെ രൂഢമായ പാരമ്പര്യസങ്കൽപ്പം കൊണ്ടുതന്നെ. പശ്ചാ ത്താപത്തിലൂടെ, പാപബോധത്തിലൂന്നിയ ആത്മവ്യഥയിലൂടെ ശാന്തി യിലെത്തിച്ചേരുന്ന ആസ്തിക്യചിന്തയാണ് കവിതയ്ക്കടിസ്ഥാനം. കാളിയ നെപ്പോലെ മനുഷ്യനെയും ശാരീരികവും മാനസികവുമായ പീഡനങ്ങളി ലൂടെ ആത്മവിമലീകരണത്തിലേക്കു നയിക്കുന്ന ഒരേയൊരു മാർഗ്ഗം ആസ്തിക്യചിന്തയാണെന്ന് സുഗതകുമാരി വിശ്വസിക്കുന്നു. ഈ വിശ്വാസ ത്തിന്റെ പ്രതിഫലനമാണ് *ഗജേന്ദ്രമോക്ഷം* എന്ന കവിതയും.

ഈശ്വരനെ പാടേ മറന്നതിലുള്ള പശ്ചാത്താപവും പരാജയബോധ ത്തിൽ നിന്നുണ്ടായ ഈശ്വരചിന്തയും തുടർന്നുള്ള ആത്മസമർപ്പണവും അതിലൂടെ കൈവന്ന ഈശ്വരാനുഗ്രഹവുമാണ് *ഗജേന്ദ്രമോക്ഷ*ത്തിലെ പ്രതി പാദ്യം. മൃത്യുബോധത്തിൽ നിന്ന് ഉടലെടുക്കുന്ന ഭയാശങ്കകളും പാപബോ ധത്തിൽ നിന്നു രൂപംകൊണ്ട പശ്ചാത്താപവും കൂടിക്കലർന്ന പരിദേവന മാണീ കവിത. ഇവിടെയും അഹന്ത തന്നെയാണ് ആസ്തിക്യബോധത്തെ

കീഴടക്കുന്ന ശക്തി. വെള്ളത്തിലേക്ക് വലിച്ചുതാഴ്ത്തിക്കൊണ്ടിരിക്കുന്ന മുതലയുടെ വായിൽനിന്നു തന്നെ രക്ഷിക്കാൻ ഉടയോനോട് കേണപേക്ഷിക്കുന്ന ആന ലൗകികസുഖഭോഗങ്ങളിൽ ആണ്ടുമുങ്ങുകയും മരണത്തിന്റെ അഗാധഗർത്തത്തിലെത്തുന്നതു വരെ അഹങ്കരിക്കുകയും എല്ലാം കൈവിട്ട അവസ്ഥയിൽ ഈശ്വരനെ ആശ്രയിക്കുകയും ചെയ്യുന്ന മനുഷ്യന്റെ പ്രതീകം തന്നെ.

പിൻകാലിന്മേൽ പല്ലുകളാഴ്ത്തി
വലിച്ചുവലിച്ചാഴ്ത്തീടും ഭീതിയൊ-
ടിഞ്ചിഞ്ചായ് തോൽക്കുമ്പോൾ, താഴ്ന്നു
തുടങ്ങുമ്പോൾ ഓർമ്മിച്ചേൻ നിന്നെ (ഗജേന്ദ്രമോക്ഷം)

എന്ന് അനുഭവപാഠങ്ങളിൽ നിന്നുള്ള അഹങ്കാരനിരാസത്തെ, പാപബോധത്തെ നീറ്റുന്ന ആസ്തികചേതനയിലേക്ക് കവി സന്നിവേശിപ്പിക്കുന്നു. മരണഭയത്തിനു മുമ്പുള്ള പൊയ്കപോലെ വശ്യമോഹനവും ആഹ്ലാദവും ഉന്മാദവുമായ ജീവിതവും മരണാസന്നമാവുമ്പോൾ ഇരുട്ടും വേദനയും ചൂഴ്ന്നുനിൽക്കുന്ന ഗർത്തമായി മാറിയ ജീവിതവും ചിത്രീകരിക്കുന്നതിലൂടെ ഉന്നതിയിൽനിന്നും അപ്രതീക്ഷിതമായി സംഭവിക്കുന്ന താഴ്ചകൾ വ്യക്തിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങളും അതുവഴിയുണ്ടാകുന്ന ഈശ്വരബോധവുമാണ് കവി ആവിഷ്കരിക്കുന്നത്. ഈശ്വരനെ കാണാൻ കഴിയുന്നില്ലെങ്കിലും പശ്ചാത്താപബോധത്താൽ പരിശുദ്ധമാക്കപ്പെട്ട മനസ്സിനു ഹരിചന്ദനപരിപാവനഗന്ധത്തിലൂടെ ഈശ്വരസാമീപ്യം തിരിച്ചറിയാനാവുന്നു. കാളിയമദം അടക്കിയ ഉണ്ണിക്കണ്ണനും ഗജേന്ദ്രമദം അടക്കിയ വിഷ്ണുവും പാപവിനാശകരും ഭക്തരിൽ കരുണയുള്ളവരുമാണ്. ജീവസമഷ്ടിയായ സങ്കർഷണൻ, പ്രപഞ്ചത്തിന്റെ അർത്ഥസാകല്യമായ വാസുദേവൻ, ശതഭാവശബളിതമായ ആ മുഖത്തു മിന്നിമറയാത്ത മനുഷ്യഭാവങ്ങൾ ഇല്ല. കൃഷ്ണന്റെ സഹസ്രാധാരമായ ജീവിതകർമ്മങ്ങൾ ആകെച്ചേർന്ന് ഭാര

തീയ ജനജീവിതത്തിന്റെ ആദിപ്രരൂപങ്ങളായിത്തീർന്നിരിക്കുന്നു. കാലം കടന്നുപോകെ ചെന്നിടുന്ന ഓരോ പ്രതിസന്ധിയിലും ആ പ്രരൂപങ്ങളിൽ ഒന്നല്ലെങ്കിൽ മറ്റൊന്ന് നമ്മെ അനിവാര്യമായി തുണയ്ക്കുന്നു എന്ന് കൃഷ്ണസങ്കല്പത്തിന്റെ ജീവിതബോധത്തെ വിഷ്ണുനാരായണൻ നമ്പൂതിരി ചൂണ്ടിക്കാട്ടുന്നു.[48]

### 4.6.6 തേടലിന്റെ പൊരുൾ

കാളിയനും ഗജേന്ദ്രനും ദുരഭിമാനവും അഹംബോധവും ദു:ഖവും മദാന്ധകാരവും ജീവിതബന്ധനങ്ങളും വെടിഞ്ഞ നിർമ്മലമായ മനസ്സ് അർപ്പിക്കുമ്പോൾ ആത്മാവു തന്നെ അർച്ചിക്കുന്ന ഗോപികയാണ് *അഭിസാരിക*യിലുള്ളത്. തന്റെ സ്വത്വത്തെ കൃഷ്ണനിൽ ലയിപ്പിച്ചു കൊണ്ട് നിർവൃതിയടയുന്നതിൽ സായൂജ്യം കണ്ടെത്തുന്ന പ്രണയിനിയാണ് ശ്യാമരാധയും.

നിത്യകാമുകിയായിടും പ്രേമമേ
ദു:ഖമേ നിന്നെ വന്ദിച്ചിടുന്നു ഞാൻ (ശ്യാമരാധ)

എന്നഭിപ്രായപ്പെടുന്ന കവി ഉള്ളിലുണരുന്ന പ്രണയവും അതിന്റെ നീറ്റലും കയ്പും മധുരവും ഒരുപോലെ ഉൾക്കൊള്ളുന്നു. ഓടക്കുഴൽനാദം കേട്ടെങ്കിലും കണ്ണനെ കാണാതെ വിഷമിച്ചു നിൽക്കുന്ന ശ്യാമാംബരത്തിനു തന്റെ ഭാവം തന്നെയാണെന്ന് കവി വ്യക്തമാക്കുന്നു.

ശ്യാമേ വിഷണ്ണയായ് നിൽക്കേണ്ട പോക നീ
ഞാനുമപ്പൊൽക്കുഴൽ കേട്ടല്ലോ
എന്നേ തുടങ്ങിയ ലീലയിതിങ്ങനെ
നമ്മെ കുഴക്കുവാനാണല്ലോ (മഴത്തുള്ളി)

ഭയത്തിന്റെ നോവു പൊറുക്കാനാവാതെ ഉഴറിക്കരയുന്ന കവി എത്രയും വേഗം എത്തിച്ചേരാനാണ് കണ്ണനോട് ആവശ്യപ്പെടുന്നത്.

തീരം കുത്തിയടർന്നു പതിക്കും മുമ്പാ
യെത്തുക കരുണാമയനല്ലേ നീ (പോരൂ)

ധർമ്മസംസ്ഥാപകനായ കണ്ണനുപോലും ഇന്നിന്റെ അധർമ്മങ്ങളെ എതിർക്കാനാവുമോ എന്ന സന്ദേഹം കവിക്കുണ്ട്. തിന്മയുടെ രാക്ഷസീയ രൂപത്തോടെതിർനിൽക്കാൻ ഓടക്കുഴലിന്റെ ശക്തിക്കാവുമോ എന്ന വിചാരം കടലിൽ അമ്മയെ വീണ്ടെടുക്കാൻ വരാഹത്തിന്റെ കരുത്തിലൊരാളെ ഓട ക്കുഴലിലൂടെ വിളിക്കാമെന്ന ആവശ്യത്തിലേക്കു നീങ്ങുന്നു (കൊളോസസ്സ്).

മനുഷ്യമനസ്സിൽ അതീതകാലം മുതൽ നടക്കുന്ന നന്മതിന്മകളെപ്പറ്റി യുള്ള സംഘട്ടനമാണ് *കുരുക്ഷേത്ര*വും. ധർമ്മമേത്, അധർമ്മമേത് എന്ന് വിചിന്തനം ചെയ്യാനാവാത്ത ആധുനികമനുഷ്യന്റെ വ്യഥകളിൽ അഭിനവ പാർത്ഥനെ ദർശിക്കുന്ന കവി *വേണ്ടുന്നതെന്തെന്ന് ചൊല്ലിത്തരാ നെന്റെ/പ്രാണനാം തേരാളി കൂടെയില്ലാ* എന്ന വരികളിൽ ആസക്തിയാൽ വലയുന്ന മനുഷ്യന്റെ വ്യഥകൾ തുറന്നുകാണിക്കുന്നു. നിഷ്ക്രിയതയുടെ തേർത്തട്ടിൽ നിന്നു രക്ഷിച്ച് ധർമ്മത്തെ കരുത്താക്കാൻ കൃഷ്ണസങ്കല്പം സഹായകമാകുമെന്നാണ് കവിയുടെ വിശ്വാസം. കവിത വൈയക്തികാനുഭൂ തിയുടെ ആവിഷ്കരണമായിരിക്കുമ്പോൾത്തന്നെ സമുദായത്തിന്റെയും സമ്പാദ്യമാവുന്നു. പൊതുവായ വിശ്വാസങ്ങളും സങ്കേതങ്ങളും രചനാരീതി കളുടെ അടിസ്ഥാനതന്ത്രങ്ങളുമെല്ലാം ഓരോ കവിയുടെയും മനസ്സിലും പുതുതായി ജനിക്കുകയും നവലോകസൃഷ്ടിക്കു സമർത്ഥമാവുകയും ചെയ്യുന്നതായി എം. തോമസ്മാത്യു അഭിപ്രായപ്പെടുന്നു.[49] മനുഷ്യർക്ക് പര സ്പരവിശ്വാസവും സ്നേഹവും നഷ്ടപ്പെടുമ്പോഴാണ് ഇവിടെ വീണ്ടും കുരുക്ഷേത്രങ്ങൾ ഉണ്ടാവുന്നതെന്ന് കവിത സൂചിപ്പിക്കുന്നു. പാരമ്പര്യത്തെ നിശ്ചലതയോ പഴയതിന്റെ നിർജ്ജീവമായ ആവർത്തനമോ ആക്കാതെ ജീവ ത്തായ വളർച്ചയുടെ പ്രതീകമാക്കുകയാണ് സുഗതകുമാരി.

ലൗകികമായത് എന്തെല്ലാം ഉപേക്ഷിക്കേണ്ടി വന്നാലും തന്നിലാരൂ

ഢമായിരിക്കുന്ന കൃഷ്ണസങ്കൽപ്പത്തെ കവിക്ക് തള്ളിക്കളയാനാവില്ല.

കരഞ്ഞുംകൊണ്ടോടി മറയുമ്പോൾ താഴെ
ക്കൊഴിഞ്ഞ പീലി കണ്ടതുമാത്രം പിച്ചി-
യെറിഞ്ഞീലാ! കയ്യിലെടുത്തു പിന്നെയും (മറവിയിൽ നിന്നും)

കൊഴിഞ്ഞപീലി കുനിഞ്ഞെടുക്കുന്ന അതേ താല്പര്യമാണ് കാവ്യ പ്രതിഭപോലും കണ്ണന്റെ വരദാനമാണെന്ന് *നൈവേദ്യത്തിൽ* ആവിഷ്കരിക്കാൻ കാരണം.

വർത്തമാനകാലത്തെ പ്രണയത്തിനും മൂല്യച്യുതി സംഭവിച്ചിരിക്കുന്നു. നഷ്ടസർവ്വസ്വയായ പ്രേമം ഒറ്റക്കാലിൽ തപിച്ചുനിൽക്കുന്ന ധർമ്മം പോലെ പഞ്ചാഗ്നിമധ്യത്തിൽ മിഴിപൂട്ടി നില്ക്കുകയാണ്. അവിടെയും സ്ത്രീത്വത്തിന്റെ പ്രതീക്ഷ

വന്നു കറുത്തു നിറഞ്ഞുപെയ്തീടുമോ
എന്നെങ്കിലും സഖീ കൃഷ്ണമേഘം (രാധയെവിടെ)

എന്നാണ്. ഇന്ത്യൻ സ്ത്രീമനസ്സിന്റെ അന്തമില്ലാത്ത പ്രണയാവേശത്തിന്റെയും നിതാന്തമായ അന്വേഷണത്തിന്റെയും കാരണമായ കൃഷ്ണ സങ്കല്പമാണ് ഇവിടെ പ്രകടം. സ്നേഹമെന്ന വികാരമണ്ഡലത്തിന്റെ വികാസത്താൽ പൂർണ്ണമാവുന്ന ആത്മീയതയോടാണ് കവിക്ക് താല്പര്യം.

സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം മോചനത്തിന്റെ ഉറച്ച വാഗ്ദാനമാണ് കൃഷ്ണൻ. അധർമ്മത്തിന്റെ പിടിയിലകപ്പെട്ട സർവംസഹയെ മോചിപ്പിക്കയെന്ന ലക്ഷ്യവുമായി ഭൂമിയിൽ അവതരിച്ച കൃഷ്ണൻ മണ്ണിനെ മാത്രമല്ല പെണ്ണിനെയും രക്ഷിക്കുമെന്ന് കവി വിശ്വസിക്കുന്നു (അമ്മ). മകനായി, കാമുകനായി, രക്ഷകനായി, പരമാത്മചൈതന്യമായി, സ്നേഹവും കാലവുമായി കവി കൃഷ്ണനെ കാണുന്നു. ഭക്തിയും പ്രേമവും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾപോലെ കരുതുന്ന മാധുര്യഭക്തിയുടെ

തലമാണ് സുഗതകുമാരി പ്രധാനമായും സ്വീകരിക്കുന്നത്. വാത്സല്യഭക്തി യുടെയും സഖ്യഭക്തിയുടെയും ദാസ്യഭക്തിയുടേതുമായ ചില തലങ്ങളും കവിതകളിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. അഹംബോധത്തിന്റെ നാശത്തി ലാണ് ഭക്തിയുടെ പൂർണത എന്നതാണ് സ്ത്രീപുരുഷപ്രേമത്തിന്റെ രൂപത്തി ലുള്ള മാധുര്യഭക്തി തെരഞ്ഞെടുക്കാൻ കാരണം. സ്ത്രീയുടെ സ്വാതന്ത്ര്യ മോഹത്തേയും കവി, ഭക്തിയുടെ മാധുര്യതലവുമായി കൂട്ടിച്ചേർക്കുന്നു.

### 4.6.7 പ്രണയത്തിന്റെ പാഠാന്തരങ്ങൾ

അനുരാഗവതിയായ രാധയുടെ മധുരഭാവമാണ് സുഗതകുമാരിക്ക് ഏറെ പ്രിയം. രാധയുടെയും കൃഷ്ണന്റെയും അതിരില്ലാത്ത പ്രണയഭാവ ങ്ങളും കാതരയായ രാധയുടെ മധുരവചനങ്ങളും ഏതുകാലത്തേയും പ്രണ യികളെ മോഹിപ്പിച്ചുകൊണ്ടിരിക്കും. രാധയുടെ അശാന്തമായ മനസ്സ് ഓരോ കാമുകിയിലും കുടികൊള്ളുന്നതുകൊണ്ടാണ് സ്നേഹഭാജനത്തിൽ കൃഷ്ണനെ ദർശിച്ച് അവനിൽ ലയിക്കാൻ സ്ത്രീ കൊതിക്കുന്നത്. എന്നാൽ ആ ശ്യാമരൂപൻ പിടിതരാത്തതുകൊണ്ട് പ്രണയികൾക്ക് അശാന്തി മാത്രം ബാക്കിയാവുന്നതായി മാധവിക്കുട്ടിയും വ്യക്തമാക്കുന്നു. ലിംഗാധി ഷ്ഠിത സാമ്പത്തികഘടനയ്ക്കുള്ളിലോ പുരുഷാധിഷ്ഠിതസാമൂഹികഘടന യ്ക്കുള്ളിലോ ഉത്തരം കിട്ടാൻ സാധ്യതയില്ലാത്ത നിരവധി ചോദ്യങ്ങളിലൂടെ സ്ത്രൈണാവിഷ്കാരത്തിന്റെ സ്വതന്ത്രലോകം ചമച്ച മാധവിക്കുട്ടി സ്ത്രീയുടെ വൈകാരികാനുഭവങ്ങളെ രാധാകൃഷ്ണസങ്കല്പത്തിലൂടെ പുനർനിർമ്മിക്കാനാണ് ശ്രമിച്ചത്. അപൂരിതമായ സ്ത്രൈണമോഹങ്ങളും മാനസികഭാവങ്ങളും ചിത്രീകരിക്കുകവഴി ഉടലിന്റെ സാന്നിധ്യത്തെ, സാധ്യ തയെ വിവർത്തനം ചെയ്യാനുള്ള ശ്രമമാണ് *കിനാവു കണ്ട രാധ.*

നീ എന്നിൽ പ്രവേശിച്ചപ്പോൾ
ഈ ശരീരം നിന്റെ ഗൃഹമായി
ഈ ആത്മാവ് നിന്റെ ശയ്യാഗൃഹം

പ്രണയവും രതിയും നിർവൃതിയും കൂടിക്കലർന്ന ആത്യന്തികാനുഭവത്തിൽ ഉടൽ ആത്മീയാന്വേഷണത്തിനുള്ള ഉപാധിയായി മാറുന്നു.[50]

കൃഷ്ണന്റെ ശരീരം തന്റെ തടവറയാണെന്നും അവന്റെ കറുപ്പ് തന്നെ അന്ധയാക്കുന്നുവെന്നും പ്രണയാർദ്രമായ വാക്കുകൾ സമർത്ഥമായ ലോകത്തിന്റെ ആരവത്തെ പുറത്തിട്ടടയ്ക്കുന്നുവെന്നും പറയുന്ന *കൃഷ്ണൻ* എന്ന കവിത[51] പ്രണയത്തിന്റെ ലോകത്ത് പുരുഷൻ സൃഷ്ടിക്കുന്ന അസ്വാതന്ത്ര്യങ്ങളും അവന്റെ ചങ്ങലക്കെട്ടുകളിൽ തളച്ചിടപ്പെട്ട സ്ത്രീമനസ്സിന്റെ വിമോചനത്വരയുമാണ് പ്രതിഫലിപ്പിക്കുന്നത്. *രാധ*[52] എന്ന കവിതയാകട്ടെ പ്രണയത്തിന്റെ പരകോടിയിൽ അഹംഭാവം ഇല്ലാതാകുന്ന സ്ത്രൈണാനുഭവത്തിന്റെ ചിത്രമാണ്. സ്നേഹത്തിന്റെയും ശരീരത്തിന്റെയും പരിപൂർണ്ണ സമർപ്പണമാണ് രാധയ്ക്ക് കൃഷ്ണപ്രണയം.

എന്നിലുള്ളതെല്ലാം ഉരുകുന്നു
എന്റെ അകക്കാമ്പിലെ കാഠിന്യം പോലും
ഓ കൃഷ്ണാ
ഞാൻ ഉരുകുന്നു, ഉരുകിയൊഴുകുന്നു
നീയല്ലാതെ
യാതൊന്നും എന്നിൽ അവശേഷിക്കുന്നില്ല

അകക്കാമ്പിലെ കാഠിന്യം പോലും ഉരുകിയൊഴുകുന്ന ധന്യനിമിഷങ്ങളിൽ കൃഷ്ണനല്ലാതെ മറ്റൊന്നും അവളിൽ അവശേഷിക്കുന്നില്ല. തന്റെ മാതൃകാപുരുഷൻ കൃഷ്ണനാണെന്ന പ്രഖ്യാപനമാണ് *വൃന്ദാവന*വും.[53] നിലവിലുള്ള വ്യവസ്ഥിതി സ്ത്രീക്കുമേൽ കെട്ടിയേൽപ്പിച്ച എല്ലാതരം അസ്വാതന്ത്ര്യങ്ങളിൽ നിന്നും മോചനം നൽകുന്ന സ്വാതന്ത്ര്യത്തിന്റെ ഭൂമികയാണ് കവിയ്ക്ക് വൃന്ദാവനം. ഭർത്താവിൽ നിന്നും പാതിവ്രത്യത്തിന്റെയും വീടിന്റെയും തടവറയിൽ നിന്നും രക്ഷപ്പെടാൻ പ്രാപ്തമാക്കുന്ന ഓടക്കുഴൽ നാദം രാധയുടെ രഹസ്യമോഹത്തിന്റെ സാക്ഷാത്ക്കാരം കൂടിയാണ്.

ഓരോ സ്ത്രീയുടെ മനസ്സിലും
വൃന്ദാവനം ജീവിക്കുന്നു

എന്നു പറയുന്ന മാധവിക്കുട്ടി സ്ത്രീക്ക് കർത്തൃസ്ഥാനമുള്ള ലൈംഗിക വ്യവസ്ഥയുടേയും കുടുംബിനിക്ക് നഷ്ടപ്പെട്ട സർഗ്ഗസ്വാതന്ത്ര്യത്തിന്റെയും വീടിന്റെ ചുവരുകൾക്കുള്ളിൽ നഷ്ടപ്പെടുന്ന സഞ്ചാരസ്വാതന്ത്ര്യത്തിന്റെയും പ്രതീകമായി വൃന്ദാവനത്തെ മാറ്റുന്നു.

സദാചാരത്തിന്റെ സാമൂഹികനിർമ്മിതിയിൽ സ്ത്രീയുടെ ഇച്ഛകളും കാമനകളും തിരസ്കരിക്കപ്പെടുമ്പോൾ സ്ത്രീമനസ്സ് കണ്ടെത്തുന്ന സ്വപ്ന സന്നിഭമാർന്ന ഒരിടമായി രാധാകൃഷ്ണസങ്കല്പത്തെ മാറ്റുകയാണ് മാധവി ക്കുട്ടിയും സുഗതകുമാരിയും ചെയ്തത്. രാധയാവുക എന്നതിനെ സമൂഹ ത്തിന്റെ സദാചാരവ്യവസ്ഥയ്ക്കു നേരെയുള്ള കലാപമായി മാറ്റുകയും സ്വാതന്ത്ര്യത്തെ വിട്ടുവീഴ്ചയില്ലാതെ ആഘോഷിക്കുകയും ചെയ്യുന്ന മാധവി ക്കുട്ടിയുടെ രീതിയ്ക്കു പകരം സദാചാരവ്യവസ്ഥകളോടുള്ള വിയോജിപ്പ് സൗമ്യമായും സ്വകാര്യമായും സുഗതകുമാരി നിർവഹിച്ചു. സ്ത്രീയുടെ പര കീയപ്രേമത്തെ ഉദാത്തമാക്കുമ്പോഴും സ്വകീയപ്രേമത്താൽ ഇകഴ്ത്തേണ്ടതാ ണെന്ന സാമൂഹികബോധ്യം വരാത്തവിധത്തിൽ സ്ത്രൈണചേതനയുടെ പ്രതീകമായി കവി രാധയെ മാറ്റി. സങ്കല്പത്തിന്റെയും സ്വപ്നത്തിന്റെയും രൂപത്തിൽ സ്വാതന്ത്ര്യസാക്ഷാത്കാരം നേടുന്ന സ്ത്രീചിത്രണംവഴി ഊർജ്ജ ത്തിന്റെയും സഹനത്തിന്റേയും കരുണയുടേയും പ്രതിപ്രവർത്തനമായി പ്രണയം മാറുകയും ചെയ്തു.

# കുറിപ്പുകൾ

1. എറിക്ഫ്രോം, *പ്രണയകല*, കെ.സി.വർഗീസ് (വിവ.), മാവേലിക്കര: ഫേബിയൻ ബുക്സ്, 2009, പുറം.30.
2. വി.ആർ. സുധീഷ്, *പ്രണയപുസ്തകം*, കോഴിക്കോട്:ഓറഞ്ച് പബ്ലി ക്കേഷൻസ്, 2007, പുറം.15.
3. ബർട്രാൻഡ്റസ്സൽ, *വിവാഹവുംസദാചാരമൂല്യങ്ങളും*, ജോർജ് മാസ്റ്റർ (വിവ.),കൊടുങ്ങല്ലൂർ:പുസ്തകപ്രസാധകസംഘം,1989,പുറങ്ങൾ.106 –107.
4. ഓഷോ, *പ്രണയവും ധ്യാനവും*, ആലപ്പുഴ: ഫേബിയൻ ബുക്സ്, 1997, പുറം.36.
5. കുട്ടികൃഷ്ണമാരാര്, *ഭാരതപര്യടനം*, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 2011, പുറം.89.
6. J. Krishna Murthi, *The First and Last Freedom*, London: Victor Gollangz Ltd, 1977, p.232-34.
7. കെ.ഇ.എൻ, *പ്രണയം കവിത സംസ്കാരം*, എടപ്പാൾ:അരീന ബുക്സ് 1999, പുറം.116.
8. *ഗർഗ്ഗസംഹിത,* വൈദ്യമഠം ചെറിയനാരായണൻനമ്പൂതിരി (വിവ.), ചെങ്ങന്നൂർ: നിത്യഭാരതി ബുക്സ്, 2002.
9. നിത്യചൈതന്യയതി, *പ്രേമവും ഭക്തിയും,* തൃശ്ശൂർ:കറന്റ്ബുക്സ്, 2007, പുറം.85.
10. ഹസ്തപ്രോപ്യോ്പ്യഗമ്യോ ഝടിതി മുനിജന
    സ്യേവ ധാവൻ ഗജേന്ദ്രം.
    ക്രീഡന്നാപാത്യ ഭൂമൗ പുനരഭിപതത
    സ്തസ്യദന്തം സജീവം,
    മൂലാദുന്മൂല്യ തന്മൂലഗമഹിതമഹാ-

മൗക്തികാന്യാത്മമിത്രേ

പ്രാദാസ്ത്വം, 'ഹാരമേഭിർല്ലളിത വിരചിതം

രാധികായൈ ദിശേ'തി

മേല്പുത്തൂർ നാരായണഭട്ടതിരി, *നാരായണീയം*, പന്മന രാമചന്ദ്രൻ നായർ (ഗദ്യപരിഭാഷ), കോട്ടയം: ഡി.സി.ബുക്സ്, 2010, പുറം.265.

11. പ്രീതിം വസ്തനുതാം ഹരി: കുവലയാ

പീഡേന സാർദ്ധം രണേ

രാധാപീതപയോധര സ്മരണകൃത്

കുംഭേന സംഭേദവാൻ

യത്ര സ്വിദ്യതി മീത്രി ക്ഷണമഥ

ക്ഷിപ്തേ ദ്വിപേ തത്ക്ഷണാത്

കംസസ്യാലമഭൂജ്ജിതം ജിതമിതി

വ്യാമോഹകോലാഹല:

ജയദേവൻ, *ഗീതഗോവിന്ദം*, സി.വി.വാസുദേവഭട്ടതിരി (വിവ.), കോട്ടയം: നാഷനൽ ബുക്സ്റ്റാൾ. 1986, പുറം.107.

12. മേല്പുത്തൂർ നാരായണഭട്ടതിരി, *നാരായണീയം*, പന്മന രാമചന്ദ്രൻ നായർ (വിവ.), കോട്ടയം: ഡി.സി.ബുക്സ്, 2010, പുറം.297.

13. സുഗതകുമാരി, ആമുഖം, *രാധയെവിടെ*, കോട്ടയം: ഡി.സി.ബുക്സ്, 1999, പുറം.27.

14. ആർ.ബി.രാജലക്ഷ്മി, 'കൃഷ്ണസങ്കല്പം സുഗതകുമാരിയുടെ കവിത കളിൽ', *വിജ്ഞാനകൈരളി*, വാല്യം 26 ലക്കം 2, 1995 ഫെബ്രുവരി, പുറം.124.

15. എം.ലീലാവതി, 'സുഗതകുമാരി (സ്ത്രീ, പ്രേമം, സ്വാതന്ത്ര്യം)' *കവി താപഠനങ്ങൾ*, പത്മന രാമചന്ദ്രൻ നായർ (എഡി.), കോട്ടയം: കറന്റ് ബുക്സ്, 2005, പുറം.182.

16. എം.ലീലാവതി, *കവിതാരതി,* കോഴിക്കോട്: മാതൃഭൂമിബുക്സ്, 1997, പുറം.341.

17. ഓഷോ, *പ്രണയത്തിന്റെ രഹസ്യങ്ങൾ,* എൻ.മൂസക്കുട്ടി (വിവ.), കോഴിക്കോട് പാപ്പിയോൺ ബുക്സ്, 2009, പുറം.145.

18. Jadunatha Sinha, *Jivagoswami's Religion of Devotion and Love,* Varanasi: Chowkhamba Vidyabhavan, 1983: pp.77-79.

19. ജി.ശങ്കരക്കുറുപ്പ്, *ജി.യുടെ തെരഞ്ഞെടുത്ത കവിതകൾ,* കോട്ടയം: ഡി.സി.ബുക്സ്, 2008, പുറങ്ങൾ.106-107.

20. *അയ്യപ്പപ്പണിക്കരുടെ ഏഴുകവിതകൾ: പഠനങ്ങളും*, കോട്ടയം: ഡി.സി. ബുക്സ്, 1983, പുറങ്ങൾ.143-146.

21. എം.ലീലാവതി, *കവിതാധ്വനി,* കോട്ടയം: നാഷനൽബുക്സ്റ്റാൾ, 2009, പുറം.183.

22. പ്രസന്നരാജൻ, *കേരളകവിതയിലെ കലിയും ചിരിയും*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1992, പുറം.64.

23. സാമുവൽ കാട്ടുകല്ലിൽ, *കറുത്തചിരിയുടെ കവി,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995, പുറം.55.

24. എം.ലീലാവതി, 'സുഗതകുമാരി (സ്ത്രീ, പ്രേമം, സ്വാതന്ത്ര്യം)', *കവിതാപഠനങ്ങൾ,* പുറങ്ങൾ.182-83.

25. വത്സലൻ വാതുശ്ശേരി, *ഒറ്റയാന്മാരുടെ വഴി,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2011, പുറം.101.

26. നിത്യചൈതന്യയതി, *പ്രേമവും ഭക്തിയും,* തൃശ്ശൂർ:കറന്റ്ബുക്സ്, 2007, പുറം.70.

27. കേസരി.എ. ബാലകൃഷ്ണപിള്ള, *കേസരിയുടെ സാഹിത്യവിമർശനങ്ങൾ,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1984, പുറങ്ങൾ.290-294.

28. എം.ലീലാവതി, 'സുഗതകുമാരി (സ്ത്രീ, പ്രേമം, സ്വാതന്ത്ര്യം)', *കവിതാപഠനങ്ങൾ,* പുറങ്ങൾ.177-178.

29. കെ.എം.തരകൻ, *അന്വേഷണപഥങ്ങൾ,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1993, പുറം.82.

30. പ്രസന്നരാജൻ, *തിരിച്ചറിവുകൾ.* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2006, പുറങ്ങൾ.117–120.

31. അതേ പുസ്തകം, പുറം.121.

32. ഓഷോ, *പ്രേമം ധൈര്യം ആവശ്യപ്പെടുന്നു*, കോഴിക്കോട്: പെന്റഗൺ ബുക്സ്, 2006, പുറങ്ങൾ.5–8.

33. സി.പി. അച്യുതനുണ്ണി, 'ആമുഖം' *പ്രേമവും ഭക്തിയും*, നിത്യചൈതന്യയതി, തൃശ്ശൂർ: കറന്റ് ബുക്സ്, 2007.

34. ഓഷോ, *പ്രണയത്തിന്റെ രഹസ്യങ്ങൾ,* എൻ. മൂസക്കുട്ടി (വിവ.), കോഴിക്കോട്: പാപ്പിയോൺ ബുക്സ്, 2009, പുറങ്ങൾ.14–15.

35. സിഗ്മണ്ട്ഫ്രോയിഡ്, *പ്രണയത്തിന്റെയുംരതിയുടെയും മന:ശാസ്ത്രം,* പി.പി.സത്യൻ(വിവ.),കോഴിക്കോട്:ഇൻസൈറ്റ്ബുക്സ്,2010, പുറങ്ങൾ. 167–71.

36. ശ്രീ.വിദ്യാനന്ദതീർത്ഥപാദസ്വാമി, 'അവതാരിക' *ശ്രീമദ് ഭാഗവതം*, മുഴങ്ങോട്ടുവിളകൃഷ്ണപ്പിള്ള(വ്യാഖ്യാ.),കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1973, പുറങ്ങൾ.51–54.

37. ഓഷോ, *കൃഷ്ണദർശനം: ആധ്യാത്മികത, മതം, രാഷ്ട്രീയം*, കോഴിക്കോട്: സൈലൻസ് ബുക്സ്, 2004, പുറങ്ങൾ.53–60.

38. Sushil Kumar De, *The Early History of the Vaisnawa Faith and Movement in Bengal*, Calcutta: Firma K.L. Mukhopadhyay, 1961.

39. ശ്രീവിദ്യാനന്ദതീർത്ഥപാദസ്വാമി,'അവതാരിക'*ശ്രീമദ്ഭാഗവതം*,പുറം.53

40. നെല്ലിക്കൽ മുരളീധരൻ,*വിശ്വസാഹിത്യദർശനങ്ങൾ*, കോട്ടയം:ഡി.സി. ബുക്സ്, 2011, പുറം.334.

41. സുധാംശു ചതുർവേദി, *ഹിന്ദിസാഹിത്യചരിത്രം*, തൃശ്ശൂർ: ഗീതാ പബ്ലിക്കേഷൻസ്, 1995, പുറം.104.

42. ഡി.ഡി. കൊസാംബി, *മിത്തും യാഥാർത്ഥ്യവും*, പി.ഗോവിന്ദപ്പിള്ള, രാജൻ ഗുരുക്കൾ, ആർ. ഭാസുരേന്ദ്രബാബു (വിവ.), തിരുവനന്തപുരം: മൈത്രിബുക്സ്, 2006, പുറം.67.

43. പി.പി. രവീന്ദ്രൻ, *വീണ്ടെടുപ്പുകൾ*, കോട്ടയം: ഡി.സി.ബുക്സ്, 2006, പുറങ്ങൾ. 66-69.

44. എം.പി.വീരേന്ദ്രകുമാർ, *ഹൈമവതഭൂവിൽ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008, പുറം.267.

45. സച്ചിദാനന്ദൻ, *മലയാളകവിതാപഠനങ്ങൾ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2009, പുറം.322.

46. എം.ലീലാവതി, *വർണ്ണരാജി*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2008, പുറം.4.

47. ജിദ്ദു കൃഷ്ണമൂർത്തി, *സ്വീയജ്ഞാനം*, കോട്ടയം: ഡി.സി.ബുക്സ്, 2007, പുറങ്ങൾ.148-49.

48. വിഷ്ണുനാരായണൻ നമ്പൂതിരി, 'ആമുഖം' കൃഷ്ണകവിതകൾ, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി.ബുക്സ്, 2007, പുറങ്ങൾ. 736-37.

49. എം. തോമസ്മാത്യു, *ദന്തഗോപുരത്തിലേക്കു വീണ്ടും*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1990, പുറങ്ങൾ.156-57.

50. എ.ജി.ഒലീന, 'ഉടയാടകൾക്കുള്ളിലെ ഉടലെഴുത്തുകൾ', *മാധവിക്കുട്ടി രാഗം നീലാംബരി*, ഷംസുദ്ദീൻ കുട്ടോത്ത് (എഡി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009, പുറങ്ങൾ.365-69.

51. കമലാദാസ്, *കമലാദാസിന്റെ തിരഞ്ഞെടുത്ത കവിതകൾ*, എബ്രഹാം (വിവ.), കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2009, പുറം.50.

52. അതേ പുസ്തകം, പുറം. 88.

53. അതേ പുസ്തകം, പുറം. 106.

# ഉപസംഹാരം

സംസ്കാരം, ഭാഷ, ചരിത്രം, സാമൂഹികഘടന എന്നിവയിലെ ആൺപക്ഷപാതപരമായ സമീപനങ്ങളെയാണ് ഫെമിനിസം ചോദ്യം ചെയ്യുന്നത്. ഇതാണ് ആഖ്യാനതന്ത്രങ്ങളിലെ വൈവിധ്യം വഴി സുഗതകുമാരി ആവിഷ്ക്കരിക്കുന്നത്. സ്ത്രീവിമോചനസാധ്യതകൾ ശക്തിപ്പെടുന്നതിനു മുൻപു തന്നെ സ്ത്രീക്കും പ്രകൃതിക്കും വേണ്ടി പാടേണ്ടുന്ന സത്താപരമായ അനിവാര്യത സുഗതകുമാരി തിരിച്ചറിഞ്ഞിരുന്നു. സുഗതകുമാരിയുടെ ആദ്യകാല കവിതകളിൽ പ്രകൃതിയുമായി ലയബന്ധം സ്ഥാപിച്ച്, ഹൃദയവികാരങ്ങളുടെ പ്രതീകമായി പ്രകൃതിയെ മാറ്റിത്തീർക്കുന്ന സമീപനമാണ് മുന്നിട്ടു നിൽക്കുന്നത്. പ്രകൃതിയെ സുഹൃത്തും സഹകാരിയുമായി കാണുന്ന മാനസികഭാവമാണ് ഇവിടെ പ്രകടം. സന്ധ്യ, നിലാവ്, രാത്രി, മഴ, കടൽ എന്നിങ്ങനെ പ്രകൃതിയുടെ വ്യത്യസ്ത സന്ദർഭങ്ങളും ഭാവങ്ങളും തന്റെ മനസ്സിനെ ആവിഷ്കരിക്കാൻ സുഗതകുമാരി പ്രയോജനപ്പെടുത്തുന്നു. തിരമാലയുടെ ചിതറലും പക്ഷിയുടെ പാട്ടും തൊട്ടാവാടിച്ചെടിയുടെ വാടലും കവിയുടെ സർഗവ്യാപാരവുമായി ചില കവിതകളിൽ സമീകരിക്കുന്നു. നാടിനോടുള്ള മമതാബന്ധവും പ്രകൃതിയെന്ന മാതാവിനോട് താദാത്മ്യം പ്രാപിക്കാനുള്ള ഇച്ഛയും കവിതകളിൽ പ്രകടമാണ്.

കാല്പനികതയുടെ അനുഭവങ്ങളിൽനിന്ന് പ്രകൃതി, സ്ത്രീ എന്നിവയെ കാവ്യവൽക്കരിക്കുകയും ആശയവൽക്കരിക്കുകയും ചെയ്യുന്ന പുതുസ്ത്രീബോധം രൂപീകരിക്കാൻ സുഗതകുമാരിയെ പ്രാപ്തയാക്കിയത് പരിസ്ഥിതിസംബന്ധമായ ഇടപെടലുകളാണ്. സൈലന്റ്വാലിസമരം പ്രകൃതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കാനും മനുഷ്യകേന്ദ്രിതലോകത്തിനു വേണ്ടിയുള്ള ചൂഷണം അവസാനിപ്പിക്കാനുമുള്ള രചനകൾക്ക് ഊന്നൽ നൽകാൻ കാരണമായി. പരിസ്ഥിതിപ്രവർത്തനങ്ങളിൽ നിന്നു കിട്ടിയ

ഉൾക്കാഴ്ച അരികിലേക്ക് മാറ്റിനിർത്തപ്പെട്ട ആദിവാസികൾ, സ്ത്രീകൾ, മറ്റു ജീവജാലങ്ങൾ എന്നിവരോടുള്ള അനുഭാവപൂർണ്ണമായ സമീപനമായി മാറുന്ന വ്യക്തിത്വവികാസം അട്ടപ്പാടിവനവൽക്കരണം, പൂയംകുട്ടിപദ്ധതി, കാസർകോട്ടെ എൻഡോസൾഫാൻ പരീക്ഷണം എന്നിവയിലുള്ള എഴുത്തുകളും ഇടപെടലുകളും തെളിയിക്കുന്നു. പ്രകൃതിയുടെയും സ്ത്രീയുടെയും ജൈവഘടനയെ തകർക്കുന്ന മുലപ്പാലിൽപ്പോലും വിഷം കലർത്താൻ മടിക്കാത്ത ആഗോളകുത്തകകളോടുള്ള വിയോജിപ്പായി മാറുന്ന പ്രകടമായ രൂപാന്തരം സുഗതകുമാരിയുടെ എഴുത്തുകൾക്കുണ്ട്. കാല്പനികതയിൽ നിന്നും ആധുനികതയിലേക്കുള്ള ഭാവുകത്വത്തിന്റെ പരിണാമം കൂടിയാണിത്.

പീഡനമേൽക്കുന്ന പക്ഷിമൃഗാദികളുടെ ആവിഷ്കരണത്തിലൂടെ നാഗരികതയുടെ സുഖാസ്വാദനതന്ത്രങ്ങളെ വിമർശിക്കുന്ന സുഗതകുമാരി വിനോദത്തിലും ലാഭചിന്തയിലുമധിഷ്ഠിതമായ വ്യക്തികേന്ദ്രിതവികസനമാണ് പ്രശ്നങ്ങൾക്കു കാരണം എന്ന നിലപാടാണ് കൈക്കൊള്ളുന്നത്. മനുഷ്യ-മനുഷ്യേതര ജീവജാലങ്ങൾക്ക് ഒരുപോലെ അവകാശപ്പെട്ടതാണ് ഭൂമി എന്ന തിരിച്ചറിവ് പ്രദാനം ചെയ്യുന്നതിലൂടെ ബഹുകേന്ദ്രിതപരസ്പരാശ്രിതവ്യവസ്ഥയെയാണ് കവി മുൻനിർത്തുന്നത്. ദാരിദ്ര്യം, അസമത്വം, ചൂഷണം തുടങ്ങിയവയിൽനിന്ന് മോചിതരാവാൻ കഴിയാത്ത ആദിവാസി സമൂഹത്തിന്റെ ചിത്രണവും പ്രകൃതിചൂഷണത്തിന്റെ അനുബന്ധം തന്നെ. ജൈവവ്യവസ്ഥിതിയുടെ ഭാഗമായ ആദിവാസിയെ പുരോഗതിയുടെയും വികസനത്തിന്റെയും പേരിൽ കിടപ്പാടവും അന്നവും അഭിമാനവും നഷ്ടപ്പെട്ട ജനതയാക്കുന്നതിലുള്ള എതിർബോധം പ്രകടമാക്കുന്ന കൃതികൾ സ്ത്രീയ്ക്കും പ്രകൃതിക്കുമൊപ്പം വിമോചിതരാവേണ്ടവരാണ് കീഴാളസമൂഹവും എന്ന് ബോധ്യപ്പെടുത്തുന്നു.

ആധുനികനാഗരികത സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രതിസന്ധികൾ

വായു, വെള്ളം, മണ്ണ് എന്നിങ്ങനെ മലിനീകരണത്തിന്റെ വിവിധ തലങ്ങളായി കൃതികളിൽ ആവിഷ്കൃതമാകുന്നു. വികസനത്തിന് പ്രകൃതിചൂഷണം അനിവാര്യമാണെന്ന നിലപാടിനെ നിരാകരിക്കുന്ന സുഗതകുമാരി പരിസ്ഥിതിസന്തുലനത്തിനു പ്രാധാന്യം നൽകുന്ന, സാമ്പത്തികഘടകത്തോടൊപ്പം സാമൂഹികസാംസ്കാരികഘടകങ്ങൾ കൂടി ഉൾച്ചേർന്ന വികസനത്തിനേ അതിജീവനസാധ്യതയുള്ളൂ എന്ന പാരിസ്ഥിതികസ്ത്രീവാദകാഴ്ചപ്പാടാണ് പുലർത്തുന്നത്. പ്രകൃതിയുടെ ഓരോ പച്ചപ്പിലും നാളെയുടെ ഭീകരത ദർശിക്കുന്ന കാവ്യാവസ്ഥ ഉപഭോഗസംസ്കാരത്തിന്റെ യാന്ത്രികതയ്ക്കു പകരം വേദങ്ങളും ഉപനിഷത്തുക്കളും മുന്നോട്ടുവച്ച സർവജീവൈക്യബോധത്തെ മാതൃകയാക്കുന്നു. ഉപയോഗസംസ്കാരത്തിനു പകരം ഉപഭോഗസംസ്കാരത്തിനു പ്രാധാന്യം നൽകുന്ന യൂറോകേന്ദ്രിതപൊതുബോധത്തിൽ പ്രകൃതിയുടെ സർഗാത്മകതയ്ക്കു സ്ഥാനമില്ലെന്ന തിരിച്ചറിവാണ് ഗാന്ധിജിയുടെ ചിന്തകൾ പ്രായോഗികപദാവലിയായി സ്വീകരിക്കാൻ കാരണം. നഷ്ടമാകുന്ന ധാർമ്മികതയെ പുനരുജ്ജീവിപ്പിക്കാനും പ്രകൃതിക്കൊത്ത പുരോഗമനപ്രവർത്തനങ്ങളിലേക്ക് നീങ്ങാനും പഴമയുടെ നന്മകളെ സ്വാംശീകരിച്ചുള്ള പുനരേകീകരണത്തിനു കഴിയുമെന്ന വിശ്വാസവും സുഗതകുമാരി പുലർത്തുന്നു.

പാരിസ്ഥിതികമായ അവബോധത്തെ പ്രകൃതിയുടെയും സ്ത്രീയുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന പ്രതിരോധമായി സുഗതകുമാരി കാണുന്നു. നഷ്ടമായ മൂല്യങ്ങളും ഗ്രാമീണസംസ്കൃതിയും തിരിച്ചുപിടിക്കാനാഗ്രഹിക്കുന്ന ഓണപരാമർശങ്ങൾ കുത്തകവത്കരണത്തിനുമപ്പുറത്ത് കാത്തുസൂക്ഷിക്കേണ്ടുന്ന ജൈവവൈവിധ്യങ്ങളുടെ തനിമയെ ഉദാഹരിക്കുന്നു. പ്രകൃതിയോടുള്ള ആരാധന കലർന്ന ആത്മബന്ധത്തെ നശീകരണവാസനയ്ക്കെതിരെയുള്ള പ്രതിരോധമാക്കുന്ന ആത്മീയ പാരിസ്ഥിതികസ്ത്രീവാദചിന്തയും സുഗതകുമാരിയുടെ കവിതകളിൽ പ്രകടമാണ്.

ത്യാഗസ്നേഹകാരുണ്യങ്ങൾക്കൊപ്പം രൗദ്രഭാവവും അമ്മയായ ഭൂമിക്കു ണ്ടെന്ന് വ്യക്തമാക്കുന്ന പാരിസ്ഥിതികമായ പ്രവചനപരതയും കൃതികൾ പുലർത്തുന്നു. തിരിച്ചടികളിൽ നിന്നു പാഠങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യൻ ഹരിതാഭമായ ഒരു നവലോകം സൃഷ്ടിക്കുമെന്ന ജീവനപ്രതീക്ഷയും സുഗ തകുമാരിക്കുണ്ട്. അതാണ് മനുഷ്യന്റെ വിവേകപൂർണ്ണമായ പ്രവർത്തനമോ പ്രകൃതിയുടെ നൈസർഗികമായ മുറിവുണക്കൽശേഷിയോ കൊണ്ട് വീണ്ടെ ടുക്കുന്ന പ്രകൃതിയ്ക്ക് കൃതികളിൽ മുഖ്യസ്ഥാനം നൽകാൻ കാരണം. മനു ഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യവും സ്ത്രീപുരുഷബന്ധത്തിന്റെ ഊഷ്മളതയും തിരിച്ചുപിടിക്കാൻ ഉൾക്കരുത്താർന്ന പുതിയ തലമുറയ്ക്ക് കഴിയുമെന്ന ശുഭാപ്തിവിശ്വാസവും സുഗതകുമാരി പുലർത്തുന്നു.

സ്ത്രീ/പ്രകൃതി സമീകരണം സുഗതകുമാരിയുടെ രചനകളുടെ സവി ശേഷതലമാണ്. പുരുഷകേന്ദ്രിതവ്യവസ്ഥിതി പടുത്തുയർത്തിയ ഉപഭോഗ സംസ്കൃതി പെണ്ണിനും പ്രകൃതിക്കും സമാനദുരന്തങ്ങളാണ് വരുത്തിവ യ്ക്കുന്നതെന്ന് സുഗതകുമാരി സാക്ഷ്യപ്പെടുത്തുന്നു. കുടിവെള്ളത്തിനും വിറകിനുമായി മൈലുകളോളം അലയുന്ന സ്ത്രീയനുഭവം പ്രകൃതിയിൽ നിന്നുള്ള അന്യവൽക്കരണത്തെ സൂചിപ്പിക്കുമ്പോൾ ആദിവാസിസ്ത്രീകൾ അനുഭവിക്കുന്ന ലൈംഗികചൂഷണം പ്രകൃതിക്കുമേലുള്ള കയ്യേറ്റം പെണ്ണുട ലിനുമേലുള്ള കയ്യേറ്റമായി മാറുന്നതിന്റെ സൂചകമാകുന്നു. സമകാലികസ മൂഹത്തിൽ സ്ത്രീത്വം നേരിടുന്ന പ്രതിസന്ധികളെ പ്രശ്നവൽക്കരിക്കുന്ന സുഗതകുമാരി സ്ത്രീയെയും പ്രകൃതിയെയും കൂട്ടിക്കെട്ടിയുള്ള ജൈവരാ ഷ്ട്രീയനിലപാടുകളെ പ്രതിരോധമാർഗമായി ഉയർത്തുന്നുമുണ്ട്. പ്രകൃ തിക്ക് സ്വാഭാവികാവസ്ഥ തിരികെ നൽകാൻ സ്ത്രീക്ക് കഴിയുമെന്ന വിശ്വാസം, അധിനിവേശിതരുടെ പ്രതിരോധം സ്ത്രീകേന്ദ്രിതമാവണം എന്ന പാരിസ്ഥിതികസ്ത്രീവാദകാഴ്ചപ്പാടിനെ മുൻനിർത്തുന്നു.

സ്ത്രീപുരുഷസമത്വത്തിൽ ഊന്നിയ പ്രണയാധിഷ്ഠിതമായ ദാമ്പത്യവ്യവസ്ഥയെ കുറിച്ചുള്ള സങ്കല്പങ്ങളാണ് മിത്തിനെ കുറിച്ചുള്ള കാഴ്ചപ്പാടിൽ സുഗതകുമാരിക്ക് മാതൃക. സ്ത്രീയിൽ നിന്നും ഏകപക്ഷീയ മായ സമർപ്പണം ആവശ്യപ്പെടുന്ന ആൺകോയ്മാധിഷ്ഠിതമായ ദാമ്പത്യവ്യ വസ്ഥയോടുള്ള വിയോജിപ്പും മിത്തുകൾ പ്രകടമാക്കുന്നു. സീതാപുരാവൃ ത്തമാവട്ടെ സ്ത്രീത്വത്തിന്റെ വ്യഥകളുടെ മാത്രമല്ല അഭിമാനബോധത്തി ന്റെയും കരുത്തിന്റെയും സ്വയംപര്യാപ്തതയുടെയും പ്രതീകം കൂടിയാ യാണ് ആവിഷ്ക്കരിക്കപ്പെടുന്നത്. സീതയും പ്രകൃതിയും തമ്മിലുള്ള ഐക്യവും കവിതയുടെ സവിശേഷതലമാണ്. രക്ഷകസങ്കൽപ്പമായി പുരു ഷൻ പ്രത്യക്ഷപ്പെടുന്നെങ്കിലും പുരുഷാധിപത്യലോകത്തിന്റെ ക്രൗര്യ ങ്ങൾക്കെതിരെ പടപൊരുതുന്ന പെൺകുഞ്ഞാണ് ഭാവികാലത്തിന്റെ ആവ ശ്യമെന്ന വിമോചനചിന്താഗതിയും മിത്തുകൾ പുലർത്തുന്നു.

കുടുംബം നൽകുന്ന വൈകാരികസുരക്ഷിതത്വത്തോടുള്ള താൽപ്പ ര്യമാണ് മാതൃത്വാനുഭവങ്ങളുടെ ആവിഷ്കാരത്തിലും പ്രകടമാവുന്നത്. മക്കൾക്കാർക്ക് അപകടം പറ്റിയാലും നോവുന്ന സാർവ്വകാലിക മാതൃത്വ മായും പ്രപഞ്ചമാതൃത്വമെന്ന സാമഷ്ട്യനുഭവമായും മാതൃത്വം വളരുന്നു. സ്ത്രീയുടെ വൈകാരികതയെ മുതലെടുക്കുന്ന പുരുഷാധിപത്യമനോഭാവ മാണ് ത്യാഗമയിയായ മാതൃത്വസങ്കല്പങ്ങളുടെ പിന്നിലുള്ള ഘടകം. സഹ നത്തെ കരുത്താക്കി മാറ്റുന്ന അനുഭവതലം സ്ത്രീക്ക് പ്രദാനം ചെയ്യുന്നെ ങ്കിലും മകളെ കൊല്ലേണ്ടതെങ്ങനെ എന്ന ചോദ്യത്തിലേക്ക് നയിക്കുന്ന അര ക്ഷിതാവസ്ഥയും ഉപേക്ഷിക്കുന്നതിലേക്ക് നീങ്ങുന്ന ധർമ്മസങ്കടാവസ്ഥയും സ്ഥാപനവത്ക്കരിക്കപ്പെട്ട മാതൃത്വത്തിന്റെ ഭാഗം തന്നെ. ബാല്യകൗതുക ത്തോടൊപ്പം മാതൃത്വം പേറേണ്ടിവന്ന പെൺകുട്ടിയിലും മതത്തിന്റെയും വർഗ്ഗീയതയുടെയും പേരിൽ ആക്രമിക്കപ്പെടുന്ന പെൺശരീരങ്ങളിലും മാതൃ ത്വാനുഭവങ്ങൾ ഉളവാക്കുന്ന നിസ്സഹായതയ്ക്കാണ് സുഗതകുമാരി മുൻതൂക്കം നൽകുന്നത്. സമൂഹത്തിന്റെ അബോധത്തിൽ അടിയുറച്ചുപോയ

വിശാസങ്ങളും ശീലങ്ങളുമാണ് സ്ത്രീയുടെ നിസ്സഹായതയ്ക്കു കാരണമാവുന്നതെന്ന തിരിച്ചറിവും കൃതികൾ പങ്കുവെയ്ക്കുന്നു. നവലോകത്തിന്റെ കേരളീയപരിസരങ്ങൾ ഒരുക്കുന്ന ലിംഗപരവും ജാതിപരവും വർഗപരവുമായ ചൂഷണങ്ങൾക്ക് പരിഹാരമായി സാഹോദര്യത്തെ ഉയർത്തിപ്പിടിക്കാനുള്ള ഇച്ഛയും കൃതികളുടെ ഭാഗമാണ്.

സ്ത്രീയെ ഉടലളവുകളിൽ ഒതുക്കുന്ന പുരുഷകാഴ്ചകളെ സുഗതകുമാരി പ്രതിരോധിക്കുന്നു. ഭൗതികനേട്ടത്തിനുള്ള ഉപാധിയായി വിവാഹത്തെ കാണുന്ന സാമ്പ്രദായികരീതി സ്ത്രീക്ക് പാരതന്ത്ര്യം മാത്രമേ നൽകുന്നുള്ളൂ. ഗാർഹികവൃത്തിയുടെ വിരസതാളങ്ങളിൽ ഒതുങ്ങി സ്വകാര്യ സ്വാതന്ത്ര്യവും ഭാഷയും നഷ്ടപ്പെടുന്ന സ്ത്രീയവസ്ഥയിൽ വീട് ഒരു തടവറയായി മാറുന്നു എന്ന അനുഭവപാഠവും കൃതികൾ പ്രദാനം ചെയ്യുന്നു. സ്ത്രീയുടെ കണ്ണീരിന്റെയും പീഡനത്തിന്റെയും അപമാനത്തിന്റെയും വൈകാരികഭാവം കവിതകളിൽ ചിത്രീകരിക്കുമ്പോഴും സ്ത്രൈണവിഹ്വലതകളിൽ നിന്നും പരമ്പരാഗതസങ്കല്പങ്ങളിൽ നിന്നും മോചനം തേടാൻ ശ്രമിക്കുന്ന സ്ത്രീത്വത്തിനും കവിതയിൽ മുൻതൂക്കമുണ്ട്. കടുത്ത ലിംഗാസമത്വങ്ങളുടെ മുകളിൽ പടുത്തുയർത്തിയ വർത്തമാനകാല കുടുംബാന്തരീക്ഷത്തെ മറികടക്കാൻ പെൺകുട്ടികളെ ആത്മാഭിമാനം ഉള്ളവരാക്കി വളർത്തണമെന്ന പരിഹാരമാണ് സുഗതകുമാരി മുന്നോട്ടുവയ്ക്കുന്നത്.

നഷ്ടമാകുന്ന ആദർശത്തിൽ വേദനിക്കുന്നവരും ആത്മഹത്യ അഭയമാക്കുന്നവരും തന്റേടത്തോടെ ജീവിതത്തെ നേരിടുന്നവരും പ്രതിഷേധത്തിന്റെ ഭിന്നമായ പെൺവഴികളായി കവിതകളിൽ ആവിഷ്കരിക്കപ്പെടുന്നു. വ്യവസ്ഥിതിയ്ക്ക് അടിപ്പെടുന്നവരെയും പലായനം ചെയ്യുന്നവരെയും ആവിഷ്കരിക്കുമ്പോഴും അതിനെ അതിജീവിക്കേണ്ടതിന്റെ ആവശ്യകതയ്ക്കാണ് സുഗതകുമാരി ഊന്നൽ നൽകുന്നത്. ചിലമ്പുയർത്തി നിൽക്കുന്ന കണ്ണകീസമാനയായ സ്ത്രീയെക്കുറിച്ചുള്ള പരാമർശത്തിലൂടെ (വനിതാക്ക

മ്മീഷൻ) ചൂഷിതവനിതകളുടെ സംഘടിതശക്തിയിൽ മർദ്ദകചൂഷകസംവിധാനങ്ങൾ ഇല്ലാതാവുമെന്ന പ്രത്യാശയും സുഗതകുമാരി പുലർത്തുന്നു. സ്ത്രീയുടെ ഉയിർത്തെഴുന്നേൽപ്പു സ്വപ്നം വിമോചനസാധ്യതകളെ ഉള്ളടക്കുന്നതോടൊപ്പംതന്നെ പ്രതിഷേധത്തിന്റെ കരുത്തിനും പ്രാധാന്യം നൽകുന്നു. ആക്ടിവിസ്റ്റ് എന്ന നിലയിൽ സ്ത്രീകൾക്കുവേണ്ടി നടത്തിയ ഇടപെടലുകളും സുഗതകുമാരിയുടെ കാവ്യവീക്ഷണത്തെ ഏറെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീയുടെ സ്വാതന്ത്ര്യമോഹമാണ് കൃഷ്ണപ്രണയത്തിന്റെ ചിത്രണത്തിലും കാണുക. സദാചാരത്തിന്റെ സാമൂഹികനിർമ്മിതിയിൽ സ്ത്രീയുടെ ഇച്ഛകളും കാമനകളും തിരസ്ക്കരിക്കപ്പെടുമ്പോൾ സ്ത്രീമനസ്സ് കണ്ടെത്തുന്ന സ്വപ്നസന്നിഭമാർന്ന ഒരിടമായാണ് രാധയുടെ കൃഷ്ണപ്രേമത്തെ സുഗതകുമാരി ആവിഷ്കരിക്കുന്നത്. സ്ത്രീയുടെ പരകീയപ്രേമത്തെ ഉദാത്തമാക്കുമ്പോഴും സ്വകീയപ്രേമത്തേക്കാൾ ഇകഴ്ത്തേണ്ടതാണെന്ന സാമൂഹികബോധ്യം വരാത്തവിധത്തിൽ സ്ത്രീയുടെ പ്രണയദാഹത്തിന്റെ മിത്തോളജിക്കലായ പരിഹാരമായി രാധാഭാവത്തെ കവി മാറ്റി. സ്ത്രീപുരുഷഭേദങ്ങളെ അപ്രസക്തമാക്കുന്ന പ്രണയതലത്തോടുള്ള താൽപര്യമാണ് രാധയെ അലങ്കരിക്കുകയും പാദസേവ ചെയ്യുകയും ചെയ്യുന്ന കൃഷ്ണചിത്രണത്തിനു കാരണം. രാധയുടെ സ്വത്വാന്വേഷണത്തിലൂടെ വികസിക്കുന്ന പ്രണയത്തിൽ കൃഷ്ണനെപ്പോലെ പ്രകൃതിയും സജീവ സാന്നിധ്യമാണ്. വ്യക്തിയെന്ന നിലയിൽ സ്ത്രീയുടെ തനിമയെയും വിമോചനചിന്താഗതിയെയും ഉള്ളടക്കുന്നതോടൊപ്പം പ്രകൃതിയുമായുള്ള അവളുടെ ദൃഢബന്ധത്തിന്റെ പുനർനിർമ്മാണവും ലക്ഷ്യമാക്കുന്ന സ്ത്രൈണ ആത്മീയതലമാണ് കൃഷ്ണകവിതകളിൽ ഉൾച്ചേർന്നിരിക്കുന്നത്.

സ്നേഹമെന്ന വികാരമണ്ഡലത്തിന്റെ വികാസത്താൽ പൂർണ്ണമാകുന്ന ആത്മീയതയോടാണ് സുഗതകുമാരിക്ക് താൽപ്പര്യം. അതാണ് പ്രേമപരകോടിയായ മഹാഭാവത്തിലെത്തുന്ന മാധുര്യരതിയുടെ തലത്തിലുള്ള തേട

ലിലേക്ക് രാധാഭാവത്തെ സന്നിവേശിപ്പിക്കാൻ കാരണം. കാളിയനും ഗജേന്ദ്രനും അർജ്ജുനനും ദേവകിയും യശോദയും ദേവദാസിയുമായി നടത്തുന്ന തേടലിൽ അനുരാഗം തന്നെയാണ് ഭക്തി. പ്രശാന്തഭക്തി, ദാസ്യഭക്തി, വാത്സല്യഭക്തി, സഖ്യഭക്തി, മാധുര്യഭക്തി എന്നിങ്ങനെ ഭക്തിഭാവത്തിന്റെ അവസ്ഥാന്തരങ്ങളിലൂടെയുള്ള യാത്രയും കൃഷ്ണകവിതകളിൽ പ്രകടമാണ്. ത്യാഗപൂർണ്ണമായ ശുദ്ധപ്രേമം ഉൾക്കൊള്ളുന്ന രാധാഹൃദയവുമായി ഭക്തരെ ചേർത്തുവയ്ക്കുന്ന മാധുര്യഭക്തിയുടെ തലത്തെ ആൺകോയ്മയിലെ ലിംഗ രാഷ്ട്രീയത്തിന്റെ കാണാച്ചരടുകൾ നിയന്ത്രിക്കുന്നതായി കാണാം. അഹം ബോധത്തിന്റെ നാശത്തിലാണ് ഭക്തിയുടെപൂർണ്ണത എന്ന ആസ്തിക്യചിന്തയ്ക്കും സുഗതകുമാരി പ്രാമുഖ്യം നൽകുന്നു.

അധീശത്വങ്ങളില്ലാത്തതും സമാനതലത്തിലുള്ളതുമായ വികാരവ്യവഹാരങ്ങൾ സാധ്യമാകുന്ന പ്രണയതലമെന്ന ആഗ്രഹം അവതരിപ്പിച്ച് യാഥാർത്ഥ്യത്തിന്റെ നിസ്സഹായത ധ്വനിപ്പിക്കുകയാണ് സുഗതകുമാരി ചെയ്യുന്നത്. സ്ത്രീയും പുരുഷനും ഒരുമിച്ചു നിൽക്കുന്ന പാരസ്പര്യത്തിന്റെ ഇടമാണ് സുഗതകുമാരിയുടെ കുടുംബസങ്കല്പം. പുരുഷനെ നിരാകരിക്കുന്ന നിലപാടുകളോട് അവർ യോജിക്കുന്നില്ല. സ്ത്രീ അവളുടെ സ്വത്വത്തെയും തനിമയെയും സംരക്ഷിച്ച് പുരുഷനു തുല്യമായി മുന്നോട്ടു പോവാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതാവണം ഫെമിനിസമെന്നാണ് സുഗതകുമാരിയുടെ കാഴ്ചപ്പാട്.

## അനുബന്ധം

## 2013 ജനുവരി 30 ന് തിരുവനന്തപുരത്തെ 'അഭയ' എന്ന സ്ഥാപനത്തിൽ വെച്ച് സുഗതകുമാരിയുമായി നടത്തിയ അഭിമുഖം

ചോ: സാഹിത്യവും രാഷ്ട്രീയവും നിറഞ്ഞ കുടുംബാന്തരീക്ഷം ടീച്ചറുടെ രചനാവഴികളിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്.?

കുട്ടിക്കാലത്ത് മനസ്സിൽ പതിയുന്ന കാര്യങ്ങളാണ് ജീവിതത്തിന് അടിത്തറ പാകുന്നതും മുന്നോട്ടുള്ള പ്രയാണത്തിന് ശക്തികൂട്ടുന്നതും. വലിയൊരു ദേശീയബോധത്തിന്റെ അന്തരീക്ഷമാണ് കവിയും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന അച്ഛൻ ബോധേശ്വരൻ പകർന്നു തന്നത്. ഗാന്ധിജിയുടെ കാലം, പഴയ കോൺഗ്രസ്സിന്റെ അന്തരീക്ഷം. ജനങ്ങൾക്കുവേണ്ടി പടപൊരുതിയ നേതാക്കൾ കരുത്തിന്റെയും ഊർജ്ജസ്വലതയുടെയും രാജ്യാഭിമാനത്തിന്റെയും പ്രതിരൂപങ്ങളായിരുന്നു. എഴുത്തുകാരും രാഷ്ട്രീയ പ്രവർത്തകരും അടങ്ങിയ ഒരു വലിയ സംഘം വീട്ടിലെ ചർച്ചകളിൽ സജീവമായിരുന്നു. സാഹിത്യം, ദേശീയത, മാനവികത എന്നീ ഘടകങ്ങൾ കുട്ടികളിലേയ്ക്ക് കൈമാറ്റം ചെയ്യാൻ ഈ അന്തരീക്ഷം സഹായിച്ചു.

ചോ: അമ്മയുടെ സ്വാധീനം. . . .?

1920 കളുടെ അവസാനത്തിൽ ആറന്മുള എന്ന ഗ്രാമത്തിലെ എല്ലാ വിലക്കുകളുമുള്ള ഒരു സവർണകുടുംബത്തിൽ നിന്ന് മദ്രാസിൽ പോയി എം.എ. പഠിച്ചുവന്ന ആളായിരുന്നു അമ്മ. വായനയുടെ സ്വച്ഛമായ ലോകത്തിലേയ്ക്കും വിശ്വസാഹിത്യത്തിലേയ്ക്കും കൈപിടിച്ചു നടത്തിയത് അമ്മയാണ്. അമ്മയുടെ അമ്മയായ അമ്മച്ചിയമ്മയ്ക്കും പുസ്തകങ്ങളോട് വലിയ ഭക്തിയായിരുന്നു. രാമായണം,

ഭാരതം, ഭാഗവതം തുടങ്ങിയവയൊക്കെ ചെറുപ്രായത്തിൽ തന്നെ ഹൃദിസ്ഥമായതിനുകാരണം അമ്മച്ചിയമ്മയാണ്. വായനയായിരുന്നു അക്കാലത്തെ ഏകവിനോദം. സാഹിത്യ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിന് ഈ സാഹചര്യം സഹായകമായി.

ചോ: മക്കൾക്കുള്ള പിൻബലമായി കവിതകളിൽ അമ്മ വരുന്നത് ഈയൊരന്തരീക്ഷത്തിൽ നിന്നാണോ?

അതെ. കൃശഗാത്രിയായിരുന്നെങ്കിലും വീടിന്റെ ചുമതലകൾ വഹിച്ചിരുന്നത് അമ്മയാണ്. വീടിനെയും കുടുംബത്തെയും മക്കളെയും കൂടെ ജോലിയെയും ഒരുമിച്ചു കൊണ്ടുപോകുന്നതിലുള്ള അമ്മയുടെ ഉൾക്കരുത്ത് ശ്രദ്ധേയമായിരുന്നു. സ്വന്തം ഇച്ഛാശക്തി കൈമുതലാക്കി വിദ്യാഭ്യാസകാര്യത്തിലും കുടുംബകാര്യത്തിലും മികവു പുലർത്തിയ അമ്മയാണ് മാതൃത്വസങ്കല്പങ്ങളുടെ അടിസ്ഥാനം.

ചോ: സമ്പന്നമായ പാരമ്പര്യമുണ്ടായിരുന്നിട്ടും ആദ്യകാലരചനകൾ എസ്. കെ, ശ്രീകുമാർ എന്നീ പേരുകളിൽ എഴുതാൻ കാരണം?

തികച്ചും അന്തർമുഖത്വം ഉള്ള ഒരാളായിരുന്നു ഞാൻ. മഹത്തായ കവിതകൾ പരിചയപ്പെട്ടുതുടങ്ങിയതിനാൽ എന്റെ കവിത മോശമായിരിക്കുമോ എന്ന ഉൾഭയം ഉണ്ടായിരുന്നു.

ചോ: കുടുംബം കാവ്യജീവിതത്തിന്, എഴുത്തിന് പലതരം പ്രതിസന്ധികളാണ് എഴുത്തുകാരികളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്നത്. 'സ്ത്രീ' എന്നത് എഴുതുന്നതിന് ഒരു പരിമിതിയായി തോന്നിയിട്ടുണ്ടോ?

സ്ത്രീ എന്നത് എഴുത്തിന് ഒരു പരിമിതിയായി തോന്നിയിട്ടില്ല. വീടും കുടുംബവും ഒരുമിച്ചു കൊണ്ടുപോയുള്ള എഴുത്ത് സ്ത്രീകൾക്ക് പ്രയാസമാണെങ്കിലും എന്റെ കുടുംബം എനിയ്ക്ക്

അനുകൂലമായതുകൊണ്ട് അത്തരം പ്രയാസങ്ങൾ നേരിടേണ്ടിവന്നിട്ടില്ല.

ചോ: അന്തർമുഖാവസ്ഥയിൽ നിന്നും ആക്ടിവിസത്തിലേയ്ക്കുള്ള മാറ്റം എങ്ങനെയായിരുന്നു?

സഹ്യപർവതനിരകളിൽ തീപിടിക്കുന്നത് കണ്ടതിന്റെ ആധിയിൽ പത്രത്തിൽ ലേഖനമെഴുതിയെങ്കിലും അത് തുടർപ്രവർത്തനമാക്കണമെന്ന് തോന്നിയിരുന്നില്ല. പരിസ്ഥിതിപ്രവർത്തനങ്ങൾ ജീവിതത്തിന്റെ ഭാഗമാകുമെന്ന് വിചാരിച്ചിരുന്നതുമില്ല. സൈലന്റ്വാലി പ്രക്ഷോഭത്തോടുകൂടിയാണ് പരിസ്ഥിതിപ്രശ്നങ്ങളിൽ ഇടപെടുന്നത്. സൈലന്റുവാലി പ്രശ്നവുമായി ബന്ധപ്പെട്ടപ്പോൾത്തന്നെ അട്ടപ്പാടിയിലെ ആദിവാസികളുടെ ദയനീയ ജീവിതവും അടുത്തറിയാൻ കഴിഞ്ഞു. കാടിന്റെ പ്രശ്നവും ആദിവാസിയുടെ പ്രശ്നവും ഒന്നുതന്നെയെന്ന് തിരിച്ചറിഞ്ഞ സന്ദർഭമാണിത്.

ചോ: ആദിവാസികളുടെ ജീവിതം ഇന്നും പ്രതിസന്ധികൾക്കുള്ളിലാണ്. ആദിവാസിക്ഷേമപ്രവർത്തനങ്ങളുടെ നിഷ്ഫലത ടീച്ചറുടെ കവിതകളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടല്ലോ?

ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ പലപ്പോഴും അവരിലെത്തുന്നില്ല. കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെട്ടിട്ടും അതിന്റെ നേട്ടം ആദിവാസികൾക്കുണ്ടാകുന്നുമില്ല. ആദിവാസിപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിധത്തിൽ അധികാരതലം നവീകരിക്കപ്പെടണം. എങ്കിലേ ഉദ്യോഗസ്ഥരുടെ തേർവാഴ്ചയിൽ നിന്നും മേലാളന്റെ വികസന തന്ത്രങ്ങളിൽ നിന്നും അവർക്ക് മോചനം ലഭിക്കൂ.

ചോ: സാമൂഹ്യപ്രതിബദ്ധതയുള്ള കവി എന്ന നിലയിലും ആക്ടിവിസ്റ്റ് എന്ന നിലയിലും കാലത്തിന്റെയും ജനതയുടെയും മുന്നിൽവച്ച കാഴ്ചപ്പാടുകൾക്ക് സംഭവിക്കുന്ന വിപര്യയമാണോ 'ഇനിയീമനസ്സിൽ കവിതയില്ല' എന്നെഴുതാൻ ഇടയാക്കിയത്...?

ഇടയ്ക്കിടയ്ക്ക് ജീവിതത്തിൽ ഇരുട്ടുവരും. അപ്പോൾ അങ്ങനെയെഴുതും.

ചോ: സമൂഹം ചവിട്ടിത്തേയ്ക്കുന്ന സ്ത്രീത്വത്തിന് കൈത്താങ്ങായി ടീച്ചർ 'അഭയ' എന്ന സ്ഥാപനം തുടങ്ങിയല്ലോ. കവിതകൾക്കുമപ്പുറത്ത് പ്രായോഗികജീവിതത്തിലെ ഇത്തരം ഇടപെടലുകൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്?

അഭയയുടെ പ്രവർത്തനങ്ങൾ മുതൽക്ക് അശരണരായ പെൺജന്മങ്ങൾക്കൊപ്പമാണ് ഞാൻ. മനോരോഗികൾ മാത്രമല്ല മദ്യവും പുരുഷപീഡനവും കൊണ്ട് വശംകെട്ടവരും ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാവുന്നവരും, ഗാർഹികപീഡനമേറ്റുവാങ്ങുന്നവരും അഭയയിലുണ്ട്. ഒരു പൈസപോലും വാങ്ങാതെയാണ് അവർക്കുവേണ്ടി ഞാൻ പ്രവർത്തിക്കുന്നത്. എന്നിട്ടും എന്റെ പേരിൽ സാമ്പത്തികക്രമക്കേടുകളും ഭൂമി കൈവശമാക്കിയെന്ന ആരോപണവും പ്രചരിക്കുന്നു. അഭയ ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. അതിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവികം. പക്ഷേ അതിനെ എനിക്കെതിരെയുള്ള പ്രചാരണോപാധിയാക്കിമാറ്റുന്നു. 'കർമ്മമെന്തോ അതു ചെയ്യുക, ജയിച്ചോ തോറ്റോ എന്നന്വേഷിക്കേണ്ട കാര്യമില്ല' എന്ന ഭഗവദ്ഗീതാവചനമാണ് മുന്നോട്ടു പോകാൻ എനിക്ക് കരുത്തു നൽകുന്നത്.

ചോ: പാരിസ്ഥിതികമായ പ്രതിരോധശ്രമങ്ങൾക്ക് നേതൃത്വം നൽകാൻ സ്ത്രീയ്ക്ക് കൂടുതൽ കഴിയുമെന്ന് ടീച്ചർ വിചാരിക്കുന്നുണ്ടോ?

സ്ത്രീയും പ്രകൃതിയും ഒന്നാണ്. ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന ഉപഭോഗവസ്തുക്കളായി ഇവ രണ്ടും മാറിക്കൊണ്ടിരിക്കുന്നു. ചൂഷണത്തിന്റെയും മലിനീകരണത്തിന്റെയും ഭീഷണിയുടെയും വഴികൾ ഒരുപോലെ നേരിടുന്നതിനാൽ ഇവയ്ക്കെതിരെ പ്രവർത്തിക്കാൻ സ്ത്രീകൾക്ക് കൂടുതൽ കഴിയും.

ചോ. പാരിസ്ഥിതികസ്ത്രീവാദത്തെ ഭൂമിയുടെയും സ്ത്രീയുടെയും രക്ഷയ്ക്കുള്ള പ്രതിരോധദർശനമായി കാണാനാവുമോ.....?

സാമൂഹികമാറ്റത്തിന്റെ ഉപാധിയായി ഇത്തരം പ്രതിരോധദർശനങ്ങൾ വളരണം. വിത്ത് വിതയ്ക്കാൻ എനിയ്ക്കു സാധിച്ചു. വളർത്തിയെടുക്കാൻ പുതിയ ആളുകൾ ആവശ്യമാണ്. പരിസ്ഥിതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സ്ത്രീയോടൊപ്പം സംസ്കാരത്തെയും ഭാഷയെയും ഉൾക്കൊള്ളുന്ന വിധത്തിൽ നവീകരിക്കപ്പെടണം.

ചോ. മാതൃഭാഷയോടുള്ള അവഗണനയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളും പ്രതിരോധശ്രമങ്ങളിൽ പ്രധാനമല്ലേ...?

തീർച്ചയായും. മണ്ണ്, പെണ്ണ്, ഭാഷ എന്നിവയെയാണ് ചവിട്ടിത്തേച്ചുകൊണ്ടിരിക്കുന്നത്. നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് ഞാനെപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിനു മൂന്നിനും വേണ്ടിയാണ് വർത്തമാനം പറയുന്നതും എഴുതുന്നതും ക്ലാസ്സ് എടുക്കുന്നതും ക്യാമ്പുകൾ നടത്തുന്നതും കോടതി കയറുന്നതും.

ചോ. ഒരു പരിസ്ഥിതിപ്രവർത്തക എന്ന നിലയിൽ ടീച്ചർ മുന്നോട്ടുവയ്ക്കുന്ന വികസനസങ്കല്പം എന്താണ്?

സ്വന്തം കാര്യത്തിനും സുഖഭോഗാസക്തികൾക്കുമായുള്ള മനുഷ്യന്റെ പ്രവർത്തനം, ആർത്തിയുടെ ശബ്ദം മുഴങ്ങിക്കേൾക്കാൻ കാരണമാകുന്നു. ധനം പോരാ, സുഖം പോരാ എന്ന ഈ ദുരയുടെ പ്രത്യയശാസ്ത്രം ഇന്ത്യയുടേതല്ല മുതലാളിത്തരാഷ്ട്രങ്ങളുടേതാണ്. ത്യജ ത്യജ, ഇദം നമമ എന്നീ മുദ്രാവാക്യങ്ങളാണ് പൂർവ്വസൂരികൾ നമുക്ക് നൽകിയത്. ആധ്യാത്മികതയുടെയും ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും തത്വശാസ്ത്രത്തിലധിഷ്ഠിതമായ ഒരു ജീവിതക്രമം കെട്ടിപ്പടുക്കുകയാണ് വേണ്ടത്. ഗാന്ധിജിയുടെ ത്യാഗത്തിന്റെ മുഖമുള്ള രാഷ്ട്രീയമായിരിക്കണം നമ്മുടെ മാതൃക.

ചോ. കേരളത്തിലെ സ്ത്രീപ്രശ്നങ്ങളിൽ ടീച്ചർ സജീവമായി ഇടപെടുന്നുണ്ടല്ലോ. ടീച്ചറുടെ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾ എന്താണ്?

സ്ത്രീ അഭിമാനിയാവുക. അഭിമാനി എന്നതിൽ എല്ലാമുണ്ട്. ഭാഷ, വേഷം, ജീവിതരീതി, സ്വഭാവം എല്ലാം ആ ഒറ്റവാക്കിൽ അടങ്ങിയിരിക്കുന്നു. അപമാനത്തിന്റെയും അക്രമത്തിന്റെയും അധികാരത്തിന്റെയും മുന്നിൽ തലകുനിക്കുന്നവളാവരുത് സ്ത്രീ. സ്നേഹത്തിന്റെയും ഈശ്വരന്റെയും മുന്നിൽ മാത്രമേ തലകുനിക്കാവൂ. പീഡനങ്ങൾക്ക് സ്ത്രീയുടെ ശരീരത്തെ മാത്രമേ നോവിക്കാനാവൂ. മനസ്സിന്റെ ഇച്ഛാശക്തി ശരീരത്തിന്റെ നോവിനെ ഇല്ലാതാക്കുന്നതിനുള്ള കരുത്ത് സ്ത്രീയ്ക്ക് നൽകും.

ചോ. പീഡിപ്പിക്കപ്പെടുന്ന സ്ത്രീ ഏകാന്തതയിലേക്ക് ഉൾവലിയുന്നതോ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നതോ ആണ് പൊതുവേ കാണാറുള്ളത്. ഇത് പുരുഷാധിപത്യ പ്രവണതയ്ക്ക് ആക്കം കൂട്ടുകയല്ലേ ?

പേപ്പട്ടി കടിച്ചാൽ ചികിത്സിക്കുകയല്ലേ വേണ്ടത്? നമ്മുടെ കുറ്റം കൊണ്ടാണെന്ന് പറഞ്ഞിരിക്കുകയല്ലല്ലോ. കുളിച്ച് ഡോക്ടറെക്കണ്ട് ആവശ്യമായ ചികിത്സ കൈക്കൊള്ളണം. അല്ലാതെ ആത്മഹത്യ ചെയ്യുകയോ, ജീവിതം നശിച്ചു എന്ന ചിന്താഗതിയിൽ കൂനിപ്പിടിച്ചിരിക്കുകയോ അല്ല വേണ്ടത്. ഇതാണ് ഞാൻ നിരന്തരം പെൺകുട്ടികളോട് എഴുത്തിലൂടെയും അല്ലാതെയും പറഞ്ഞുകൊണ്ടിരിക്കുന്നത്.

ചോ. അടിച്ചമർത്തപ്പെടുന്ന സ്ത്രൈണാഭിലാഷങ്ങളാണോ രാധയുടെ കൃഷ്ണപ്രണയത്തിലും പ്രകടമാകുന്നത്?

രാധ സ്നേഹിക്കുന്ന സ്ത്രീയുടെ പ്രതീകമാണ്. ഓരോ സ്ത്രീയുടെയുള്ളിലും പൂർണമായ ഒരു പ്രേമത്തിന്റെ ബിംബമുണ്ട്. പണമോ സുഖഭോഗവസ്തുക്കളോ സ്നേഹത്തിനായുള്ള അവളുടെ ദാഹത്തിനു പകരമാവില്ല. സ്നേഹത്തിന്റെ, പ്രേമത്തിന്റെ, സൗന്ദര്യത്തിന്റെ പൂർണസ്വരൂപമാണ് കൃഷ്ണൻ. അതാവട്ടെ ഒരിക്കലും സ്ത്രീയ്ക്ക് പൂർണമായും കൈവരികയുമില്ല. സൃഷ്ടിയുടെ, പ്രകൃതിയുടെ, സ്ത്രീയുടെ ജീവൻ നിലനിർത്തുന്ന ഈ സ്നേഹദർശനത്തെയാണ് ഞാൻ മാതൃകയാക്കുന്നത്.

ചോ. പെൺപ്രതിരോധത്തിന്റെ ഭാവിയെന്താണ്?

സ്ത്രീ സ്വന്തം കാലിൽ നിൽക്കണം. സത്യത്തിന്റെയും ധർമ്മത്തിന്റെയും ശക്തിയായിരിക്കണം ചെറുത്തുനില്പ്പിനുള്ള

അവളുടെ പിൻബലം. കൊലയാളിക്കെ തട്ടിമാറ്റി ഉഗ്രനിഷേധത്തിൽ ജ്വലിക്കുന്ന പെണ്ണൊരുവളാണ് കാലത്തിന്റെ ആവശ്യം. തലകുനിക്കാതെ വ്യക്തിത്വം ഉയർത്തിപ്പിടിച്ച് ജീവിക്കുന്ന പെൺകുഞ്ഞുങ്ങളിലാണ് ഭാവിയുടെ പ്രതീക്ഷ.

ചോ. ഇത്തരം പ്രതീക്ഷകൾ ഉള്ളപ്പോഴും രക്ഷകനായി ഉണ്ണി കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ ?

ഉണ്ണി എന്നുപറയുന്നത് സ്ത്രീക്ക് എപ്പോഴും സഹകാരിയായിരിക്കണം. സ്ത്രീയും പുരുഷനും ഒരുമിച്ചു നിൽക്കണം.

ചോ. പുതിയ കവിതകളെ ടീച്ചർ എങ്ങനെയാണ് നോക്കിക്കാണുന്നത്?

പുതിയ തലമുറയിൽ കരുത്തുള്ളവരുണ്ട്. പലരും പദ്യവും ഗദ്യവും തമ്മിലുള്ള അതിർവരമ്പുകളെ പരിഗണിക്കുന്നില്ല. ആയിരക്കണക്കിന് വൃത്തങ്ങളും താളങ്ങളും ഈണങ്ങളും മലയാളത്തിന് സ്വന്തമായുണ്ട്. ഗദ്യത്തിലേക്കൊതുങ്ങാതെ ഇവയുപയോഗിച്ചുള്ള സ്വാതന്ത്ര്യമാർന്ന എഴുത്താവണം പദ്യം. ഗദ്യത്തിലേക്ക് മടങ്ങിയാൽ കവിതയ്ക്ക് കവിതയുടെ ശക്തിയും സൗന്ദര്യവും നഷ്ടപ്പെടും.

# ഗ്രന്ഥസൂചി


അക്ബർ, കക്കട്ടിൽ, *സർഗ്ഗസമീക്ഷ,* കോട്ടയം: കറന്റ് ബുക്സ്, 1993.

അച്യുതനുണ്ണി, ചാത്തനാത്ത്, *ഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ,* കോട്ടയം: കറന്റ് ബുക്സ്, 2006.

അജിത, കെ., *ജീവിക്കാനുള്ള അവകാശങ്ങൾ,*ആലപ്പുഴ:ഫേബിയൻ ബുക്സ്, 2007.

അനിൽകുമാർ, എ.വി., *ഇന്ദുലേഖയുടെ അനുജത്തിമാർ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ ഏഴുകവിതകൾ:പഠനങ്ങളും,* കോട്ടയം: ഡി.സി.ബുക്സ്, 1983.

ആണ്ടലാട്ട്,*രേഖയില്ലാത്തചരിത്രം,* തിരുവനന്തപുരം:ചിന്തപബ്ലിഷേഴ്സ്, 1990.

ആനന്ദി, ടി.കെ., *ജനകീയസമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2006.

ആനന്ദി, ടി.കെ.,& കെ.എൻ. ഗണേശ്, *സ്ത്രീ ശാസ്ത്രം സമൂഹം,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2005.

ആനന്ദ്, *പ്രകൃതി പരിസ്ഥിതി ദാരിദ്ര്യം ജലം ഊർജ്ജം,* കോട്ടയം: ഡി.സി. ബുക്സ്, 2007.

ആഷാമേനോൻ, *തനുമാനസി,* കോട്ടയം: ഡി.സി ബുക്സ്, 1996.

________________ *പരാഗകോശങ്ങൾ,* കോട്ടയം: ഡി.സി.ബുക്സ്, 1997.

________________ *പുതിയപുരുഷാർത്ഥങ്ങൾ,* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1997.

അംബികാസുതൻ, മാങ്ങാട്, *മലയാളത്തിലെ പരിസ്ഥിതികഥകളുടെ പ്രഥമ സമാഹാരം,* കോഴിക്കോട്: ഗ്രീൻ ബുക്സ്, 2009.

ഇമാട്ടോ, മസാറു, ജലത്തിനു പറയാനുള്ളത്, മുരളിമംഗലത്ത് (വിവ.) കണ്ണൂർ: കൈരളി ബുക്സ്, 2008.

ഉമ്മൻ, എം.എ., (എഡി.), *ആഗോളീകരണം അർത്ഥം വ്യാപ്തി സിദ്ധാന്തം*, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2007.

എക്കർ, ഗിസെലാ (എഡി.) *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം*, ജാനകി&കെ. ഗോപിനാഥ് (വിവ.), തൃശ്ശൂർ: ബുക്ക്‌വേം, 1994.

എഴുത്തച്ഛൻ, *അധ്യാത്മരാമായണം കിളിപ്പാട്ട്*, ചന്ദ്രശേഖരവാരിയർ എം. എസ് (സംശോ.), കോട്ടയം: ഡി.സി. ബുക്സ്, 1996.

എംഗൽസ്, ഫ്രെഡറിക്, *കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം*, കാലിക്കറ്റ് യൂണിവേഴ്സിറ്റി: ഇ.എം.എസ്.ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ് ആന്റ് റിസർച്ച്, 2007.

_______________ *പ്രകൃതിയുടെ വൈരുദ്ധ്യാത്മകത*, തിരുവനന്തപുരം: ചിന്തപബ്ലിഷേഴ്സ്, 2012.

ഒരു സംഘം ലേഖകർ, *പെണ്ണെഴുത്ത്*, തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2002.

____________ഭൂമി ഒരു പൊതുസ്വത്ത്, തൃശ്ശൂർ:കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2010.

ഓഷോ, കൃഷ്ണദർശനം: *ആധ്യാത്മികത, മതം, രാഷ്ട്രീയം*, സ്വാമിധ്യാൻ ജഗ്‌രാൻ (വിവ.) കോഴിക്കോട്: സൈലൻസ് ബുക്സ്, 2004.

____________*പ്രണയവും ധ്യാനവും*, ആലപ്പുഴ:ഫേബിയൻ ബുക്സ്, 1997.

_________________ *പ്രണയത്തിന്റെ രഹസ്യങ്ങൾ*, എൻ.മൂസക്കുട്ടി (വിവ.), കോഴിക്കോട്: പാപ്പിയോൺ ബുക്സ്, 2009.

_________________*പ്രണയം, സ്വാതന്ത്ര്യം മതം*, ശ്യാമള പി., (വിവ.) മാവേലിക്കര:ഫേബിയൻ ബുക്സ്, 2011.

_______________ *പ്രേമം ധൈര്യം ആവശ്യപ്പെടുന്നു*, കോഴിക്കോട്:പെന്റഗൺ ബുക്സ്, 2006.

_________________*സ്ത്രീവിമോചനത്തിന് ഒരു നവദർശനം*, പേരാമ്പ്ര: സർഗ്ഗശക്തി പബ്ലിക്കേഷൻസ്, 1999.

കടമ്മനിട്ട, *കടമ്മനിട്ടയുടെ കവിതകൾ,* കോട്ടയം: ഡി.സി.ബുക്സ്, 1996.

കമലാദാസ്, *കമലാദാസിന്റെ തിരഞ്ഞെടുത്ത കവിതകൾ,* എബ്രഹാം (വിവ.), കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2009.

കാപ്പൻ, എസ്.വട്ടമറ്റം, *പരിസ്ഥിതിസംസ്കൃതി,* ചങ്ങനാശ്ശേരി:മാനുഷം പബ്ലിക്കേഷൻസ്, 1988.

കാരശ്ശേരി, എം.എൻ., (എഡി.), *നവതാളം,* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2007.

കുട്ടികൃഷ്ണമാരാര്, ഭാരതപര്യടനം, കോഴിക്കോട്:മാരാർസാഹിത്യപ്രകാശം, 2011.

കൃഷ്ണപ്പിള്ള അയ്മനം, *കൃഷ്ണദർശനം,* കോട്ടയം: കറന്റ് ബുക്സ്, 1994.

കൃഷ്ണപ്പിള്ള, എൻ., *അകപ്പൊരുൾ തേടി,* കോട്ടയം:നാഷനൽബുക്സ്റ്റാൾ, 1990.

കൃഷ്ണപ്പിള്ള, മുഴങ്ങോട്ടുവിള (വ്യാഖ്യാ.), *ശ്രീമദ്ഭാഗവതം,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1973.

കൃഷ്ണമൂർത്തി, ജെ., *അറിഞ്ഞതിൽ നിന്നുള്ള മോചനം,* എം.ടി.എൻ നായർ, (വിവ.), കോട്ടയം: ഡി.സി.ബുക്സ്, 2011.

__________________*സ്വീയജ്ഞാനം,* കോട്ടയം: ഡി.സി ബുക്സ്, 2007.

കെ.ഇ.എൻ., ഇരകളുടെ മാനിഫെസ്റ്റോ, മാവേലിക്കര:ഫേബിയൻബുക്സ്, 2008.

_____________*പ്രണയം കവിത സംസ്കാരം,* എടപ്പാൾ:അരീന ബുക്സ്, 2007.

കൊസാംബി, ഡി.ഡി. *മിത്തും യാഥാർത്ഥ്യവും,* പിഗോവിന്ദപിള്ള, രാജൻ ഗുരുക്കൾ, ആർ ഭാസുരേന്ദ്രബാബു (വിവ.), തിരുവനന്തപുരം: മൈത്രി ബുക്സ്,2006.

ഖദീജ, മുംതാസ്, *പുരുഷനറിയാത്ത സ്ത്രീമുഖങ്ങൾ,* കോഴിക്കോട്: മൈത്രി ബുക്സ്, 2012.

ഗീത, പി., *അതിർത്തികളിലെ അശരീരികൾ,* കണ്ണൂർ: സമയം പബ്ലിക്കേഷൻസ്, 2010.

________________ *അന്യായങ്ങൾ,* മാവേലിക്കര: ഫേബിയൻ ബുക്സ്, 2011.

________________ *ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷസമീപനങ്ങൾ,* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2002.

_____________ *ആര്യമാകിലുമനാര്യമാകിലും,* തിരുവനന്തപുരം:പ്രഭാത് ബുക്സ്, 2006.

_________ *കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്,* കോട്ടയം:കറന്റ് ബുക്സ്, 1997.

__________ *പെൺകാലങ്ങൾ,* തൃശ്ശൂർ: കറന്റ് ബുക്സ്, 2006.

_________ *പ്രണയം ലൈംഗികത അധികാരം,* തൃശ്ശൂർ:കറന്റ് ബുക്സ്, 2006.

ഗോപിനാഥൻനായർ, *പി.എസ്., ഭൂമിക്ക് പനി,* കോട്ടയം:കറൻറ്ബുക്സ്, 1999.

_________ ജലം ജീവജലം, കൊച്ചി:കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2006.

ഗോവിന്ദൻ, എം., *മിത്തും മനുഷ്യനും,* തൃശ്ശൂർ: ജ്വാലാപബ്ലിക്കേഷൻസ്, 1997.

ഗംഗാധരൻ, എം., *സ്ത്രീയവസ്ഥ കേരളത്തിൽ,* തിരുവനന്തപുരം:സൈൻ ബുക്സ്, 2007.

ചന്ദ്രശേഖരൻ, മേലത്ത്, ഒറ്റയൊറ്റ ഇതളുകൾ, കോട്ടയം:കറന്റ് ബുക്സ്, 2001.

ചന്ദ്രിക, സി.എസ്., *ആർത്തവമുള്ള സ്ത്രീകൾ,* മാവേലിക്കര:ഫേബിയൻ ബുക്സ്, 2008.

___________*കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം,* തൃശ്ശൂർ: കേരള സാഹിത്യഅക്കാദമി, 1998.

__________കെ.സരസ്വതിയമ്മ, *ഭാരതീയ സാഹിത്യശില്പികൾ,* ന്യൂഡൽഹി: സാഹിത്യ അക്കാദമി, 2000.

ജയകൃഷ്ണൻ, എൻ. (എഡി.), *ഫെമിനിസം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ജയദേവൻ, *ഗീതഗോവിന്ദം,* സി.വി. വാസുദേവഭട്ടതിരി (വിവ.), കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1986.

ജയറാം,സി.എസ്., *സ്ത്രീപക്ഷസൗന്ദര്യശാസ്ത്രം,* കോട്ടയം:ഡി.സി.ബുക്സ്, 2011.

ജയിംസൺ, ഫ്രഡറിക്, *ആഗോളവത്കരണകാലത്തെ മാർക്സിസം,* സി. ബി., സുധാകരൻ, പി.പി. സത്യൻ (വിവ.) കോഴിക്കോട്: പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, 2008.

ജാൻസി, ജയിംസ്, *ഉൾക്കാഴ്ചകൾ,* കോട്ടയം: കറന്റ് ബുക്സ്, 2001.

ജോർജ്ജ്. കെ. അലക്സ്, *ഹരിതരാഷ്ട്രീയം ചരിത്രം സിദ്ധാന്തം സമീപനം,* തിരുവനന്തപുരം: ഡി.സി.ബുക്സ്, 2003.

ജോർജ്ജ്, സി.ജെ., *ആധുനികാനന്തരസാഹിത്യസമീപനങ്ങൾ,* തൃശ്ശൂർ: ബുക്ക്വേം, 1996.

ജോസഫൈൻ, എം.സി., *പോരാട്ടങ്ങളിലെ പെൺപെരുമകൾ,* തിരുവനന്തപുരം: ചിന്തപബ്ലിഷേഴ്സ്, 2007.

ജ്യോതിബായ്, പരിയാടത്ത്, *മയിലമ്മ ഒരു ജീവിതം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006.

ജ്യോതിലക്ഷ്മി, പി.എസ്., *ഉറൂബിന്റെ സ്ത്രീത്വദർശനം,* തൃശ്ശൂർ:കേരളസാഹിത്യഅക്കാദമി, 2008.

ടോണി മാത്യു (എഡി.) *കാട്ടുകിളിയുടെ പാട്ട്,* തിരുവനന്തപുരം:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ടോം. ജെ, മങ്ങാട്ട് (എഡി.) *മഴക്കാലം,* കോട്ടയം: ഡി.സി ബുക്സ്, 2005.

തരകൻ, കെ.എം.അന്വേഷണപഥങ്ങൾ, കോട്ടയം:നാഷനൽബുക്സ്റ്റാൾ, 1993.

തോമസ്, കെ.വി & സി.ജെ. ജോർജ്ജ്, സമകാലീനസാഹിത്യസിദ്ധാന്തങ്ങൾ, കോഴിക്കോട്:ലിപി പബ്ലിക്കേഷൻസ്, 2010.

തോമസ് മാത്യു, എം., *ദന്തഗോപുരത്തിലേക്കു വീണ്ടും,* കോട്ടയം:നാഷനൽ ബുക്സ്റ്റാൾ, 1990.

ദക്ഷിണാമൂർത്തി, എം., ഇംഗ്ലീഷ് കാല്പനികത, തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2007.

ദയാൽ, കെ.വി., *ഉർവരതയുടെ സംഗീതം*, കാസർകോട്: ഒരേഭൂമി ഒരേ ജീവൻ, 1998.

_________________ *പച്ചമണ്ണിന്റെ മണം*, കോട്ടയം: ഡി.സി.ബുക്സ്, 2010.

ദാസ്, പി.എൻ, ബോധിവൃക്ഷത്തിന്റെ ഇലകൾ,കോട്ടയം:കറന്റ്ബുക്സ്, 2010.

ദിവാകരൻ, എം. (എഡി.) *ആഗോളവൽക്കരണവും കുടിവെള്ള പ്രതിസന്ധിയും*, കോഴിക്കോട്: ജനവാർത്താ പബ്ലിക്കേഷൻസ്, 2003.

ദേവയാനി, കെ, ചോരയും കണ്ണീരും നനഞ്ഞ വഴികൾ, തൃശ്ശൂർ: സമത എ കലക്ടീവ് ഫോർ ജന്റർ ജസ്റ്റിസ്, 2011.

ദേവിക, ജെ. (എഡി.) ആണരശുനാട്ടിലെ പെൺകാഴ്ചകൾ, കോട്ടയം:കറന്റ് ബുക്സ്, 2006.

_________________ *കൽപനയുടെ മാറ്റൊലി*, തൃശ്ശൂർ:*കേരളശാസ്ത്രസാഹിത്യപരിഷത്ത്*, 2011.

_________________ *സ്ത്രീവാദം*, കോട്ടയം : ഡി.സി.ബുക്സ്, 2000.

നാരായണൻ, തോന്നയ്ക്കൽ, കാവ്യപഥങ്ങൾ, കോട്ടയം:നാഷനൽ ബുക്സ്റ്റാൾ, 1993.

_________________ ജി. ശങ്കരക്കുറുപ്പിന്റെ സാഹിത്യപ്രപഞ്ചം, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2001.

നാരായണൻ നമ്പൂതിരി, ചെറിയ, *വൈദ്യമഠം* (വിവ.), ഗർഗ്ഗസംഹിത, ചെങ്ങന്നൂർ: നിത്യഭാരതി ബുക്സ്, 2002.

നാരായണഭട്ടതിരി, മേല്പുത്തൂർ, *നാരായണീയം*, പത്മന രാമചന്ദ്രൻനായർ (ഗദ്യപരിഭാഷ), കോട്ടയം: ഡി.സി.ബുക്സ്, 2010.

നുജും, എ., *പെണ്ണും അധികാരവും*, കോഴിക്കോട്: ഒലീവ്പബ്ലിക്കേഷൻസ്, 2006.

നിത്യചൈതന്യയതി, *പ്രേമവും ഭക്തിയും*, തൃശ്ശൂർ: കറന്റ് ബുക്സ്, 2007.

________________ *സീത നൂറ്റാണ്ടുകളിലൂടെ*, തിരുവനന്തപുരം:നാരായണഗുരുകുലം, 2000.

പദ്മിനി, പി.ജി., *കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ*, തൃശ്ശൂർ:കറന്റ് ബുക്സ്, 2001.

പിയേഴ്സൺ, എൻ.എം., ഇക്കോഫെമിനിസം, ഇക്കോടൂറിസം, ഇക്കോമാർക്സിസം, തൃശ്ശൂർ: കറന്റ് ബുക്സ്, 2003.

________________*പരിസ്ഥിതിപ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും*, കോട്ടയം: കറൻറ് ബുക്സ്, 2010.

പ്രകൃതിസംരക്ഷണസമിതി (സമ്പാ.), *വനപർവം*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1996.

പ്രശാന്ത് കുമാർ, എൻ., *സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം*, റെയ്ൻബോ ബുക്പബ്ലിഷേഴ്സ്, 2008.

പ്രസന്നരാജൻ, കേരളകവിതയിലെ കലിയും ചിരിയും, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1992.

________________ *തിരിച്ചറിവുകൾ*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2006.

പ്രസാദ്, എം.കെ., *പ്രകൃതിസംരക്ഷണം*, കൊച്ചി: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2001.

________ *ഹരിതചിന്തകൾ*,കൊച്ചി: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2006.

പ്രസാദ്. സി.ആർ., *ഹരിതദർശനം ആധുനികാനന്തരകവിതയിൽ*, തിരുവനന്തപുരം: സെഡ് ലൈബ്രറി, 2007.

പൊതുവാൾ, പി.പി.കെ., *പരിസ്ഥിതിക്കവിതയ്ക്ക് ഒരാമുഖം*, കോട്ടയം: കറന്റ് ബുക്സ്, 2010.

പോൾസൺതാം, *പ്രകൃതിയുടെ നിത്യഹരിതവിപ്ലവം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009.

ഫുക്കുവോക്ക, മസനോബു, *പ്രകൃതിയിലേക്കുമടങ്ങാൻ*, കോട്ടയം: ഡി.സി. ബുക്സ്, 1999.

ഫ്രോയിഡ്, സിഗ്മണ്ട്, *പ്രണയത്തിന്റെയും രതിയുടെയും മനഃശാസ്ത്രം,* പി.പി. സത്യൻ (വിവ.), കോഴിക്കോട്: ഇൻസൈറ്റ് ബുക്സ്, 2010.

ഫ്രോം, എറിക്, *പ്രണയകല,* കെ.സി വർഗ്ഗീസ് (വിവ.), മാവേലിക്കര: ഫേബിയൻ ബുക്സ്, 2009.

________________*സ്നേഹം സിദ്ധാന്തവും പ്രയോഗവും,* കെ.സി. വർഗ്ഗീസ് (വിവ.) കോഴിക്കോട്: മൾബെറി ബുക്സ്, 1987.

ബഞ്ചമിൻ, ഡി., *കാല്പനികത മലയാളകവിതയിൽ,* തിരുവനന്തപുരം: അയനബുക്സ്, 2008.

__________*കാവ്യനിർദ്ധാരണം,* തിരുവനന്തപുരം:പ്രഭാത് ബുക്ഹൗസ്, 2002.

___________*ജിയുടെ ഭാവഗീതങ്ങൾ ഒരു പഠനം,* കോട്ടയം:നാഷനൽബുക് സ്റ്റാൾ, 1987.

________*സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം,* തിരുവനന്തപുരം: മാളൂബെൻ പബ്ലിക്കേഷൻസ്, 2012.

____________*സാഹിത്യപഠനങ്ങൾ,* കോട്ടയം:നാഷണൽ ബുക് സ്റ്റാൾ, 1984.

ബഷീർ, എം.എം., *ആശാന്റെ പണിപ്പുര,* കോഴിക്കോട്:നവകേരള കോ ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ്, 1985.

________________*സമീക്ഷണം,* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 1987.

ബഹുഗുണ, സുന്ദർലാൽ, *ജീവിതത്തിലേക്ക് മടങ്ങുക,* ഉത്തമൻ, എ.കെ (വിവ.) സുൽത്താൻ ബത്തേരി: മോഡേൺ ബുക്സ്, 2001.

ബാനർജി, ഇ., *പ്രണയവും സാഹിത്യകലയും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ബാലകൃഷ്ണപ്പിള്ള, എ., കേസരി, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1984.

________________*മിത്തും മലയാളനോവലും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

ബെല്ലാമി, ഫോസ്റ്റർ ജോൺ, *മുതലാളിത്തത്തിനെതിരെ പരിസ്ഥിതിവിജ്ഞാനം,* എം. പി. പരമേശ്വരൻ (വിവ.), തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2008.

__________________*വ്രണിതഭൂമി,* പി.കെ ദേവൻ (വിവ.), തൃശ്ശൂർ:കൗണ്ടർ പോയിന്റ് പബ്ലിഷേഴ്സ്, 2006.

മധുസൂദനൻ, ജി., *കഥയും പരിസ്ഥിതിയും,* തൃശ്ശൂർ: കറന്റ് ബുക്സ്, 2000.

__________________*ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ,* കോട്ടയം: ഡി.സി. ബുക്സ്, 2006.

_____________*ഹരിതനിരൂപണം മലയാളത്തിൽ,* തൃശ്ശൂർ: കറന്റ്ബുക്സ്, 2002.

മരിയം തോമസ്, റ്റി.സി., പെണ്ണിര, കോട്ടയം: ഡി.സി. ബുക്സ്, 2011.

മാർക്സ്, കാറൽ, *മൂലധനം,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 1968.

മുരളീധരൻ, നെല്ലിക്കൽ, *വിശ്വസാഹിത്യദർശനങ്ങൾ,* കോട്ടയം: ഡി.സി. ബുക്സ്, 2011.

മേധാ, പട്കർ, *അതിജീവനത്തിന്റെ സമരങ്ങൾ,* ടി.എസ്, ഇസ്മ (എഡി.), കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2012.

യാക്കോബ്, തോമസ്, *ആധുനികതയുടെ പാഠങ്ങൾ: മലയാളകവിതയിലെ സ്ത്രീപക്ഷരാഷ്ട്രീയം,*തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,2011

രഘുനന്ദൻ, വി.ആർ., (എഡി.), *ഭൂമി ഒരു പൊതുസ്വത്ത്,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2010.

രതിമേനോൻ, റേച്ചൽ കാഴ്സൺ *പ്രകൃതിയുടെ പരിവ്രാജിക,* തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യപരിഷത്ത്, 2008.

രവികുമാർ, കെ..എസ്., *ആഖ്യാനത്തിന്റെ അടരുകൾ,* കോട്ടയം: ഡി.സി.ബുക്സ്, 2010.

രവീന്ദ്രൻ, എൻ.കെ., *പെണ്ണെഴുതുന്ന ജീവിതം,* കോഴിക്കോട്:മാതൃഭൂമി ബുക്സ്, 2010.

രവീന്ദ്രൻ, പി.പി., വീണ്ടെടുപ്പുകൾ, കോട്ടയം: ഡി.സി.ബുക്സ്, 2006.

രശ്മി, ബിനോയ്, *ചരിത്രത്തിലെ പെണ്ണിടങ്ങൾ*, തൃശ്ശൂർ:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

രാജകൃഷ്ണൻ, എസ്. (എഡി.), ആളൊഴിഞ്ഞ അരങ്ങ്, കോട്ടയം:നാഷനൽ ബുക്സ്റ്റാൾ, 1990.

________________ *ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ*, കോഴിക്കോട്: കോസ്മോ ബുക്സ്, 1998.

രാജശേഖരൻ, എസ്., (എഡി.), *ഇനി ഞാനുണർന്നിരിക്കാം,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2009.

_________________*പരിസ്ഥിതിദർശനം മലയാളകവിതയിൽ,* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2010.

___________*നവോത്ഥാനാനന്തരകവിത*, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2008.

രാജശേഖരൻ, പി.കെ., ഏകാന്തനഗരങ്ങൾ, കോട്ടയം: ഡി.സി.ബുക്സ്, 2006.

രാധാകൃഷ്ണൻ,ആർ.,&ജോജികുട്ടുമ്മൽ,സൈലന്റ്വാലിചെറുത്തുനിൽപ്പിന്റെ നാൾവഴി, തൃശ്ശൂർ: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, 2010.

രാധിക, സി. നായർ., *സമകാലികസാഹിത്യസിദ്ധാന്തം*, കോട്ടയം: കറന്റ് ബുക്സ്, 2007.

രാമകൃഷ്ണൻ, ഇ.വി. (എഡി.), *മാധവിക്കുട്ടി പഠനങ്ങളും രചനകളും*, കോട്ടയം: ഡി.സി.ബുക്സ്, 2011.

രാമകൃഷ്ണൻ, എം.കെ., & കെ.എം വേണുഗോപാൽ, *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം*, പയ്യന്നൂർ: നയനബുക്സ്, 1989.

രാമകൃഷ്ണൻ, ദേശമംഗലം (വിവ.), *സ്ത്രീലോകകവിത*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

രാമചന്ദ്രൻ, ടി.കെ., *കാഴ്ചയുടെ കോയ്മ*, കോഴിക്കോട്: മാതൃഭൂമിബുക്സ്, 2006.

രാമചന്ദ്രൻ നായർ, പന്മന (എഡി.), *കവിതാപഠനങ്ങൾ,* കോട്ടയം:കറന്റ് ബുക്സ്, 2005.

________________*പരിസ്ഥിതിപഠനങ്ങൾ,* കോട്ടയം: കറന്റ് ബുക്സ്, 2005.

_________*സമ്പൂർണ്ണമലയാളസാഹിത്യചരിത്രം,*കോട്ടയം:കറന്റ് ബുക്സ്, 2008.

ലളിതാംബിക, അന്തർജ്ജനം, *ആത്മകഥക്ക് ഒരാമുഖം,* തൃശ്ശൂർ: കറന്റ് ബുക്സ്, 2007.

ലീലാമേനോൻ, *കാഴ്ചയ്ക്കപ്പുറം,* കോട്ടയം: ആസ്സെൻസ് ബുക്സ്, 2011.

ലീലാവതി, എം., *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1993.

________________*1998 ലെ തിരഞ്ഞെടുത്ത കവിതകളുടെ പഠനം,* കോട്ടയം: ഡി.സി.ബുക്സ്, 1984.

_________________*കവിതാധ്വനി,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2009.

_________________*കവിതാരതി,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1997.

_________________*ഫെമിനിസം* ചരിത്രപരമായ ഒരന്വേഷണം, തിരുവനന്തപുരം: പ്രഭാത്ബുക്ഹൗസ്, 2000.

_________________*മലയാളകവിതാസാഹിത്യചരിത്രം,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2011.

_________________*വർണ്ണരാജി,* കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2000.

_________________*സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാളസാഹിത്യത്തിൽ,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2008.

വത്സലൻ, വാതുശ്ശേരി, ഒറ്റയാന്മാരുടെ വഴി, കോട്ടയം:നാഷനൽ ബുക്സ്റ്റാൾ, 2001.

വിജയൻ, എം.എം, (എഡി.), *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2009 വാള്യം 3,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2002.

വിശ്വനാഥൻ, ആർ., *അനന്വയം,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2007.

വീരേന്ദ്രകുമാർ, എം.പി., *ഹൈമവതഭൂവിൽ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008.

വൃന്ദാ, കാരാട്ട്, *അതിജീവനവും വിമോചനവും,* രാഘവൻ വേങ്ങാട് (വിവ.), തിരുവനന്തപുരം: ചിന്തപബ്ലിഷേഴ്സ്, 2006.

ശങ്കരക്കുറുപ്പ്, ജി., *ജി.യുടെ തെരഞ്ഞെടുത്ത കവിതകൾ,* കോട്ടയം: ഡി.സി. ബുക്സ്, 2008.

ശങ്കരൻ, കെ.പി., *കുളിരും തണലും,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2009.

__________________*സപ്തകം,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2009.

ശാരദക്കുട്ടി, എസ്., *പെണ്ണുകൊത്തിയ വാക്കുകൾ,* കോട്ടയം: ഡി.സി. ബുക്സ്, 2010.

ശിവ, വന്ദനാ, *ആഗോളവൽക്കരണത്തിന്റെ പുതുയുഗങ്ങൾ, വിത്ത്, ജലം, ജൈവരൂപങ്ങൾ,* രമ.കെ (വിവ.), കോട്ടയം: ഡി.സി ബുക്സ്, 2007.

__________________*ആഗോളവൽക്കരണം സ്ത്രീ പ്രകൃതി,* ജോർജ്ജ്. കെ. അലക്സ്, (വിവ.) ആലപ്പുഴ: ഫേബിയൻ ബുക്സ്, 2007.

__________________*ജലയുദ്ധങ്ങൾ,* ബാബു ഐ.വി (വിവ.) കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

________________*മണ്ണോ എണ്ണയോ,?* പ്രശാന്ത്കുമാർ ആർ, (വിവ.) കോട്ടയം: ഡി.സി.ബുക്സ്, 2011.

ശ്രീനിവാസൻ, ജി.എസ്. (വ്യാഖ്യാ.), *ശ്രീമദ്വാല്മീകിരാമായണം,* ലാൽഘട്ട്: രാമായണ പബ്ലിഷിംഗ് ഹൗസ്, 1962.

ഷൗക്കത്ത്, *മൊഴിയാഴം*, കോഴിക്കോട്: അകം ബുക്സ്, 2012.

ഷംസുദ്ദീൻ, കുട്ടോത്ത് (എഡി.), മാധവിക്കുട്ടി രാഗം നീലാംബരി, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2009.

സച്ചിദാനന്ദൻ, *അടിത്തട്ടുകൾ,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006

________________*തിരിച്ചറിവുകൾ,* കോഴിക്കോട്: ബോധി ബുക്സ്, 1991.

__________(എഡി.), *സ്ത്രീപഠനങ്ങൾ,* കോഴിക്കോട്: ബോധി ബുക്സ്, 1990.

സജി, ജയിംസ്, *സൈലന്റ്‌വാലി ഒരു പരിസ്ഥിതിസമരത്തിന്റെ ചരിത്രം*, കോട്ടയം: ഡി.സി. ബുക്സ്, 2010.

സജിത, മഠത്തിൽ, *മലയാളനാടകസ്ത്രീചരിത്രം*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1990.

സന്തോഷ്, ഏച്ചിക്കാനം (എഡി.) എൻമകജെപഠനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്, 2010.

സലീം, പൂപ്പലം (എഡി.), *എൻഡോസൾഫാൻ നരകത്തിലേക്ക് തുറക്കുന്ന വാതിൽ,* കോഴിക്കോട്: സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, 2011.

സാമുവൽ, കാട്ടുകല്ലിൽ, *കറുത്ത ചിരിയുടെ കവി,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

സാറാ, ജോസഫ്, *ആത്മരോഷങ്ങളും ആകുലതകളും,* തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2009.

_____________*ഭഗവദ് ഗീതയുടെ അടുക്കളയിൽ എഴുത്തുകാർ വേവിക്കുന്നത്*, കോഴിക്കോട്: സെക്കുലർ ബുക്സ്, 2000.

സിദ്ദിഖ്, മുഹമ്മദ്, *സൂഫിസം*, കോട്ടയം: ഡി.സി ബുക്സ്, 2011.

സിയാറ്റിൽ, മൂപ്പൻ, *ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ,* സക്കറിയ (വിവ.), കോട്ടയം: ഡി.സി ബുക്സ്, 2010.

സുകുമാരൻ, ടി.പി., *പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര,* കോഴിക്കോട്: ഹരിതം ബുക്സ്, 2008.

സുകുമാർ, സെൻ, *ബംഗാളിസാഹിത്യചരിത്രം,* എ.ജി. കൃഷ്ണവാരിയർ (വിവ.) കോട്ടയം: നാഷനൽ ബുക്സ്റ്റാൾ, 2010.

സുഗതകുമാരി, *കാടിനുകാവൽ*, കോട്ടയം: ഡി.സി ബുക്സ്, 2010.

_________________*കാവു തീണ്ടല്ലേ*, കോട്ടയം: ഡി.സി ബുക്സ്, 2012.

_________________*മേഘം വന്നുതൊട്ടപ്പോൾ*, കോട്ടയം:ഡി.സി ബുക്സ്, 2010.

_________________*രാധയെവിടെ*, കോട്ടയം: ഡി.സി ബുക്സ്, 1999.

_________________*വാരിയെല്ല്*, കോട്ടയം: ഡി.സി ബുക്സ്, 2010.

____________*സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി ബുക്സ്, 2007.

സുധാംശുചതുർവേദി, *ഹിന്ദി സാഹിത്യചരിത്രം*, തൃശ്ശൂർ: ഗീതാ പബ്ലിക്കേഷൻസ്, 1995.

സുധീന്ദ്രൻ, സി.വി., *പെണ്ണ് പെണ്ണായതും പിന്നെ ശരീരമായതും*, കണ്ണൂർ: കൈരളി ബുക്സ്, 2011.

സുധീഷ്. വി.ആർ(എഡി.), പ്രണയപുസ്തകം, കോഴിക്കോട്: ഓറഞ്ച് പബ്ലിക്കേഷൻസ്, 2007.

_________________*മലയാളത്തിന്റെ പ്രണയകവിതകൾ*,കോഴിക്കോട്: മൾബറി പബ്ലിക്കേഷൻസ്, 2000.

സെമിനാർ പ്രബന്ധങ്ങൾ, *ആഗോളവൽകരണവും സ്ത്രീകളും*, കോഴിക്കോട്: കേളുഏട്ടൻ പഠനഗവേഷണകേന്ദ്രം, 2012.

സോമൻ, പി., *അമ്മദൈവവും സംസ്കാരവും*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.

ഹാരിസ്, വി.സി., *സ്ത്രീ*, കോട്ടയം: ഡി.സി. ബുക്സ്, 1985.

ഹൃദയകുമാരി, ബി., *കാല്പനികത*, കൊല്ലം: ഇംപ്രിന്റ് ബുക്സ്, 1999.

ഹേമമാലിനി, എം., *അപരഭാഷ്യങ്ങൾ*, തൃശ്ശൂർ: കറന്റ് ബുക്സ്, 2005.

റസ്സൽ, ബർട്രാൻഡ്, *വിവാഹവും സദാചാരമൂല്യങ്ങളും*, ജോർജ്ജ് മാസ്റ്റർ (വിവ.), കൊടുങ്ങല്ലൂർ: പുസ്തകപ്രസാധകസംഘം, 1989.

റഹീം, സി (എഡി.), *പരിസ്ഥിതിയുടെ രാഷ്ട്രീയം*, ആലപ്പുഴ: ഫേബിയൻ ബുക്സ്, 2003.

റിങ്കി, ഭട്ടാചാര്യ (എഡി.), *ജനനി അമ്മ മകൾ മാതൃത്വം*, വിജയലക്ഷ്മി എസ്. (വിവ.) കോട്ടയം: ഡി.സി.ബുക്സ്, 2008.

## ENGLISH

Beauvior, de Simone, *The second sex*, Penguin: Harmondsworth, 1972.

Carson, Rachel, *silent spring*, Goa: The other India press, 1962.

Chodorow, Nancy, *The Reproduction of mothering* Berkely: University of California press, 1978.

Datar, Chhaya, *EcoFeminism Revisited,* Jaipur: Rawat publications, 2011.

Eagleton, Mary (ed.), *Feminist Literary Theory*: *A Reader*, Oxford: Basil Blackwell, 1987.

______________*Working with Feminist Criticism*, Cambridge: Blackwell publishers, 1996.

Evans, Judith, *Feminist Literary Theory Today*, London: Sage publications, 1996.

Firestone, Shulamith, *The Dialectic of sex: The cause of Feminist Revolution*, New York: Morrow, 1970.

Friedan, Betty, *The Feminine Mystique*, Penguin: Harmondworth, 1988.

Fukuoka, Masanobu, *The one-straw Revolution*, Goa: The other India press, 1998.

Gamble, Sara (ed.), *Feminism and post feminism*, London: Routledge, 2001.

Greer, Germain, *The Female Eunuch*, London: Flamingo, 1993.

Jung, G.G., *four Archetypes, Mother, Rebirth, spirit*, Trikster, London: Rutledge and Kegan Paul, 1972.

King, Ynestra, *Healing the wounds: Feminism Ecology and Nature/culture dualism,* Rewearing the world, Sanfrancisco: Sierra club books, 1990.

Krishna Murti, J., *The first and Last Freedom*, London: Victor Gollangz Ltd., 1977.

Lewis, Reina & Sara Mills (ed.), *Feminist post colonial Theory A Reader*, Edinburgh: Edinburgh University press, 2003.

Marks, Elain and Isabella Courtivron (ed.), *New French Feminisms,* Sussex: The harvester press, 1981.

Meena, Alexander, *Women in Romanticism*, New Delhi: Orient Longman, 1995.

Meller, Mary, *Breaking the Boundaries*, Virago, 1992.

_________*Feminism and Ecology*, New York: New York University Press, 1997.

Merchant, Carolyn, *The death of Nature: Woman Ecology and the Scientific Revolution*, New York: Harper and Row, 1980.

Mies, Maria & Vandana Siva (ed.), *Ecofeminism*, New Delhi: Cali for women, 1993.

Moi, Toril, *Sexual/ Textual Politics*, London: Routledge, 1995.

Murphy, Partrick, *Literature Nature and other*, Albany: State University of New York press, 1995.

Osho, *The book of woman*, Penguin Books, 2002.

Ranjana, Harish & Bharathi V., *Redefining Feminism*, Jaipur: Rawat Publications, 2011.

Rich, Adrienne, *Of Women Born: Motherhood as experience and Institution*, New York: w.w. Norton, 1976.

Rosaldo, M.L. & L. Lamphere (ed.), *Women culture and society*, Stanford: Stanford University press, 1974.

Salleh, Arriel, *Ecofeminism as politics: Nature Marx and the post modern,* London: Zed Books, 1997.

Sharma, Arvind & Katherine. K.Yong (ed.), *Feminism and world Religions,* Albany: State University.

Sinha, Jadunatha, *Jivageoswami's Religion of Devotion and Love,* Varanasi: Chowkhamba Vidya Bhavan, 1983.

Siva, Vandana, *Staying Alive*, London: Zed press, 1989.

Sushil, Kumar De, *The Early History of the Vaishnava Faith and movement in Bengal*, Calcutta: Firma K.L. Mukhopadhyaya, 1961.

Vinitha, Mohan, *The art of seeing: The concept of freedom in J.Krishna Murti*, Thiruvananthapuram: Z library, 2004.

Woolf, Virginia, *A room of one's own*, Cambridge University press, 1998.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

അജിത, കെ., 'ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ', *സംഘടിത* (അന്വേഷി പ്രസിദ്ധീകരണം), വാല്യം 3, ലക്കം 5, 2012 മെയ്, പുറങ്ങൾ. 9-12.

*ഗ്രന്ഥാലോകം,* സുഗതകുമാരി പതിപ്പ്, വാല്യം 58, ലക്കം 6, ജൂൺ 2006.

ദേവിക, ജെ., 'സ്ത്രീപക്ഷ രാഷ്ട്രീയവും സ്ത്രീപ്രശ്നത്തിന്റെ സർക്കാർവത്കരണവും കേരളത്തിൽ', *സംഘടിത* (അന്വേഷി പ്രസിദ്ധീകരണം), വാല്യം 3, ലക്കം 1, 2012 ജനുവരി, പുറങ്ങൾ. 6-10.

രാജലക്ഷ്മി, 'കൃഷ്ണസങ്കല്പം സുഗതകുമാരിയുടെ കവിതകളിൽ', *വിജ്ഞാനകൈരളി,* വാല്യം 62, ലക്കം 2, 1995 ഫെബ്രുവരി, പുറങ്ങൾ. 119-124.

രാജലക്ഷ്മി, 'ചങ്ങലകൾ പൊട്ടിക്കാൻ ഇനിയും', *ഗ്രന്ഥാലോകം* വാല്യം 62, ലക്കം 7, 2012 മെയ്, പുറങ്ങൾ. 16-18.

വേണുഗോപാലൻ, എം.കെ., 'ഫെമിനിസം ആധുനികത ജ്ഞാനസിദ്ധാന്തപരമായ ഒരന്വേഷണം', *മലയാളം റിസർച്ച് ജേണൽ,* വാല്യം 5, ലക്കം12, 2012 മെയ്-ആഗസ്റ്റ്, പുറങ്ങൾ. 1479-1492.

സക്കറിയ, 'പ്രകൃതിയും മനുഷ്യനും', *മാതൃഭൂമി പുതുവർഷപതിപ്പ്,* പുസ്തകം 89 , ലക്കം 43, 2012 ജനുവരി 1-7, പുറങ്ങൾ. 4-11.

സാഹിത്യലോകം, 'പരിസ്ഥിതി സൗന്ദര്യശാസ്ത്രപതിപ്പ്', പുസ്തകം 20, ലക്കം 5, 1995 സെപ്തംബർ-ഒക്ടോബർ, തൃശ്ശൂർ: *കേരളസാഹിത്യഅക്കാദമി.*

________________സ്ത്രീവാദ സാഹിത്യം, പുസ്തകം 20, ലക്കം 6, 1995 നവംബർ-ഡിസംബർ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.

സുഗതകുമാരി, 'ഒരമ്മ', *മാധ്യമം ആഴ്ചപതിപ്പ്,* പുസ്തകം 89, ലക്കം 12, പുറം.31.

________________'കൊടും വെയിലത്തുള്ള തീരാനടത്തമാണ് എന്റേത്', *മാധ്യമം ആഴ്ചപതിപ്പ്,* പുസ്തകം 12, ലക്കം 615, പുറങ്ങൾ. 24-30.

സുഗതകുമാരി/ബീനാരഞ്ജിനി, 'പ്രകൃതിയും ജീവിതവും വിടർന്ന കല' (അഭിമുഖം), *കലാകൗമുദി ആഴ്ചപതിപ്പ്,* പുസ്തകം 36, ലക്കം 6, 2009 നവംബർ 29, പുറങ്ങൾ. 26-31.

സോമൻ, പി., 'കാല്പനികതയെന്ന ബൃഹദാഖ്യാനത്തിന്റെ തകർച്ച', *ഗ്രന്ഥാ ലോകം,* വാല്യം 61, ലക്കം 8, 2011 മെയ്, പുറങ്ങൾ. 11-20.

**ഗവേഷണപ്രബന്ധങ്ങൾ**

ഗിരിജാകുമാരി, എ., പ്രതിമാനകല്പന സുഗതകുമാരിയുടെ കവിതകളിൽ, പി.എച്ച്.ഡി. പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല, 1998.

പത്മിനി, പി., ഉറൂബിന്റെ ലോകം-സ്ത്രീവാദസമീപനം, പി.എച്ച്.ഡി. പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 2003.

സജിത, കിഴിനിപ്പുറത്ത്, പരിസ്ഥിതി സ്ത്രീരചനകളിൽ, പി.എച്ച്.ഡി. പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 2001.

സത്യനാരായണൻ, എ., സുഗതകുമാരികവിതകളിലെ കാവ്യബിംബങ്ങൾ, എം.ഫിൽ പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 1993.

സ്മിതാദാസ്. ടി.വി, സുഗതകുമാരിയുടെ കവിതകളിലെ കൃഷ്ണസങ്കല്പം, പി.എച്ച്.ഡി പ്രബന്ധം, കാലിക്കറ്റ് സർവകലാശാല, 2008.